
സുവർണ്ണ സ്മൃതികൾ
ഡോ. ആന്നിയിൽ തരകൻ

www.malankaralibrary.com

# 1

## ഡോക്ടർ ആന്നിയിൽ തരകനെപ്പറ്റി

www.malankaralibrary.com

"കാലപ്രവാഹത്തിൽ ശിഥിലമാക്കപ്പെടുന്ന ജീവിത സ്പർശിയായ മൂല്യസങ്കല്പങ്ങൾക്ക് സ്ഥായിയായ ഭാവം നല്കി അവയെ സംസ്കാരത്തിന്റെ കരുത്തുറ്റ ആവിഷ്കാരമാക്കി മാറ്റുന്നത് എഴുത്തുകാരനാണ്".

– ഡോ. ആന്നിയിൽ തരകൻ

www.malankaralibrary.com

## പ്രവേശിക–1

1968 മുതൽ കഴിഞ്ഞ 50 വർഷമായി കേരളത്തിലെ പത്രങ്ങളിലും മാസികകളിലും വാരികകളിലും ഡോ. ആന്നിയിൽ തരകനെപ്പറ്റി വന്ന ലേഖനങ്ങൾ അനവധിയാണ്. അതിൽ ഭൂരിഭാഗവും ഇംഗ്ലീഷിൽ. ഈ ഗ്രന്ഥത്തിന്റെ ഒന്നാംഭാഗത്ത് നല്കിയിരിക്കുന്ന ലേഖനങ്ങൾ മലയാളത്തിൽ കേരളത്തിലെ പത്രങ്ങളിലും മാസികകളിലും വെളിച്ചം കണ്ടവയാണ്. ഈ അടുത്ത കാലത്ത് കലാകൗമുദിയിൽ പ്രൊഫസർ ഏബ്രഹാം ജോസഫിന്റെ ചിത്രീകരണം ഡോക്ടർ തരകന്റെ വ്യക്തിത്വത്തിന്റെ ഉള്ളറകളിലേക്ക് കടന്നുചെന്ന് അദ്ദേഹത്തിന്റെ ജീവിതത്തിലെ ശ്രദ്ധേയമായ ചില സവിശേഷതകളെ എടുത്തുകാണിക്കുന്നു. പ്രൊഫസ്സർ കെ.എം. തരകനെപ്പോലുള്ളവരുടെ ലേഖനങ്ങൾ അദ്ദേഹത്തിന്റെ സാഹിത്യ സംസ്കൃതിയെ വിശകലനം ചെയ്യുന്നു. പ്രതിഭാശാലിയായ തരകനച്ചന്റെ ജീവിതവീക്ഷണം പല മേഖലകളെ അനാവരണം ചെയ്യുന്നു. ഈ ഗ്രന്ഥത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ലേഖനങ്ങൾ ഭാഗികമായെങ്കിലും അച്ചന്റെ വ്യക്തിത്വത്തെയും ദർശനത്തെയും ആവിഷ്കരിക്കാൻ ശ്രമിക്കുന്നു.

www.malankaralibrary.com

www.malankaralibrary.com

# 1

## നേരിന്റെ വഴിയിലെ പ്രകാശം

ഡോ. എബ്രഹാം ജോസഫ്
ഇംഗ്ലീഷ് വിഭാഗം മേധാവി, മാർ ഈവാനിയോസ് കോളേജ്
തിരുവനന്തപുരം (കലാകൗമുദി, തിരുവനന്തപുരം)

പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി വർഷത്തിലേക്കു പ്രവേശിച്ച റവ. ഡോ. ആന്നിയിൽ നൈനാൻ തരകനച്ചനെ ഒറ്റ വാചകത്തിൽ വിശേഷിപ്പിക്കുക എളുപ്പമല്ല. മനസ്സിനെയും ആത്മാവിനെയും ഒരുപോലെ പരിപോഷിപ്പിക്കുന്ന ഗുരു. ജോലിയോടും ജീവിതത്തോടും തുല്യ നീതി പുലർത്തുന്ന ആചാര്യൻ. അറിവിനായി ദാഹിക്കുകയും ആ അറിവിന്റെ ഉറവിടം ഈശ്വരനാണെന്ന് തിരിച്ചറിയുകയും ചെയ്യുന്ന വിശ്വാസി. മലയാളത്തിലും ഇംഗ്ലീഷിലും സമാന പ്രാവീണ്യം ഉള്ള പ്രഭാഷകൻ. അദ്ദേഹത്തിന്റെ വിദ്യാർത്ഥികളും സഹപ്രവർത്തകരും ഇടവകാംഗങ്ങളും ഓർമ്മയിൽ ഇത്തരം ഒത്തിരി ചിത്രങ്ങൾ സൂക്ഷിക്കുന്നു.

പാണ്ഡിത്യവും നീതിബോധവും മുഖമുദ്രയായ ഗുരുസന്നിധി: അതായിരുന്നു തിരുവനന്തപുരം മാർ ഈവാനിയോസ് കോളജിൽ അച്ചന്റെ ഇംഗ്ലീഷ് ക്ലാസ്സുകൾ. ക്രൈസ്തവ വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് തന്നെ വിശാലമായ ആത്മീയ ആരാമത്തിലെ എല്ലാ പൂക്കളെയും ആദരിക്കാൻ അദ്ദേഹം പഠിപ്പിച്ചു.

www.malankaralibrary.com



ഭാരതീയദർശനവും പാശ്ചാത്യദർശനവും ഒന്നിച്ചൊഴുകുന്ന മാനവികതയുടെ പുത്തൻ ചാലുകൾ ഒരുക്കുന്ന ധൈഷണിക ഭഗീരഥന്മാരിൽ ഒരാളാണ് ഫാദർ തരകൻ. 2011-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയ 'ഭാരതീയ ദർശനം ഇംഗ്ലീഷ് കവിത യിൽ' എന്ന കൃതി ഇത് സാക്ഷ്യപ്പെടുത്തുന്നു.

വിദേശപഠനത്തിന്റെ അവസരം പരമാവധി നീട്ടാൻ ശ്രമിച്ചും കണ്ണഞ്ചിപ്പിക്കുന്ന മായക്കാഴ്ചകളിൽ ഭ്രമിച്ചുമല്ല അദ്ദേഹം ഇന്ത്യാനായിലെ വിശ്വപ്രസിദ്ധ നോത്ര ദാം സർവ്വകലാശാലയിൽ നിന്ന് ഗവേഷണ ബിരുദം നേടിയത്. ദൗത്യം നിറവേറിയ മാത്രയിൽത്തന്നെ മാതൃരാജ്യത്തിൽ തിരിച്ചെത്തി സ്വന്തം സ്വത്വം കാത്തു സൂക്ഷിച്ചു ഈ ഉത്തമ വിദ്യാർത്ഥി.

പിന്നീട് പ്രവർത്തിച്ച ഇടവകകളുടെ പട്ടിക കണ്ടാൽ ഇത് കൂടുതൽ തെളിയും. അറിവിന്റെ സാന്ദ്രത കൂടിയ ക്ലാസ്സുകളിൽ നിന്ന് സാന്ത്വനസ്പർശമാകുന്ന ശുശ്രൂഷകൾ നൽകേണ്ട ദേവാലയങ്ങളിൽ എത്താൻ അച്ചൻ തിരക്കുകൂട്ടി.

അസാധാരണ സിദ്ധികൾ ഉള്ളവർ എന്ന് സ്വയം കരുതുന്നവർ അവയുടെ വിപണന സാദ്ധ്യതകൾ മനസ്സിലാക്കി കരുക്കൾ നീക്കുന്ന കാലത്ത് ദൈവം തരാത്തതൊന്നും തനിക്കുള്ളതല്ല എന്നു പറയുകയും വിശ്വസിക്കുകയും ചെയ്തിരുന്നു ഈ പുരോഹിത ഗുരു. വാഗ്വാദങ്ങളും വിവാദങ്ങളും ഒഴിവാക്കി നിശബ്ദമായ കർമ്മനിരതയുടെ പാത സ്വീകരിച്ച ഈ വൈദികനെത്തേടി അഞ്ചൽ സെയിന്റ് ജോൺസ് കോളജിന്റെ പ്രിൻസിപ്പൽ സ്ഥാനം എത്തി. തർക്കവിതർക്കങ്ങളും അധികാരഭ്രമവും ഇല്ലാതെ ധ്യാനത്തിന്റെ പിൻബലമുള്ള തീരുമാനങ്ങൾ എടുത്തും നടപ്പിലാക്കിയും അദ്ദേഹം ആ കലാലയത്തിന് ഉത്കൃഷ്ട നേതൃത്വം നൽകി.

പാരമ്പര്യത്തിനും അനുഭവത്തിനും ഉപരി സ്വാർജ്ജിത അറിവും ഇരുത്തവും ഉള്ളവരെ തേടി അർഹിക്കുന്ന സ്ഥാനമാനങ്ങൾ എത്തുന്ന കാലമല്ലിത്. നേരിന്റെ തിരക്കൊഴിഞ്ഞ വഴികളിൽ നടക്കുന്നവരെ പിൻതള്ളി ആരവവും തരംഗവും ഉയർത്തുന്നവർ അനർഹമായ സ്ഥാനങ്ങളിൽ എത്തുന്നു. അവർ എടുക്കുന്ന അപക്വവും നീതിക്കുനിരക്കാത്തതുമായ നടപടികളിൽ സഭകളും സമുദായങ്ങളും പൊതുസമൂഹവും ചെറുതല്ലാത്ത വില കൊടുക്കേണ്ടി വരുന്നു. അത്തരം സന്ദർഭങ്ങളിൽ തരകനച്ചനെ പോലെയുള്ളവരോടു കൂടി ആലോചിക്കുന്നത് നല്ലതാണ്. ജാഗ്രതക്കുറവുമൂലമുള്ള പിഴവുകൾ ഒഴിവാക്കാൻ കഴിയും.

www.malankaralibrary.com


അതിഭൗതികതയുടെ നീരാളിപ്പിടുത്തത്തിൽ വിശ്വാസ സമൂഹവും രാഷ്ട്രീയരംഗവും ഞെരിഞ്ഞമരുമ്പോൾ ലാളിത്യത്തിന്റെ ശുദ്ധവായു തേടിനടക്കുന്ന കർമ്മയോഗികൾ അപ്രത്യക്ഷരാകുന്നില്ല എന്നത് ആശ്വാസകരമാണ്. തിരക്കേറിയ നഗരവീഥികളിൽ മുന്തിയ ഇനം വാഹനങ്ങൾ ചീറിപ്പായുമ്പോൾ പലപ്പോഴും പാതയോരത്തുകൂടി നടന്നു നീങ്ങുന്ന അച്ചനെ കാണാം. തിരുവസ്ത്രത്തിന്റെ കവചം അണിയാതെ ഒരു പോതുവേദിയിലും അദ്ദേഹത്തെ കാണില്ല. ശിഷ്യരോ പരിചയക്കാരോ വാഹനം നിർത്തി സ്വാഗതം ചെയ്താൽ പുഞ്ചിരിയോടെ അദ്ദേഹം നിരസിക്കും. ചിന്തയുടെ ചംക്രമണം തടയാതെയും, ഗ്രന്ഥരചനയുടെ രൂപരേഖകൾ താലോലിച്ചും, പ്രാർത്ഥനയുടെ ധാര മുറിയാതെയും ആ അന്വേഷി നടന്നകലും. Quester by the River-ഉം The Canticle of the Beloved-ഉം The Sacred Feminine in Indian Thought-ഉം എല്ലാം ആ നടപ്പിനൊപ്പം മനനം ചെയ്ത് രൂപപ്പെട്ട കനത്ത സംഭാവനകളാണ്.

1998-ൽ വിരമിച്ച ശേഷവും അദ്ധ്യാപന ശുശ്രൂഷയിൽ നിന്ന് പിന്മാറാതിരുന്ന തരകൻ അച്ചന് കേരള കത്തോലിക്ക സഭ 2014-ൽ 'ഗുരുപൂജ' പുരസ്കാരം നൽകി. ദേശവിദേശങ്ങളിലെ പ്രസിദ്ധീകരണങ്ങളിൽ നൂറിലേറെ കാമ്പുള്ള ലേഖനങ്ങൾ അദ്ദേഹം എഴുതി. വിവിധ സമ്മേളനങ്ങളിലെ ആഴമുള്ള പ്രസംഗങ്ങൾ അനവധി. ഗവേഷകരുടെ മാർഗ്ഗനിർദ്ദേശിയായും ദൈവവേല ചെയ്യുന്നവരുടെ വഴികാട്ടിയായും പ്രായം 70 പിന്നിട്ടിട്ടും തുടരുന്നു.

അച്ചന്റെ ജന്മനാടായ കറ്റാനത്ത് സെയിന്റ് സ്റ്റീഫൻസ് ദേവാലയത്തിൽ ഫെബ്രുവരി 17-ന് വലിയ ഒരു ജനാവലിയെ സാക്ഷി നിർത്തി അദ്ദേഹം സുവർണ്ണജൂബിലി കൃതജ്ഞതാബലിയർപ്പണം നടത്തി. തുടർന്നു നടന്ന അനുമോദന ചടങ്ങിൽ മലങ്കര കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കബാവയും, മാവേലിക്കര രൂപതാദ്ധ്യക്ഷൻ ജോഷ്വ മാർ ഇഗ്നാത്തിയോസ് തിരുമേനിയും, ആലപ്പുഴ രൂപതാദ്ധ്യക്ഷൻ സ്റ്റീഫൻ അത്തിപ്പുഴ തിരുമേനിയും, മറ്റു മെത്രാന്മാരും, രാഷ്ട്രീയ സാമൂഹികരംഗത്തെ പ്രമുഖരും പങ്കെടുത്തു.

ദീർഘമായ ജീവിതയാത്രയിൽ വിളക്കും വഴികാട്ടിയുമായ യേശുനാഥന്റെ സ്നേഹവും കൃപയും കരുണയും സംലഭ്യമായതിൽ നന്ദിയും നിർവൃതിയും പ്രകടിപ്പിച്ച റവ. ഡോ. നൈനാൻ തരകൻ തുടർന്നുള്ള യാത്രയിൽ ഏവരുടെയും പ്രാർത്ഥനയും തേടി.

(കലാകൗമുദി, 2018, ഫെബ്രുവരി 25 - മാർച്ച് 4, പുറം 56-57)

www.malankaralibrary.com

# 2

## അന്വേഷകനായ കവി

ഡോ. കെ. എം. തരകൻ
മുൻ പ്രസിഡന്റ്, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
(സംസ്കാര കേരളം, തിരുവനന്തപുരം)

ഇംഗ്ലീഷിൽ കവിത രചിച്ചിട്ടുള്ള മലയാളികളുടെ തലപ്പത്തു നിലയുറപ്പിച്ചിരിക്കുന്നതു മാധവിക്കുട്ടിയാണ്. മാധവിക്കുട്ടിയുടെ കവിത്വം അനന്യമാണ്. മാധവിക്കുട്ടിക്കു പുറമെ പല മലയാളികളും ഇംഗ്ലീഷിൽ കവിതകളെഴുതിയിട്ടുണ്ട്. അവരിൽ ചിലരെങ്കിലും അസാധാരണ ശക്തിയുള്ളവരും അംഗീകാരമർഹിക്കുന്നവരുമാണ്. അങ്ങനെയുള്ള കവികളിൽ പ്രമുഖനാണ് അത്രയൊന്നും അറിയപ്പെടാത്ത ഡോ. ആന്നിയിൻ തരകൻ. ഇംഗ്ലീഷ് കവിതകളും ഇംഗ്ലീഷിലുള്ള വിവർത്തിത കവിതകളും വായിച്ചാസ്വദിക്കുന്നവർ നമ്മുടെയിടയിൽ ധാരാളമുണ്ട്. അതേസമയം പാർത്ഥസാരഥി, രാമാനുജൻ, നിസിം എസക്യേൽ, ഡോം മൊറേയാസ്, മാധവിക്കുട്ടി തുടങ്ങിയവരുടെ ഇംഗ്ലീഷ് കവിതകളുമായി ഗാഢബന്ധം പുലർത്തിയിട്ടുള്ളവരുടെ സംഖ്യ നന്നെ കുറയും.

ഏതു സാഹിത്യത്തിലും അഭിജ്ഞരുടെ അംഗീകാരം സിദ്ധിക്കാത്തവർ അത്രയേറെ ശ്രദ്ധിക്കപ്പെടുകയില്ല. സമുദ്രഗർഭത്തിൽ നിന്നും പുറത്തു വരാതെ യാതൊരു രത്നവും വിലമതിക്ക

www.malankaralibrary.com


പ്പെടുകയില്ല. കവിക്കു സിദ്ധി അനിർവാര്യമാണ്. സിദ്ധിയുള്ളവർ പ്രസിദ്ധരാവണമെന്നില്ല. ഹെർമൻ മെൽവില്ലിന്റെ "മോബി ഡിക്കു" പോലെ പല കാലം വിസ്മൃതിയിൽ കിടന്നിട്ടുള്ള വിലപ്പെട്ട ഗ്രന്ഥ ങ്ങളുണ്ട്. ഘടദീപങ്ങളായ കവികളെപ്പറ്റിയും നാം കേട്ടിട്ടുണ്ട്. ഷെല്ലി എഴുതി, "സത്യത്തെയും സൗന്ദര്യത്തെയും ഗ്രഹിക്കുന്നവരാണ് കവികൾ" എന്ന്. സത്യ സൗന്ദര്യങ്ങളെ ഗ്രഹിച്ചാൽ മാത്രം പോരാ ആവിഷ്കരിക്കയും വേണം. കവികൾ ആത്മാവിഷ്കാരത്തിൽ ആത്മനിർവൃതി നുകരുന്നു. പക്ഷേ ഭാവം വാക്കുകളായതുകൊണ്ടു മാത്രം ആവിഷ്കാരം പൂർണമാവുന്നില്ല. ആവിഷ്കാരം ഫലവത്താ കുന്നതു സഹൃദയ ഹൃദയങ്ങളിലാണ്. ഇന്നത്തെ കാവ്യദർശന ത്തിൽ അവശ്യം മൂന്നു ഘടകങ്ങളുണ്ട്, കവി, കാവ്യം, സഹൃദയൻ. ഫാദർ തരകന്റെ കവിതയെ ഡോം മൊറേയാസിനെപ്പോലുള്ള പ്രശസ്ത കവികൾ ആസ്വാദനം മുഖേന ധന്യമാക്കിയിട്ടുണ്ട്. എങ്കിലും നമ്മുടെ സഹൃദയ ലോകത്തിലേക്ക് ഇനിയുമതു കടന്നുവന്നിട്ടില്ല.

മരുഭൂമിയിലെ പൂക്കൾ പോലെയാണവ; അധികം പേർ അവ യുടെ നിറം കണ്ടിട്ടില്ല, സുഗന്ധം അനുഭവിച്ചിട്ടില്ല. മധു ആസ്വദി ച്ചിട്ടില്ല. മേഘം മറച്ചിരിക്കുന്ന നക്ഷത്രങ്ങളാണവ. ജോൺ കീറ്റ്സ് ഒരു കത്തിൽ എഴുതി, ചിന്ത നിറഞ്ഞ ജീവിതമല്ല, അനുഭൂതി മുറ്റിയ ജീവിതമാണ് താനിഷ്ടപ്പെടുന്നതെന്ന്. ഫാദർ തരകന്റെ കവിത നമ്മുടെ വികാരത്തെ ഇളക്കി മറിക്കുന്നില്ല. നമ്മെ ലഹരി കൊള്ളി ക്കുന്നില്ല. അദ്ദേഹത്തിന്റെ കവിതയ്ക്കു കൂടുതലടുപ്പം ആലോച നാമൃതമായ വേർഡ്സ് വെർത്തിന്റെ കവിതയോടാണ്. ടി.എസ്. എലിയറ്റിൽ നിന്നും അദ്ദേഹം പ്രചോദനം സ്വീകരിച്ചിട്ടുണ്ട്. അതു കൊണ്ടാണല്ലോ തന്നെപ്പറ്റി അദ്ദേഹം 'സംസ്കാരത്തിൽ ഹിന്ദുവും, വിശ്വാസത്തിൽ ക്രൈസ്തവനും, ആരാധനയിൽ സുറിയാനിക്കാ രനുമാണ് ഞാൻ' എന്നെഴുതിയത്. ടി.എസ്. എലിയറ്റു താൻ രാഷ്ട്രീ യത്തിൽ രാജപക്ഷക്കാരനും വിശ്വാസത്തിൽ ആംഗ്ലോ കത്തോലി ക്കനും, സാഹിത്യത്തിൽ ക്ലാസിസ്റ്റുമാണെന്ന് എഴുതിയിട്ടുണ്ട ന്നോർക്കുക.

ഫാദർ തരകന്റെ ഒരു ഇംഗ്ലീഷ് കവിതാ സമാഹാരമാണ് മുകളിൽ സൂചിപ്പിച്ച ചിന്തകൾ എന്നിൽ ഉണർത്തിയത്. അതിന്റെ പേരു "Quester by the River and Other Poems" എന്നാണ്. ഇതിൽ രണ്ട് നീണ്ട കവിതകളുണ്ട്, "Quester by the River" ആണ് ഒന്ന്. മറ്റത് "Quester by the Tomb". ആദ്യത്തേതു പെരിയാറിന്റെ കരയ്ക്കു

www.malankaralibrary.com

കൂടി നടക്കുന്ന കവിയുടെ ഹൃത്സ്പന്ദനങ്ങൾ; രണ്ടാമത്തേതു അൽഫോൺസാമ്മയുടെ കബറിടത്തിലെത്തുന്ന ഭക്തന്റെ ആധ്യാത്മികാനുഭൂതികൾ. ആദ്യത്തേതു വിചിന്തനത്തിന്റെ കവിതയും, രണ്ടാമത്തേത് വിശ്വാസത്തിന്റെ കവിതയുമാണെന്നു പറഞ്ഞാൽ അവയെപ്പറ്റി പറയേണ്ടതു മുഴുവനുമായില്ല. ഇവയ്ക്കു പുറമെ ഇരുപത്തൊന്നു ഭാവഗീതങ്ങളുമുണ്ട് ഈ സമാഹാരത്തിൽ. ഫാദർ തരകൻ ഒരു കവിയായിരിക്കുന്നതു പോലെ ഒരു ചിന്തകനും ദാർശനികനുമാണ്. ഒരു മിസ്റ്റിക് കവി എന്ന പേരിനേക്കാൾ അദ്ദേഹത്തിനു ഏറെച്ചേരുന്നതു 'ദാർശനിക കവി' എന്ന വിശേഷണമാണ്. മിസ്റ്റിസിസവും ഭക്തിയും അദ്ദേഹത്തിന്റെ ദർശനത്തിൽ ലയിച്ചിരിക്കുന്നു. ഇന്ദ്രിയപരമായ അനുഭൂതികളെ ബിംബാത്മകമായെങ്കിലും പ്രയോജനപ്പെടുത്തുന്ന ടാഗൂറിന്റെയും ബ്ലേക്കിന്റെയും കവിതകളെക്കാൾ ഫാദർ തരകന്റെ കവിത ഏറെ അടുത്തു നില്ക്കുന്നത് അരവിന്ദഘോഷിന്റെ കവിതയോടാണ്. ഷാർദാന്റെ ദർശനത്തോടുള്ള കവിയുടെ അഗാധമായ ആഭിമുഖ്യമാണു അദ്ദേഹത്തിന്റെ കവിതയെ അരവിന്ദന്റെ കാവ്യമേഖലയിലേക്കെത്തിച്ചത്. ഫ്രഞ്ചു ദാർശനികനായ ബർഗസോണും, കത്തോലിക്കാ പുരോഹിതനായ ഷാർദാനും, ഭാരതീയ യോഗിയായ അരവിന്ദനും തമ്മിൽ ദർശനത്തിലുള്ള സാമ്യം അത്ഭുതാവഹമാണ്. ലോകത്തിലെ ഏറ്റവും വലിയ കാവ്യം ദാന്തെയുടെ 'ഡിവൈൻ കോമഡി' തന്നെ; അതേസമയം ഏറ്റവും വലിയ ദാർശനിക കാവ്യം എഴുത്തച്ഛന്റെ 'ചിന്താരത്ന'മല്ല. അരവിന്ദന്റെ 'സാവിത്രി'യാണ്. പ്രത്യക്ഷത്തിൽ ഫാദർ ആന്നിയിലിന്റെ നദീതീരത്തെ അന്വേഷകനും വേർഡ്സ് വെർത്തിന്റെ 'പ്രല്യൂഡിലെ' ചില ഭാഗങ്ങളോടു സാമ്യം തോന്നാം; അതേസമയം ആന്തരഭാവത്തിൽ അതു കൂടുതലടുത്തു നിൽക്കുന്നതു അരവിന്ദന്റെ കാവ്യത്തോടാണ്. സെന്റ് ജോൺ ഓഫ് ദ ക്രോസിന്റെ 'സ്പിരിചൽ കാൻറിക്കിൾസ്' എന്ന കാവ്യത്തിന്റെ സ്വാധീനത ശവകുടീരത്തിലെ അന്വേഷകനിൽ കാണാം. നദീതീരത്തെ ദാർശനികനായ കവി കുടീരത്തിന്റെ അന്തികത്തിലെത്തുമ്പോൾ വിശ്വാസിയായ കവിയായി ഭവിക്കുന്നു.

ടെന്നിസന്റെ യുലീസസ് പാടുന്നത് "ഞാൻ എന്തെല്ലാം കണ്ടുവോ അതിന്റെയെല്ലാം ഭാഗമായിത്തീർന്നിരിക്കുന്നു" എന്നാണ്. ഫാദർ തരകനും, താൻ പഠിച്ച ചിന്തകരുടെ ദർശനങ്ങൾ സ്വാംശീകരിച്ചിട്ടുണ്ട്. ആർതർ ഷോഫനോവർ (Arthur Schopenhauer),

www.malankaralibrary.com

ബ്ലേയിസെ പാസ്ക്കാൽ (Blaise Pascal), റെനെ ഡക്കാർട്ട് (Rene Descartes), ശങ്കരൻ, ഡയ്ട്രിച്ച് ബോനഫെയർ (Dietrich Bon hoeffer), സെന്റ് പോൾ, തെയ്യാർ ദ് ഷർദെൻ (Teilhard de Chardin), സെന്റ് ജോൺ ഓഫ് ദ ക്രോസ്, സെന്റ് അഗസ്റ്റിൻ, ദാന്തെ, ആൻസെലം എന്നിവർ തന്നെ സ്വാധീനിച്ചിട്ടുണ്ടെന്നു കവി സമ്മതിക്കുന്നു. അരവിന്ദന്റെ പേരു ഈ പട്ടികയിലില്ല. പക്ഷേ ഷർദെന്റെ പേരുണ്ട്; ശങ്കരാചാര്യരുടെയും. ഇന്ത്യയിലെ സഹൃദയർക്കു ഇവരിൽ പല രെയും അത്രയടുത്തു പരിചയമില്ല. അവർക്കു പരിചയം, വാല്മീ കിയും, വ്യാസ, ഭാസ, കാളിദാസന്മാരും, ടാഗൂറുമായിട്ടല്ലേ? ഇന്ത്യ യിലെ ഷഡ്ദർശനങ്ങളല്ലേ അവർക്ക് താത്പര്യം. സ്വാഭാവികമായും പാശ്ചാത്യ ചിന്തകരെ ഏറെ ആശ്രയിക്കുന്ന ഒരു കവി, എങ്ങനെ യാണ് ഭാരതീയ സഹൃദയർക്കു അഭിഗമ്യനും അഭിമതനുമായിത്തീ രുക? ഷർദെനോടുള്ള ഭക്തിയാണ് അദ്ദേഹത്തെ ഭാരതീയ ദർശന ത്തോടു ഒട്ടൊക്കെ അടുപ്പിക്കുന്നത്; ഷർദെന്റെ ദർശനവും അരവി ന്ദന്റെ ദർശനവും തമ്മിലുള്ള സാമ്യമാണ് അതിനു നിദാനമായി ഭവിച്ചിരിക്കുന്നത്.

ഫാദർ തരകനെ സംബന്ധിച്ചിടത്തോളം ദർശനവും കവി തയും സാക്ഷാത്തായതിനെ തേടിയുള്ള അന്വേഷണമാണ്. യോഗി കളെപ്പോലെ കവിയും സാക്ഷാത്തായതിനെ തേടി സ്വന്തം അന്ത രാത്മാവിലേക്കു മുങ്ങിയിറങ്ങുന്നു. 'ദ് കേവ്' (The Cave) എന്ന കവിതയിൽ മനസ്സിന്റെ ഗുഹകൾ അടർന്ന് വീഴുന്നു. ചിന്തകൾ കാറ്റു കളെ അഴിച്ചു വിടുന്നു. വർത്തമാനം ഭാവിയിലേക്കു കടന്നു കയറുന്നു. കവിത പുറപ്പെടുന്നതു മനസ്സിന്റെ നിലയില്ലാക്കയങ്ങളിൽ നിന്നാണ്. കവിഭാവനയെ ജ്വലിപ്പിക്കുന്നത് കവിയുടെ അന്തരാത്മാവിൽ നിന്നു മുയരുന്ന അഗ്നിനാളമാണ്. "ആത്മാവിന്റെ താദാത്മ്യം" (The Tadatmya of the Soul) എന്ന കവിത ഫാദർ ആന്നിയിലിന്റെ ദർശനത്തെ ബിംബവത്കരിക്കുന്നു. കവിദർശനത്തിൽ അഹം അഹമായും ബ്രഹ്മം ബ്രഹ്മമായും വർത്തിക്കുന്നു; അഹം ബ്രഹ്മവും ബ്രഹ്മം അഹവുമായി തീരുന്നില്ല. ബ്രഹ്മം പുരുഷാത്മകമായി തീരുന്നു. അഹവും ബ്രഹ്മവും താദാത്മ്യം പ്രാപിക്കുമ്പോൾ പോലും സ്വകീയ സ്വത്വം നിലനിർത്തുന്നു. രണ്ടും പുരുഷാത്മകമാകുന്നു. ഇവിടെ ബ്രഹ്മം ക്രിസ്തുവാണ്. താബോർ മലയിൽ മറുരൂപപ്പെട്ട ക്രിസ്തു വുമായി താദാത്മ്യം പ്രാപിക്കുവാൻ കവി ആഗ്രഹിക്കുന്നു. ക്രിസ്തു വിന്റെ സത്തയിൽ കവി സ്വന്തം സത്തയെ കണ്ടെത്തുന്നു. 'ഞാൻ'

www.malankaralibrary.com


എന്ന സത്ത' 'താങ്കൾ' എന്ന സത്തയിൽ മുങ്ങിയിറങ്ങുന്നു. ഇതാണ് മാർട്ടിൻ ബൂബൻ സൂചിപ്പിച്ച 'ഞാൻ-നീ (I-thou)' ബന്ധം. തന്റെ പൈതൃകമാണു ഹൈന്ദവ സംസ്കാരമെന്നു വിളിച്ചറിയിക്കുന്ന കവിതയാണു 'ദ് വേദിക്ക് വാട്ടേർസ്' (The Vedic Waters). ഗംഗ യുടെ ജലപ്രാവഹത്തിൽ കവി ഓങ്കാരം ശ്രവിക്കുന്നു. കവിമനസ്സു ജനനമരണ ചക്രങ്ങൾ കടന്ന കാലത്രയത്തെയും അതിവർത്തി ക്കുന്നു. ജനനമരണങ്ങളുടെ ആവർത്തനവും ഭൂതവർത്തമാന ഭാവി കാലങ്ങളുള്ള കാലത്തിന്റെ ആധിപത്യവും കവിയെ ചിന്താ മഥിത നാക്കുന്നു. ഇവയെപ്പോലെ കവിക്ക് പ്രിയങ്കരമാണ് മരണവും ഉയിർപ്പുമെന്ന സത്യവും. ഭൂതകാലം സർവത്തെയും ചിത കൂട്ടി തീ കൊളുത്തുന്നു; വർത്തമാനം ചിതാഭസ്മം ശേഖരിക്കുന്നു. ഭാവി യാകട്ടെ എരിഞ്ഞു ചാമ്പലായ ഫിനിക്സ് പക്ഷിയെ ഉയിർപ്പി ക്കുന്നു. ചിതാഭസ്മത്തിൽ നിന്നും ഉയരുന്ന പുതിയ പക്ഷിയുടെ ബിംബം കവിയെ പ്രതീക്ഷാഭരിതനാക്കുന്നു. ഈ ഫിനിക്സ് പക്ഷി ക്രിസ്തുവിനെ സൂചിപ്പിക്കുന്ന ഒരു ബിംബമായി കവിതയിൽ ചിറകടിച്ചുയരുന്നു.

ചെറിയ ചെറിയ കവിതകൾ; അതിഗഹനമായ ചിന്തകൾ, മനസ്സിൽ തറച്ചു നില്ക്കുന്ന ബിംബങ്ങൾ. "ദ് വേർഡ" (The Word) എന്ന കവിതയിൽ ബൈബിളിലെ വെളിപ്പാടു പുസ്തകത്തിലുള്ള ഭീകരമൃഗം പുനരാവിർഭവിക്കുന്നു. ലൗകികസുഖത്തിനുവേണ്ടി സാത്താനു സ്വന്തം ആത്മാവിനെ വിറ്റ ഫോസ്റ്റസിനെ തേടി ആ മൃഗം വരുന്നു. ലോകത്തെ ശുദ്ധീകരിക്കാൻ രണ്ടാമതൊരു അഗ്നിമഴ വേണ്ടിവരില്ലെന്നു എങ്ങനെ പറയാനാവും? ലോകത്തെച്ചൊല്ലിയും, ഭാരതത്തെച്ചൊല്ലിയും വേദനിക്കുന്ന കവി താരതമ്യേന ഊഷര മായ തന്റെ നാട്ടിലെ മണ്ണിനെ യോർദാന്റെ വിശുദ്ധ ജലം ഫലപു ഷ്ടമാക്കണമെന്ന് ആഗ്രഹിക്കുന്നു. ഗംഗയുടെ ജലവും യോർദാന്റെ ജലവും കൂടി മേളിച്ചു നമ്മുടെ നാടിനെ പവിത്രമാക്കണം. പടിഞ്ഞാറും കിഴക്കും തമ്മിൽ ഇണങ്ങിച്ചേരുകയും വേണം. ഈ കവിതകളി ലെല്ലാം വിഭിന്നങ്ങളായ സൂചിത കഥകളും അലിഞ്ഞു ചേർന്ന് കിടക്കുന്നു. 'ഒരു പുരുഷായുസ്സിലെ അനുഭൂതി' (The Thrill of a Life-time) എന്ന കവിതയിൽ സാറായുടെ ഗർഭപാത്രത്തെപ്പറ്റിയും തോറോയുടെ വോൾഡനെപ്പറ്റിയും യോർദാനെപ്പറ്റിയും ഹിമാലയ ത്തെപ്പറ്റിയും, ഋഷിമാരെപ്പറ്റിയും സൂചനയുണ്ട്. പൗരസ്ത്യ പാശ്ചാത്യ മിത്തുകളുടെ സമന്വയം ഫാദർ ആന്നിയിലിന്റെ കവി

www.malankaralibrary.com


തയ്ക്കു അപൂർവ ശക്തി പകരുന്നു. അതീവ ഹൃദ്യങ്ങളായ ഭാവഗീതങ്ങളാണ്, "നിന്റെ മാറിൽ കിടന്നുള്ള മരണം" (Death in a Bosom), "സ്നേഹം അവനാണ്" (Love is Ipse) "പക്ഷി വന്നെത്തുന്നു" (The Bird Arrives). "ആത്മാവിന്റെ രാത്രി" (That night of the Soul) തുടങ്ങിയ കവിതകൾ. "നിന്റെ മാറിൽ കിടന്നുള്ള മരണം" എന്ന കവിതയിൽ കവി സ്വന്തം ചിന്തകളെ ആഗതന്റെ കാൽച്ചുവടുകളുടെ ശബ്ദവുമായി കൂട്ടിക്കലർത്തുന്നു. സ്നേഹം അവനാണെന്ന സങ്കല്പത്തിൽ, മറിയത്തിൽ നിന്നും ജഡം ധരിച്ച ക്രിസ്തുവാണ് അവൻ. "ആത്മാവിന്റെ രാത്രി" സ്നേഹത്തിനുവേണ്ടിയുള്ള ദാഹം അവതരിപ്പിക്കുന്നു. "ദ് സീറോ ഹവർ" (The Zero Hour) ശത്രുവിന്റെ നാഴികയാണ് – വെള്ളപ്പൊക്കത്തിന്റെയും പാമ്പുകളുടെയും ആഞ്ഞടിക്കുന്ന ആനകളുടെയും നാഴികയാണ്. "കുരിശ്" (The cross) എന്ന കവിതയിൽ പറയുന്നത്, സ്വന്തം ആത്മാവിന്റെ വേദനയാണ് അദൃശ്യമായ കുരിശ് എന്നാണ്. സ്വന്തം ആത്മാവു ക്രൂശിതമായിരിക്കുന്നതായി കവിക്കു അനുഭവപ്പെടുന്നു. "ഇന്ത്യൻ ചായക്കടയിലെ സായാഹ്ന" (An Evening in an Indian Teashop) മെന്ന കവിതയിൽ പറയുന്നത് "എന്റെ ചുറ്റും സൗന്ദര്യത്തെക്കാൾ കൂടുതലായി ഭീകരതയെയാണ് ഞാൻ കാണുന്നത്" എന്നാണ്. മുറിവേറ്റ ലോകത്തിന്റെ അലർച്ച കാതിൽ മുഴങ്ങുന്നു. ശബ്ദത്തിനും നിശബ്ദതയ്ക്കുമിടയ്ക്കു കൂടി ഒഴുകുന്ന ഒരു കവിതയാണ് "കോളിംഗ് ഇറ്റ് എ ഡേ".

"സവാരി" (The Ride) യിൽ കവി തന്നെത്തന്നെ മൃതനായി സങ്കല്പിക്കുന്നു, മറ്റുള്ളവർ ആ ശരീരത്തോടു കാണിക്കുന്ന ബഹുമാനം നേരിട്ടു നീരിക്ഷിക്കുവാൻ കഴിയുന്നുവെന്നതാണ് കവിയുടെ മൃതാവസ്ഥയുടെ പ്രത്യേകത. ഫാദർ തരകന്റെ കവിതകൾ പരാവർത്തനത്തിനു വഴങ്ങുന്നവയല്ല. അവ സന്ദിഗ്ദ്ധഭാവങ്ങളെ ഉൾക്കൊള്ളുന്നു. ഗദ്യത്തിനു വഴങ്ങാത്ത ഭാവങ്ങൾ കവിതയായിത്തീരുകയായിരുന്നു; അങ്ങനെയുള്ള വാങ്മയത്തെ പിന്നെ എന്തിനു ഗദ്യമാക്കണം. "ദ് റൈഡ്" എന്ന കവിത എമിലിഡിക്കൻസിന്റെ കവിതകളെപ്പോലെ ദുഃഖമയമായി അനുഭവപ്പെട്ടു. അതിന്റെ ഭാവം ഹൃദയത്തെ ഉമിത്തീയിലെന്നതുപോലെ നീറ്റുന്നു.

"ക്വസ്റ്റർ ബൈ ദ റിവർ" ഒരു വിചിന്തന ശതകമാണ്. ഇതിൽ വിചിന്തനം വികാരമയമായിത്തീർന്നിട്ടുമുണ്ട്. ക്രിസ്തുമതം അദ്വൈതദർശനത്തോടു അടുത്തു നില്ക്കുന്ന ദ്വൈതദർശനമാണ്. വിശിഷ്ട അദ്വൈത ദർശനത്തോടാണ് അതിന് കൂടുതൽ സാമ്യമെന്നും വാദി

www.malankaralibrary.com


ക്കുന്നവരുണ്ട്. സ്രഷ്ടാവും സൃഷ്ടിയുമുണ്ട് ക്രൈസ്തവ ദർശന ത്തിൽ. സ്രഷ്ടാവിലാണ് നിലനില്ക്കുന്നതെങ്കിലും സൃഷ്ടിക്ക് അതിന്റേതായ അസ്തിത്വമുണ്ട്. ക്രിസ്തുമതത്തിൽ ദൈവം കേവ ലമായ ആശയമോ തത്ത്വമോ അല്ല; പുരുഷാത്മക സത്തയാണ്. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം 'ഞാൻ-താങ്കൾ' ബന്ധ മാണ്. ഇതു വിശുദ്ധമായ സ്നേഹബന്ധമാണ്. കവിതാസമാഹാര ത്തിന്റെ ആമുഖത്തിൽ കവി പറയുന്നത് ആരാധനാമൂർത്തി അന്വേ ഷകനെ കാലത്തോടും ചരിത്രത്തോടും ബന്ധപ്പെട്ട സ്വന്തം ആത്മാ വിനെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കാൻ പ്രേരിപ്പിക്കുന്നു വെന്നാണ്. ഈ പരിശോധന ആരാധകനെ ആരാധനാ മൂർത്തിയു മായി താദാത്മ്യം പ്രാപിക്കാൻ സഹായിക്കുന്നു. താദാത്മ്യം പ്രാപി ക്കൽ മുഖേന താൻ പുതുതായി സൃഷ്ടിക്കപ്പെടുന്നതായി കവിക്കു ബോധ്യം വരുന്നു. സൃഷ്ടി എന്നേക്കുമായി ഒരിക്കൽ നടന്ന കർമ്മ മല്ല, അനുസ്യൂതമായ ഒരു പ്രക്രിയയാണ്. കാവ്യസൃഷ്ടി നടത്തുന്ന കവി പരമസത്തയുടെ സാന്നിധ്യം അനുഭവിക്കുന്നു. താൻ വീണ്ടും സൃഷ്ടിക്കപ്പെട്ടു എന്ന ബോധത്തിലെത്തിച്ചേരുന്നു. ഇവിടെ കവി സൃഷ്ടിക്കപ്പെടുന്നതു ക്രിസ്തു ചൈതന്യത്തിലാണ്. ചരിത്രത്തിൽ പ്രവേശിച്ച ക്രിസ്തു ചരിത്രത്തെയും മനുഷ്യരാശിയെയും ദൈവീ കരിച്ചു കൊണ്ടിരിക്കുന്നു. ഈ പ്രക്രിയയിൽ കവിയും പങ്കാളിയാണ്. ഈ ദർശനം ഷർദാന്റെ ദർശനം തന്നെ; ക്രിസ്തുവിന്റെ സ്ഥാനത്ത് ഒരു മഹായോഗിയെയാണ് പ്രതിഷ്ഠിക്കുന്നതെങ്കിൽ ഈ ദർശനം അരവിന്ദദർശനമാകും. അത്രയ്ക്ക് ഷർദാന്റെ ദർശനം അരവിന്ദദർശ നത്തോടു ചേർന്നു നില്ക്കുന്നു.

പൊരിയാറിന്റെ തീരത്തുള്ള മനോഹരമായ ഒരു വന്യമൃഗ സംരക്ഷണ കേന്ദ്രമാണ് തേക്കടി. അവിടെ ചെലവഴിച്ച വിനാഴിക കളിൽ മനസ്സിൽ ഉയർന്ന ചിന്താധാരയാണ് "ക്വസ്റ്റർ ബൈ ദ റിവർ" എന്ന കവിതയുടെ ആത്മാവ്. തേക്കടിയുടെ പ്രകൃതിഭംഗി കവി പൂർണമായും നുകരുന്നു. പ്രകൃതിഭംഗിയിൽ കവി ഈശ്വരനെ കാണുന്നു, അറിയുന്നു. ഈശ്വരന്റെ സ്നേഹം അനുഭവിക്കുന്നു.

ഭരണങ്ങാനത്തു അൽഫോൻസാമ്മയുടെ കബറിടത്തിൽ ചെല്ലുന്ന അന്വേഷകനെയാണ് "ക്വസ്റ്റർ ബൈ ദ ടൂംബ്" എന്ന കവിത അവതരിപ്പിക്കുന്നത്. നിശബ്ദമായ ധ്യാനത്തിന്റെയും മൗന മായ സഹനത്തിന്റെയും പ്രതീകമായിരുന്ന അൽഫോൺസാമ്മ ഒരു ക്ലാരിസ്റ്റു സന്ന്യാസിനിയായിരുന്നു. അൽഫോൺസാമ്മയുടെ

www.malankaralibrary.com


ആത്മഗതമോ, ബോധധാരയോ ആയാണ്, കവിത അവതരിപ്പിച്ചിരിക്കുന്നത്. അൽഫോൻസാമ്മയുടെ കബറിടത്തിൽ നിന്നു കവി ആ കന്യകയുടെ ആത്മസ്പന്ദനങ്ങൾ കുറിച്ചെടുക്കുകയായിരുന്നു. പതിന്നാലാം ഖണ്ഡത്തിലാണ് അൽഫോൻസാമ്മയുടെ ആത്മകഥ തുടങ്ങുന്നത്. അതിനു മുമ്പുള്ള ഖണ്ഡങ്ങളിൽ കൊടുത്തിരിക്കുന്നത് മരണത്തോടു കൂടി അൽഫോൻസാമ്മയ്ക്കു ലഭിച്ച ഉന്നതിയുടെ കഥയാണ്. അൽഫോൻസാമ്മയെ പ്രസവിച്ചിട്ട് അമ്മ മേരി അന്തരിച്ചതും, അച്ഛൻ സ്നേഹപൂർവം മകളെ വളർത്തിയതും. കുടമാളൂരുള്ള അവരുടെ കുടുംബത്തിന്റെ പൂർവിക മഹത്ത്വവും, പതിമൂന്നാമത്തെ വയസ്സിൽ അച്ഛൻ മക്കൾക്കു വിവാഹം ആലോചിച്ചതും ആ വിവാഹ ആലോചനയിൽ നിന്നും രക്ഷപ്പെടാൻ അൽഫോൻസാമ്മ തീയിൽ ചവിട്ടി കാലു പൊള്ളിച്ചതും പിന്നീടു ക്ലാരമഠത്തിൽ ചേർന്നതും, സന്ന്യാസിനിയായി മാറിയതും ധ്യാനത്തിലും സഹനത്തിലും  നാളുകൾ കഴിച്ചതും, പ്രവാചകനെപോലെ സഹജീവികളുടെ ശോച്യാവസ്ഥ കണ്ടു വിലപിച്ചതും, വേദന  ചവച്ചിറക്കുമ്പോഴും ദൈവസാന്നിധ്യത്തിന്റെ ആഹ്ലാദം അനുഭവിച്ചതും. ലോകം വെടിഞ്ഞു സൗഭാഗ്യമേഖലയിലേക്കു കടന്നതും, അതേത്തുടർന്ന് അനേകർ അൽഫോൻസാമ്മയുടെ കബറിടത്തിലെത്തിക്കൊണ്ടിരിക്കുന്നതുമെല്ലാം, വേർഡ്സ്‌വർത്തിന്റെ ആഖ്യാന വൈഭവത്തോടും അരവിന്ദന്റെ ദാർശനിക ഭാവത്തോടും, കൂടി കവി വാങ്മയമാക്കിയിരിക്കുന്നു. ഈ കവിത വിശ്വാസത്തിന്റെ കവിതയാണ്; ഇതിൽ ആത്മാവിന്റെ അന്തഃസ്പന്ദനങ്ങൾ വിശ്വാസത്തിന്റെ ഘണ്ടാനാദമായിത്തീർന്നിരിക്കുന്നു. ഇരുപത്തഞ്ചാം ഖണ്ഡം അത്യധികം ഗഹനവും ഹൃദയസ്പർശിയുമാണ്.

Inner nudity ablaze with light
That comes from within
Is the goal I set myself.

പാപബോധം കൊണ്ടാണ് ആദാമിനു താൻ നഗ്നനാണെന്നു തോന്നിയത്; യാതൊന്നും ഭക്തയെ ദൈവത്തിൽ നിന്നു ലേശവും മറച്ചു കൂടാ. കേവലവും നഗ്നവുമായ ആത്മാവിനെയാണ് ദൈവത്തിനു സമർപ്പിക്കേണ്ടത്. ഭക്തൻ സ്വന്തം ഹൃദയത്തിന്റെ അഗാധതയിൽ ക്രിസ്തുവിന്റെ പാദാന്തികത്തിലാണിരിക്കുന്നത്. അൽഫോൻസാമ്മയുടെ ആത്മാവിന്റെ ഗാനം ഇങ്ങനെ പോകുന്നു.

www.malankaralibrary.com



I delve deep
Into the inner currents
Into the eddies
Into the whirl pools.

On the precipice
  of timelessness
I stand ready for the plunge
Into the unknown
Into the ineffable
Into the nameless patterns
Into God of Abraham
Into God of Isaac
Into God of Jacob
Into the Certitude.

ഈ അവസ്ഥ അൽഫോൻസാമ്മയുടെ എന്നതിലുപരി ബുദ്ധികൊണ്ടു ദൈവത്തെ തേടുന്ന പണ്ഡിതന്റെയും ധിഷണാശാലിയുടേതുമാണ്.

ചിന്തയെയും വിശ്വാസത്തെയും കാവ്യാനുഭൂതിയാക്കാൻ സാധിച്ചുവെന്നതാണ് ഫാദർ ആന്നിയിൽ തരകന്റെ സവിശേഷമായ നേട്ടം. കാവ്യാനുഭൂതിക്കു മതഭേദങ്ങളെയും വ്യത്യസ്ത ദർശനങ്ങളെയും ലയിപ്പിക്കുവാൻ സാധിക്കുന്നു. ദാന്തെയുടെ ഡിവൈൻ കോമഡി ഹിന്ദുക്കൾക്കും, രാമായണം ക്രിസ്ത്യാനികൾക്കും ആസ്വാദ്യമായി അനുഭവപ്പെടുന്നത് കാവ്യാനുഭൂതിയുടെ ശക്തി കൊണ്ടാണ്. അനുഭൂതി എത്ര ശക്തമാണെങ്കിലും കാവ്യപശ്ചാത്തല പരിചയമുണ്ടെങ്കിലേ കാവ്യം ആസ്വദിക്കാൻ സാധിക്കയുള്ളൂ. ഏതു കാവ്യത്തിനും തനതായ ഒരു കാവ്യമണ്ഡലമുണ്ട്. കാവ്യ സംസ്കാരത്തിന്റെ 'മില്യു' വുമുണ്ട്. സാംസ്കാരിക പരിപ്രേക്ഷ്യം പരമപ്രധാനമാണ്. സാധാരണ വായനക്കാർക്ക് ഫാദർ തരകന്റെ കവിതയിലെ എല്ലാ തലങ്ങളും ഒരേ വിധത്തിൽ അഭിഗമ്യമാണെന്നു പറഞ്ഞുകൂടാ. അദ്ദേഹത്തിന്റെ പ്രകൃതി വർണ്ണനകൾ അവിരാമമാണ്; ബൗദ്ധികാനുഭൂതികൾ അത്രമേൽ ഹൃദ്യമായി അനുഭവപ്പെട്ടെന്നു വരില്ല. പാശ്ചാത്യരും പൗരസ്ത്യരുമായ ദാർശനികരിൽ

www.malankaralibrary.com


നിന്നും, വേദശാസ്ത്രജ്ഞരിൽ നിന്നും കവി സ്വാംശീകരിച്ച ദാർശനികാനുഭൂതികൾ അനായാസമായി സഹൃദയ ഹൃദയങ്ങളിലേക്കു കടന്നു ചെല്ലണമെന്നില്ല. അതേസമയം അവയിലെ സാർവലൗകികഭാവങ്ങൾ സർവരെയും രസിപ്പിക്കുമെന്നതിനു സംശയമില്ല. സ്ഥലകാലങ്ങളെപ്പറ്റിയും വിശുദ്ധിയെപ്പറ്റിയുമുള്ള കവിദർശനം സർവർക്കും സ്വീകാര്യമായി ഭവിക്കും. എങ്കിലും നിറഞ്ഞ സഹൃദയത്വവും ഉയർന്ന സംസ്കാരവുമുള്ളവർക്ക് മാത്രമേ ഫാദർ തരകന്റെ അൽഫോൻസാമ്മാ ഭക്തിയെ മീരയുടെ കൃഷ്ണഭക്തിയുടെ മറ്റൊരു ഭാവമായി ദർശിക്കാനും ആസ്വദിക്കാനും സാധിക്കയുള്ളൂ. കവി ഉപയോഗിക്കുന്ന കാവ്യബിംബങ്ങൾക്കു പുതുമയും ശക്തിയുമുണ്ട്. കല്പനകൾക്കും ദാർശനിക ഗാംഭീര്യം സിദ്ധിച്ചിരിക്കുന്നു. ഫാദർ തരകന്റെ കവിതയിൽ ആശയവും ദർശനവും വിശ്വാസവും അനുഭൂതിയായി മാറിയിരിക്കുന്നു. ഈ കവിത ലളിതമോ സരളമോ അല്ല. ദുർഗ്രഹമോ ദുഷ്പ്രാപ്യമോ അല്ല. അഭിജ്ഞമായ സഹൃദയത്വത്തിനു ഈ കവിതകൾ അമൂല്യമായ അനുഭൂതി പ്രദാനം ചെയ്യുമെന്നതിനു സംശയമില്ല. ഇവിടെ കവിത അസ്തിത്വമെന്നതിനുമപ്പുറം സത്തയായി തീർന്നിരിക്കുന്നു.

(സംസ്കാര കേരളം, 1996 ജൂലൈ – സെപ്തംബർ പുറം 28–31 & 42)

www.malankaralibrary.com

# 3

# ഡോ. ആന്നിയിൽ തരകൻ ആത്മീയ ചിന്തകനായ പ്രേഷിതൻ

ജോമി തോമസ് കലയപുരം
സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ, കൊട്ടാരക്കര

സാത്വികനായ വൈദികൻ, ആംഗലേയകവി, അധ്യാപകൻ, ചരിത്രപണ്ഡിതൻ, അമൂല്യങ്ങളായ അനേകം ഗ്രന്ഥങ്ങളുടെ രചയിതാവ്, അനുഗൃഹീത വാഗ്മി എന്നീ നിലകളിൽ സുപരിചിതനായ റവ. ഡോ. ആന്നിയിൽ നൈനാൻ തരകൻ കറ്റാനം സെന്റ് സ്റ്റീഫൻസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ പോളച്ചിറയ്ക്കൽ ആന്നിയിൽ കുടുംബത്തിൽ ശ്രീ. എ. ഒ. സൈമൺ തരകന്റേയും ശ്രീമതി മറിയാമ്മയുടേയും ത്രിത്രീയ സന്താനമായി 1943 ജനുവരി 20 ന് ജനിച്ചു. രാജൻ എന്നായിരുന്നു ഓമനപ്പേര്. ബാല്യകാലം മുതലേ ദൈവാശ്രയബോധത്തിലും പ്രാർത്ഥനാധിഷ്ഠിതജീവിതത്തിലുമാണ് തരകൻ വളർന്നുവന്നത്. തന്റെ അഞ്ചു സഹോദരങ്ങളും മാതാപിതാക്കളുമടങ്ങിയ കുടുംബം തലമുറകളായി കൈമാറിവന്ന വിശ്വാസപാരമ്പര്യവും ഉത്തമ ക്രൈസ്തവ വിശ്വാസവും അഭംഗുരം കാത്തു പാരിപാലിച്ചുവന്നത് അദ്ദേഹത്തിന്റെ ആത്മീയ ജീവിതത്തിന് അടിത്തറ പാകി.

www.malankaralibrary.com


രണ്ടാം ലോകമഹായുദ്ധവും ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരവും കൊടുമ്പിരിക്കൊണ്ടിരുന്ന കാലഘട്ടത്തിൽ ആ കുടുംബം കാണിച്ച നീതിബോധവും ആർദ്രതയും കണ്ടാണ് ഈ ബാലൻ വളർന്നു വന്നത്. കുടിപ്പള്ളിക്കൂടത്തിൽ എഴുത്തു പഠനത്തിനുശേഷം കറ്റാനം പ്രൈമറി സ്കൂളിൽ ചേർന്ന് ബാലനായ നൈനാൻ തരകൻ പ്രൈമറി പഠനം പൂർത്തിയാക്കി. കറ്റാനം പള്ളിയിലെ ഞായറാഴ്ച തോറുമുള്ള വിശുദ്ധ ബലിയിലും സണ്ടേസ്കൂൾ പഠനത്തിലും ചിട്ടയായി പങ്കെടുത്തിരുന്നു. പ്രൈമറി സ്കൂൾ പഠനത്തിനുശേഷം 1953-ൽ കറ്റാനം പോപ്പ് പയസ് XI ഹൈസ്കൂളിൽ ചേർന്ന് അപ്പർ പ്രൈമറി പഠനവും സെക്കന്ററി വിദ്യാഭ്യാസവും പൂർത്തിയാക്കി. 1959 ൽ സിക്സ്ത്ത് ഫോറം (പത്താംതരം) പാസ്സായതിനെ തുടർന്ന് ഉപരിപഠന സാദ്ധ്യതകളെപ്പറ്റി കുടുംബം ആരാഞ്ഞു. എന്നാൽ ഒരു വൈദികനാവുകയാണ് തന്റെ ജീവിതാഭിലാഷമെന്ന് കുടുംബക്കാരെ യുവാവായ നൈനാൻ തരകൻ അറിയിച്ചു. കുടുംബത്തിലെ ആത്മീയ അന്തരീക്ഷം ദൈവവിളിക്ക് പ്രോത്സാഹനജനകമായിരുന്നുവെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ. കുടുംബാംഗങ്ങളുടെ സമ്മതത്തോടെ നൈനാൻ തരകനെ തിരുവനന്തപുരം സെന്റ് അലോഷ്യസ് സെമി നാരിയിൽ 1959 ൽ മൈനർ സെമിനാരി പഠനത്തിനായി ചേർത്തു. അന്ന് സെമിനാരിയിൽ ആർച്ച് ബിഷപ്പ് ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവും റെക്ടറായ ലോറൻസ് അച്ചനും (ഭാഗ്യസ്മരണാർഹനായ ലോറൻസ് മാർ അപ്രേം) ചേർന്ന് ബ്രദറിനെ സ്വീകരിച്ചു.

പുതുതായ സാഹചര്യങ്ങളും നിഷ്ഠകളും ബ്രദറിന്റെ ആത്മീയ ജീവിതത്തെ മാറ്റിമറിച്ചു. പഠനക്രമങ്ങളും പ്രാർത്ഥനാ ജീവിതവും വഴി ബ്രദർ തരകൻ സഹപാഠികൾക്കും ഗുരുക്കന്മാർക്കും മാതൃക യായി. സെമിനാരിയിലെ മീറ്റിംഗുകളിൽ പ്രസംഗിക്കുന്നതിനും മാസികകളിൽ ലേഖനങ്ങൾ എഴുതുന്നതിനും ബ്രദർ തരകന് അസാ മാന്യ പാടവമുണ്ടായിരുന്നു. പഠനത്തിനിടയിലും ആദ്ധ്യാത്മിക ഗ്രന്ഥങ്ങളും ചരിത്രഗ്രന്ഥങ്ങളും ലൈബ്രറിയിൽ നിന്നും കണ്ടെത്തി വായിക്കുന്നതിൽ ബ്രദർ സമയം കണ്ടെത്തി. വിശ്രമവേളകളിൽ കായികവിനോദങ്ങളിൽ ഏർപ്പെട്ടിരുന്നു. ക്ലാസ് മുറികളിൽ തന്നെ ഗുരുക്കന്മാരോട് സംശയനിവാരണം നടത്തുന്നതിനുള്ള താല്പര്യം ഒന്നു വലുതായിരുന്നു. അന്നന്നുള്ള പഠനവിഷയങ്ങൾ അന്നന്നു തന്നെ പഠിച്ചിട്ടു മാത്രമേ ബ്രദർ വിശ്രമിച്ചിരുന്നുള്ളു.

www.malankaralibrary.com


അക്കാലഘട്ടങ്ങളിൽ സെമിനാരി ചട്ടങ്ങൾ കർക്കശമായിരുന്നതിനാൽ നിശ്ചയിക്കപ്പെട്ട അവധിദിനങ്ങളിൽ മാത്രമേ സ്വഭവനങ്ങളിൽ പോകാൻ അനുവാദമുണ്ടായിരുന്നുള്ളു. അതും വർഷത്തിൽ ഏതാനും ദിനങ്ങൾ മാത്രം. ഇങ്ങനെയുള്ള ദിനങ്ങളിൽ ബന്ധുവീടുകളിലും സ്വഇടവകയിലും സന്ദർശിക്കുകയും വേണ്ട കാര്യങ്ങൾ ചെയ്യുകയുമായിരുന്നു പതിവ്. കുടുംബത്തിലെ തന്നെ ഒരു മാവി (മദർ സൾഗാ SIC) ബഥനി സന്യാസിനീ സമൂഹാംഗമായിരുന്നു. ആദ്ധ്യാത്മികവും സഭാപരവുമായ കാര്യങ്ങളിൽ മദർ സൾഗ ബ്രദർ തരകന് ആഴമായ അറിവു പകർന്നു നൽകിയിരുന്നു. "പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിൽ" എന്ന ഗ്രന്ഥമുൾപ്പെടെ നിരവധി ഗ്രന്ഥങ്ങൾ മദർ സൾഗ രചിച്ചിട്ടുണ്ട്.

ഒരു വൈദികൻ ആരായിരിക്കണം, കത്തോലിക്കാസഭയിൽ ഒരു വൈദികന്റെ സ്ഥാനമെന്ത്, ഇത്യാദികാര്യങ്ങളിൽ മദർ സൾഗാ നൽകിയ പ്രബോധനങ്ങൾ തന്റെ ജീവിതത്തിൽ ആഴമായി സ്വാധീനിച്ചിട്ടുണ്ടെന്ന് ഫാ. നൈനാൻ തരകൻ പില്ക്കാലങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്.

മൈനർ സെമിനാരി പഠനത്തിനുശേഷം മേജർ സെമിനാരി പഠനത്തിനായി ബ്രദർ നൈനാൻ തരകനെ സഭാധികാരികൾ 1961 ൽ പൂനൈ പേപ്പൽ സെമിനാരിയിലേക്കയച്ചു. ഇന്ത്യയിലെ വിവിധ പ്രദേശത്തു നിന്നുള്ള വിവിധ രൂപതകളിലും വിവിധ റീത്തിലുമുള്ള വിദ്യാർത്ഥികളാണ് വൈദിക വിദ്യാഭ്യാസത്തിനായി അവിടെ ഒന്നുചേർന്നിരിക്കുന്നത്. ഭാഷയും ഭക്ഷണവും സംസ്കാരവും വ്യത്യസ്തത പുലർത്തുന്നവരുടെ ഒരു കൂട്ടായ്മ. നിരവധി വിദേശ രാജ്യങ്ങളിലെ വൈദികരാണ് പ്രൊഫസർമാരായി അവിടെയുള്ളത്. ഈ കാലഘട്ടത്തിൽ സെന്റ് അഗസ്റ്റിന്റെ 'ദ സിറ്റി ഓഫ് ഗോഡ്' എന്ന ഗ്രന്ഥം ബ്രദർ തരകന്റെ വായനയെ സ്വാധീനിച്ചു. തരകനച്ചനിലെ പ്രഭാഷണകല വികസ്വരം പ്രാപിക്കുന്നതും എഴുത്തുകാരൻ ശക്തി പ്രാപിക്കുന്നതും ഇവിടെ വച്ചാണ്.

സെമിനാരിയിൽ നിന്നും പുറത്തിറങ്ങുന്ന ആനുകാലികങ്ങളിൽ ഇംഗ്ലീഷ് കവിതകൾ ബ്രദർ തരകൻ എഴുതിയിരുന്നു. 1964-65 B.Ph., Ph.L ബിരുദങ്ങൾ നേടി. തുടർന്ന് 1968-69 ൽ B.D, L.D പഠനങ്ങൾ നിർവ്വഹിച്ചു. വൈദിക ജീവിതത്തിലെ ആദ്യപട്ടങ്ങളെല്ലാം പൂനായിലെ ബിഷപ്പ് ആൻഡ്രൂസിൽ നിന്നും സ്വീകരിച്ചു. നൈനാൻ

www.malankaralibrary.com



തരകൻ ശെമ്മാശ്ശൻ പൂർണ്ണ വൈദികപട്ടം സ്വീകരിക്കുവാൻ തയ്യാറെടുത്തു. 1968 ഒക്ടോബർ 18 ന് കറ്റാനം സെന്റ് സ്റ്റീഫൻസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് തിരുവനന്തപുരം അതിരൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ഡീക്കൻ നൈനാൻ തരകനെ വൈദികനായി അഭിഷേകം ചെയ്തു. തുടർന്ന് അതേ ദൈവാലയത്തിൽ തന്നെ ഒക്ടോബർ 19-ാം തീയതി ഫാ. നൈനാൻ തരകൻ ആന്നിയിൽ ആദ്യകുർബാന ചൊല്ലി. 1969-ൽ പുനലൂർ ഇടവകയുടെ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യ നിയമനം. മറ്റ് അഞ്ചുപള്ളികളിൽ വികാരിയായി പുനലൂരിൽ താമസിച്ചുകൊണ്ടു ശുശ്രൂഷ നടത്തി. വിളക്കുവട്ടം, കറവൂർ, എലിക്കാട്ടൂർ, മഞ്ഞമൺകാല, ചെറുകടവ് എന്നിവിടങ്ങളിലായിരുന്നു ആ ദൈവാലയങ്ങൾ. രണ്ടുവർഷത്തിനുശേഷം 1971-ൽ ഫാ. നൈനാൻ തരകനെ മാവേലിക്കരയിലെ പുതിയകാവ്, ചെന്നിത്തല, എരമത്തൂർ എന്നീ ദൈവാലയങ്ങളിലെ വികാരിയായി നിയമിച്ചു. ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ജന്മഗൃഹം സ്ഥിതി ചെയ്യുന്ന പ്രദേശമായ പുതിയകാവിലെ പള്ളിമേടയിൽ താമസിച്ചുകൊണ്ടാണ് ശുശ്രൂഷകൾ നിർവ്വഹിച്ചത്. ഈ യുവവൈദികന്റെ പ്രസരിപ്പും ജീവിതവും ഇടവകക്കാർക്ക് വളരാനുള്ള താങ്ങായി മാറി. വി. ബൈബിളും ആരാധനാക്രമവും സഭാചരിത്രവും ദൈവജനത്തെ പഠിപ്പിച്ചു കൊണ്ട് ശുശ്രൂഷയിൽ തീക്കനലായി ബഹു. അച്ചൻ മാറി. ക്രമീകൃതമായി ഇടവകയോട് ചേർന്നു നിൽക്കുന്നവരായി വിശ്വാസ സമൂഹത്തെ മാറ്റാൻ തരകനച്ചനു സാധിച്ചു. ഈ അവസരത്തിൽ (1971-74-ൽ) അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നിർദ്ദേശ പ്രകാരം തരകനച്ചൻ മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ ഇംഗ്ലീഷ് ഐച്ഛികവിഷയമായി എടുത്ത് ബിരുദ പഠനത്തിനുചേർന്നു.

ആംഗലേയ സാഹിത്യത്തെപ്പറ്റി കൂടുതൽ വായിച്ചറിയുവാനും തന്റെ താലന്തുകളെ കൂടുതൽ മിനുസപ്പെടുത്തുവാനും ബിരുദ പഠനം മൂലം അച്ചനു കഴിഞ്ഞു. 1974-ൽ അച്ചൻ ബി. എ. ഇംഗ്ലീഷ് ഉയർന്ന മാർക്കോടുകൂടി പാസ്സായി. തുടർന്ന് ആർച്ച് ബിഷപ്പിന്റെ നിർദ്ദേശപ്രകാരം ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിൽ ഇംഗ്ലീഷ് ബിരുദാനന്തര ബിരുദകോഴ്സിനു ചേർന്നു. എം. എ. ഇംഗ്ലീഷ് പഠനം ഒരു സാധാരണ വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം ക്ലേശകരമായ ഒരു പരീക്ഷണമാണ്. ഇടവകസേവനവും

www.malankaralibrary.com


പഠനവും തമ്മിൽ ഒരുമിച്ചുകൊണ്ടു പോകാൻ പ്രതിഭാശാലിയായ തരകനച്ചന് അനായാസേന കഴിഞ്ഞു. ഇത് ആ വിഷയത്തെ കുറിച്ചുള്ള അദ്ദേഹത്തിന്റെ അഗാധമായ പരിജ്ഞാനവും അസാധാരണമായ താല്പര്യവും കൊണ്ടുമാത്രമാണ് സാധിച്ചത്. 1976–ൽ എം. എ. ഇംഗ്ലീഷിൽ ഉയർന്ന മാർക്കോടെ പാസ്സായി. തുടർന്ന് ആർച്ച് ബിഷപ്പ് തരകനച്ചനെ അഞ്ചൽ സെന്റ് ജോൺസ് കോളജിൽ ലെക്ചററായി നിയമിച്ചു. കോളേജിന്റെ ബർസാറായും ചുമതല അച്ചനു നൽകിയിരുന്നു. ഈ അവസരത്തിൽ മണ്ണൂർ, മീൻകുളം ഇടവകകളുടെ വികാരിയായും ചുമതലയേറ്റു. അഞ്ചലിൽ താമസിച്ചുകൊണ്ട് ഇരു പള്ളികളിലേയും ശുശ്രൂഷ സ്തുത്യർഹമാംവിധം നിർവ്വഹിച്ചു.

മണ്ണൂരിൽ ഒരു സ്കൂളിന്റെ ആവശ്യകത മനസ്സിലാക്കി ഒരു സ്കൂളിനു തുടക്കം കുറിക്കാനും ഈ കാലഘട്ടത്തിൽ അച്ചനു കഴിഞ്ഞു. മണ്ണൂർ ദൈവാലയത്തിനായി ഒരു കുരിശ്ശടിയും പണികഴിപ്പിച്ചു. തുടർന്ന് 1978–ൽ മണ്ണൂരിനു സമീപമുള്ള വയലാ കേന്ദ്രമാക്കി ഒരു ദൈവാലയത്തിനു തുടക്കം കുറിച്ചു. ഈ ദൈവാലയം പിൽക്കാലത്ത് ഒരു പുതിയ ഇടവകയായി. ഇന്ന് വയലാപള്ളി അഞ്ചൽ വൈദികജില്ലയിലെ ഒരു നല്ല ഇടവകയായി പരിലസിക്കുന്നു. 1978 ജൂണിൽ ബഹു അച്ചനെ മാർ ഈവാനിയോസ് കോളേജിലേക്ക് സ്ഥലം മാറ്റി. അതിനു സമീപമുള്ള ഇടവകകളുടെ ചുമതലയും ലഭിച്ചു. 1983 ൽ ഉപരിപഠനാർത്ഥം നൈനാൻ തരകനച്ചൻ അമേരിക്കയിലേക്കു പോയി.

ഇന്ത്യാനായിലെ സുപ്രസിദ്ധമായ നോത്ര ദാം യൂണിവേഴ്സിറ്റിയിലാണ് അച്ചൻ ഗവേഷണത്തിനായി ചേർന്നത്. ഈ അവസരത്തിൽ (1983) ചിക്കാഗോയിലും പരിസരങ്ങളിലുമുള്ള മലങ്കര കത്തോലിക്കാ മക്കളെ ഒരുമിച്ചുകൂട്ടി ചിക്കാഗോ മിഷനു തുടക്കമിട്ടു. 1987–ൽ നോത്ര ദാം യൂണിവേഴ്സിറ്റിയിൽ നിന്നും തരകനച്ചൻ ആംഗലേയ സാഹിത്യത്തിൽ –മാത്യു അർണോൾഡും പൗരസ്ത്യചിന്തയും– എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടി. ചുരുങ്ങിയ കാലം കൊണ്ട് ഒരു വിദേശ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് സമ്പാദിച്ച മലയാളി വൈദികൻ എന്ന വിശേഷണവും യൂണിവേഴ്സിറ്റി പ്രൊഫസർമാർ അച്ചനു ചാർത്തിയിരുന്നു.

നാട്ടിലേക്ക് പോന്നതിനുശേഷം 1988–ൽ വീണ്ടും മാർ ഈവാനിയോസ് കോളേജിൽ പ്രവേശിച്ചു. ഈ കാലഘട്ടത്തിൽ അയിരൂപ്പാറ,

www.malankaralibrary.com


കാട്ടായിക്കോണം, ഉളിയാഴിത്തുറ, പുലയനാർകോട്ട, കുറവൻകോണം, മൺവിള പള്ളികളുടെ വികാരിസ്ഥാനവും വഹിച്ചു. 1995–99 കാലഘട്ടത്തിൽ അഞ്ചൽ സെന്റ് ജോൺസ് കോളേജ് പ്രിൻസിപ്പലായും ബഹു. അച്ചൻ ചുമതലയേറ്റു. അഞ്ചൽ കോളേജിനെ കൊല്ലം ജില്ലയിലെ ഒരു മികച്ച കലാലയമാക്കാനുള്ള പ്രവർത്തനങ്ങൾ അച്ചൻ ആവിഷ്ക്കരിച്ചു. അക്കാദമിക് കാര്യങ്ങളിൽ കൂടുതൽ പ്രാധാന്യം നൽകി. കുട്ടികളിൽ അച്ചടക്കബോധം ഉളവാക്കി അവരെ ഉന്നത പഠനസാധ്യതകൾ നൽകാനുള്ള പദ്ധതികൾ യു.ജി.സി.യുടെ പങ്കാളിത്തത്തോടെ ആസൂത്രണം ചെയ്തു. അച്ചടക്കമാണ് ഒരു സ്ഥാപനത്തിന്റെ ആണിക്കല്ലും മൂലക്കല്ലും. അച്ചടക്കം കൈവന്നതോടെ കേരളാ യൂണിവേഴ്സിറ്റിയിലെ തന്നെ എടുത്തുപറയാവുന്ന സ്ഥാപനമായി അഞ്ചൽ സെന്റ് ജോൺസ് കോളേജ് വളർന്നു.

അഞ്ചൽ കോളേജിൽ നിന്നും വിരമിച്ച് തിരുവനന്തപുരത്ത് താമസമാക്കിയതിനു ശേഷം ബഹു. അച്ചൻ മേജർ സെമിനാരിയിലും മൈനർ സെമിനാരിയിലും എഞ്ചിനീയറിംഗ് കോളേജിലും അദ്ധ്യാപകനായി സേവനം ചെയ്തു. ഇടവകകൾ നോക്കിയതിനു ശേഷം ലഭ്യമാകുന്ന ചെറിയ ഇടവേളകൾ സാഹിത്യ തപസ്യയിൽ മുഴുകികൊണ്ട് ബഹു. അച്ചൻ തന്റെ പ്രേഷിത ശുശ്രൂഷ തുടർന്നു കൊണ്ടേയിരിക്കുന്നു.

### ഗ്രന്ഥകാരനായ തരകനച്ചൻ

പ്രതിഭാശാലികളുടെ കലയാണ് സാഹിത്യം. ആംഗലേയ സാഹിത്യത്തിൽ അതുല്യമായ ഭാവനാസമ്പന്നനായ ഒരു സാഹിത്യകാരൻ കൂടിയാണ് തരകനച്ചൻ. ചെറുപ്പകാലം മുതൽ തന്നെ ഇംഗ്ലീഷ് ഗ്രന്ഥങ്ങളോട് അടങ്ങാത്ത അഭിനിവേശം കാട്ടിയിരുന്നു. സെമിനാരി പഠനകാലങ്ങളിൽ ഉള്ളിൽ ഉറങ്ങിക്കിടന്ന പ്രതിഭയെ വെളിച്ചത്തു കൊണ്ടുവരാൻ തരകനച്ചന് നിരവധി അവസരങ്ങൾ ലഭിച്ചിരുന്നു. വായനക്കാരുടെ സവിശേഷമായ ശ്രദ്ധയും പിൻബലവും ഈ രചനകൾക്കു ലഭിച്ചിരുന്നതിനാൽ വീണ്ടും വീണ്ടും എഴുതാനുള്ള ഊർജ്ജം അച്ചനു ലഭിച്ചിരുന്നു. സഭാമാസികകളിലും ആനുകാലികങ്ങളിലും ആധികാരികമായ വിഷയങ്ങളിൽ ബഹു. അച്ചൻ നിരവധി രചനകൾ നിർവ്വഹിച്ചിട്ടുണ്ട്. “പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിൽ” എന്ന ഗ്രന്ഥം സഭാ സംബന്ധമായ ലേഖനസമാഹാരമാണ്. ഇംഗ്ലീഷിൽ കവിത രചിക്കുന്ന കമ്പം ഉണ്ടായിരുന്നതി

www.malankaralibrary.com


നാൽ കവിതാരചനയും മുറയ്ക്കു നടത്തുമായിരുന്നു. പ്രാർത്ഥി ക്കുകയും ചിന്തിക്കുകയും ചെയ്യുമായിരുന്ന അച്ചന് വീണുകിട്ടിയ വെളിപാടിന്റെ ദൈവിക ഊർജ്ജം അനർഗ്ഗള നിർഗ്ഗളമായി അച്ചൻ കവിതയിലേക്ക് ആവാഹിച്ചിരുന്നു. പിൽക്കാലത്ത് ഈ കവിതകൾ സമാഹരിച്ച് "Quester by the River and Other Poems" എന്ന പേരിൽ ഗ്രന്ഥമാക്കിയിട്ടുണ്ട്. 2008 ൽ ഭരണങ്ങാനത്ത് അൽഫോൻസാമ്മയെ വിശുദ്ധയാക്കിയ അവസരത്തിൽ അച്ചൻ വിദേശ പര്യടനത്തിലാ യിരുന്നു. അൽഫോൻസാ ഭക്തനായ അച്ചന്റെ അൽഫോൻസിയൻ ധ്യാനത്തിൽ നിന്നുളവായ കവിതകളും ലേഖനങ്ങളും ഉൾപ്പെടുത്തി 2008 ൽ 'The Canticle of the Beloved' എന്ന കവിതാസമാഹാരം ദീപിക ബുക്ക് ഹൗസ് പുറത്തിറക്കി. ഈ ഗ്രന്ഥത്തിന് 2009-ലെ മോൺസി ഞ്ഞോർ മങ്കുഴിക്കരി സ്മാരക ആത്മവിദ്യാ അവാർഡ് ലഭിച്ചു.

19-ാം നൂറ്റാണ്ടിലെ പ്രസിദ്ധ കവിയായ അർണോൾഡിന്റെ ഭഗവദ്ഗീതാ പഠനങ്ങളെ ആസ്പദമാക്കി എഴുതിയ "ഭാരതീയ ദർശനം ഇംഗ്ലീഷ് കവിതയിൽ" എന്ന ഗ്രന്ഥം 2008-ൽ ഡി. സി. ബുക്സ് പ്രസിദ്ധീകരിച്ചിരുന്നു. ഈ ഗ്രന്ഥത്തിന് 2011-ലെ കേരള സാഹിത്യ അക്കാഡമി പുരസ്കാരം ലഭിച്ചു. Matthew Arnold and the Bhagavad Gita എന്ന തരകനച്ചന്റെ ഇംഗ്ലീഷ് ഗ്രന്ഥം തിരുവന ന്തപുരം കാർമ്മേൽ പബ്ലിക്കേഷൻസ് 2006-ൽ പുറത്തിറക്കി. 2014-ലെ കേരളാ കാത്തലിക് ബിഷപ്പ്സ് കോൺഫ്രൻസ് ഏർപ്പെടുത്തിയ ഗുരു പൂജാ പുരസ്ക്കാരവും ബഹു. അച്ചന് ലഭിച്ചിട്ടുണ്ട്. ഭാരതീയ ചിന്താധാരയിലെ തന്ത്രയോഗശാസ്ത്രവുമായി ബന്ധപ്പെട്ട പഠന ങ്ങൾ അച്ചൻ നടത്തിയതിന്റെ ഭാഗമായി എഴുതിയ ഗ്രന്ഥമാണ് 'The Sacred Feminine in Indian Thought" (ദിവ്യ സ്ത്രീതത്ത്വം ഭാരതീയ ചിന്തയിൽ). ഡൽഹി കേന്ദ്രമാക്കിയിട്ടുള്ള കോസ്മോ പ്രസാധകരാണ് ഈ വലിയ ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഭാരത ത്തിൽ ഇദംപ്രഥമായി ഒരു കത്തോലിക്കാ വൈദികൻ ഈ വിഷയ ത്തിൽ നിർവ്വഹിച്ച ആദ്യഗ്രന്ഥം കൂടിയാണിത്. ഈ ഗ്രന്ഥത്തിന് 488 പേജുകളുണ്ട്.

മദർ സൾഗായുടെ പല ഈടുറ്റ ഗ്രന്ഥങ്ങളും തരകനച്ചൻ എഡിറ്റുചെയ്ത് പുറത്തിറക്കിയിട്ടുണ്ട്. ഇംഗ്ലീഷ്, മലയാളം പത്ര ങ്ങളിൽ സഭാവിഷയങ്ങളിലും ആനുകാലിക പ്രശ്നങ്ങളിലും ബഹു. അച്ചൻ എഴുതിയിട്ടുള്ള ലേഖനങ്ങൾ അളവറ്റതാണ്. ഈ ലേഖന

www.malankaralibrary.com


ങ്ങളുടെ സമാഹരണം നടന്നാൽ തന്നെ നിരവധി ഗ്രന്ഥങ്ങൾ ഇനിയും ഉണ്ടാകും. മലങ്കര കത്തോലിക്കാസഭാതറവാട്ടിൽ നിന്നും ആംഗലേയ സാഹിത്യത്തിനുവേണ്ടി ബഹു. അച്ചൻ നടത്തുന്ന സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. ഈ ഗ്രന്ഥങ്ങളുടെ മൂല്യവും കാന്തിയും വരുംകാലങ്ങളിൽ കൂടുതൽ പ്രശോഭിതമാകും എന്നു പ്രത്യാശിക്കുന്നു.

മാതൃകാ അജപാലകനായിട്ടാണ് തരകനച്ചൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഏറ്റവും വിനീതനായിട്ടാണ് അദ്ദേഹം ഇടവകജനങ്ങളോട് ഇടപെട്ടിരുന്നത്. അഭൗമമായ നന്മയുടെ പ്രകാശം സമൂഹത്തിൽ പ്രസരിപ്പിക്കുവാനാണ് അദ്ദേഹം ശ്രദ്ധിച്ചത്. നൈനാൻ തരകനച്ചൻ പരിശുദ്ധ മാതാവിന്റെ ഒരു വലിയ ഭക്തനാണ്. അദ്ദേഹത്തിന്റെ പ്രബോധനങ്ങളിൽ ആദ്ധ്യാത്മികതയുടെ തീക്ഷ്ണഭാവങ്ങൾ നിഴലിച്ചിരുന്നു. 'ദൈവവചനം സജീവവും ഊർജ്ജസ്വലവുമാണ്. അത് നല്ല മൂർച്ചയുള്ള വാളാണ്. ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി അത് ഹൃദയത്തിന്റെ വികാരവിചാരങ്ങളേയും നിയോഗങ്ങളേയും വിവേചിച്ചറിയുന്നു' (ഹെബ്രാ. 4:12) എന്ന അപ്പോസ്തോലനായ വിശുദ്ധ പൗലോസിന്റെ വാക്കുകൾ തരകനച്ചനെ സംബന്ധിച്ചും അന്വർത്ഥമായിരുന്നു. അച്ചന്റെ ആഴമേറിയ ദൈവികചിന്തകളുടെ ശക്തിയിൽ നിന്നും വെളിപാടുപോലെ ഉണർന്നു വരുന്നവയാണ് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ.

തികച്ചും ഉത്തരവാദിത്വമുള്ള പൗരോഹിത്യജീവിതത്തെ ഗൗരവമായിട്ടാണ് അച്ചൻ കാണുന്നത്. ആദ്ധ്യാത്മിക ശിക്ഷണത്തിലൂന്നി ക്രിസ്തുവിനെ മറ്റുള്ളവർക്കു നൽകാൻ സദാ ജാഗ്രത കാട്ടുന്ന പുരോഹിതൻ. സഭാചരിത്രവും പാരമ്പര്യവും മുറുകെ പിടിച്ച് സഭയുടെ വളർച്ചയ്ക്കുവേണ്ടി ജീവിക്കുന്ന വൈദികൻ. കഴിഞ്ഞ അൻപതു വർഷക്കാലമായി സഭയ്ക്കും സമൂഹത്തിനും ക്രൂശിതന്റെ പാതയിൽ സഞ്ചരിക്കുന്ന ഒരു സമർപ്പിതൻ.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിശുദ്ധ കുർബാനയിൽ വൈദികൻ ചൊല്ലുന്ന സെദറയിൽ ഇപ്രകാരം പറയുന്നു: "കർത്താവേ മാലാഖമാർ പോലും സൂക്ഷിച്ചു നോക്കുവാൻ വാഞ്ഛിക്കുന്ന നിന്റെ മഹാ വിശുദ്ധസ്ഥലത്ത് പ്രവേശിക്കുവാൻ എന്നെ യോഗ്യനാക്കിയല്ലോ. നിന്റെ കൃപയാലും ബഹുലമായ കരുണ

www.malankaralibrary.com



യാലും നിന്റെ ജനത്തിന്റെ പാപങ്ങൾ പരിഹരിക്കുകയും നിന്റെ ഇടവകയുടെ കുറ്റങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ. കർത്താവേ പാപപങ്കിലമായ എന്റെ കൈകളാൽ അർപ്പിക്കപ്പെടുന്ന ഈ ബലി നീ സ്വീകരിക്കണമേ. കർത്താവേ, ഇതിനാൽ പാപികൾക്ക് മോചനം നൽകണമേ, തെറ്റുകാരോട് ക്ഷമിക്കണമേ, അനുതാപികളെ കൈക്കൊള്ളണമേ"

ഇപ്രകാരം ദൈവത്തിനുവേണ്ടി ശ്രേഷ്ഠമായ വേല ചെയ്യുന്ന പുരോഹിതന്മാരിൽ ദൈവത്തെ ഓർമ്മിപ്പിക്കുന്ന സാന്നിദ്ധ്യമായി തരകൻ അച്ചൻ നിലകൊള്ളുമ്പോഴാണ് ഈ സുവർണ്ണ ജൂബിലിക്ക് നിറഭേദങ്ങൾ കൈവരുന്നത്.

(ജോമി തോമസ് 7-ൽ പരം ഗ്രന്ഥങ്ങളുടെ രചയിതാവാണ്. അദ്ദേഹം കൊട്ടാരക്കര സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ അധ്യാപകനാണ്).

www.malankaralibrary.com

# 4

# ആന്നിയിൽ തരകനച്ചൻ - പ്രതിഭാശാലിയായ സാഹിത്യ ചിന്തകൻ

ഡോ. പ്രൊഫ. കെ. വി. ജോസഫ്
പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക്സ്,
സെന്റ് സേവിയേഴ്സ് കോളേജ്, തിരുവനന്തപുരം

ആദ്ധ്യാത്മിക കാര്യങ്ങളിൽ വ്യാപൃതരായിരിക്കുന്ന പുരോഹിതന്മാർക്കു സാഹിത്യ പ്രവർത്തനങ്ങളിലും, ഗ്രന്ഥരചനയിലും ഏർപ്പെടുവാൻ സാധാരണയായി പ്രയാസമായിരിക്കും. എന്നിരുന്നാലും ചിലരെങ്കിലും ആ മേഖലയിലും പ്രശോഭിക്കുന്നവരായി ക്കാണാം. അക്കൂട്ടത്തിൽപ്പെട്ട ഒരു മഹൽ വ്യക്തിയാണു ആന്നിയിൽ തരകനച്ചൻ. നിരവധി കൃതികളുടെയും ഗ്രന്ഥങ്ങളുടെയും കർത്താവായ അദ്ദേഹം സാഹിത്യരംഗത്തെ ഒരു പ്രതിഭാശാലി തന്നെയാണ്. 1878-ൽ രചിച്ച മറിയാമ്മ നാടകത്തിലൂടെ മലയാളത്തിലെ ആദ്യത്തെ നാടക കർത്താവ് എന്ന ഖ്യാദി സമ്പാദിച്ച പോളച്ചിറയ്ക്കൽ കൊച്ചീപ്പൻ തരകന്റെ കുടുംബത്തിൽപ്പിറന്ന തരകനച്ചന്റെ സിരകളിൽ സാഹിത്യരക്തം ഒഴുകുന്നുണ്ടെന്ന കാര്യത്തിൽ സംശയമില്ല. അത് ഏതു രീതിയിൽ ഫലമണിയിക്കുന്നുണ്ടെന്ന കാര്യം പരിഗണിക്കുകയെന്നതാണ് ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നത്.

1943-ൽ മദ്ധ്യതിരുവിതാംകൂറിലെ കറ്റാനം ഗ്രാമത്തിൽ ജനിച്ച അദ്ദേഹം ഹൈസ്കൂൾ പഠനത്തിനുശേഷം വൈദികരംഗ

www.malankaralibrary.com


ത്തേക്കാണു തിരിച്ചത്. പൂനയിലെ പ്രസിദ്ധമായ പേപ്പൽ സെമിനാരിയിൽ വിജയകരമായി വൈദിക പഠനം പൂർത്തിയാക്കിയ അദ്ദേഹം, 1968-ൽ വൈദിക പട്ടം സ്വീകരിച്ചു. തുടർന്ന് കുറച്ചുകാലം ഇടവക ഭരണം നടത്തിയശേഷം, ആംഗലേയ സാഹിത്യത്തിൽ ഉപരിപഠനം നടത്തുകയുണ്ടായി. അതേത്തുടർന്ന് 1976-ൽ അഞ്ചൽ കോളേജിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. തുടർന്ന് മാർ ഇവാനിയോസ് കോളേജിൽ ഇംഗ്ലീഷ് പ്രൊഫസറായും അഞ്ചൽ കോളേജിൽ പ്രിൻസിപ്പലായും സേവനമനുഷ്ഠിക്കുകയുണ്ടായി. ഇതിനിടയിൽ അമേരിക്കയിലെ പ്രസിദ്ധമായ നോത്ര ദാം യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് ബിരുദവും സമ്പാദിച്ചു. മാതൃഭാഷയായ മലയാളത്തിലും അദ്ധ്യയനഭാഷയായ ഇംഗ്ലീഷിലും പ്രാവിണ്യം നേടിയ അദ്ദേഹം, അറമായ, ലത്തീൻ, ഗ്രീക്ക്, സംസ്കൃതം തുടങ്ങിയ ഭാഷകളും ഹൃദിസ്ഥമാക്കിയിരുന്നു.

പഠനകാലത്തു തന്നെ ലേഖനങ്ങളും ചെറുകാവ്യങ്ങളും എഴുതിത്തുടങ്ങിയാണു അദ്ദേഹം സാഹിത്യരംഗത്തു പ്രവേശനം നടത്തിയത്. അദ്ദേഹത്തിന്റെ ആദ്യകാല കവിതാസമാഹാരം Quester by the River and Other Poems എന്ന തലക്കെട്ടിൽ അമേരിക്കയിലെ നോത്ര ദാമിലുള്ള ക്രോസ് കൾച്ചറൽ പബ്ലിക്കേഷൻസ് കമ്പനി 1977-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വേറൊരു പ്രധാനപ്പെട്ട കൃതിയായ Matthew Arnold and the Bhagavad Gita 2006-ൽ തിരുവനന്തപുരത്തെ കാർമ്മൽ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുകയുണ്ടായി. 2008-ൽ വിശുദ്ധ അൽഫോൻ സാമ്മയുടെ ജീവിതത്തെ ആസ്പദമാക്കി ദീപിക പ്രസിദ്ധീകരിച്ച The Canticle of the Beloved ആണ് അദ്ദേഹത്തിന്റെ അടുത്ത പദ്യ സമാഹാരം. അതിനു 2009-ൽ “ആത്മവിദ്യാ അവാർഡ്” ലഭിക്കുകയുണ്ടായി. ഇങ്ങനെ സാഹിത്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നയവസരങ്ങളിൽ ഒരു വൈദികനെന്ന നിലയിൽ ആദ്ധ്യാത്മിക കാര്യങ്ങളിലും ഏർപ്പെട്ടിരുന്നുവെന്നുള്ളതാണ് ഏറെ സവിശേഷം. കൂടാതെ അദ്ധ്യാപകനെന്ന മാനദണ്ഡത്തിൽ തന്റെ ഔദ്യോഗിക ചുമതലകൾ ഭംഗിയായി നിർവഹിച്ചുമിരുന്നു. ഇതിന്റെ മികവിലാണ് 2015-ൽ കേരള കത്തോലിക്കാ മെത്രാൻ സമിതി അദ്ദേഹത്തിനു 2014-ലെ ഗുരുപൂജ അവാർഡ് നല്കി ആദരിച്ചത്.

സാഹിത്യരചനയിൽ ഏർപ്പെട്ടിരുന്നതു ഇംഗ്ലീഷിലായിരുന്നുവെന്നുള്ളത് ഏറെ സവിശേഷമായ ഒന്നാണ്. വളരെ കുറച്ചു കേരളീയർ മാത്രമാണു ആംഗലേയ സാഹിത്യ രംഗത്തു കാൽവെ

www.malankaralibrary.com


ച്ചിട്ടുള്ളത്. എന്നിരുന്നാലും തന്റെ മാതൃഭാഷയായ മലയാളത്തെ അദ്ദേഹം വിസ്മരിച്ചിരുന്നില്ല എന്നതും ശ്രദ്ധേയമാണ്. മലയാള ത്തിൽ ലേഖനങ്ങൾ എഴുതുവാനും, പുസ്തകങ്ങൾ രചിക്കുവാനും അദ്ദേഹം തത്പരനായിരുന്നു. "ഭാരതീയ ദർശനം ഇംഗ്ലീഷ് കവിത യിൽ" എന്ന ഗ്രന്ഥം എഴുതിയതിലൂടെ മലയാള സാഹിത്യരംഗത്തും അദ്ദേഹം കാൽവെയ്പു നടത്തുകയുണ്ടായി. കോട്ടയത്തുള്ള ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച ഈ കൃതി 2011-ലെ സാഹിത്യ അക്കാദമി അവാർഡ് അദ്ദേഹത്തിനു നേടിക്കൊടുത്തു.

കേരളത്തിലെ ക്രൈസ്തവ പുരോഹിതന്മാർ രചിച്ചിട്ടുള്ള എല്ലാ കൃതികളും തന്നെ, ക്രൈസ്തവ തത്വങ്ങളെയും, വിശ്വാസ ങ്ങളെയും സംബന്ധിച്ചുള്ളവയായിരുന്നു. കേരളത്തിൽ സാഹി ത്യരംഗത്തു ആദ്യമായി രംഗപ്രവേശനം നടത്തിയ പുരോഹിതൻ മഹാനായ ആർണോസ് (1680-1732) പാതിരിയായിരുന്നു. ജർമ്മൻകാ രനായ അദ്ദേഹം 1699-ൽ കേരളത്തിലെത്തി. മലയാളവും സംസ്കൃ തവും സ്വായത്തമാക്കിയ ശേഷമാണു സാഹിത്യരംഗത്തു പ്രവേശനം നടത്തിയത്. അദ്ദേഹത്തിന്റെ പുത്തൻ പാനയും, ചതുരന്ത്യവും, ഇതര കൃതികളും, സാഹിത്യരംഗത്തു സ്ഥാനം പിടിച്ചിട്ടുള്ളവയാണ്. അവയെല്ലാംതന്നെ ബൈബിൾ കഥകളെയും, ക്രൈസ്തവ തത്വങ്ങ ളെയും ആസ്പദമാക്കിയുള്ളവയുമാണ്. മലയാളത്തിലെ ആദ്യകാല ഗദ്യസാഹിത്യ കൃതിയും, സഞ്ചാര സാഹിത്യകൃതിയും രചിച്ച പാറേ ന്മാക്കൽ തോമ്മ കത്തനാർ പ്രസിദ്ധനായ വേറൊരു ക്രൈസ്തവ സാഹിത്യകാരനാണ്. അദ്ദേഹത്തിന്റെ വർത്തമാന പുസ്തകം പതി നെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിലേക്കു നടത്തിയ കപ്പൽ യാത്രയെ ക്കുറിച്ചുള്ളതാണെങ്കിലും, സഭയുടെ പ്രവർത്തനരീതികളെയും അതിൽ പ്രതിപാദിക്കുന്നുണ്ട്. 19-ാം നൂറ്റാണ്ടിൽ കർമ്മലസഭ സ്ഥാപിച്ച വി. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ രചിച്ച കൃതികളെല്ലാം തന്നെ സഭാപഠനങ്ങളെയും, ആത്മീയ കാര്യങ്ങളെയും സബന്ധി ച്ചുള്ളവയായിരുന്നുവത്രെ. 19-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ ജീവിച്ചിരുന്ന ഗുണ്ടർട്ടും, ജോർജ് മാത്തനും അവയിൽ നിന്നു വ്യത്യസ്തമായി, മലയാള ഭാഷാപഠനത്തെക്കുറിച്ചുള്ള രചനകളാണു നടത്തിയത്.

ഇവരിൽ നിന്നും തീർത്തും വ്യത്യസ്തമായ സമീപനമാണു തരകനച്ചൻ സ്വീകരിച്ചത്. ആദ്ധ്യാത്മീക കാര്യങ്ങൾക്കു അദ്ദേഹ ത്തിന്റെ രചനയിൽ ഊന്നൽ നല്കുന്നു. എന്നാൽ തത്വചിന്തയും മിസ്റ്റിസിസവും ഇടകലർന്നുപോകുന്ന രചനകളാണു അദ്ദേഹം കൂടു

www.malankaralibrary.com


തലായി നടത്തിയത്. അതിൽത്തന്നെയും, ഭാരതീയ ചിന്താധാര കളെ ആസ്പദമാക്കിയുള്ള ഗ്രന്ഥരചനകൾക്ക് അദ്ദേഹം വലിയ പ്രാധാന്യം നല്കുകയുമുണ്ടായി. 2016-ൽ അദ്ദേഹം രചിച്ച "The Sacred Feminine in Indian Thought" എന്ന കൃതി അതിന്റെ സാക്ഷാൽക്കാരമാണുതാനും. ഹൈന്ദവ ചിന്താഗതികളുടെ കാതലായ വശങ്ങളിലേക്ക് അദ്ദേഹം നടത്തിയ ഗവേഷണ പഠനത്തിന്റെ ഫലമായിട്ടാണ് അതു പുറത്തുവന്നത്. വില നിർണ്ണയത്തിന് അതീതമായ ഒരു കൃതിയാണ് അതെന്നാണ് അതിനു അവതാരിക എഴുതിയ കാവാലം നാരായണപ്പണിക്കർ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഭാരതീയ ചിന്താ ലോകത്തെപ്പറ്റി ഇത്രയും ഗഹനമായ ഒരു പഠനം അടുത്തകാലത്തൊന്നും നടത്തിയതായി കാണുന്നുമില്ല. അതും ഒരു ക്രൈസ്തവ പുരോഹിതൻ നടത്തിയ പഠനത്തിന്റെ ഫലമാണെന്ന് വരുമ്പോൾ അതിന്റെ പ്രാധാന്യം പതിന്മടങ്ങ് വർദ്ധിക്കുന്നു. അതുപോലെ തന്നെ അദ്ദേഹം ഇംഗ്ലീഷ് കവിതയിലെഴുതി പ്രസിദ്ധീകരണത്തിന് കാത്തിരിക്കുന്ന സൗന്ദര്യ ലഹരിയും, ഭഗവദ്ഗീതയും ഇതേ ഗണത്തിൽപ്പെട്ടവയാണുതാനും. അങ്ങനെ സംസ്കാരത്തിൽ ഭാരതീയനും വിശ്വാസത്തിൽ ക്രൈസ്തവനും, മതാചരണത്തിൽ സുറിയാനിക്കാരനുമായ തരകനച്ചൻ ഭാരതീയ സംസ്കാരത്തിനു മുതൽകൂട്ടുന്ന പതിനാലു കൃതികളാണ് രചിച്ചിരിക്കുന്നത്.

തരകനച്ചന്റെ കൃതികൾ ഏറെയും ഇംഗ്ലീഷ് ഭാഷയിലാണ്. ഇംഗ്ലീഷ് സാഹിത്യ ലോകമെന്നു പറയുന്നത് ഒരു മഹാസമുദ്രം പോലെ വ്യാപിച്ചുകിടക്കുന്ന ഒന്നാണ്. ഈ കൊച്ചു കേരളത്തിൽ നിന്നുമുള്ള മലയാളി ഗ്രന്ഥകർത്താക്കന്മാർക്കു അവിടെ ഒരു സ്ഥാനം ഉറപ്പാക്കുകയെന്നതു എളുപ്പമുള്ള കാര്യമല്ല. വളരെ കുറച്ചു പേർക്കു മാത്രമേ അവിടെ തങ്ങളുടെ സാന്നിദ്ധ്യം പ്രകടമാക്കുവാൻ സാധിച്ചിട്ടുള്ളുവെന്നതാണ് വസ്തുത. ഈ ദുഷ്കരമായ ലോകത്ത് ചെറുതെങ്കിലും തന്റേതായ ഒരു സാന്നിദ്ധ്യം സൃഷ്ടിക്കാൻ അച്ചന് കഴിഞ്ഞു എന്നത് അഭികാമ്യമാണ്. വിദേശ യൂണിവേഴ്സിറ്റിയിലെ പ്രൊഫസ്സേഴ്സ് അച്ചന്റെ “ക്വസ്റ്റർ ബൈ ദ റിവർ” എന്ന മഹാകാവ്യം പഠനവിഷയമാക്കി എന്നത് ഇതിന് ഉദാഹരമാണ്.

രണ്ടാമതായി ഇന്നു കമ്പോളച്ചരക്കുകളായി രൂപാന്തരപ്പെട്ടിരിക്കുന്ന സാഹിത്യകൃതികളുടെ പ്രാധാന്യത്തെ നിർണ്ണയിക്കുന്നതും വാണിജ്യതാത്പര്യങ്ങളാണുതാനും. അതോടെ കലാമേന്മക്കുപരിയായി വിപണന സാദ്ധ്യതയാണ് അവയുടെ ഉത്പ്പാദ

www.malankaralibrary.com


നത്തെ സ്വാധീനിക്കുന്ന ഘടകം എന്നു വന്നുചേരുന്നു. കുഴലൂത്തുകാരന് പണം കൊടുക്കുന്നയാളിന്റെ താത്പര്യമനുസരിച്ച് താളം ക്രമീകരിക്കുന്നതുപോലെ ഉത്പാദനത്തിനും, വിതരണത്തിന് പണം മുടക്കുന്ന കച്ചവടക്കാരുടെ താത്പര്യമനുസരിച്ചായിരിക്കും കലാസൃഷ്ടികൾക്കു രൂപം നല്കുന്നതുതന്നെ. കലാമേന്മക്കുമുപരിയായി ലാഭം കിട്ടുകയെന്നുള്ളതാണല്ലോ വ്യാപാരികളുടെ മുഖ്യ ലക്ഷ്യം. "Milton who wrote Paradise Lost for five pounds was not a productive labourer. On the other hand, the writer who turns out stuff for his producer in factory style is a productive labourer." എന്നു കാറൽമാക്സ് ചൂണ്ടിക്കാണിച്ചതു ഇക്കാര്യത്തിൽ അന്വർത്ഥമാണ്. അപ്പോൾ സാഹിത്യകൃതി എത്രമാത്രം ശ്രേഷ്ഠതരമാണെങ്കിലും അതിനു അംഗീകാരം കിട്ടിയെന്നുവരില്ല. ഉന്നതനിലവാരം പുലർത്തുന്നവയാണ് തരകനച്ചന്റെ കൃതികൾ.

എക്കാലവും നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഭാരതീയ ചിന്താസരണി നിലനില്ക്കുന്നിടത്തോളം കാലം തരകനച്ചന്റെ കൃതികൾക്കും പ്രസക്തിയുണ്ടായിരിക്കുമെന്ന കാര്യം ഏതാണ്ടുറപ്പാണ്. പ്രതിഭാസമ്പന്നനായ ഒരു സാഹിത്യ ചിന്തകനായി അദ്ദേഹം വിരാജിക്കുക തന്നെ ചെയ്യും.

(ലേഖകൻ തുമ്പ സെന്റ് സേവിയേഴ്സ് കോളേജിലെ എക്കണോമിക്സ് പ്രൊഫസർ, കേരള സർക്കാരിന്റെ എക്സ്പൻഡീച്ചർ കമ്മറ്റി മെമ്പർ, കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ സീനിയർ ഫെലോ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.)

www.malankaralibrary.com

# 5

# സത്യത്തിനും നീതിക്കും വേണ്ടി ഉറച്ചു നിൽക്കുന്ന വൈദികൻ

ജോസഫ് ജോർജ്ജ്
സൂപ്രണ്ട്, മാർ ഈവാനിയോസ് കോളേജ് (കലാകൗമുദി, തിരുവനന്തപുരം)

മാർ ഇവാനിയോസ് കോളേജിൽ പ്രീഡിഗ്രിക്ക് എന്റെ ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്നെങ്കിലും ഞാൻ അച്ചനുമായി അടുക്കുന്നത് ഡിഗ്രി പഠനമൊക്കെ കഴിഞ്ഞ് ഒരു ജോലി അന്വേഷിച്ചു നടക്കുമ്പോഴാണ്. 1987-ൽ അമേരിക്കയിലെ നോത്ര ദാം യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷിൽ പി.എച്ച്.ഡി. എടുത്ത് 1988-ൽ മാർ ഇവാനിയോസ് കോളേജിൽ തിരിച്ചു ജോലിക്കു കയറിയ കാലത്താണ് അച്ചൻ ഒരു റിസേർച്ച് അസിസ്റ്റന്റിനെ അന്വേഷിച്ചു നടന്നത്. അങ്ങനെ ഞാൻ റിസേർച്ച് അസിസ്റ്റന്റായി 1988-ൽ അച്ചനോടൊപ്പം കൂടി. അതിനുശേഷം 1989-ൽ എനിക്ക് മാർ ഈവാനിയോസ് കോളേജിൽ ജോലി ലഭിക്കുന്നതിന് അദ്ദേഹം മുൻകൈയെടുക്കുകയും ചെയ്തു. അങ്ങനെ രണ്ടു വർഷത്തോളം അച്ചനോടൊപ്പം കൂടിയ എനിക്ക് അച്ചനെക്കുറിച്ച് കൂടുതൽ അറിയുവാൻ ഇടയായി. അദ്ധ്യാപകൻ, സാഹിത്യകാരൻ, കവി, ഗവേഷകൻ, പുസ്തക പ്രസാധകൻ, ഗവേഷണ വിദ്യാർത്ഥികളുടെ ഗൈഡ് എന്നീ നിലകളിലൊക്കെ അറിയപ്പെടുന്ന ഒരു വ്യക്തിയാണ് തരകനച്ചൻ.

www.malankaralibrary.com


കേരള ക്രൈസ്തവരിലെ ആദ്യ സാഹിത്യകാരന്മാരിൽ ഒരാളായ കൊച്ചീപ്പൻ തരകനെപ്പോലെയുള്ള പ്രശസ്തവ്യക്തികൾക്ക് ജന്മം നൽകിയ മാവേലിക്കര പോളച്ചിറക്കൽ കുടുംബത്തിലെ അംഗമാണ് ഫാ. തരകൻ. 1943-ൽ കറ്റാനമെന്ന ഗ്രാമത്തിലാണ് ജനനം. ദ് ഇന്ത്യൻ എക്സ്പ്രസ്സ്, ദ സ്റ്റേറ്റ്സ്മെൻ, ദ് റ്റൈംസ് ഓഫ് ഇന്ത്യ എന്നീ പത്രങ്ങളിലും, അമേരിക്കൻ ജേർണലുകളിലും, ശ്രീലങ്ക, ചിലി, ജർമ്മനി, ഫ്രാൻസ്, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വാരികകളിലും ഫാ. തരകന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിച്ചുണ്ട്.

വൈജ്ഞാനിക സാഹിത്യത്തിലെ മികച്ച കൃതിക്കുള്ള കേരള സാഹിത്യ അക്കാദമിയുടെ 2011-ലെ ജി.എൻ. പിള്ള എൻഡോവ്മെന്റ് അവാർഡ് ഫാ. തരകനു ലഭിച്ചിട്ടുണ്ട്. ക്രൈസ്തവ വിഭാഗങ്ങളിലുള്ള വൈദികരിൽ കേരള സാഹിത്യ അക്കാദമി അവാർഡ് ആദ്യമായി ലഭിക്കുന്നത് അദ്ദേഹത്തിനാണ്. “ഭാരതീയ ദർശനം ഇംഗ്ലീഷ് കവിതയിൽ” എന്ന ഗ്രന്ഥത്തിനാണ് പുരസ്കാരം ലഭിച്ചത്. ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം ഭാരതീയ ദർശനത്തെയും സാഹിത്യത്തെയും പ്രത്യേകിച്ച് ഭഗവദ്ഗീത യൂറോപ്യൻ ചിന്തയിൽ ചെലുത്തിയ വിപ്ലവകരമായ സ്വാധീനത്തെയും പഠനവിഷയമാക്കുന്നു. ഫാ. തരകന്റെ ഗവേഷണചിന്ത മാത്യു അർനോൾഡിന്റെ കവിതകളിൽ ഭഗവദ്ഗീതയുടെ സ്വാധീനം തെളിയിച്ചുകൊണ്ടാണ്. കൂടാതെ KCBC യുടെ 2014-ലെ ഗുരു പൂജാ പുരസ്കാരം 2015-ൽ ഫാ. തരകനു ലഭിച്ചു.

വളരെക്കാലം തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ ഇംഗ്ലീഷ് വിഭാഗം പ്രൊഫസറായും, അഞ്ചൽ സെന്റ് ജോൺസ് കോളേജ് പ്രിൻസിപ്പലായും പ്രവർത്തിച്ചു. കേരള യൂണിവേഴ്സിറ്റിയിലും, കാര്യവട്ടം അക്കാദമിക്ക് സ്റ്റാഫ് കോളേജിലും വിസിറ്റിംഗ് അദ്ധ്യാപകനായിരുന്ന ഫാ. തരകൻ ശ്രദ്ധേയനായ ഇൻഡോ ആംഗ്ലീയൻ കവി കൂടിയാണ്.

1982-ൽ എഴുതിയ “ക്വസ്റ്റർ ബൈ ദ റിവർ” എന്ന അച്ചന്റെ കവിത 1997-ൽ നോത്രദാമിലെ ക്രോസ് കൾച്ചറൽ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ചു. 2008-ൽ വെളിച്ചം കണ്ട “ദ് കാന്റിക്കിൾ ഓഫ് ദ ബിലവഡ്” എന്ന കാവ്യസമാഹാരം വി. അൽഫോൻസാമ്മയുടെ ജീവചരിത്രം ധ്യാനവിഷയമാക്കുന്നതാണ്. ഈ കൃതിക്കു 2009-ൽ

www.malankaralibrary.com



ആത്മവിദ്യ അവാർഡ് ലഭിച്ചു. കൂടാതെ "Glory to God", "Glory to Triune God", "Matthew Arnold and the Bhagavad Gita", "ബൈബിളിലെ യേശു", "പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ", "സഭോപദേശം" എന്നീ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട തരകനച്ചന്റെ പാണ്ഡിത്ത്യത്തെപ്പറ്റി പറയുമ്പോൾ ഒരു നബി വചനം ഓർമ്മ വരുന്നു. ഭക്തിയും വിജ്ഞാനവും തമ്മിലുള്ള അന്തരത്തെക്കുറിച്ച് മുഹമ്മദ് നബി പറയുന്നത് ഇങ്ങനെയാണ്. "ഭക്തനെ അപേക്ഷിച്ച് പണ്ഡിതനുള്ള മഹത്വം എല്ലാ നക്ഷത്രങ്ങളെയും അപേക്ഷിച്ച് ചന്ദ്രനുള്ള മഹത്വം പോലെയാണ്".

തരകനച്ചനെ സംബന്ധിച്ച് വ്യക്തിപരമായി പറയുകയാണെങ്കിൽ ഉത്തമനായ ഒരു ശ്രേഷ്ഠ വൈദികനാണദ്ദേഹം. വി. മത്തായിയുടെ സുവിശേഷം 19–ാം അദ്ധ്യായം 29–ാം വാക്യം ഇങ്ങനെ പറയുന്നു. "എന്റെ നാമത്തെ പ്രതി ഭവനത്തെയോ, സഹോദരന്മാരെയോ, സഹോദരിമാരെയോ, പിതാവിനെയോ, മക്കളെയോ, വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും. അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും". മലങ്കര സഭയ്ക്കും സഭയുടെ നിയമങ്ങൾക്കും വിധേയനായി ജീവിക്കുന്ന വൈദികനാണദ്ദേഹം. ആർഭാടങ്ങളില്ലാത്ത വൈദികൻ. എന്നാൽ അറിവുകളുടെ ഭണ്ഡാരമായ ഈ വൈദികൻ മൂന്നുവർഷവും 3 മാസവും കൊണ്ട് (1983 സെപ്റ്റംബർ–1987 ഏപ്രിൽ) അമേരിക്കയിലെ നോത്ര ദാം യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ പി.എച്ച്. ഡി. എടുത്തു എന്നതുതന്നെ ഒരു ഉദാഹരണം മാത്രം. ബൈബിളിനെക്കുറിച്ച് വളരെ അവഗാഹം അച്ചന്റെ ഓരോ പ്രസംഗങ്ങളിലും അനുഭവിച്ചറിയാം. ഒരു ക്രൈസ്തവ വൈദികനായ അച്ചന് ബൈബിൾ എന്നതുപോലെ ഭഗവദ്ഗീത, മഹാഭാരതം എന്നീ ഹിന്ദു പുരാണങ്ങളെക്കുറിച്ചും വളരെ ആഴമായ അറിവുണ്ട് എന്നത് അദ്ദേഹം പ്രസിദ്ധീകരിച്ചിരിക്കുന്ന പുസ്തകങ്ങളിൽ നിന്നും മനസ്സിലാക്കാം.

കവി, സാഹിത്യകാരൻ, അദ്ധ്യാപകൻ എന്നീ നിലകളിൽ അറിയപ്പെട്ടിരുന്ന അച്ചനെ ഒരു ഭരണകർത്താവ് എന്ന നിലയിൽ മനസ്സിലാക്കാൻ കഴിഞ്ഞത് അഞ്ചൽ സെന്റ് ജോൺസ് കോളേജിൽ പ്രിൻസിപ്പാളായി സേവനം അനുഷ്ഠിച്ച കാലഘട്ടത്തിലാണ്. അഞ്ചൽ സെന്റ് ജോൺസ് കോളേജിന്റെ സുവർണ്ണ കാലഘട്ടമെന്ന് വിശേഷിപ്പിക്കാവുന്ന കാലഘട്ടമായിരുന്നു അത്. വളരെ കുത്തഴിഞ്ഞു

www.malankaralibrary.com


കിടന്നിരുന്ന കോളേജിനെ ഒരു നല്ല വിദ്യാഭ്യാസ നിലവാരത്തിലേക്കുയർത്തിയത് അച്ചന്റെ കാലഘട്ടത്തിലെ പ്രവർത്തനങ്ങളായിരുന്നുവെന്ന് അവിടെ ജോലിചെയ്തിരുന്ന ജീവനക്കാർ പറയുന്നത് കേട്ടിട്ടുണ്ട്. വെറും 35% കുട്ടികൾ കഷ്ടിച്ച് പാസ്സായ ഒരു കോളേജിൽ അച്ചൻ പ്രിൻസിപ്പലായി ഒരു വർഷം കഴിഞ്ഞപ്പോൾ 64% കുട്ടികൾ ജയിച്ചു. ഇലക്ഷൻ സമയത്ത് രാഷ്ട്രീയക്കാരും, നാട്ടുകാരും കോളേജ് ക്യാമ്പസിനകത്ത് കയറി കോളേജിന്റെ വിദ്യാഭ്യാസ അന്തരീക്ഷം താറുമാറാക്കിയിരുന്ന കാലത്താണ് തരകനച്ചൻ പ്രിൻസിപ്പാളായി സ്ഥാനം ഏൽക്കുന്നത്. ഇവരെയെല്ലാം പുറത്താക്കി കോളേജിന്റെ ക്യാമ്പസ് അടച്ചെടുക്കുന്നതിന് അച്ചന്റെ കാലഘട്ടത്തിൽ കഴിഞ്ഞു എന്നുള്ളത് കോളേജിനോടും മലങ്കര സഭയോടുമുള്ള അച്ചന്റെ സ്നേഹം ഒന്നുകൊണ്ടു മാത്രമാണ്. പലപ്പോഴും ജീവനുപോലും ഭീഷണിയുണ്ടാകുമോ എന്നു ഭയപ്പെട്ടിട്ടുള്ള അവസരങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് അച്ചൻ പറയുന്നത് കേൾക്കാമായിരുന്നു.

സത്യത്തിനും നീതിക്കും വേണ്ടി ഉറച്ചുനിൽക്കുന്ന ഈ വൈദികൻ ഒരാൾ ചെയ്യുന്ന കാര്യങ്ങൾ സത്യമാണെന്നു ബോധ്യമായാൽ ഏതറ്റം വരെയും അയാളോടൊപ്പം നിൽക്കാനുള്ള മനസ്സ് കാണിക്കുന്നത് പലപ്പോഴും ഈ ലേഖകന് അനുഭവപ്പെട്ടിട്ടുള്ളതാണ്.

ഒരു നല്ല അദ്ധ്യാപകൻ എന്ന നിലയിൽ എം.എ. ഇംഗ്ലീഷ് ക്ലാസ്സുകളിലെ പൂർവ്വവിദ്യാർത്ഥികൾ തരകനച്ചനെ വിലയിരുത്തിയിട്ടുള്ളത് ഇങ്ങനെയാണ്. നമ്മുടെ ശ്രേഷ്ഠരായ അദ്ധ്യാപകരുടെ പരമ്പരയിലെ ദൃഢമായ ഒരു കണ്ണിയാണ് റവ. ഡോ. തരകൻ. അദ്ദേഹത്തിന്റെ ക്ലാസ്സുകൾ ഒന്നാന്തരം പ്രഭാഷണങ്ങൾ. പാഠപുസ്തകത്തെ നിമിത്തമാക്കി ആ സാഹിത്യശാഖയുടെ വിശാല ചക്രവാളം ചൂണ്ടിക്കാണിച്ചു തരുന്ന ശൈലി. ഇതിന് പാണ്ഡിത്യവും വാക്ചാതുര്യവും അൽപം നർമ്മവും വേണം. ഈ 3 ഗുണങ്ങളും അച്ചനുണ്ട്. ഇത്തരത്തിലുള്ള നല്ല അദ്ധ്യാപകർ എന്നും ഓർമ്മിക്കപ്പെടും. ഈ കഴിഞ്ഞവർഷം കോളേജിൽ നിന്നും വിരമിച്ച തരകനച്ചന്റെ വിദ്യാർത്ഥിയായിരുന്ന ഒരു അധ്യാപകൻ, 2015 ഫെബ്രുവരി 27-ാം തീയതി എം.എ. ക്ലാസ്സിൽ മുൻകാല അധ്യാപകരെയും ഇപ്പോഴത്തെ അധ്യാപകരെയും താരതമ്യം ചെയ്ത് സംസാരിച്ചു. അപ്പോൾ അദ്ദേഹം തരകനച്ചനെയാണ് മുൻകാല മാതൃക അധ്യാപകനായി ചൂണ്ടിക്കാട്ടിയത്. അദ്ദേഹത്തിന്റെ ക്ലാസ്സിനെ

www.malankaralibrary.com


പുകഴ്ത്തി സംസാരിച്ചു. "അച്ചൻ പഠിപ്പിച്ച അരിസ്റ്റോട്ടിലിന്റെ പോയറ്റിക്സ് ഇന്നും എന്റെ ഓർമ്മയിൽ നിൽക്കുന്നു. സാഹിത്യത്തിന്റെ വിവിധ തത്ത്വങ്ങളെ മനസ്സിലാക്കാൻ അത് എപ്പോഴും സഹായകമാണ്".

ജൂൺ മാസം 21-ാം തീയതി ഞാൻ ജോലിയിൽ നിന്ന് വിരമിച്ചപ്പോൾ എന്റെ യാത്രയയപ്പ് മീറ്റിംഗിൽ ഞാൻ ചെയ്ത പ്രസംഗത്തിൽ തരകനച്ചനെപ്പറ്റി ഇപ്രകാരം പറയുകയുണ്ടായി.

5 വർഷം കോളേജ് വിദ്യാർത്ഥിയായി ഈ സ്ഥാപനത്തിൽ പഠിക്കാൻ ഉണ്ടായ ഭാഗ്യം എന്റെ ജീവിതത്തിലെ ദൈവത്തിന്റെ പദ്ധതിയായി ഞാൻ കാണുന്നു. ഇതിനുശേഷമാണ് സംഭവബഹുലമായ എന്റെ ഈ ഓഫീസിലേക്കുള്ള പ്രവേശനം നടന്നത്. 1985-ൽ ഡിഗ്രി പാസ്സായി ജോലിക്കുവേണ്ടി പല ടെസ്റ്റുകളൊക്കെ എഴുതി നടക്കുന്ന സമയം. ആ സമയത്ത് ഡോ. ആന്നിയിൽ നൈനാൻ തരകൻ അച്ചൻ അമേരിക്കയിലെ നോത്ര ദാം യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ പി.എച്ച്.ഡി. എടുത്ത് മാർ ഈവാനിയോസ് കോളേജിൽ പുനഃപ്രവേശനം ചെയ്തു. ഒരു ദിവസം കോളേജ് ഓഫീസിൽ അച്ചൻ വന്നിട്ട് കോളേജിലെ ടൈപ്പിസ്റ്റ് ജോൺ സാറിനോടു ചോദിച്ചു: നന്നായി ടൈപ്പ് ചെയ്യാൻ അറിയാവുന്ന കുട്ടികളെ ആരെയെങ്കിലും അറിയാമോ? ഒരാളെ എനിക്ക് വേണം. ആ സമയത്ത് വി. കെ. ജോർജിന്റെ മകനുണ്ട് എന്ന് ജോൺ സാർ അച്ചനോട് പറഞ്ഞു. അങ്ങനെ അച്ചന്റെ മുറിയിൽ ടൈപ്പിസ്റ്റായി ഞാൻ ജോലിക്കു കയറി. പിന്നീട് അച്ചനായിരുന്നു എന്റെ എല്ലാം. ഒരു നല്ല ഉപദേശകൻ, ഒരു നല്ല സഹയാത്രികൻ, എന്തും തുറന്നുപറയാൻ പറ്റിയ മനസ്സിന്റെ ഉടമ, നല്ല ഒരു സൈക്കോളജിസ്റ്റ്, നല്ല ഒരു അദ്ധ്യാപകൻ, ഏത് വിഷയത്തെക്കുറിച്ചും അഗാധമായ പാണ്ഡിത്യമുള്ളയാൾ, നല്ല ഒരു സാഹിത്യകാരൻ, നല്ല ഒരു പ്രാസംഗികൻ. ഇപ്പോഴത്തെ തലമുറയെ ചൂണ്ടിക്കാണിക്കാൻ പറ്റിയ വൈദികൻ, എന്നൊക്കെ ഞാൻ വിശേഷിപ്പിക്കും.

അങ്ങനെ ഒരു ദിവസം തരകനച്ചന്റെ മുറിയിൽ നിന്നും രാത്രി 8.30 മണിക്ക് വീട്ടിലേക്ക് പ്രിൻസിപ്പാൾ ക്വാർട്ടേഴ്സ് വഴി നടന്നു പോകുമ്പോൾ എന്നെ കൊട്ടാരത്തിലച്ചൻ കണ്ടു. എന്നോടു ചോദിച്ചു: ഈ രാത്രിയിൽ എവിടെപ്പോയി? ഞാൻ പറഞ്ഞു, തരകനച്ചന്റെ മുറിയിൽ ലറ്റർ ടൈപ്പു ചെയ്തു കൊടുക്കാനായി പോയതാണ്.

www.malankaralibrary.com


നാളെ എന്റെ മുറിയിൽ വരണം. എനിക്കു കുറച്ചു ടൈപ്പു ചെയ്യാനുണ്ട്. അങ്ങനെ കൊട്ടാരത്തിലച്ചന്റെ മുറിയിലും ചിലപ്പോൾ സന്ദർശകനായി മാറി. ഈ സമയത്താണ് 1989-ൽ കോളേജിന്റെ വിവാദമായ ഗേറ്റ് പൊളിക്കൽ പ്രശ്നം കടന്നുവരുന്നത്. ഇതു സംബന്ധിച്ച് രഹസ്യസ്വഭാവമുള്ള എഴുത്തുകുത്തുകളെല്ലാം എന്നെ ഏൽപിക്കുകയും അരമനയിലും വക്കീലാഫീസുകളിലുമെല്ലാം വളരെ വിശ്വസ്തതയോടു കൂടി കേസിനുവേണ്ടിയുള്ള പേപ്പറുകൾ ശരിയാക്കുകയും ചെയ്തതോടെയാണ് എന്നിലുള്ള വിശ്വാസം വൈദികരുടെ ഇടയിൽ സംസാരമായത്. അച്ചായനെ നന്നായി അറിയാവുന്നതിനാലും, ഈ സമയത്തു തന്നെ കോളേജിലെ ഓഫീസിൽ ഒഴിവു വന്നതിനാലും, തരകനച്ചന്റെ നേതൃത്വത്തിൽ മറ്റു വൈദികരോടുകൂടി മാർ ഗ്രിഗോറിയോസ് തിരുമേനിയെ നേരിട്ടു പോയി കണ്ട് എനിക്കു ജോലി വാങ്ങി തന്നു.

തരകനച്ചൻ ഇനിയും കൂടുതൽ കൂടുതൽ ഉയരങ്ങളിലേക്ക് കടന്നുചെല്ലട്ടെ എന്ന് ആശംസിക്കുന്നു.

(സൂപ്രണ്ട്, മാർ ഈവാനിയോസ് കോളേജ്, തിരുവനന്തപുരം. “വിജ്ഞാനചക്രവാളത്തിലെ വൈദികശ്രേഷ്ഠൻ” എന്ന ശീർഷകത്തിൽ കലാകൗമുദി - 2018 ഫെബ്രുവരി 25-മാർച്ച് 4, പുറം 58 - പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പൂർണ്ണരൂപം).

www.malankaralibrary.com

# 6

## മൺവിളപ്പള്ളിയിൽ ഞാൻ കണ്ടതും കേട്ടതും

സിസ്റ്റർ സെബാസ് മരിയ എസ്. എച്ച്.,
സുപ്പീരിയർ, എസ്.എച്ച്. സ്റ്റഡി ഹൗസ്, പട്ടം, തിരുവനന്തപുരം

2017 ജൂൺ 4. സുപ്രഭാതം. 7 മണിയ്ക്കുള്ള കഴക്കൂട്ടം ബസ്സിൽ കയറി മൺവിള ജംഗ്ഷനിൽ ഞങ്ങൾ ഇറങ്ങി. പ്രകൃതി രമണീയ മായ ഒരു കൊച്ചുഗ്രാമം. അവിടെയുള്ള ഒരു ഓട്ടോയിൽ കയറി മൺവിള സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളിയുടെ മുറ്റത്തിറങ്ങി. വൃക്ഷങ്ങൾ ഇടതൂർന്ന പ്രദേശം. ആദ്യമായിട്ടാണ് ഇവിടെ വരുന്നത്. ചെറിയ ഒരു ദൈവാലയം. പള്ളിയിൽ കയറി ഞങ്ങൾ അല്പസമയം പ്രാർത്ഥിച്ചു. ഉപദേശിനി അൾത്താര ഒരുക്കുന്നതിൽ വ്യാപൃതയായിരുന്നു. പൂക്കൾ വെയ്ക്കാനൊക്കെ അവരെ ഞങ്ങളും സഹായിച്ചു.

കൃത്യം 7.20 ന് ഒരു വെള്ള കാർ പള്ളിമുറ്റത്തു വന്നു നിന്നു. ആകാംക്ഷയോടെ ഞങ്ങൾ നോക്കി. ഒരു വന്ദ്യ വൈദികൻ ബ്രദർ എൽദോയുമൊത്ത് സുസ്മേരവദനനായി കാറിൽ നിന്നിറങ്ങി, പള്ളിയിൽ പ്രവേശിച്ചു. പ്രശസ്തനായ തരകനച്ചനാണ് ഇതെന്ന് അപ്പോഴാണ് ഞങ്ങൾക്ക് മനസ്സിലായത്. ബഹു. അച്ചൻ ഞങ്ങളെ അഭിവാദനം ചെയ്തു. കൃത്യം 7.30 ന് പ്രഭാത സമസ്കാരം ആരംഭിച്ചു.

www.malankaralibrary.com


പള്ളിയിൽ വളരെ കുറച്ചു പേർ മാത്രം. 15 മിനിറ്റ് കഴിഞ്ഞപ്പോൾ അച്ചൻ പള്ളിയുടെ പിന്നിലേക്ക് പോകുന്നത് കണ്ടു. അത് കുമ്പസാര കൂട്ടിലേയ്ക്കായിരുന്നു. കൃത്യം 8 ന് വി. കുർബാന ആരംഭിച്ചു. പ്രാരംഭ പ്രാർത്ഥനകളെല്ലാം സുറിയാനിയിലായിരുന്നു. മുഴുവനും സുറിയാനി യിലായിരിക്കുമോ എന്ന് ഞങ്ങൾ ചിന്തിച്ചുപോയി. വി. ഗ്രന്ഥ പാരായണത്തിനുശേഷം അന്നത്തെ വചനത്തെ അടിസ്ഥാനമാക്കി 15 മിനിട്ട് പ്രസംഗം. എല്ലാവർക്കും മനസ്സിലാകത്തക്കവിധമുള്ള വ്യാഖ്യാനം. പുതിയ പുതിയ ആശയങ്ങൾ. ഇവ സ്വന്തം ജീവിത അനുഭവങ്ങളോടെയുള്ള സാക്ഷ്യപ്പെടുത്തൽ. നല്ല പുതിയ ആശയങ്ങൾ ബഹു. അച്ചന്റെ പ്രസംഗത്തിലൂടെ ലഭിക്കുന്നു എന്ന് ഇടവക ജനങ്ങൾ പറയുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്. യാത്ര അയപ്പ് സമ്മേളനത്തിൽ കേട്ട പ്രസംഗങ്ങളിൽ നിഴലിച്ചുകണ്ട രണ്ട് ആശയങ്ങളിൽ ഒന്ന്, അച്ചന്റെ പ്രസംഗത്തിലെ നൂതന ആശയങ്ങളായിരുന്നു. രണ്ട്, ഭക്തി നിർഭരമായ കുർബാന ഇടവകാംഗങ്ങളെ സ്വാധീനിക്കുന്നു എന്നതും.

വി. കുർബാനയ്ക്ക് ശേഷം വിശ്വാസികളെ അറിയിക്കുവാനുള്ള കാര്യങ്ങൾ അറിയിക്കുന്നു. അതിനുശേഷം ബഹു. അച്ചൻ ബ്രദറിനോട് പുരുഷൻമാർക്ക് ക്ലാസ്സെടുക്കുവാൻ നിർദ്ദേശം നൽകി. സ്ത്രീകൾക്ക് ക്ലാസ്സെടുക്കുവാൻ എന്നെയും ഏൽപ്പിച്ചു. കൂടെയുള്ള സിസ്റ്റർ മരിയ ജോർജ്ജ് കുട്ടികൾക്കും ക്ലാസ്സെടുത്തു. ഒരു മണിക്കൂർ സമയം ബഹു. അച്ചൻ ഇവയെല്ലാം നിരീക്ഷിച്ച് അവിടെ ഇരിക്കുകയാ യിരുന്നു. അതിനുശേഷം അച്ചന്റെ കാറിലായിരുന്നു ഞങ്ങളുടെയും യാത്ര. ക്ലാസ്സൊക്കെ നന്നായിരുന്നു കേട്ടോ, എല്ലാവരും ശ്രദ്ധിച്ചിരി ക്കുന്നത് കണ്ടല്ലോ എന്നുള്ള ബഹു. അച്ചന്റെ പ്രോത്സാഹന വാക്കുകൾ കേട്ടപ്പോൾ വലിയ സന്തോഷം തോന്നി.

കേശവദാസപുരം വരെയുള്ള യാത്രയിൽ ബഹു. അച്ചന്റെ എല്ലാ വിഷയങ്ങളിലുമുള്ള അഗാധ പാണ്ഡിത്യം അല്പമൊക്കെ മനസ്സിലാക്കാൻ കഴിഞ്ഞു. ആദ്യ ഞായറാഴ്ചത്തെ ഈ ചിട്ട അല്പം പോലും തെറ്റിക്കാതെ 2017 ഡിസംബർ 10-ാം തീയതി ഞായർ വരെ കൃത്യമായി തുടരാൻ ബഹു. അച്ചന് സാധിച്ചു. അഞ്ചു വർഷക്കാലം ഈ ഇടവകയുടെ സാരഥ്യം വഹിച്ച അച്ചന് ഈ ഇടവകയിലുള്ള എല്ലാവരെപ്പറ്റിയും വ്യക്തമായ കാഴ്ചപ്പാടും കരുതലും നിരീക്ഷണവും ഉണ്ടായിരുന്നു. അഞ്ചു വർഷക്കാലമായി ഈ ഇടവകയിൽ ഒരു ദിവസം പോലും വി. കുർബാന മുടങ്ങിയിട്ടില്ല. ബഹു. അച്ചന്റെ

www.malankaralibrary.com


കൃത്യനിഷ്ഠ, കണക്കുകാര്യങ്ങളിലുള്ള സുതാര്യത, വ്യക്തത, ഇവയെല്ലാം ചുരുക്കം ചിലരിൽ മാത്രം കാണുന്ന സവിശേഷതകളാണ്. അച്ചൻ വിരമിക്കുമ്പോൾ ഗീവർഗ്ഗീസ് എഴിയത്ത് അച്ചന് നീക്കിയിരിപ്പായി നല്കിയ തുക 17,741 രൂപയായിരുന്നു. പള്ളിയിൽ 26,000 രൂപ വിലയുള്ള മൈക്ക് സെറ്റ് വന്ന വർഷം തന്നെ വാങ്ങിയിരുന്നു. ഈ വർഷം 11,234 രൂപാ വിലയുള്ള സ്റ്റീൽ അലമാരി വാങ്ങി വച്ചു. ഓരോ വർഷവും തിരുമേനിയുടെ ഫീസ്റ്റ് ദിവസം 3000 രൂപാ വീതം അദ്ദേഹ ത്തിന്റെ ഫണ്ടിലേക്ക് നൽകിയിരുന്നു. അച്ചൻ ചാർജ്ജെടുത്ത 2013-14 മുതൽ വിരമിക്കുന്ന 2016-17 വരെ ശരാശരി 8000 രൂപ തെരട്ടായി അരമനയിൽ നൽകിയിരുന്നു. വെറും 9 വീട്ടുകാർ മാത്രമുള്ള ഒരിടവകയിൽ ഈ വക കാര്യങ്ങൾ മുടങ്ങാതെയും സുതാര്യത യോടും കൂടി ചെയ്യാൻ സാധിച്ചു എന്നത് തരകനച്ചന്റെ ജീവിത നിഷ്ഠയെ എടുത്തു കാണിക്കുന്നു. മാർ ഇവാനിയോസ് കോളേജ്, അഞ്ചൽ കോളേജ് എന്നീ കോളേജുകളിൽ പ്രൊഫസ്സർ, പ്രിൻസിപ്പൽ എന്നീ നിലകളിൽ അച്ചൻ ചെയ്ത സ്തുത്യർഹമായ സേവനങ്ങൾ കോളേജിന്റെ സുവർണ്ണ ലിപികളിൽ ഒരിക്കലും മായാതെ ശോഭിക്കും. ഏതു പ്രശ്നത്തേയും വിവേകത്തോടും ശാന്തതയോടും കൂടെ കൈകാര്യം ചെയ്യുവാൻ കഴിഞ്ഞു എന്നതാണ് അച്ചന്റെ വിജയ ത്തിന്റെ രഹസ്യം. ക്രാന്തദർശിയായ ചിന്തകൻ, നലമാർന്ന വചന പ്രഘോഷകൻ, നല്ല ഒരു വാഗ്മി, വലിയ പണ്ഡിതൻ, ഈടുറ്റ നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവ്, നല്ല ഒരു അദ്ധ്യാപകൻ, നല്ല ഒരു നേതാവ് എന്നീ നിലകളിലുള്ള അച്ചന്റെ പ്രാവീണ്യം എല്ലാവർക്കും അറിവുള്ളതാണ്. 2017 ജനുവരി 3-ാം തീയതി ബഹു. അച്ചന്റെ ഒരു പുസ്തക പ്രകാശനത്തിൽ പങ്കെടുക്കുവാൻ എനിക്ക് സാധിച്ചു. അച്ചന്റെ അഗാധമായ പാണ്ഡിത്യത്തെപ്പറ്റി പ്രശസ്ത വ്യക്തികളുടെ സാക്ഷ്യപ്പെടുത്തൽ ഏറെ ശ്രദ്ധേയമായിരുന്നു. നോത്ര ദാം സർവ്വകലാശാലയിൽ നിന്ന് സാഹിത്യത്തിൽ ആദ്യമായി ഡോക്ടറേറ്റ് നേടിയ ഇൻഡ്യാക്കാരൻ വൈദികനാണ് അച്ചൻ എന്നു പറയുമ്പോൾ അഭിമാനം തോന്നുന്നു.

ഇടവകയിലെ എല്ലാ ഭവനങ്ങളിലും പോയി കുടുംബ പ്രാർത്ഥന നടത്തുന്നതിൽ അച്ചൻ ഒരിക്കലും വീഴ്ച വരുത്തി യിട്ടില്ല. പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തി ലാണിപ്പോൾ ബഹു. അച്ചൻ. ഈ അവസരത്തിൽ ജൂബിലിയുടെ

www.malankaralibrary.com


എല്ലാ മംഗളങ്ങളും ആശംസിക്കുന്നു. ഞായറാഴ്ച വി. ബലി അർപ്പിച്ച് പ്രസംഗവും ചെയ്തു കഴിയുമ്പോൾ വലിയ ഒരു ഉണർവ്വും മനസ്സിന് നല്ല സന്തോഷവും തോന്നും. പട്ടം കിട്ടിയപ്പോൾ ആദ്യം ബലി അർപ്പിച്ചതു പോലെ തന്നെയാണ് ഇന്നും ഞാൻ വി. ബലി അർപ്പിക്കുന്നത്. ഇത് തരകനച്ചന്റെ തന്നെ വാക്കുകളാണ്. എല്ലാവർക്കും പ്രചോദനമാകേണ്ട വാക്കുകളാണിവ.

മൺവിള ഇടവകയിൽ നീണ്ട അഞ്ചുവർഷത്തെ വൈദികനടുത്ത ജോലികൾ ഏറ്റവും ശ്രേഷ്ഠമായ രീതിയിൽ പൂർത്തിയാക്കി ഇടവകസേവനത്തിൽ നിന്നും 2017 ഡിസംബർ 10-ാം തീയതി ബഹു. അച്ചൻ വിരമിക്കുകയാണ്. ബഹു. അച്ചന് ചെറിയ ഒരു യാത്രയയപ്പ് നൽകുവാൻ ഇടവകാംഗങ്ങൾ തീരുമാനിച്ചു. ബഹു. ശെമ്മാശ്ശൻ അച്ചന്റെ ജീവചരിത്രം ചുരുക്കമായി അവതരിപ്പിച്ചതിനുശേഷം എല്ലാവർക്കും ഹൃദ്യമായി സ്വാഗതം ആശംസിച്ചു. പലരും വികാര ഭരിതരായി കരയുന്നതും അച്ചന് ആശംസകളും കൃതജ്ഞതയും അർപ്പിക്കുന്നതും കാണാമായിരുന്നു. ജൂബിലി മംഗളങ്ങൾ നേരുകയും പൊന്നാട അണിയിച്ച് അച്ചനെ ആദരിക്കുകയും ചെയ്തു. ജൂബിലി കേക്ക് മുറിച്ചു. മംഗളഗാനം ആലപിച്ചു. ബഹു. അച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു കൊണ്ട് മറുപടി പ്രസംഗവും നടത്തി. കൃതജ്ഞതാ പ്രകാശനത്തോടെ സമ്മേളനം അവസാനിച്ചു. സ്നേഹവിരുന്നിനു ശേഷം എല്ലാവരും വ്യക്തിപരമായി അച്ചന് നന്ദി പറഞ്ഞിട്ടാണ് വീടുകളിലേക്ക് മടങ്ങിയത്. പാരിതോഷികവും നല്കി.

ബഹു. അച്ചൻ സമർപ്പിതരായ ഞങ്ങളോട് കാണിച്ച സ്നേഹത്തിനും കരുതലിനും ഏറെ നന്ദി. "ഞാൻ ശാന്തമായി കിടന്നുറങ്ങുന്നു. ഉണർന്നെഴുന്നേൽക്കുന്നു. എന്തെന്നാൽ ഞാൻ കർത്താവിന്റെ കരങ്ങളിലാണ്" (സങ്കീർത്തനം 3:9). കർത്താവിന്റെ കരങ്ങളിലിരുന്നുകൊണ്ട് അവിടുത്തെ വഴികളെ പിൻതുടർന്ന വന്ദ്യ വൈദികശ്രേഷ്ഠന് കൃതജ്ഞതയുടെ കൂപ്പുകൈ.

(മുണ്ടക്കയത്ത് പർത്താനം സീവ്യൂ എസ്റ്റേറ്റ് യു.പി. സ്കൂൾ ഹെഡ്മിസ്ട്രസ്സായി വിരമിച്ച സിസ്റ്റർ സെബാസ് ഇപ്പോൾ പട്ടം എസ്.എച്ച് സ്റ്റഡി ഹൗസിന്റെ സുപ്പീരിയർ ആണ്. മൺവിള പള്ളിയിൽ തരകനച്ചന്റെ സഹപ്രവർത്തകയായിരുന്നു സിസ്റ്റർ).

www.malankaralibrary.com

# 7

## നാലു പതിറ്റാണ്ടുകൾ പിന്നിട്ട സൗഹൃദം

പി.ജി. എഡിസൻ മണ്ണൂർ, അധ്യാപകൻ, ഗവ. സ്കൂൾ, കടയ്ക്കൽ

1976 കാലഘട്ടം. ഞാൻ തിരുവനന്തപുരം ജില്ലയിലെ പിരപ്പൻകോട് സ്കൂളിൽ ജോലി ചെയ്യുന്നു. ഒരു വൈകുന്നേരം ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങി വരവേ ഞാൻ യാത്ര ചെയ്യുന്ന ബസ്സിൽ ഒരു വൈദികൻ ഇരിക്കുന്ന സീറ്റിൽ ഞാൻ ചെന്നിരുന്നു. അദ്ദേഹവുമായി സംഭാഷണത്തിൽ ഏർപ്പെട്ടപ്പോൾ നൈനാൻ തരകൻ എന്നാണ് എന്റെ പേര് എന്നും മണ്ണൂരിലേക്ക് പോകയാണെന്നും പറഞ്ഞു. ഞാനും ഒരു മലങ്കര കത്തോലിക്കനാണെന്നും മണ്ണൂർ ഇടവകാംഗമാണെന്നും പറഞ്ഞു. ഞങ്ങൾ യാത്ര തുടർന്നു. മണ്ണൂർ പ്രദേശത്ത് ഇറങ്ങി പള്ളിയങ്കണത്തിൽ എത്തിച്ചേർന്ന് പലരുമായി സംസാരിച്ച ശേഷം അച്ചൻ തിരികെപ്പോയി. അടുത്ത ഏതാനും ദിവസങ്ങൾക്ക് ശേഷം റവ. ഫാദർ ഏബ്രഹാം ജോസഫ് അച്ചന് പകരം മണ്ണൂർ ഇടവകയുടെ വികാരിയായി തരകനച്ചൻ ചാർജ്ജ് എടുത്തു. ബസ്സിൽ വച്ചുള്ള സംസാരത്തിൽ മണ്ണൂരിന്റെ പ്രകൃതിഭംഗിയെക്കുറിച്ചും ഞാൻ സംസാരിച്ചിരുന്നു.

www.malankaralibrary.com


ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയുള്ള കാലം. അവികസിതമായ ഒരു ഗ്രാമപ്രദേശമായിരുന്നു മണ്ണൂർ. അതുപോലെ കൃഷിയും മറ്റു തൊഴിലുമായി കഴിയുന്ന പാവപ്പെട്ട ഇടവകാംഗങ്ങൾ. പള്ളിക്ക് സ്ഥലം ദാനമായി നൽകിയ എന്റെ പിതാവ് പ്ലാച്ചേരിൽ പി.സി. വർഗീസ്, മണ്ണൂർ ഒരു മലങ്കര ദൈവാലയം വേണമെന്നാഗ്രഹിച്ച കുരികേശ്, യോഹന്നാൻ, കുട്ടി എന്നിവരെ അച്ചൻ കണ്ടു സംസാരിച്ചു. ദൈവാലയത്തിന്റെ പുരോഗമനത്തിനുവേണ്ടി അച്ചനോടൊപ്പം സഹകരിക്കാൻ അവർ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തു.

കൊച്ചുകുട്ടികളുടെ വിദ്യാഭ്യാസപരമായ താത്പര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരു നേഴ്സറി സ്കൂൾ തുടങ്ങുകയും അതിന് ഒരു നേഴ്സറി കെട്ടിടം ഉണ്ടാക്കുകയും ചെയ്തു. അന്ന് ആരംഭിച്ച സ്കൂളാണ് ഇന്ന് 400 ൽപരം കുട്ടികൾ പഠിക്കുന്ന ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ.

അഞ്ചൽ സെന്റ് ജോൺസ് കോളേജ് അദ്ധ്യാപകനായിരുന്ന അച്ചൻ താമസസൗകര്യം ഇല്ലാത്തതിനാൽ വരാന്തയിൽ കാർഡ് ബോർഡ് അടിച്ച് താമസിച്ചുകൊണ്ട് മണ്ണൂർ ഇടവകയിൽ സേവനം അനുഷ്ഠിച്ചകാര്യം ഞാൻ ഓർക്കുന്നു. ഈ കാലയളവിൽ ഞാൻ സൺഡേസ്കൂൾ പ്രഥമാധ്യാപകനായി സേവനം ആരംഭിച്ച് ജില്ലാ, അതിരൂപതാ സൺഡേസ്കൂൾ പ്രസ്ഥാനത്തിലൂടെ മുന്നോട്ടു പോകുന്നു.

ഇടവകയിലെ ഓരോ കുടുംബത്തോടും അതിലെ അംഗങ്ങളോടും സൗഹൃദത്തിൽ കഴിഞ്ഞിരുന്ന അച്ചൻ വി. കുമ്പസാരത്തിൽ നിന്നും അകന്നുനിന്ന ആളുകളെ പ്രത്യേകമായി കാണുകയും വളരെ സരസമായി സംസാരിച്ച് അവർ ചെയ്തുപോയതും ചെയ്തു കൊണ്ടിരിക്കുന്നതുമായ തെറ്റുകൾ കുമ്പസാര രൂപേണ കേട്ട് വി. കുർബാനയിൽ പങ്കെടുത്ത് വി. കുർബാന അനുഭവത്തിലേക്ക് കൊണ്ടു വന്നു എന്നുള്ളത് പ്രത്യേകം സ്മരണീയമാണ്. അച്ചന്റെ പ്രവർത്തന ശൈലി തികച്ചും വ്യത്യസ്തമായിരുന്നു.

തന്റെ കൈകളിലേൽപ്പിച്ച ആളുകളുടെ ആത്മീയ കാര്യങ്ങൾ നിറവേറ്റി ദൈവരാജ്യത്തിന് അവകാശികളാക്കുമ്പോഴും ചികിത്സാ

www.malankaralibrary.com


സൗകര്യങ്ങളിൽ പിന്നോക്കം നിന്നിരുന്ന മണ്ണൂർ പ്രദേശത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ചു. അതിനായി അഞ്ചലിലെ ഡി.എം. കോൺവെന്റിൽ നിന്നും ഒരു സംഘം സിസ്റ്റേഴ്സിനെ മണ്ണൂരിൽ ഒരു വീട് എടുത്ത് താമസിപ്പിച്ച് പ്രദേശവാസികളായ നാനാജാതി മതസ്ഥർക്കും ചികിത്സാ സൗകര്യം ഉറപ്പാക്കി. അതിന്റെ ഫലമായി ഇടവകയിൽ എല്ലാ ദിവസവും വി. കുർബാന സൗകര്യവും ഉണ്ടായി. സിസ്റ്റർ ഫ്ളോറൻസ്, സിസ്റ്റർ ഡോയിൽ, സി. ബോനിഫാസി എന്നിവരായിരുന്നു ക്ലിനിക്കിന്റെ മേൽനോട്ടം വഹിച്ചിരുന്നത്.

എല്ലാ ഇടവകാംഗങ്ങളേയും ഒരുപോലെ കാണാനും അവരുമായി നല്ലൊരു സൗഹൃദം സ്ഥാപിക്കാനും ഈ വൈദികന് കഴിഞ്ഞു. ഇവിടെ നിന്നും തിരുവനന്തപുരത്ത് താമസമായപ്പോഴും എഴുത്തുമൂലം ആളുകളുമായി സൗഹൃദത്തിൽ കഴിഞ്ഞു. എന്റെ പിതാവിനയച്ച പല എഴുത്തുകളും ഞാനും വായിക്കുകയും അത് എനിക്ക് ആത്മീയ പ്രചോദനത്തിന് കാരണമാകുകയും ചെയ്തു. അദ്ദേഹം കുറവൻകോണം പാസ്റ്ററൽ എഡ്യൂക്കേഷൻ സെന്ററിൽ താമസിക്കുന്ന കാലം സൺഡേസ്കൂൾ ആവശ്യങ്ങൾക്ക് ഞാൻ കുറവൻകോണത്ത് പോകുകയും ബഹു. അച്ചനുമായി ആശയ വിനിമയം നടത്തുകയും ചെയ്തിട്ടുണ്ട്.

നാലു ദശാബ്ദത്തിനു മുൻപേ മണ്ണൂരിന്റെ വികസനം ലക്ഷ്യമാക്കി പ്രവർത്തിച്ച ആന്നിയിൽ നൈനാൻ തരകൻ എന്ന താപസശ്രേഷ്ഠന് തന്റെ പൗരോഹിത്യ ശുശ്രൂഷയുടെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ എല്ലാ ഭാവുകങ്ങളും നേരുകയും ദൗത്യനിർവ്വഹണത്തിനായി സ്വർഗ്ഗീയ പിതാവ് എല്ലാവിധ ആയുരാരോഗ്യങ്ങളും നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

(എഡിസൺ ഗവ. യു. പി. സ്കൂൾ കടയ്ക്കലിലെ അധ്യാപകനാണ്).

www.malankaralibrary.com

# 8

## സാത്വികനും താത്ത്വികനുമായ അജപാലകൻ

മാത്യൂസ് (സത്യദീപം, കൊച്ചി)

സ്വദേശവിദേശങ്ങളിൽ കനപ്പെട്ട ലേഖനങ്ങളിലൂടെയും കവിതകളിലൂടെയും അറിയപ്പെടുന്ന ഡോ. തരകൻ മാവേലിക്കരയ്ക്കടുത്ത് കറ്റാനം ഗ്രാമത്തിൽ, പോളച്ചിറയ്ക്കൽ ആന്നിയിൽ കുടുംബത്തിലാണ് ജനിച്ചത്. 1943-ൽ. 1969 മാർച്ച് 31-ാം തീയതി പൂനാ പേപ്പൽ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി. തിരുവനന്തപുരം അതിരൂപതാംഗമായ ഫാ. തരകൻ നിരവധി ഇടവകകളിൽ സ്തുത്യർഹമാം വിധം അജപാലന ശുശ്രൂഷ നടത്തി. അതിനിടെ, അമേരിക്കയിലെ നോത്ര ദാം യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടി. ഇപ്പോൾ മാർ ഇവാനിയോസ് കോളേജിൽ ഇംഗ്ലീഷ് വകുപ്പധ്യാപകനായും കേരള സർവ്വകലാശാലയിൽ റിസർച്ച് ഗൈഡായും സേവനമനുഷ്ഠിച്ചു വരുന്നു. കവിതാരചനയും അജപാലനവും അദ്ധ്യാപക വൃത്തിയും ഒരുമിപ്പിച്ചുകൊണ്ടുള്ള ആ ജീവിതയാത്ര പൗരോഹിത്യ രജത ജൂബിലി ആഘോഷിച്ചു കഴിഞ്ഞു.

നന്നേ ചെറുപ്പത്തിലേ കവിതയെഴുതിത്തുടങ്ങിയ ഡോ. തരകന്റെ കൃതികൾ അമേരിക്കയിലെ ദി ബൈബിൾ റ്റുഡേ, ദി

www.malankaralibrary.com


ഷീൽഡ്, സെന്ററിക്, കോമൺസെൻസ്, ഒബ്സർവർ മുതലായവ പ്രസിദ്ധീകരണങ്ങളിലൂടെ വെളിച്ചം കണ്ടിട്ടുള്ളവയാണ്. ഇന്ത്യയിലെ ദ് ഇന്ത്യൻ എക്സ്പ്രസ്, ദ് സൺഡേ സ്റ്റാന്റേർഡ്, ഹോം ലൈഫ്, ദി വീക്ക്, എക്സാമിനർ, ഹെറാൾഡ് മുതലായ പത്ര മാസികകളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ഡോ. തരകന്റെ ലേഖനങ്ങളെപ്പറ്റിയും കവിതകളെപ്പറ്റിയും ചില കേട്ടറിവേ പ്രശസ്ത എഴുത്തുകാരനായ ഡോം മൊറെയ്സിനുണ്ടായിരുന്നുള്ളൂ. ചിലതൊക്കെ നല്ലതെന്നു വാഴ്ത്തുന്ന ഇംഗ്ലീഷ് കവിതകളെഴുതുന്ന ഒരു മലയാളി വൈദികൻ എന്നാണ് മൊറെയ്സ് ധരിച്ചത്. പക്ഷെ, ബോംബെയിലെ ആർച്ച് ബിഷപ്പ് സൈമൺ പിമെന്റായുടെ ശ്രമഫലമായി ഫാ. തരകന് ഡോം മൊറെയ്സിനെ നേരിൽ കാണാനിടവന്നു: ആ മുഖാമുഖത്തിൽ അദ്ദേഹം അരുൺ ഷൂറിയെക്കുറിച്ചും അദ്ദേഹത്തിന്റെ പുസ്തകത്തിലെ, ക്രിസ്ത്യാനികളോടുള്ള സമീപനത്തെകുറിച്ചും ഒരു പ്രതിഷേധക്കുറിപ്പ് എഴുതാൻ പോകുന്നതിനെക്കുറിച്ചുമൊക്കെ സംസാരിച്ചു. അതോടെ എനിക്കു ബോദ്ധ്യമായി, വെള്ളക്കുപ്പായമിട്ട, താടി വളർത്തിയ സംശയ പ്രകൃതക്കാരനായ ഒരു അച്ചനല്ല ഡോ. തരകൻ എന്ന്. ലോക പ്രശസ്ത എഴുത്തുകാരനായ മൊറെയ്സിന് ഡോ. തരകൻ തന്റെ കവിതാസമാഹാരത്തിന്റെ കൈയെഴുത്തു പ്രതി കൊടുത്തു. തത്ത്വചിന്തയും മതാത്മകതയും ഭാരതീയ പാരമ്പര്യങ്ങളും തുടിച്ചു നിൽക്കുന്ന കവിതകളെന്ന് ഡോം മൊറെയ്സ് തരകനച്ചന്റെ കവിതകളെ വാഴ്ത്തി. അതു ശരിവയ്ക്കും വണ്ണം അച്ചൻ എഴുതിയിട്ടുണ്ട്, ഞാൻ സംസ്കാരം കൊണ്ട് ഹിന്ദുവും വിശ്വാസം കൊണ്ട് ക്രിസ്ത്യാനിയും റീത്തുകൊണ്ട് സുറിയാനിക്കാരനുമാണ് എന്ന്.

ഡോ. തരകന്റെ “Quester by the River”എന്ന സമാഹാരം ഭാരതത്തിലെ മറ്റു കവികളിൽ നിന്നു വേറിട്ടു നില്ക്കുന്ന ഒരു കവിതയെ കാണിച്ചുതരുന്നു. ഇതിലെ “Quester by the Tomb” എന്ന ദീർഘകവിത, അൽഫോൻസാമ്മയുടെ ശവകുടീരത്തിനു സമീപം നില്ക്കുന്ന ഒരാത്മാവിന്റെ തുടിപ്പുകളാണ് പ്രതിപാദിക്കുക. ഈ കവിതകളെ മൊറെയാസ് Sunday Mid-day യിൽ വിലയിരുത്തി: “The quality is uneven; but some of them are unusual” (ആർജ്ജവം പോരാ, പക്ഷെ ചിലതൊക്കെ തികച്ചും അസാധാരണം) ഫാ. തരകൻ എന്ന ഇന്തോ - ആംഗ്ലിയൻ മലയാള കവിക്കു ലഭിച്ച

www.malankaralibrary.com



അംഗീകാരത്തിന്റെ പട്ടും വളയുമാണ് ഈ വാക്കുകൾ. തക്ക സമയത്ത് ഗുരുപദേശങ്ങളും വിമർശകരുടെ തട്ടും വെട്ടും കിട്ടാതിരുന്നതുകൊണ്ട് ഫാ. തരകന്റെ കവിതകളിൽ നിരപ്പുകേട് ഉള്ളതായി മൊറെയ്സ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പി.എച്ച്.ഡി.ക്കു പഠിക്കുമ്പോൾ കത്തോലിക്കനായ ഒരു ബ്രിട്ടീഷ് എഴുത്തുകാരൻ ചില്ലറ തിരുത്തലുകൾ തന്നിട്ടുണ്ട്. അവ പോലും ഞാനത്ര കൂട്ടാക്കിയില്ല എന്ന് പറഞ്ഞ് ഡോ. തരകൻ ആ വിമർശനം ഏറ്റുവാങ്ങുന്നു. ഡോ. തരകന്റെ സാഹിതീസേവനവും അജപാലനവും രജത ജൂബിലി കടന്നു. അതിന്റെ സാഫല്യവും സംതൃപ്തിയും കടപ്പാടും അറിയുന്ന അദ്ദേഹം ബാല്യത്തിലാരംഭിച്ച കവിതാരചന തുടരുന്നു.

(സത്യദീപം 1995 മേയ് 10, പുറം 8)

www.malankaralibrary.com

# 9

## ഡോ. ആന്നിയിൽ തരകൻ
## എഡിറ്റു ചെയ്ത "പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ"

മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ, തിരുവനന്തപുരം

ബഥനി മഠത്തിലെ ഒരു വിശ്വസ്ത അംഗമായി ജീവിക്കുകയും അതിന്റെ അദ്ധ്യക്ഷയായി സേവനം അനുഷ്ഠിക്കുകയും ചെയ്ത് ജീവിത വിജയം നേടിയ മദർ സൾഗാ അക്കൂട്ടരിൽ പ്രഥമ ഗണനീയയാണ്. ബഥനി മഠത്തിനും മലങ്കര സഭയ്ക്കും വേണ്ടി കൈവരിച്ച നേട്ടങ്ങൾ നിരവധിയാണ്. അവയിൽ ഏറ്റവും ശ്രദ്ധേയമായവ മദറിന്റെ സഭാശാസ്ത്ര ദർശനമായിരുന്നു എന്നാണ് വ്യക്തിപരമായ എന്റെ അഭിമതം.

ദൈവം ഈ ലോകത്തെ സ്നേഹിക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ അടയാളമായി വിശുദ്ധ യോഹന്നാൻ ചൂണ്ടിക്കാണിക്കുന്നത് അവിടുന്ന് മനുഷ്യരക്ഷാർത്ഥം തന്റെ ഏകജാതനെ ലോകത്തിലേക്ക് അയച്ചുവെന്നതാണ്. യേശുക്രിസ്തുവിലൂടെ നമുക്ക് കൈവന്ന രക്ഷയുടെ സന്ദേശം തുടരുകയും ആ രക്ഷയുടെ അനുഭവങ്ങൾ മനുഷ്യജീവിതത്തിന്റെ എല്ലാ തുറകളിലും യാഥാർത്ഥ്യമാക്കുകയുമാണ് യേശുക്രിസ്തുവിൽ ഉരുവായ സഭയുടെ ദൗത്യം.

www.malankaralibrary.com


ഈ ദൗത്യനിർവ്വഹണത്തിനായിട്ടത്രെ സഭ ഭൂമിയിൽ നിലകൊള്ളുന്നത്. മനുഷ്യൻ സഭയുടെ അസ്തിത്വത്തിന്റെ അടിസ്ഥാന കാരണവും. അതിന്റെ പ്രവർത്തനങ്ങളുടെ ലക്ഷ്യവും മറ്റൊന്നാകാൻ തരമില്ല. ഇങ്ങനെ എക്കാലവും നമ്മുടെ ഇടയിൽ സന്നിഹിതമായിരിക്കുന്ന സഭ നമ്മുടെ ചരിത്രത്തിലൂടെയത്രെ നമ്മിൽ പ്രവർത്തിക്കുന്നത്. അതുകൊണ്ട് നമ്മുടെ സമൂഹത്തിന്റെ ചരിത്രവും നമ്മുടെ സഭയുടെ ചരിത്രവും വേർതിരിക്കുക പ്രയാസമാണ്. അപകടകരവുമാണ്. നമ്മുടെ സമൂഹത്തിന്റെ ചരിത്രമാകട്ടെ, ജീവിത വിജയം കൊണ്ട് നമ്മുടെയിടയിൽ ഉന്നതിയും പ്രശസ്തിയും കൈവരിച്ച വ്യക്തികളുടെ ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. മലങ്കര സഭയെയും സഭാമക്കളെയും സംബന്ധിച്ചിടത്തോളം ഈ സത്യം കൂടുതൽ വ്യക്തമാണ്.

ആധുനിക മലങ്കര സഭയുടെ ചരിത്രവുമായി അഗാധമായി ബന്ധപ്പെട്ടിട്ടുള്ള ഒരു സഭാ പിതാവത്രെ ഭാഗ്യസ്മരണാർഹനായ മാർ ഇവാനിയോസ് തിരുമേനി. അദ്ദേഹത്തിന്റെ ജീവിത ദർശനങ്ങളും സഭാ ശാസ്ത്രവും ആദ്ധ്യാത്മിക ഉൾക്കാഴ്ചകളും മലങ്കര മക്കൾക്കെങ്കിലും സുനിശ്ചിതമായ ജീവിത വഴികാട്ടികളാണ്. തിരുമേനിയിൽ നിന്ന് നേരിട്ട് അവ പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള ഭാഗ്യം ധാരാളം ആളുകൾക്ക്, പ്രത്യേകിച്ച് അദ്ദേഹത്തിന്റെ അടുത്ത ശിഷ്യർക്ക്, ലഭിച്ചിട്ടുണ്ട്. അവരിൽ ചിലർക്ക് അദ്ദേഹത്തിന്റെ ഉൾക്കാഴ്ചകളെ പൂർണ്ണമായി അംഗീകരിക്കുന്നതിനും സ്വാംശീകരിക്കുന്നതിനും അവയ്ക്ക് സ്വന്തമായ ഭാഷ്യം നല്കുന്നതിനും സാധിച്ചിട്ടുണ്ടെന്നുള്ളത് സന്തോഷപ്രദമാണ്. ബഥനി മഠത്തിലെ ഒരു വിശ്വസ്ത അംഗമായി ജീവിക്കുകയും അതിന്റെ അദ്ധ്യക്ഷയായി സേവനം അനുഷ്ഠിക്കുകയും ചെയ്ത് ജീവിതവിജയം നേടിയ മദർ സൾഗാ അക്കൂട്ടരിൽ ഗണനീയയാണ്. ബഥനി മഠത്തിനും മലങ്കരസഭയ്ക്കും വേണ്ടി കൈവരിച്ച നേട്ടങ്ങൾ നിരവധിയാണ്. അവയിൽ ഏറ്റവും ശ്രദ്ധേയമായവ മദറിന്റെ സഭാ ശാസ്ത്രദർശനവും സഭാജീവിത നിഷ്ഠയുമായിരുന്നുവെന്നാണ് വ്യക്തിപരമായ എന്റെ അഭിമതം. കാരണം, സഭയിൽ ദൂരവ്യാപകവും ശാശ്വതവുമായ സൽഫലങ്ങൾ അവ ഉളവാക്കുമെന്നതു തന്നെ. എന്റെ സാക്ഷ്യം സ്വീകാര്യമെങ്കിൽ അതിനുള്ള തെളിവ് എന്റെ അനുഭവം തന്നെയാണ്. എന്റെ സന്ന്യാസ ജീവിതത്തിന്റെ പ്രാരംഭ ഘട്ടം മുതൽ മദർ സൾഗായുമായി എനിക്കു പരിചയമുണ്ട്.

www.malankaralibrary.com


ധാരാളം സംഭാഷണങ്ങളും ചർച്ചകളും മദറുമായി ഞാൻ നടത്തിയിട്ടുണ്ട്. മദറിന്റെ സഭാ ജീവിതത്തിലടിയുറച്ചതും സന്ന്യാസ നിഷ്ഠയിലൂടെ ഉരുത്തിരിഞ്ഞതുമായ ജീവിത വീക്ഷണവും ആദ്ധ്യാത്മിക ഉൾകാഴ്ചയും എന്നെ ഓരോ പ്രാവശ്യവും കൂടുതൽ കൂടുതൽ ധന്യനാക്കികൊണ്ടിരുന്നു. മദറിന്റെ സമീപനങ്ങളോട് ഞാൻ കാട്ടിയിട്ടുള്ള ആദരവും, അതിന് അനുസൃതമായി സഭാഭിമുഖ്യത്തിൽ ഞാൻ കൈവരിച്ച വളർച്ചയും മദറിന് സന്തോഷപ്രദവും അഭിമാനകരവുമായിരുന്നു. അതുകൊണ്ടുതന്നെ മദറിന്റെ ആഴമാർന്ന അനുഭവജ്ഞാനത്തിൽ നിന്നും മലങ്കര സഭയെപ്പറ്റിയുള്ള രേഖകളുടെ വ്യാപകമായ ശേഖരത്തിൽ നിന്നും എനിക്ക് ആവോളം വിളമ്പി തന്ന് എന്നെ സംതൃപ്തനാക്കുകയും ചെയ്യുമായിരുന്നു.

ഒരു സഭാസമൂഹത്തെ സംബന്ധിച്ചിടത്തോളം അതിന്റെ മിഴിവുറ്റ വ്യക്തിഭാവത്തിനും ഊർജ്ജസ്വലമായ വളർച്ചയ്ക്കും ആ സഭയുടെ ആദ്യകാല അനുഭവങ്ങൾ സമൃദ്ധമായ ഉറവിടങ്ങളാണ്. മലങ്കര സമൂഹത്തിലെ വരും തലമുറയുടെ സഭോന്മുഖമായ ജീവിത ശൈലിയുടെ സ്രോതസ്സുകളായി അവ നിലകൊള്ളുമെന്നതിന് തർക്കമില്ല. ഇതിന്റെ അപര്യാപ്തതയും തിരസ്കാരവും സഭാ സമൂഹത്തോടുള്ള പ്രസക്തമായ പ്രതിബദ്ധതയും നേരായ കൂറും നശിപ്പിക്കുകയും ചെയ്യും. ഈ പശ്ചാത്തലത്തിൽ, മലങ്കര സഭയുടെ പൊതുവായ ചരിത്രത്തിലേക്കും മലങ്കര കത്തോലിക്കാ സഭയുടെ ആദ്യകാല ജീവിതാനുഭവങ്ങളിലേക്കും നമ്മുടെ ശ്രദ്ധ തിരിക്കുന്ന ചിന്താ ശകലങ്ങളാണ് മദർ സൾഗായുടെ ചരിത്ര കുറിപ്പുകൾ. അവയെല്ലാം തേടിപ്പിടിച്ച്, അപഗ്രഥിച്ച്, സമ്യക്കായി കോർത്തിണക്കുന്നതിനുള്ള ഒരു തീവ്രശ്രമമാണ് ബഹു. തരകൻ അച്ചൻ ചെയ്തിട്ടുള്ളത്. തന്റെ പഠന വിഷയങ്ങൾ ഒരു പുസ്തകരൂപത്തിൽ പ്രസാധനം ചെയ്യുന്നതിന് അദ്ദേഹത്തിന് സാധിക്കുകയും ചെയ്തു.

ഈ പുസ്തകത്തിന്റെ ഉള്ളടക്കം വിളിച്ചറിയിക്കുന്നതുപോലെ, മദർ സൾഗായുടെ പരിചിന്തനങ്ങളും ഓർമ്മക്കുറിപ്പുകളും ശേഖരിച്ചവതരിപ്പിക്കുക മാത്രമല്ല ബഹു. തരകൻ അച്ചൻ ചെയ്തിരുന്നത്. അവയെ ആഴത്തിൽ പഠിച്ച് അവയിലുള്ള ഉൾകാഴ്ചകൾ കഴിയുന്നത്രയും വ്യക്തമായി വിശദീകരിക്കുന്നതിനും അദ്ദേഹം പരിശ്രമിച്ചിട്ടുണ്ട്. മദർ സൾഗായുടെ ഒരു കൊച്ചുമകൻ എന്ന നിലയ്ക്ക് മദറിന്റെ ചിന്താധാരകളോടൊത്തൊഴുകുന്നതിനും അവയോടു വികാര തീവ്രതയോടും അനുഭൂതിയോടും പ്രതികരിക്കു

www.malankaralibrary.com


ന്നതിനും സാധിച്ചുവെന്നുള്ളത് അദ്ദേഹത്തിനു മാത്രം ലഭിച്ച ഒരു ആനുകൂല്യമാണ്. ഒരു പക്ഷെ ഈ പുസ്തക രചനയ്ക്ക് അദ്ദേഹത്തെ പ്രേരിപ്പിച്ചതും അത് വിജയപ്രദമായി പൂർണ്ണമാക്കുന്നതിന് സഹായി ച്ചതും മറ്റൊന്നായിരിക്കുകയില്ല. ഏതായാലും ആ യജ്ഞത്തിന്റെ സൽഫലങ്ങൾ അനുഭവിക്കുന്നതിന് മലങ്കരയിലെ ദൈവജനത്തിന് സന്ദർഭം ലഭിച്ചിരിക്കുന്നു.

ബഹു. നൈനാൻ തരകൻ അച്ചന് എല്ലാവിധ മംഗളങ്ങളും അഭിനന്ദനങ്ങളും നേരുന്നതോടൊപ്പം ഈ സദ്ഗ്രന്ഥം മലങ്കര സഭാ മക്കൾക്ക് സഭാ ജീവിതത്തിലാഴമായി ഉറച്ചു മുന്നേറുന്നതിന് പ്രചോദന ഹേതുവാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

(1990-ൽ ഡോ. തരകൻ എഡിറ്റ് ചെയ്ത് തിരുവനന്തപുരം യൂണിയൻ പ്രസ്സ് പ്രസിദ്ധീകരിച്ച 'പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ അവതാരിക)

www.malankaralibrary.com

# 10

# ഡോ. ആന്നിയിൽ തരകൻ എഡിറ്റു ചെയ്ത "ബൈബിളിലെ യേശു"

ഗീവർഗീസ് മാർ തിമോത്തിയോസ്,
മുൻ മെത്രാപ്പോലീത്താ, തിരുവല്ലാ അതിരൂപതാ

നമ്മുടെ കർത്താവിന്റെ ജീവചരിത്രം എന്ന ശീർഷകത്തിൽ 1929-ൽ മദർ സൾഗാ എഴുതി പ്രസിദ്ധീകരിച്ച ഗ്രന്ഥമാണ് ഇപ്പോൾ "ബൈബിളിലെ യേശു" എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നത്. ഏകദേശം 440-ൽ പരം താളുകളും 38 അദ്ധ്യായങ്ങളും ഉള്ള ഈ കൃതി ക്രൈസ്തവർക്കും അക്രൈസ്തവർക്കും ഒന്നുപോലെ പ്രയോജന പ്രദമായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. യേശു ജീവിച്ചിരുന്ന കാലഘട്ടത്തെയും ഭൂപ്രകൃതിയേയും വിവരിച്ചു കൊണ്ട് തുടങ്ങി, വിശുദ്ധ സഭയെപ്പറ്റിയുള്ള പഠനത്തിൽ അവസാനിക്കുന്ന ഈ പുസ്തകം യേശുവിന്റെ ജീവിതദർശനത്തെ സവിസ്തരം പ്രതിപാദിക്കുന്നു. ഈ രണ്ട് അദ്ധ്യായങ്ങളുടേയും മദ്ധ്യേ, യേശുമിശിഹായുടെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കാര്യങ്ങൾ പഠനവിഷയമാക്കുന്നുണ്ട്. ഈ അദ്ധ്യായങ്ങളിലെല്ലാം ഞാൻ ശ്രദ്ധിച്ച ഒരു പ്രത്യേകത, ബൈബിളധിഷ്ഠിതമായ വസ്തുതകൾ മാത്രമാണ് ഇതിൽ നല്കിയിരിക്കുന്നത് എന്നുള്ളതാണ്.

www.malankaralibrary.com


ആദിമ ക്രൈസ്തവ സമൂഹത്തിന്റെ അനുഭവം ഇന്നും ബൈബിളിലൂടെയും പാരമ്പര്യത്തിലൂടെയും നിലനിന്നുപോകുന്നു. ഈ അനുഭവത്തിന്റെ കേന്ദ്രബിന്ദു ക്രിസ്തുവിലുള്ള വിശ്വാസമാണ്. യേശുവിനെ അനുഭവത്തിലൂടെ അറിഞ്ഞ ആദിമ ക്രൈസ്തവ സമൂഹം, ആ അനുഭവം തലമുറ തലമുറയായി ഇന്നും കൈമാറുന്നു. ഈ അപ്പോസ്തോലികാനുഭവം കേരള ക്രൈസ്തവരുടെ ആത്മ ബോധത്തിന്റെ ഭാഗമാണ്. കർത്താവിന്റെ ശിഷ്യന്മാരിൽ ഒരാളായ വിശുദ്ധ തോമാശ്ലീഹാ കേരളത്തിൽ വരികയും, ക്രിസ്തുമതത്തിന്റെ ആരംഭദശയിൽതന്നെ ആ വിശ്വാസം ഇവിടെ പ്രചരിപ്പിക്കുകയും ചെയ്തു. ഈ വിശ്വാസം കേരളക്കരയിൽ നിലനിർത്താൻ ഏറ്റവും പറ്റിയ മാർഗ്ഗങ്ങളിൽ ഒന്നായി ബൈബിൾ പഠനത്തെ വീക്ഷിച്ചി രുന്നു. ആ മാർഗ്ഗത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് മദർ സൾഗാ എഴുതിയ ഈ സദ്ഗ്രന്ഥം. ബൈബിൾ ശരിക്കും പഠിച്ച് അതിന്റെ പശ്ചാത്തലത്തിൽ യേശുവിന്റെ ദർശനം എന്താണെന്ന് മനസ്സിലാ ക്കാൻ ശ്രമിക്കുകയാണ് മദർ സൾഗാ ഈ ഗ്രന്ഥത്തിൽ. ബൈബി ളിലെ ശ്രദ്ധേയമായ ഉദ്ധരണികൾ കോർത്തിണക്കിയും അതിലെ സാരോപദേശത്തിന്റെ പശ്ചാത്തലം സൃഷ്ടിച്ചുമുള്ള ഒരു ശൈലി യാണ് ഇവിടെ കാണുക. ഈ രചനാരീതി ബൈബിളിന്റെ തന്നെ രചനാസമ്പ്രദായത്തിലും ഒരു അളവുവരെ ദർശിക്കാൻ സാധിക്കും.

ഓരോ അദ്ധ്യായത്തിന്റെ അവസാനത്തിലും അതിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ചോദ്യ ങ്ങളും മദർ നല്കിയിട്ടുണ്ട്. യേശുവിന്റെ വ്യക്തിത്വവും, ദർശനവും മറ്റുള്ളവരെ പഠിപ്പിക്കുവാൻ ഈ ശ്രമം വളരെ സഹായകമാണ്. പുനരൈക്യപ്രസ്ഥാനത്തിന് വളരെ വർഷങ്ങൾക്കു മുമ്പ് മലങ്കര യിലെ വേദപാഠ വിദ്യാർത്ഥികളുടെ മതപഠനത്തിനുവേണ്ടി തയ്യാറാ ക്കിയതാണ് ഈ ഗ്രന്ഥം എന്ന് ഞാൻ മനസ്സിലാക്കുന്നു. ഒരു സമൂഹത്തിന്റെ വളർച്ച കുട്ടികളുടെ ധാർമ്മികവും, ആദ്ധ്യാത്മിക വുമായ വികസനമാണെന്ന് ഗ്രന്ഥകർത്രി ശരിക്കും മനസ്സിലാക്കി യിട്ടുണ്ട്. ആ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുവാൻ മദർ കണ്ടെത്തിയ മാർഗ്ഗങ്ങളിലൊന്നായിരുന്നു ഈ ഗ്രന്ഥം. വിദ്യാഭ്യാസം സമഗ്രമായ വികസനമാണല്ലോ. ശാസ്ത്രവും മറ്റ് സാങ്കേതിക ജ്ഞാനവും കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് മതപരവും ആദ്ധ്യാത്മികവുമായ ദർശനം കൂടി ഉണ്ടാകണം. എങ്കിൽ മാത്രമേ അവരുടെ വ്യക്തിത്വവികാസം അതിന്റെ പൂർണ്ണതയിൽ എത്തുക

www.malankaralibrary.com


യുള്ളൂ. ഈ സത്യം ശരിക്കും മനസ്സിലാക്കിയിരുന്ന വ്യക്തിയായിരുന്നു മദർ സൾഗാ.

1988 ഏപ്രിൽ 5-ന് അന്തരിച്ച മദർ സൾഗാ ഉത്തമയായ ഒരു സന്ന്യാസിനിയായിരുന്നു. മദറിനെ ശരിക്കും അടുത്തറിയാമായിരുന്ന ഒരു വ്യക്തിയെന്ന നിലയിൽ ഈ സത്യം വസ്തു നിഷ്ഠമായി എനിക്ക് പറയാൻ സാധിക്കും. മാർ ഇവാനിയോസ് തിരുമേനി ബഥനി പ്രസ്ഥാനത്തിന് രൂപം നല്കിയപ്പോൾ ആ പ്രസ്ഥാനത്തിന് ശക്തി പകരുവാൻ വേണ്ടി കേരളത്തിലെ സമുന്നതമായ കുടുംബങ്ങളിൽ നിന്നും ചില യുവതികൾ മുന്നോട്ട് വരികയുണ്ടായി. ആ കൂട്ടത്തിൽ പ്രഥമഗണനീയയായിരുന്നു മദർ സൾഗാ. മദ്ധ്യതിരുവിതാംകൂറിലെ പുരാതനമായ പോളച്ചിറയ്ക്കൽ ആന്നിയിൽ കുടുംബത്തിൽ 1901-ൽ ജനിച്ച മദർ സൾഗാ സുറിയാനി ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മികതയുടെയും, സംസ്കാരത്തിന്റെയും പ്രതീകമായിരുന്നു. ധാരാളം വൈദികരെയും, സന്ന്യാസി സന്ന്യാസിനികളെയും അല്മായ നേതാക്കൻമാരെയും തലമുറ തലമുറയായി സഭയ്ക്കു നല്കിയ ഈ കുടുംബം മലങ്കരസഭയ്ക്കു നിസ്തുലമായ സേവന മാണ് നല്കിയിട്ടുള്ളത്. ഈ കുടുംബാംഗമായ മാർ അത്തനേഷ്യസ് തിരുമേനി മലങ്കരസഭയ്ക്കും, പ്രത്യേകിച്ച് തിരുവല്ലാ രൂപതയ്ക്കും ചെയ്ത സേവനങ്ങൾ ഈ അവസരത്തിൽ ഞാൻ ഓർത്തുപോകുന്നു. 1916-ൽ കത്തോലിക്കാവിശ്വാസം സ്വീകരിച്ച ഫാദർ നൈനാൻ ആന്നിയിൽ (വീട്ടിനാൽ അച്ചൻ) മദർ സൾഗായുടെ പിതൃ സഹോദരനായിരുന്നു എന്നുകൂടി എടുത്തു പറയട്ടെ.

മദറിന്റെ ജീവിതത്തിൽ എക്കാലവും പ്രതിബിംബിച്ച ആദ്ധ്യാത്മികതയുടെ ആകെത്തുകയാണ് ഈ ഗ്രന്ഥം. ബൈബിളിലെ യേശുവിനെ അവതരിപ്പിക്കുന്നതിലൂടെ സ്വന്തം ജീവിതത്തിൽ യേശുവിനെ കണ്ടെത്താനുള്ള ഒരു ശ്രമം കൂടിയാണ് മദർ ഈ ഗ്രന്ഥത്തിൽ നടത്തുന്നത്. ചരിത്രത്തിലെ ക്രിസ്തുവിനെയും വിശ്വാസത്തിലെ മിശിഹായേയും ഒന്നിപ്പിച്ച് സമഗ്രമായ ഒരു ആദ്ധ്യാത്മിക ദർശനം വായനക്കാർക്ക് നല്കുകയാണ് ഈ ഗ്രന്ഥം.

ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത ആന്നിയിൽ ഫാദർ നൈനാൻ തരകനെ ഞാൻ അഭിനന്ദിക്കുന്നു. മദർ സൾഗായുടെ ഡയറിക്കുറിപ്പുകളിൽനിന്നും ശ്രദ്ധേയമായ ഭാഗങ്ങൾ സമാഹരിച്ച് 'പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ' എന്ന പേരിൽ അച്ചൻ പ്രസിദ്ധീകരിച്ച ഗ്രന്ഥം ഞാൻ വായിക്കുകയുണ്ടായി.

www.malankaralibrary.com



ആ ഗ്രന്ഥം വെളിച്ചം കാണുന്നതിന് ഉണ്ടായതിനേക്കാളേറെ ത്യാഗം ഈ ഗ്രന്ഥനിർമ്മിതിയ്ക്കുണ്ടായിട്ടുണ്ട്. 'നമ്മുടെ കർത്താവിന്റെ ജീവചരിത്രം' എന്ന പുസ്തകം ലഭ്യമല്ലാത്ത ഈ സാഹചര്യത്തിൽ 'ബൈബിളിലെ യേശു' എന്ന പുതിയ പേരിൽ പ്രസ്തുത ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ ഫാദർ നൈനാൻ തരകൻ നടത്തിയ ശ്രമം മലങ്കര സഭയ്ക്ക് അദ്ദേഹം നല്കിയ ഒരു സേവനമായി ഞാൻ കാണുന്നു. ഈ സദ്ഗ്രന്ഥം അനേകമായിരങ്ങൾക്ക് യേശുവിനെ ആഴത്തിൽ അറിയുന്നതിന് സഹായിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

(1993-ൽ ഡോ. തരകൻ എഡിറ്റുചെയ്ത് തിരുവനന്തപുരം യൂണിയൻ പ്രസ്സ് പ്രസിദ്ധീകരിച്ച ബൈബിളിലെ യേശു എന്ന ഗ്രന്ഥത്തിന്റെ അവതാരിക)

www.malankaralibrary.com

# 11

## കവികൾക്കിടയിലെ പുരോഹിതൻ

ആർ. രാജേഷ് (മലയാള മനോരമ, കോട്ടയം)

എഴുതിത്തുടങ്ങുംമുമ്പ് ഒരു ചോദ്യം മനസ്സിനെ മഥിക്കുന്നു. ആന്നിയിൽ തരകനച്ചൻ ആരാണ്? പുരോഹിതന്മാർക്കിടയിലെ കവിയോ കവികൾക്കിടയിലെ പുരോഹിതനോ?

കൊല്ലം ജില്ലയിലെ അഞ്ചൽ സെന്റ് ജോൺസ് കോളേജ് പ്രിൻസിപ്പലായ ഡോ. ആന്നിയിൽ തരകൻ പുരോഹിതനാണ്. കവിയുമാണ്. ഈ ദ്വിമുഖ വ്യക്തിത്വങ്ങളുടെ സമന്വയത്തിൽ നിന്നുയിർകൊണ്ട ആദ്യ ഇംഗ്ലീഷ് കാവ്യസമാഹാരം "Quester by the River and Other Poems" ഈ മാസം അമേരിക്കയിൽ പ്രകാശനം ചെയ്യപ്പെടുകയാണ്. നോത്ര ദാമിലെ ക്രോസ് കൾച്ചറൽ പബ്ലിക്കേഷൻസാണു പ്രസാധകർ. 10 അമേരിക്കൻ ഡോളർ വിലയിട്ടിരിക്കുന്ന ഈ ഗ്രന്ഥം ഫാ. ആന്നിയിൽ തരകൻ സമർപ്പിച്ചിരിക്കുന്നതു സ്വന്തം പിതാവിനാണ്. ഇന്ത്യയിലെ അറിയപ്പെടുന്ന ഇംഗ്ലീഷ് എഴുത്തുകാരനായ ഡോം മൊറേയ്സിന്റെ അവതാരികയാണു ഗ്രന്ഥത്തിന്റെ പ്രത്യേകത.

മാവേലിക്കര പോളച്ചിറയ്ക്കൽ കുടുംബത്തിൽ പിറന്ന ഈ അൻപത്തിനാലുകാരൻ തിരുവനന്തപുരം സെന്റ് അലോഷ്യസ്

www.malankaralibrary.com


സെമിനാരിയിലും പൂനെയിലെ പേപ്പൽ സെമിനാരിയിലും പഠിച്ചു. മാവേലിക്കര ബിഷപ്പ് മൂർ കോളേജ്, ചങ്ങനാശേരി എസ്.ബി. കോളേജ് എന്നിവിടങ്ങളിൽനിന്ന് ഇംഗ്ലീഷ് ബി.എ. യും എം.എ. യും പാസ്സായി. തിയോളജിയിലും ഫിലോസഫിയിലും ബിരുദാനന്തര ബിരുദവുമുള്ള തരകൻ അമേരിക്കയിലെ നോത്ര ദാം സർവകലാശാലയിൽനിന്ന് ഇംഗ്ലീഷിൽ ഡോക്ടറേറ്റും നേടി. 'മാത്യു ആർനോൾഡിന്റെ കവിതകളിൽ പൗരസ്ത്യ ചിന്തയുടെ സ്വാധീന'മായിരുന്നു ഗവേഷണവിഷയം. കുറച്ചുകാലം അഞ്ചൽ സെന്റ് ജോൺസ് കോളേജിൽ സുറിയാനി അധ്യാപകനായിരുന്നു. പിന്നീടു മാർ ഈവാനിയോസ് കോളേജിൽ ഇംഗ്ലീഷ് അധ്യാപകനായി പ്രവർത്തിച്ചു. ഇപ്പോൾ അഞ്ചൽ സെന്റ് ജോൺസ് കോളേജ് പ്രിൻസിപ്പൽ. സ്കൂൾ വിദ്യാഭ്യാസകാലത്തു തന്നെ കാവ്യവഴിയിൽ കാൽകുത്താൻ താൽപര്യം കാട്ടിയ ആന്നിയിൽ തരകൻ മലയാളത്തിലാണു കവിതയെഴുതിത്തുടങ്ങിയത്. പിന്നീടു വൈദികപഠനത്തിനായി പൂനെയിൽ താമസമാക്കിയതോടെ എഴുത്ത് ഇംഗ്ലീഷിലായി. തുടർന്നും ഇംഗ്ലീഷ് അധ്യയനത്തിലും അധ്യാപനത്തിലും ഗവേഷണത്തിലുമൊക്കെ മുഴുകി പ്രവർത്തിച്ചതിനാൽ രചനകൾ ഇംഗ്ലീഷിൽ തന്നെയായി തുടർന്നു ഇന്നോളം.

കുത്തൊഴുക്കുകളോ ചുഴിക്കുത്തുകളോ ഇല്ലാതെ സ്വച്ഛമായും ശാന്തമായും ഒഴുകുന്ന പുഴപോലെയാണു തരകന്റെ കവിതയെന്ന് ഡോം മോറെയ്സ് വിലയിരുത്തുന്നു. തീവ്രമായ മതാത്മകതയും ചരിത്രാവബോധവും സ്പുരിക്കുന്ന ഈ കവിതകൾ പൗരാണിക ഇന്ത്യൻ സാഹിത്യവുമായി നിരന്തര സമ്പർക്കം പുലർത്തുന്നതായും അദ്ദേഹം പറയുന്നു. തരകനച്ചന്റെ കവിതയിൽ മതപരമായ ബിംബങ്ങൾ ധാരാളമുണ്ട്. പക്ഷേ അവയൊന്നും ഒരു മതത്തിന്റെയോ മതഗ്രന്ഥത്തിന്റെയോ പരിമിത വൃത്തത്തിലൊതുങ്ങിനിൽക്കുന്നവയല്ല. ക്രിസ്തുമതത്തിന്റെയും ഹിന്ദുമതത്തിന്റെയും സാരവത്തും സാർഥകവുമായ സമന്വയമാണ് അവയുടെ ചൈതന്യം. സംസ്കാരത്തിൽ ഹിന്ദുവും വിശ്വാസത്തിൽ ക്രിസ്ത്യാനിയും ആരാധനക്രമത്തിൽ സുറിയാനിക്കാരനുമെന്നു സ്വയം വിശേഷിപ്പിക്കുന്ന തരകനച്ചന്റെ കവിതകൾ മതാധിഷ്ഠിതമായ സാംസ്കാരിക സമന്വയത്തിന്റെ ഉണർത്തുപാട്ടുകളാണ്. ഫാ. തരകനിലെ ചിന്തകനും ദാർശനികനും അദ്ദേഹത്തിന്റെ കവിതകളിൽ കവിത്വസിദ്ധിയുടെ ഒഴുക്കിനു ഭംഗം വരാതെ തന്നെ തലകാട്ടുന്നു.

'Quester by the River, Quester by the Tomb' എന്നീ രണ്ടു നീണ്ട കവിതകളും 22 ഹ്രസ്വകവിതകളുമടങ്ങിയതാണ് അമേരിക്ക

www.malankaralibrary.com



യിൽ പ്രകാശിതമാവുന്ന കാവ്യസമാഹാരം. പെരിയാർ നദീതീരത്തു കൂടി നടക്കവേ കവി മനസ്സിലുദിച്ച ചിന്തകളാണ് Quester by the River -ന്റെ പ്രമേയം. അജ്ഞാതവും അദൃശ്യവുമായ ഏതോ പ്രാണ പ്രേയസിയെ നദീതീരങ്ങളിൽ തേടുന്ന അന്വേഷകനാണിവിടെ കവി. വാഴ്ത്തപ്പെട്ട സിസ്റ്റർ അൽഫോൻസാമ്മയുടെ സമാധികുടീരം കവി മനസ്സിലുണർത്തിയ ചിന്തകളാണ് 'Quester by the Tomb' എന്ന കവിതയിൽ. ആ ദിവ്യസങ്കേതത്തെ, ഉപനിഷദ് സ്മരണ കളുണർത്തു മാറ് ഈ പ്രപഞ്ചത്തിലെ വിവിധ തത്വങ്ങളുടെ ഏകത്വത്തിലേക്കു നയിക്കുന്ന ഒരു പ്രശാന്തഭൂമിയായി ദർശിക്കുന്നു.

"Her presence collapses multiplex
of names into one.
Thousands have spun many coloured threads
into the self-same fabric of her life.
Thousands have fused divergent notes
into her symphony.
Many a rivulet murmers and merges
with the ocean.
Many a saint has telescoped moments
into her self,
They diffuse themselves into the mystique
of her self.
That Alphonsa is many a woman,
Is Salga is Nina is Christina.
She transfuses them all
into the timeless now...."

പരമാത്മാവിനെത്തേടിയുള്ള ജീവാത്മാവിന്റെ അന്വേഷണ മെന്ന ഹൈന്ദവ ദർശനത്തിന്റെ ഒരു വകഭേദം തന്നെയാണു തരകനച്ചന്റെ കവിതകളിൽ കാണുന്ന കവിമനസ്സിന്റെ അന്വേഷണ ങ്ങളും. ഈ അന്വേഷണഭാവം വ്യഞ്ജിപ്പിക്കാൻ പറ്റിയ പ്രതീക ങ്ങളും പാത്രങ്ങളും അദ്ദേഹം തന്റെ മതാവബോധത്തിൽനിന്നും പഠനപരിചയത്തിൽനിന്നും കണ്ടെടുക്കുന്നു. അവയെ ഒറ്റപ്പെട്ട ബിംബങ്ങൾ എന്നതിലുപരിയായി ശാശ്വതവും ചിരസ്ഥായിയുമായ ചില ദർശനസമസ്യകളുടെ പൊരുൾ തെളിക്കുന്ന വഴികളിലേക്കുള്ള വിരൽചൂണ്ടലുകളായി മാറ്റാൻ കഴിയുന്നു എന്നത് തരകൻ എന്ന കവിയുടെയും ദാർശനികന്റെയും നേട്ടമാവുന്നു.

(മലയാള മനോരമ 1997, ജൂൺ 15, ഞായറാഴ്ച പുറം 7)

www.malankaralibrary.com

# 12

## തൂലികത്തുമ്പിൽ വേദാന്തദർശനങ്ങളുമായ്

ജോസി ജോർജ് തട്ടയിൽ (ദീപിക, കോട്ടയം)

പെരിയാറിന്റെ തീരത്ത് മലയാളി വൈദികന്റെ ആംഗലേയ കവിതകളുടെ ഓളം. മലയാളത്തിൽനിന്നും ഇംഗ്ലീഷ് സാഹിത്യത്തിന് ഒരു മുതൽക്കൂട്ടാവുകയാണ് ഡോ. ആന്നിയിൽ തരകൻ. അഞ്ചൽ സെന്റ് ജോൺസ് കോളേജിന്റെ പ്രിൻസിപ്പലായ ഡോ. തരകന്റെ ഇംഗ്ലീഷ് കവിതാസമാഹാരം ഈ മാസം അമേരിക്കയിൽ പ്രകാശനം ചെയ്യുകയാണ്. "ക്വസ്റ്റർ ബൈ ദ റിവർ ആൻഡ് അദർ പോയംസ്" എന്ന സമാഹാരം പ്രസാധനം ചെയ്യുന്നത് അമേരിക്കയിൽ നോത്ര ദാമിലെ (Notre Dame) ക്രോസ് റോഡ്സ് പബ്ലിഷേഴ്സ് ആണ്.

പെരിയാറിന്റെ തീരത്ത് ഭാരതീയത തേടുന്ന 'നദീതീരത്തെ അന്വേഷക'നായി ഡോ. ആന്നിയിൽ തരകൻ തന്റെ ഭാവനയെ സ്വതന്ത്രമാക്കിയപ്പോൾ പിറന്നത് 400 വരികളുള്ള ഭാവഗംഭീരമായ കവിത. ജീവാത്മപരമാത്മ ബന്ധത്തിന്റെ ചൈതന്യം നിറഞ്ഞുനിൽക്കുകയാണ് ഈ കവിതയിലുടനീളം. മകരമാസത്തിലെ മഞ്ഞണിഞ്ഞ പ്രഭാതങ്ങളിൽ ക്ഷേത്രങ്ങളിൽ നിന്നുയരുന്ന സ്തുതിഗീത

www.malankaralibrary.com

ങ്ങൾ കൊണ്ട് ഗ്രാമാന്തരീക്ഷം മുഖരിതമാകുമ്പോൾ പരിശുദ്ധ കന്യകാമറിയത്തെയും വഹിച്ചുള്ള ചിറ്റോടം കടലേഴും കടന്ന് നസ്രാണിപുരത്തെത്തുന്നു. പരിശുദ്ധ അമ്മയ്ക്കു സ്വാഗതമോതുന്നത് കിഴക്കിന്റെ 'അന്നപൂർണേശ്വരിസ്തവം'. കവിതയിൽ ഇഷ്ടദേവതയും ഭഗവതിയുമായി കന്യകാമറിയം മാറുന്നു.

പെരിയാറിലെ ജലരാശിക്കുമേൽ വീശിയ കാറ്റിൽ കവി ഉയിർത്തെഴുന്നേൽപ്പിന്റെ സ്തുതിഗീതങ്ങൾ കേട്ടു. ഒപ്പം തമസിൽനിന്ന് ജ്യോതിസിലേക്കു നയിക്കണമേ എന്ന ഉപനിഷദ് മന്ത്രവും. സംസ്കാരത്തിൽ ഹിന്ദുവും വിശ്വാസത്തിൽ ക്രിസ്ത്യാനിയും ആരാധനാക്രമത്തിൽ സുറിയാനിക്കാരനുമെന്ന് സ്വയം വിശേഷിപ്പിക്കുന്ന തരകനച്ചന്റെ കവിതകളിൽ വേദാന്തദർശനങ്ങളുടെ സജീവ ബിംബങ്ങൾ മുഴച്ചുനിൽക്കുന്നു. ഒരു വൈദികനായതിനാൽ തന്റെ കവിത്വത്തെ അംഗീകരിക്കാൻ കാവ്യലോകം മടിക്കുകയാണോ എന്ന സന്ദേഹം തരകനച്ചനുണ്ട്. 'പ്രപഞ്ചതാളത്തെ പ്രതിഫലിപ്പിക്കുന്ന ദർപ്പണമാണ് കവിഹൃദയം. പരമോന്നതമായ ആധ്യാത്മികതയുടെ ബഹിർസ്ഫുരണത്തിൽനിന്നാണ് സർവ ജ്യോതിസ് വിരിയുന്നത്. 'എല്ലാ കവികളും ഭാഗികമായി മതവിശ്വാസികളാണെന്നും ഗൂഢമായ ഒരാന്തരിക സത്യത്തിന്റെ പ്രവാചകരാണെന്നുമാണ് തരകനച്ചന്റെ കാവ്യദർശനം. നദീതീരത്തെ അന്വേഷകനിൽ അവസാനവരികളിൽ കവിയും വൈദികനും ഒരേ വേദിയിലണിനിരക്കുകയാണ്. കവിയാണ് വൈദികനെന്നും വൈദികനാണ് സമുന്നതനായ കവിയെന്നും 'ദ പ്രീസ്റ്റ് ആൻഡ് ദ പൊയറ്റ്' എന്ന ലേഖനത്തിൽ കവി രേഖപ്പെടുത്തുന്നു.

"ക്വസ്റ്റർ ബൈ ദ റിവറി"ന് മുഖവുരയെഴുതിയിരിക്കുന്നത് പ്രസിദ്ധ ഇംഗ്ലീഷ് സാഹിത്യകാരനായ ഡോം മൊറെയ്സാണ്. ഓക്സ്ഫോഡ് യൂണിവേഴ്സിറ്റിയിൽ ഓറിയന്റൽ പൊയട്രിയുടെ പ്രഫസറായ സെബാസ്റ്റ്യൻ ബ്രോക്ക്, ആംഗലേയവിമർശകരായ മേരി ജയിൻ എഡ്വേർഡ്സ്, പ്രഫ. മൈക്കിൾ അൽസോപ് എന്നിവരുടെ ശ്രദ്ധപിടിച്ചുപറ്റിയ ഈ കൃതിയെ ഭാരതത്തിലെ പ്രാചീന സാഹിത്യത്തോട് ഉപമിച്ചുകൊണ്ടാണ് ഡോം മൊറെയ്സ് മുഖവുര എഴുതിയിരിക്കുന്നത്. ബോംബെയിലെ 'മിഡ്ഡേ' എന്ന പത്രത്തിലെ ഒരു ലേഖനത്തിൽ ഡോം മൊറെയ്സ് ഇപ്രകാരം എഴുതിയിരിക്കുന്നു. "ഞാൻ കടന്നുപോയിട്ടുള്ള ഭാരതീയ കവികളിൽ തികച്ചും വ്യത്യസ്തനാണ് ആന്നിയിൽ തരകൻ. തീവ്രമായ മതാ

www.malankaralibrary.com



ത്മകതയും ചരിത്രാവബോധവും സ്ഫുരിക്കുന്നതാണ് അദ്ദേഹത്തിന്റെ കവിതകൾ". അദ്ദേഹത്തിന്റെ മാസ്റ്റർ പീസായ ക്വസ്റ്റർ ബൈ ദ റിവർ എന്ന കവിതയ്ക്കു പുറമേ ഈ സമാഹാരത്തിൽ 23 കവിതകളാണുള്ളത്.

പെരിയാറിന്റെ തീരത്ത് ഭാരതീയതയെ അന്വേഷിച്ച കവി എത്തിച്ചേരുന്നത് വാഴ്ത്തപ്പെട്ടവളായ അൽഫോൻസാമ്മയുടെ കബറിടത്തിലാണ്. നിരവധി ചിന്തകളും അവരുടെ ജീവിതകാലഘട്ടങ്ങളുടെ ഹൃദയസ്പന്ദനങ്ങളും ഈ നീണ്ട കവിതയിലുണ്ട്. ഷോപ്പനോവർ, ബ്ലയിസെ പാസ്കാൽ, റെനെ ഡെകാർട്ട്, തെയ്യാർ ദ് ഷർദെൻ, ദാന്തേ തുടങ്ങിയ ചിന്തകരുടെ പാരമ്പര്യ മൂല്യങ്ങളിൽ നിന്നാണ് കവി തന്റെ സത്ത കണ്ടെത്തുന്നത്. പെരിയാറിന്റെ തീരത്തിരുന്നും നദിതീരത്തെ അന്വേഷകന്റെ ആദ്യവരികൾ മനസിൽ നിന്നും കടലാസിലേക്കു പകർത്തുമ്പോൾ പെരിയാർ ബൗദ്ധിക ജീവിത പ്രവാഹിനിയായി മാറുന്നു.

കവിതയിൽ ഹൈന്ദവദർശനങ്ങൾ തേടുന്ന തരകനച്ചന് 1987-ൽ നോത്ര ദാം യൂണിവേഴ്സിറ്റി ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നൽകി. 'മാത്യു ആർനോൾഡിന്റെ കവിതകളിലെ ഭഗവദ്ഗീതയുടെ സ്വാധീന' മായിരുന്നു പഠനവിഷയം. "ദ സ്കോളർ ജിപ്സി", "റസിഗ്നേഷൻ" തുടങ്ങി ആർനോൾഡ് കവിതകളിൽ നിന്നാരംഭിച്ച അന്വേഷണം "ഭഗവദ്ഗീത" യുടെ വിവിധ ഭാഷ്യങ്ങളിലേക്കും വ്യാപിച്ചു.

പതിനേഴാം നൂറ്റാണ്ടിലെ ജോൺഡൺ, ഹെർബർട്ട് തുടങ്ങിയവർ ക്രിസ്തീയസഭ കാവ്യലോകത്തിന് നല്കിയ മുത്തുകളായിരുന്നു. സെയ്ന്റ് അഗസ്റ്റിനും മാർ എഫ്രേമും മിസ്റ്റിക് കവിയായ ക്രൂശിന്റെ യോഹന്നാനും പൗരോഹിത്യജീവിതത്തിൽ കാവ്യാംശം തെളിയിച്ച അനർഘ രത്നങ്ങളാണ്. ദാന്തേയുടെ "ദ് ഡിവൈൻ കോമഡി"യിലും എലിയറ്റിന്റെ "ദ് വേയ്സ്റ്റ്ലാൻഡിലും" മതാത്മകാന്തരീക്ഷം തുളുമ്പുന്നു. ആധുനിക കവിയായ പീറ്റർ ലെവി കവിതയുടെ ഖനികൾ തേടാനായി പൗരോഹിത്യ ജീവിതമുപേക്ഷിച്ച വൈദികനായിരുന്നു.

മാവേലിക്കരയ്ക്കടുത്തുള്ള കറ്റാനം ഗ്രാമത്തിൽ 1943-ൽ ജനിച്ച ഡോ. ആന്നിയിൽ തരകൻ കാവ്യ പാരമ്പര്യമുള്ള കുടുംബത്തിലാണ് പിറന്നത്. ഉഷ്ണവേഗത്തിലൊഴുകുന്ന ഐഹിക ജീവി

www.malankaralibrary.com


തത്തിൽ ആധ്യാത്മികതലങ്ങളുടെ സ്വാധീനം ആത്മപരിശോധന യുടെ അൾത്താരയിൽ നിർത്തി കവി പരിശോധിക്കുകയാണ്. "ദ് ഷീൽഡ്", "മെസഞ്ചർ", "സെന്റ് റിക്", "അറേബ്യൻടൈംസ്", "കോമൺ വെൽത്ത് ക്വാർട്ടർലി", "ജേർണൽ ഓഫ് ലിറ്ററേച്ചർ ആൻഡ് എയ്സ് തെറ്റിക്സ്" എന്നീ ദേശവിദേശ ആനുകാലികങ്ങളിൽ തരകനച്ചന്റെ കവിതകളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ക്രൂശിന്റെ യോഹ ന്നാന്റെയും, ഹോപ്കിൻസിന്റെയും വഴിയിലെ ആധുനികനായ കവി യായി മാറുന്ന തരകനച്ചൻ വിനയാന്വിതനായി പറയുന്നു, ഇന്ത്യാ ക്കാരന്റെ സ്വത്വമാണ് എന്റെ കവിതയിൽ. എന്റെ നാട് എന്നെ അംഗീ കരിക്കും. തീർച്ച!

(സൺഡേ ദീപിക 1997 മാർച്ച് 30, ഞായർ, കോട്ടയം)

www.malankaralibrary.com

# 13

## ആന്നിയിൽ തരകൻ മലയാളിയായ ആംഗലേയ കവി

എം. വി. തോമസ്, ഡെപ്യൂട്ടി ഡയറക്ടർ, പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ്, ഗവൺമെന്റ് ഓഫ് കേരള, തിരുവനന്തപുരം (ദീപിക, കോട്ടയം)

ആർ. കെ. നാരായണൻ, ഡോം മൊറെയിസ്, കുഷ്‌വന്ത് സിംഗ് തുടങ്ങിയ ഇന്തോ – ആംഗ്ലിയൻ എഴുത്തുകാരുടെ പട്ടികയിൽ ഇതാ മലയാളിയായ ഒരു ക്രൈസ്തവ പുരോഹിതൻകൂടി – ആന്നിയിൽ തരകൻ.

“ഞാൻ വായിച്ച് പരിചയിച്ചിട്ടുള്ള ഇന്ത്യൻ കവികളിൽനിന്ന് തികച്ചും വ്യത്യസ്തൻ” എന്നാണ് ഡോം മൊറെയ്സ് ഈയിടെ ബോംബെയിലെ “മിഡ്ഡേ” എന്ന പത്രത്തിൽ എഴുതിയ ഒരു ലേഖ നത്തിൽ അദ്ദേഹത്തെ വിശേഷിപ്പിച്ചത്. തരകനച്ചന്റെ കവിത കളിൽ പലതും അസാധാരണമാണെന്നും അദ്ദേഹം അഭിപ്രായ പ്പെട്ടു. അമേരിക്കൻ ഐക്യനാടുകളിൽനിന്നും പ്രസിദ്ധീകരിക്കുന്ന “ദ് ഷീൽഡ്”, “സെൻട്രിക്”, “കോമൺസെൻസ്”, “ഒബ്സർവർ”, “ദ് ബൈബിൾ ടുഡേ” തുടങ്ങിയ ആനുകാലികങ്ങളിലാണ് ഡോ. തരകന്റെ കവിതകളും ലേഖനങ്ങളും പ്രകാശനം ചെയ്തിട്ടുള്ളത്.

“ദ് മെസ്സൻജർ” (ശ്രീലങ്ക), “ഇംഗ്ലീഷ് ടീച്ചിംഗ് ന്യൂസ്‌ലെറ്റർ” (ചിലി), “പോപ്പോളി” (ഇറ്റലി), “ദേർ ക്രിസ്റ്റലിഷ് ഓസ്റ്റേൺ” (ജർമ്മനി),

www.malankaralibrary.com

"മിസിയോ എക്സ്ട്രിഞ്ച് ദേ പാരീസ്" (ഫ്രാൻസ്), "ഉത്ത് ഓംനസ് ഊണും" (ജർമ്മനി) തുടങ്ങിയ മാസികകളിൽ ഇംഗ്ലീഷിലോ അതതു ഭാഷകളിൽ നിവർത്തിത രൂപത്തിലോ ഈ കവിയുടെ രചനകൾ ചേർത്തിട്ടുണ്ട്. "ദ് ഇന്ത്യൻ എക്സ്പ്രസ്", "ദ് സൺഡേ സ്റ്റാൻഡേർഡ്", "ഹോം ലൈഫ്", "ദ് വീക്ക്", "എക്സാമിനർ", "ദ് ഹെറാൾഡ്", "ദ് ന്യൂ ലീഡർ" മുതലായ ഇന്ത്യൻ പത്രമാസികകളിലും ഡോ. തരകന്റെ കവിതകളും ലേഖനങ്ങളും പ്രസിദ്ധീകരിക്കാറുണ്ട്. മുപ്പത്തേഴു വർഷമായി കാവ്യരചനയിൽ ഏർപ്പെട്ടിരിക്കുന്ന അദ്ദേഹത്തിന്റെ നൂറോളം ഇംഗ്ലീഷ് കവിതകൾ ഇതിനകം പ്രകാശനം ചെയ്തിട്ടുണ്ടാവും. അതിലേറെ കവിതകൾ പ്രകാശം കാണാതെ ഇരിപ്പുണ്ട്. വിവിധ സർവകലാശാലകളും പ്രസിദ്ധീകരണങ്ങളും പുറത്തിറക്കിയ ആറ് കാവ്യസമാഹാരങ്ങളിൽ അദ്ദേഹത്തിന്റെ കവിതകൾ കാണാം. ചിലിയിലെ വിദ്യാഭ്യാസ വകുപ്പ് ഒരു പഠന സഹായി എന്ന നിലയിൽ തരകനച്ചന്റെ ഒരു കവിത പോസ്റ്ററായി അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്.

ഏതാണ്ട് നാല് പതിറ്റാണ്ടായി കവിതയെഴുതുന്ന അച്ചൻ പുസ്തകമൊന്നും പ്രസിദ്ധീകരിച്ചിട്ടില്ലേ? ഇല്ല. പൊതുവേ കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിക്കുന്ന കാര്യത്തിൽ ഇന്ത്യയിലും പുറത്തുമുള്ള ബിസിനസ്സുകാരായ പ്രസാധകർ മുൻകൈ എടുക്കാറില്ല. എങ്കിലും ഞാൻ ഈയിടെ അമേരിക്കയിൽ പോയപ്പോൾ അവിടത്തെ ഒരു പ്രസാധകൻ എന്റെ തെരഞ്ഞെടുത്ത കവിതകൾ പ്രസിദ്ധീകരിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. അതിന് അവതാരിക എഴുതാമെന്ന് ഡോം മൊറെയിസ് പറഞ്ഞിരിക്കുകയാണ്.

കൊല്ലം ജില്ലയിലെ അഞ്ചൽ സെന്റ് ജോൺസ് കോളേജിൽ ഇപ്പോൾ പ്രിൻസിപ്പലായി പ്രവർത്തിക്കുന്ന ഡോക്ടർ ആന്നിയിൽ തരകൻ 1958-ൽ ആദ്യമായി കാവ്യരചന നടത്തിയത് മലയാളത്തിലായിരുന്നു. കറ്റാനം ഹൈസ്കൂളിൽ വിദ്യാർത്ഥിയായിരിക്കെ കുട്ടികളുടെ ഒരു യോഗത്തിൽ വായിക്കുന്നതിനുവേണ്ടിയാണ് അത് എഴുതിയത്. 1961-ൽ പൂനയിലെ പേപ്പൽ സെമിനാരിയിൽ ചേർന്ന ശേഷമാണ് വീണ്ടും കവിതയെഴുതിത്തുടങ്ങിയത്. അങ്ങനെ 'This Land of mine' എന്ന ആദ്യത്തെ ഇംഗ്ലീഷ് കവിതയെഴുതി. അത് 1962-ൽ കറ്റാനത്തെ സ്വരാജ് ബാലജനസഖ്യം സുവനീറിൽ പ്രസിദ്ധീകരിച്ചു. അതിനുശേഷം ഇംഗ്ലീഷിൽ മാത്രമേ കവിത എഴുതിയിട്ടുള്ളൂ.

www.malankaralibrary.com


വൈദികപട്ട സ്വീകരണത്തിന്റെ തലേന്നാൾ - 1968 ഒക്ടോബർ പതിനേഴിന് അദ്ദേഹം എഴുതിയ "The Thrill of a Life-time" എന്ന കവിത ഏറെ ശ്രദ്ധേയമായി. "ക്രിസ്തുവാകുന്ന ജോർദ്ദാൻ നദി ഭാരതഗംഗയുമായി സംഗമിച്ച് തന്റെ ജീവിതമാകുന്ന ഊഷരഭൂമിയെ ഫലഭൂയിഷ്ഠമാക്കട്ടെ" എന്ന പ്രാർത്ഥന ആയിരുന്നു അതിൽ അടങ്ങിയിരുന്നത്. അച്ചന്റെ പിൽക്കാല കവിതകളുടെയും സാഹിത്യ പ്രവർത്തനങ്ങളുടെയും അന്തർധാര അതിൽ കണ്ടെത്താം. വ്യത്യസ്ത സംസ്കാരങ്ങളെയും വിശ്വാസങ്ങളെയും സമന്വയിപ്പിക്കുന്നതിൽ അദ്ദേഹം ആശ്വാസം കണ്ടെത്തി. "സംസ്കാരംകൊണ്ട് ഞാനൊരു ഹിന്ദുവും വിശ്വാസം കൊണ്ട് ഒരു ക്രിസ്ത്യാനിയും ആചാരം കൊണ്ട് ഒരു സുറിയാനിക്കാരനുമാണ്" എന്ന് കവി പറയുന്നു.

സാഹിത്യ പ്രവർത്തനത്തെ ആധ്യാത്മിക ജീവിതത്തിന്റെ ഭാഗമായി കാണുന്ന ഡോ. തരകൻ ക്രിസ്തുവെന്ന 'പ്രാണപ്രേയസി' യെ തേടുന്ന അന്വേഷകനായ കാമുകൻ എന്ന സങ്കല്പമാണ് മിക്ക കവിതകളിലും സ്വയം സ്വീകരിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ മാസ്റ്റർ പീസ് എന്ന് കരുതാവുന്ന 'നദീതീരത്തെ അന്വേഷകനെ' (Quester by the River) ഒരു ഉദാത്ത കലാസൃഷ്ടിയാക്കുന്ന പ്രധാനഘടകം ഈ സമീപനമാണ്. 'ഇന്ത്യയിലെ ഇംഗ്ലീഷ് കവിതയിൽ പുതിയതും സ്വാഗതാർഹവുമായ ഒരു പാരമ്പര്യം പ്രോദ്ഘാടനം ചെയ്ത കൃതി' എന്നാണ് പ്രശസ്ത തമിഴ്കവിയും നോവലിസ്റ്റുമായ നകുലൻ (പ്രൊഫ. ദോരൈസ്വാമി) ഈ കവിതയെപ്പറ്റി പറയുന്നത്. കാനഡയിലെ കാർലിറ്റൻ യൂണിവേഴ്സിറ്റിയിൽ പ്രൊഫസ്സറായ മേരി ജെയ്ൻ എഡ്വേർഡ്സ്, ഇന്ത്യൻ നിരൂപകനായ പ്രൊഫ. ആർ. എസ്. തിവാരി തുടങ്ങിയവർ ഈ കവിതയെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്. നാനൂറ് വരികളുള്ള ഈ കവിത പ്രകാശനം ചെയ്തത് 'Journal of literature and Aesthetics' എന്ന ത്രൈമാസികയുടെ (കൊല്ലം) 1983 ജനുവരി ലക്കത്തിലാണ്. നകുലന്റെ നിരൂപണവും അതോടൊപ്പം ചേർത്തിരുന്നു.

കവിയുടെ അന്വേഷണം കുറേക്കൂടി ഫലപ്രാപ്തിയിലെത്തുന്ന ചിത്രമാണ് 1994 ലെഴുതിയ 'സമാധി മന്ദിരത്തിലെ അന്വേഷകൻ' (Quester by the Tomb) കാഴ്ചവയ്ക്കുന്നത്. മുന്നൂറോളം വരികളുള്ള ഈ കവിതയിൽ വാഴ്ത്തപ്പെട്ട സിസ്റ്റർ അൽഫോൺസാമ്മയുടെ സമാധിമന്ദിരം കവിയിൽ ഉണർത്തിവിട്ട ചിന്തകളാണ് അടങ്ങിയിട്ടുള്ളത്. ഇത് പ്രസിദ്ധീകരിച്ചിട്ടില്ല.

'മറിയാമ്മ' നാടകമെഴുതിയ കൊച്ചീപ്പൻ തരകന്റെ കുടുംബാംഗമായ ഈ ആംഗല കവിക്ക് ചെറുപ്പം മുതല്ക്കേ സാഹിത്യ

www.malankaralibrary.com


ത്തിൽ കൗതുകമുണ്ടായിരുന്നു. പിതൃസഹോദരിയായ മദർ സൾഗാ (ബഥനിമഠം) നല്ല ഒരെഴുത്തുകാരിയായിരുന്നു. കായംകുളത്തിനടുത്ത് ആന്നിയിൽ സൈമൺ തരകന്റെയും മറിയാമ്മയുടെയും മൂന്നാമത്തെ സന്താനമായി 1943 ജനുവരി ഇരുപതിനാണ് ഫാദർ തരകൻ ജനിച്ചത്. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1959-ൽ വൈദികവിദ്യാർഥിയായി തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്ന അദ്ദേഹം രണ്ടുവർഷം കഴിഞ്ഞ് ഉപരിപഠനത്തിനായി പൂനയിലെ പേപ്പൽ സെമിനാരിയിൽ പ്രവേശനം നേടി. 1968-ൽ വൈദികപട്ടം ലഭിച്ചു. മാവേലിക്കര ബിഷപ് മൂർ കോളേജിൽനിന്ന് ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും ബി.എ. ബിരുദവും ചങ്ങനാശേരി എസ്.ബി. കോളേജിൽനിന്ന് എം.എ. ബിരുദവും നേടി. 1976 മുതൽ രണ്ടുവർഷം അഞ്ചൽ സെന്റ് ജോൺസ് കോളേജിൽ അധ്യാപകനായിരുന്നു. 1978-ൽ മാർ ഈവാനിയോസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിൽ അധ്യാപകനായി ചേർന്നു. 1983 മുതൽ 88 വരെ അമേരിക്കയിലായിരുന്നു അദ്ദേഹം. അവിടുത്തെ പ്രശസ്തമായ നോത്ര ദാം (Notre Dame) സർവകലാശാലയിൽനിന്നും 1987-ൽ പി.എച്ച്.ഡി. ബിരുദം സമ്പാദിച്ചു. 'മാത്യു ആർണോൾഡിന്റെ കവിതകളിൽ പൗരസ്ത്യ ചിന്തയുടെ സ്വാധീനത' എന്ന വിഷയത്തെ സംബന്ധിച്ച പ്രബന്ധമാണ് അവിടെ സമർപ്പിച്ചത്.

മാർ ഈവാനിയോസ് കോളേജിലെ സ്റ്റാഫ് ക്വാർട്ടേഴ്സിൽ അച്ചന്റെ മുറി നിറയെ പുസ്തകങ്ങളാണ്. ആഴ്ചതോറും അഞ്ചലിൽനിന്ന് അവിടെ വന്ന് പുസ്തകങ്ങളുമായി സല്ലപിക്കുന്ന തരകനച്ചനെ കണ്ടുമുട്ടിയപ്പോൾ ഒരു കുസൃതിച്ചോദ്യം ചോദിച്ചു.

"വൈദികനായ അങ്ങേയ്ക്ക് കവിയായി പ്രവർത്തിക്കുന്നതുമൂലം വല്ല മാനസിക സംഘർഷവും അനുഭവപ്പെടാറുണ്ടോ?". "തീരെ ഇല്ലെന്നു പറഞ്ഞുകൂടാ. പക്ഷേ ആ സംഘർഷം തന്നെയാണ് എന്റെ ഏറ്റവും വലിയനേട്ടം. അതാണ് എന്നെ കവിതയെഴുതാൻ പ്രചോദിപ്പിക്കുന്നത്".

എന്നാൽ, ഒരു വൈദികൻ കവിത എഴുതുന്നതിനോട് വിശേഷിച്ചും ഇംഗ്ലീഷിൽ - നമ്മുടെ സമൂഹത്തിന്റെ നിലപാട് അത്രയൊന്നും സ്വാഗതാർഹമല്ല.

(ദീപിക, 1996 ഓഗസ്റ്റ് 11 ഞായർ, കോട്ടയം, പുറം 3)

www.malankaralibrary.com

# 14

## ളോഹക്കുള്ളിലെ കാവ്യഹൃദയം

ഗോപൻ (കുങ്കുമം, കൊല്ലം)

ഭാരതീയരായ നിരവധി ആംഗലേയ കവികൾ നമുക്കുണ്ട്. ഡോം മൊറെയ്സ്, നിസിം ഇസകൃൽ, കമലാദാസ്, പാർത്ഥ സാരഥി. ആ ശൃംഖലയിലെ ശക്തിയുള്ള കണ്ണിയാണ് ഡോ. ആന്നി യിൽ തരകൻ.

കോളേജ് പ്രിൻസിപ്പൽ, വൈദികൻ.... സർവ്വോപരി ആന്നിയിൽ തരകൻ കവിയാണ്. കവിയായ ഏക ഇന്ത്യൻ ക്രിസ്തീയ പുരോ ഹിതൻ. മിക്ക വിദേശ ആനുകാലിക പ്രസിദ്ധീകരണങ്ങളിലും അദ്ദേഹം കവിത എഴുതുന്നു. ആന്നിയിൽ തരകന്റെ "ക്വസ്റ്റർ ബൈ ദ് റിവർ ആന്റ് അദർ പൊയംസ്" എന്ന കവിതാസമാഹാരം അമേ രിക്കയിൽ പ്രകാശനം ചെയ്യപ്പെടുകയുണ്ടായി. കേരളത്തിലെ പ്രകാ ശനം 1997 ആഗസ്റ്റ് 23-ാം തീയതി കേരളാ യൂണിവേഴ്സിറ്റി സെനറ്റു ഹാളിൽ നടന്നു. തിരുവനന്തപുരം ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് തിരുമേനി പുസ്തകത്തിന്റെ ആദ്യപ്രതി കേരളാ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. എൻ. ബാബുവിന് നൽകി. ന്യൂയോർക്കിലെ ക്രോസ് റോഡ്സ് പബ്ലിക്കേഷൻസാണ്

www.malankaralibrary.com


പ്രസാധകർ. കേരളത്തിന്റെ പ്രകൃതിഭംഗി ഒപ്പിയെടുത്ത മനോഹര മായ പുറംചട്ടയോടെ.

ഒരു പുരോഹിതൻ കവിത എഴുതുന്നു എന്നു കേൾക്കുമ്പോൾ കുറെ സ്തോത്രക്കാഴ്ചകൾ എഴുതപ്പെടുന്നു എന്നു മാത്രമേ നാം കരുതാറുള്ളൂ. എന്നാൽ അതിൽ നിന്നും തികച്ചും വ്യത്യസ്തമായി, കാവ്യമർമ്മം കണ്ടെത്തിയ ഒരു കവിയാണ് ആന്നിയിൽ തരകനെന്ന് ആ കവിതകളിലൂടെ കടന്നുപോകുമ്പോൾ നമുക്ക് മനസ്സിലാകും.

തരകനച്ചൻ പറയുന്നു: "ക്രിസ്തീയ വൈദികർ പൊതുവേ കവിത എഴുതുന്നില്ല എന്നത് സത്യമാണ്. അതിന് പ്രധാനമായി മൂന്ന് കാരണങ്ങളുണ്ട്. സഭയുടെ ക്രമീകരണം അതിന് അനുയോജ്യമല്ല. സഭ പ്രസ്ഥാനവൽക്കരിക്കപ്പെട്ടു. ക്രിയാത്മകതയും സാഹിത്യവും വേണമെങ്കിൽ പ്രകൃതിയുടെ ശുദ്ധമുഗ്ധതയിലേക്ക് മടങ്ങിപ്പോകണം. സമൂഹം തന്നെ തിരിച്ചുപോകണം. ഉദാഹരണം ഷേക്സ്പിയർ. അദ്ദേഹം ഒരു ഓർഗാനിക് കാലഘട്ടത്തിൽ ജീവിച്ചിരുന്ന ആളാണ്. ക്രിയാത്മകമായി ചിന്തിച്ച കാലം. ഈ കാലഘട്ടത്തിൽ ധാരാളം കലാകാരന്മാരുണ്ടായി. ഇരുപതാം നൂറ്റാണ്ടിൽ ആ നിഷ്ക്കളങ്കത ഇല്ലാതായി. സഭ ഭൗതികവൽക്കരിക്കപ്പെട്ടു. ഈ കാഴ്ചപ്പാടിനെ വ്യക്തമാക്കുന്ന കൃതിയാണ് കാർലയിലിന്റെ സാർതോർ റിസാർത്തുസ് (Sartor Resartus) എന്ന ഗ്രന്ഥം.

ചോ: അപ്പോൾ സമൂഹത്തോടൊപ്പം നീങ്ങുന്നവരാണ് പൊതുവേ പുരോഹിതർ എന്നു പറയാമോ...?

ഉ: പാടില്ല. സർഗ്ഗശക്തിയുള്ള കുറേപ്പേരെങ്കിലും മാറിനിൽക്കുന്നുണ്ട്. അവർ ചിലതൊക്കെ ചെയ്യുന്നുമുണ്ട്. സഭ അനുവദിച്ചാൽ കൂടുതൽ പേർ രംഗത്തുവരികതന്നെ ചെയ്യും.

ചോ: അച്ചന്റെ കാവ്യദർശനം വിശദീകരിക്കാമോ...?

ഉ: അതീന്ദ്രിയമായ അനുഭൂതിയുടെ നിമിഷങ്ങളിൽ അപരൻ ആരാണെന്നുള്ള അന്വേഷണബോധം എന്നെ കാവ്യസൃഷ്ടിയിലേക്ക് നയിക്കുന്നു. എന്റെ കവിതയിൽ അനുഭവവേദ്യമാകുന്ന ഇതരവ്യക്തിയെ നീയെന്നും അപരനെന്നും പ്രാണപ്രേയസ്സിയെന്നും പരാമർശിക്കപ്പെടുന്നു. ഈ സ്വർഗ്ഗപ്രക്രിയയിലൂടെ ഉരുത്തിരിയുന്ന പ്രേയസീദർശനവും അത് അന്വേഷകനിലുണ്ടാക്കുന്ന സ്വാധീനവും തൽഫലമായി ആത്മാവിലുണരുന്ന കാല-ചരിത്രാവബോധവുമാണ് എന്റെ കവിതയുടെ ഉറവിടം.

www.malankaralibrary.com


പതിനഞ്ചാമത്തെ വയസ്സിനുശേഷം ഡോ. ആന്നിയിലിന് കേരളവുമായി വലിയ ബന്ധമൊന്നുമില്ല. വിദ്യാഭ്യാസവും ജീവിതവും വിദേശങ്ങളിൽ. ഇംഗ്ലീഷ് സാഹിത്യത്തിലും ദൈവശാസ്ത്രത്തിലും ബിരുദാനന്തരബിരുദം നേടി. ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ വൈഡനേഴ്സ് ലൈബ്രറിയിൽ റിസർച്ച് നയിച്ചു. അമേരിക്കയിലെ നോത്ര ദാം യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടി. പൗര സ്ത്യ ചിന്തയും മാത്യു അർണോൾഡും എന്ന തീസിസ് തയ്യാറാക്കി. മാത്യു അർണോൾഡിന്റെ നിര്യാണത്തിനുശേഷമുള്ള നൂറുവർഷ ങ്ങളിൽ ആദ്യത്തെ വർക്കാണ് ഈ വിഷയത്തിലുള്ള പഠനം. മനസ്സ് ഭാരതത്തിലിട്ടിട്ട് വ്യാപാരങ്ങൾ മാത്രം വിദേശത്തേക്ക് കൊണ്ടു പോയ ആ വൈദികൻ പറയുന്നു. "വൈദികർ കവികളല്ലെന്ന സാമാന്യവൽക്കരണം ഭാരതത്തിലെ കുറച്ച് ക്രിസ്തീയ വൈദിക രിലൂടെ നടത്തുന്നത് ശരിയല്ല. ആർഷഭാരത സംസ്ക്കാരംതന്നെ വൈദികപ്രോക്തമാണ്. നമ്മുടെ ക്ലാസിക് രചനകളെല്ലാം അവരു ടേതാണ്. വൈദികരുടെ സംഭാവനകൾ മാറ്റിനിർത്തിയാൽ ഭാര തീയ സാഹിത്യത്തിലെന്നപോലെ പാശ്ചാത്യസാഹിത്യത്തിലും വിശേഷിച്ചൊന്നും ബാക്കിയില്ല".

ചോ: അച്ചൻ ഇംഗ്ലീഷിലാണ് കവിതകളെഴുതുന്നതെങ്കിലും അവ തികച്ചും ഭാരതീയങ്ങളാണല്ലോ. അന്വേഷണശതകം, വേദിക് വാട്ടർ... എന്തിന് രചനാശൈലിക്കുപോലും ഒരു ശ്ലോകാത്മകത. ഈ ശൈലി ആംഗലേയസാഹിത്യം എത്രത്തോളം സ്വീകരിക്കും?

ഉ: എന്റെ കവിതകൾ ഭാരതീയമാണ്. കാരണം ഞാൻ തികച്ചും ഭാരതീയനാണ്. ഏതു നാട്ടിലായിരുന്നപ്പോഴും ഞാൻ അങ്ങനെ തന്നെ ആയിരുന്നുതാനും. ഭാരതീയമായ താളബോധവും സംഗീ തവും എന്റെ കവിതകളിൽ അന്തർലീനമാണ്. അങ്ങനെതന്നെ വേണമെന്നും ഞാൻ വിശ്വസിക്കുന്നു. അറിയാവുന്ന കാര്യങ്ങളെപ്പറ്റി അറിയാവുന്ന രീതിയിലെഴുതുന്നതാണ് ആത്മാർത്ഥമായ പ്രവൃത്തി. എന്റെ കാവ്യപ്രവൃത്തികൾ ആത്മാർത്ഥമാണ്.

ചോ: ഈ ശൈലി ആംഗലേയസാഹിത്യം എങ്ങനെ സ്വീകരിക്കു മെന്നതിനെപ്പറ്റി....?

ഉ: അക്കാര്യം ഞാൻ ഏറെ ചിന്തിച്ച് വ്യസനിക്കുന്നില്ല. എന്റെ നാടി നെക്കുറിച്ചും സംസ്ക്കാരത്തെക്കുറിച്ചും എനിക്ക് ഏറെ പറയാനുണ്ട്. എന്റെ കവിതയ്ക്ക് ആഴങ്ങളുണ്ടാകുന്നത് ആ കാഴ്ചപ്പാടുകൊണ്ടാ

www.malankaralibrary.com



ണെന്ന് ഞാൻ വിശ്വസിക്കുന്നു. ആംഗലേയശൈലിയിൽ ഇന്ത്യൻ എഴുത്തുകാർ എഴുതാൻ ശ്രമിക്കുന്നത് ഒരു ദുരന്തമാണെന്നും അതു കൊണ്ട് ആത്മപ്രകാശനം പൂർണ്ണമായി നിർവഹിക്കാൻ കഴിയാതെ അവർ പലപ്പോഴും മുഖംമൂടിധരിച്ച നാട്യക്കാരായി അധഃപതിക്കുന്നു എന്നും ഇൻഡോ-ആംഗ്ലിയൻ എഴുത്തുകാരെപ്പറ്റി പലരും പറയാ റുണ്ട്. നഭചരങ്ങളുടെ യുക്തിപരതയുടെ വൈരുധ്യങ്ങളിൽ എന്റെ കവിത രൂപപ്പെടുന്നു. ഞാൻ സത്യത്തെ ദർശിക്കുമ്പോൾ ഗണിത ങ്ങളുടെ യുക്തി എനിക്കന്യമാകുന്നു. ഗണിതശാസ്ത്രത്തിന് മൗലി കമായ ദർശനം ഉൾക്കൊള്ളാൻ കഴിയില്ലെന്ന ദർശനത്തെ ഞാൻ ഉൾക്കൊള്ളുന്നു.

ആന്നിയിൽ സ്വന്തം കാവ്യ സമീക്ഷ വെളിപ്പെടുത്തുന്നു. താൻ കവിത എഴുതുന്നത് കവിതയുടെ പുനരുദ്ധാരണത്തിനും പുനർജൻമ ത്തിനും വേണ്ടിയാണെന്ന ചിന്ത കവിതയിലുടനീളമുണ്ട്.

I quest by the tomb,
The resurrection of my life
By these lines sets in,
Transfuses the saint's call
And these notes into my being.

കവിത പ്രപഞ്ചത്തെ നോക്കിക്കാണുന്നതിനുള്ള ഒരു മാധ്യമം കൂടിയാണ് കവിക്ക്. അതിലൂടെയാണ് കവിയും മിത്രങ്ങളും എല്ലാം ഒന്നായിത്തീരുന്നത്.

ചോ: അച്ചന്റെ കവിതകൾ പൊതുവേ സരളവും ശാന്തവും തീര ങ്ങളെ സാന്ത്വനിപ്പിക്കുന്നവയുമാണ്. എന്നാൽ 'ദ് കേവ്' വളരെ വ്യത്യസ്തമാണല്ലോ... എന്തേ ഇങ്ങനെ....

The lantern trembles,
Shadows hesitate and fade,
Ghosts fly wild.

ഉ: എന്റെ 'ദ് കേവ്' വളരെ വ്യത്യസ്തമായ ഒരു കവിതയാണ്. ആ കവിത ഞാൻ 1984-ൽ അമേരിക്കയിൽ വച്ചെഴുതിയതാണ്. ഇന്ത്യൻ കവിതകൾക്ക് പൊതുവേ എലിയട്ടനെപ്പോലെയോ യേറ്റ്സി നെപ്പോലെയോ എഴുതാൻ കഴിയില്ലെന്ന വിമർശനത്തിന് മറുപടി യാണ് ആ കവിത. പക്ഷേ ആ കവിത എന്റെ കവിതകളുടെ മുഖ മുദ്രയല്ല എന്ന സത്യംകൂടി വെളിപ്പെടുത്തേണ്ടതുണ്ട്.

പ്രിയരെ... നിങ്ങൾ ഋഷിസൂക്തങ്ങളഴിഞ്ഞ ഗിരിശൃംഗങ്ങൾപോലെ.

www.malankaralibrary.com


തെളിഞ്ഞ മുഖമുള്ളവർ
ഞാനാ വേദമന്ത്രങ്ങൾ കേൾക്കുന്നു....
ശിവോഹം.... എന്ന സനാതനദർശനം.

ഈ മണ്ണ് സ്നേഹംകൊണ്ട് ശുദ്ധവും ഐക്യത്താൽ ഉന്നതവും ആകുന്നു. സ്നേഹം കുരിശുമരണമാണ്. ഈ മണ്ണ് വാഗ്ദത്തഭൂമിയും. ഈ സ്വനം പ്രപഞ്ചതാളത്തിന്റെ സ്പന്ദമാണ്. ഞാനീ വഴിച്ചിന്ത് പാടുന്നു. ശരീരം നുറുക്കി ഞാൻ നിങ്ങൾക്ക് തരുന്നു. ഇതെന്റെ രക്തത്തിന്റെ മഹത്വമാകുന്നു എന്ന ക്രിസ്തീയ വേദശാസ്ത്ര ദർശനങ്ങളിലേക്ക് പ്രവഹിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നു. രണ്ടു സംസ്ക്കാരങ്ങളുടെ സമന്വയം ഡോ. ആന്നിയിലിന്റെ കവിതകളിലുടനീളം സ്പന്ദിക്കുന്നുണ്ട്. നദിയുടെ താളലയങ്ങളിൽ കവിതയുടെ ഇഴകൾ. സ്തോത്രങ്ങളും ഋഷിസൂക്തങ്ങളും കെട്ടുപിണയുന്നു.

ചോ: ഈ സമന്വയ യാദൃച്ഛികമാണോ....?

ഉ: അല്ല. 1988 മെയ് മാസം 16-ാം തീയതി പാരീസിൽ 128 റുവേ ദു ബാക്ക് (128 Rue du Bac) എന്ന സ്ഥാപനത്തിലെ ലൈബ്രറിയിൽ വച്ചാണ് ഞാൻ രമണമഹർഷിയുടെ പുസ്തകങ്ങളുമായി പരിചയപ്പെടുന്നത്. ഹൃദയം ഒരു ഗഹ്വരമാണെന്നും മനസ്സ് ഒരു മരുപ്രദേശമാണെന്നും സത്വം ആ ആന്തരികതയിൽ നിരന്തരം തപം ചെയ്യപ്പെടുന്നു എന്നുമുള്ള ദർശനം എന്നെ ആകർഷിച്ചു. അതെന്നെ ഗീതയിലേക്കും ശങ്കരഭാഷ്യത്തിലേക്കും നയിച്ചു. അതേസമയം ക്രിസ്തീയ വേദശാസ്ത്രവും എന്നെ ആഴത്തിൽ സ്പർശിച്ചു.

ചോ: എങ്ങനെ...?

ഉ: ഹിന്ദുധർമ്മത്തിൽ അഹം ബ്രഹ്മാസ്മി ഒരു ദർശനമാണ്. ആ ദർശനത്തിൽ അഹം ബ്രഹ്മത്തിൽ പൂർണ്ണമായി വിലയം കൊള്ളുന്നതാണ് പരമാനന്ദാവസ്ഥ. ആത്യന്തികമായി ബ്രഹ്മത്തിൽനിന്ന് വേറിട്ട് അഹം നിലനിൽക്കുന്നില്ല. എന്നാൽ ക്രിസ്തീയ ദർശനങ്ങളിൽ ബ്രഹ്മം ക്രിസ്തുവാണ്. അഹം ഇവിടെ ബ്രഹ്മത്തിൽ പൂർണ്ണമായി വലയം കൊള്ളുന്നില്ല. അഹം അഹമായും ബ്രഹ്മം ബ്രഹ്മമായും നിലകൊള്ളുന്നു. തെയ്യർ ദ ഷർദെന്റെ തത്ത്വചിന്തകളിൽ വ്യക്തമാക്കുന്നതുപോലെ. ക്രിസ്തു ഒരു സാക്ഷാത്കാരമാണ്. പ്രകൃതി പുരുഷഭാവങ്ങളുടെ സാക്ഷാത്ക്കാരം. അത് ഭാരതീയ ദർശനങ്ങളുമായി യോജിച്ചുപോകുന്നുണ്ട് ഒരു പരിധിവരെ. ഈ ദർശനങ്ങൾ രണ്ടും എന്നെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്.

www.malankaralibrary.com



സംസ്കാരത്തിൽ താൻ ഹിന്ദുവും വിശ്വാസത്തിൽ ക്രിസ്ത്യാനിയും ആചാരത്തിൽ സുറിയാനിക്കാരനുമാണെന്ന് ഈ വൈദികൻ തുറന്നു സമ്മതിക്കുന്നു. ആ വെളിവാക്കൽ ഇവിടെ അന്വർത്ഥമാവുകയും ചെയ്യുന്നു.

ദാന്തെ, ഷോപ്പൻഹോവർ, ശ്രീ ശങ്കരൻ എന്നിവരുടെ സാന്നിദ്ധ്യം കവിതയിലുടനീളം അനുഭവവേദ്യമാണ്. അവർ കേവല വ്യക്തികളല്ലെന്നും കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നും ആന്നിയിൽ പ്രസ്താവിക്കുന്നു. അന്വേഷണത്തെപ്പറ്റിയല്ല, അന്വേഷിക്കുന്നവരെപ്പറ്റിയാണ് തന്റെ കവിതയെന്ന് അദ്ദേഹം തുറന്നു പറയുന്നു.

ചോ: എലിയറ്റ് "ദ് വേസ്റ്റ്ലാൻഡ്" എന്ന കവിതയിൽ നിരവധി ഭാഷകളിൽ നിന്നുള്ള വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. അച്ചനും അതുപോലെ ക്വസ്റ്ററിൽ ഏഴെട്ടു ഭാഷകളിലെ വാക്കുകൾ ഉപയോഗിക്കുന്നുണ്ടല്ലോ... ഈ സ്വാധീനത്തെപ്പറ്റി....?

ഉ: തീർച്ചയായും ഒരു സ്വാധീനവുമില്ല. എലിയറ്റിന്റെ എല്ലാ കൃതികളും ഞാൻ വായിച്ചിട്ടുണ്ട്. എലിയറ്റ് വാക്കുകൾകൊണ്ട് കുറച്ച് ഇമേജുകളാണ് സൃഷ്ടിക്കുന്നത്. കവിത അനുവാചകന്റെ അഭിരുചിക്കനുസരിച്ച് വായിച്ചെടുക്കുകയാണ് ചെയ്യേണ്ടത്. എന്റെ കവിതകളിൽ സ്ഥിതി അതല്ല. ആശയം സരളവും വ്യക്തവുമാണ്. പൂർണ്ണമായും പരാവർത്തനക്ഷമമല്ലെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. അത് ആശയങ്ങളുടെ സങ്കീർണ്ണതകൊണ്ടല്ല. എഴുതുന്തോറും കവിത സങ്കീർണ്ണമാകും. ആയേ തീരൂ. ആർക്കും വഴങ്ങിക്കൊടുക്കുന്ന തെരുവുപെണ്ണല്ല ഉത്തമകവിത. പിന്നെ എനിക്ക് മലയാളം, ഇംഗ്ലീഷ്, ലാറ്റിൻ, ഗ്രീക്ക്, സുറിയാനി എന്നീ ഭാഷകളിൽ പ്രാവീണ്യമുണ്ട്. ഹീബ്രു, ജർമ്മൻ, ഫ്രഞ്ച്, സംസ്കൃതം, ഹിന്ദി എന്നീ ഭാഷകൾ വായിച്ചു മനസ്സിലാക്കാൻ കഴിയും.

ചോ: ഹെർമ്മൻ ഹെസ്സേയുടെ സിദ്ധാർത്ഥ എന്ന നോവലിൽ പുഴയെ കഥാപാത്രത്തിന്റെ വിതാനത്തിലേക്കുയർത്തി കഥ നിർവഹിക്കുന്നുണ്ട്. അച്ചന്റെ ക്വസ്റ്ററിലും .....?

ഉ: ഹെർമ്മൻ ഹെസ്സേയുടെ "സിദ്ധാർത്ഥ" എന്ന നോവൽ ഞാൻ വായിച്ചിട്ടുണ്ട്. ആ നോവലിൽ പുഴയെ കഥാപാത്രമാക്കി ജീവിത ചേഷ്ടകളെ നിർവചിക്കുകയാണ് ഹെസ്സേ. എന്റെ ക്വസ്റ്ററിൽ പെരിയാർ ഒരു കഥാപാത്രമാണ്. അന്വേഷകനേയും പ്രേയസ്സിയേയും ഒന്നിപ്പിക്കുന്ന യാഥാർത്ഥ്യം.

www.malankaralibrary.com



ചോ: അച്ചനെ സ്വാധീനിച്ചിട്ടുള്ള മറ്റു കവിതകൾ...?

ഉ: ടെയ്ട്രിച്ച് ബോൺഫെയർ... ഹിറ്റ്ലറെ എതിർത്ത ആ പുരോഹിത കവി കുട്ടിക്കാലത്ത് എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. സെന്റ് ജോൺ ഓഫ് ദ ക്രോസ്, ദാന്തേ, ഷോപ്പൻഹോവർ, ശ്രീശങ്കരൻ തുടങ്ങിയവരും. ഇംഗ്ലീഷ്കവികളൊന്നും എന്നെ സ്വാധീനിച്ചിട്ടില്ലെന്നു പറയാം. കേരളം വിടുന്നതിനുമുമ്പ് ലഭ്യമായിരുന്ന മലയാളം കൃതികളെല്ലാം ഞാൻ വായിച്ചിട്ടുണ്ട്. ആശാനേയും ചങ്ങമ്പുഴയേയും എനിക്ക് ഇഷ്ടമാണ്. പക്ഷേ അവരൊന്നും എന്നെ സ്വാധീനിച്ചിട്ടുണ്ടെന്ന് പറയാൻ കഴിയുന്നില്ല.

ചോ: കോളേജ് പ്രിൻസിപ്പൽ, യൂണിവേഴ്സിറ്റി ഗവേഷണ വിദ്യാർത്ഥികളുടെ ഗൈഡ്, വൈദികൻ, കവി ഈ ഉത്തരവാദിത്തങ്ങളെ എങ്ങനെ സമന്വയിപ്പിച്ച് വിജയിപ്പിക്കാൻ കഴിയുന്നു...?

ഉ: പ്രിൻസിപ്പൽ, ഗൈഡ്, വൈദികൻ എന്നീ ഉത്തരവാദിത്തങ്ങളിൽ ഞാൻ അസ്വതന്ത്രനാണ്. കാരണം അവയെല്ലാം പ്രസ്ഥാനവൽക്കരിക്കപ്പെട്ടവയാണ്. എന്നാൽ കവിയെന്ന നിലയിൽ ഞാൻ പൂർണ്ണസ്വതന്ത്രനാണ്. ഞാനും എന്റെ കവിതയും മാത്രം. അതുകൊണ്ട് എനിക്ക് വലിയ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നില്ല, ഡോക്ടർ ആന്നിയിൽ വ്യക്തമാക്കി.

ചോ: അച്ചന്റെ കാവ്യപാരമ്പര്യം കൂടി ഒന്ന് വ്യക്തമാക്കാമോ...?

ഉ: കവിത എനിക്ക് യാദൃച്ഛിക സംഭവമല്ല. ബാല്യകാല സഖിയും പ്രേയസ്സിയുമാണ്. സത്യത്തിൽ കവിത എന്റെ കുടുംബാംഗമാണ്. മറിയാമ്മ നാടകമെഴുതിയ കൊച്ചീപ്പൻതരകൻ എന്റെ ബന്ധുവാണ്. ഭാഷാപോഷിണി പത്രാധിപരായിരുന്ന അദ്ദേഹം മാമ്മൻമാപ്പിളയുടെ ബന്ധുവും ആയിരുന്നു. എഴുത്തുകാരിയായ മദർ സൾഗ ബഥനിമഠം എന്റെ അച്ഛന്റെ സഹോദരിയാണ്.

ആന്നിയിലിന്റെ ഭാവഗീതങ്ങൾ ഏറെ ശ്രദ്ധേയമാണ്. പിതാവിന്റെ വിയോഗം അദ്ദേഹം കുറഞ്ഞ വരികളിൽ കുറിച്ചിടുന്നുണ്ട്. പതിനഞ്ച് വയസ്സുമാത്രം പ്രായമുള്ള തരുണഹൃദയത്തിൽ പിതാവിന്റെ അന്ത്യദിനം മരവിച്ചുനിൽക്കുന്ന ദൃശ്യം അദ്ദേഹം തികഞ്ഞ വാഗ്മിതയോടെ ചിത്രീകരിക്കുന്നു. ആ വിയോഗത്തിന്റെ നഷ്ടബോധം ജീവിതയാത്രയിൽ തിരിച്ചറിയുമ്പോഴൊക്കെ ആത്മാവിൽ ഒരു ചിതയ്ക്ക് കാറ്റുപിടിക്കുകയാണ് “കാളിംഗ് ഇറ്റ് എ ഡേ” എന്ന കവിതയിൽ.

www.malankaralibrary.com



പ്രശസ്ത കാവ്യനിരൂപകനായ ഡോം മൊറെയ്സ് പറയുന്നു... "ഞാൻ കടന്നുപോന്നിട്ടുള്ള ഇന്ത്യൻ കവികളിൽ തികച്ചും വ്യത്യസ്തനാണ് ഡോ. ആന്നിയിൽ തരകൻ. ജാഗ്രത്തായ ഒരു മനസ്സിൽ നിന്നുമാത്രമേ തീവ്രമായ മതാത്മകതയും ചരിത്രാവബോധവും സ്ഫുരിക്കുന്ന ഈ വരികൾ ഉയിർകൊള്ളൂ...

ഡോം മൊറെയ്സ് സത്യം ദർശിക്കുന്നു. പക്ഷേ മലയാളത്തിന്റെ മഹാനായ ഈ പുത്രൻ അംഗീകരിക്കപ്പെട്ടോ...? മലയാളികളായ നാമെങ്കിലും അദ്ദേഹത്തെ തിരിച്ചറിഞ്ഞോ...

ചോദ്യത്തിനു മുമ്പിൽ ഡോക്ടർ ആന്നിയിൽ തരകൻ മൗനം പാലിക്കുന്നു. തുടർന്നു ഹൃദ്യമായി ചിരിക്കുന്നു. അകം നിറഞ്ഞ നിഷ്കളങ്കതയുടെ ചിരി.

ആ ചിരിയിൽനിന്ന് നമുക്ക് ജോൺ റസ്ക്കിന്റെ വാകൃങ്ങൾ വായിച്ചെടുക്കാൻ കഴിയുന്നു.

The highest reward for a man's toil is not what he gets for it, but what he becomes by it. (ഒരു വ്യക്തിയുടെ അദ്ധ്വാനത്തിന് കിട്ടുന്ന ഏറ്റവും വലിയ അംഗീകാരം അതിൽനിന്ന് അയാൾക്ക് എന്തു ലഭിക്കുന്നുവെന്നതല്ല, മറിച്ച് അതുമൂലം അയാൾ എന്തായി മാറുന്നു എന്നതാണ്).

അതെ, ആന്നിയിൽ തരകൻ കവിയായിത്തീരുന്നു. തന്റെ "കാസ്റ്റർ ബൈ ദ് റിവർ ആൻഡ് അദർ പൊയംസ്" എന്ന കവിതാസമാഹാരത്തിലൂടെ.

(കുങ്കുമം, കൊല്ലം, ഒക്ടോബർ 1997, ലക്കം 8, പുസ്തകം 33, പുറം 44-46)

www.malankaralibrary.com

# 15

## ഹിന്ദുസംസ്കാരത്തെ സ്നേഹിക്കുന്ന കവി

സ്വന്തം ലേഖകൻ (മംഗളം, കോട്ടയം)

പുരോഹിതന്റെ കുപ്പായത്തിനുള്ളിൽ മലയാളക്കര ഏറെ അറിയാത്ത ഒരു ആംഗലേയ കവി: ഡോ. ആന്നിയിൽ തരകൻ. ക്രൈസ്തവ പുരോഹിതനെങ്കിലും സാംസ്കാരികമായി ഒരു ഹിന്ദുവും വിശ്വാസത്തിൽ സുറിയാനിക്കാരനുമാണെന്ന് അവകാശപ്പെടുന്ന തരകനച്ചന്റെ കവിതകളുടെ പ്രത്യേകത അവയുടെ ആത്മീയ ശോഭ തന്നെ.

ദേവീദേവന്മാരെയും ഹൈന്ദവ സംസ്കാരത്തെയും സ്വാനുഭവമാക്കിയ കവി മാത്യു ആർനോൾഡും ഭഗവദ്ഗീതയും എന്ന വിഷയത്തിൽ ഗവേഷണം നടത്തി പി.എച്ച്.ഡി. സമ്പാദിച്ച ക്രിസ്തീയ പുരോഹിതനാണെന്നതാണ് മറ്റൊരു സവിശേഷത. അമേരിക്കയിലെ നോത്ര ദാം സർവകലാശാലയിൽനിന്ന് ഏറ്റവും കുറഞ്ഞ കാലത്തിനുള്ളിൽ ഡോക്ടറേറ്റ് സമ്പാദിച്ച ഈ കത്തോലിക്കാ വൈദികൻ പന്തളം രാജാവിനുവേണ്ടി ശബരിമലക്ഷേത്രം പണികഴിപ്പിച്ച മധ്യതിരുവിതാംകൂറിലെ പ്രശസ്തമായ പോളച്ചിറയ്ക്കൽ കുടുംബാംഗമാണ്.

www.malankaralibrary.com


"ദ് വേദിക് വോട്ടേഴ്സ്" എന്ന തന്റെ കവിതയിൽ ഐതിഹാസിക മുത്തച്ഛനായ യജ്ഞവത്ക്യന്റെ ചിതയ്ക്ക് അദ്ദേഹത്തിന്റെ മകനായി സ്വയം സങ്കല്പിച്ച് കവി അഗ്നി തെളിക്കുന്ന ഭാഗം ശ്രദ്ധേയമാണ്. ഗംഗാനദിയെ ആദിവേദങ്ങളുടെ പ്രതിബിംബമായി കാണുന്ന കവിക്ക് "ക്വസ്റ്റർ ബൈ ദ റിവർ" എന്ന കവിതയിൽ സ്വന്തം ഗ്രാമമായ കറ്റാനത്തെ നെൽപ്പാടങ്ങളിലൂടെ നടന്നുപോകുന്ന അയ്യപ്പഭക്തരുടെ ശരണംവിളി അടുത്തുള്ള ക്രിസ്തീയ ദൈവാലയത്തിലെ മണിനാദവുമായി സമന്വയിച്ച് ഒന്നായിത്തീരുന്നതായി അനുഭവപ്പെടുന്നു. പെരിയാറിന്റെ തീരത്തിലാണ് നദിയെ ധ്യാനിക്കുന്ന കവി നദിയിലെ ഓളങ്ങളിൽ നൂറ്റാണ്ടുകൾക്കുമുൻപ് ഭാരതത്തിലെ ഋഷികൾ ആലപിച്ച കീർത്തനങ്ങൾ കേൾക്കുന്നത്. ആത്മീയത നിഴലിച്ചുനിൽക്കുന്ന "ക്വസ്റ്റർ ബൈ ദ റ്റൂംബ്" എന്ന കവിതയിൽ വൈവിദ്ധ്യമാർന്ന രൂപങ്ങളും നാമങ്ങളും ഒരു പുണ്യവതിയിൽ (അൽഫോൻസാമ്മ) ലയിച്ച് ഒന്നായിച്ചേരുകയും അതിലൂടെ കവി വൈവിദ്ധ്യത്തെ ദർശിക്കുകയും ചെയ്യുന്നു.

ഭാരത സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ വിശ്വാസത്തെയും സൗന്ദര്യബോധത്തെയും സമന്വയിപ്പിക്കുവാൻ തരകനച്ചന് കഴിഞ്ഞിട്ടുണ്ട്. ഒരു കവിയും പുരോഹിതനും ഒരേ ബിന്ദുവിൽ സമന്വയിക്കുന്ന അപൂർവ വ്യക്തിത്വമാണ് തരകനച്ചന്റേതെന്നാണ് തമിഴ് നോവലിസ്റ്റും കവിയുമായ നകുലന്റെ അഭിപ്രായം. പ്രശസ്ത സാഹിത്യകാരൻ ഡോം മോറെയ്സ് ബോംബെയിലെ "മിഡ്ഡേ" എന്ന ദിനപത്രത്തിൽ എഴുതി: അച്ചന്റെ കവിതകളിൽ തീക്ഷ്ണമായ മതബോധനവും ചരിത്രാവബോധവും ദൃശ്യമാണ്. കാനഡയിൽ പ്രൊഫ. മേരി ജെയ്ൻ എഡ്വേർഡ്സിനും അദ്ദേഹത്തിന്റെ കവിതകൾ തീർച്ചയായും അതിമനോഹരം തന്നെ. തന്റെ ആമുഖത്തോടുകൂടി കവിതകൾ കാനഡയിൽ പ്രസിദ്ധീകരിക്കുവാൻ അവർ ആഗ്രഹം പ്രകടിപ്പിച്ചു.

സൃഷ്ടിയുടെ പണിപ്പുരയിൽ ബാഹ്യലോകത്തിന്റെ കെട്ടുപാടിൽനിന്നു സ്വന്തം മനഃസാക്ഷിയുടെ വല്മീകത്തിലേക്ക് ഒതുങ്ങുന്നതായി കവിക്ക് അനുഭവപ്പെടുന്നു. "ദ കേവ്" എന്ന കവിതയിൽ മനുഷ്യമനസിന്റെ അന്തർഭാഗങ്ങളിൽ അന്വേഷണം നടത്തുന്ന കവിയെ നമുക്കു കാണാം. ക്രൈസ്തവ വീക്ഷണത്തിൽ സൃഷ്ടി ഒരു തുടർക്കഥയാണ്. സ്വന്തം കാവ്യരചന അഭിമുഖീകരി

www.malankaralibrary.com



ക്കുന്ന ആഭിമുഖ്യത്തെ "താദാത്മ്യ ഓഫ് ദ സോൾ" എന്ന കവിത യിൽ കവി സമർത്ഥിക്കുന്നുണ്ട്.

1943-ൽ കായംകുളത്തിനടുത്ത് കറ്റാനത്ത് ജനിച്ച തരകനച്ചൻ പൂനയിലെ പേപ്പൽ സെമിനാരിയിൽ 1961-ൽ വൈദിക വിദ്യാർത്ഥി യായി പഠനം ആരംഭിച്ചു. അഞ്ചൽ സെന്റ് ജോൺസ് കോളേജ് പ്രിൻസിപ്പൽ കൂടിയാണ് തരകനച്ചനിപ്പോൾ.

ഒരു അദ്ധ്യാപകൻ ക്രിസ്തീയ വീക്ഷണത്തിൽ ആരായിരി ക്കണം, എന്തായിരിക്കണം, എങ്ങനെയായിരിക്കണം എന്ന് അദ്ദേ ഹത്തിനു സ്വന്തമായ ധാരണയുണ്ട്. സഭാകാര്യങ്ങളിൽ മാർഗ ദർശകമായ പൗരോഹിത്യജീവിതവും കർത്തവ്യവും നിറവേറ്റുന്ന തിൽ ഒട്ടും മുടക്കംവരുത്താത്ത അദ്ദേഹം കോളേജിന്റെ ഭരണം നടത്തുന്നതോടൊപ്പം ഗവേഷണ വിദ്യാർത്ഥികൾക്ക് ഗൈഡായും പ്രവർത്തിക്കുന്നു.

(സ്വന്തം ലേഖകൻ, മംഗളം പത്രം, 1995 ഡിസംബർ 29 വെള്ളി പുറം 5)

www.malankaralibrary.com

# 16

## ഡോ. ആന്നിയിൽ തരകന് സാഹിത്യ അക്കാദമി അവാർഡ്

സ്വന്തം ലേഖകൻ (ഒസ്സെർവത്തോരെ റൊമാനോ, തിരുവനന്തപുരം)

വൈജ്ഞാനിക സാഹിത്യത്തിലെ മികച്ച കൃതിയ്ക്കുള്ള കേരള സാഹിത്യ അക്കാദമിയുടെ 2011-ലെ ജി.എൻ.പിള്ള എൻഡോവ്മെന്റ് അവാർഡ് ഫാ. ആന്നിയിൽ തരകനു ലഭിച്ചു.

ക്രൈസ്തവ വിഭാഗങ്ങളിലുള്ള വൈദികരിൽ കേരള സാഹിത്യ അക്കാദമിയുടെ അവാർഡ് ഇദംപ്രഥമമായി ലഭിക്കുന്നത് ഫാ. തരകനാണ്. "ഭാരതീയ ദർശനം ഇംഗ്ലീഷ് കവിതയിൽ" എന്ന ഗ്രന്ഥത്തിനാണ് പുരസ്ക്കാരം. ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം ഭാരതീയ ദർശനവും സാഹിത്യവും പ്രത്യേകിച്ച് ഭഗവദ്ഗീത യൂറോപ്യൻ ചിന്തയിൽ ചെലുത്തിയ വിപ്ലവകരമായ സ്വാധീനത്തെ പഠനവിഷയമാക്കുന്നു.

വിക്ടർ കുസേൻ, ഹുംബോൾട്ട്, ചാൾസ് വിൽക്കിൻസ്, വില്യം ജോൺസ്, കോൾ ബ്രൂക്ക് എന്നീ പത്തൊൻപതാം നൂറ്റാണ്ടിലെ പാശ്ചാത്യ പണ്ഡിതന്മാർ ഹൈന്ദവ ചിന്തയിലും സംസ്കാരത്തിലും കാണിച്ച അതീവ താല്പര്യം അവരുടെ കൃതികളിൽ പ്രതി

www.malankaralibrary.com


ഫലിച്ചു. ആ സ്വാധീനം സാഹിത്യകാരന്മാരായ ശാമുവൽ ടെയ്‌ലർ കോൾറിഡ്ജ്, പി.ബി. ഷെല്ലി എന്നിവരിൽ മാത്രം ഒരുങ്ങിനിൽക്കുന്നില്ലയെന്നു സമർത്ഥിക്കുന്ന ഫാ. തരകന്റെ ഗവേഷണ ചിന്ത ചെന്നു നിൽക്കുന്നതു മാത്യു അർനോൾഡിന്റെ കവിതകളിൽ ഭഗവദ്ഗീതയുടെ സ്വാധീനം തെളിയിച്ചുകൊണ്ടാണ്.

ഹാർവാർഡിലെ വൈഡനേഴ്സ് ലൈബ്രറി, എയിൽ യൂണിവേഴ്സിറ്റിയിലെ ബെയ്നിക്കി ലൈബ്രറി എന്നിവിടങ്ങളിൽ വളരെക്കാലം നടത്തിയ ഗവേഷണത്തിന്റെ ഫലമാണിത്. വളരെക്കാലം മാർ ഈവാനിയോസ് കോളേജിൽ പ്രൊഫസറും അഞ്ചൽ സെന്റ് ജോൺസ് കോളജിൽ പ്രിൻസിപ്പലും കേരള യൂണിവേഴ്സിറ്റിയിലും കാര്യവട്ടം അക്കാദമിക് സ്റ്റാഫ് കോളജിലും വിസിറ്റിംഗ് അദ്ധ്യാപകനുമായിരുന്ന ഫാ. തരകൻ ശ്രദ്ധേയനായ ഇൻഡോ-ആംഗ്ലിയൻ കവിയാണ്.

1982-ൽ തരകനച്ചൻ രചിച്ച "ക്വസ്റ്റർ ബൈ ദ റിവർ" എന്ന കവിതയ്ക്കു ആമുഖം എഴുതിയത് പ്രശസ്ത കവി ഡോം മൊറെയ്സ് ആണ്. 1997-ൽ നോത്ര ദാമിലെ ക്രോസ്കൾച്ചറൽ പബ്ളിക്കേഷൻസ് അതു പ്രസിദ്ധീകരിച്ചു.

2008-ൽ വെളിച്ചം കണ്ട "ദ് കാൻഡിക്കിൾ ഓഫ് ദ ബിലവഡ്" എന്ന കാവ്യ സമാഹാരം വിശുദ്ധ അൽഫോൻസായുടെ ജീവചരിത്രം ധ്യാനവിഷയമാക്കുന്നു. ദീപിക ബുക്ക് ഹൗസ് പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിന് ആമുഖം നൽകിയത് നോത്ര ദാം യൂണിവേഴ്സിറ്റിയിലെ ഇംഗ്ലീഷ് പ്രൊഫസർ എഡ്വേർഡ് വാസ്റ്റായാണ്. 2009-ൽ ഈ കൃതിക്കു "ആത്മവിദ്യ" അവാർഡ് ലഭിച്ചു.

ഇവ കൂടാതെ "Glory to God", "Glory to Triune God", "Matthew Arnold and the Bhagavad Gita", "ബൈബിളിലെ യേശു", "പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ", "സഭോപദേശം" എന്നീ ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

കേരള ക്രൈസ്തവരിലെ ആദ്യ സാഹിത്യകാരന്മാരിൽ ഒരാളായ കൊച്ചീപ്പൻ തരകനെപ്പോലെയുള്ള പ്രശസ്ത വ്യക്തികൾക്കു ജന്മം നല്കിയ മാവേലിക്കര പോളച്ചിറക്കൽ കുടുംബത്തിലെ അംഗമാണ് ഫാ. തരകൻ. ജനനം 1943-ൽ കറ്റാനമെന്ന ഗ്രാമത്തിൽ. "ദ് ഇന്ത്യൻ എക്സ്പ്രസ്", "ദ് ടൈംസ് ഓഫ് ഇന്ത്യാ", "ദ് സണ്ടേ

www.malankaralibrary.com


സ്റ്റാൻഡേർഡ്", "ദ് ന്യൂ ഇന്ത്യൻ എക്സ്പ്രസ്", "ദ് സ്റ്റേറ്റ്സ്മെൻ" എന്നീ പത്രങ്ങളിലും അമേരിക്കൻ ജേർണലുകളിലും ശ്രീലങ്ക, ചിലി, ജർമ്മനി, ഫ്രാൻസ്, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിൽനിന്നു പ്രസിദ്ധീകരിക്കുന്ന വാരികകളിലും ഫാ. തരകന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

1987-ൽ നോത്ര ദാം യൂണിവേഴ്സിറ്റിയിൽനിന്നും ഇംഗ്ലീഷിൽ പി.എച്ച്.ഡി. എടുത്ത ഇദ്ദേഹം കേരള യൂണിവേഴ്സിറ്റിയിലെ ഗവേഷണ വിദ്യാർത്ഥികളുടെ ഗൈഡ് കൂടിയാണ്. ഇപ്പോൾ തിരുവനന്തപുരത്ത് താമസിക്കുന്ന ഫാദർ തരകൻ കുറവൻകോണം ദൈവാലയത്തിന്റെ വികാരിയും സെന്റ് അലോഷ്യസ് സെമിനാരിയിലെ ഇംഗ്ലീഷ് അദ്ധ്യാപകനുമാണ്.

(ഒസ്സെർവത്താരെ റൊമാനോ, പുസ്തകം 5, ലക്കം 25/26, 16/23, ആഗസ്റ്റ് 2012, പുറം 7. ഈ ലേഖനത്തിന്റെ വേറൊരു രൂപം കാഹളം ആഗസ്റ്റ്-സെപ്റ്റംബർ-ഒക്ടോബർ 2012 പുറം 37-38-ൽ കാണാം. തിരുവനന്തപുരം മേജർ അതിഭദ്രാസന ബുള്ളറ്റിൻ 2016 നവംബർ, വാല്യം 21 ലക്കം 11, പുറം 31-ൽ ഈ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു).

www.malankaralibrary.com

# 17

# വൈദികഹൃദയത്തിൽ കവിതയുടെ പെരിയാർ പ്രവാഹം

ജി. ഹരി നീലഗിരി (മലയാളനാട്, കൊല്ലം)

വർഷകാലത്തെ കാലുഷ്യത്തെത്തുടർന്ന് ആഴക്കയങ്ങളെ ഗർഭം ധരിച്ചുറങ്ങുന്ന പെരിയാർ. ആരണ്യനിവാസിനു മുന്നിലെ വൃക്ഷഛായയിൽ നദി കണ്ടിരിക്കുകയായിരുന്ന വൈദികന്റെ മനസ്സിൽ അന്ന് അദമ്യമായ ഒരു സാക്ഷാത്കാരത്തിന്റെ ഉറവ പൊട്ടി. ധ്യാനപൂർണ്ണിമയുടെ സ്വപ്നാർദ്രനിമിഷത്തിൽ, തീരങ്ങളിൽ അധ്യാത്മതേജസിന്റെ അരുണോദയങ്ങൾ കണ്ട പൗരാണിക ജലധാര ജീവിതത്തിന്റെ ആദിരൂപമായി മാറി. ചാക്രികമായ കാലത്തിന്റെ പ്രതീകമായി. ജീവാത്മ-പരമാത്മ ബന്ധത്തിന്റെ ചൈതന്യധന്യമായ കല്പനയായി.

ആദ്യം പിറന്നത് അൻപതു വരികൾ. തുടർന്ന് നാനൂറ് വരികൾ ഒരാഴ്ച കൊണ്ട്. ജേർണൽ "ഓഫ് എയ്സ്തെറ്റിക്സ് & ലിറ്ററേച്ചറിൽ" അച്ചടിച്ചുവന്ന "ക്വസ്റ്റർ ബൈ ദ റിവർ" (Quester by the River) എന്ന നീണ്ട കവിത വായിച്ച ഡോം മൊറെയ്സ് ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു: "ഞാൻ കടന്നുപോയിട്ടുള്ള ഇന്ത്യൻ കവിക

www.malankaralibrary.com


ളിൽ തികച്ചും വ്യത്യസ്തനാകുന്നു ആന്നിയിൽ തരകൻ. ജാഗ്രത്തായ ഒരു മനസ്സിൽ നിന്നാണ് തീവ്രമായ മതാത്മകതയും ചരിത്രാവബോധവും സ്ഫുരിക്കുന്ന ഈ വരികൾ ഉയിർക്കൊള്ളുന്നത്".

"ക്വസ്റ്റർ ബൈ ദ റിവറിലെ" ആദ്യവരികൾ പിറന്ന 1982 ജനുവരി 20 ഡോ. തരകന്റെ 39-ാം ജന്മദിനമായിരുന്നു. കവിതയുടെ ഉഷ്ണവേഗങ്ങളിലൊഴുകുന്ന ഐഹിക ജീവിതത്തെയും, വൈദികവൃത്തിയുടെ ആധ്യാത്മ തലങ്ങളെയും ആത്മപരിശോധനയുടെ അൾത്താരയിൽ നിർത്തിയാണ് "ക്വസ്റ്റർ ബൈ ദ റിവർ" തുടങ്ങുന്നത്. കാലപ്രവാഹത്തിൽ തന്നെ പ്രതിഷ്ഠിച്ച് രക്തഛവിയാർന്ന പൂർവ്വ ജീവിത ബന്ധങ്ങളെ ചേർത്തുവച്ച് വായിക്കുകയാണ് കവി. ശ്രീ ശങ്കരന്റെ ആത്മദർശനവും, ക്രിസ്തീയ വിശ്വാസത്തിന്റെ സൗന്ദര്യാനുഭൂതികളും ഓളം തല്ലുന്നതാണ് ഈ നീണ്ട കവിത. ("സോളമൻ ലോകം കണ്ട ഏറ്റവും വലിയ കവികളിൽ ഒരാളാണ്, തരകനച്ചൻ"). വ്യക്തിയിൽ ആരംഭിക്കുന്ന ചരിത്രത്തോടൊപ്പം നാടിന്റെ സാംസ്ക്കാരിക - ഭൂമിശാസ്ത്ര സവിശേഷതകളും കടന്നുവരുന്നു. സെയ്ന്റ് തോമസിൽ തുടങ്ങുന്ന ഈ മനുഷ്യകഥാനുഗായികയിലെ തലതൊട്ടപ്പനായി വരുന്നത് തന്റെ വല്യപ്പൂപ്പനായ കുഞ്ഞുമാത്തുണ്ണി തരകനാണ്. "നസ്രാണിപുരം" എന്ന സാങ്കല്പികനാമത്തിൽ കറ്റാനം എന്ന ജന്മഗ്രാമവും, അവിടെ വല്യപ്പൂപ്പൻ പണിതീർത്ത ആദ്യത്തെ സെയ്ന്റ് സ്റ്റീഫൻസ് ദൈവാലയവും കവിമനസ്സിൽ തെളിയുന്നു. വല്യപ്പൂപ്പൻ അന്ത്യനിദ്ര കൊള്ളുന്നതും അവിടെത്തന്നെ. പെരിയാറിന്റെ ഓളച്ചാർത്തുകൾ തനിക്ക് ജന്മദിനാശംസ നേരുമ്പോൾ ഉള്ളിൽ പള്ളിമണികൾ ഒന്നായി മുഴങ്ങുകയായിരുന്നു. സെയ്ന്റ് സ്റ്റീഫൻസ് പള്ളിയിൽ വിശുദ്ധ സ്തേഫാനോസിന്റെ നാമത്തിൽ പെരുന്നാൾ നടക്കുന്നത് കവിയുടെ ജന്മദിനത്തിലാണെന്നതും യാദൃച്ഛികതയാകുന്നു.

പെരിയാറിലെ ജലരാശിക്കുമേൽ വീശിയ കാറ്റിൽ കവി ഉയിർത്തെഴുന്നേല്പിന്റെ ഓശാനപ്പാട്ടുകൾ കേട്ടു. ഒപ്പം "തമസ്സിൽ നിന്ന് ജ്യോതിസ്സിലേക്കു നയിയ്ക്കേണമേ" എന്ന ഉപനിഷദ് മന്ത്രവും. സംസ്കാരത്തിൽ ഹിന്ദുവും (Hindu by culture), വിശ്വാസത്തിൽ ക്രിസ്ത്യാനിയും (Christian by faith), ആരാധനാക്രമത്തിൽ സുറിയാനിക്കാരനുമെന്ന് (Syrian by rite), സ്വയം വിശേഷിപ്പിക്കുന്ന

www.malankaralibrary.com



തരകനച്ചന്റെ കവിതകളിൽ ജീവാത്മ-ബ്രഹ്മാത്മൈക്യത്തിന്റെയും, വേദാന്തദർശനത്തിന്റെയും സജീവബിംബങ്ങൾ കാണാം. പ്രപഞ്ചതാളത്തെ (Cosmic rhythm) പ്രതിഫലിപ്പിക്കുന്ന ദർപ്പണമാണ് ഇവിടെ കവിഹൃദയം. പരമോന്നതമായ ആദ്ധ്യാത്മികതയുടെ ബഹിർസ്ഫുരണത്തിൽ നിന്നാണ് സ്വർഗ്ഗ ജ്യോതിസ്സു വിരിയുന്നത്. എല്ലാ കവികളും ഭാഗികമായി മതവിശ്വാസികളാണെന്നും ഗൂഢമായ ഒരാന്തരിക സത്യത്തിന്റെ പ്രവാചകരാണെന്നുമാണ് തരകനച്ചന്റെ കാവ്യദർശനം. "ക്വസ്റ്റർ ബൈ ദ റിവറിലെ" അവസാന വരികളിൽ കവിയും വൈദികനും ഒരഴിമുഖത്ത് അണയുന്നു. കവിയാണു വൈദികനെന്നും, വൈദികനാണ് സമുന്നതനായ കവിയെന്നും (The poet is the priest and the priest is the ultimate poet) 'ദ പ്രീസ്റ്റ് ആന്റ് ദ പൊയറ്റ്' എന്ന ലേഖനത്തിൽ കവി രേഖപ്പെടുത്തുന്നു. ദുർജ്ഞേയമായ ഒരു വൈയക്തികഗുണമാണ് ഓരോ കവിയേയും വ്യത്യസ്തനാക്കുന്നതെന്ന സാന്ത്ബോവിന്റെ (Sante Beuve) ദർശനം ഇവിടെ ചേർത്തുവായിക്കാം. "കവിതയുടെ രസതന്ത്രത്തിൽ ഉൾച്ചേർന്നിരിക്കുന്ന ഈ ദിവ്യരഹസ്യമാണ് അബോധപൂർവ്വമായ പദങ്ങളും, കാവ്യഘടനയും സൃഷ്ടിക്കുന്നത്" (തരകനച്ചൻ).

സ്വപ്നസന്നിഭവവും ഗൂഢാവബോധാത്മകവുമായ നിരവധി കാവ്യസന്ദർശനങ്ങൾ കടന്നുവരുന്നുണ്ട് "ക്വസ്റ്റർ ബൈ ദ റിവറി"ൽ. മകരക്കുളിരിൽ സ്തുതിഗീതങ്ങളാൽ ഗ്രാമാന്തരീക്ഷം മുഖരിതമാകുമ്പോൾ, പരിശുദ്ധ കന്യാമറിയത്തെയും വഹിച്ചുകൊണ്ടുള്ള ചിറ്റോടം കടലേഴും കടന്ന് നസ്രാണിപുരത്തെത്തുന്നു. പ്രപഞ്ചസ്രഷ്ടാവായ മിശിഹായാണ് കപ്പിത്താൻ. പരിശുദ്ധ മാതാവിനു സ്വാഗതമോതുന്നതോ, കിഴക്കിന്റെ 'അന്നപൂർണ്ണേശ്വരീസ്തവ'വും. ഇഷ്ടദേവതയും, ഭഗവതിയുമായി കന്യാമറിയം മാറുന്നു. ചെമ്മൺ ധൂളികളിൽ തത്തിക്കളിക്കുന്ന കരിയിലയിൽ തെളിയുന്ന ദൈവമുഖത്തെ താൻ സ്നേഹിക്കുന്നുവെന്ന് കവി എഴുതുന്നു. പൂനെയിൽ കണ്ട ഫ്രാ ആഞ്ജലിയ്ക്കോയുടെ (Fra Angelico) സെന്റ് ആന്റണിയുടെ പ്രലോഭനം (The Temptation of St. Antony) എന്ന ചിത്രത്തിന്റെ ഓർമ്മയിൽ നിന്നായിരുന്നു ആ വരികൾ പിറന്നത്.

ക്ഷേത്രങ്ങളിലെ പ്രഭാതകീർത്തനങ്ങൾക്ക് ചെകിടോർത്തിരുന്ന കവിയുടെ ബാല്യം. ക്രിസ്തീയ പുരോഹിതന്റെ മനസ്സിൽ അങ്ങനെ 'ദക്ഷിണാമൂർത്തീസ്തവ'വും, അയ്യപ്പൻ പാട്ടും, ലളിതാ

www.malankaralibrary.com


സഹസ്രനാമവും സ്ഥാനം പിടിച്ചു. ശബരിമല തീർത്ഥാടകസംഘവും, ക്രിസ്തീയവിലാപയാത്രയും നാൽക്കവലയിൽ ഒന്നിയ്ക്കുന്നതാണ് ബാല്യത്തിന്റെ ഒളിമങ്ങാത്ത മറ്റൊരു ഓർമ്മ.

ഗ്രാമത്തിലെ പള്ളിയിൽ ഇതാ മരണമണി മുഴങ്ങുന്നു.
ആ നാദതരംഗങ്ങൾ അയ്യപ്പസ്തുതികളിൽ ലയിയ്ക്കുന്നു.
വിലാപഗീതങ്ങളും, ശരണംവിളികളും ഒന്നുചേരുന്നു.

ആദിമമായ ഗംഗാജലധാരയ്ക്കുമേൽ പ്രണവജ്യോതിസ്സു വിടരുമ്പോൾ തന്റെ അന്തഃരംഗത്തിൽ യാജ്ഞവൽക്യന്റെ ചിതാഗ്നി എരിയുകയാണെന്ന് കവി പറയുന്നു. ഇഷ്ടദേവതയായി അമൃത ചുംബനമേകാൻ മറ്റൊരിയ്ക്കൽ പരമാത്മാവിനോട് അഭ്യർത്ഥിക്കുന്നു. "Tadatmya of the Soul" എന്ന കവിതയിൽ ശങ്കരദർശനത്തിന്റെ വാങ്മയ സൗരഭ്യമാണ്. പന്തളം രാജാവിനുവേണ്ടി ശബരിമല ക്ഷേത്രം പണിത പോളച്ചിറയ്ക്കൽ ഉമ്മൻ തരകന്റെ തായ്‌വഴിയിൽ പിറന്ന തരകനച്ചന്റെ കവിതകളിൽ ഹൈന്ദവദർശനത്തിന്റെ അഭിരാമബിംബങ്ങൾ നിറയുകയാണ്... ദേവീസ്തവത്തോളം ഉയരുന്ന ഇഷ്ടദേവതാവന്ദനങ്ങളിൽ നാം ഹിന്ദു-ക്രൈസ്തവ സംസ്ക്കാര സമന്വയത്തിന്റെ തെളിനീർപ്രവാഹം കാണുന്നു.

നിരവധി തത്ത്വചിന്തകരും, അവരുടെ ജീവിതകാലഘട്ടങ്ങളുടെ ഹൃദയസ്പന്ദനങ്ങളും ഈ നീണ്ട കവിതയിലുണ്ട്. ഷോപ്പനോവർ (Schopenhauer), ബ്ലയിസെ പാസ്കൽ (Blaise Pascal), റെനെ ഡക്കാർട്ട് (Rene Descartes), ശ്രീ ശങ്കരൻ, ഡേട്രിച്ച് ബോനഫേർ (Dietrich Bonhoeffer), സെയ്ന്റ് പോൾ (St. Paul), തെയ്യാർദ് ഷർദേൻ (Teilhard de Chardin), ദാന്തേ..... ചരിത്രാധിഷ്ഠിതമായ പാരമ്പര്യമൂല്യങ്ങളിൽ നിന്നുമാണ് കവി ഊർജ്ജം സ്വീകരിക്കുന്നത്. നൂറ്റാണ്ടുകളുടെ സാംസ്കാരിക വൃദ്ധിക്ഷയങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന ബൗദ്ധികജീവിത പ്രവാഹിനിയാണ് കവിയ്ക്കു പെരിയാർ.

നദിയുടെ താളലയമാണ് കവിതയ്ക്കു ഇഴ ചാർത്തുന്നത്. ആരണ്യനിവാസിനടുത്തെത്തുമ്പോൾ മന്ദഗമിനിയാകുന്ന പെരിയാറിന്റേതാണ് ഛന്ദസ്. നോത്ര ദാം യൂണിവേഴ്സിറ്റിയിൽ അഡ്വാൻസ് പൊയട്രി റൈറ്റിംഗ് കോഴ്സിനു പഠിക്കുമ്പോൾ പ്രൊഫ. ജോൺ മത്തായാസ് കവിതയിലെ നീണ്ട വരികൾ മുറിയ്ക്കണമെന്നു നിർദ്ദേശിച്ചു. അവിടത്തെ മറ്റൊരദ്ധ്യാപകനായ ഗ്രിഗറി കുഷിശിന് (Gre-

www.malankaralibrary.com


gory Kucich) വരികളുടെ മദ്ധ്യഭാഗത്ത് വിരാമം വരുന്നുവെന്നായിരുന്നു പരാതി. ഇംഗ്ലീഷിൽ കവിതയെഴുതുന്നുവെങ്കിലും അടിമുടി ഇന്ത്യാക്കാരനാണു താനെന്നായിരുന്നു തരകനച്ചന്റെ മറുപടി. 'ഇന്ത്യാക്കാരന്റെ സ്വത്വമാണ് എന്റെ കവിതയിൽ. മറുനാടൻ ഇംഗ്ലീഷ് കവിതകളിൽ തങ്ങളുടെ കാവ്യഘടന അനുവർത്തിക്കണമെന്ന സായിപ്പിന്റെ ശാഠ്യം അംഗീകരിയ്ക്കാനാവില്ല. ഇന്ത്യയിലെ ഇംഗ്ലീഷ് കവികൾ ബ്രിട്ടീഷുകാരന്റെ നിമ്നോന്നത താളം (up and down rhythm) അനുവർത്തിക്കാൻ ശ്രമിക്കുമ്പോൾ ഫലം പരാജയം'. നോത്ര ദാമിലെ പഠനകാലത്ത് ഇംഗ്ലീഷുകാരന്റെ കാവ്യസമ്പ്രദായങ്ങളുമായി തരകനച്ചന് പലകുറി കലഹിക്കേണ്ടിവന്നു.

17-ാം നൂറ്റാണ്ടിലെ ജോൺ ഡണും, ഹെർബർട്ടും ക്രിസ്തീയ സഭ കവിതയ്ക്കു നൽകിയ അനർഘ രത്നങ്ങളാണ്. 19-ാം നൂറ്റാണ്ടിലെ ആംഗലേയ കവിയായ ജറാർഡ് മാൻലി ഹോപ്കിൻസ് (Gerard Manley Hopkins) ഈശോസഭയിൽ ചേരും മുമ്പ് തന്റെ കവിതകൾ ഒന്നൊഴിയാതെ ചുട്ടെരിച്ചു. 4-ാം നൂറ്റാണ്ടിലെ സെയ്ന്റ് അഗസ്റ്റിനും, മാർ എഫ്രേമും (Mar Ephraem) 17-ാം നൂറ്റാണ്ടിലെ സ്പാനിഷ് മിസ്റ്റിക് കവിയായ ക്രൂശിന്റെ യോഹന്നാനും (St. John of the Cross) പൗരോഹിത്യ ജീവിതത്തിൽ കവിതയുടെ ജ്വാലാമുഖികൾ വിരിയിച്ചവരാണ്. ദാന്തേയുടെ ഡിവൈൻ കോമഡി (The Divine Comedy), എലിയറ്റിന്റെ തരിശുഭൂമി (The Wasteland) എന്നീ കവിതകളിലും മതാത്മകമായ അന്തരീക്ഷസൃഷ്ടി കാണാം. ആധുനിക കാലത്ത് ഇംഗ്ലീഷ് കവിയായ പീറ്റർ ലെവി (Peter Levi) പൗരോഹിത്യ ജീവിതമുപേക്ഷിച്ച് കവിതയുടെ ഖനികൾ തേടിപ്പോയി. കവിതയിൽ ഹൈന്ദവദർശനത്തിന്റെ ആഴങ്ങൾ തേടുന്ന തരകനച്ചന് 1987-ൽ നോത്ര ദാം യൂണിവേഴ്സിറ്റി ഡോക്ടറേറ്റ് നൽകി. വിഷയം: മാത്യു ആർനോൾഡിന്റെ കവിതയിൽ ഭഗവദ്ഗീതയുടെ സ്വാധീനം. "എംപിഡോക്ലിസ് ഓൺ എത്ന" (Empedocles on Etna), "ദ സ്കോളർ ജിപ്സി" (The Scholar Gipsy), "സൊറാബ് ആന്റ് റസ്റ്റം" (Sohrab and Rustum), "റസിഗ്നേഷൻ" (Resignation) എന്നീ ആർനോൾഡ് കവിതകളിൽ നിന്നാരംഭിക്കുന്ന നാലാണ്ടത്തെ അന്വേഷണം ഭഗവദ്ഗീതയുടെ നിരവധി ഭാഷ്യങ്ങളിലേക്കും നീണ്ടു.

www.malankaralibrary.com


"ദ് ഷീൽഡ്", "ദ ബൈബിൾ ടുഡേ", "സെന്റ് ആന്റണീസ് മെസൻജർ", "സെന്റ് റിക്", "ദ് അരബ് ടൈംസ്", "ദ് ഇംഗ്ലീഷ് ടീച്ചിംഗ് ന്യൂസ് ലറ്റർ", "കോമൺവെൽത്ത് ക്വാർട്ടർലി", "ദ് ജേർണൽ ഓഫ് ലിറ്ററേച്ചർ ആന്റ് എയ്സ്തെറ്റിക്സ്" എന്നീ ആനുകാലികങ്ങളിൽ കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാർലിറ്റൻ യൂണിവേഴ്സിറ്റി അടുത്തുതന്നെ ഒരു സമാഹാരം പുറത്തിറക്കും. അഞ്ചൽ സെയ്ന്റ് ജോൺസ് കോളേജ്, മാർ ഈവാനിയോസ് കോളേജ് എന്നിവിടങ്ങളിൽ അധ്യാപകനായിരുന്നു ഫാ. തരകൻ. ഇപ്പോൾ അഞ്ചൽ സെയ്ന്റ് ജോൺസ് കോളേജ് പ്രിൻസിപ്പാളും, കേരളാ യൂണിവേഴ്സിറ്റി എം.ഫിൽ ഫാക്കൽറ്റി അംഗവുമാണ്.

1, 2, 3 എന്ന ക്ഷേത്രഗണിതയുക്തിയല്ല, ആകാശഭൂമികളുടെ ആഴമാണു തന്റെ കവിതയെന്നു കരുതുന്ന ഫാ. ആന്നിയിൽ തരകൻ കബീറിന്റെയും സൂർദാസിന്റെയും ക്രൂശിന്റെ യോഹന്നാന്റെയും പരമ്പരയിലെ ഏറ്റവും ആധുനികനായ ഒരു കണ്ണിയാണ്.

(മലയാളനാട്, കൊല്ലം, 1996 ആഗസ്റ്റ് 15, പുറം 37 & 47)

www.malankaralibrary.com

# 18

## വി. അൽഫോൻസയുടെ ജീവിതം - ഒരു നവ ദർശനം

മിനു വർഗ്ഗീസ്
ലക്ചറർ, ജാസൻ യൂണിവേഴ്സിറ്റി, സൗദി അറേബ്യ (കാഹളം, തിരുവനന്തപുരം)

കാവ്യലോകത്തിൽ നിർണ്ണായക സ്ഥാനം കൈവരിച്ച "ക്വസ്റ്റർ ബൈ ദ റിവർ ആന്റ് അദർ പോയംസ്" (Quester by the River and Other Poems) എന്ന കൃതിയുമായി രംഗപ്രവേശം ചെയ്ത ഡോക്ടർ ആന്നിയിൽ തരകന്റെ പുതിയ രചനയാണ് "ദ് കാന്റിക്കിൾ ഓഫ് ദ ബിലവഡ്" (The Canticle of the Beloved). കോട്ടയത്തുനിന്ന് ദീപിക ബുക്ക് ഹൗസ് പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന് അവതാരിക എഴുതിയിരിക്കുന്നത് അമേരിക്കയിലെ നോത്രദാം യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ എഡ്വേഡ് വാസ്റ്റയാണ്. അദ്ദേഹം ഈ അവതാരികയുടെ ആരംഭത്തിൽതന്നെ ഇപ്രകാരം പറയുന്നു; ഏകദേശം പതിനെട്ടു ഭാഷകൾ നിലവിലുള്ള ഇന്ത്യയിലെ എഴുത്തുകാർ വാർത്തെടുത്തിട്ടുള്ള തനിമയാർന്ന ഇംഗ്ലീഷിന്റെ സാഹിത്യ സ്വഭാവത്തെയും, അതിലൂടെ അവർ ഉയർത്തുന്ന ശക്തമായ തദ്ദേശ ജനശബ്ദത്തെയും ഈ കൃതി സുവ്യക്തമാക്കുന്നു. പാശ്ചാത്യനായ ഒരു പണ്ഡിതനിൽ നിന്ന് ഇങ്ങനെയൊരു വിലയിരുത്തൽ അനായാസേന കരസ്ഥമാക്കിയ ഈ കൃതിയുടെ മേന്മ

www.malankaralibrary.com



സ്ഥാപിതമായിരിക്കുന്നു എന്ന് പറയാം. തുടർന്നുള്ള വരികളിലൂടെ ഈ കൃതിയുടെ മുഖമുദ്രകളായ സവിശേഷതകളിലേക്ക് അവതാരകൻ വിരൽ ചൂണ്ടുന്നു. ആശയ ഗാംഭീര്യവും സ്വതന്ത്രചിന്താ പ്രവണതയും ചേർന്ന് സമ്പുഷ്ടമായ ഒരു സംസാരശൈലി തന്നെ സ്വായത്തമാക്കിയിട്ടുള്ള ഡോക്ടർ തരകന്റെ രചനാശൈലിയും വ്യത്യസ്തമല്ല. ആശയങ്ങളുടെ, തത്ത്വചിന്തയുടെ, സ്നിഗ്ദ്ധ വികാരങ്ങളുടെ, ചിന്തോദ്ദീപകങ്ങളായ വിവരണങ്ങളുടെ കളിയരങ്ങായി മാറുന്ന ഈ കൃതി ഡോക്ടർ തരകനിലെ തത്ത്വചിന്തകനായ ക്രിസ്തീയ കവിയെ അനുവാചകർക്ക് പരിചയപ്പെടുത്തുന്നു. ഭാരതത്തിന്റെ തനതു പാരമ്പര്യത്തെയും, പൗരാണിക വിശ്വാസ തത്ത്വ സംഹിതകളെയും, ക്രിസ്തീയ ചിന്താധാരയുമായി സമന്വയിപ്പിച്ച്, അതിലൂടെ അനിതരസാധാരണമായ ഒരു കാവ്യ രചനാശൈലി ഇദ്ദേഹം ഈ കൃതിയിൽ ആവിഷ്ക്കരിച്ചിരിക്കുന്നു.

The rishi lies upon a couch of kusha grass
  and hymns your name,
The fragrance of his prayer traverses ages
  back in time,
Turns the vision of the inner self into the self
  of the world,
The world breaks out of the self and the self
  hides the world.
They appear and disappear in the self-same cycles
  of being and non-being.

ഇന്ത്യയിലെ ആംഗലേയ കവിതയ്ക്ക് പുതിയ മാനങ്ങൾ വിരചിയ്ക്കുന്ന ഈ രചനാ വൈഭവം പരന്ന വായനയുടെയും, അക്ഷീണ യത്നങ്ങളുടെയും, തത്ത്വങ്ങളിൽ അടിയുറച്ച ആത്മീയതയുടെയും, വേരുറച്ച വിശ്വാസ പ്രമാണങ്ങളുടെയും, ധാർമ്മികതയിൽ നിന്നുരുത്തിരിഞ്ഞുവരുന്ന ആത്മധൈര്യത്തിന്റെയും, കുശാഗ്രമായ ധൈഷണികതയുടെയും പ്രത്യക്ഷ പ്രതീകമാണ്.

വിശുദ്ധ അൽഫോൻസയുടെ ജീവിതവും, ആത്മീയതയും ഒരു നൂതന വീക്ഷണ കോണിലൂടെ ദർശിച്ച്, അപഗ്രഥനവിധേയ

www.malankaralibrary.com



മാക്കിക്കൊണ്ട് രചിച്ചിരിക്കുന്ന ലേഖനം ഈ കൃതിയുടെ ആകർഷ ണങ്ങളിലൊന്നാണ്. 1910-ൽ ജനിച്ച് 1946-ൽ ഇഹലോകവാസം വെടിഞ്ഞ അൽഫോൻസയെന്ന കന്യാസ്ത്രീയായി മാറിയ കുടമാ ളൂരിലെ അന്നകുട്ടി വിശുദ്ധിയുടെ ഉത്തുംഗശൃംഗത്തിലെത്തിയത് ശാരീരിക പീഡാസഹനത്തിലൂടെയാണെന്ന ഒരു മിഥ്യാധാരണ പ്രചാരത്തിലുണ്ടെങ്കിൽ അതിനെ ഈ ലേഖനം വസ്തുനിഷ്ഠമായ വാദമുഖങ്ങളിലൂടെ ഫലപ്രദമായി ഖണ്ഡിക്കുന്നു. സഹനം ഏതു വിധത്തിലാണ് വിശുദ്ധി പ്രദാനം ചെയ്യുന്നത് എന്ന് വ്യക്തമാക്കു ന്നതിനായി ക്രൈസ്തവ പ്രമാണങ്ങളുടെ ഉള്ളറകളിലേയ്ക്ക് കടന്നുചെന്ന് എഴുത്തുകാരൻ വിഹഗമായ അന്വേഷണം നടത്തുന്നു. തന്റെ കണ്ടെത്തലുകൾ ലളിതസുന്ദരമായി തന്റെ കൃതിയിലൂടെ അവതരിപ്പിച്ചുകൊണ്ട് സാധാരണ വായനക്കാരനെപ്പോലും ഈ മേഖലകളിൽ പരിചിതനും, അനുഭവ സമ്പന്നനുമാക്കുന്നു. സഹനം അർത്ഥപൂർണ്ണമാകുന്നത് അതനുഭവിക്കുന്ന വ്യക്തി തന്റെ സഹന ത്തെക്കുറിച്ച് സദാ ബോധവാനായിരിക്കുന്നതിനാലല്ല. അൽഫോൻസ അങ്ങനെയായിരുന്നില്ല. സഹനത്തിന് ദൈവിക പരിവേഷം കൈവ രുന്നത് അത് ക്രിസ്തുവിന്റെ സഹനവുമായി താദാത്മ്യപ്പെടുമ്പോ ഴാണ്. അൽഫോൻസ സഹനത്തെ സ്നേഹബലിയാക്കി മാറ്റിയ വിശുദ്ധയാണെന്ന ദർശനമാണ് ഈ ഗ്രന്ഥം വിളംബരം ചെയ്യുന്നത്.

അൽഫോൻസയുടെ ജീവിതത്തെയും, ആത്മീയതയെയും പഠനവിധേയമാക്കികൊണ്ട് സ്വന്തം ആത്മീയതയ്ക്ക് അടിസ്ഥാന ശില രൂപപ്പെടുത്തിയെടുക്കുന്ന വൈദികനായ കവിയെ ഇവിടെ വായനക്കാരൻ കണ്ടുമുട്ടുന്നു.

Inner nudity ablaze with light
That comes from within
Is the goal I set myself.

കവിയുടെ ഈ പ്രഘോഷണം അദ്ദേഹത്തിന്റെ ആത്മീയ തയുടെ കേന്ദ്രബിന്ദുവിലേയ്ക്ക് വെളിച്ചം വീശുന്നതോടൊപ്പം അൽഫോൻസയുടെ സഹനജീവിതം എങ്ങനെ ഇത്തരമൊരു വീക്ഷ ണത്തിലേയ്ക്കുള്ള മാർഗ്ഗദീപമാകുന്നു എന്നും വിളിച്ചോതുന്നു. അൽഫോൻസയായി മാറുന്ന അന്നക്കുട്ടിയുടെ ജീവിതകഥ, അതിലെ പ്രസക്ത സംഭവങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ലേഖനമായും, കവിതയായും, ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിയ്ക്കുന്നു. ഇവ രണ്ടും പരസ്പരപൂരകങ്ങളായി വർത്തിക്കുകയും ചെയ്യുന്നു. ഇവയിലൂടെ പ്രത്യക്ഷമാകുന്ന അൽഫോൻസയുടെ ജീവചരിത്രം

www.malankaralibrary.com



വായനക്കാരുടെ ആധ്യാത്മികതയെ പരിപോഷിപ്പിയ്ക്കാനുതകും വിധം ക്രമമായും, ചിട്ടയായും, അപഗ്രഥന തൽപ്പരതയോടെയാണ് ഇവിടെ ആലേഖനം ചെയ്തിരിക്കുന്നത്. ആത്മീയ കാര്യങ്ങളിൽ സാധാരണ വായനക്കാരനുള്ള അറിവിന്റെ അപര്യാപ്തതയെ നികത്തുവാൻ ഈ കൃതിയിലുടെ കവിയും, ലേഖകനുമായ പുരോഹിതൻ നടത്തുന്ന ശ്രമം അതിന്റെ ഉദ്ദേശ്യശുദ്ധിയാലും പ്രതിപാദന ശൈലിയുടെ പ്രത്യേകതയാലും പ്രത്യേക പരമാർശം അർഹിക്കുന്നു.

ലേഖനത്തിന്റെ തുടക്കം തന്നെ ഇതിനു നിദാനമാണ്: “The life of Sister Alphonsa is a striking example to anyone who has caught the truth of Calvary that life is a delight, even though it pinches, pains and wearies.” ഭാഷയുടെ മേന്മയും, ഭാവ തീവ്രതയും മാത്രമല്ല ലേഖകന്റെ ജീവിതവീക്ഷണവും ഈ വരിയിലുടെ പ്രതിധ്വനിക്കുന്നു. ലൗകിക ജീവിതം എപ്രകാരം ആത്മീയതയുമായി ഇഴചേർന്നിരിക്കുന്നു എന്നുള്ളത് ഈ ലേഖനം മനസ്സിരുത്തി വായിക്കുന്ന ഏതൊരാൾക്കും വളരെ പെട്ടെന്ന് ഗ്രഹിക്കാനാവും. ലേഖകൻ കൈക്കൊണ്ടിരിക്കുന്ന ആഖ്യാന ശൈലി അദ്ദേഹത്തിലെ ഇരുത്തം വന്ന അധ്യാപകനെ വായനക്കാരനു പരിചിതനാക്കുന്നു. അൽഫോൻസായുടെ ജീവചരിത്രം രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ, ആ കാലഘട്ടത്തിലെ സാമൂഹീക, സാമുദായിക, രാഷ്ട്രീയ ചരിത്രങ്ങളും ലേഖകൻ ഇവിടെ ഉൾപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്താപരമായി ഇവയെ കോർത്തിണക്കികൊണ്ട് സമഗ്രമായ ഒരു പഠനം തന്നെ അദ്ദേഹം ഈ ചെറുലേഖനത്തിലുടെ നടത്തുന്നു. വിലപ്പെട്ട പല ആശയങ്ങളും ഇതിലൂടെ വായനാക്കാരന് പരിചിതമാക്കുന്നു. അൽഫോൻസ ജീവിതത്തിലെ പ്രധാന സംഭവങ്ങളോരൊന്നും ഇപ്രകാരം വിഹഗമായ വിചിന്തനത്തിന് വിധേയമാക്കപ്പെടുന്നു. തൽഫലമായി വായനക്കാരൻ അറിവിന്റെ, തിരിച്ചറിവിന്റെ നവ്യമായ മേഖലകളിലേയ്ക്ക് സ്വാഭാവികമായി, അനായാസേന എത്തിച്ചേരുന്നു. വിജ്ഞാനപ്രദമായ, ആസ്വാദ്യമായ ഒരു പ്രഭാഷണം കേട്ട്, അതുൾക്കൊള്ളുവാനായ സംതൃപ്തി വായനയുടെ അവസാനത്തിൽ വായനക്കാരന് ലഭ്യമാകാൻ വേണ്ടവിധം, വളരെ ചിട്ടയോടെയാണ് ലേഖനം രൂപപ്പെടുത്തിയിരിക്കുന്നത് എന്നത് ശ്രദ്ധാർഹമാണ്. തന്റെ വിദ്യാഭ്യാസത്തിന്റെയും, ജീവിതാനുഭവ സമ്പത്തിന്റെയും പിൻബലം ലേഖകന് എങ്ങനെ തുണയാകുന്നു എന്നത് ഈ ഗ്രന്ഥം വെളിവാക്കുന്നു.

(മിനു വർഗ്ഗീസ് സൗദി അറേബിയയിലെ ജാസൻ യൂണിവേഴ്സിറ്റി ലക്ചറർ ആണ്. കാഹളം, 2009 ഫെബ്രുവരി-മാർച്ച്, 43-5).

www.malankaralibrary.com

# 19

# ക്രൈസ്തവരിലെ സാഹിത്യകാരൻമാർ: ഡോ. ആന്നിയിൽ തരകൻ

വൈദ്യർ കൈപ്പുഴ (സത്യദീപം, കൊച്ചി)

സ്വാതന്ത്ര്യലബ്ധിക്കു മുമ്പും പിമ്പും ഭാരതത്തിൽ ഉടലെടുത്തൊരു സാഹിത്യശാഖയാണ് ഇൻഡോ ആംഗ്ലിയൻ സാഹിത്യം. ഇന്ന് ഡോം മൊറയ്സ്, നിസ്സിം എസ്സക്കിയേൽ, പ്രൊഫ. ലാൽ, നീരദ് ചൗധരി, കഷുവന്റ് സിങ്ങ് മുതലായ വ്യക്തികൾ ഈ സാഹിത്യലോകത്തെ അതികായന്മാരാണ്. മാതൃഭാഷയിലെന്നപോലെ ഇംഗ്ലീഷിലും സാഹിത്യരചന നടത്തുന്നതിനു സാധിക്കുമെന്ന് അവർ തെളിയിച്ചു. ആംഗല സാഹിത്യനിപുണന്മാരായ ഇവരുടെ കാലടികളെ പിന്തുടരുന്ന ഒരു ഇംഗ്ലീഷ് സാഹിത്യകാരനാണ് ഫാദർ ആന്നിയിൽ തരകൻ. സ്വാനുഭവത്തിന്റെ വികാരച്ചൂളയിൽ കാച്ചിയെടുത്ത 150-ൽ പരം കവിതകളും ലേഖനങ്ങളും ഇതിനോടകം ദ് ഇന്ത്യൻ എക്സ്പ്രസ്സ്, ദ് ടൈംസ് ഓഫ് ഇൻഡ്യ, ദ് പൂനാ ഹെറാൾഡ്, ദ് ന്യൂ ലീഡർ, ദ് കാത്തലിക് ഹെറാൾഡ് തുടങ്ങിയ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ വെളിച്ചം കണ്ടിട്ടുണ്ട്. 1969-ൽ പൂനാ പേപ്പൽ സെമിനാരിയിൽ നിന്നും വൈദികവിദ്യാഭ്യാസം പൂർത്തിയാക്കിയ ഫാദർ തരകന് പേപ്പൽ സെമിനാരിയിലെ ലേഖന മത്സരത്തിന് ഒന്നാം സമ്മാനം ലഭിക്കുകയുണ്ടായിയെന്നതും പ്രത്യേകം സ്മര

www.malankaralibrary.com



ണീയമത്രേ. 1972-ലെ സെന്റ് തോമസ് സെന്റിനറി ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് മദ്രാസിൽ നിന്നും തയ്യാറാക്കിയ "Who's Who and What's What in Catholic India" എന്ന ഗ്രന്ഥത്തിൽ ക്രൈസ്തവ സാഹിത്യകാരന്മാരുടെ പട്ടികയിൽ അദ്ദേഹത്തേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഫാ. തരകൻ ആന്നിയിലുമായി ഒരഭിമുഖസംഭാഷണത്തിന് ഈ ലേഖകൻ ഒരു ദിവസം ഉച്ചകഴിഞ്ഞ് അദ്ദേഹം ആദ്ധ്യാത്മിക പ്രവർത്തനം നടത്തുന്ന മാവേലിക്കരയിലെ മലങ്കര സുറിയാനി പള്ളിമേടയിൽ കയറി ചെന്നപ്പോൾ ഈ യുവവൈദികൻ പ്രൊഫ. പി. ലാൽ എഴുതിയ Dom Moraes ന്റെ കവിതകളുടെ നിരൂപണം വായിച്ചാസ്വദിച്ചുകൊണ്ടിരിക്കുകയായിരുന്നു. അച്ചൻ എഴുതിയിട്ടുള്ള കവിതകൾ ഒന്നു കാണണമെന്നാവശ്യപ്പെട്ടപ്പോൾ അദ്ദേഹം, വൈദികപട്ട സ്വീകരണത്തിന്റെ തലേദിവസം എഴുതിയ "Thrill of a Life time" എന്ന സുന്ദരമായൊരു കവിത എന്നെ വായിച്ചു കേൾപ്പിക്കുകയുണ്ടായി. ക്രിസ്തുവാകുന്ന ജോർദ്ദാൻനദി ഭാരതഗംഗയുമായി ഒന്നിച്ചു സംഗമിച്ച്, തന്റെ ജീവിതമാകുന്ന ഊഷരഭൂമിയെ ഫലഭൂയിഷ്ഠമാക്കിയെടുത്തുവെന്നതാണ് അദ്ദേഹത്തിന്റെ മേല്പറഞ്ഞ കവിതയുടെ ഇതിവൃത്തം. മേല്പറഞ്ഞ കവിതയിലെ മർമ്മസ്പർശിയായ കവിതാഭാഗങ്ങളിൽ അല്പം ചില വരികൾ ഇവിടെ ഉദ്ധരിക്കുന്നു:

Were not Thoreau's pure
  Walden waters mingled
Freely with the sacred
  waters of the Ganges?
What a deep joy as the
  West flows into the East.
Deeper still, as the Jordan
  flows into my arid land,
Washing it whiter than the
  snowy mountains of India:
Mountains white with the
  bones of the Rshis.

സാഹിത്യസൃഷ്ടിയുടെ ഉദ്ദേശ്യമെന്തെന്നുള്ള ചോദ്യത്തിനുത്തരമായി അദ്ദേഹമിപ്രകാരം പറയുകയുണ്ടായി.

"എന്നെ സംബന്ധിച്ചിടത്തോളം സാഹിത്യസൃഷ്ടി എന്റെ ആദ്ധ്യാത്മികജീവിതത്തിന്റെ ഭാഗമാണ്. ജീവിതം അനുസ്യൂതമാ

www.malankaralibrary.com


യൊരന്വേഷണമാണ്. കവിതയിലൂടെയും കലയിലൂടെയും എന്റെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവും ജീവനാഡിയുമായ ക്രിസ്തുവിനെ കണ്ടെത്തുകയെന്നുള്ളതാണ് എന്റെ സാഹിത്യോദ്ദേശ്യം. സ്വയം ആത്മാവിഷ്കരണം സാധിക്കുന്നതിനുവേണ്ടി എന്റെ കവിതകൾ ഏറ്റം അനുഭൂതിയോടുകൂടി ആസ്വദിക്കുന്ന വ്യക്തി "ഞാൻ" തന്നെയാണ്. കവിതയെഴുതുന്നതിനുള്ള പ്രചോദനം എനിക്കാരും നൽകിയില്ല. ഞാൻ താനേ എഴുതിത്തുടങ്ങിയതാണ്. എനിക്കെഴുതുന്നതിനു പ്രത്യേക സമയങ്ങളൊന്നും തന്നെയില്ല. ഏതു സമയത്തുമെഴുതും. ദൈവാലയത്തിൽ വിശുദ്ധ ബലി അർപ്പിക്കുന്ന സമയമൊഴിച്ച് ഏതു സമയത്തുമെഴുതും. എന്റെ കവിതയ്ക്ക് ഒരേയൊരു വിഷയമേയുള്ളൂ. അതു എന്റെ ജീവിതത്തിന്റെ വേദനയും സന്തോഷവുമാണ്. പല വിഷയങ്ങളിലായി അവ വാക്കുകളിലൂടെ ആവിഷ്കരിക്കപ്പെടുന്നു". "Cross" എന്ന കവിത ഈ ഭാവനാസമ്പത്തിനെ എടുത്തു കാണിക്കുന്നുണ്ട്.

I bear the cross,
My arms fumble every new day
  for a warm clasp.
Cross eludes my vision:
A lopped branch of a tree
In the Galilean jungle is
  not the Cross
I see deep in my being.
It is the invisible agony of
my existence.

1943 ജനുവരിമാസം 20-ാം തീയതി ജനിച്ച ഫാദർ തരകൻ "കറ്റാനത്ത്" പോളച്ചിറയ്ക്കൽ ആന്നിയിൽ കുടുംബത്തിൽ ശ്രീ. സൈമണിന്റെയും മറിയാമ്മയുടെയും മൂന്നാമത്തെ സുതനാണ്. കറ്റാനത്ത് പോപ്പ് പയസ് ഇലവന്ത് ഹൈസ്കൂളിൽ നിന്നാണദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ഇപ്പോൾ മാവേലിക്കര ബിഷപ്പ് മൂർ കോളേജിലെ ഇംഗ്ലീഷ് ലിറ്ററേച്ചർ വിദ്യാർത്ഥിയും മൂന്നിടവകയുടെ വികാരിയുമായി സേവനമനുഷ്ഠിച്ചു കൊണ്ടിരിക്കുന്നു. തൂലികയിലൂടെ ദൈവസേവനം നടത്തുവാൻ കഴിവുള്ള ചുരുക്കം ചില വൈദികരിൽ ഒരാളായ ഈ വൈദിക കവിയ്ക്കു വൈദ്യരുടെ ഹൃദയംഗമമായ അഭിവാദനങ്ങൾ!

(സത്യദീപം 1973 മെയ്, ലക്കം 40, പുസ്തകം 46, പുറം 2)

www.malankaralibrary.com

# 20

## അറിവിന്റെ ദീപം

പ്രൊഫ. എം. വി. സൈമൺ, സെന്റ് ജോൺസ് കോളേജ്, അഞ്ചൽ;
(ദീപിക, കോട്ടയം)

അറബിക്കടൽ മുതൽ സഹ്യാദ്രിവരെ വ്യാപിച്ചുകിടക്കുന്ന കൊല്ലം ജില്ല. മലയിടുക്കുകളും താഴ്‌വാരങ്ങളും കാട്ടാറുകളും, റബർ, തേയില തോട്ടങ്ങളും റിസർവ് വനങ്ങളും നിറഞ്ഞ കിഴക്കൻ മേഖല.

ഈ പ്രദേശത്തെ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക മാന്ദ്യത്തിന് ഒരറുതിവരത്തക്കവണ്ണം, 1964–ൽ അന്നത്തെ തിരുവനന്തപുരം ആർച്ച് ബിഷപ്പായിരുന്ന ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി അഞ്ചലിൽ ഒരു കോളേജ് സ്ഥാപിക്കുകയുണ്ടായി: സെന്റ് ജോൺസ് കോളേജ്. സർവമതാനുയായികളെയും സഹോദരങ്ങളായി കാണുന്ന ഉൾക്കാഴ്ചയുള്ള ക്രിസ്തുമതത്തിലെ മലങ്കര കത്തോലിക്കാസഭ, ഒരു മിഷൻ പ്രവർത്തനമായി കണ്ടുകൊണ്ടു തന്നെയാണ്, സഭാമക്കൾ ഒട്ടും തന്നെയില്ലാത്ത ഈ പ്രദേശത്ത് ഇങ്ങനെയൊരു വിദ്യാകേന്ദ്രം തുടങ്ങുവാൻ തീരുമാനിച്ചത്.

കവിയും ദാർശനികനുമായ ഡോ. ആന്നിയിൽ തരകൻ മാർ ഇവാനിയോസ് കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി സേവനം

www.malankaralibrary.com



അനുഷ്ഠിച്ചശേഷം ഇപ്പോൾ അഞ്ചൽ സെന്റ് ജോൺസ് കോളേജ് പ്രിൻസിപ്പാളായി പ്രവർത്തിക്കുന്നു.

സംസ്കാരം കൊണ്ട് ഞാനൊരു ഹിന്ദുവും വിശ്വാസം കൊണ്ട് ഒരു ക്രിസ്ത്യാനിയും ആചാരംകൊണ്ട് ഒരു സുറിയാനി ക്കാരനു'മെന്ന് സ്വയം പരിചയപ്പെടുത്തുന്ന പുരോഹിതനായ കവി. അദ്ദേഹത്തിന്റെ കവിതകൾ എല്ലാംതന്നെ ആംഗലേയ ഭാഷയിലാ ണെന്നുള്ളത് കുടുതൽ ആശ്ചര്യകരവും. ഡോ. ആന്നിയിൽ തര കന്റെ കവിതാസമാഹാരം ഈ വരുന്ന ഫെബ്രുവരിയിൽ അമേരി ക്കയിലെ ക്രോസ് റോഡ്സ് പബ്ലിക്കേഷൻസ് പുറത്തിറക്കുകയാണ്. ദീർഘങ്ങളായ 'നദീതീരത്തിലെ അമ്പേഷകൻ' (Quester by the River) 'സമാധിമന്ദിരത്തിലെ അമ്പേഷകൻ' (Quester by the Tomb) എന്നീ കവിതകൾക്കു പുറമേ ധാരാളം ചെറുകവിതകളും സമാഹാര ത്തിൽ ഉൾപ്പെടുന്നു.

പാശ്ചാത്യ വിമർശകരുടെ ശ്രദ്ധ പിടിച്ചുപറ്റിയ ഈ കവിത കൾ ഇൻഡോ-ആംഗ്ലിയൻ സാഹിത്യത്തിന് ഒരു മുതൽക്കൂട്ടായിരി ക്കുമെന്നതിൽ സംശയമില്ല.

(ദീപിക, 1997 ജനുവരി 31, വെള്ളി, പുറം 8)

www.malankaralibrary.com

# 21

## ഉത്ഥിതനായ യേശുവിനെ കാവ്യസ്രോതസ്സാക്കി മാറ്റിയ കവി

ജോയിക്കുട്ടി (സൺഡേ ശാലോം, കോഴിക്കോട്)

ഇംഗ്ലീഷ് കവിതകളിലൂടെ ഇന്ത്യൻ സംസ്കാരവും ക്രിസ്ത്യൻ വിശ്വാസവും സമന്വയിപ്പിച്ച് രചനാപാടവം തെളിയിക്കുകയും ഇന്ത്യയിലും വിദേശരാജ്യങ്ങളിലും മായാത്ത വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്ത ഫാ. ആന്നിയിൽ തരകൻ നൂറിൽപരം കവിതകൾ പൂർത്തിയാക്കികഴിഞ്ഞു. സാംസ്കാരിക കേരളം എന്ന ഗവൺമെന്റ് പ്രസിദ്ധീകരണത്തിൽ "അന്വേഷകനായ കവി" എന്ന ശീർഷകത്തിൽ ഡോ. കെ. എം. തരകൻ ഫാ. തരകനെ വിലയിരുത്തിയത് ഉത്ഥിതനായ യേശുവിനെ കവിതയുടെ സ്രോതസ്സാക്കിയ കവിയെന്നാണ്. കഴിഞ്ഞ വർഷം അമേരിക്കയിൽ പ്രസിദ്ധീകരിച്ച "ക്വസ്റ്റർ ബൈ ദ റിവർ" എന്ന കവിതയിലും ഈ ആശയം നിഴലിച്ച് കാണാവുന്നതാണ്. "സൈക്കിൾ ഓഫ് ബെർത്ത് ആൻഡ് ഡെത്ത്" എന്ന കവിതയിൽ ഫീനിക്സ് പക്ഷിയുടെ ജനന മരണ ചക്രങ്ങളിലൂടെയുള്ള കടന്നുപോകൽ ക്രിസ്തുവിന്റെ മരണ ത്തിലൂടെയും ഉത്ഥാനത്തിലൂടെയുമുള്ള നവീകരണമാണ്. ഈ ഉയിർപ്പ് കവിയുടെ ഉയിർപ്പായി മാറുന്നു എന്നതാണ് വലിയ സവിശേഷത.

www.malankaralibrary.com


"ദി ഷീൾഡ്" (അമേരിക്ക), "സെന്റ് ആന്റണീസ് മെസഞ്ചർ" (ഇറ്റലി), "ദ് ആരബ് റൈറ്റംസ്", "ദ് കോമൺവെൽത്ത് ക്വാർട്ടർലി", "ദ് ജേർണൽ ഓഫ് ലിറ്ററേച്ചർ ആൻഡ് ഇസ്തേറ്റിക്ക്സ്", "ഇന്റർ നാഷണൽ പോളിസി റിവ്യൂ" (അമേരിക്ക), "ദ് ബൈബിൾ റ്റുഡേ" (അമേരിക്ക), "പോപ്പോളി" (ഇറ്റലി), "ദെർ ക്രിസ്‌ലിഷ് ഒസ്റ്റേൻ" (ജർമ്മനി), "ഉത്ത് ഓമനസ് ഊണും" (ജർമ്മനി) എന്നീ വിദേശ പ്രസിദ്ധീകരണ ങ്ങളിലും "ദ് ഇൻഡ്യൻ എക്സ്പ്രസ്സ്", "ദ് സൺഡേ സ്റ്റാൻഡേർഡ്", "ദ് വീക്ക്", "ദ് ഹോം ലൈഫ്", "ദ് ഹിന്ദു", "ദ് റൈറ്റംസ് ഓഫ് ഇൻഡ്യ", "ദ് സ്റ്റേറ്റ് സ്മെൻ" എന്നീ ഇന്ത്യൻ പ്രസിദ്ധീകരണങ്ങളിലും അദ്ദേഹ ത്തിന്റെ കൃതികളോ അദ്ദേഹത്തെപ്പറ്റിയുള്ള ലേഖനങ്ങളോ വെളിച്ചം കണ്ടിട്ടുണ്ട്. ഇടവക ശുശ്രൂഷകൾക്ക് പുറമേ കേരള യൂണിവേഴ്സിറ്റി യിലെ റിസർച്ച് ഗൈഡായും എം. ഫിൽ. കോഴ്സിന്റെ വിസിറ്റിംഗ് പ്രൊഫസറായും ഫാ. തരകൻ സേവനം അനുഷ്ഠിക്കുന്നു.

നസ്രാണിക്കാരുടെ ഇടയിൽ സാഹിത്യ സൃഷ്ടിക്കു പേരു കേട്ട കൊച്ചീപ്പൻ തരകനെപ്പോലുള്ള ആളുകൾക്ക് ജന്മം നൽകിയ പോളച്ചിറക്കൽ കുടുംബത്തിന്റെ ഭാഗമായ കറ്റാനത്ത് ആന്നിയിൽ സൈമണിന്റെയും മറിയാമ്മയുടെയും മകനായി 1943-ൽ ജനിച്ച ഫാ. തരകൻ ആദ്യകാല വിദ്യാഭ്യാസം പോപ്പ് പയസ്സ് ഇലവന്ത് സ്കൂളിൽ നടത്തി. 1969-ൽ പൂനാ പേപ്പൽ സെമിനാരിയിൽ വൈദിക പഠനം പൂർത്തിയാക്കി. മാർ ഇവാനിയോസ് കോളേജിൽ ഇംഗ്ലീഷ് പ്രൊഫസറായിരുന്ന ശേഷം അഞ്ചൽ സെന്റ് ജോൺസ് കോളേജിൽ പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചു. 1987-ൽ അമേരിക്കയിലെ നോത്ര ദാം യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടി. സ്കൂൾ വിദ്യാഭ്യാസകാലത്തുതന്നെ മലയാളത്തിൽ കവിതയെഴുതി തുടങ്ങിയ ഫാ. തരകൻ, വൈദികപഠനാർത്ഥം പൂനെയിൽ താമസ മാക്കിയതോടെ ഇംഗ്ലീഷിൽ കവിതയെഴുതാൻ തുടങ്ങി. തന്നെ സംബന്ധിച്ചിടത്തോളം സാഹിത്യസൃഷ്ടി ആദ്ധ്യാത്മിക ജീവിത ത്തിന്റെ ഭാഗമാണെന്നും, ജീവിതം അനുസ്യൂതമായ സത്യാന്വേഷണ മാണെന്നും കവിതയിലൂടെയും മറ്റ് രചനകളിലൂടെയും തന്റെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവായ ക്രിസ്തുവിനെ കാണുകയാ ണെന്നും അച്ചൻ പറയുന്നു.

www.malankaralibrary.com


തീവ്രമായ മതാത്മകതയും ചരിത്രാവബോധവും പ്രതിഫലിപ്പിക്കുന്ന അദ്ദേഹത്തിന്റെ കവിതകൾ പൗരാണിക ഇന്ത്യൻ സാഹിത്യവുമായി നിരന്തരം സമ്പർക്കം പുലർത്തുന്നുണ്ട്. മതത്തിന്റെയും മതഗ്രന്ഥങ്ങളുടെയും പരിധിക്കപ്പുറം ക്രിസ്തുമതത്തിന്റെയും ഹിന്ദുമതത്തിന്റെയും അർത്ഥാന്തരങ്ങളിലേക്ക് ചൂഴ്ന്നിറങ്ങുന്ന രചനകൾ മനുഷ്യമനസ്സിനെ ചിന്തിപ്പിക്കുന്നവയാണ്.

"ദ് താദാത്മ്യ ഓഫ് ദ സോൾ" എന്ന കവിത മനുഷ്യാത്മാവും ഈശ്വരനും താദാത്മ്യം പ്രാപിക്കുന്ന മനോഹരമായ സങ്കല്പമാണ്. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ സെബാസ്റ്റ്യൻ ബ്രോക്കിന്റെ പ്രശംസയ്ക്ക് പാത്രീകൃതമായ ഈ കവിതയിൽ കവിയും കവി ജിവിക്കുന്ന ലോകവും കവിതയും എല്ലാംതന്നെ ആത്യന്തിക സത്യത്തിൽ ലയിക്കുന്നു. ഈ ലയനത്തിന് കവിത നൽകുന്ന മാർഗ്ഗം യേശുവിന്റെ കുരിശിലെ യജ്ഞവും അവിടുത്തെ ഉയിർപ്പുമാണ്. ക്രിസ്തുവിനോടുകൂടി ഉയിർത്തെഴുന്നേൽക്കുന്ന കവി ആധ്യാത്മിക സത്തയുമായി ഒന്നായിത്തീരുന്നു. എന്നാൽ ഈ മിസ്റ്റിക്ക് അനുഭവത്തിൽ പോലും ഫാ. തരകന്റെ സങ്കല്പത്തിൽ മനുഷ്യനും ദൈവവും തമ്മിലുള്ള വ്യതിരിക്തത ഇല്ലാതാകുന്നില്ല. "ദ വേഡ്" എന്ന കവിതയിൽ ബൈബിളിലെ വെളിപാട് പുസ്തകത്തിലുള്ള ഭീകര മൃഗം പുനരാവിർഭവിക്കുന്നു. "ക്വസ്റ്റർ ബൈ ദ ടൂം" എന്ന കവിത ഭരണങ്ങാനത്ത് അൽഫോൻസാമ്മയുടെ കബറിടത്തിൽ ചെല്ലുന്ന അന്വേഷകനെയാണ് അവതരിപ്പിക്കുന്നത്. ധ്യാനത്തിന്റെയും സഹനത്തിന്റെയും പ്രതീകമായിരുന്ന അൽഫോൻസാമ്മയുടെ ആത്മസ്പന്ദനങ്ങൾ പേറുന്നതാണ് ഈ കവിത. അമേരിക്കയിൽ വച്ച് പ്രസിദ്ധീകരിച്ച "ക്വസ്റ്റർ ബൈ ദ റിവർ ആൻഡ് അദർ പോയംസ്" എന്ന കവിതാസമാഹാരം വളരെയേറെ പ്രശംസയ്ക്ക് പാത്രമായിത്തീർന്നു. നിറഞ്ഞ സഹൃദയത്വവും സാംസ്കാരിക വിദ്യാഭ്യാസവും ഉള്ളവർക്ക് മാത്രമേ തരകനച്ചന്റെ മിക്ക കൃതികളും ആസ്വദിക്കുവാൻ സാധിക്കുകയുള്ളൂ.

(സൺഡേ ശാലോം 2004 ഏപ്രിൽ 25, പുറം 3).

www.malankaralibrary.com

# 22

## ഒരു ഇന്ത്യൻ കവിയുടെ ആംഗല ശബ്ദം

പി. നാരായണക്കുറുപ്പ് (മലയാള സാഹിത്യം, തിരുവനന്തപുരം)

പുതിയൊരു ഗ്രന്ഥകാരന്റെ പുസ്തകം കയ്യിലെത്തുമ്പോൾ ഇന്നു വളരെ ശ്രദ്ധിക്കണം. അത് ഒരു കഷ്ടിപിഷ്ടിക്കാരന്റെ കാട്ടിക്കൂട്ടലാവാം, വൈകാതെ ആഗോള പുരസ്കൃതമാവുന്ന അതീത സൃഷ്ടിയാവാം. രണ്ടും തമ്മിൽ അതിഭീമമായ അന്തരമുണ്ടെങ്കിലും ഈ അന്തരം കണ്ടെത്താൻ തടസ്സമാവുന്നത് പലപ്പോഴും ഇടനിലക്കാരുടെ പ്രചാരണതന്ത്രം ആണ്. പണ്ടെങ്ങുമില്ലാത്ത ഒരു പുതിയ കേതുവിന്റെ ഉദയം ഇന്നു സാഹിത്യസർഗക്രിയയെ മുഴുവൻ അതിന്റെ ആകർഷണവലയത്തിലേക്ക് അടുപ്പിക്കുന്നു. പ്രസാദക ദല്ലാളന്മാരുടെ ആധുനിക പരസ്യ പ്രചാരണതന്ത്രവും അതിന്റെ ഭാഗമായി മാറുന്ന ആഗോള അവാർഡും മൂലം ഒറ്റക്കുതിക്കു സൂര്യബിംബത്തെ ചാടിക്കടിക്കുന്ന എഴുത്തുകാർ നമ്മെ അമ്പരപ്പിക്കുന്ന കാലം! ഇംഗ്ലീഷിലല്ല, മലയാളത്തിലും ഇതാണു കഥ. ഈ കേതുവിന്റെ അനുഗ്രഹം കിട്ടാതെ സ്വന്തം അന്തരംഗത്തിൽ ഒതുങ്ങുന്ന യഥാർത്ഥ സ്രഷ്ടാവ് ആരാലും ശ്രദ്ധിക്കപ്പെടാതെ പോവുകയും ചെയ്യും. നാം ശീലിച്ച സാഹിത്യനിരൂപണം, സാഹിത്യാസ്വാദനം പോലും, ഇവിടെ അനവസരത്തിലുള്ള അപശ്രുതിയായിപ്പോവും,

www.malankaralibrary.com


മനുഷ്യന്റെ കുലവും കാലവും മാറി; കമ്പോള തന്ത്രത്തിനുദാഹരണ മായി അരുന്ധതിറോയിയേയും മറ്റും ഓർക്കുക. മലയാളത്തിൽ ഒരു പുസ്തകം വെളിച്ചം കാണണമെങ്കിൽ, കോപ്പി ചിലവാകണമെ ങ്കിൽ, പാഠപുസ്തകാദി സൗഭാഗ്യം വന്നണയണമെങ്കിൽ, അവാർ ഡുകൾ ലഭിക്കണമെങ്കിൽ ഒക്കെ ഘട്ടം ഘട്ടമായി കൈവേലക്കാർ ദണ്ഡിപ്പുമായി രംഗത്തിറങ്ങേണ്ടതുണ്ട്. ഒരു ഘട്ടത്തിലും മൂല്യ മനനധർമിയായ നിരൂപണം പ്രസക്തമാവുന്നുമില്ല. ഒട്ടേറെ ഗ്രന്ഥ ങ്ങളുടെ കാര്യത്തിലും.

ഈ ചുറ്റുപാടിൽ നാം പരിശീലിച്ച ലോകമര്യാദ പുലർ ത്തുന്ന ഒരു കാവ്യരചനയായിത്തോന്നി, ഇംഗ്ലീഷ് പ്രൊഫസറും വൈദികനുമായ ആന്നിയിൽ തരകന്റെ ഇംഗ്ലീഷ് കവിതകൾ. അവയെ സമാഹരിച്ച് തന്റെ സുഹൃത്തുക്കളുടെ ഒത്താശയോടെ ഇൻഡ്യാന (അമേരിക്ക)യിലെ മേലേക്കിട പ്രസാധകരെ കൊണ്ട് പുറത്തിറക്കിച്ചു എന്നല്ലാതെ അവാർഡുവേട്ടകളോ ആസൂത്രിത ചർച്ചാ വ്യായാമമോ ഉണ്ടായതായി കണ്ടില്ല. മനുഷ്യബുദ്ധി ഉപയോ ഗിച്ചുള്ള ക്രമപ്രവൃദ്ധമായ രചനാരീതിയല്ലാതെ സ്റ്റണ്ട് (എടുത്തു ചാട്ടവും) കണ്ടില്ല. അത്രയ്ക്ക് ആശ്വാസകരം.

സദ്ദുദ്ദേശവും ധർമ്മബോധവും ധ്യാനവും സൗന്ദര്യ ദർശനവും ഈശ്വരവിചാരവും ഒക്കെയാണു രചനയിലെന്നു കണ്ടാൽ അത്തര മൊരു പുണ്യകർമ്മത്തിന് ഇടനിൽക്കാൻ ഇന്നു പ്രസാധകദല്ലാളിനെ കിട്ടുകയില്ല. അത്തരമൊരു സ്രഷ്ടാവ് പ്രസാധക സൃഷ്ടിയാവാനും പഴുതില്ല. പോഴത്തം, വങ്കത്തം, സാമൂഹ്യ വിരുദ്ധത, രാഷ്ട്ര വിരുദ്ധത, പ്രകൃതിവിരുദ്ധത, നിരർഥത തുടങ്ങിയ നിഷേധ സമുച്ചയമാണെന്നു വരുമ്പോഴാണ് സാഹിത്യ ബാഹ്യമായ കയ്യാങ്കളി സംശയിക്കേ ണ്ടത്. കയ്യാങ്കളി കൊണ്ട് വിശ്വസാഹിത്യം പിടിച്ചടക്കിയവർക്ക് ഒരു പൂമാല കൊടുത്ത് അവരെ മാറ്റിനിർത്തുക. പിന്നെ അവശേഷി ക്കുന്നത് സാത്വികതയുടെ പൗരാണികഗന്ധമുള്ള ഏതാനും ചില ആർജവശീലന്മാരാകും. അവരുടെ കൂട്ടത്തിലാണ് നദീതീരത്തെ അന്വേഷകനും മറ്റു കവിതകളും എന്ന കവ്യസമാഹാരം രചിച്ച ആന്നിയിൽ തരകൻ. ഈ രചനയെ പഴഞ്ചൻ എന്നോ അക്കാദമികം എന്നോ പറയാൻ തോന്നുന്നെങ്കിൽ അതിന്റെ കാരണവും മറ്റൊന്നല്ല. നിങ്ങളുടെ മനസ്സിനെ ആ ദല്ലാളന്മാരും നിഷേധ സമുച്ചയക്കാരും നേരത്തെ സ്വാധീനിച്ചു എന്നതാണ്. വേഡ്സ്വർത്തിന്റെയോ ബ്രൗണിങ്ങിന്റെയോ പുതിയ പതിപ്പ് എന്നു പറയാൻ തോന്നു ന്നെങ്കിൽ അതിന്റെ താരവും മറ്റൊന്നല്ല. ഇംഗ്ലീഷ് കവിതയിൽ ഇപ്പറഞ്ഞ കവികളുടെ അനുരണനം ഉണ്ടാകുന്നത് മലയാള

www.malankaralibrary.com



കവിതയിൽ വള്ളത്തോളിന്റെയോ ആശാന്റെയോ അനുരണനം ഉണ്ടാവുന്നതു പോലെയാണ്. അത്തരം അനുരണനം ആവശ്യ മാണ്. വായനക്കാർക്ക് അഭിഗമ്യമാവാൻ അതു സഹായിക്കും. അനുരണനം മാത്രമാവരുത് എന്നേയുള്ളൂ.

ആന്നിയിൽ തരകന് ആംഗല റൊമാന്റിക് കവി പാമ്പര്യ ത്തിൽ തന്റേതായ ചിലതു കൂട്ടിച്ചേർക്കാനുണ്ട് എന്ന് ഇതിലെ ഓരോ കവിതയും നമ്മോടു മന്ത്രിക്കുന്നുണ്ട്. ഈശ്വരനെ – പ്രപഞ്ച സത്യത്തെ – ആത്മസഖിയായും പ്രാണേശ്വരനായും ആരാധിച്ച് വൈകാരികമായ ഐക്യവും അതിലെ ആനന്ദവും തേടുന്ന ഇന്ത്യൻ യോഗാത്മക കാവ്യപാരമ്പര്യമാണ് ഇങ്ങനെ കൂട്ടിചേർക്കപ്പെടുന്നത് എന്നു ചുരുക്കിപ്പറയാം. എന്നാൽ ഇതും ഒരു പുത്തൻ അവതാര മെന്നു പറകവയ്യ. റോബോട്ട് ബ്രൗണിന്റേയും (1812–89) വില്യം ബട്‌ലർ യേറ്റ്സിന്റെയും (1865 –1939) കവിതയിൽ ഈ ക്രൈസ്തവ ഹൈന്ദവ ദർശന സമന്വയം സ്വാഭാവികമായും ഏതാണ്ട് അബോധ മായും അവതരിച്ചതായി പലരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സംശയമില്ല ആ വഴിക്കുതന്നെയാണ് ഈ കവിതയും കൂടുതൽ പ്രകടവും. ഒരു പക്ഷേ ബോധപൂർവ്വവും ആണ് എന്ന വ്യത്യാസം ഇവിടെയുമുണ്ട്. ടാഗൂറിന്റെയും ടാഗൂറിന്റെ പ്രഭവകേന്ദ്രമായിരുന്ന വേദത്തിന്റെയും ധ്വനി നേരിട്ട് അനുഭവവേദ്യമാകുന്നു ഇവിടെ. ആന്നിയിൽ തരകന്റെ രചനയ്ക്കുള്ള ശക്തിയായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്.

തേക്കടിയിൽ വച്ച് പെരിയാറിന്റെ സാന്നിദ്ധ്യത്തിൽ രചി ക്കപ്പെട്ട നദിക്കവിതയാണ് ആദ്യത്തേത് – ഗ്രന്ഥനാമം വഹിക്കുന്ന കവിത. അതിലെ പ്രകൃതി – പുരുഷ ബന്ധധ്യാനം കാണിപ്പാൻ ചില ഭാഗങ്ങൾ ഇവിടെ തർജ്ജമ ചെയ്തുകൊള്ളട്ടെ:

ജീവിതത്തിന്റെ നിശിത നിമിഷങ്ങൾ
ബോധതലത്തെപ്പിളർന്നിട്ടും
ഞാനിക്കവിതയ്ക്കുറവ കണ്ടെത്തുവാ–
നാളല്ല, നന്നെ ശ്രമിച്ചിട്ടും
വാഴ്‌വിന്നഗാധതലങ്ങൾ താൻ പിന്നെയും –
–പ്രേമത്തെപ്പറ്റി ഞാൻ പാടട്ടെ

ഇതിലുമഗാധത്തിലെന്തോവന്നുൺമയെ
ത്തഴുകവേ പ്രേമത്തിൽ നടതുറന്നു;
സവിധത്തിൽ ഞാൻ–എന്റെ പുണ്യാതിഥേയന്റെ
വിരലിൽപ്പിടിച്ചു വരുന്നു കൂടെ.
ഒരുവേള നിന്നെ ഞാൻ കെട്ടിപ്പിടിച്ചുപോയ്
–പരിപൂർണ്ണം ലോകത്തിന്നാത്മയോഗം.

www.malankaralibrary.com


അപരത്തിൽ ജനനമുഹൂർത്തം ഞാൻ കാണുവാൻ
ഇടവേള കാലം എനിക്കുതന്നു;
അപാരം ഹാ നമ്മിൽനിന്നുത്ഭൂതമാകുന്നോ -
രനുഭവത്തിൽത്തളയ്ക്കുന്നിതെന്നോ
ഞാനിസ്സമഷ്ടിതൻ ഭാഗം; ഏകാന്തത
നീങ്ങുന്നു ദൂരത്തൊരേകാരം പോൽ.

ഇത്തരം നൂറു ഖണ്ഡങ്ങൾ ചതുഷ്പദികളായി ഈ നീണ്ട കവിതയിലുണ്ട്. അന്തർനേത്രത്തിലേക്കു ശ്രദ്ധ കേന്ദ്രീകരിച്ച് ആത്മജ്ഞാനത്തിനു സാധന നേടുന്ന ഉപാസകന് ലഭിക്കുന്ന അവാച്യ മായ സമഷ്ടിബോധോദയത്തിന്റെ ആനന്ദം ശ്രദ്ധാലുവായ ഒരു വായനക്കാരനു പകരാൻ ലളിതമായ ഈ ആഖ്യാനത്തിനു കഴിയുന്നു. ഇവിടെ വികാരമുണ്ട് - എന്നാൽ സ്വച്ഛവും ശാന്തവുമാണ്, പെരിയാറി നെപ്പോലെ.

തുടർന്ന് ഇരുപതു ലഘുകവിതകളാണ് ഗ്രന്ഥത്തിൽ. കേന്ദ്ര ഭാവത്തിൽനിന്ന് മാറിനില്ക്കുന്നില്ല ഒന്നും. അവസാനമായി, ആദ്യ കവിതയുടെ അനുപൂരകമെന്നോണം ഒരു ദീർഘകവിതയുണ്ട്, നാനൂറോളം വരികളിൽ. പരിശുദ്ധ അൽഫോൻസയുടെ ജീവിതവും ജീവിതദർശനവുമാണ് "ശവകുടീരത്തിലെ അന്വേഷകൻ" എന്ന കവിത. ശവകുടീരത്തിന്റെയുള്ളിൽനിന്ന് അൽഫോൻസ തന്റെ ആത്മകഥ പറയുന്നു. വിവാഹത്തെ പേടിച്ച് ആത്മഹത്യക്കൊരുങ്ങിയ ഒരു പാവം പെൺകുട്ടി മരണത്തിൽ നിന്നു രക്ഷപ്പെട്ട് ഏകാന്ത പ്രാർത്ഥനയിലൂടെ തന്റെ ഹൃദയേശനെ പ്രാപിച്ചകഥ. ലാളിത്യമാണ് ഈ ആഖ്യാനത്തിന്റെ ജീവൻ. അതിന്റെ ശില്പം ഇംഗ്ലീഷിലെ അനുഷ്ടുപ്പ് ആണെന്നു തോന്നും. മലയാളത്തിലാ ക്കിയാൽ

അന്തർവ്വാഹിത്തിരകളി-
ലാഴ്ന്നു താഴേക്കു പോയി ഞാൻ
ചുഴിയിൽ, കുത്തൊഴുക്കിൽ, പ്പി-
ന്നപാരത, മുനമ്പിലും.
അജ്ഞാതമനിവാര്യത്തിൽ
നാമമില്ലാത്ത വേദിയിൽ
അബ്രാഹ്മ ദൈവത്തിൻ ഹസ്തം
തന്നിൽ, നിയതിയിൽ, സ്വയം.

(മലയാളസാഹിത്യം മാസിക, ഡിസംബർ 1999, തിരുവനന്തപുരം പുറം 18-22).

www.malankaralibrary.com

# 23

## മാത്യു ആർനോൾഡിന്റെ മരണ ശതാബ്ദിയിൽ മലങ്കര വൈദികനിൽ നിന്ന് പാരിതോഷികം

ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി, എഡിറ്റർ (കാഹളം, തിരുവനന്തപുരം)

നോത്ര ദാം യൂണിവേഴ്സിറ്റിയിലെ ഇംഗ്ലീഷ് വിഭാഗത്തിൽ വിദ്യാർത്ഥിയായി ചേർന്ന ബഹു. തരകനച്ചൻ മാത്യു ആർനോൾഡ് എന്ന ആംഗലകവിതയിൽ പൗരസ്ത്യ ചിന്തയുടെ സ്വാധീനം എന്ന വിഷയത്തിൽ ഗവേഷണം നടത്തി ഡോക്ടർ ബിരുദം കരസ്ഥമാക്കിയിരിക്കുന്നു.

നോത്ര ദാം സർവ്വകലാശാലയിലെ നിബന്ധനയനുസരിച്ച് ഡോക്ടർ ബിരുദം നേടാൻ ഒരു വിദ്യാർത്ഥി 75 ക്രെഡിറ്റുകൾ നേടിയിരിക്കണം. ഓരോ അധ്യയനവർഷവും രണ്ടു സെമസ്റ്ററുകളായി തിരിച്ചിരിക്കുന്നു. ശീതകാല സെമസ്റ്റർ സെപ്റ്റംബർ മുതൽ ഡിസംബർ വരെയാണു. വസന്തകാല സെമസ്റ്റർ ജനുവരി മുതൽ മെയ് വരെയും. ഓരോ സെമസ്റ്ററിലും ഡോക്ടർ ബിരുദത്തെ ലക്ഷ്യം വച്ചു പഠിക്കുന്ന വിദ്യാർത്ഥികൾ ഏറ്റവും കുറഞ്ഞതു 3 കോഴ്സുകൾ എങ്കിലും ചെയ്തിരിക്കണമെന്നാണ് നിയമം. ഈ നിയമം അനുസരിച്ച് 5 വർഷം വരെയാകാം 75 ക്രെഡിറ്റുകൾ നേടാൻ. 1983-ലെ വസന്തകാലത്ത് യൂണിവേഴ്സിറ്റിയിൽ ചേർന്ന

www.malankaralibrary.com


ഫാ. തരകൻ 1984 മെയ് മാസത്തോടെ 75 ക്രെഡിറ്റുകളും പൂർത്തിയാക്കി പരീക്ഷ ജയിച്ചു കഴിഞ്ഞിരുന്നു.

ക്രെഡിറ്റുകൾ പൂർത്തിയാക്കിയാൽ പ്രത്യേകം താൽപര്യമുള്ള രംഗം ഏതെന്നു കണ്ടുപിടിക്കുകയാണു വേണ്ടത്. 1832 മുതൽ 1900 വരെയുള്ള കാലഘട്ടത്തിലെ വിക്ടോറിയൻ കവികളായിരുന്നു ഫാദർ തരകന്റെ സവിശേഷശ്രദ്ധ ആകർഷിച്ചത്. ഇവരിൽ മാത്യു ആർനോൾഡ് അദ്ദേഹത്തിന്റെ ഗവേഷണപഠനത്തിന് തെരഞ്ഞെടുക്കപ്പെട്ടു. ആർനോൾഡിന്റെ കവിതകളിൽ പൗരസ്ത്യ ചിന്തയുടെ സ്വാധീനമെന്നതായിരുന്നു പ്രബന്ധ വിഷയം.

സാഹിത്യകൃതികളിൽ മാത്രം ഒതുങ്ങിനില്ക്കാതെ, ഫാദർ തരകന്റെ പഠനം മാത്യു ആർനോൾഡിന്റെ വ്യക്തിപരമായ എഴുത്തുകുത്തുകളിലേയ്ക്കും തിരിഞ്ഞു. അവിടെയാണ് ആർനോൾഡിനെ രൂപപ്പെടുത്തിയ ചിന്താസ്രോതസ്സ് തെളിഞ്ഞുവന്നത്. ആർനോൾഡിന്റെ സ്നേഹിതനായിരുന്നു ആർതർക്ലഫ്. ഇദ്ദേഹത്തിനയച്ച ഒരു കത്തിൽ ഭഗവദ്ഗീതയിൽ നിന്ന് ഒരു ഭാഗം ഉദ്ധരിച്ചിരിക്കുന്നു (ഗീത 12:12). അതിന്റെ ആശയം ഏതാണ്ടിപ്രകാരം പരിഭാഷപ്പെടുത്താം.

പ്രവൃത്തിയേക്കാൾ പ്രാധാനം ജ്ഞാനം.
ജ്ഞാനത്തേക്കാൾ പ്രധാനം ധ്യാനം.
ധ്യാനത്തേക്കാളേറെ ശ്രേഷ്ഠം
ഈശ്വരസ്വാംശീകരണം.

ഈ കണ്ടെത്തൽ ഒരു വെളിപാടിന്റെ ഫലം ചെയ്തു. ആർനോൾഡ് ഭഗവദ്ഗീത ഉന്നതമായി ഗണിച്ചിരിക്കുന്നു. അത് അദ്ദേഹത്തിന്റെ ആശയ പ്രപഞ്ചത്തെ നിർണ്ണയിച്ചിരുന്നു. ആർനോൾഡിന്റെ കത്തിൽ ഭഗവദ്ഗീതയുടെ ആശയാനുവാദമല്ല പദാനുപദ ഉദ്ധരണിയാണെന്നു മനസ്സിലായത്, ചാൾസ് വിൽക്കിൻസിന്റെ ഒരു ഭഗവദ്ഗീത പരിഭാഷ കണ്ടുപിടിച്ചപ്പോഴാണ്. ആർനോൾഡിന്റെ കാലഘട്ടത്തിൽ എഴുതപ്പെട്ട ഈ ഗീതാവിവർത്തനമാണ് പദാനുപദം ആർനോൾഡിന്റെ കത്തിൽ പ്രത്യക്ഷപ്പെടുന്നത്.

എന്നാൽ ഗീതയെ ആർനോൾഡ് വ്യാഖ്യാനിക്കുന്ന രീതിയ്ക്ക് എന്താണൊരു സ്രോതസ്സ് എന്ന ചോദ്യത്തിനു ഇനിയും ഉത്തരം ലഭിച്ചിരുന്നില്ല. ആ ചോദ്യത്തിന് മറുപടി ലഭിച്ചതു വിക്ടർ കുസെൻ

www.malankaralibrary.com


എന്ന പണ്ഡിതന്റെ ഭഗവദ്ഗീതാവ്യാഖ്യാനങ്ങൾ വായിച്ചപ്പോഴാണ്. അക്കാലത്തെ ഒരു ഗീതാപണ്ഡിതനായിരുന്നു കുസൈൻ. ഇദ്ദേഹം ചെയ്തിരുന്ന പ്രസംഗങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ ഗീതയെ വ്യാഖ്യാനിക്കുന്ന രീതിയിലാണു ആർനോൾഡും തന്റെ കവിതയിൽ ഗീതയിൽ നിന്നു ആശയങ്ങൾ സ്വീകരിച്ച് ആവിഷ്ക്കരിച്ചിട്ടുള്ളത്. അക്കാലത്തെ വേറൊരു പണ്ഡിതനായിരുന്ന വിൽഹാം ഫോൻ ഹും ബോൾട്ടിന്റെ ഗീതാവ്യാഖ്യാനവും ആർനോൾഡ് വായിച്ചിട്ടുണ്ട്.

ആർനോൾഡിനെ ഭഗവദ്ഗീതയിലേയ്ക്കു ആകർഷിക്കാൻ സാഹിത്യചരിത്രപരമായ പശ്ചാത്തലവും കളമൊരുക്കി. പതിനേഴാം നൂറ്റാണ്ടിലെ തത്ത്വചിന്ത പിണ്ഡത്തെയും ആത്മാവിനെയും (Matter and spirit) രണ്ടു വിപരീത ധ്രുവങ്ങളിൽ നിക്ഷേപിച്ചു. എന്നു മാത്രമല്ല പോസിറ്റിവിസ്റ്റ് ചായ്‌വുള്ള അക്കാലചിന്തകർ മനുഷ്യനെ വെറും മാറ്ററായി കണ്ടു. പത്തൊൻപതാം നൂറ്റാണ്ട് ഇതിനുള്ള പ്രതികരണമാണ്. മാറ്ററും സ്പിരിറ്റും രണ്ടു തട്ടുകളിലല്ല, ഒന്നിച്ചു നിലനില്ക്കുന്നു. ഇങ്ങനെ പിണ്ഡാപിണ്ഡ സമന്വയത്തിനു കൊതിച്ച പത്തൊമ്പതാം നൂറ്റാണ്ടിലെ സാഹിത്യകാരന്മാർ ആ സമന്വയത്തിന്റെ സുന്ദരസാക്ഷാത്ക്കാരം ഹിന്ദുമതത്തിൽ കണ്ടു. പ്രത്യേകിച്ചും അദ്വൈതത്തിൽ, അദ്വൈതഭരിതമായ ഗീതയിൽ അവിടെ മാറ്ററും സ്പിരിറ്റും ഒന്നുതന്നെ. മനുഷ്യനും ബ്രഹ്മാവും ഒന്നാണ്, എന്നല്ല. രണ്ടെന്നതു വെറും തോന്നലാണ്, മായാവിലാസമാണ്.

പിണ്ഡാപിണ്ഡ സമന്വയത്തിന്റെ ഈ ഫിലോസഫി ആംഗല സാഹിത്യത്തിൽ ഇങ്ങനെ ആവിഷ്ക്കാരം പ്രാപിച്ചു. മനുഷ്യൻ തന്നിലെ അടക്കം ചെയ്യപ്പെട്ട സ്വത്ത്വത്തെ തേടി അലയുന്നു. ഈ അടക്കം ചെയ്യപ്പെട്ട സ്വത്വമാണ് (Buried self) മനുഷ്യന്റെ ആത്യന്തിക കേന്ദ്രം, ഇതു കണ്ടെത്തുമ്പോഴാണ് ധാർമ്മിക വിമോചനം മനുഷ്യൻ പ്രാപിക്കുന്നത്. നിമഗ്നസ്വത്ത്വദർശനം സാകല്യ (All) മാണ്. സാകല്യം ബാഹ്യ പ്രപഞ്ചത്തിന്റെ കേന്ദ്രമാണ്. ചുരുക്കത്തിൽ സ്വന്തം സ്വത്വദർശനം (സ്വന്തം നിമഗ്നസ്വത്വദർശനം) പ്രപഞ്ചകേന്ദ്രമായ സാകല്യദർശനം തന്നെ. ഇതു അഹം ബ്രഹ്മാസ്മിയെന്ന അദ്വൈത ദർശനത്തോടു കൈകോർത്തു നില്ക്കുന്നുണ്ടല്ലോ. ഇനി നിമഗ്നസ്വത്വത്തെ കണ്ടെത്താനുള്ള മാർഗ്ഗമോ വിരക്തി (detachment). ഗീതയിലും ബ്രഹ്മ സാക്ഷാത്ക്കാരത്തിന് സന്ന്യാസമാണല്ലോ (സമ്യക്കായ ഉപേക്ഷ) മാർഗ്ഗമായി നിർദ്ദേശിക്കുന്നത്.

www.malankaralibrary.com



1888-ലാണ് മാത്യു ആർനോൾഡ് മരിച്ചത്. ഈ വർഷം അദ്ദേഹത്തിന്റെ മരണത്തിന്റെ ഒരു നൂറ്റാണ്ടു പൂർത്തിയാകുകയാണ്. ഈ പ്രത്യേക സന്ദർഭത്തിൽ ഇത്തരം ഒരു ഗവേഷണ പ്രബന്ധത്തിലൂടെ കവിയെ കണ്ടെത്തി അനുവാചകർക്കു കാട്ടിക്കൊടുക്കാൻ ഫാദർ തരകൻ ചെയ്ത ശ്രമം പ്രശംസനീയമാണ്. വളരെ ചുരുങ്ങിയ കാലം കൊണ്ട് പൂർത്തിയാക്കിയ ഈ പ്രബന്ധത്തെപ്പറ്റി അഭിമാനത്തോടെയാണ് തരകനച്ചന്റെ അധ്യാപകരും ഗവേഷണ നിയന്താക്കളും ഏകകണ്ഠമായി സംസാരിക്കുന്നത്. ഇതു ഭാരതീയർക്കും അഭിമാനത്തിനു വക നല്കുന്നു. കടലുകളെക്കടന്ന് മറുനാട്ടിലെത്തി ഒരു മഹാകവിയെ രൂപപ്പെടുത്താൻ ശക്തമായ ദർശനം ഈ മണ്ണിൽ ജനനംകൊണ്ടതാണെന്നു തെളിയിച്ചിരിക്കുകയാണല്ലോ ഈ പ്രബന്ധത്തിലൂടെ.

(ക്രൈസ്തവ കാഹളം, ഡിസംബർ 1988, പുറം 33)

www.malankaralibrary.com

# 24

## ഡോ. ആന്നിയിൽ തരകൻ രചിച്ച "ഭാരതീയ ദർശനം ഇംഗ്ലീഷ് കവിതയിൽ" - പ്രൗഢവും സമഗ്രവുമായ ഗവേഷണ ഗ്രന്ഥം

ഡോ. ജി. ബാലമോഹനൻ തമ്പി, കേരള യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ

ആധുനിക ഭാരതീയ വിദ്യാഭ്യാസ നയരൂപീകരണത്തിൽ നിർണ്ണായകമായ പങ്കുവഹിച്ച മെക്കോളിക്ക് ഇന്ത്യൻ വിജ്ഞാന ത്തിന്റെ ഔൽകൃഷ്ടൃത്തെക്കുറിച്ച് വലിയ ബഹുമാനമൊന്നും ഇല്ലായിരുന്നു. പുച്ഛമാണുണ്ടായിരുന്നത് എന്നു വേണമെങ്കിൽ പറയാം. നമ്മുടെ സർവ്വവിജ്ഞാനവും ഒരൊറ്റ അലമാരിയിൽ ഒതുങ്ങുമെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. എന്നാൽ അതിനു മുമ്പുതന്നെ ഈസ്റ്റിന്ത്യാ കമ്പനിയിൽ ഉന്നത ഉദ്യോഗ ത്തിലിരുന്ന പല പണ്ഡിതന്മാരും ഇന്ത്യൻ വിജ്ഞാനശാഖകളെ ആഴത്തിൽ മനസ്സിലാക്കാൻ ശ്രമിച്ചിരുന്നു. കൽക്കത്തയിൽ ഏഷ്യാ റ്റിക് സൊസൈറ്റി സ്ഥാപിച്ചതോടെ പുരാതന ഭാരതത്തിന്റെ ചരിത്രവും സംസ്കാരവും കുലംകക്ഷമായ ഗവേഷണത്തിനു വിധേയമായി. ചാൾസ് വിൽക്കിൻസ് ഭഗവദ്ഗീതയുടെ ഇംഗ്ലീഷ് വിവർത്തനം പ്രസിദ്ധീകരിച്ചപ്പോൾ യൂറോപ്പിലെ പണ്ഡിതൻ മാർക്ക് ഇന്ത്യൻ സംസ്കാരത്തിന്റെ മേന്മയെക്കുറിച്ച് പുതിയ ഉൾക്കാഴ്ച ലഭിച്ചു പുരാതന ഭാരതീയ ദർശനങ്ങളും സാഹിത്യകൃതികളും ധർമ്മ

www.malankaralibrary.com


ശാസ്ത്രങ്ങളും യൂറോപ്യൻ ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടു. റൊമാന്റിക് സാഹിത്യകാരന്മാർ ഭാരതീയ ചിന്തയിലെ ചില ആശയ ങ്ങളെ സ്വാംശീകരിക്കാൻ മടിച്ചില്ല. ഇംഗ്ലണ്ടിൽ സംസ്കാര പഠന ത്തിന്റെ തുടക്കം കുറിച്ച മാത്യു ആർനോൾഡിന്റെ കൃതികളിൽ ചാൾസ് വിൽക്കിൻസിന്റെ ഗീതാ വിവർത്തനം ചെലുത്തിയ സ്വാധീനമാണ് ആന്നിയിൽ തരകന്റെ പഠന വിഷയം. ഇത്രയും സമഗ്രമായ ഒരു പഠനം ഇതിനുമുമ്പ് പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല എന്നു മനസ്സിലാക്കുമ്പോൾത്തന്നെ ഇതിന്റെ രചനയ്ക്കാവശ്യമായ അദ്ധ്വാനം എത്ര കഠിനവും നിസ്തന്ദ്രവുമായിരുന്നു എന്നു നമുക്ക് ഊഹിക്കാൻ കഴിയും. ഇതിന്റെ ഇംഗ്ലീഷ് മൂലഗ്രന്ഥം ആർനോൾ ഡിന്റെ കവിതയും ഗദ്യവും പഠിക്കാൻ താല്പര്യമുള്ള വർക്ക് ഒഴിച്ചു കൂടാൻ പറ്റാത്ത ഗവേഷണസാമഗ്രിയാണെന്നു നിസ്സംശയം പറയാം.

വിക്ടോറിയൻ സമൂഹത്തിലെ സാമ്പത്തിക അസമത്വങ്ങളും ബൗദ്ധികമായ സന്ദേശങ്ങളും മാത്യു ആർനോൾഡ് തന്റെ പഠന ത്തിനു വിഷയമാക്കിയിരിക്കുന്നു. സാംസ്കാരിക മൂല്യങ്ങളോട് ധനികവർഗ്ഗവും മധ്യവർഗ്ഗവും കാണിച്ചിരിക്കുന്ന വിപ്രതിപത്തിയെ അദ്ദേഹം പരിഹസിച്ചിരുന്നു. ഫിലിസ്റ്റിനിസം (സാംസ്കാരശൂന്യത, കല, സാഹിത്യം മുതലായവയിലുള്ള താത്പര്യക്കുറവ്) സമൂഹത്തിൽ ചെലുത്തിക്കൊണ്ടിരുന്ന സ്വാധീനതയെ ഉപരോധിക്കാൻവേണ്ടി അദ്ദേഹം പ്രബന്ധങ്ങളെഴുതി. ഭൗതിക ശാസ്ത്രങ്ങളിലുണ്ടായ പുരോഗതി ക്രിസ്തുമതത്തിന്റെ പല വിശ്വാസങ്ങളുടെയും യുക്തി രാഹിത്യം വ്യക്തമാക്കിയതുകൊണ്ട് ഇനി മതത്തിനു ഭാവിയില്ലെന്നും അതിൽനിന്നും മനുഷ്യനു ലഭിച്ചിരുന്ന ആശ്വാസവും മൂല്യബോധവും ഭാവിയിൽ കവിതയിൽ നിന്നാണ് പ്രതീക്ഷിക്കേണ്ടതു എന്നും അദ്ദേഹം പ്രവചിച്ചു. ഡോ. തരകൻ ആർനോൾഡിന്റെ ലക്ഷ്യമായി കാണുന്നത് ധാർമ്മിക വിമോചനമാണ് (moral deliverance). സമൂഹത്തിൽ പ്രവർത്തനനിരതനായിരിക്കുമ്പോൾത്തന്നെ എങ്ങനെ കർമ്മത്യാഗം സാധ്യമാകുമെന്ന അടിസ്ഥാനപരമായ പ്രശ്നം പരിഹരിക്കാൻ ആർനോൾഡിനെ ഭഗവദ്ഗീത സഹായിച്ചു എന്നു ഗ്രന്ഥകർത്താവ് സ്ഥാപിക്കുന്നു. കവിത ജീവിത വിമർശനമായി കണ്ട ആർനോൾഡ് ജീവിതത്തിലും വിമർശന ത്തിലും അനാസക്തി (disinterestedness) യുടെ പ്രാധാന്യം മനസ്സിലാക്കിയിരുന്നു. ഈ ആശയം രൂപപ്പെടുത്തിയെടുക്കുന്നതിൽ ഗീതാപാഠനം അദ്ദേഹത്തെ പ്രേരിപ്പിച്ചു.

www.malankaralibrary.com


ഭാരതീയ ചിന്തയിൽ ഗവേഷണം നടത്തിയ വില്യം ജോൺസ് സംസ്കൃതവും ഇൻഡോ-യൂറോപ്യൻ ഭാഷകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വിശദീകരിച്ചത് മനുഷ്യസംസ്കാരത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർക്കുകയായിരുന്നു എന്ന് ഡോ. തരകൻ സമർത്ഥിക്കുന്നു. യൂറോപ്യൻ ജ്ഞാനശാസ്ത്രത്തിന്റെ പരിമിതികൾ അതിവർത്തിക്കാൻ ഇന്ത്യൻ ദർശനങ്ങളെ ആശ്രയിച്ച റൊമാന്റിക് കവികളുടെയും പണ്ഡിതന്മാരുടേയും കാഴ്ചപ്പാടും പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. റോമാന്റിക് കവിതകളുടെ പല ഉൾക്കാഴ്ചകളും വ്യാഖ്യാനിക്കാൻ യൂറോപ്യൻ ചിന്തകളെക്കാൾ കൂടുതൽ ഉപകരിക്കുന്നതു പൗരസ്ത്യദർശനങ്ങളാണെന്ന് സ്ഥാപിച്ചുകൊണ്ട് ഡോ. തരകൻ റൊമാന്റിക് കാവ്യഭാവനയുടെ പഠനത്തിനും ഒരു പുതിയ ദിശാബോധം നൽകിയിരിക്കുന്നു.

മാത്യു ആർനോൾഡിന്റെ പൗരസ്ത്യ സ്രോതസ്സുകളെക്കുറിച്ച് ഇത്ര വിശദവും അഗാധവും മൗലികവുമായ മറ്റൊരു പഠനം കാണാൻ സാധ്യതയില്ല. വിദേശ സർവ്വകലാശാലാ ഗ്രന്ഥാലയങ്ങളിൽ ദീർഘകാലം ജ്ഞാനതപസ്യ അനുഷ്ഠിച്ചതിന്റെ ഫലമായി ആർനോൾഡിന്റെ ഭഗവദ്ഗീതാ പരിചയത്തെക്കുറിച്ച അദ്ദേഹത്തിന്റെ ഡയറികളിലും കത്തുകളിലും നിന്നു പല പുതിയ വിവരങ്ങളും കണ്ടെടുത്തു പ്രസിദ്ധീകരിക്കാൻ ഡോ. തരകന് കഴിഞ്ഞിട്ടുണ്ട്.

ആർനോൾഡിന്റെ കവിതകളിൽ ഭഗവദ്ഗീതയുടെ സ്വാധീനത പരിശോധിക്കുന്ന നാലാം അദ്ധ്യായത്തിൽ ഡോ. തരകൻ ഊന്നൽ നൽകുന്നത് കർമ്മഫലത്യാഗം എന്ന ആശയത്തിനാണ്. കവിയുടെ ഏറ്റവും പ്രധാനപ്പെട്ട കൃതികൾ വിശകലനം ചെയ്തുകൊണ്ട് അവയുടെ ഭാഷയിലും പ്രതിരൂപങ്ങളിലും ഗീതയുടെ സ്വാധീനം ഡോ. തരകൻ വ്യക്തമാക്കുന്നു. ഗീതയിൽ മാത്രമല്ല മിക്ക ദാർശനിക ഗ്രന്ഥങ്ങളിലും ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം ചർച്ചാവിഷയമാണല്ലോ. ആർനോൾഡിന്റെ കവിതകളിൽ കാണുന്ന ഗുപ്താത്മാവ് (buried self) ഗീതയിലെ ആത്മാവ് എന്ന സങ്കല്പത്തിന്റെ പ്രതിഫലനം തന്നെയാണെന്നു ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നു. "എംപിഡോക്ലിസ് ഓൺ എറ്റ്ന" എന്ന കവിതയിൽ പുനർജന്മത്തിന്റെ അടിസ്ഥാനഹേതുവായ കർമ്മഫലേച്ഛ മനുഷ്യനിൽ രൂഢമൂലമായിരിക്കുന്നു എന്നും അഗ്നി

www.malankaralibrary.com

പർവ്വത്തിനുള്ളിലേക്കു എംപിഡോക്ലിസ് എടുത്തുചാടുന്നതു സംസാരചക്രം ഹ്രസ്വമാക്കാനുള്ള താത്പര്യം കൊണ്ടാണെന്നും ഡോ. തരകൻ പ്രസ്താവിച്ചിട്ടുള്ളത് കൂടുതൽ ചർച്ചയ്ക്ക് വഴിയൊരുക്കുന്ന ഒന്നാണ്.

"ദ് സ്കോളർ ജിപ്സി" എന്ന കവിത വായിച്ചിട്ടുള്ളവർ ഇന്ത്യൻ ജ്ഞാനാന്വേഷണ മാർഗ്ഗങ്ങളുമായി അതിനുള്ള അടുപ്പം തിരിച്ചറിഞ്ഞിട്ടുണ്ടാകും. ജിപ്സികളെക്കുറിച്ച് ഗവേഷണം നടത്തിയിട്ടുള്ള വരാരും തന്നെ അവർക്ക് ആധ്യാത്മിക രഹസ്യജ്ഞാനം ഉണ്ടായിരുന്നു എന്നു പറഞ്ഞിട്ടില്ല. പ്രസിദ്ധ ഇംഗ്ലീഷ് വിമർശകനായ വിൽസൺ നൈറ്റിനെ ഉദ്ധരിച്ചുകൊണ്ട് ഡോ. തരകൻ, ആർനോൾഡിന്റെ ദൈവിക സ്ഫുലിംഗം, സ്വർഗ്ഗീയ രശ്മി മനുഷ്യന്റെ ഉള്ളിലുള്ള സുപ്തമായ ആത്മചൈതന്യം തന്നെയാണു എന്നു വ്യാഖ്യാനിക്കുന്നു. ഭൗതിക ജീവിതത്തിൽ മുഴുകിക്കഴിയുന്നവർക്ക് ഒന്നിലും സ്ഥിരമായ വിശ്വാസമില്ല. ലക്ഷ്യബോധമില്ലാതെ ജീവിക്കുന്നതു കൊണ്ട് അവർ തങ്ങളുടെ കഴിവുകളെ നാനാവിധത്തിൽ പ്രയോഗിച്ചു നഷ്ടപ്പെടുത്തുന്നു. സ്കോളർ ജിപ്സിക്കാകട്ടെ ഒരൊറ്റ ലക്ഷ്യമേയുള്ളൂ; ഒരു കർമ്മപദ്ധതിയും ഒരാഗ്രഹവും മാത്രമേയുള്ളൂ (one aim,one business,one desire). എ.ഇ. ഡൈസനെപ്പോലെയുള്ള ഇംഗ്ലീഷ് വിമർശകരുടെ അപക്വമായ അഭിപ്രായങ്ങളെ ഖണ്ഡിച്ചുകൊണ്ട് ഏതോ ആത്യന്തികമായ യാഥാർത്ഥ്യത്തിനുവേണ്ടി അന്വേഷണം നടത്തി നിത്യതയിലേക്കു യാത്രചെയ്തു മറയുന്ന സ്കോളർ ജിപ്സിയുടെ കവിതയിൽ ഭഗവദ്ഗീതയുടെ സ്വാധീനത വെളിപ്പെടുന്ന ഡോ. തരകന്റെ വ്യാഖ്യാനം ആർനോൾഡിന്റെ പഠിതാക്കൾക്ക് അത്യന്തം പ്രയോജനമായിരിക്കും. പ്രൗഢവും സമഗ്രവുമായ ഈ ഗവേഷണ ഗ്രന്ഥം മലയാള വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ ആഹ്ലാദവും അഭിമാനവുമുണ്ട്. ഡോ. തരകന്റെ ഗവേഷണ പരിശ്രമങ്ങൾക്ക് എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

(കേരള സാഹിത്യ അക്കാദമിയുടെ അവാർഡ് കരസ്ഥമാക്കിയ 'ഭാരതീയ ദർശനം ഇംഗ്ലീഷ് കവിതയിൽ' എന്ന ഗ്രന്ഥത്തിന്റെ അവതാരിക)

www.malankaralibrary.com

# 25

# ഭാരതീയ ദർശനത്തിലെ സ്ത്രീ സങ്കൽപത്തേക്കുറിച്ചു പഠനവുമായി ക്രൈസ്തവ പുരോഹിതൻ

സ്വന്തം ലേഖകൻ (ദീപിക, കോട്ടയം)

ഭാരതീയ ദർശനത്തിലെ സ്ത്രീസങ്കൽപത്തെക്കുറിച്ചുള്ള പഠനങ്ങൾ വിരളമാണ്. റവ. ഡോ. ആന്നിയിൽ തരകൻ പത്തു വർഷത്തെ പഠനത്തിനു ശേഷം രചിച്ച The Sacred Feminine in Indian Thought എന്ന ഗ്രന്ഥം ഈ കുറവു നികത്തുകയാണ്.

ഭാരതീയ ദർശനത്തിൽ സ്ത്രീത്വം ആത്മീയ പുരോഗതിയിലും സൗന്ദര്യ സങ്കൽപ്പത്തിലും വഹിക്കുന്ന പങ്കാണ് ഈ പുസ്തകത്തിലൂടെ ഗ്രന്ഥകർത്താവ് വിശകലനം ചെയ്യുന്നത്. ആത്മീയതയുടെയും സൗന്ദര്യ സങ്കൽപത്തിന്റെയും ആരംഭവും അവസാനവും സ്ത്രീയാകുന്നു എന്നു കണ്ടെത്തിയത് ഭാരതീയ ദർശനമാണെന്ന് ഡോ. തരകൻ സമർഥിക്കുന്നു.

ഈ ഗ്രന്ഥം ആരംഭിക്കുന്നത് ഉപനിഷത്തുകളുടെ ഉള്ളറകളിലേക്കു കടന്നു കൊണ്ടാണ്. ആത്യന്തിക യാഥാർത്ഥ്യം സ്ത്രീ പുരുഷ ധ്രുവങ്ങളായി വിഭജിക്കപ്പെടുന്നു എന്ന് ബൃഹദാരണ്യക ഉപനിഷത്ത് പഠിപ്പിക്കുന്നു. ക്രിയാത്മകതയുടെയും പ്രവർത്തന

www.malankaralibrary.com


ത്തിന്റെയും സ്രോതസായി സ്ത്രീയെ കാണുമ്പോൾ പുരുഷൻ പൂർണതയുടെയും ആദർശത്തിന്റെയും പ്രതിരൂപമായി കാണുന്നു. സമസ്ത വസ്തുക്കളും, മനുഷ്യൻ ഉൾപ്പെടെയുള്ള സകല ജീവ ജാലങ്ങളും സ്ത്രീ തത്ത്വത്തിന്റെ രൂപാന്തരങ്ങളായി പ്രപഞ്ചത്തിൽ ആവിർഭവിച്ചിരിക്കുന്നു. സ്ത്രീത്വത്തിന് ക്രിയാത്മകത നൽകി സ്ത്രീയെ കർമനിരതയുടെയും വികസനത്തിന്റെയും പുരോഗതി യുടെയും ആവിർഭാവമായി കാണുന്ന ചിന്താസമ്പ്രദായം ഭാരതീയ ചിന്തയുടെ സവിശേഷതയാണെന്നു ഡോ. തരകൻ വാദിക്കുന്നു. ആത്മീയത സ്ത്രീ പുരുഷസംഗമത്തിൽ ദൃശ്യമാകുന്ന താളലയമാ കുന്നുവെന്നും ഈ ക്രമാനുഗതമായ ലയം പ്രപഞ്ചത്തിന്റെ ഉറച്ച നിലനിൽപിന് ആവശ്യമാണെന്നും ഗ്രന്ഥകർത്താവ് സമർഥിക്കുന്നു.

ന്യൂഡൽഹിയിലുള്ള കോസ്മോ പബ്ലിക്കേഷൻസ് ആണ് ഈ ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ പ്രസാധനം നിർവഹിച്ചിരിക്കുന്നത്. 2011 ലെ കേരള സാഹിത്യ അക്കാദമിയുടെ പുരസ്കാരം, 2014 ലെ കേരള സഭയിലെ മെത്രാന്മാരുടെ ഗുരുപൂജ അവാർഡ് എന്നിവ ഡോ. തരകനു ലഭിച്ചിട്ടുണ്ട്.

റവ. ഡോ. തരകൻ തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജ്, അഞ്ചൽ സെന്റ് ജോൺസ് കോളേജ് എന്നിവിടങ്ങളിൽ ഇംഗ്ലീഷ് അധ്യാപകനായിരുന്നു. അഞ്ചൽ കോളേജിൽ നിന്നു പ്രിൻസിപ്പൽ ആയാണു വിരമിച്ചത്. കേരള സർവ്വകലാശാലയിൽ റിസർച്ച് ഗൈഡ് ആയും വിസിറ്റിംഗ് ഫാക്കൽറ്റി ആയും ഇപ്പോൾ സേവനമനുഷ്ഠിക്കുന്നു.

(ദീപിക 2017 ജനുവരി ഞായർ പുറം 9)

www.malankaralibrary.com

# 26

## സ്ത്രീ ഭാരതീയ ദർശനത്തിൽ

ഡോ. ജോർജ്ജ് സക്കറിയ
പ്രൊഫസ്സർ, ഡിപ്പാർട്ടുമെന്റ് ഓഫ് ഇംഗ്ലീഷ്, മാർ ഈവാനിയോസ് കോളേജ്, തിരുവനന്തപുരം (മലയാളം ആഴ്ചപതിപ്പ്, കൊച്ചി)

ഭാരതീയ ദർശനത്തിൽ സ്ത്രീ ആത്മീയ പുരോഗതിയിലും സൗന്ദര്യ സങ്കൽപ്പത്തിലും വഹിക്കുന്ന പങ്ക് വിശകലനം ചെയ്യുന്ന ഗ്രന്ഥങ്ങൾ വിരളമാണ്. ആ വിടവ് ഒരു വലിയ പരിധിവരെ നികത്തുന്ന പഠനമാണ്. ഡോ. തരകൻ ഇംഗ്ലീഷിൽ രചിച്ച ബൃഹത്തായ The Sacred Feminine in Indian Thought എന്ന ഗ്രന്ഥം. ഈ രചനയുടെ പ്രമേയം ക്രിയാത്മകതയുടെ സ്രോതസ്സും അടിസ്ഥാനവും സ്ത്രീത്വമാണെന്നാണ്. ആത്മീയതയുടെ സൗന്ദര്യ സങ്കൽപ്പത്തിന്റെയും ആരംഭവും അവസാനവും സ്ത്രീയാകുന്നുവെന്നു കണ്ടെത്തിയത് ഭാരതീയ ദർശനമാണെന്ന് ഡോ. തരകൻ സമർത്ഥിക്കുന്നു. ഇതുകൊണ്ടുതന്നെയാണ് 'ഫോസ്റ്റ്' എന്ന കാവ്യ നാടകത്തിന്റെ അവസാനഭാഗത്ത് ജർമ്മൻ നാടകകൃത്തും ചിന്തകനുമായ ഗോയ്ഥേ പറയുന്നത്, മനുഷ്യ സമൂഹത്തെ ആദ്ധ്യാത്മിക പരിപൂർണതയിലേക്കു നയിച്ചതും നയിക്കുന്നതും നിത്യമായ സ്ത്രീ തത്ത്വ (eternal feminine) മാണ് എന്ന്.

ആത്യന്തിക യാഥാർത്ഥ്യം സ്ത്രീയും പുരുഷനുമായി രൂപപ്പെട്ടു എന്ന് ബൃഹദാരണ്യക ഉപനിഷത്ത് പഠിപ്പിക്കുന്നു. സകല

www.malankaralibrary.com


വസ്തുക്കളും അദൃശ്യമായ ഒന്നിൽനിന്ന് ഉൽഭവിക്കുന്നതുകൊണ്ട് അദൃശ്യമായ സ്ത്രീത്വത്തിന്റെ (ശക്തി തത്ത്വത്തിന്റെ) ബാഹ്യരൂപമാണ് ഭൗതിക ലോകത്തിലെ സ്ത്രീ എന്ന് ഭാരതീയ ചിന്ത സമർത്ഥിക്കുന്നു.

ക്രിയാത്മകതയുടെയും പ്രവർത്തനത്തിന്റെയും സ്രോതസ്സായിട്ടാണ് സ്ത്രീയെ കാണുന്നത്. പുരുഷൻ പൂർണതയുടെയും ആദർശത്തിന്റെയും. സമസ്ത വസ്തുക്കളും മനുഷ്യൻ ഉൾപ്പെടെയുള്ള സകല ജീവജാലങ്ങളും സ്ത്രീതത്ത്വത്തിന്റെ രൂപാന്തരങ്ങളായി പ്രപഞ്ചത്തിൽ ആവിർഭവിച്ചിരിക്കുന്നു. സ്ത്രീത്വത്തിനു ക്രിയാത്മകത നൽകി സ്ത്രീയെ കർമ്മനിരതയുടെയും വികസനത്തിന്റെയും പുരോഗതിയുടെയും ആവിർഭാവമായി കാണുന്ന സമ്പ്രദായം ഭാരതീയ ചിന്തയുടെ സവിശേഷതയാണ് എന്ന് ഡോ. തരകൻ വാദിക്കുന്നു. ആത്മീയത സ്ത്രീ പുരുഷസംഗമത്തിൽ ദൃശ്യമാകുന്ന താളലയമാകുന്നുവെന്നും ഈ ക്രമാനുഗതമായ ലയം പ്രപഞ്ചത്തിന്റെ ഉറച്ച നിലനിൽപ്പിന് ആവശ്യമാണ് എന്നും ഗ്രന്ഥകർത്താവ് സമർത്ഥിക്കുന്നു.

ഭാരതീയ ആത്മീയ ചിന്തയിലെ സ്ത്രീ തത്ത്വം സകലതിന്റെയും മൂല തത്ത്വമാണ്. സൃഷ്ടിയുടെ ആരംഭം ഈ സ്ത്രീ തത്ത്വത്തിന്റെ വിഭജനമാണ്. സർവ്വ ചരാചരങ്ങളെയും ഉൾകൊള്ളുന്ന സങ്കൽപ്പത്തെ വേദങ്ങൾ 'പുരുഷൻ' എന്നു വിളിച്ചു. ഈ ആത്യന്തിക യാഥാർത്ഥ്യത്തെ തന്ത്രയോഗം 'ശിവൻ' എന്നു വിളിക്കുന്നു. ശിവനിൽ മോഹം ഉരുത്തിരിയുമ്പോൾ, അവൻ ശിവനും ശക്തിയുമായി, പുരുഷനും സ്ത്രീയുമായി രൂപാന്തരപ്പെടുന്നു. ഈ ധ്രുവീകരണം, സകല വസ്തുക്കളെയും സ്ത്രീപുരുഷന്മാരായി സങ്കൽപ്പിക്കാൻ ഇടയാക്കി. ഈ രീതിയിലുള്ള ഇണ സങ്കൽപ്പം ഭാരതീയമാണ്. അതിന്റെ ആദിരൂപ മാതൃകയാണ് ശിവ-ശക്തി സങ്കൽപ്പം. അതിനെ കാൾ ഗുസ്താവ് യൂങ് യൂറോപ്യൻ ചിന്താഗതിയുടെ ഭാഗമാക്കി, ആനിമ (anima) ആനിമസ് (animus) എന്ന ആശയത്തിനു രൂപം നൽകി.

ഓരോ വ്യക്തിയിലും കുടികൊള്ളുന്ന ശിവശക്തി എന്ന ഈ ആദിരൂപ സങ്കൽപ്പത്തിന്റെ (archetypal) ഉൽഭവം ഇന്ത്യൻ സംസ്കാരത്തിലാണ് എന്ന് ഡോ. തരകന്റെ ഗ്രന്ഥം വാദിക്കുന്നു. ഗ്രന്ഥത്തിന്റെ ആരംഭത്തിൽ, ആത്മീയതയിൽ സ്ത്രീ തത്ത്വത്തിനുള്ള പങ്ക് വിശകലനം ചെയ്യുന്നു. ആത്യന്തിക ആത്മീയ യാഥാർത്ഥ്യം

www.malankaralibrary.com



സ്ത്രീ ശക്തിയായി, മനുഷ്യനുൾപ്പെടെ സർവ്വ ജീവജാലങ്ങളുമായി ഉരുത്തിരിയുമ്പോൾ, പ്രപഞ്ചത്തിൽ ആത്മീയ പ്രവർത്തനം ആരംഭിക്കുന്നു. പ്രപഞ്ചവും മനുഷ്യ സമൂഹം മുഴുവനും ആത്മീയ പരിവേഷത്തിൽ മുങ്ങുന്നത് ആത്മീയ അവരോഹണമാണ്. മനുഷ്യന്റെ മോചന പ്രക്രിയ ആരംഭിക്കുന്നതു വൈവിദ്ധ്യമാക്കപ്പെട്ട പ്രവൃത്തികൾ ആത്മാവിൽ ഒന്നാക്കപ്പെടുമ്പോഴാണ്. ഇത് ആരോഹണ പ്രക്രിയയായി മാറുന്നു.

സ്ത്രീ-പുരുഷ തത്ത്വങ്ങളായി ആത്മാവിന്റെ വിഭജനമാണ് നാനാത്വത്തിലേക്കുള്ള പരിണാമം. അതായത്, പരമാത്മാവ്, സ്ത്രീയും പുരുഷനുമായുള്ള ഭാവം അഥവാ അർദ്ധനാരീശ്വരൻ ആണ്. പുരുഷന്റെ ഈ യഥാർത്ഥ ആത്മസത്തയാണ് ശിവൻ. സ്ത്രീ-പുരുഷ തത്ത്വങ്ങളുടെ ഐക്യം യാഥാർത്ഥ്യത്തിന്റെ വിഭജിക്കപ്പെടാത്ത ബോധത്തിലേക്കു മടങ്ങാനുള്ള വിളിയാണ്. സ്ഥലകാലങ്ങളിൽ ഭൗതിക നിയമങ്ങളുടെ വസ്തുനിഷ്ഠ ലോകമായി, ഈ ബോധം ദൃശ്യമാകുന്നു. ഒരു ചക്രം പൂർത്തിയാകുമ്പോൾ ശക്തിയുടെ ഈ നാനാത്വം ആത്മഗർഭത്തിലേക്ക്, ശിവനിലേക്കു വിലയം പ്രാപിച്ച് അതുമായി ഒന്നായിത്തീരുന്നു.

ഭാരതീയ സംസ്കാരത്തിൽ മോചന പ്രക്രിയയും സ്ത്രീയിലൂടെ മാത്രം സംഭവിക്കുന്നു. സൃഷ്ടി സ്ത്രീയിലൂടെയാണെങ്കിൽ, മോചനവും ആ വഴിയിലൂടെതന്നെ. ദാന്തെയുടെ ബയാട്രീസും എലിയട്ട് "ആഷ് വെൻസ്ഡേ (Ash Wednesday)" എന്ന കവിതയിൽ ചിത്രീകരിക്കുന്ന നിശ്ശബ്ദതയുടെ സ്ത്രീയും, നോവാലീസിന്റെ സോഫി ഫോൺ കൂണും രക്ഷയുടെ അടയാളമായി തീരുന്നുവെന്ന് ജാക് മാരിറ്റേൻ (Jacques Maritain ) പറയുന്നത് ഈ അർത്ഥത്തിലാണ്. അവരെല്ലാം പ്രാണപ്രേയസിമാരായിരുന്നു. എന്നാൽ അവരുടെ സ്നേഹം ആത്മീയതയുടെ ഉയർന്ന ഭാവങ്ങൾ നൽകി തങ്ങളുടെ കമിതാക്കളെ മഹത്വീകരിച്ചു.

പത്തുവർഷക്കാലത്തെ ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ രചിക്കപ്പെട്ട ഈ ഗ്രന്ഥം ആരംഭിക്കുന്നത് ഉപനിഷത്തുകളുടെ ഉള്ളറകളിലേക്കു കടന്നുചെന്നുകൊണ്ടാണ്. ഭാരതീയ ചിന്തയിൽ സൃഷ്ടവസ്തുക്കളെല്ലാം ബ്രഹ്മത്തിന്റെ വിവിധ രൂപങ്ങളാണ്. ഏകത്വത്തിൽനിന്നു വിഭജിക്കപ്പെട്ടതാണ് നാനാത്വം. ചിലന്തി ഉള്ളിൽനിന്നു വൈവിധ്യമാർന്ന വലകൾ സൃഷ്ടിക്കുന്നതുപോലെ പ്രപഞ്ചവും അതിലെ ജീവജാലങ്ങളും സൃഷ്ടിക്കപ്പെടുന്നു. മുക്തി

www.malankaralibrary.com


അഥവാ മോചനം സംഭവിക്കുമ്പോൾ നാനാത്വം ഇല്ലാതാകുന്നു. ഇതിനർത്ഥം ഭാരതീയ ചിന്തയിൽ യാഥാർത്ഥ്യം ഭൗതിക പ്രതിഭാസമല്ല, ആത്മീയമാണ് എന്നാണ്. അതിനാൽ, ആത്മാവിന്റെ ഊർജ്ജ ഭാവങ്ങളാണ് നാനാത്വം. അതിനാൽ നാനാത്വം മിഥ്യയാണ്. അതിനു യഥാർത്ഥത്തിൽ സ്വന്തമായ അസ്തിത്വം ഇല്ല.

ഇന്ദ്രിയപരത ഊർജ്ജപ്രവാഹങ്ങളുടെ ശേഖരമാണ് എന്ന അടിസ്ഥാന തത്ത്വത്തിൽ ആസ്പദമാണ് ഈ ദർശനം. ഈ പഠനത്തിന്റെ മുഖ്യ സ്രോതസ് തന്ത്രയോഗ സങ്കൽപ്പമാണ്. ഭാരതത്തിൽ വേരൂന്നിവളർന്ന തന്ത്രശാസ്ത്രം ഭാരതീയ സൗന്ദര്യ സങ്കൽപ്പത്തിന്റെ അടിസ്ഥാനമാണ്. സാർ ജോൺ വുഡ്രോഫ് എന്ന ഇംഗ്ലീഷുകാരനാണ് 19-ാം നൂറ്റാണ്ടിൽ തന്ത്രയോഗപഠനം ശാസ്ത്രീയമായി നടത്തിയത്. അദ്ദേഹത്തിന്റെ കൃതികൾ പാശ്ചാത്യരുടെ ഇടയിൽ നിർണായക സ്വാധീനം ചെലുത്തി.

മാനസിക ഊർജ്ജം ആത്മസത്തയുടെ സൂക്ഷ്മ തത്ത്വങ്ങളായി മാറുന്നതിനാൽ, ആത്മീയതയും ഭൗതികതയും തമ്മിൽ വേർതിരിവില്ല. ദൃശ്യലോകം ദൈവികതയുടെ ഊർജ്ജമാണ് എന്ന വിപ്ലവകരമായ ആശയം നൂറ്റാണ്ടുകൾക്കു മുൻപു പ്രഖ്യാപിച്ചത് ഇന്ത്യൻ താന്ത്രികരാണ്. ഐൻസ്റ്റൈൻ ശാസ്ത്രീയമായി തെളിയിച്ച ഒരു ആശയമാണത്. ഒന്നും നിശ്ചലമല്ല. സകലതും വളരുകയും ക്ഷയിക്കുകയും തിരോഭവിക്കുകയും ചെയ്യുന്നു. സൃഷ്ടി സംഹാരങ്ങളുടെ താളാത്മകമായ ഒരു ചക്രത്തിൽ അതു സംഭവിക്കുന്നു. ഇതു തന്ത്രയോഗ ദർശനത്തിന്റെ കാതലാണ്. പരമാത്മാവുമായുള്ള ലയം അഥവാ ഐക്യത്തെ തടസ്സപ്പെടുത്തുന്ന ബാഹ്യതലങ്ങളെ ഭേദിക്കാൻ സാധകനെ പ്രാപ്തമാക്കുന്ന ശിക്ഷണരീതിയാണ് തന്ത്രയോഗം. മനുഷ്യനെയും ദൈവത്തെയും പ്രപഞ്ചത്തെയും ബന്ധിപ്പിക്കുന്ന ബോധത്തിന്റെ അഗാധമായ അനുഭവം ആയി ആത്മീയതയെ മാറ്റുന്ന പ്രക്രിയയാണ് തന്ത്രയോഗം.

വ്യക്തിതലത്തിൽ ശക്തി, സൂക്ഷ്മശരീരത്തിന്റെ അടിത്തട്ടിൽ സ്ത്രൈണ തത്ത്വമായി സർപ്പത്തെപ്പോലെ ചുരുണ്ടുകിടക്കുന്നു. ഇതിനെ കുണ്ഡലിനി എന്നു താന്ത്രിക യോഗികൾ വിളിക്കുന്നു. ഈ കുണ്ഡലിനി ഉണർന്നു സുഷുമ്നയിലെ ഷഡാധാരങ്ങളിലൂടെ മുകളിലേക്കു പോകുമ്പോൾ സ്ഥൂലലോകത്തിന്റെ ശക്തി ക്ഷയിക്കുന്നു. പ്രാണന്റെ രൂപമായ ആത്മീയ സ്രോതസ്സുകൾ ഉണരുന്നു. ഷഡാധാരങ്ങളിലൂടെ ശക്തി അഥവാ കുണ്ഡലിനി ആരോഹണം

www.malankaralibrary.com

ചെയ്യുമ്പോൾ, അവളിൽ ലയിക്കാൻ സന്നദ്ധനായി നിലകൊള്ളുന്ന ശിവനെ അവൾ വിഭാവനം ചെയ്യുന്നു. മുക്തി, തന്ത്രയോഗത്തിൽ, സ്ത്രീ-പുരുഷലയത്തിലൂടെ, ശിവ-ശക്തി ഐക്യത്തിലൂടെ സാദ്ധ്യമാകുന്നു. ഈ ലയം അലൗകികതയുടെ തലത്തിൽ നടക്കുന്ന പ്രക്രിയയുടെ പ്രതീകാത്മക പ്രതിനിധാനമാണ്. നാനാത്വം അഥവാ വൈവിധ്യം ഏക യാഥാർത്ഥ്യത്തിന്റെ രൂപാന്തരീകരണം മാത്രമാണ് എന്നാണ് തന്ത്രയോഗം വ്യക്തമാക്കുന്നത്. ദിവ്യ സ്ത്രീ തത്ത്വവും പുരുഷതത്ത്വവും സഹസ്രാര പത്മത്തിൽ, സാധകന്റെ ആത്മാവിന്റെ ആന്തരികതയിൽ ലയിക്കുമ്പോൾ ഉളവാകുന്ന അനർഗളത, താന്ത്രിക ആത്മീയതയുടെ മൗലിക താളത്തെ വെളിവാക്കുന്നു. ഇതു മുക്തി അഥവാ ബ്രഹ്മാനുഭവത്തിലേക്കു നയിക്കുന്നു.

ആത്മീയതയ്ക്കു സംസ്കാരവും സൗന്ദര്യ സങ്കൽപ്പവുമായി ഉറ്റ ബന്ധമുണ്ട്. ഭാരതീയ ദർശനത്തിൽ സൗന്ദര്യം സ്ത്രൈണാത്മകമാണെന്ന നിഗമനത്തിൽ ഈ പഠനം എത്തിച്ചേരുന്നു. ഈ ഗ്രന്ഥത്തിന്റെ പ്രതിപാദനരീതിയിൽ, ആത്മീയതയും സൗന്ദര്യ സങ്കൽപ്പവും ഉടനീളം ഇടപഴകി പോകുന്നതു നമുക്കു ദർശിക്കാനാകും. വുഡ്രോഫ് തന്ത്രയോഗയും സൗന്ദര്യാത്മകതയും തമ്മിലുള്ള ബന്ധം പഠിക്കാനോ ആത്മീയതയും സൗന്ദര്യ സങ്കൽപ്പവും തമ്മിലുള്ള അഭേദ്യമായ ഇടപഴകിച്ചേരൽ മനസ്സിലാക്കാനോ ശ്രമിച്ചില്ല. ഡോ. തരകന്റെ ഗ്രന്ഥം സൗന്ദര്യാത്മകതയെ ആധികാരികമായി പഠനവിഷയമാക്കുന്നു. തന്ത്രയോഗ ചിന്തയുടെ പശ്ചാത്തലത്തിൽ, ഭാരതീയ സൗന്ദര്യ സങ്കൽപ്പത്തെ ഡോ. തരകൻ വിശകലനം ചെയ്യുന്നു. അഞ്ചൽ സെന്റ് ജോൺസ് കോളേജ് പ്രിൻസിപ്പലായി സേവനം അനുഷ്ഠിക്കവേ ഔദ്യോഗിക വൃത്തിയിൽനിന്നു വിരമിച്ച റവ. ഡോ. തരകന്റെ ദീർഘകാല ഗവേഷണ സപര്യയുടെ ഫലമാണ് 'The Sacred Faminine in Indian Thought' എന്ന ഇംഗ്ലീഷ് ഗ്രന്ഥം. 300-ലധികം ഗ്രന്ഥങ്ങൾ പരിശോധിച്ചതിനുശേഷമാണ് 1000 -ത്തിലധികം അടിക്കുറിപ്പുകളും 488 പേജുകളുമുള്ള ഈ ഗ്രന്ഥം രൂപം കൊണ്ടത്. ഇന്ത്യൻ സംസ്കാരത്തിന്റെ സ്രോതസ്സുകളിലേക്കു കടന്നുചെല്ലുന്ന ഈ ഗ്രന്ഥം പ്രസാധനം ചെയ്തത് ഡൽഹിയിലുള്ള കോസ്മോ പബ്ലിഷേഴ്സ് ആണ്.

(മലയാളം, 17 ഏപ്രിൽ 2017, പുറം 87-89, കൊച്ചി)

www.malankaralibrary.com

# 27

## ഡോ. ആന്നിയിൽ തരകൻ എഡിറ്റുചെയ്ത "സദോപദേശം"

മദർ ഫിലോമിന, മുൻ മദർ ജനറൽ, ബഥനി സന്ന്യാസിനീ സമൂഹം, കോട്ടയം

ഭാഗ്യസ്മരണാർഹനായ പുണ്യശ്ലോകനും, പുനരൈക്യ പ്രസ്ഥാനത്തിന്റെ ജനയിതാവുമായ മാർ ഈവാനിയോസ് തിരുമേനിയുടെ നിരന്തരമായ പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും ഫലമായി സ്ഥാപിതമായതാണ് ഇന്നു കാണുന്ന ബഥനീ സന്ന്യാസ സന്ന്യാസിനീ സമൂഹങ്ങൾ. ആർഷഭാരതത്തിൽ യേശുവിന്റെ രക്ഷാകരകർമ്മം അഭംഗുരം തുടരുന്നതിനും ഭാരതജനതയ്ക്ക് ആദ്ധ്യാത്മിക നേതൃത്വം നൽകുന്നതിനും വേണ്ടി ബഥനി രൂപം കൊണ്ടു. ആദ്ധ്യാത്മികത ക്ഷയിച്ച് ശിഥിലമായിക്കൊണ്ടിരുന്ന മലങ്കര സഭയുടെ നവോത്ഥാനത്തിന്, പ്രത്യേകിച്ച് സ്ത്രീജനങ്ങളുടെ ഉദ്ധാരണത്തിന് 1925-ൽ മലങ്കര യാക്കോബായ സഭയിൽ സ്ഥാപിതമായതാണ് ബഥനി. 1930-ൽ മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടപ്പോൾ അഭിവന്ദ്യ പിതാവിനോടുകൂടി ബഥനി സമൂഹവും സഭയിലേക്കു പുനരൈക്യപ്പെട്ടു. ഈശ്വര സാക്ഷാത്ക്കാരം ലക്ഷ്യമാക്കിയിട്ടുള്ള സ്ത്രീ പുരുഷന്മാരെക്കൊണ്ടു മാത്രമേ മലങ്കര സുറിയാനി സമുദായത്തെ ഉദ്ധരിച്ച് ഭാരതത്തെ സുവിശേഷവല്ക്കരി

www.malankaralibrary.com

ക്കാനാവൂ എന്ന് മാർ ഈവാനിയോസ് തിരുമേനി വിശ്വസിച്ചു. ഈ ആശയം ഉൾക്കൊണ്ട്, പരമനന്മയായ സർവ്വേശ്വരനെ സമ്പാദിക്കുന്നതിനായി, ആരംഭകാലത്ത് ബഥനി മിശിഹാനുകരണ സന്ന്യാസിനീ സഭയിൽ അംഗമായി ചേർന്ന് തന്നെത്തന്നെ സ്വയം ദൈവത്തിനു പ്രതിഷ്ഠിച്ച മഹത് വ്യക്തിയാണ് മദർ സൾഗാ.

1926-ൽ സന്ന്യാസ പ്രതിഷ്ഠ നടത്തിയ മദർ സൾഗാ തിരുമൂലപുരം ബാലികാമഠം ഹൈസ്കൂളിലെ അദ്ധ്യാപികയായും സന്ന്യാസാർത്ഥിനികളുടെ പരിശീലകരിലൊരാളായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സന്ന്യാസ പരിശീലനത്തിനുതകുന്ന പഠനങ്ങളിലേർപ്പെട്ടും ഹൈസ്കൂളിലെ കുട്ടികൾക്കായി മതബോധനം, സൻമാർഗ്ഗ ബോധനം തുടങ്ങിയ ആദ്ധ്യാത്മിക ജീവിത സഹായങ്ങൾ ചെയ്തുകൊണ്ടും മദർ തന്റെ ജീവിതത്തിന് അർത്ഥവും ആഴവും കണ്ടെത്തി. യാക്കോബായ സഭയിൽ ആയിരുന്ന കാലത്ത് മതപഠനം ലക്ഷ്യമാക്കി ദൈവജനത്തെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനായി മദർ സൾഗാ രചിച്ചിട്ടുള്ളവയാണ് "നമ്മുടെ കർത്താവിന്റെ ജീവചരിത്രം", "വിശുദ്ധ സഭോപദേശം" എന്നീ വിശിഷ്ട ഗ്രന്ഥങ്ങൾ. ഇതിൽ 1047 ബൈബിൾ ഉദ്ധരണികളോടുകൂടിയ ആദ്യത്തെ ഗ്രന്ഥം "ബൈബിളിലെ യേശു" എന്ന ശീർഷകത്തിൽ മദർ സൾഗായുടെ സഹോദരപുത്രനായ ആന്നിയിൽ ഫാദർ നൈനാൻ തരകൻ 1993-ൽ പുനഃപ്രസിദ്ധീകരിക്കുകയുണ്ടായി.

സന്ന്യാസ സമർപ്പണത്തിന്റെ ആഴവും അർത്ഥവും ഗ്രഹിച്ച മദർ സൾഗാ തന്റെ അഗാധമായ പാണ്ഡിത്യം വേദഗ്രന്ഥങ്ങൾ പഠിച്ച്, ദൈവോന്മുഖമായിരുന്ന തന്റെ ഉൾക്കാഴ്ചകൾ "വിശുദ്ധ സഭോപദേശം" എന്ന ശീർഷകത്തിൽ 1929-ൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ജീവിതോദ്ദേശം, മാമോദീസായിലെ പ്രതിജ്ഞകൾ, രക്ഷ, ദൈവം, ദൈവത്തിന്റെ ലക്ഷണങ്ങൾ, വി. ത്രിത്വം, മാലാഖമാരുടെയും മനുഷ്യരുടെയും സൃഷ്ടി, പാപം, മനുഷ്യാവതാരം, യേശുമിശിഹായിലുള്ള വിശ്വാസം, യേശുവിന്റെ പീഡാസഹനങ്ങൾ, ക്രൂശുമരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, രണ്ടാമത്തെ ആഗമനം, വിശ്വാസപ്രമാണത്തിലെ കാതലായ വിശ്വാസസത്യങ്ങൾ, പാപമോചനം, മരിച്ചുപോയവരുടെ ഉയിർപ്പ്, നിത്യജീവൻ എന്നീ വിഷയങ്ങളെപ്പറ്റി പരാമർശിച്ചുകൊണ്ടുള്ള ബൈബിൾ അധിഷ്ഠിതമായ സഭയുടെ ഉപദേശം 796 വേദഗ്രന്ഥ ഉദ്ധരണികളോടുകൂടി 36 അദ്ധ്യായങ്ങളിലായി മദർ വിവരിക്കുന്നു. 160 പേജുകളുള്ള ഈ സദ്ഗ്രന്ഥം മദറിന്റെ ലളിതമായ ഭാഷാ ശൈലിയിൽ, ചോദ്യോത്തര രൂപത്തിൽ ദൃഷ്ടാന്ത സഹിതം ബൈബിൾ ഉദ്ധരണികൾ വാരി വിതറിക്കൊണ്ട് അനുവാചകർക്കു സമാകർഷകമാക്കുന്നു.

www.malankaralibrary.com


ഈ വേദോപദേശ ഗ്രന്ഥം വന്ദ്യ മദറിന്റെ വി. ഗ്രന്ഥത്തെപ്പറ്റിയുള്ള വിജ്ഞാനം വിളിച്ചറിയിക്കുന്നതോടൊപ്പം പഠിതാക്കളുടെ, വായനക്കാരുടെ, വിജ്ഞാനത്തെ വികസിപ്പിക്കുകയും വിശ്വാസത്തെ ഉറപ്പിക്കുകയും ആഴമായ ആദ്ധ്യാത്മികത പകരുകയും ചെയ്യുന്നു. മനുഷ്യന്റെ ഗ്രഹണശക്തിക്കതീതമായ വിഷയങ്ങളെപ്പറ്റി ആധികാരികമായി ബൈബിളിന്റെ ചുവടുപിടിച്ച് എഴുതിയിട്ടുള്ള ഈ ഗ്രന്ഥം ഏതൊരു വേദശാസ്ത്രപഠിതാവിനും മാർഗ്ഗദർശനമാകാവുന്നതാണ്. യാക്കോബായ സഭയിൽ ജനിച്ചു വളർന്ന് സന്ന്യാസം വരിച്ച മദർ തന്റെ പുനരൈക്യത്തിനു മുമ്പു രചിച്ച "സഭോപദേശം" 31-ാം അദ്ധ്യായത്തിൽ വി. സഭ കാതോലികമാകുന്നു എന്ന്, ആധികാരികമായി സമർത്ഥിക്കുന്നു. വി. കത്തോലിക്കാ സഭ.... മഹത്വത്തിനും അത്യന്താപേക്ഷിതമാകുന്നു.

മദറിന്റെ അന്വേഷണ ബുദ്ധിയും പഠനവും കത്തോലിക്കാ പുനരൈക്യം സുഗമമാക്കി എന്നത് പിൽക്കാലസംഭവങ്ങൾ തെളിയിച്ചു. ദൈവജനത്തെ, വിശിഷ്യ മലങ്കര മക്കളെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുന്നതിന്, ഈ ഗ്രന്ഥത്തിലൂടെ ശ്രമം നടത്തിക്കാണുന്നതിൽ എനിക്കു സന്തോഷവും അഭിമാനവുമുണ്ട്. മലങ്കര സഭയുടെ അഭ്യുന്നതിക്കുവേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവെച്ച മദർ സൾഗായുടെ ഈ മഹത്ഗ്രന്ഥം ക്രൈസ്തവർക്കും അക്രൈസ്തവർക്കും ചൂണ്ടുപലകയും വഴികാട്ടിയുമാണ്.

1929-ൽ പ്രസിദ്ധികരിച്ച 'സഭോപദേശം' പുനഃപ്രസിദ്ധീകരിക്കുന്നതിനു മുൻകൈയെടുത്ത ബഹു. നൈനാൻ തരകനച്ചനെ പ്രത്യേകമായി അഭിനന്ദിക്കുകയും ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ കൃതജ്ഞത അറിയിക്കുകയും ചെയ്യുന്നു. വന്ദ്യ മദർ സൾഗായുടെ സ്മരണയെ നിലനിർത്തുന്നതിലുപരി ഈ സദ്ഗ്രന്ഥം ദൈവജനത്തിനാകമാനം വിശിഷ്യാ മലങ്കരമക്കൾക്ക് ഒരു പഠനഗ്രന്ഥവും ആദ്ധ്യാത്മിക നവോത്ഥാനത്തിന് ഒരു ഉപാധിയും ക്രിസ്തുവിന്റെ സന്ദേശം ഗ്രഹിച്ചിട്ടുള്ള ഹൈന്ദവ സഹോദരങ്ങൾക്ക് ദൈവവിശ്വാസത്തിലേക്കുള്ള ഒരു വഴിവിളക്കുമായിരിക്കുമെന്നത് നിസ്തർക്കമാണ്. ക്രിസ്തീയ വിശ്വാസത്തിൽ ഉറയ്ക്കുന്നതിനും കൂദാശ ജീവിതം പരിപുഷ്ടമാക്കുന്നതിനും ആരാധനക്രമത്തോട് ആഭിമുഖ്യം വളർത്തുന്നതിനും ബൈബിൾ അധിഷ്ഠിത ജീവിതം നയിക്കുന്നതിനും ഈ ഗ്രന്ഥം പ്രചോദനമരുളട്ടെ.

(ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ മദർ ജനറലായിരുന്നപ്പോൾ 1993 നവംബർ 25-ാം തീയതി "സഭോപദേശം" എന്ന ഗ്രന്ഥത്തിന് മദർ ഫിലോമിന നൽകിയ അവതാരിക).

www.malankaralibrary.com

# 28

## ഒരഭിമുഖം

വൈദ്യർ കൈപ്പുഴ

സ്വാതന്ത്ര്യലബ്ധിക്കു മുമ്പും പിമ്പും ഭാരതത്തിൽ ഉടലെടുത്തൊരു സാഹിത്യശാഖയാണ് ഇൻഡോ ആംഗ്ലിയൻ സാഹിത്യം. ഇന്ന് ഡോം മൊറെയാസ്, നിസ്സിം എസ്സിക്കിയേൽ, പ്രൊഫ. ലാൽ, ചൗധരി, കഷുവന്റ് സിങ്ങ് മുതലായ വ്യക്തികൾ ഈ സാഹിത്യ ലോകത്തെ അതികായൻമാരാണ്. മാതൃഭാഷയിലെന്നപോലെ ഇംഗ്ലീഷിലും സാഹിത്യരചന നടത്തുന്നതിന് സാധിക്കുമെന്നവർ തെളിയിച്ചു. ആംഗല സാഹിത്യ നിപുണൻമാരായ ഇവരുടെ കാലടികളെ പിന്തുടരുന്ന ഒരു മലയാളിയായ ഇംഗ്ലീഷ് സാഹിത്യകാരനാണ് ഫാദർ ആന്നിയിൽ തരകൻ. സ്വാനുഭവത്തിന്റെ വികാരച്ചൂളയിൽ കാച്ചിയെടുത്ത നൂറ്റമ്പതിൽപരം കവിതകളും ലേഖനങ്ങളും ഇതിനോടകം ദ് ഇൻഡ്യൻ എക്സ്പ്രസ്സ്, ദ് ടൈംസ് ഓഫ് ഇൻഡ്യാ, ദ് പൂനാ ഹെറാൾഡ്, ദ് ന്യൂലീഡർ, ദ് കാത്തലിക്ക് ഹെറാൾഡ് തുടങ്ങിയ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ വെളിച്ചം കണ്ടിട്ടുണ്ട്. 1969-ൽ പൂനാ പേപ്പൽ സെമിനാരിയിൽ നിന്നും വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ഫാദർ തരകന്

www.malankaralibrary.com


1966-ലെ പേപ്പൽ സെമിനാരിയിലെ ലേഖന മത്സരത്തിന് റെക്ടേഴ്സ് ഡേ സമ്മാനം ലഭിക്കുകയുണ്ടായി. 1972-ലെ സെന്റ് തോമസ് സെന്റിനറി ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് മദ്രാസിൽ നിന്നും തയ്യാറാക്കിയ Who's Who and What's What in Catholic India എന്ന ഗ്രന്ഥത്തിൽ ക്രൈസ്തവ സാഹിത്യകാരന്മാരുടെ പട്ടികയിൽ അദ്ദേഹ ത്തെയുമുൾപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ ആംഗല സാഹിത്യരംഗത്ത് - കവിതാരംഗത്ത്- കാൽകുത്തിയിറങ്ങിയ ഈ യുവ പുരോഹിത സാഹിത്യകാരനുമായി ഒരഭിമുഖസംഭാഷണം നടത്തുന്നതിനായി ഒരു ദിവസം ഉച്ചകഴിഞ്ഞ് ഈ ലേഖകൻ അദ്ദേഹം ആദ്ധ്യാത്മിക പ്രവർത്തനം നടത്തുന്ന മാവേലിക്കരയിലെ മലങ്കര സുറിയാനി പള്ളിമേടയിൽ കയറിചെന്നപ്പോൾ അദ്ദേഹം ആ സമയത്ത് പ്രൊഫ. പി. ലാൽ എഴുതിയ ഡോം മൊറെയാസിന്റെ കവിതകളുടെ നിരൂപണം വായിച്ചാസ്വദിച്ചു കൊണ്ടിരിക്കുകയായിരുന്നു. അച്ചൻ എഴുതിയിട്ടുള്ള കവിതകളൊന്നു കാണണമെന്നാവശ്യപ്പെട്ടപ്പോൾ അദ്ദേഹം, വൈദിക പട്ടസ്വീകരണത്തിന്റെ തലേ ദിവസമെഴുതിയ "ദ് ത്രിൽ ഓഫ് എ ലൈഫ് ടൈം" ("The Thrill of a life time") എന്ന സുന്ദരമായൊരു കവിത വായിച്ചു കേൾപ്പിക്കുകയുണ്ടായി. ക്രിസ്തുവാകുന്ന ജോർദ്ദാൻ നദി ഭാരത ഗംഗയുമായി ഒന്നിച്ചു സംഗമിച്ച് തന്റെ ജീവിതമാകുന്ന ഊഷര ഭൂമിയെ ഫല ഭൂയിഷ്ഠമാക്കിയെടുത്തുവെന്നതാണ് അദ്ദേഹത്തിന്റെ മേൽപ്പറഞ്ഞ കവിതയുടെ ഇതിവൃത്തം.

ഈശ്വരനെപ്പോലെ സ്രഷ്ടാവായ കവി ഇല്ലായ്മയിൽ നിന്ന് ഒരു ലോകം സൃഷ്ടിക്കുന്നവനാണെന്നും ദൈവികമായ വാസനയോ ദീർഘവിപുലമായ ജീവിതാനുഭവസമ്പത്തോ ഉണ്ടായാലേ ഉത്തമ കാവ്യരചന സാധിക്കൂ എന്നു വിശ്വസിക്കുന്ന ഈ വൈദിക കവി യോട് സാഹിത്യസൃഷ്ടിയുടെ ഉദ്ദേശ്യമെന്താണെന്ന് ചോദിച്ചു കൊണ്ട് ഞാൻ സംഭാഷണമാരംഭിച്ചു.

ഡോ. തരകൻ: എന്നെ സംബന്ധിച്ചിടത്തോളം സാഹിത്യ സൃഷ്ടി എന്റെ ആദ്ധ്യാത്മിക ജീവിതത്തിന്റെ ഭാഗമാണ്. ജീവിതം അനുസ്യൂതമായൊരന്വേഷണമാണ്. കവിതയിലൂടെയും കലയി ലൂടെയും എന്റെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവും ജീവനാഡിയുമായ ക്രിസ്തുവിനെ കണ്ടെത്തുകയെന്നുള്ളതാണ് എന്റെ സാഹിത്യോ ദ്ദേശ്യം.

www.malankaralibrary.com



1. ആദ്യം കവിതെയെഴുതുന്നതിനുള്ള പ്രചോദനമെങ്ങിനെയാണ് ലഭിച്ചത്?

കവിതയെഴുതാനുള്ള പ്രചോദനമെനിക്കാരും നൽകിയില്ല. ഞാൻ താനെ എഴുതിത്തുടങ്ങിയതാണ്. വികാരത്തിന്റെ തിരത്തള്ളലിൽ ഏകാകിയായ ഞാൻ കവിതയെ സഖിയായി കണ്ടെത്തി. ക്രിസ്തുവിനെ സാക്ഷിനിറുത്തികൊണ്ട് അവളെ എന്റെ ജീവിതത്തിന്റെ ഭാഗമാക്കി. അവളിലൂടെ എന്റെ ഹൃദയത്തുടിപ്പുകൾ ആനന്ദത്തിന്റെ ഹൃദയ സ്പന്ദനങ്ങളായി മാറി.

2. സാധാരണ എപ്പോഴാണ് കവിതയെഴുതാറുള്ളത്?

പ്രത്യേക സമയമൊന്നുമില്ല. ഏതുസമയത്തുമെഴുതും ദേവാലയത്തിൽ വിശുദ്ധബലി അർപ്പിക്കുന്ന സമയമൊഴിച്ച് ഏതുസമയത്തുമെഴുതും.

3. ഏതെല്ലാം കാര്യങ്ങളാണ് അച്ചൻ കവിതാ വിഷയങ്ങളായിട്ടു സ്വീകരിക്കാറുള്ളത്?

എന്റെ കവിതയ്ക്ക് ഒരേയൊരു വിഷയമേയുള്ളൂ അത് എന്റെ ജീവിതത്തിന്റെ വേദനയും സന്തോഷവുമാണ്. പല വിഷയങ്ങളിലായി അവ വാക്കുകളിലൂടെ ആവിഷ്കരിക്കപ്പെടുന്നു. പലപ്പോഴും മരണം കവിതയുടെ ഇതിവൃത്തമായിട്ടും മാറിയിട്ടുണ്ട്. ഒരു യഥാർത്ഥ കവി ജീവിതവേദനയിൽ മരിക്കുകയും കവിതയിലൂടെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നു.

1943 ജനുവരി 20-ാം തീയതി ജനിച്ച തരകൻ കറ്റാനത്ത് ആന്നിയിൽ കുടുംബത്തിൽ ശ്രീ. സൈമണിന്റെയും മറിയാമ്മയുടേയും മൂന്നാമത്തെ സുതനാണ്. കറ്റാനത്ത് പോപ്പ് പയസ്സ് ഇലവന്ത് ഹൈസ്കൂളിൽ നിന്നാണ് അദ്ദേഹം വിദ്യാഭ്യാസം പൂർത്തി യാക്കിയത്. ഇപ്പോൾ മാവേലിക്കര ബിഷപ്പ് മൂർ കോളേജിലെ ഇംഗ്ലീഷ് ലിറ്ററേച്ചർ വിദ്യാർത്ഥിയായും മൂന്ന് ഇടവകയുടെ വികാരിയുമായും സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. തൂലികയിലൂടെ ദൈവസേവനം നടത്തുവാൻ കഴിവുള്ള ചുരുക്കം ചില വൈദികരിൽ ഒരാളായ ഈ യുവവൈദിക കവിയ്ക്ക് വൈദ്യരുടെ ഹൃദയംഗമായ അഭിനന്ദനങ്ങൾ! മംഗളം ഭവിക്കട്ടെ.

(കർമ്മലകുസുമം, 1973 സെപ്റ്റംബർ, പുറം 278-9)

www.malankaralibrary.com

# 29

## ഇംഗ്ലീഷ് കവിതയിൽ അൽഫോൻസാമ്മ

ജോമി തോമസ് കലയപുരം
സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ, കൊട്ടാരക്കര (സൺഡേ ദീപിക, കോട്ടയം)

സഹനത്തിന്റെ അഗ്നിയിൽ വിരിഞ്ഞ വിശുദ്ധിയുടെ പുഷ്പമാണ് അൽഫോൻസാമ്മ. ഈ വിശുദ്ധയുടെ സഹന ജീവിതത്തിന്റെ ദിവ്യദീപ്തി അക്ഷരങ്ങളിൽ പകർത്തുന്ന അനേകം സാഹിത്യകൃതികൾ ഇതിനകം പുറത്തുവന്നിട്ടുണ്ട്. എന്നാൽ ഇംഗ്ലീഷ് സാഹിത്യത്തിന്റെ സമ്പന്നമായ പദ്യശാഖയിൽ ആ സഹ നേതിഹാസം പകർത്തിയ ഒരേയൊരു മലയാളിയേ ഉള്ളൂ, ഇന്ത്യൻ ഇംഗ്ലീഷ് കവിയെന്ന നിലയിൽ അറിയപ്പെടുന്ന ഡോ. ആന്നിയിൽ തരകൻ. 'ക്വസ്റ്റർ ബൈ ദ റിവർ' (Quester by the River) എന്ന കവിതാ സമാഹാരത്തിലൂടെ ശ്രദ്ധേയനായ അദ്ദേഹത്തിന്റെ പുതിയ പുസ്തകമാണ് അൽഫോൻസാമ്മയെക്കുറിച്ചുള്ള 'ദ കാന്റിക്കിൾ ഓഫ് ദ ബിലവ്ഡ്' (The Canticle of the Beloved) എന്ന സമാഹാരം.

'മാത്യു അർനോൾഡ് ആൻഡ് ദ ഭഗവദ്ഗീത' (Matthew Arnold & the Bhagavad Gita) എന്ന പ്രശസ്ത ഗ്രന്ഥവും മലയാളിയായ ഈ കത്തോലിക്കാ വൈദികന്റെ രചനയാണ്. വിശുദ്ധ അൽഫോൻസാമ്മയുടെ ജീവിതവിശുദ്ധി കാവ്യ സൗന്ദര്യത്തോടെ

www.malankaralibrary.com



പ്രകാശിപ്പിക്കുന്ന രണ്ടു കവിതകളും, ആത്മീയ കവിതകളെക്കുറിച്ചുള്ള കവിയുടെ ഒരു മുഖവുരയും അൽഫോൻസാമ്മയിലെ ആത്മീയതയുടെ വിവിധതലങ്ങൾ പരിശോധിക്കുന്ന ഒരു ലേഖനമാണു 'ദ കാന്റിക്കിൾ ഓഫ് ദ ബിലവഡി' ന്റെ ഉള്ളടക്കം. ശക്തമായ ദർശനവും ഉൾക്കാഴ്ചയും, വിസ്മയിപ്പിക്കുന്ന തരത്തിലുള്ള ഭാഷാ പ്രയോഗങ്ങളും ഇതിലെ കവിതകളെ വേറിട്ടു നിർത്തുന്നു.

ഈ സമാഹാരത്തിലെ ആദ്യ കവിതയായ 'ക്വസ്റ്റർ ബൈ ദ ടൂം' (Quester by the Tomb) 297 വരികളുള്ള നീണ്ട കവിതയാണ്. ആത്മീയതയുടെ ഐന്ദ്രികാനുഭവത്തിലേക്ക് അനുവാചകനെ നയിക്കുന്ന ആത്മീയ പ്രചോദന ഉപാധിയായി അൽഫോൻസാമ്മയുടെ ജീവിതത്തെയും മരണത്തെയും കവി ചിത്രീകരിക്കുന്നു. മരണമെന്ന വാതായനത്തിലൂടെ അൽഫോൻസാമ്മ കടന്നുപോകുന്നതു ചിത്രീകരിച്ചുകൊണ്ടാണ് കവിത ആരംഭിക്കുന്നത്. ഈ പ്രയാണത്തിൽ വിശുദ്ധയുടെ ആത്മാവു മന്ത്രിക്കുന്നവയിലൂടെയും ഓർമിക്കുന്നവയിലൂടെയും കാവ്യം പുരോഗമിക്കുന്നു. പൗരസ്ത്യ തത്ത്വശാസ്ത്രത്തിന്റെ ആഴക്കടലിലെ മുത്തുകൾ ഈ കവിതയിൽ വാരിവിതറിയിട്ടുണ്ട്.

രണ്ടാമത്തെ കവിതയായ 'ദ കാന്റിക്കിൾ ഓഫ് ദ ബിലവഡ്' അൽഫോൻസാമ്മയെ വിശുദ്ധയായി മാർപാപ്പ പ്രഖ്യാപിക്കുന്നതിനു മുൻപ് കവി വത്തിക്കാനിൽ വച്ചെഴുതിയതാണ്. പൗരസ്ത്യ ദർശനം ഈ കവിതയേയും സ്വാധീനിച്ചിട്ടുണ്ട്.

'ദ ലൈഫ് ആൻഡ് സ്പിരിച്വാലിറ്റി ഓഫ് സിസ്റ്റർ അൽഫോൻസ്' എന്ന ഉപന്യാസവും സവിശേഷതയുള്ളതാണ്. സഹനത്തിന്റെ വിശുദ്ധിയെക്കുറിച്ചു ഗ്രന്ഥകാരൻ നടത്തുന്ന നിരീക്ഷണങ്ങൾ പഠനീയമാണ്.

ക്രൈസ്തവ സാഹിത്യത്തിനും ഇംഗ്ലീഷ് കവിതയ്ക്കും മുതൽക്കൂട്ടാവുന്ന ഈ കൃതി ഒരു മലയാളിയിൽ നിന്നു പിറവി കൊണ്ടതിൽ നമുക്കാഹ്ലാദിക്കാം. ദീപിക ബുക് ഹൗസ് കോട്ടയമാണ് ഇതിന്റെ പ്രസാധകർ. അമേരിക്കയിലെ നോത്ര ദാം യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ എഡ്വേർഡ് വസ്റ്റ ഈ ഗ്രന്ഥത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതിങ്ങനെയാണ്: "If I had read "The Canticle of the Beloved" annoymously, its British style of punctuation and spelling would have revealed it to be the work of a deeply learned and broadly articulate Oxford scholar and poet".

(സൺഡേ ദീപിക, 2009, ഫെബ്രുവരി 22, പുറം 2)

www.malankaralibrary.com

# 30

# ഫാദർ തരകന്റെ കവിതകൾ ബ്രിട്ടീഷ് കൗൺസിൽ പ്രസിദ്ധീകരണത്തിനായി എടുക്കുന്നു

എഡിറ്റർ (കാഹളം, തിരുവനന്തപുരം)

ഇക്കഴിഞ്ഞ ഒക്ടോബർ മാസത്തിൽ ബ്രിട്ടീഷ് കൗൺസിൽ അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഒരു കവിതാ സമാഹാരം പ്രസിദ്ധീകരിക്കാനായി ഭാരതത്തിലെ കവികളിൽ നിന്നും ഇംഗ്ലീഷ് കവിതകൾ ക്ഷണിക്കുകയുണ്ടായി. ദ പോയറ്ററി സൊസൈറ്റി ഓഫ് ഇൻഡ്യയുടെ സഹായത്തോടുകൂടി നടത്തിയ ഈ മത്സര ത്തിൽ 2400 കവികൾ പങ്കെടുത്തു. മത്സരത്തിനായി 6674 കവിതകൾ ലഭിക്കുകയും ചെയ്തു. ഈ മത്സര തെരഞ്ഞെടുപ്പിൽ ഫാദർ തരകന്റെ കവിതകൾ ഒന്നാം റൗണ്ടിൽ തന്നെ തെരഞ്ഞെടുക്കപ്പെടുക യുണ്ടായി.

പ്രസിദ്ധ ഇംഗ്ലീഷ് കവിയായ അലൻ ബ്രൗൺ ജോൺ (Alan Brown John) ആയിരുന്നു പ്രധാന ജഡ്ജ്. ഇദ്ദേഹം ലണ്ടനിലെ പോയറ്ററി സൊസൈറ്റിയുടെ ചെയർമാൻ കൂടിയാണ്. ഇൻഡ്യ യിലെ പ്രശസ്ത സാഹിത്യകാരന്മാരായ നിസ്സിം എസക്കിയേൽ,

www.malankaralibrary.com



സിവ കെ. കുമാർ, കെശവ മാലിക്ക് എന്നിവരും ജഡ്ജിമാരായിരുന്നു. ഫാദർ തരകൻ അയച്ച മൂന്നു കവിതകളും തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. അതിലെ ശ്രദ്ധേയമായ ഒരു കവിത ഞങ്ങൾ താഴെ ചേർക്കുന്നു.

The Cave

The lantern trembles,
Shadows hesitate and fade,
Ghosts fly wild.
Upon the edge I see
Falling caverns of mind;
Thoughts uncurl the wind.
I fear the rope
That slithers awhile
And then recoils.
Memories like zombies
Await the twilight
To stir outdoors.
Who will follow the trail
Blazed by the present
And intersect the future?

(കാഹളം, 1989 ജനുവരി, പുറം 29)

www.malankaralibrary.com

# 31

## ഡോ. തരകന്റെ ഗ്രന്ഥം: ദിവ്യ സ്ത്രീതത്ത്വം ഭാരത ചിന്തയിൽ - ഒരു അവലോകനം

ഡോ. ജോർജ് സഖറിയ
റിട്ട. പ്രൊഫസ്സർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്,
മാർ ഈവാനിയോസ് കോളേജ്, തിരുവനന്തപുരം

മാർ ഇവാനിയോസ് കോളേജ് ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ അദ്ധ്യാപകനായി ഔദ്യോഗികവൃത്തി ആരംഭിച്ച റവ. ഫാ. ആന്നിയിൽ തരകൻ, നോത്ര ദാം സർവ്വകലാശാലയിൽ നിന്ന് "മാത്യു ആർനോൾഡും, പൗരസ്ത്യചിന്തയും" എന്ന വിഷയത്തിൽ 1987 ൽ Ph.D ബിരുദം നേടി. അദ്ദേഹത്തിന്റെ ഗവേഷണ പ്രബന്ധം "ഭാരതീയ ദർശനം ഇംഗ്ലീഷ് കവിതയിൽ" എന്ന പേരിൽ ഡി.സി. ബുക്സ് 2008-ൽ പ്രസിദ്ധീകരിച്ചു. 2011-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരവും, 2014-ലെ കേരള മെത്രാൻ സംഘത്തിന്റെ 'ഗുരുപൂജാ' പുരസ്കാരവും അദ്ദേഹത്തിനു ലഭിച്ചു. അഞ്ചൽ സെന്റ് ജോൺസ് കോളേജ് പ്രിൻസിപ്പലായി സേവനം അനുഷ്ഠിക്കവെ ഔദ്യോഗിക വൃത്തിയിൽ നിന്നു വിരമിച്ച റവ. ഡോ. തരകന്റെ ദീർഘകാല ഗവേഷണ സപര്യയുടെ ഫലമാണ് "The Sacred Faminine in Indian Thought' എന്ന ഇംഗ്ലീഷ് ഗ്രന്ഥം. 300 ലധികം ഗ്രന്ഥങ്ങൾ പരിശോധിച്ചതിനുശേഷമാണ് 1000 ത്തിലധികം അടിക്കുറിപ്പുകളും 488 പേജുകളുമുള്ള ഈ ഗ്രന്ഥം രൂപം കൊണ്ടത്.

www.malankaralibrary.com


ഇന്ത്യൻ സംസ്കാരത്തിന്റെ സ്രോതസ്സുകളിലേക്ക് കടന്നു ചെല്ലുന്ന ഈ ഗ്രന്ഥം പ്രസാധനം ചെയ്തത് ഡൽഹിയിലുള്ള Cosmo Publishers ആണ്.

The Sacred Faminine in Indian Thought എന്ന ഗ്രന്ഥം, സ്ത്രീത്വം എന്ന ആശയം ഭാരതീയ ചിന്തയെ എങ്ങനെ സ്വാധീനിച്ചു എന്ന് വിശകലനം ചെയ്യുന്ന ഒരു പഠനമാണ്. സൃഷ്ടിയുടെ പ്രാരംഭത്തിൽ കാണുന്ന സ്ത്രൈണ തത്ത്വത്തെയാണ് The Sacred Faminine എന്ന് വിളിക്കുന്നത്. സകല ദൃശ്യവസ്തുക്കളും അദൃശ്യമായ ഒന്നിൽ നിന്ന് ഉത്ഭവിക്കുന്നു എന്ന് ഭാരതീയ ചിന്ത സമർത്ഥിക്കുന്നു. അക്കാരണത്താൽ അദൃശ്യമായ സ്ത്രീ തത്ത്വത്തിന്റെ (ശക്തി തത്ത്വത്തിന്റെ) ബാഹ്യരൂപമാണ് ഭൗതിക ലോകത്തിലെ സ്ത്രീ. ആത്യന്തികയാഥാർത്ഥ്യം സ്ത്രീയും പുരുഷനുമായിത്തീർന്നു രൂപപ്പെട്ടു എന്ന് ബൃഹദാരണ്യക ഉപനിഷത് പറയുന്നത് ഈ അർത്ഥത്തിൽ ആണ്. സ്ത്രീ, കർമ്മത്തിന്റെയും ആത്മീയതയുടെയും സ്രോതസ്സ് ആകുന്നു. പുരുഷൻ (പരമാത്മാവ്) ഇത്തരം പ്രവൃത്തികൾക്കെല്ലാം സാക്ഷിയായി നിലകൊള്ളുന്നു. മനുഷ്യ സമൂഹത്തിലെ സ്ത്രീ പരമാത്മാവിൽ നിന്ന് (Spirit) ഉരുത്തിരിഞ്ഞു വന്നതാണ് സങ്കല്പം. അതുകൊണ്ടാണ് സ്ത്രീ തത്ത്വം പവിത്രമാണ്.

ഭാരതീയ ചിന്തയിൽ സൃഷ്ടവസ്തുക്കളെല്ലാം ബ്രഹ്മത്തിന്റെ വിവിധ രൂപങ്ങളാണ്. ഏകത്വത്തിൽ നിന്ന് വിഭജിക്കപ്പെട്ടതാണ് നാനാത്വം. ചിലന്തി ഉള്ളിൽ നിന്ന് വൈവിധ്യമാർന്ന വലകൾ സൃഷ്ടിയ്ക്കുന്നതുപോലെ പ്രപഞ്ചവും അതിലെ ജീവജാലങ്ങളും സൃഷ്ടിയ്ക്കപ്പെടുന്നു. മുക്തി അഥവാ മോചനം സംഭവിയ്ക്കുമ്പോൾ നാനാത്വം ഇല്ലാതാകുന്നു. ഇതിനർത്ഥം, ഭാരതീയ ചിന്തയിൽ, യാഥാർത്ഥ്യം ഭൗതിക പ്രതിഭാസമല്ല, ആത്മീയമാണ് എന്നാണ്. അതിനാൽ, ആത്മാവിന്റെ ഊർജ്ജഭാവങ്ങളാണ് നാനാത്വം. ആ കാരണത്താൽ തന്നെ നാനാത്വം മിഥ്യയാണ്. അതിന് യഥാർത്ഥത്തിൽ സ്വന്തമായ അസ്തിത്വം ഇല്ല.

ഭാരതീയ ആത്മീയ ചിന്തയിലെ സ്ത്രീ തത്ത്വം സകലതിന്റെയും മൂല തത്ത്വമാണ്. സൃഷ്ടിയുടെ ആരംഭം ഈ സ്ത്രീതത്വത്തിന്റെ വിഭജനമാണ്. സർവ്വചരാചരങ്ങളെയും ഉൾക്കൊള്ളുന്ന സങ്കല്പത്തെ വേദങ്ങൾ പുരുഷൻ എന്നു വിളിച്ചു. ഈ ആത്യന്തിക യാഥാർത്ഥ്യത്തെ തന്ത്രയോഗം ശിവൻ എന്നു വിളിക്കുന്നു.

www.malankaralibrary.com


ശിവനിൽ മോഹം ഉരുത്തിരിയുമ്പോൾ, അവൻ ശിവനും ശക്തിയുമായി, പുരുഷനും സ്ത്രീയുമായി രൂപാന്തരപ്പെടുന്നു. ഈ ധ്രുവീകരണം, സകല വസ്തുക്കളെയും സ്ത്രീപുരുഷന്മാരായി സങ്കല്പിക്കാൻ ഇടയാക്കി. ഈ രീതിയിലുള്ള ഇണസങ്കല്പം ഭാരതീയമാണ്. അതിന്റെ ആദിരൂപ മാതൃകയാണ് ശിവ-ശക്തി സങ്കല്പം. അതിനെ കാൾ ഗുസ്താവ് യുങ് യൂറോപ്യൻ ചിന്താഗതിയുടെ ഭാഗമാക്കി, ആനിമ (anima) ആനിമസ് (animus) എന്ന ആശയത്തിനു രൂപം നൽകി.

ഓരോ വ്യക്തിയിലും കുടികൊള്ളുന്ന ശിവ-ശക്തി എന്ന ഈ ആദിരൂപ സങ്കല്പത്തിന്റെ (archetypal) ഉത്ഭവം ഇൻഡ്യൻ സംസ്കാരത്തിലാണ് എന്ന് ഡോ.തരകന്റെ ഗ്രന്ഥം സമർത്ഥിയ്ക്കുന്നു. മുഖവുര, ഉപസംഹാരം, എന്നിവയ്ക്കു പുറമേ മൂന്ന് അദ്ധ്യായങ്ങളാണ് ഈ ഗ്രന്ഥത്തിൽ ഉള്ളത്. ഒന്നാം അദ്ധ്യായം, ആത്മീയതയിൽ സ്ത്രീ തത്ത്വത്തിനുള്ള പങ്ക് വിശകലനം ചെയ്യുന്നു. ആത്യന്തിക ആത്മീയ യാഥാർത്ഥ്യം സ്ത്രീ ശക്തിയായി, മനുഷ്യനുൾപ്പെടെ സർവ്വ ജീവജാലങ്ങളുമായി ഉരുത്തിരിയുമ്പോൾ പ്രപഞ്ചത്തിൽ ആത്മീയ പ്രവർത്തനം ആരംഭിയ്ക്കുന്നു. പ്രപഞ്ചവും മനുഷ്യസമൂഹം മുഴുവനും ആത്മീയ പരിവേഷത്തിൽ മുങ്ങുന്നത് ആത്മീയ അവരോഹണ (descent) മാണ്. മനുഷ്യന്റെ മോചന പ്രക്രിയ ആരംഭിയ്ക്കുന്നത് വൈവിദ്ധ്യമാക്കപ്പെട്ട പ്രവൃത്തികൾ ആത്മാവിൽ ഒന്നാക്കപ്പെടുമ്പോഴാണ്. ഇത് ആരോഹണ (ascent) പ്രക്രിയയായി മാറുന്നു.

ഇന്ദ്രിയ പരത ഊർജ്ജ പ്രവാഹങ്ങളുടെ ശേഖരമാണ് എന്ന അടിസ്ഥാന തത്ത്വത്തിൽ ആസ്പദമാണ് തന്ത്രയോഗ ദർശനം. മാനസിക ഊർജ്ജം ആത്മസത്തയുടെ സൂക്ഷ്മ തത്ത്വങ്ങളായി മാറുന്നതിനാൽ, ആത്മിയതയും ഭൗതികതയും തമ്മിൽ വേർതിരിവില്ല. ഇവ രണ്ടും ശിവന്റെ അവബോധത്തിന്റെ വ്യത്യസ്ത രൂപങ്ങളാണ്. ഷഡാധാരങ്ങൾ ബോധത്തിന്റെ തലങ്ങളാണ്. ജീവാത്മാവ് സൃഷ്ടിയ്ക്കുന്നതാണ്, ശുദ്ധബോധവും (Consciousness), ബോധത്തിന്റെ താഴ്ന്നതലങ്ങളും തമ്മിലുള്ള വ്യത്യാസം. ഇന്ത്യൻ ആത്മീയത, മൂർത്തമായതിൽ നിന്ന് സൂക്ഷ്മത്തിലേക്കും, തുടർന്ന് കാരണത്തിലേക്കും, അവസാനം ആത്മചൈതന്യത്തിലേയ്ക്കും ഉള്ള ചലനമാണ്. നാനാത്വത്തിന്റെ ലോകം ആത്മചൈതന്യത്തിന്റെ വൈവിധ്യവൽക്കരണമാണ്. സ്ത്രീ-പുരുഷ തത്ത്വങ്ങളായി ആത്മാ

www.malankaralibrary.com



വിന്റെ വിഭജനമാണ് നാനാത്വത്തിലേയ്ക്കുള്ള പരിണാമം. അതായത് പരമാത്മാവ് സ്ത്രീയും പുരുഷനുമായുള്ള ഭാവം അഥവാ അർദ്ധനാരീശ്വരൻ ആണ്. പുരുഷന്റെ ഈ യഥാർത്ഥ ആത്മസത്തയാണ് ശിവൻ. സ്ത്രീ-പുരുഷ തത്വങ്ങളുടെ ഐക്യം യാഥാർത്ഥ്യത്തിന്റെ വിഭജിയ്ക്കപ്പെടാത്ത ബോധത്തിലേക്ക് മടങ്ങാനുള്ള വിളിയാണ്. സ്ഥലകാലങ്ങളിൽ ഭൗതിക നിയമങ്ങളുടെ വസ്തുനിഷ്ഠ ലോകമായി, ഈ ബോധം ദൃശ്യമാകുന്നു. ഒരു ചക്രം പൂർത്തിയാകുമ്പോൾ ശക്തിയുടെ ഈ നാനാത്വം ആത്മഗർഭത്തിലേക്ക്, ശിവനിലേയ്ക്ക് വിലയം പ്രാപിച്ച് അതുമായി ഒന്നായിത്തീരുന്നു.

വ്യക്തിതലത്തിൽ ശക്തി, കുണ്ഡലിനി ആയി വർത്തിയ്ക്കുന്നു. സൂക്ഷ്മ ശരീരത്തിന്റെ അടിത്തട്ടിൽ സ്ത്രൈണ തത്വമായി അത് സർപ്പത്തെപ്പോലെ ചുരുണ്ടുകിടക്കുന്നു. കുണ്ഡലിനി ഉണർന്ന് സുഷുമ്നയിലെ ഷഡാധാരങ്ങളിലൂടെ മുകളിലേയ്ക്ക് പോകുമ്പോൾ സ്ഥൂല ലോകത്തിന്റെ ശക്തിക്ഷയിക്കുന്നു. പ്രാണന്റെ രൂപമായ ആത്മീയ സ്രോതസ്സുകൾ ഉണരുന്നു. ഷഡാധാരങ്ങളിലൂടെ ശക്തി അഥവാ കുണ്ഡലിനി ആരോഹണം ചെയ്യുമ്പോൾ, അവളിൽ ലയിക്കാൻ സന്നദ്ധനായി നിലകൊള്ളുന്ന ശിവനെ അവൾ വിഭാവനം ചെയ്യുന്നു. മുക്തി, തന്ത്രയോഗത്തിൽ സ്ത്രീ-പുരുഷലയത്തിലൂടെ ശിവ-ശക്തി ഐക്യത്തിലൂടെ സാദ്ധ്യമാകുന്നു. ഈ ലയം അലൗകികതയുടെ തലത്തിൽ നടക്കുന്ന പ്രക്രിയയുടെ പ്രതീകാത്മക പ്രതിനിധാനമാണ്. നാനാത്വം അഥവാ വൈവിധ്യം ഏകയാഥാർത്ഥ്യത്തിന്റെ രൂപാന്തരീകരണം മാത്രമാണ് എന്നാണ് തന്ത്രയോഗം വ്യക്തമാക്കുന്നത്. ദിവ്യ സ്ത്രീതത്വവും പുരുഷതത്വവും, സഹസ്രാര പത്മത്തിൽ, സാധകന്റെ ആത്മാവിന്റെ ആന്തരികതയിൽ ലയിക്കുമ്പോൾ ഉളവാകുന്ന അനർഗളത, താന്ത്രിക ആത്മീയതയുടെ മൗലിക താളത്തെ വെളിവാക്കുന്നു. ഇത് മുക്തി അഥവാ ബ്രഹ്മാനുഭവത്തിലേക്ക് നയിക്കുന്നു.

ദൃശ്യലോകം ദൈവികതയുടെ ഊർജ്ജമാണ് എന്ന വിപ്ലവകരമായ ആശയം നൂറ്റാണ്ടുകൾക്കു മുമ്പു പ്രഖ്യാപിച്ചത് ഇന്ത്യൻ താന്ത്രികരാണ്. ഐൻസ്റ്റൈൻ ശാസ്ത്രീയമായി തെളിയിച്ച ഒരു ആശയമാണത്. ഒന്നും നിശ്ചലമല്ല. സകലതും വളരുകയും ക്ഷയിയ്ക്കുകയും, തിരോഭവിയ്ക്കുകയും ചെയ്യുന്നു. സൃഷ്ടി- സംഹാരങ്ങളുടെ താളാത്മകമായ ഒരു ചക്രത്തിൽ അത് സംഭവിയ്ക്കുന്നു.

www.malankaralibrary.com


ഇത് തന്ത്രയോഗ ദർശനത്തിന്റെ കാതലാണ്. പരമാത്മാവുമായുള്ള ലയം അഥവാ ഐക്യത്തെ തടസ്സപ്പെടുത്തുന്ന ബാഹ്യതലങ്ങളെ ഭേദിക്കുവാൻ സാധകനെ പ്രാപ്തമാക്കുന്ന ശിക്ഷണ രീതിയാണ് തന്ത്രയോഗം. മനുഷ്യനെയും, ദൈവത്തെയും പ്രപഞ്ചത്തെയും ബന്ധിപ്പിക്കുന്ന ബോധത്തിന്റെ അഗാധമായ അനുഭവം ആയി ആത്മീയതയെ മാറ്റുന്ന പ്രക്രിയയാണ് തന്ത്രയോഗം.

ആത്മാവിന്റെ ആരോഹണത്തിൽ സംഭവിക്കുന്ന അനുഭവമാണ് സൗന്ദര്യാനുഭൂതി. ദൈവികശക്തിയും, ജീവാത്മാവും ഒന്നിച്ചു ലയിയ്ക്കുമ്പോൾ ആത്മീയ അനുഭൂതി ഉണ്ടാകുന്നു. ഈ അനുഭൂതിയിൽ ആത്മാവും ലോകവും തമ്മിൽ വേർതിരിവില്ല. എന്നാൽ സൗന്ദര്യാത്മകതയിൽ കർത്താവും, വസ്തുവും തമ്മിൽ വ്യത്യാസം ഉണ്ട്. ആ വ്യത്യാസം പരമാവധി വിനിയോഗിച്ച് സൗന്ദര്യത്തെ ആത്മീയതയുടെ ഭാഗമാക്കിക്കാണുന്ന സങ്കല്പമാണ് താന്ത്രിക ചിന്താഗതി.

സൗന്ദര്യാത്മകത സ്ത്രൈണമാണ് എന്ന് തന്ത്രയോഗദർശനം പഠിപ്പിക്കുന്നു. പ്രകൃതി, സൗന്ദര്യത്തിന്റെ മൂർത്ത രൂപമാണ്. കലയിലൂടെ സൗന്ദര്യാവിഷ്കാരം എന്ന ആശയം പിൽക്കാലത്താണ് ഭാരതീയ ചിന്തയിൽ ഉരുത്തിരിഞ്ഞത്. ആത്മീയത വാക്‌രൂപേണ മനുഷ്യ മനസ്സിന് പ്രാപ്യമാക്കുന്ന സങ്കേതമാണ് കാവ്യരചന. അങ്ങനെ ആത്മീയതയും സൗന്ദര്യാത്മകതയും ഒരേ ഏകത്വത്തിന്റെ രണ്ടു ഭാഗങ്ങളായി പരസ്പരം ലയിക്കുന്നു.

ഡോ. തരകന്റെ കൃതിയുടെ മൂന്നാമദ്ധ്യായം തന്ത്രയോഗയുടെ വെളിച്ചത്തിൽ "സൗന്ദര്യലഹരി"യ്ക്കു നൽകുന്ന ഒരു ഭാഷ്യമാണ്. ശങ്കരാചാര്യർ രചിച്ച (AD 8-10) "സൗന്ദര്യലഹരി"യുടെ 1 മുതൽ 41 വരെയുള്ള ശ്ലോകങ്ങൾ ആത്മീയതയുടെ വിശകലനമാണ്. 42 മുതൽ 100 വരെയുള്ള ശ്ലോകങ്ങൾ സൗന്ദര്യത്തിന്റെ മൂർത്തിമത്ഭാവമായി സ്ത്രീയുടെ ആദിരൂപത്തെ സങ്കല്പിച്ചു കൊണ്ടുള്ള അംഗപ്രത്യംഗ വർണ്ണനയാണ്. ഈ കൃതിയുടെ ആദ്യഭാഗത്ത് ആദ്ധ്യാത്മികതയെ ആരോഹണാവരോഹണ താളമായി സങ്കല്പിക്കുന്നു. മനുഷ്യ ശരീരത്തിൽ ആത്മശക്തി ഊർജ്ജ രൂപത്തിൽ നിദ്രകൊള്ളുന്നത് ഷഡാധാരങ്ങളിൽ ആദ്യത്തേതായ മൂലാധാര ചക്രത്തിലാണ്. പ്രാണായാമം, പ്രത്യാഹാരം, ധ്യാനം എന്നിവയിലൂടെ ഈ ആത്മശക്തി ഊർദ്ധ്വഗതിയിൽ സഞ്ചരിയ്ക്കുമ്പോഴാണ് ആരോ

www.malankaralibrary.com



ഹണം എന്ന് വിവക്ഷിയ്ക്കപ്പെടുന്നത്. ഈ ആത്മശക്തി മനുഷ്യന്റെ ജീവാത്മാവ് ആണ്. ഈ ജീവാത്മാവിനെത്തേടി അവരോഹണം ചെയ്യുന്ന ദൈവിക ചൈതന്യമാണ് ശിവ സങ്കല്പം അഥവാ പര മാത്മാവ്. ഇവ തമ്മിലുള്ള ലയമാണ് സാക്ഷാത്ക്കാരം അഥവാ മുക്തി. ഇങ്ങനെ മുക്തി പ്രാപിക്കുന്ന മനുഷ്യൻ ദേവതകളേക്കാൾ ശ്രേഷ്ഠരാണ് എന്ന് ഹിന്ദുമതം പഠിപ്പിക്കുന്നു. The yogi is far above the gods എന്ന സങ്കൽപം സൗന്ദര്യ ലഹരിയിൽ പ്രകടമാണ്.

മുമ്പു സൂചിപ്പിച്ചതുപോലെ സൗന്ദര്യ ലഹരിയിലെ 42 മുതൽ 100 വരെയുള്ള ശ്ലോകങ്ങളിൽ സൗന്ദര്യത്തിന്റെ ആധാരം ആദി സ്ത്രീ തത്ത്വമാണ് എന്ന് സമർത്ഥിയ്ക്കുന്നു. സൗന്ദര്യം, കേവലം ദൃശ്യ പ്രതിഭാസമല്ല, പ്രത്യുത, ആത്മാവിന്റെ രസാനുഭൂതിയാണ്. ഭാരതീയ ചിന്തയിൽ രസം, ദൈവാനുഭവത്തിന്റെ മുന്നോടിയാണ്. ആത്മസാക്ഷാത്ക്കാരത്തിന്റെ ഏറ്റവും അടുത്ത പടിയാണത്. പ്രകൃതി, സ്ത്രീയുടെ ആദി രൂപമായി സങ്കൽപ്പിക്കപ്പെടുന്നു. പുരുഷൻ ആത്യന്തികതയുടെ ആദി രൂപമാണ്. പുരുഷ–പ്രകൃതി സംഗമത്തിൽ പ്രകടമാകുന്ന താളലയമാണ് ആത്മീയത എന്ന് ഡോ. തരകൻ സമർത്ഥിക്കുന്നു.

സാഹിത്യം തത്വശാസ്ത്രത്തിന് സൗന്ദര്യാത്മകമായ ആവിഷ്കാരം നൽകുന്നു. തത്വശാസ്ത്രമാകട്ടെ സൗന്ദര്യാത്മകതയെ ആത്മസാക്ഷാത്ക്കാരത്തിന്റെ തലത്തിലേയ്ക്ക് ഉയർത്തുന്നു. എന്നാൽ ആത്യന്തികമായ മോചനം ആയതുകൊണ്ട് ആത്മസാക്ഷാത്ക്കാരം സൗന്ദര്യ സങ്കല്പത്തിനും അപ്പുറത്തേയ്ക്ക്, അതീതാവസ്ഥയിലേയ്ക്ക് പോകുന്നു. പൗരസ്ത്യ ചിന്ത ദൈവികതയുടെ ചാക്രിക പരിണാമഭേദങ്ങളിൽ, സൗന്ദര്യാത്മകതയുടെയും ആത്മീയതയുടെയും സ്രോതസ്സായി ലൈംഗികതയെ വീക്ഷിക്കുന്നു. ഭാരതീയ തത്ത്വചിന്തയിലെ ഈ സങ്കീർണ്ണതയുടെ കാവ്യാവിഷ്കാരമാണ് “സൗന്ദര്യലഹരി”. ഭൗതിക ലോകത്തെ ആത്മീയതയുടെ പ്രതീകമായി തന്ത്രയോഗ ദർശനം കരുതുന്നു എന്ന് ഡോ.തരകൻ സമർത്ഥിയ്ക്കുന്നു.

(2017 ജനുവരി 3–ാം തീയതി പുസ്തകം പ്രകാശനം ചെയ്തപ്പോൾ വായിച്ച അവലോകനം)

www.malankaralibrary.com

# 32

# ഫാദർ തരകൻ രചിച്ച ഗ്രന്ഥം The Sacred Feminine in Indian Thought വെളിച്ചം കാണുന്നു

മിനു വർഗ്ഗീസ്, കാഹളം
ലക്ചറർ, ജാസൻ യൂണിവേഴ്സിറ്റി, സൗദി അറേബ്യ (കാഹളം, തിരുവനന്തപുരം)

'ഫോസ്റ്റ്' എന്ന കാവ്യനാടകത്തിന്റെ അവസാനഭാഗത്ത് ജർമ്മൻ നാടകകൃത്തും ചിന്തകനുമായ ഗൊയ്ഥേ സമർത്ഥിക്കുന്ന തുപോലെ, മനുഷ്യസമൂഹത്തെ ആദ്ധ്യാത്മിക പരിപൂർണ്ണത യിലേക്ക് നയിച്ചതും, നയിക്കുന്നതും നിത്യമായ സ്ത്രീ തത്ത്വമാണ്. ഭാരതീയ ദർശനത്തിൽ സ്ത്രീതത്ത്വം ആദ്ധ്യാത്മികതയിലും സൗന്ദര്യസങ്കല്പത്തിലും വഹിക്കുന്ന പങ്ക് വിശകലനം ചെയ്യുന്ന താത്വികപഠനമാണ് ഫാദർ തരകന്റെ ഇംഗ്ലീഷിൽ രചിച്ച ബൃഹ ത്തായ "സ്ത്രീ സങ്കൽപ്പം ഭാരതീയ ചിന്തയിൽ" എന്ന ഗ്രന്ഥം.

ബൃഹദാരണ്യക ഉപനിഷത്ത് പഠിപ്പിക്കുന്നതുപോലെ, അത്യന്തികയാഥാർത്ഥ്യം, ക്രിയാത്മകമായ സ്ത്രീ തത്ത്വം, പുരുഷ തത്ത്വം എന്നീ വിപരീത ധ്രുവങ്ങളായി വിഭജിക്കപ്പെടുന്നു. സമസ്ത വസ്തുക്കളും, മനുഷ്യൻ ഉൾപ്പെടെയുള്ള സകലജീവജാലങ്ങളും സ്ത്രീ തത്ത്വത്തിന്റെ രൂപാന്തരങ്ങളായി പ്രപഞ്ചത്തിൽ ആവിർഭവി ച്ചിരിക്കുന്നു. സ്ത്രീത്വത്തിന് ക്രിയാത്മകത നൽകി സ്ത്രീയെ കർമ്മ നിരതയുടെയും വികസനത്തിന്റെയും പുരോഗതിയുടെയും സ്രോത സ്സാക്കി കാണുന്ന സമ്പ്രദായം ഭാരതീയ ചിന്തയുടെ സവിശേഷത

www.malankaralibrary.com

യാണ്. യാഥാർത്ഥ്യം വൈവിധ്യമായിത്തീരുമ്പോൾ, മനുഷ്യന് ലഭിക്കുന്ന ഏറ്റവും ഉദാത്തമായ അനുഭവമാണ് സൗന്ദര്യ ബോധം. ഭാരതീയ ദർശനത്തിൽ സൗന്ദര്യവും സ്ത്രൈണാത്മകമാണ് എന്ന് ഡോക്ടർ തരകൻ സമർത്ഥിക്കുന്നത് ഈ അർത്ഥ ത്തിലാണ്. ഭാരതീയ സംസ്കാരത്തിൽ മോചനവും സ്ത്രീയിലൂടെ മാത്രം സംഭവിക്കുന്നു. വേർതിരിക്കപ്പെട്ട യാഥാർത്ഥ്യം അതിന്റെ പൂർവ്വ ഐക്യത്തിലേക്ക് തിരിയുമ്പോൾ, സകല വൈവിധ്യങ്ങളും ഏകത്വത്തിലേക്ക് വലിയുമ്പോൾ മോചനപ്രക്രിയ പൂർണ്ണമാകുന്നു. സ്ത്രീക്ക് താത്വികമായി നൽകുന്ന പ്രാധാന്യം സാമൂഹ്യതല ങ്ങളിലും സംസ്കാരത്തിലും തെളിഞ്ഞ് നിൽക്കുന്നു.

ഇന്ത്യൻ സംസ്കാരത്തിന്റെ വിവിധ ഘടകങ്ങളെ ഈ ഗ്രന്ഥം പഠനവിഷയമാക്കുന്നുണ്ട്. ആത്മീയതയ്ക്ക്, സംസ്കാരവും സൗന്ദര്യസങ്കല്പവുമായി ഉറ്റ ബന്ധമുണ്ട്. കാരണം ഭാരതീയ ദർശനത്തിൽ യാഥാർത്ഥ്യം ഭൗതികമല്ല; പ്രത്യുത, ആത്മസത്ത യാകുന്നു. അത് വസ്തുനിഷ്ഠമല്ല, കർത്തൃനിഷ്ഠമാണ്.

ഈ പഠനത്തിന്റെ മുഖ്യ സ്രോതസ്സ്, തന്ത്രയോഗ സങ്കല്പ മാണ്. ഭാരതത്തിൽ വേരൂന്നി വളർന്ന തന്ത്രശാസ്ത്രം, ഭാരതീയ സൗന്ദര്യസങ്കല്പത്തിന്റെ അടിസ്ഥാനമാണ്. സർ ജോൺ വുഡ്രോഫ് എന്ന ഇംഗ്ലീഷുകാരനാണ് 19-ാം നൂറ്റാണ്ടിൽ തന്ത്രയോഗപഠനം ശാസ്ത്രീയമായി നടത്തിയത്. അദ്ദേഹത്തിന്റെ കൃതികൾ, പാശ്ചാത്യരുടെ ഇടയിൽ നിർണ്ണായക സ്വാധീനം ചെലുത്തി. എന്നാൽ വുഡ്റോഫ് തന്ത്രയോഗയും സൗന്ദര്യശാസ്ത്രവും തമ്മിലുള്ള ബന്ധം പഠിക്കു വാൻ തുനിഞ്ഞില്ല. ഡോക്ടർ തരകന്റെ ഗ്രന്ഥം സൗന്ദര്യാത്മകതയെ ആധികാരികമായി പഠന വിഷയമാക്കുന്നു. സൗന്ദര്യാത്മകത പൗരസ്ത്യ ചിന്തയിൽ ദൃശ്യമല്ല. അത് കൗതുക കാഴ്ചയുമല്ല. പിന്നെയോ, അത് ആത്മാവിന്റെ ആനന്ദവും ആനുഭൂതിയുമാണ്. ബ്രഹ്മാനന്ദ ത്തിന്റെ ഏറ്റവും അടുത്തു വരുന്ന അനുഭവമായി അത് കരുത പ്പെടുന്നു. The Sacred Feminine in Indian Thought എന്ന ഗ്രന്ഥത്തിൽ, കിഴക്കും പടിഞ്ഞാറും തമ്മിൽ ചിന്താപരമായിട്ടുള്ള വ്യത്യാസം ചൂണ്ടികാണിക്കപ്പെടുന്നു. പാശ്ചാത്യ സംസ്കാരത്തിൽ സ്ത്രീത്വ ത്തിന് ഇത്തരം ഒരു പ്രാധാന്യം നൽകി കാണുന്നില്ല. പുരുഷ മേധാവിത്വം സമസ്ത മേഖലകളെയും നിയന്ത്രിക്കുന്ന പാരമ്പര്യ മാണ് പാശ്ചാത്യവംശങ്ങളിൽ. എന്നാൽ, പൗരസ്ത്യ തത്വചിന്ത യിൽ, പുരുഷൻ സ്ത്രീയുടെ പ്രവർത്തനങ്ങൾക്ക് സാക്ഷി മാത്ര മാണ്.

ലോകത്തിൽ ഏറ്റവും പുരാതനമായ തത്ത്വചിന്ത എന്ന് വിശേഷിപ്പിക്കപ്പെടുന്ന സാംഖ്യദർശനത്തിൽ, പുരുഷ-പ്രകൃതി

www.malankaralibrary.com


ബന്ധം ഇപ്രകാരമുള്ളതത്രേ. തന്ത്രയോഗ ഒരു തത്വചിന്തയാണ്. അത് ഊർജ്ജത്തെ എങ്ങനെ ഏകോപിപ്പിച്ച് കേന്ദ്രീകൃതമാക്കാം എന്ന് പഠിപ്പിക്കുന്നു. ഈ ഊർജ്ജ സമാഹാരത്തിൽ ഏറ്റവും ശക്തമായത് ലൈംഗികതയാണ്. അതിനെ ആത്മീയവല്കരിക്കുക എന്നത് തന്ത്ര തത്ത്വശാസ്ത്രത്തിന്റെ മുഖ്യലക്ഷ്യങ്ങളിൽ ഒന്നാണ്. അത്യന്തിക യാഥാർത്ഥ്യം സ്ത്രീ (ശക്തി) പുരുഷ (ശിവ) ധ്രുവീ കരണത്തിന് വിധേയമാകുമ്പോൾ സൃഷ്ടി കർമ്മം ആരംഭിക്കുന്നു. അവരുടെ പരസ്പര ഐക്യത്തിൽ, ധ്രുവീകരണം പൂർണ്ണമാകുകയും പൂർത്തികരിക്കപ്പെടുകയും ചെയ്യുന്നു.

സ്ത്രീ പുരുഷന്മാരുടെ മൂലമാതൃകയായി ശിവ-ശക്തി സ്ഥിതി ചെയ്യുന്നു. തന്ത്രയോഗശാസ്ത്രം പഠിപ്പിക്കുന്നത്, സ്ത്രീ ശക്തിയുടെയും, പുരുഷൻ ശിവന്റെയും ദൃശ്യരൂപമാണ് എന്നാണ്. അദൃശ്യമായ, നിരാകാരമായ ശിവ-ശക്തി, സ്ത്രീ-പുരുഷന്മാരിലൂടെ ബാഹ്യരൂപമെടുക്കുന്നു. ഹൈന്ദവചിന്ത സ്ത്രീക്ക് നൽകുന്ന പ്രാധാന്യവും മാന്യതയും ഈ തത്വചിന്തയിൽ തെളിഞ്ഞ് നിൽക്കുന്നു. ആത്മാവിന്റെ മുമ്പോട്ടുള്ള അന്വേഷണത്തിൽ, സൗന്ദര്യാനുഭവം ഏറ്റവും ഉയർന്ന ഭാവമായിട്ടാണ് തന്ത്രയോഗം കാണുന്നത്. ആദ്യ രണ്ട് അദ്ധ്യായങ്ങളിൽ വിശകലനം ചെയ്യപ്പെടുന്ന തത്ത്വങ്ങൾ “സൗന്ദര്യലഹരി” എന്ന കൃതിയുടെ പശ്ചാത്തലത്തിൽ ചർച്ച ചെയ്യപ്പെടുന്നു. തന്മൂലം തത്ത്വങ്ങൾ ഭാവനയുടെ വെളിച്ചത്തിൽ കൂടുതൽ വിശകലനം ചെയ്യപ്പെടുന്നു. അക്കാരണത്താൽ തന്നെ, അമൂർത്താശയങ്ങളായിട്ടല്ല തത്വങ്ങൾ ഈ ഗ്രന്ഥത്തിൽ വിശകലനം ചെയ്യപ്പെടുന്നത്. പ്രത്യുത, കവിതയുടെ വികാരോഷ്മളതയിലാണ്. ഈ കൃതിയുടെ ആദ്യഭാഗം ആദ്ധ്യാത്മികതയെപ്പറ്റിയും, രണ്ടാം ഭാഗം സൗന്ദര്യാത്മകതയെപ്പറ്റിയുമാണ്. എന്നാൽ ഈ സംസ്കൃത കാവ്യഗ്രന്ഥത്തിൽ ഉടനീളം ആത്മീയതയും സൗന്ദര്യവും ഇടപഴകി പ്പോകുന്നത് നമുക്ക് ദർശിക്കാനാവും. ആത്മീയത-ഫിലോകാലിയ - സൗന്ദര്യത്തോടുള്ള ആഭിമുഖ്യം ആണ് എന്ന ക്രൈസ്തവ ചിന്തകരുടെ ആശയത്തിന് ഉത്തമ ഉദാഹരണമാണ് ഈ കൃതി.

ന്യൂഡൽഹിയിലുള്ള കോസ്മോ പബ്ലിക്കേഷൻസ് ആണ് 488 പേജുകളുള്ള ഈ ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ പ്രസാധനം നിർവ്വഹി ച്ചിരിക്കുന്നത്. ഈ വിഷയത്തിൽ ഇദംപ്രഥമമായി രചിക്കപ്പെടുന്ന ഈ പഠനഗ്രന്ഥം, വൈജ്ഞാനിക സാഹിത്യശാഖയ്ക്ക് ഒരുമുതൽ ക്കൂട്ടാണ്. വില 1650 രൂപ.

(മിനു വർഗ്ഗീസ് സൗദി അറേബിയയിലെ ജാസൻ യൂണിവേഴ്സിറ്റി ലക്ചറർ ആണ്. ക്രൈസ്തവ കാഹളം, ഡിസംബർ 2016, പുറം 48)

www.malankaralibrary.com

# 33

## പത്രവാർത്ത
## പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷം

മലയാള മനോരമ (തിരുവനന്തപുരം) & ദീപിക (തിരുവനന്തപുരം), സത്യദീപം (കൊച്ചി), മേജർ അതിരൂപത ബുള്ളറ്റിൻ (തിരുവനന്തപുരം)

ഈ കഴിഞ്ഞ 2018 ഫെബ്രുവരി 17-ാം തീയതി ശനിയാഴ്ച ഡോ. ഫാ. ആന്നിയിൽ നൈനാൻ തരകൻ കറ്റാനം സെന്റ് സ്റ്റീഫൻസ് ചർച്ചിൽ വച്ച് പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുക യുണ്ടായി. ഡി.സി. ബുക്സ് പ്രസിദ്ധികരിച്ച "ഭാരതീയ ദർശനം ഇംഗ്ലീഷ് കവിതയിൽ" എന്ന സാഹിത്യകൃതിക്ക് 2011-ലെ ജി. എൻ. പിള്ള എൻഡോവ്മെന്റ് സാഹിത്യ അക്കാദമി അവാർഡ് കരസ്ഥ മാക്കിയ ഫാ. തരകൻ തന്റെ പൗരോഹിത്യ സുവർണ്ണജൂബിലി യുടെ കൃതജ്ഞതാബലി അർപ്പണം 2018 ഫെബ്രുവരി 17-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് കറ്റാനം സെന്റ് സ്റ്റീഫൻസ് മലങ്കര കത്തോലിക്കാ പള്ളിയിൽ വച്ച് നടത്തുകയുണ്ടായി. അന ന്തരം നടന്ന അനുമോദന ചടങ്ങിൽ മലങ്കര കത്തോലിക്കാ സഭ യുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേ ലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ അധ്യക്ഷപദവി അലങ്കരിച്ചു. പ്രസംഗമധ്യേ, ഫാ. തരകൻ അർപ്പണബുദ്ധിയുള്ള അധ്യാപകനും വൈദികനും ഗ്രന്ഥകർത്താവും സാഹിത്യകാരനു

www.malankaralibrary.com

മാണെന്ന് അദ്ദേഹം തന്റെ പ്രസംഗത്തിൽ എടുത്തുപറയുകയുണ്ടായി. ബഹു. അച്ചന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് അദ്ദേഹത്തിന്റെ 'The Sacred Feminine in Indian Thought' എന്ന ഗ്രന്ഥത്തിന് ലഭിക്കട്ടെയെന്ന് കാതോലിക്കാബാവാ ആശംസിക്കുകയും ചെയ്തു. ആലപ്പുഴ രൂപതയുടെ മേലധ്യക്ഷൻ അഭിവന്ദ്യ ഡോ. സ്റ്റീഫൻ അത്തിപ്പുഴയിൽ ഉദ്ഘാടന പ്രസംഗവും മാവേലിക്കര രൂപതാധ്യക്ഷൻ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി മുഖ്യപ്രഭാഷണവും നടത്തി. അഭിവന്ദ്യ ഡോ. സാമുവൽ മാർ ഐറേനിയോസ് തിരുമേനിയും യൂഹാനോൻ മാർ തെയോഡോഷ്യസ് തിരുമേനിയും അനുഗ്രഹപ്രസംഗങ്ങൾ ചെയ്യുകയുണ്ടായി. കറ്റാനം ഇടവകയെ പ്രതിനിധീകരിച്ച് അഡ്വ. തോമസ് എം. മാത്തുണ്ണി ആശംസപ്രസംഗവും ചെയ്തു. കറ്റാനം സെന്റ് സ്റ്റീഫൻസ് മലങ്കര കത്തോലിക്കാ ദൈവാലയ വികാരി കോർ എപ്പിസ്കോപ്പാ ജോർജ്ജ് ചരുവിള സ്വാഗതവും ശ്രീ. മാത്യു ഉമ്മൻ നന്ദിപ്രകടനവും നടത്തി.

ഡോ. ആന്നിയിൽ തരകൻ പതിനാല് ഗ്രന്ഥങ്ങളുടെ രചയിതാവാണ്. ഇംഗ്ലീഷിൽ കവിതയെഴുതുന്ന ഏക ഇന്ത്യാക്കാരൻ വൈദികനായ ഡോ. തരകന്റെ ക്വസ്റ്റർ ബൈ ദ റിവർ (Quester by the River) എന്ന കാവ്യസാമഹാരം പ്രസിദ്ധ സാഹിത്യകാരനായ ഡോം മൊറയാസിന്റെ അവതാരികയോടുകൂടി 1997-ൽ നോത്ര ദാമിലെ ക്രോസ് കൾച്ചറൽ പ്രസിദ്ധികരണശാല പുറത്തിറക്കുകയുണ്ടായി. 2008-ൽ ദ് കാന്റിക്കിൾ ഓഫ് ദ ബിലവഡ് (The Canticle of the Beloved) എന്ന കാവ്യസമാഹാരത്തിന് ആത്മവിദ്യാ അവാർഡും, 2015-ൽ കത്തോലിക്കാ മെത്രാൻമാർ നൽകുന്ന ഗുരുപൂജ അവാർഡും ഫാ. തരകന് ലഭിക്കുകയുണ്ടായി. 2016-ൽ ഡൽഹിയിലെ കോസ്മോ പ്രസിദ്ധികരണശാല പുറത്തിറക്കിയ 488-പേജുകളുള്ള ഡോ. തരകന്റെ 'The Sacred Feminine in Indian Thought' എന്ന ഗ്രന്ഥം ഈ വിഷയത്തിൽ ഇദംപ്രഥമമായി രചിക്കപ്പെട്ട ഗ്രന്ഥമായി കരുതപ്പെടുന്നു.

(പൗരോഹിത്യ സുവർണ്ണജൂബിലിയുടെ ആഘോഷം വാർത്തയായി ഫെബ്രുവരി 23, 2018-ലെ മനോരമയിലും - പുറം 17-ദീപികയിലും -പുറം 8 പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ വാർത്ത സത്യദീപത്തിലും-മാർച്ച്1-7, ബുധൻ, പുറം 16-തിരുവനന്തപുരം മേജർ അതിരൂപതാ ബുള്ളറ്റിനിലും-ഏപ്രിൽ 2018, പുറം 21-നല്കിയിട്ടുണ്ട്).

www.malankaralibrary.com

# 34
## ജീവിതം പോയ വഴി

ഡോ. ആന്നിയിൽ സൈമൺ തരകൻ
പ്രൊഫസ്സർ, മാർ ഈവാനിയോസ് കോളേജ്, മാവേലിക്കര

2018 ഒക്ടോബർ 18-ാം തീയതി വൈദികജീവിതത്തിൽ 50 വർഷം തികയുന്ന ഫാദർ ആന്നിയിൽ നൈനാൻ തരകൻ 1943 ജനുവരി 20-ാം തീയതി കറ്റാനത്ത് പോളച്ചിറയ്ക്കൽ ആന്നിയിൽ ജനിച്ചു. മാതാപിതാക്കൾ സൈമൺ തരകനും മറിയാമ്മയും. 1959-ൽ വൈദിക വിദ്യാർത്ഥിയായി തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. 1961-ൽ പൂനയിലെ പേപ്പൽ സെമിനാരിയിലേക്ക് ഉപരിപഠനത്തിനായി അയക്കപ്പെട്ടു. 1961-65 എന്നീ കാലയളവിൽ തത്ത്വശാസ്ത്രവും, 1965-69 എന്നീ വർഷങ്ങളിൽ ദൈവശാസ്ത്രവും പഠിച്ചു. പൂനായിലെ പേപ്പൽ കലാലയം നല്കുന്ന B.Ph., B.D., Ph.L. , L.D. , എന്നീ ബിരുദ-ബിരുദാനന്തര ഡിഗ്രികൾ കരസ്ഥമാക്കി. 1968 ഒക്ടോബർ 18-ാം തിയതി മാതൃ ഇടവകയായ കറ്റാനം സെന്റ് സ്റ്റീഫൻസ് ദൈവാലയത്തിൽ വച്ച് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ തൃക്കരങ്ങളിൽ നിന്നും

www.malankaralibrary.com

വൈദിക പട്ടം സ്വീകരിച്ചു. ഒക്ടോബർ 19-ാം തിയതി നവബലി സ്വന്തം ഇടവകയിൽ തന്നെ അർപ്പിക്കുകയും ചെയ്തു.

തദനന്തരം പുനലൂർ, കറവൂർ, വിളക്കുവട്ടം, ചെറുകടവ്, എലിക്കാട്ടൂർ, മഞ്ഞമൺകാല, മാവേലിക്കര, എരമത്തൂർ, ചെന്നിത്തല, ചെങ്ങന്നൂർ, മണ്ണൂർ, മീൻകുളം, വയല, കുന്നപ്പുഴ, കുണ്ടമൺകടവ്, കഴക്കൂട്ടം, പള്ളിപ്പുറം, അയിരൂപാറ, കാട്ടായികോണം, ചിക്കാഗോ, തഴമേൽ, കുറവൻകോണം, പുലയനാർകോട്ട, ഉളിയാഴിത്തുറ, മൺവിള എന്നീ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. 2017 ഡിസംബർ 18-ാം തിയതി മുതൽ സെന്റ് അലോഷ്യസ് സെമിനാരിയിലെ വിദ്യാർത്ഥികൾക്കായി ഞായറാഴ്ച തോറും ദിവ്യബലിയർപ്പിക്കുന്നു.

1974-ൽ മാവേലിക്കര ബിഷപ്പ് മൂർ കോളജിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ B.A.യും 1976-ൽ ചങ്ങനാശ്ശേരി സെന്റ് ബർക്കുമെൻസ് കോളേജിൽ നിന്നും M.A.യും കരസ്ഥമാക്കി. 1976-78 എന്നീ വർഷങ്ങളിൽ ഫാദർ തരകൻ അഞ്ചൽ സെന്റ് ജോൺസ് കോളേജിൽ ബർസാറും അദ്ധ്യാപകനും ആയിരുന്നു. ഈ കാലയളവിൽ മണ്ണൂർ ദൈവാലയത്തിന്റെ വികാരിയായിരിക്കുമ്പോൾ അവിടെ ഇന്നു കാണുന്ന സ്കൂളിന് ആരംഭം കുറിച്ചു. 1977-78 ൽ വയലാപ്പള്ളിയുടെ സ്ഥാപക വികാരിയായിരുന്നു ഫാദർ തരകൻ.

1978-95 എന്നീ കാലഘട്ടത്തിൽ അദ്ദേഹം മാർ ഈവാനിയോസ് കോളേജിലെ ഇംഗ്ലീഷ് പ്രൊഫസ്സറായിരുന്നു. 1978-79-ൽ കുന്നപ്പുഴ ഇന്ന് കാണുന്ന സ്കൂളിനു ആരംഭം കുറിച്ചു. 1988 മുതൽ 96 വരെയുള്ള വർഷങ്ങളിൽ അദ്ധ്യാപകർക്കുവേണ്ടി കേരളാ യൂണിവേഴ്സിറ്റി സംഘടിപ്പിച്ച M.Phil ക്ലാസ്സുകളിൽ തരകനച്ചൻ വിസിറ്റിംഗ് പ്രൊഫസ്സറായി സേവനം അനുഷ്ഠിച്ചു. തുടർന്ന് 1983-87ൽ പാശ്ചാത്യ ലോകത്തെ ഏറ്റം പ്രസിദ്ധമായ കത്തോലിക്കാ യൂണിവേഴ്സിറ്റിയായ നോത്രദാമിൽ നിന്നും ഇംഗ്ലീഷിൽ Ph.D കരസ്ഥമാക്കി. 1983-88 ൽ ചിക്കാഗോയിലെ മലങ്കര മിഷന്റെ സ്ഥാപക വികാരിയായിരുന്നു ഫാദർ തരകൻ. 1995 മുതൽ 98 വരെ അഞ്ചൽ സെന്റ് ജോൺസ് കോളേജിന്റെ പ്രഗത്ഭനായ പ്രിൻസിപ്പാൾ ആയിരുന്നു.

www.malankaralibrary.com


അദ്ദേഹമാണ് ഈ കോളേജിനെ ബിരുദാനന്തര ബിരുദങ്ങൾ സംല ഭ്യമാക്കുന്ന കലാലയമായി ഉയർത്തികൊണ്ടുവന്നത്. 1998 മുതൽ ഇന്നുവരെ കേരളാ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾക്ക് ഗൈഡായും പ്രവർത്തിക്കുന്നു. അദ്ദേഹത്തിന്റെ കീഴിൽ 15 M.Phil. വിദ്യാർത്ഥികളും ഒരു Ph.D വിദ്യാർത്ഥിനിയും ഗവേഷണം പൂർത്തിയാക്കിയിട്ടുണ്ട്. 1998-ൽ കോളേജിൽ നിന്നും വിരമിച്ച ഫാദർ തരകൻ മാർ ബസേലിയോസ് എഞ്ചിനിയറിങ് കോളേജിൽ ഇംഗ്ലീഷ് പ്രൊഫസ്സറായി മൂന്നുവർഷം സേവനം ചെയ്തു. മലങ്കര മേജർ സെമിനാരിയിൽ 8 വർഷത്തോളം യൂണിവേഴ്സിറ്റി ഡിഗ്രി പരീഷ എഴുതുന്ന രണ്ടാം വർഷ തത്ത്വശാസ്ത്ര വിഭാഗ വിദ്യാർത്ഥികളെ വില്ല്യം ഷെയ്ക്സ്പിയറിന്റെ നാടകങ്ങൾ പഠിപ്പിച്ചു. 1998 മുതൽ ഇന്നുവരെ കഴിഞ്ഞ 19 വർഷമായി സെന്റ് അലോഷ്യസ് സെമിനാ രിയിൽ വൈദിക വിദ്യാർത്ഥികളെ ഇംഗ്ലീഷ് പഠിപ്പിക്കുന്നു.

1959 മുതൽ ഇന്നുവരെ 60-ൽപരം വർഷങ്ങളിലായി എഴുതിയ 100-ൽപരം ഇംഗ്ലീഷ് - മലയാളം ലേഖനങ്ങൾ ഇൻഡ്യയിലെ പ്രമുഖ പത്രങ്ങളിലും, അമേരിക്ക, ജർമ്മനി, ഫ്രാൻസ്, ചിലി, ഇറ്റലി, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ നിന്നും പ്രസിദ്ധീകരിക്കുന്ന മാസികകളിലും വെളിച്ചം കണ്ടിട്ടുണ്ട്. 14 കൃതികളുടെ ഗ്രന്ഥ കർത്താവാണ് അച്ചൻ. 1977-ൽ പ്രസിദ്ധ സാഹിത്യകാരനായ ഡോം മൊറയാസിന്റെ അവ താരികയോടുകൂടി നോത്ര ദാമിലെ ക്രോസ് കൾച്ചറൽ പ്രസിദ്ധീ കരണശാല പുറത്തിറക്കിയ ഫാദർ തരകന്റെ ദീർഘമായ Quester by the River എന്ന കവിത ഏറ്റം ശ്രദ്ധിക്കപ്പെട്ടു. Matthew Arnold and the Bhagavad Gita എന്ന തരകനച്ചന്റെ ഗവേഷണ ഗ്രന്ഥം 2006 -ൽ കാർമ്മൽ ഇന്റർനാഷണൽ പ്രസിദ്ധീകരണശാല പുറത്തിറ ക്കുകയുണ്ടായി. കോട്ടയം ഡി.സി. ബുക്ക്സ് പുറത്തിറക്കിയ "ഭാര തീയ ദർശനം ഇംഗ്ലീഷ് കവിതയിൽ" എന്ന ഗ്രന്ഥത്തിന് 2011-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. വിശുദ്ധ അൽഫോൻ സാമ്മയുടെ ജീവിത കഥ ഇംഗ്ലീഷ് കവിതയിലാക്കി പ്രസിദ്ധീക രിച്ച The Canticle of the Beloved എന്ന ഗ്രന്ഥത്തിന് ആത്മവിദ്യാ അവാർഡ് 2009-ൽ അദ്ദേഹത്തിന് ലഭിച്ചു. 2015 ജൂൺ മാസം 7-ാം

www.malankaralibrary.com


തീയതി കേരള സഭ ഫാദർ തരകന് 2014-ലെ ഗുരുപൂജ അവാർഡ് നല്കി ആദരിക്കുകയുണ്ടായി. 2016-ൽ ഡൽഹിയിലെ കോസ്മോ പ്രസിദ്ധീകരണ കമ്പനി പുറത്തിറക്കിയ 488 പേജുകളുള്ള The Sacred Feminine in Indian Thought എന്ന ഫാദർ തരകന്റെ ബൃഹത്തായ ഗ്രന്ഥം ഈ വിഷയത്തിൽ ഇദംപ്രഥമമായി എഴുതപ്പെട്ട കൃതിയായി കരുതപ്പെടുന്നു.

തന്റെ അക്ഷീണ യത്നം കൊണ്ട് സഭയെ ധന്യമാക്കിയ ആചാര്യനായ വൈദിക ശ്രേഷ്ഠന് ഇടവകാംഗങ്ങളുടെയും, നൂറു കണക്കിന് വിദ്യാർത്ഥികളുടെയും സഹൃദയരായ ഏവരുടെയും പ്രണാമം.

www.malankaralibrary.com

# 2

## ഡോ. ആന്നിയിൽ തരകനിൽനിന്നും

www.malankaralibrary.com

ക്രിസ്തുവിനെ കണ്ടെത്താനുള്ള യാത്രയാണ് ക്രിസ്തീയ ജീവിതമെങ്കിൽ (ജോൺ ബനിയൻ), ആ ജീവിത ക്രമീകരണത്തിന്റെ ശുശ്രൂഷകരാണ് വൈദിക രെങ്കിൽ, ആ യാത്ര ചെന്ന് അവസാനിക്കുന്നത് കാവ്യ സുന്ദരമായ യേശുവാകുന്ന സങ്കല്പത്തിലായിരിക്കും. ഈ സങ്കൽപ്പവും യേശുവും ശിഷ്യനും തമ്മിലുള്ള ബന്ധത്തിൽ മധ്യവർത്തികളുടെ ധർമ്മം തുലോം പരിമിതം".

– ഡോ. ആന്നിയിൽ തരകൻ

www.malankaralibrary.com

## പ്രവേശിക–2

Agere sequitur esse - ആജരെ സെക്വിത്തൂർ എസ്സെ: പ്രവർത്തനങ്ങൾ സാരാംശത്തെ വെളിപ്പെടുത്തുന്നു എന്ന മദ്ധ്യയുഗ സ്കൂൾ മെൻ (School Men) തത്ത്വചിന്തകരുടെ സന്ദേശം തികച്ചും സത്യമത്രെ. കഴിഞ്ഞ 60-ൽ പരം വർഷങ്ങളായി - ഒരു വൈദിക വിദ്യാർത്ഥിയായിരുന്ന സമയം മുതൽ ഇന്നുവരെ - തരകനച്ചൻ എഴുതിയ കൃതികൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലേക്കും ജീവിത വീക്ഷണത്തിലേക്കും വിരൽ ചൂണ്ടുന്നു. മലയാളത്തിൽ രചിച്ച ഈ ലേഖനങ്ങൾ പൂർണ്ണമായും സഭയെപ്പറ്റിയും അതിൽനിന്നും ഉരുത്തിരിയുന്ന ദർശനത്തെപ്പറ്റിയുമുള്ളതാണ്. ഓരോ കാലഘട്ടത്തിലും സഭയും സമൂഹവും തരണം ചെയ്യേണ്ടിവന്ന പ്രതിസന്ധികളെ അച്ചൻ വിശകലനം ചെയ്യുന്നു. അവയ്ക്ക് പരിഹാരം, തികച്ചും സുവിശേഷത്തിൽ അധിഷ്ഠിതമായ മൂല്യങ്ങളുടെ പരിധിയ്ക്കുള്ളിൽ, ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഫ്രഞ്ചു നോവലിസ്റ്റ് ബോൾസാക്കി (Balzac) ന്റെ "ല് പിയേർ ഗോറിയേ" (Le Pere Goriot) എന്ന നോവലിലെ വോട്രേൻ (Vautrin) എന്ന കഥാപാത്രത്തിന്റെ അധഃപതിച്ച ചിന്താഗതിപോലെ, ക്രിസ്തീയ മൂല്യങ്ങൾ കുറെ ശതമാനം മാത്രം ജീവിച്ചാൽ മതിയാകും എന്നല്ല, പിന്നെയോ അത് പൂർണ്ണമായും ഉൾക്കൊള്ളണം. 99% ക്രിസ്ത്യാനിയെന്ന ഒരു സങ്കല്പം ക്രിസ്തിയ വേദ ശാസ്ത്രത്തിലില്ല. ക്രിസ്തിയ ജീവിതം മൗലികമായ (fundamental) ഒരു തിരഞ്ഞെടുപ്പിന് (option) വിധേയമാണ്. ആ തിരഞ്ഞെ

www.malankaralibrary.com

ടുക്കൽ ഒരു വൈദികനെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതവീക്ഷണത്തിന്റെ അടിസ്ഥാന മാണ്. ഈ കൃതികളിലെല്ലാം കാലവും സമയവും ചരിത്രവും പ്രതിബിംബിക്കുന്നു. നിർണ്ണായക മായ ഒരു ചരിത്രബോധം ആന്നിയിൽ തരകന്റെ കവിതകളിൽ കാണുന്നു എന്ന് സാഹിത്യകാര നായ ഡോം മൊറെയാസ് (Dom Moraes) എഴുതി. തന്റെ ബാല്യകാല സ്മരണകൾ പ്രതിപാദി ക്കുന്ന "കുടുംബവൃത്താന്തം" എന്ന ദീർഘമായ ലേഖനത്തിൽ ഈ ചരിത്രബോധം അച്ചന്റെ മാംസരക്തങ്ങളിൽ ലയിച്ചിരിക്കുന്നു എന്ന് കാണാവുന്നതാണ്. "ചരിത്രത്തെ തട്ടിയും മുട്ടിയും ജീവിച്ച കാലഘട്ടം" എന്ന് തന്റെ ബാല്യകാലത്തെ വിശേഷിപ്പിക്കുന്നു. ക്രൈസ്തവ ചരിത്ര ചിന്തക നായ വിശുദ്ധ അഗസ്തീനോസിന്റെ മുഴുവൻ ഗ്രന്ഥങ്ങൾ കിട്ടാവുന്നത്ര വായിച്ച തരകനച്ചൻ, ചരിത്രാധിഷ്ഠിതമായ ഒരു ജീവിത വീക്ഷണം, തന്റെ കൃതികളിൽ പ്രകടമാക്കുന്നു എന്നതിൽ ഒട്ടും അതിശയിക്കാനില്ല.

www.malankaralibrary.com

# 35

## കുടുംബവൃത്താന്തം

ഡോ. ആന്നിയിൽ തരകൻ

1943-ൽ ആണ് ഞാൻ ജനിച്ചത്. ബ്രിട്ടീഷുകാർ ഭാരതം ഭരിക്കുന്ന കാലഘട്ടം. 1930-ൽ രൂക്ഷമായിത്തീർന്ന സാമ്പത്തിക മാന്ദ്യം ഇൻഡ്യയിൽ ഇല്ലാതായത് നാല്പതുകളുടെ അവസാനത്തോടുകൂടിയായിരുന്നു. ഈ കാലഘട്ടത്തിൽ കേരളത്തിൽ പൊതുവിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെട്ടിരുന്നു. നൂറ്റാണ്ടുകളായി കൃഷിഭൂമിയിൽ നിന്നുകിട്ടിയ ആദായം കൊണ്ട് കഴിഞ്ഞുകൂടിയ ഞങ്ങളുടെ കുടുംബങ്ങളും ഈ സാമ്പത്തിക ആഘാതത്തിന് അപവാദമായിരുന്നില്ല. പഴയ കാലഘട്ടത്തിന്റെ മേൽക്കോയ്മയെപ്പറ്റിയുള്ള കെട്ടുകഥകളിൽ മുഴുകിയും അന്ന് അനുഭവിച്ച ദൗർലഭ്യത്തെ വകവയ്ക്കാതെയും ജീവിച്ച ബാല്യകാലം ഞാൻ ഓർത്തു പോകുന്നു.

മലയാളമാസം മകരം 17-ാം തീയതിയാണ് ഞാൻ ജനിച്ചതെന്ന് എന്റെ അമ്മ പലപ്പോഴും പറയാറുണ്ടായിരുന്നത് ഓർക്കുന്നു. മകരം 17 ഇംഗ്ലീഷിലേക്ക് മാറ്റിയപ്പോൾ ജനുവരി-20 എന്ന് എന്റെ മൂത്ത സഹോദരി മേരിക്കുട്ടി സ്കൂളിൽ എഴുതികൊടുത്തു. ജനുവരി 20 കറ്റാനത്തെ പഴയപള്ളിയിലെ പെരുന്നാൾ ദിവസമായിരുന്നു.

www.malankaralibrary.com


ഇളയസഹോദരന് സ്റ്റേഫാനോസ് ശ്ലീഹായുടെ അനുഗ്രഹമുണ്ടാകട്ടെ എന്നുകരുതിയാണ് ജനുവരി 20 ജന്മദിവസമായി മാറ്റിയത്.

ഭാരത ചിന്തയിൽ ചരിത്ര വസ്തുതക്കല്ല, മനസ്സിൽ രൂപപ്പെടുത്തി എടുക്കുന്ന ഐതിഹ്യപരമായ ഭാവങ്ങൾക്കാണ് പ്രാധാന്യം. ഭാരതീയർക്ക് ചരിത്ര ബോധമില്ല എന്നു പറയുന്നത് വസ്തുതകളെക്കാൾ സമൂഹം രൂപം കൊടുത്തതും ഭാവനയിൽ നിന്ന് ഉരുത്തിരിഞ്ഞതുമായ സങ്കല്പങ്ങൾക്ക് പ്രാധാന്യം നൽകുന്നതുകൊണ്ടത്രേ. ഞാൻ ജനിച്ചത് കറ്റാനം എന്ന ഗ്രാമത്തിലാണ്. എന്റെ പൂർവ്വ പിതാക്കൻമാർ അന്ത്യവിശ്രമം കൊള്ളുന്നത് ഇവിടെയാണ്. കറ്റാനം എന്ന ഗ്രാമത്തിൽ ആന്നിയിൽ എന്ന കുടുംബത്തിൽ ഞാൻ ജന്മം കൊണ്ടു. ഈ ഭവനം എന്റെ വല്യമ്മയുടെ കുടുംബമാണ്. ഈ ഭവനത്തിൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം ഘട്ടത്തിൽ മാവേലിക്കര പോളച്ചിറയ്ക്കൽ കുഞ്ഞുനൈനാൻ, ആന്നിയിൽ ആച്ചിയമ്മയെ ദത്തുവിവാഹം ചെയ്ത് അവിടെ താമസമാക്കി. ഈ പൂർവ്വപിതാവായ നൈനാന്റെ കൊച്ചുമകനാണ് ഞാൻ. എന്റെ മാമോദീസാ പേര് നൈനാൻ എന്നായതിന്റെ കാരണം എന്താണെന്നു മനസ്സിലാക്കാൻ എളുപ്പമാണല്ലോ? 'നൈനാൻ' എന്നത് മദ്ധ്യതിരുവിതാംകൂറിൽ മാത്രം കാണുന്ന പേരാണ്. നൈനാൻ (യൂഹാനോൻ -യൗനാൻ-നൈനാൻ) എന്ന നാമം യൂഹാനോൻ എന്ന സുറിയാനി പദത്തിന്റെ വകഭേദമത്രെ.

ആന്നിയിൽ എന്ന പദം ആന്നികം എന്ന പദത്തിൽ നിന്ന് രൂപം കൊണ്ടതാണ്. ആന്നികം എന്ന സംസ്കൃതപദത്തിന് അന്നം അഥവാ ഭക്ഷണം എന്നർത്ഥമുണ്ടെന്ന് സംസ്കൃത ഭാഷാ പണ്ഡിതൻ ജി. രാധാകൃഷ്ണൻ നായർ പറയുന്നു. കേരളത്തിൽ ജനങ്ങൾ കാൽനടയായി യാത്ര ചെയ്തിരുന്ന കാലഘട്ടത്തിൽ ധാരാളം നെൽകൃഷിയുള്ള ചില ഭവനക്കാർ യാത്രികർക്ക് ഭക്ഷണം നൽകിയിരുന്നു. വീതസ്പൃഹാനന്ദ സ്വാമിയുടെ അഭിപ്രായത്തിൽ, അങ്ങനെയുള്ള ഭവനങ്ങൾ ഈ അടുത്ത കാലം വരെ കേരളത്തിൽ ഉണ്ടായിരുന്നു. ആന്നിയിൽ എന്ന പദത്തിന് അന്നം മറ്റുള്ളവർക്ക് നൽകുന്ന ഭവനം എന്നാണർത്ഥം എന്ന് സംസ്കൃതജ്ഞനായ സ്വാമി വീതസ്പൃഹാനന്ദ പറയുന്നു. ബ്രാഹ്മണരായ യാത്രക്കാർക്ക് ഈ സൗകര്യം അമ്പലങ്ങളിൽ ക്രമീകരിച്ചിരുന്നു. കേരളത്തിൽ പടിപ്പുര ഉണ്ടാക്കിയതിന്റെ ഒരു കാരണം സ്വന്തക്കാരല്ലാത്ത യാത്രക്കാർക്ക് വന്നിരിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനുമുള്ള ഒരു സൗകര്യം കൂടി നൽകുന്നതിനായിരുന്നു.

www.malankaralibrary.com



ആന്നിയിൽ എന്ന കുടുംബപേരിലൂടെ എന്നതിനേക്കാൾ കൂടുതലായി ഞാൻ അറിയപ്പെട്ടിരിക്കുന്നത് 'തരകൻ' എന്ന സ്ഥാനപ്പേരിലൂടെയാണ്. പോളച്ചിറയ്ക്കൽ കുടുംബത്തിന് രാജാക്കൻമാരിൽനിന്നും ലഭിച്ച സ്ഥാനപ്പേരാണ് തരകൻ എന്നത്. എല്ലാ ആൺമക്കൾക്കും ഈ സ്ഥാനപ്പേര് ലഭിക്കുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ വാണിജ്യത്തിൽ പ്രമുഖരായ വ്യക്തികൾക്ക് രാജാക്കൻമാർ നൽകി ആദരിച്ച സ്ഥാനപ്പേരാണ് തരകൻ എന്നത്. ആദ്യനൂറ്റാണ്ടിൽ ക്രൈസ്തവർ ക്രയവിക്രയത്തിൽ അതുല്യരായിരുന്നുവെന്ന് ചരിത്രം പ്രഘോഷിക്കുന്നു. ഇവരിൽ അധികം പേരും തുറമുഖങ്ങളിൽ താമസിച്ചിരുന്നു. പോളച്ചിറയ്ക്കൽ കുടുംബചരിത്രഗ്രന്ഥത്തിൽ 17-ാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂരിൽ നിന്ന് മദ്ധ്യതിരുവിതാംകൂറിലേക്കു മാറി വിവിധ സ്ഥലങ്ങളിൽ താമസിച്ച ശേഷം മാവേലിക്കര രാജാവിന്റെ അധികാര പരിധിയിൽപ്പെട്ട പട്ടണത്തിൽ താമസമാക്കിയെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. നിരണം തുറമുഖത്തിന്റെ വാണിജ്യ കേന്ദ്രമായിരുന്നു മാവേലിക്കര. 20-ാം നൂറ്റാണ്ടിൽ പോലും മാവേലിക്കര പട്ടണത്തിലെ വളരെ സമ്പന്നമായ കുടുംബങ്ങളിൽ മുൻപന്തിയിൽ നിന്ന കുടുംബ ശൃംഖലയിൽപ്പെട്ടതായിരുന്നു പോളച്ചിറയ്ക്കൽ കുടുംബം. മാവേലിക്കര പട്ടണം ധാരാളം ചരിത്രപ്രാധാന്യമുള്ള സ്ഥലമാണ്. ഈ പട്ടണത്തിൽ, മുൻപിൽ കടകളും പുറകിൽ വീടുകളുമായി സുറിയാനി ക്രിസ്ത്യാനികൾ ഇന്നും ജീവിക്കുന്നു. ഇത് ആദ്യകാല യഹൂദ ക്രൈസ്തവ ബന്ധത്തിലേക്ക് വിരൽ ചൂണ്ടുന്നു. മാവേലിക്കരയിൽ സുറിയാനിക്കാരുടെ ഇടയിൽ ഇന്നും കാണുന്ന ബുധനാഴ്ച ഭക്തി യഹൂദന്മാരുടെ ജീവിതശൈലിയിൽ നിന്നും അടർത്തിയെടുത്തിട്ടുള്ളതാണ്.

ചരിത്രപരമായി ധാരാളം ബുദ്ധമതാനുയായികൾ ജീവിച്ചിരുന്ന സ്ഥലമാണ് മാവേലിക്കര. ഇന്നും "ബുദ്ധജംഗ്ഷൻ" എന്ന പേരിലറിയപ്പെടുന്ന ഒരു ജംഗ്ഷൻ മാവേലിക്കരയിലുണ്ട്. ഇതിന്റെ മുൻപിൽ പ്രസിദ്ധമായ കൃഷ്ണസ്വാമി ക്ഷേത്രം സ്ഥിതി ചെയ്യുന്നു. ഈ ജംഗ്ഷനിൽ എത്ര നൂറ്റാണ്ടുകൾക്കു മുൻപ് സ്ഥാപിതമായതെന്ന് അറിഞ്ഞുകൂടാത്ത ഒരു ബുദ്ധപ്രതിമയുണ്ട്. ഈ നാട്ടുകാർ അതിനെ "കരുമാടിക്കുട്ടൻ" എന്ന പേർ ചൊല്ലി വിളിക്കുന്നു. ഇവിടെ നിന്നും 5 മൈൽ വടക്കുമാറി പമ്പാനദിയുടെ തീരത്തുണ്ടായിരുന്ന തുറമുഖം വഴിയാണ് വിശുദ്ധ തോമാശ്ലീഹ നിരണത്ത് വന്നതെന്ന് ഐതിഹ്യമുണ്ട്. ഇന്നും തോമാശ്ലീഹാ വന്ന പമ്പയുടെ തീരത്തുള്ള സ്ഥല

www.malankaralibrary.com



ത്തിന് "തോമാക്കടവ്" എന്നാണ് അറിയപ്പെടുന്നത്. വിശുദ്ധ കന്യാമറിയാമിന്റെ നാമത്തിൽ പണിതീർത്തിരിക്കുന്ന ഈ ദേവാലയത്തിന്റെ മുൻപിലുള്ള കൽക്കുരിശും, എണ്ണ ഒഴിച്ച് വിളക്കു കത്തിക്കാനുള്ള കരിങ്കല്ലുകളും നൂറ്റാണ്ടുകളുടെ പഴക്കമുള്ളതായി പറയപ്പെടുന്നു.

കറ്റാനത്തിന് പടിഞ്ഞാറ് വടക്കായി പള്ളിക്കൽ എന്ന പേരിൽ അറിയപ്പെടുന്ന ഒരു സ്ഥലമുണ്ട്. കേരളത്തിൽ പല സ്ഥലങ്ങളിലും പള്ളിക്കൽ എന്നറിയപ്പെടുന്ന സ്ഥലങ്ങളുണ്ട്. ആരംഭത്തിൽ, പള്ളിക്കൽ ഒരു സ്ഥലമായിരുന്നില്ല. ബുദ്ധവിഹാരങ്ങൾ സ്ഥിതിചെയ്ത കേന്ദ്രങ്ങളായിരുന്നു പള്ളിക്കൽ എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. ഈ ഭാഗത്ത് ധാരാളം ആൽമരങ്ങൾ ഇന്നും കിളിർത്തുനിൽക്കുന്നതു കാണാം. ഗയയിൽ നിന്നും വന്ന ബുദ്ധ സന്ന്യാസികൾ നട്ടുവളർത്തിയതാണ് ഈ മരങ്ങളെന്ന് പറയപ്പെടുന്നു. ഈ ആൽമരങ്ങളോട് ചേർന്ന് ബുദ്ധപ്രതിമകളും പണ്ടുകാലത്ത് ഈ പ്രദേശത്തുണ്ടായിരുന്നു. കറ്റാനത്തുനിന്നും രണ്ടു കിലോമീറ്റർ വടക്കായി ഭരണിക്കാവ് അമ്പലത്തിന്റെ തെക്കുഭാഗത്തായി ഒരു ബുദ്ധപ്രതിമ ഉണ്ടായിരുന്നു. ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ ഈ പ്രതിമ തൂണിൽ നിന്നും ഇളകി താഴെ വീണു കിടന്നിരുന്നു. ഇപ്പോൾ അത് നിന്ന തൂണും പ്രതിമയും അപ്രത്യക്ഷമായി. മാവേലിക്കരയുടെ പ്രാന്തപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന അമ്പലങ്ങളിലെ പ്രത്യേകിച്ച് ചെട്ടിക്കുളങ്ങര അമ്പലത്തിലെ കെട്ടുകാഴ്ചയുടെ ഭാവത്തിലും, തേരുകളും കുതിരകളും നിർമ്മിക്കുന്ന സമ്പ്രദായത്തിലും, ബീഹാറിലെ ബോധഗയ, പാടലീപുത്ര എന്നീ സ്ഥലങ്ങളിലെ കെട്ടുകാഴ്ചകളോടും ബുദ്ധമതരാജ്യങ്ങളായ ബർമ്മ, തായ്ലന്റ്, വിയറ്റ്നാം എന്നീ രാജ്യങ്ങളിലെ കെട്ടുകാഴ്ചകളോടും സാമ്യമുണ്ട്.

കാവടി തോളിൽ വച്ച് കവളിലൂടെ ശൂലം കുത്തിയിറക്കി കാവിവസ്ത്രം ധരിച്ച് സഞ്ചാരികളായി പോകുന്ന സന്ന്യാസിമാർ ധാരാളം പേർ ഞങ്ങളുടെ വീടുകളിൽ ഭിക്ഷാടനത്തിന് വരുന്നത് ഞാൻ ഓർക്കുന്നു. ഇവർ ശ്രമണ ഭിക്ഷുക്കളുടെ കാലടികളെ പിൻതുടരുന്നവരാണെന്നാണ് പറയപ്പെടുന്നത്. ശ്രമണ സന്ന്യാസികൾ ഭിക്ഷാടനം ചെയ്ത് ജീവിച്ചു. തീവ്രദിനചര്യകൾ ചെയ്തും പ്രാർത്ഥനയിൽ മുഴുകിയും ഇന്ദ്രിയങ്ങളെ പരിപൂർണ്ണമായി നിഗ്രഹിച്ചും അവർ ജീവിച്ചിരുന്നു. ഹെർമൻ ഹെസ്സെ (Hermann Hesse) യുടെ "സിദ്ധാർത്ഥ" (Siddhartha) എന്ന നോവലിന്റെ രണ്ടാം

www.malankaralibrary.com



അധ്യായത്തിൽ ശ്രമണ സന്ന്യാസത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു അധ്യായം തന്നെ കൊടുത്തിരിക്കുന്നു. പതഞ്ജലിയുടെ യോഗ സൂത്രം ശ്രമണർക്കുവേണ്ടി എഴുതിയുണ്ടാക്കിയതാണ്. ശ്രമണ സിദ്ധാന്തമാണ് ബുദ്ധിസ്സത്തിന്റെയും ജൈനിസ്സത്തിന്റെയും ഉറവിടം. 8-ാം നൂറ്റാണ്ടിൽ ശ്രീ. ശങ്കരാചാര്യർ ആത്മീയരംഗത്തു വന്നതോടുകൂടി ജീവിത നിഷേധിയായ ശ്രമണ സിദ്ധാന്തത്തിന് തിരിച്ചടി ലഭിക്കുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ ഗീതാഭാഷ്യത്തിൽ പതഞ്ജലിയുടെ രാജയോഗത്തിന് വേണ്ടത്ര പ്രാധാന്യം നൽകിയില്ല. തൽസ്ഥാനത്ത് കർമ്മത്തേയും ജ്ഞാനത്തേയും ഭക്തിയേയും യോഗയായി ഉയർത്തി. ഭക്തിയും കർമ്മവും ആത്യന്തികമായി ജ്ഞാനത്തിൽ ലയിക്കുന്നുവെന്ന് അദ്ദേഹം സമർത്ഥിക്കുകയും അദ്വൈത വേദാന്തത്തിന് അതുല്യമായ സ്ഥാനം നൽകുകയും ചെയ്തു.

ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ എല്ലാ മെയ് മാസത്തിലും ഞങ്ങളുടെ വീട്ടിൽനിന്നും അല്പം പടിഞ്ഞാറുമാറി ഒരു സ്ത്രീയെ കെട്ടിയിട്ട് അടിക്കുന്നതു കാണാനായി ആളുകൾ തടിച്ചുകൂടുമായിരുന്നു. ആ സ്ത്രീയെ ഇപ്രകാരം മർദ്ദിക്കുമ്പോൾ "ഇറങ്ങെടി മറിയേ" എന്നു അടിക്കുന്നയാൾ വിളിച്ചുപറയും. മരിച്ചുപോയ മറിയ അവളിൽ കയറിയിരിക്കുന്നു എന്നാണ് അവർ വിശ്വസിച്ചിരുന്നത്. ചൂരൽവടി വച്ച് അടിച്ചാൽ ബാധ ഇറങ്ങും എന്നും അവർ വിശ്വസിച്ചിരുന്നു. ഈ സ്ത്രീയുടെ ദുരന്തം മാനസികരോഗമാണെന്ന് വിശ്വസിക്കാൻ ഇവർക്ക് അന്ന് കഴിഞ്ഞില്ല.

ആ കാലഘട്ടത്തിൽ നെൽപാടത്ത് കൃഷി നോക്കാൻ പ്രഭാതത്തിൽ പോയ ഒരാൾ അവിടെ മരിച്ചുവീണു. അയാളെ മാടൻ അടിച്ചു എന്നായിരുന്നു ഗ്രാമീണരുടെ വിശ്വാസം. ഹൃദയാഘാതം മൂലം ആളുകൾ മരിക്കുമെന്ന് ചിന്തിക്കുന്നവർ അന്ന് കുറവായിരുന്നു. മാടന്റെ കൂടെ പ്രത്യക്ഷപ്പെടുന്ന വേറൊരു അജ്ഞാത കഥാപാത്രമായിരുന്നു കുട്ടിച്ചാത്തൻ. കുട്ടിച്ചാത്തന്റെ കല്ലേറ് ആരെങ്കിലും വസ്തു വിൽക്കാൻ പോകുന്നു എന്നറിഞ്ഞാൽ ഉടൻ തുടങ്ങും. കുട്ടിച്ചാത്തന്റെ കല്ലേറുള്ള വസ്തു ആരും വാങ്ങുകയില്ല. അതിന് വില കുറയുകയും ചെയ്യും.

മാവേലിക്കര നിന്നും കറ്റാനത്തു വന്നു താമസമാക്കിയ പോളച്ചിറക്കൽ കുഞ്ഞുനൈനാന്റെ ഇളയമകൻ ഓർത്തഡോക്സ് സമുദായത്തിലെ വൈദികനായിരുന്നു. നൈനാൻ ആന്നിയിൽ (പിൽക്കാലങ്ങളിൽ നൈനാൻ വീട്ടിനാൽ സീനിയർ) എന്ന പേരിലറിയപ്പെട്ടിരുന്ന ഈ വൈദികൻ പരുമല സെമിനാരിയിൽ പത്തു വയസ്സുള്ള

www.malankaralibrary.com


പ്പോൾ തന്നെ കുപ്പായം ധരിച്ച് ശെമ്മാശ്ശനായി താമസിച്ചിരുന്നു. ഇദ്ദേഹത്തെ സ്വന്തം ജ്യേഷ്ഠ സഹോദരൻ ചെറിയാൻ തരകൻ (തോമസ്) പരുമല സെമിനാരിയിൽ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നുവെന്ന് മദർ സൾഗയുടെ കുടുംബചരിത്രക്കുറുപ്പിൽ ഞാൻ വായിച്ചിട്ടുണ്ട്. ചെറിയാൻ തരകൻ ദീർഘകാലം ഈ സെമിനാരിയിൽ ഇംഗ്ലീഷ് പ്രൊഫസറായി സേവനം ചെയ്തിരുന്നു. ഈ ചെറിയാൻ തരകന്റെ മകളാണ് ബഥനി സമൂഹത്തിലെ ആദ്യകാലാംഗമായ മദർ സൾഗ. അദ്ദേഹത്തിന് സുറിയാനി അറിയാമായിരുന്നു.

ചെറിയാൻ തരകൻ ചാത്തുരുത്തി മെത്രാൻ മാർ ഗ്രിഗോറിയോസിനെ ഇംഗ്ലീഷ് പഠിപ്പിച്ചതായി മദർ സൾഗായുടെ ഓർമ്മക്കുറിപ്പുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. മദർ എഴുതുന്നു: “ചാത്തുരുത്തി മെത്രാച്ചൻ എന്നു സാധാരണയായി അറിയപ്പെട്ടിരുന്ന മാർ ഗ്രിഗോറിയോസിന് ഇംഗ്ലീഷ് വശമില്ലാതിരുന്നതിനാൽ പാപ്പിയച്ചൻ (ചെറിയാൻ തരകൻ) എന്നു സാധാരണ വിളിക്കപ്പെട്ടിരുന്ന എന്റെ അപ്പച്ചനെ പരുമലയ്ക്ക് ക്ഷണിച്ചു. മെത്രാച്ചനെയും അവിടെ താമസിച്ചുപഠിച്ചിരുന്ന ശെമ്മാശ്ശന്മാരെയും അപ്പച്ചൻ ഇംഗ്ലീഷു പഠിപ്പിച്ചു. അതിനു പകരമായി സുറിയാനിയിൽ നല്ല പാണ്ഡിത്യമുണ്ടായിരുന്ന തിരുമേനി അദ്ദേഹത്തിന് അറിയാവുന്ന സുറിയാനി മുഴുവൻ അപ്പച്ചനെ പഠിപ്പിച്ചു”. മാർ ഇവാനിയോസ് തിരുമേനി 1930-സെപ്റ്റംബർ 20-ാം തീയതി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. ഇതിനു 14 വർഷങ്ങൾക്കു മുൻപ് 1916-ൽ വീട്ടിനാൽ വല്യച്ചൻ കത്തോലിക്ക സഭയെ ആശ്ലേഷിച്ചിരുന്നു.

വീട്ടിനാൽ നൈനാനച്ചൻ (സീനിയർ) കറ്റാനം, മാവേലിക്കര, ചുനക്കര, വള്ളികുന്നം എന്നീ സ്ഥലങ്ങളിൽ ബെൻസിഗർ തിരുമേനിയുടെ അനുഗ്രഹാശിസുകളോടും പില്ക്കാലങ്ങളിൽ കോട്ടാർ രൂപതയുടെ മെത്രാനായിതീർന്ന ലോറൻസ് പെരേര തിരുമേനിയുടെ സഹായത്തോടും കൂടെ സേവനം ചെയ്തിട്ടുണ്ട്. അദ്ദേഹം മാർ ഇവാനിയോസിന്റെ പുനരൈക്യത്തിനുശേഷം മലങ്കര സഭയിൽ ചേരുകയും തിരുവനന്തപുരം അതിരൂപതയിൽ വൈദികനായി ജോലിചെയ്യുകയും ചെയ്തു. വീട്ടിനാൽ വല്യച്ചൻ 1957 ജനുവരി 18-ാം തീയതി മാവേലിക്കര വഴുപാടിയിൽ അദ്ദേഹത്തിന്റെ ഭവനത്തിൽ വച്ച് 90-ാമത്തെ വയസ്സിൽ നിര്യാതനായി. ഈ ലേഖകൻ സ്വപിതാവിനോടൊപ്പം അദ്ദേഹത്തിന്റെ ശവസംസ്കാരത്തിൽ പങ്കുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ മകൻ നൈനാൻ വീട്ടിനാൽ ജൂനിയറും തിരുവനന്തപുരം അതിരൂപതയിൽ വൈദികനായിരുന്നു.

www.malankaralibrary.com


ഇദ്ദേഹം 1940-ൽ വൈദികനായി. 1944 ഡിസംബർ 10-ാം തീയതി അദ്ദേഹം നിര്യാതനായി. വീട്ടിനാൽ ജൂനിയർ സെന്റ് അലോഷ്യസ് സെമിനാരിയിൽ ജോർജ്ജ് മലഞ്ചരുവിലച്ചനെ ലത്തീൻ പഠിപ്പിച്ചുവെന്ന് മലഞ്ചരുവിലച്ചൻ എന്നോട് അഞ്ചൽ കോളേജിൽ വച്ച് പറഞ്ഞിട്ടുണ്ട്. ഫാദർ നൈനാനും, സെമിനാരിക്കാരും കൂടി ഇരിക്കുന്ന ഒരു ഫോട്ടോ ബഹുമാനപ്പെട്ട ജോർജ്ജച്ചൻ എന്നെ കാണിച്ചു. ഈ ഫോട്ടോയിൽ സെമിനാരിക്കാർ മുണ്ടും ഉടുപ്പും ധരിച്ചും, ഉടുപ്പിൻമേൽ കറുത്ത കോട്ടും ധരിച്ച് ഇരിക്കുന്നതും കാണാം. സെന്റ് അലോഷ്യസ് സെമിനാരി തുടങ്ങിയത് 1934 ജൂൺ 21-ാം തീയതിയാണ്. ഈ സെമിനാരിയുടെ പ്രഥമ റെക്ടർ മാത്യു പോത്തനാമൂഴിയച്ചൻ ആയിരുന്നു. 1939-ൽ ഈ വൈദികൻ മാതൃരൂപതയായ എറണാകുളം അതിരൂപതയിലേക്ക് തിരിച്ചുപോകുകയും കോതമംഗലം രൂപതയുടെ പ്രഥമ മെത്രാനായിത്തീരുകയും ചെയ്തു.

സ്വപിതാവിനെപ്പോലെ ഫാദർ നൈനാൻ ജൂനിയർ വൈദിക പഠനം ആരംഭിച്ചത് പരുമല സെമിനാരിയിൽ ആയിരുന്നു. സ്വപിതാവ് കത്തോലിക്ക സഭയുമായി പുനരൈക്യപ്പെട്ടതിനുശേഷം നൈനാൻ ശെമ്മാശ്ശനെ കൊല്ലത്തുള്ള ലത്തീൻ സെന്റ് തെരേസാ സെമിനാരിയിലേക്ക് മാറ്റി (ഇപ്പോൾ കാണുന്ന ഫാത്തിമ മാതാ കോളേജ്). അനന്തരം കുറേക്കാലം ആലുവ സെമിനാരിയിൽ പഠിച്ചു. ഇവിടെ പഠനം പൂർത്തിയാക്കി പട്ടം സ്വീകരിച്ചു. ബൻസിഗർ തിരുമേനിയായിരിക്കണം അദ്ദേഹത്തിനു പട്ടം നല്കിയതെന്നു ഞാൻ ചിന്തിക്കുന്നു. ബഥനി സിസ്റ്റർ ആൻസി വീട്ടിനാൽ വല്ല്യച്ചന്റെ കൊച്ചുമകളാണ്. ഫാദർ നൈനാൻ വീട്ടിനാൽ സീനിയർ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിനു രണ്ടുവർഷം മുൻപ് 1914-ൽ അദ്ദേത്തിന്റെ ഏറ്റവും മൂത്ത സഹോദരൻ ഗീവർഗ്ഗീസ് തരകൻ കത്തോലിക്കാ സഭയെ ആശ്ലേഷിച്ചിരുന്നു. അദ്ദേഹത്തിന്റെ ഇളയ മകൻ എബ്രഹാം കൊല്ലം രൂപതയിൽ വൈദികനായിത്തീർന്നു. എബ്രഹാം തരകന്റെ മൃതശരീരം ചാരുംമൂട്ടിൽ ലത്തീൻ സഭ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു. ബഥനി സന്യാസിനീ സമൂഹത്തിലെ സിസ്റ്റർ സ്മോനിയും സന്യാസസമൂഹത്തിലെ ഫാദർ ഫിലിപ്പും ഈ ഗീവർഗ്ഗീസ് തരകന്റെ കൊച്ചുമക്കളത്രെ.

കറ്റാനത്തെ ആദ്യവൈദികൻ ആന്നിയിൽ കുടുംബാംഗമായിരുന്നു. ഇദ്ദേഹം 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു. ശ്രീ. ആന്നിയിൽ കുരുവിള മാത്തുണ്ണി തരകന്റെ പൂർവ്വ കുടുംബമായ നില

www.malankaralibrary.com


മേൽ ആന്നിയിൽ നിന്നും ആയിരുന്നു ഈ വൈദികൻ. ആ കാലഘട്ടത്തിൽ തന്നെ കുരുവിള മാത്തുണ്ണിയുടെ പിതൃസഹോദര കുടുംബമായ വേളങ്ങാട്ട് നിന്ന് വർഗ്ഗീസ് എന്ന വൈദികനും കറ്റാനത്ത് പഴയപള്ളിയിൽ സേവനം ചെയ്തിരുന്നു. ശ്രീ. പി. സി. വർഗീസ് എഴുതുന്നു: "ശ്രീ. കുരുവിള മാത്തുണ്ണിയുടെ നാല് സന്താനങ്ങൾ ആന്നിയിലും കാര്യാടിയിലും, തയ്യിലും പുതുപ്പുരക്കലും താമസമായി. ഇവരിൽ ശ്രീ. കുരുവിള മാത്തുണ്ണിയുടെ പൗത്രൻ പള്ളി വടക്കേതിൽ അച്ചനും" കറ്റാനം പള്ളിയിൽ ശുശ്രൂഷ നടത്തി. ഇദ്ദേഹമായിരിക്കണം പള്ളിയിലച്ചൻ എന്നറിയപ്പെട്ടിരുന്ന വ്യക്തി. ഇദ്ദേഹത്തിന്റെ പേര് ഫാ. ആന്നിയിൽ ഗീവർഗ്ഗീസ് തരകൻ എന്നായിരുന്നു.

പിന്നീട് പുതുപ്പുരയ്ക്കൽ കുടുംബത്തിൽ നിന്നും ഒരു വ്യക്തി പിൻതലമുറയിലെ വൈദികരിൽ ഒരാളായി. "1889-ാം ആണ്ടോടുകൂടി യാക്കോബായ സഭയിൽ നിന്ന് മാർത്തോമ്മാ സഭ രൂപം കൊണ്ടപ്പോൾ, മാരാമണ്ണ് പാലക്കുന്നത്ത് നിന്ന് പള്ളിക്കൽ കാങ്കാലിലും, ആന്നിയിൽ കാര്യാടിയിൽ നിന്നും പള്ളിക്കൽ കാങ്കാലിലും ബന്ധമുണ്ടായതിന്റെ ഫലമായി ബന്ധുഗൃഹത്തിൽ നിന്ന് ഒരു വൈദികന് മേൽപ്പറഞ്ഞ പള്ളിയിൽ സ്ഥാനം ലഭിച്ചു" (പി. സി. വർഗീസ്). "ഈ ദൈവാലയം ഒരു കുടുംബ ദൈവാലയമായിരുന്നതിനാൽ യാതൊരു സഭാദ്ധ്യക്ഷന്മാർക്കും ലൗകികമായ അവകാശമോ അധികാരമോ ഉണ്ടായിരുന്നില്ല" (പി.സി. വർഗീസ്). "കറ്റാനം, തേവലക്കര മുതലായ അപൂർവ്വം ചില ദൈവാലയങ്ങൾ മലങ്കരയിൽ ഈ വിധം സ്വയംഭരണത്തിൽപ്പെട്ടിരുന്നു. ബഹു. കാങ്കാലിൽ അച്ചന്റെ മരണശേഷം ആന്നിയിൽ കാര്യാടിയിൽ ശ്രീ. ഉമ്മച്ചന്റെ സീമന്തപുത്രൻ ബഹു. മാത്യൂസ് കശ്ശീശായും കോലേകുളങ്ങര ബഹു. കെ. എം. പിലിപ്പോസ് കശ്ശീശായും 1907 മുതൽ മാർത്തോമ്മാ സഭയിലെ പട്ടക്കാരായും" (പി.സി. വർഗീസ്), പോളച്ചിറയ്ക്കൽ (ആന്നിയിൽ) ബഹു. നൈനാൻ കത്തനാരും (വീട്ടിനാൽ സീനിയർ) "വേളങ്ങാട്ട് പരേതനായ ബഹു. ഗീവർഗ്ഗീസ് കത്തനാരുടെ സീമന്തപുത്രൻ ബഹു. മാങ്കാവിൽ ഗീവർഗ്ഗീസ് കത്തനാരും കനിഷ്ഠപുത്രൻ ശാമുവേൽ കത്തനാരും യാക്കോബായ സഭയെ പ്രതിനിധീകരിച്ച് പട്ടക്കാരായും പ്രസ്തുത പള്ളിയിൽ തവണ നടത്തിപ്പോന്നു" (പി. സി. വർഗീസ്).

ഈ കാലയളവിൽ കറ്റാനത്തെ പഴയപള്ളി എന്ന പേരിൽ ഇന്നറിയപ്പെടുന്ന ഓർത്തഡോക്സ് ദൈവാലയം ആന്നിയിൽ

www.malankaralibrary.com


കുരുവിള മാത്തുണ്ണി തരകന്റെ ജംഗമ സ്വത്തായിരുന്നു. പി. സി. വർഗീസ് എഴുതുന്നു: "അക്കാലത്ത് ആന്നിയിൽ ശ്രീ. കുരുവിള മാത്തുണ്ണിയുടെ ഉടമസ്ഥതയിലും നേതൃത്വത്തിലും" ഇന്നു കാണുന്ന കറ്റാനത്തെ പഴയപള്ളി എന്നപേരിൽ അറിയപ്പെടുന്ന ദൈവാലയം "പണിതുയർത്തുവാൻ തീവ്രശ്രമം നടന്നു". "അതിനു വേണ്ടി ഭരണിക്കാവ് പകുതിയിൽ കറ്റാനം മുറിയിൽ 23, 24-ാം നമ്പർ അച്ചടി ഓലയിൽ 347-ാമത് ലക്കം 248/9, 248/10 എന്ന സർവ്വേയിൽ" "6 ഏക്കർ 56 സെന്റുള്ള" "വസ്തുവിന്റെ മധ്യഭാഗത്ത് വിശുദ്ധ സ്തേഫാനോസ് സഹദായുടെ നാമത്തിൽ അന്ന് വാണിരുന്ന മലങ്കര മെത്രാപ്പോലീത്താ ചേപ്പാട്ട് മാർ ദിവന്യാസിയോസ് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ അടിസ്ഥാന പ്രതിഷ്ഠ നടത്തി ആശീർവദിച്ചു. തുടർന്ന് പണി പൂർത്തിയാക്കി". കുരുവിള മാത്തുണ്ണി തരകൻ മലയാള വർഷം 939-ൽ (1764) ജനിച്ച് 1022(1847) ധനുമാസം 11-ാം തീയതി അന്തരിച്ചു. ഈ ദൈവാലയം മലയാള വർഷം 1009 (1813)-ൽ പണി ആരംഭിച്ചതും 1010-ൽ (1814) പണി പൂർത്തീകരിച്ചതുമാകുന്നു. കൃഷ്ണപുരം, ആലപ്പുഴ എന്നീ കോടതികളിൽ കുടുംബാംഗങ്ങളും ഇടവകക്കാരും തമ്മിൽ നടന്ന വ്യവഹാരത്തെ തുടർന്ന് 1937-ൽ മാർ സെവേറിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ ഈ ദൈവാലയം ഇടവകക്കാർക്കു വിട്ടുകൊടുത്തു.

കറ്റാനം ഗ്രാമത്തെപ്പറ്റിയുള്ള എന്റെ ആദ്യത്തെ ഓർമ്മ, എന്റെ അമ്മ എന്നെ ഇടത്തേ ഏണിൽ ഇരുത്തി ഇടതുകൈ കൊണ്ട് പിടിച്ചും വലത്തേ കൈയിൽ ഒരു കിണ്ണം നിറയെ അരിയുമായി ഒരയൽ വീട്ടിലേക്ക് പോകുന്ന യാത്രയാണ്. അവിടെ എനിക്ക് "ഹരിശ്രീ ഗണപതായെ നമഃ" എന്ന മന്ത്രം കിണ്ണത്തിലുള്ള അരിയിൽ എഴുതിപ്പിച്ച് വിദ്യാരംഭം നൽകി. ഇത് 1946-ൽ ആയിരുന്നു. പിന്നീട് ഞാൻ 1946-48 എന്നീ വർഷങ്ങളിൽ അടുത്തുള്ള ഐക്കര ഭാസ്കരൻ നായർ ആശാന്റെ ഓല പള്ളിക്കൂടത്തിൽ പഠിക്കാൻ പോയി. ഈ സ്കൂളിന്റെ ആശാനായിരുന്നു അക്ഷരങ്ങൾ പഠിപ്പിച്ചത്. മണ്ണിട്ടിരിക്കുന്ന തറയിൽ കുട്ടികൾ ഭിത്തിയോട് ചേർന്നിരിക്കുന്നു. ഒരു മുതിർന്ന കുട്ടി ഒരോ അക്ഷരവും മണ്ണിലെഴുതി ഉച്ചത്തിൽ 'അ' എന്നെഴുതിയോ എന്ന് ചോദിക്കുന്നു. അപ്പോൾ മറ്റു വിദ്യാർത്ഥികൾ ഒന്നടങ്കം 'അ' എന്ന് പറയുന്നു. അങ്ങനെ 'അ' മുതൽ 56 അക്ഷരങ്ങളും എഴുതിയും ചൊല്ലിയും പഠിക്കും. അനന്തരം ആശാൻ ഓരോരുത്തരെയും നേരത്തേ പഠിപ്പിച്ച പാഠം എഴുതി കാണിക്കാൻ വിളിക്കും.

www.malankaralibrary.com


ഓരോ കുട്ടിയും അദ്ദേഹത്തിന്റെ മുൻപിൽ പാഠം എഴുതി കാണി ക്കുന്നു.

ഈ സ്കൂളിനെ ഞങ്ങളുടെ ഗ്രാമത്തിൽ കുടിപ്പള്ളിക്കൂടം എന്നും ഓലപ്പള്ളിക്കൂടം എന്നും വിളിച്ചിരുന്നു. ഓലയിലായി രുന്നു കുട്ടികൾക്ക് അക്ഷരങ്ങൾ എഴുതി നൽകിയിരുന്നത്. പള്ളി ക്കൂടം എന്ന പദം ശാലൈ എന്ന പദത്തെ പോലെ ബുദ്ധമത സംസ്കാരത്തിൽ നിന്നും കേരളത്തിൽ കടന്നുകൂടിയതത്രെ. ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തുമതം കേരളത്തിൽ ആരംഭിച്ചപ്പോൾ കേരള ത്തിലെ പ്രബലമായ സമുദായം ബുദ്ധമതമായിരുന്നു. ബുദ്ധമത സന്യാസികൾ കേരളത്തിൽ ക്രിസ്തുവിനുമുൻപ് 3-ാം നൂറ്റാണ്ടിൽ വന്നുവെന്ന് ചരിത്രകാരന്മാർ പറയുന്നു. കേരളത്തിലേക്കുവന്ന ആദ്യ മതവിഭാഗക്കാർ ജൈനന്മാർ ആയിരുന്നു. കേരളത്തിലെ ആദ്യരാ ജാവ് ഉദിയൻ ചേരാൾ (ചേരലതൻ) ജൈന വിഭാഗത്തിൽപ്പെട്ടവ നായിരുന്നു. ഇദ്ദേഹം കുട്ടനാട് ഭരിച്ചത് ഏ.ഡി 3-ാം നൂറ്റാണ്ടിൽ ആയിരിക്കണം. അതിനുമുൻപ് 32 ബ്രാഹ്മണ കുടുംബങ്ങളിലെ പ്രമു ഖർ കേരളം ഭരിച്ചിരുന്നു.

എന്റെ ആദ്യകാല ഓർമ്മകളിൽ മനസ്സിൽ തിങ്ങിനിൽക്കു ന്നതിൽ ഒന്ന്, തട്ടുതട്ടായികിടക്കുന്ന ഭൂമിയിൽ മുകളിൽ നിന്നും താഴോട്ട് ഞാൻ ഓടുന്നതാണ്. ഞാൻ ഓടുമ്പോൾ ഞങ്ങളുടെ പറ മ്പിൽ താമസിച്ചിരുന്ന കുടികിടപ്പുകാരന്റെ മകൻ മത്തായിയും എന്നോടൊപ്പം ഓടുമായിരുന്നു. ഇവനും മറ്റു കുടുംബങ്ങളും നൂറ്റാ ണ്ടുകളായി ആ ഭൂമിയിൽ താമസിച്ചിരുന്നു. അവർ എന്നെ കൊച്ചു തമ്പുരാൻ എന്നും എന്റെ അച്ചായനെ തമ്പുരാൻ എന്നും അമ്മയെ തമ്പുരാട്ടിയെന്നും വിളിച്ചിരുന്നു. പറമ്പിന്റെ വടക്കുഭാഗം ചെന്ന് അവസാനിക്കുന്നത് താഴ്ന്ന നെൽപ്പാടത്തിലായിരുന്നു. മഴക്കാല മാകുമ്പോൾ പാടം മുങ്ങി ഞങ്ങളുടെ ഭൂമിയുടെ വടക്കേ അതിർ ത്തിയുടെ മുകൾ പരപ്പു വരെ വെള്ളം നിറഞ്ഞു കിടന്നിരുന്നു. മഴ പെയ്യുമ്പോൾ തെങ്ങിൻ നിരകളിൽ നിന്നും വെള്ളം താഴോട്ടു വീഴു ന്നത് താളലയത്തോടെയായിരുന്നു. ചിങ്ങമാസമാകുമ്പോൾ കൊയ്ത്തു തുടങ്ങും. മുങ്ങി കിടക്കുന്ന പാടത്ത് നിരന്നു നിന്ന് പാട്ടുപാടി സ്ത്രീകൾ നെല്ല് കൊയ്തെടുക്കുന്നത് കുട്ടികളായ ഞങ്ങൾക്ക് കൗതുകം നിറഞ്ഞ കാഴ്ചയായിരുന്നു. മകര മാസത്തിൽ വെള്ള മില്ലാത്ത വരണ്ട നെൽപ്പാടങ്ങളിൽ നിന്ന് നെല്ല് കൊയ്ത് ശേഖരിക്കും.

www.malankaralibrary.com



ഈ പാടങ്ങൾ ഇന്ന് കൃഷിയില്ലാതെ കിടക്കുന്നു. മനോഹരമായ ഈ നെൽപ്പാടം പകുതിയിൽ കൂടുതൽ നികത്തി കരഭൂമിയാക്കി കഴിഞ്ഞു. കറ്റാനം പഴയപള്ളി നിൽക്കുന്ന കുന്നിൻ പ്രദേശത്തിനും ഞങ്ങൾ താമസിക്കുന്ന സ്ഥലത്തിനുമിടയിലുള്ള വിശാലമായ ആന്നിപ്പാടത്തിന്റെ കിഴക്കുഭാഗത്തായി കാണുന്ന ആഴമേറിയ ചാലിൽ നിന്നും മീൻപിടിക്കുന്നതിനു വേണ്ടി എല്ലാ വർഷവും പഞ്ചായത്ത് ആ ചാല് ലേലം ചെയ്ത് കൊടുക്കുന്നു. വള്ളം വഴി യാത്ര ചെയ്യുന്നതിനും വരൾച്ചസമയത്ത് വെള്ളം ഇരുപ്പുനിലങ്ങളിൽ ഉപയോഗിക്കുന്നതിനുവേണ്ടിയും ഒരു തോടു പൂത്തൂച്ചിറ എന്ന പേരിൽ അറിയപ്പെടുന്ന ആഴമേറിയ ജലാശയത്തിലേക്ക് പോകുന്നുണ്ട്. എന്റെ അച്ചായന്റെ പിതൃ സഹോദരന്റെ മക്കളുടെ കുറെ ഒരുപ്പു നിലം ഈ ചിറയുടെ അടുത്തു ഉണ്ടായിരുന്നു. ആ നിലത്തിൽ നോക്കാൻ ഒരിക്കൽ എന്നെ അവിടെ കൊണ്ടുപോയി. ചിങ്ങമാസത്തിൽ കര കവിഞ്ഞ് ഒഴുകുന്ന ചിറയിലേക്ക് നോക്കിയപ്പോൾ ഞാൻ കണ്ട കാഴ്ച എത്ര കൗതുകം നിറഞ്ഞതായിരുന്നു! നൂറു കണക്കിന് താമര വിരിഞ്ഞു നിന്ന ഈ ജലാശയം ഒരു വലിയ ഒഴുകുന്ന അത്തപ്പൂക്കളം മാതിരി പ്രശോഭിച്ചു.

വീടുനില്ക്കുന്ന ഭൂമിയുടെ തെക്കുഭാഗവും നെൽപ്പാടമാണ്. ഈ പാടത്തിനും തെക്കായി പാക്കുളഞ്ഞിപ്പാടം എന്ന് ഇപ്പോൾ വിളിക്കുന്ന വിശാലമായ ഒരു കൃഷിഭൂമിയുണ്ട്. ഈ നെൽകൃഷി പാടത്തിന്റെ യഥാർത്ഥ പേര് വാൾകളഞ്ഞപ്പാടം എന്നായിരുന്നു. കായംകുളം രാജാവിന്റെ സൈന്യവും, തിരുവനന്തപുരം മാർത്താണ്ഡവർമ്മ രാജാവിന്റെ സൈന്യവുമായി ഈ സ്ഥലത്തു വച്ച് യുദ്ധമുണ്ടായിയെന്നും കായംകുളം രാജാവിന്റെ സൈനികരിൽ ചിലർ വാൾ കളഞ്ഞ് ഓടി രക്ഷപ്പെട്ട സ്ഥലമാണിതെന്നും ഐതിഹ്യമുണ്ട്. ഈ പാടത്തിന്റെ ആദ്യകാല പ്രമാണങ്ങൾ പരിശോധിച്ചാൽ നല്ലൊരു പങ്ക് ഭൂമി എന്റെ പൂർവ്വപിതാക്കന്മാർ കൃഷിഭൂമിയായി ഉപയോഗിച്ചതാണെന്നു കാണാം.

എന്റെ അച്ചായന്റെ പേര് സൈമൺ എന്നായിരുന്നു. ഈ പേര് അച്ചായന്റെ അമ്മവീടായ അയിരൂർ കുരുടാമണ്ണിൽ കുടുംബത്തിൽ നിന്നും ലഭിച്ചതാണ്. ഞാൻ സ്കൂളിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ 1958 മെയ് 10-ാം തീയതി എന്റെ പിതാവ് ഇഹലോകവാസം വെടിഞ്ഞു. 50 വയസ്സിനു താഴെയായിരുന്നു പ്രായം. പിതാവിന്റെ

www.malankaralibrary.com



അകാലമരണം എന്റെ കുടുംബത്തേയും എന്നെയും മാനസികമായി ബുദ്ധിമുട്ടിലാക്കി.

മനസ്സിൽ നിന്നും ഒരിക്കലും മറയാതെ നില്ക്കുന്ന ബാല്യ കാല സ്മരണകളിൽ ഒന്ന് അച്ചായന്റെ മരണവുമായി ബന്ധപ്പെട്ട ഒരു സംഭവമാണ്. മെയ് ഒന്നാം തീയതിയായപ്പോൾ അച്ചായന്റെ അന്ത്യം അടുക്കുന്നുവെന്ന് മനസ്സിലായി. രോഗശയ്യയിൽ നിന്നും സ്വയം എഴുന്നേല്ക്കാൻ പോലും കഴിയാത്ത വിധം ക്ഷീണിതനാ യിരുന്നു, എന്റെ പിതാവ്. ഈ ദിവസങ്ങളിൽ പറമ്പിൽ താമസിച്ചി രുന്ന ദളിത് സമുദായത്തിൽപ്പെട്ട സ്ത്രീകൾ കൂട്ടമായി വന്ന് വീടിന്റെ കിഴക്കേ മുറ്റത്ത് രാത്രിയിൽ ഉറങ്ങാതെ ഇരിക്കുമായിരുന്നു. തങ്ങളുടെ തമ്പുരാൻ മരിക്കുന്നത് കാണണമെന്ന് അവർക്ക് നിർബന്ധമുണ്ടാ യിരുന്നു. പരമ്പരാഗതമായി അവർ പാടിയിരുന്ന ഒരു പാട്ട് അവർ ഒന്നിച്ച് പാടുന്നതും കേൾക്കാമായിരുന്നു. ഈ പാട്ടിൽ അവരും ആന്നിയിൽ തമ്പുരാക്കന്മാരും തമ്മിലുള്ള ബന്ധം എടുത്തുകാണി ക്കുന്ന വരികളും ഉണ്ടായിരുന്നു. 10-ാം തീയതി വൈകുന്നേരം 5 മണി ആയപ്പോൾ അച്ചായൻ മരിച്ചു. അവർ കൂട്ടത്തോടെ മുറിയുടെ വാതിൽക്കൽ നിന്ന് ഉറക്കെ കരഞ്ഞു. വർഷങ്ങൾക്കുമുൻപ് തന്നെ ഇവർ ക്രിസ്തുമത വിശ്വാസികളായിത്തീർന്നിരുന്നു. എന്നാൽ സുറിയാനി ക്രിസ്ത്യാനികളുടെ ഓർത്തേഡോക്സ് പള്ളിയിലോ, മലങ്കര കത്തോലിക്ക പള്ളിയിലോ അവർക്ക് അന്ന് പ്രവേശന മില്ലായിരുന്നു. കറ്റാനത്തെ സേക്രട്ട് ഹാർട്ട് ലത്തീൻ ദേവാലയ ത്തിലായിരുന്നു അവർ ആരാധനയിൽ പങ്കെടുത്തിരുന്നത്.

എന്റെ പിതാവിന്റെ അപ്പന്റെ പേര് ഉമ്മൻ എന്നായിരുന്നു. അദ്ദേഹം മരിക്കുമ്പോൾ കറ്റാനം ഗ്രാമത്തിന് കിഴക്കുള്ള വെട്ടി ക്കോട് എന്ന ഗ്രാമത്തിൽ ചെല്ലിച്ചിറ എന്ന സ്ഥലത്ത് വിഹിത ത്തിൽ ലഭിച്ച 8 ഏക്കർ ഭൂമിയിൽ ദളിത് വിഭാഗത്തിൽപ്പെട്ട കുടി യാൻമാരായ കുറെ കുടുംബങ്ങളോടൊപ്പം കൃഷി ചെയ്തു താമ സിച്ചിരുന്നു. അദ്ദേഹം മരിച്ചു കഴിഞ്ഞപ്പോൾ എന്റെ വല്ല്യപ്പന്റെ ഏറ്റവും ഇളയ സഹോദരൻ ഫാ. നൈനാൻ വീട്ടിനാൽ സീനിയർ ആ വസ്തുവിറ്റ് വല്യമ്മയെയും കുടുംബത്തെയും കറ്റാനത്തേക്ക് കൊണ്ടുവന്നു. തദനന്തരം മുത്തശ്ശിയും മക്കളും അയിരൂരുള്ള സ്വന്തം കുരുടാമണ്ണിൽ ഭവനത്തിലേക്കു പോയി. ഇവിടെയാണ് എന്റെ പിതാവ് ബാല്യകാലം കഴിച്ചുകൂട്ടിയത്.

www.malankaralibrary.com


എന്റെ പിതാവ് എവിടെപ്പോയാലും അദ്ദേഹത്തെ പിൻതുടർന്ന രണ്ടു വ്യക്തികളുടെ പേര് ബാല്യകാല സ്മരണകളിൽ തങ്ങിനില്ക്കുന്നു. ഗോപാലപിള്ളയും അദ്ദേഹത്തിന്റെ അമ്മാവൻ കൃഷ്ണപിള്ളയും. ഇവർ വിശ്വസ്തരായ സുഹൃത്തുക്കളായിരുന്നു. ഇവരിൽ ഗോപാലപിള്ള മിക്കവാറും എല്ലാ സമയങ്ങളിലും വീട്ടിൽ കാണും. ഞാൻ ജനിച്ചത് ഉച്ചകഴിഞ്ഞാണ് എന്ന് അമ്മ പറയുന്നത് കേട്ടിട്ടുണ്ട്. എന്റെ ജനനസമയത്ത് വീട്ടിലില്ലാതിരുന്ന എന്റെ പിതാവിനെ അടുത്തുള്ള ഭരണിക്കാവ് എന്ന ഗ്രാമത്തിൽ നിന്നും ഉടൻ തേടിപ്പിടിച്ച് സൈക്കിളിൽ വീട്ടിലെത്തിച്ചത് ഗോപാലപിള്ളയായിരുന്നു. അന്ന് ആശുപത്രികളിൽ പ്രസവ വാർഡോ ആ മേഖലയിൽ വിദഗ്ധരായ ഡോക്ടർമാരോ ഇല്ലായിരുന്നു. എല്ലാ പ്രസവവും വീട്ടിനുള്ളിലായിരുന്നു നടന്നിരുന്നത്. ആ ഗ്രാമത്തിൽ പ്രസവസമയത്ത് സഹായിക്കുന്ന ഒരു സ്ത്രീ ഉണ്ടായിരുന്നു. ഇംഗ്ലീഷിൽ മിഡ്വൈഫ് എന്നു വിളിച്ചിരുന്ന ഇത്തരം സ്ത്രീകളെ എന്റെ ഗ്രാമത്തിൽ പതിച്ചി എന്നാണ് വിളിച്ചിരുന്നത്. ഇവരുടെ സഹായമായിരുന്നു ഞാൻ ജനിക്കുമ്പോൾ എന്റെ അമ്മയ്ക്ക് ലഭിച്ചത്.

എന്റെ അമ്മയുടെ പേര് മറിയാമ്മ (പെണ്ണമ്മ) എന്നായിരുന്നു. അമ്മ 101 വയസ്സുവരെ ജീവിച്ചു. നിരണം സ്വദേശിയായിരുന്നു അമ്മ. ചേലംപറമ്പിൽ കുടുംബാംഗം. ചെന്നിത്തല കബറടക്കിയിരിക്കുന്ന പ്രസിദ്ധനായ റമ്പാച്ചൻ അമ്മയുടെ കുടുംബാംഗമാണെന്ന് അമ്മ പലപ്പോഴും പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. എല്ലാ വർഷവും ആ കബറിങ്കൽ പോകുകയും റമ്പാച്ചനു വേണ്ടി കുർബ്ബാന ചൊല്ലിക്കുകയും ചെയ്തിരുന്നു. 2010 ഡിസംബർ 18-ാം തീയതി ശനിയാഴ്ച 10.30-ന് അമ്മ ഈ ലോകത്തോടു വിടപറഞ്ഞു. 20-ാം തീയതി തിങ്കളാഴ്ച പകൽ ഒരു മണിക്ക് ജോഷ്വ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടേയും, സാമുവൽ മാർ ഐറേനിയോസ് തിരുമേനിയുടേയും കാർമികത്വത്തിൽ ശവസംസ്കാര ശുശ്രൂഷ നടത്തി കറ്റാനം സെന്റ് സ്റ്റീഫൻസ് മലങ്കര കത്തോലിക്കാ പള്ളിയിൽ അടക്കം ചെയ്തു.

എനിക്ക് 3 സഹോദരന്മാരും 2 സഹോദരിമാരും ഉണ്ട്. മൂത്ത സഹോദരൻ തമ്പാൻ (തരകൻ) 1965 ഡിസംബർ 5-ാം തീയതി ഒരു അപകടത്തിൽ മരിച്ചു. ഇളയ രണ്ടു സഹോദരന്മാരിൽ മൂത്തവനായ മാത്യു തരകൻ 1974-ൽ ജർമ്മനിയിൽ പഠനത്തിനും, ജോലിക്കുമായി പോയി. 16 വർഷത്തോളം അവിടെ ജീവിച്ചു. 1990-ൽ

www.malankaralibrary.com



തിരിച്ചുപോന്നു. ഏറ്റവും ഇളയ സഹോദരൻ സൈമൺ തരകൻ മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും 1981 -ൽ M.P.Ed. പാസ്സായ തിനുശേഷം 1981-1984 വരെ തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ അദ്ധ്യാപകനായി ജോലി നോക്കി. അനന്തരം 1984 മുതൽ 2008 വരെ അടൂർ സെന്റ് സിറിൽ കോളേജിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ മേധാവിയായി ജോലി ചെയ്തു. ആ കാലഘട്ടത്തിൽ 2002 ജൂൺ 18-ാം തീയതി കേരള യൂണിവേഴ്സിറ്റിയിൽ നിന്നും പി.എച്ച്.ഡി. നേടുകയുണ്ടായി. ജോലിയിൽ നിന്നും വിരമിച്ചതിനു ശേഷം കായംകുളത്ത് KUCTE-ൽ 2012 ലും, മാവേലിക്കര ഗവൺമെന്റു വക അതേ സ്ഥാപനത്തിൽ 2015-ലും ജോലി ചെയ്തു. 2016 ജൂലൈയിൽ പുതിയതായി തുടങ്ങിയ മാവേലിക്കര മാർ ഈവാനിയോസ് കോളേജിൽ കായിക വിദ്യാഭ്യാസവകുപ്പിന്റെ മേധാവിയായി തുടരുന്നു. മൂത്ത സഹോദരി വിവാഹിതയാണ്. പേര് മേരിക്കുട്ടി. മേരിക്കുട്ടിയുടെ മൂത്ത മകൻ ജോർജ്ജ് വർഗ്ഗീസ് ഓർത്തഡോക്സ് സമുദായത്തിലെ വൈദികനാണ്. ഇളയ സഹോദരി അക്കാമ്മ കറ്റാനം പോപ്പ് പയസ്സ് ഇംഗ്ലീഷ് ഹൈസ്ക്കൂളിൽ അദ്ധ്യാപികയായി ജോലി ചെയ്തു. 2003-ൽ ജോലിയിൽ നിന്നും വിരമിച്ചു.

കറ്റാനം എന്ന ഗ്രാമത്തിന് ആ പേര് ലഭിച്ചത് കറ്റ (നെൽക്കറ്റ) കാണമായി കായംകുളം രാജാവിന് നല്കിയതുകൊണ്ടാണെന്ന് മദർ സൾഗ എഴുതിയിട്ടുണ്ട്. ആന്നിയിൽ കുടുംബത്തിന്റെ ചരിത്രം രണ്ടു ഘട്ടങ്ങളിലായിട്ടാണ് പലപ്പോഴും ഞങ്ങൾ കാണുന്നത്. കുരുവിള മാത്തുണ്ണി തരകനു ശേഷവും അതിനു മുൻപും. മലയാള വർഷം 939-ൽ ജനിച്ച ഇദ്ദേഹം 18-ാം നൂറ്റാണ്ടിൽ കറ്റാനത്തു ജീവിതം ആരംഭിച്ച വ്യക്തിയാണ്. ഇദ്ദേഹത്തിനു മുൻപുള്ള കാലഘട്ടം 18-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടവും 17-ാം നൂറ്റാണ്ടും അതിനു മുൻപുള്ള കാലവും ആണ്. ഈ കാലഘട്ടത്തെപ്പറ്റി രേഖകൾ ഒന്നും തന്നെയും ഇല്ല. എന്നാൽ കുരുവിളയുടെ ജനനത്തിനു ശേഷമുള്ള കാലഘട്ടത്തെപ്പറ്റി കാര്യമായ അറിവും കൈയെഴുത്തു പ്രതിയിലുള്ള ചരിത്രവുമുണ്ട്. ഇദ്ദേഹം കറ്റാനത്തെ പഴയപള്ളിയുടെ സ്ഥാപകനാണെന്ന് നേരത്തെ എഴുതിയിരുന്നല്ലോ. ഈ ദൈവാലയത്തിന്റെ മദ്ബഹായിൽ തൂക്കിയിട്ടിരുന്ന ഫലകത്തിന്റെ പകർപ്പ് കാര്യാടിയിൽ ശ്രീമാൻ കെ. എം. മാത്യുവിൽ (കുട്ടി) നിന്നും ഈ ലേഖകൻ കോപ്പി ചെയ്ത് മദർ സൾഗായ്ക്ക് നല്കിയിരുന്നു.

www.malankaralibrary.com



മദർ രചിച്ച "പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ" എന്ന ഗ്രന്ഥത്തിൽ "കറ്റാനത്തെ പുനരൈക്യശൃംഖല" എന്ന ശീർഷകത്തിൽ എഴുതിയ ഒരു ലേഖനമുണ്ട്. ഈ ലേഖനത്തിൽ മുകളിൽപ്പറഞ്ഞ ഫലകത്തിന്റെ കോപ്പി നല്കിയിരിക്കുന്നു. ഫലകത്തിൽ കുരുവിള മാത്തുണ്ണിയെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു: "എന്റെ രക്ഷിതാവ് ജീവിച്ചിരിക്കുന്നുവെന്നും ഒടുക്കത്തെ ദിവസത്തിൽ അവൻ ഭൂമി മേൽ നിൽക്കുമെന്നും ഞാനറിയുന്നു. എന്തുകൊണ്ടെന്നാൽ കാഹളം ധ്വനിക്കുകയും മരിച്ചവർ നാശമില്ലാത്തവരായി ഉയർത്തെഴുന്നേല്ക്കുകയും രൂപാന്തരപ്പെടുകയും ചെയ്യും. നിലമേൽ ആന്നിയിൽ കുരുവിള മാത്തുണ്ണി സ്വന്തം നിലയിൽ പള്ളി പണികഴിപ്പിച്ചിട്ടുള്ളതും പള്ളിയും വസ്തുക്കളും കുടുംബവകയായിരിക്കുന്നതും ആകുന്നു".

1959-ൽ ഞാൻ സെന്റ് അലോഷ്യസ് സെമിനാരിയിലെ വിദ്യാർത്ഥിയായിരുന്നപ്പോൾ വന്ദ്യ ചേപ്പാട്ട് ഫീലിപ്പോസ് റമ്പാച്ചന്റെ മുറിയിൽ കാഹളത്തിന്റെ പ്രൂഫ് നോക്കാൻ പോകുമായിരുന്നു. ചേപ്പാട്ട് റമ്പാച്ചനാണ് കാഹളം തുടങ്ങിയത്. വളരെക്കാലം അതിന്റെ എഡിറ്റിംഗ് മുഴുവൻ അദ്ദേഹം തന്നെ ചെയ്തിരുന്നു. ഞാൻ ഏത് ഇടവകയിൽപ്പെട്ടതാണെന്ന് അദ്ദേഹം എന്നോട് ചോദിച്ചു. കറ്റാനത്ത് ആന്നിയിൽപ്പെട്ടതാണെന്ന് പറഞ്ഞപ്പോൾ അദ്ദേഹം എഴുത്ത് നിറുത്തി എന്നോട് അല്പസമയം സംസാരിച്ചു. ആന്നിയിൽ കുടുംബവും അദ്ദേഹത്തിന്റെ കുടുംബാംഗമായ ചേപ്പാട്ട് ദിവന്ന്യാസിയോസ് തിരുമേനിയും തമ്മിലുള്ള ബന്ധത്തെപ്പറ്റി അദ്ദേഹം സംസാരിച്ചു. ദിവന്ന്യാസിയോസ് തിരുമേനിക്ക് കറ്റാനത്തെ പഴയപള്ളിയിൽ കബറടങ്ങണമെന്ന് ആഗ്രഹം ഉണ്ടായിരുന്നുവെന്നും, അത് ആന്നിയിൽ കുടുംബാംഗങ്ങൾ സമ്മതിച്ചില്ലായെന്നും റമ്പാച്ചൻ പറയുകയുണ്ടായി. കുടുംബസ്വത്തായി വച്ചിരുന്ന കറ്റാനത്തെ ദൈവാലയത്തിന്മേൽ കുടുംബത്തിനുള്ള അവകാശം ഇല്ലാതായി പോകുമെന്ന് ഭയന്നാണ് അത് അനുവദിക്കാതിരുന്നത്. അദ്ദേഹം 1912-ൽ കാലം ചെയ്തു. ദിവന്ന്യാസിയോസ് തിരുമേനിയുടെ സ്ലീബാ കുറേക്കാലം കറ്റാനത്ത് ആന്നിയിൽ പണയം വച്ചിരുന്നുവെന്നും റമ്പാച്ചൻ പറയുകയുണ്ടായി. "പൂർവ്വകാല സ്മരണകൾ" എന്ന റമ്പാച്ചന്റെ ആത്മകഥയിൽ എന്റെ പട്ടത്വസ്വീകരണം പരാമർശിക്കപ്പെടുന്നുണ്ട്.

www.malankaralibrary.com


1733–ാം ആണ്ടായപ്പോഴേയ്ക്കും മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ സൈന്യം കായംകുളം രാജ്യത്തെ കീഴടക്കാൻ തുടങ്ങി. 1748–ലെ മാവേലിക്കര ഉടമ്പടിക്കുശേഷം കായംകുളം രാജ്യം തിരുവിതാംകൂർ രാജാവിന്റെ അധികാര സീമയിൽ വന്നു. കുരുവിള മാത്തുണ്ണിക്ക് മാർത്താണ്ഡവർമ്മ മഹാരാജാവിനുശേഷമുള്ള ഗൗരി ലക്ഷ്മിഭായി തമ്പുരാട്ടി (1810–1815) യിൽ നിന്നും ആയിരിക്കണം തരകനെന്ന സ്ഥാനപ്പേര് ലഭിച്ചത്. ഇദ്ദേഹമാണ് (കുരുവിള മാത്തുണ്ണി) കായംകുളത്ത്, കായംകുളം–പുനലൂർ റോഡ് ആരംഭിക്കുന്ന കടവിനടുത്ത് നില്ക്കുന്ന കൽക്കുരിശ്ശ് സ്ഥാപിച്ചത്.

ആന്നിയിൽ കുടുംബത്തിൽ ധാരാളം വൈദികർ ഓരോ കാലഘട്ടത്തിലുമുണ്ടായിരുന്നു. നിലമേൽ ആന്നിയിൽ വൈദികനും പള്ളിയിലച്ചൻ എന്ന പേരിലറിയപ്പെട്ടിരുന്ന ആന്നിയിൽ ഗീവർഗ്ഗീസ് തരകനും കുരുവിള മാത്തുണ്ണിയുടെ പിതൃ സഹോദരന്റെ പുത്രന്മാരായ വേളങ്ങാട്ട് – മാങ്കാവിൽ വൈദികരും അദ്ദേഹത്തിന്റെ കൊച്ചുമകനായ റവ. കാര്യാടിയിൽ കെ. എം. മാത്യു കോർ എപ്പിസ്ക്കോപ്പയും മാവേലിക്കര പോളച്ചിറയ്ക്കൽ നിന്നും ആന്നിയിൽ താമസമാക്കിയ നൈനാന്റെ പുത്രൻമാരും കൊച്ചുമക്കളും അവരുടെ ബന്ധുക്കളുടെ കുടുംബത്തിൽനിന്നും പട്ടം സ്വീകരിച്ച വൈദികരും, എന്നിങ്ങനെ പോകുന്നു ആ വലിയ വൈദികനിര. പോളച്ചിറയ്ക്കൽ കുടുംബത്തിൽ എന്റെ വല്ല്യപ്പന്റെ സഹോദരപുത്രന്മാരിൽ പല വൈദികരും കോർ എപ്പിസ്കോപ്പാമാരും ഉണ്ടായിരുന്നു. തിരുവല്ലാ രൂപതയുടെ മെത്രാപ്പോലീത്തയായ മാർ അത്തനേഷ്യസ് തിരുമേനി ഈ കുടുംബാംഗമാണ്.

എന്റെ ചെറുപ്പകാലത്ത് ഇവാഞ്ചലിക്കൽ സഭയുടെ നേതൃസ്ഥാനത്ത് പ്രശോഭിച്ച കെ.എം. ഡാനിയേൽ വീട്ടിൽ വരുന്നത് ഇന്നും മനസ്സിൽ തങ്ങി നില്ക്കുന്നു. കറ്റാനത്തെ മാർത്തോമ്മ പള്ളിയിൽ പ്രസംഗിക്കാനായി വരുമ്പോൾ എന്റെ അച്ചായനെ അദ്ദേഹം വന്നു കാണുക പതിവായിരുന്നു. അച്ചായന്റെ അമ്മയുടെ സഹോദരിയുടെ പുത്രനായിരുന്നു കെ.എം. ഡാനിയേൽ. എന്റെ വീടിന്റെ പടിഞ്ഞാറായി ഉണ്ടായിരുന്ന തിണ്ണയിൽ ചാരുകസേരയിൽ ഇരുന്ന് സഭാപരമായ കാര്യങ്ങൾ വളരെ ഉറക്കെ സംസാരിക്കുമായിരുന്നു. അദ്ദേഹത്തിന്റെ സംസാരത്തിൽ കത്തോലിക്കാസഭയെ വിമർശിക്കുക പതിവായിരുന്നു. ഞങ്ങളും അദ്ദേഹത്തെപ്പോലെ ഇവാഞ്ചലിക്കൽ സഭാംഗങ്ങളായിരിക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

www.malankaralibrary.com


ഓണവും കറ്റാനത്തു പള്ളിയിലെ പെരുനാൾ ദിവസങ്ങളും പ്രത്യേക ശ്രദ്ധ അർഹിക്കുന്ന ദിവസങ്ങളായിരുന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യഘട്ടങ്ങളിൽ ഓണദിവസം ധാരാളം ചെറുപ്പക്കാർ വീട്ടിൽ നിന്നും ഉച്ചയൂണു കഴിഞ്ഞ് ഗ്രാമത്തിലെ റോഡുകളിൽ തടിച്ചുകൂടും. കൈ കൊട്ടി പാട്ടുപാടി ആർപ്പു വിളിച്ച് അവർ തുള്ളിച്ചാടും. ഇവരിൽ ചിലർ ചെണ്ടയും ചിഞ്ചിലും മറ്റു വാദ്യോപകരണങ്ങളും ഉപയോഗിക്കും. ചില വീടുകളുടെ പറമ്പിൽ സ്ത്രീകൾ തുമ്പിതുള്ളൽ നടത്തും. ഗ്രീസിലെ ത്രാസിയൻ നൃത്തം ഓർമ്മിപ്പിക്കുമാറ്, തുമ്പിപ്പുല്ല് മുഖത്തു വച്ച് മറച്ച് ഒരു പെൺകുട്ടി വട്ടത്തിലിരിക്കുന്ന സ്ത്രീകളുടെ നടുവിലിരിക്കുന്നു. അവൾ തലമുടി അഴിച്ചിടുന്നു . സ്ത്രീകളും മറ്റു ജനങ്ങളും 'തുമ്പീ തുള്ള്' എന്നു പറയുമ്പോൾ അവൾ തലയാട്ടി തുള്ളി നൃത്തം ചെയ്ത് ഇരിക്കും. കുറെ കഴിയുമ്പോൾ യാതൊരു നിയന്ത്രണവുമില്ലാതെ തലകറക്കിയും ആട്ടിയും ഇരിക്കുന്നു. അവസാനമിത് നിർത്തൽ ചെയ്യാൻ അവളെ മറ്റു സ്ത്രീകൾ ബലമായി പിടിച്ചു നിർത്തി മുഖത്ത് വെള്ളം തളിച്ച് മോചിപ്പിക്കുകയാണ് പതിവ്.

കറ്റാനത്ത് പള്ളിപ്പെരുന്നാളിൽ റാസയിൽ പങ്കെടുക്കാൻ വിവിധ ഗ്രാമങ്ങളിൽ നിന്നും ജനങ്ങൾ എത്തും. ഗ്രാമങ്ങൾ ചുറ്റിപ്പോകുന്ന മതപരമായ ഈ റാലിയിൽ വഴിയിലുള്ള വീടുകളിൽ വെച്ച് വിരിച്ച് റാസയ്ക്കു സ്വീകരണം നൽകുന്നു. അംശവസ്ത്രധാരികളായ വൈദികർ കുരിശുകൊണ്ട് വീട്ടുകാരെ അനുഗ്രഹിക്കുന്നു. റാസ ബുദ്ധമത പാരമ്പര്യത്തിൽ നിന്നും ക്രിസ്തുമതത്തിലേക്ക് കടന്നുവന്നതാണെന്ന് വിശ്വസിക്കപ്പെടുന്നു. ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തുമതം ആരംഭിച്ചപ്പോൾ ക്രൈസ്തവർക്ക് അഭിമുഖീകരിക്കേണ്ടിയിരുന്ന മത വിശ്വാസ സംഹിത ബുദ്ധമതമായിരുന്നു എന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. ഹൈന്ദവ സംസ്കാരം നമ്പൂതിരി ബ്രാഹ്മണരുടെ വരവോടുകൂടി എ.ഡി 3-ാം നൂറ്റാണ്ടിന്റെയും 8-ാം നൂറ്റാണ്ടിന്റെയും കാലഘട്ടത്തിലാണ് കേരളത്തിൽ ഒരു ശക്തിയായിത്തീർന്നത്. എന്നാൽ കുറെ നമ്പൂതിരി ബ്രാഹ്മണ കുടുംബങ്ങളും തമിഴ് ബ്രാഹ്മണരും ബി.സി. മൂന്നാം നൂറ്റാണ്ട് മുതൽ കേരളത്തിലുണ്ടായിരുന്നുവെന്ന് ചരിത്രകാരന്മാരായ ഇളംകുളം കുഞ്ഞൻപിള്ളയും എ. ശ്രീധര മേനോനും അഭിപ്രായപ്പെടുന്നു. തമിഴ് ബ്രാഹ്മണരെ അമ്പലത്തിലെ തന്ത്രികൾ എന്നു വിളിച്ചിരുന്നു. നമ്പൂതിരി മാർ വിഷ്ണു ഭക്തൻമാർ ആയിരുന്നു. അമ്പലങ്ങളിൽ അവർ പൂജാരികളും ആയിരുന്നു.

www.malankaralibrary.com


ഇലക്ഷൻ രജിസ്റ്റർ പ്രകാരം കറ്റാനം വാർഡിൽ 65% ആളുകളും ക്രിസ്തുമത വിശ്വാസികൾ ആണ്. ഇവരിൽ ഭൂരിഭാഗവും ഓർത്തഡോക്സ് സമുദായാംഗങ്ങളാണ്. എന്നാൽ മാർത്തോമക്കാരും മലങ്കര കത്തോലിക്കരും, ലത്തീൻ കത്തോലിക്കരും, യാക്കോബായക്കാരും, ചർച്ച് ഓഫ് സൗത്ത് ഇൻഡ്യയിൽപ്പെട്ടവരും ഈ പ്രദേശത്ത് ഇടപഴകി താമസിക്കുന്നു. സ്ഥാപനങ്ങൾ അധികവും കത്തോലിക്കാ സമുദായത്തിന്റെ കീഴിലാണ്. മലങ്കര കത്തോലിക്കാ ദൈവാലയത്തിന്റെ അങ്കണത്തിൽ തന്നെ കറ്റാനത്തെ പ്രസിദ്ധമായ പോപ്പ് പയസ്സ് XI ഹയർ സെക്കണ്ടറി സ്കൂൾ സ്ഥിതിചെയ്യുന്നു. അതിനടുത്തുതന്നെ ബഥനി സന്ന്യാസികളുടെ ആശ്രമവും സന്ന്യാസിനികളുടെ മഠവും സ്കൂളും ഉണ്ട്. ലത്തീൻ സേക്രട്ട് ഹാർട്ട് ദൈവാലയത്തിന്റെ അധീനതയിൽ നടത്തപ്പെടുന്ന സേക്രട്ട് ഹാർട്ട് സ്കൂളും കത്തോലിക്കാ സഭ നടത്തുന്ന ശ്രദ്ധേയമായ സ്ഥാപനങ്ങളിലൊന്നാണ്. കറ്റാനത്തെ ആദ്യ സ്കൂളായി കരുതപ്പെടുന്നത് ആന്നിയിൽ തയ്യിൽ കുടുംബം നടത്തിയിരുന്ന ഒരു തമിഴ് സ്കൂളായിരുന്നുവെന്ന് മദർ സൾഗായുടെ ഡയറിയിൽ ഈ ലേഖകൻ വായിച്ചിട്ടുണ്ട്.

ഈ ഗ്രാമത്തിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും ഒരുമയോടെ ജീവിക്കുന്നു. കറ്റാനം ഗ്രാമത്തിന്റെ അതിർത്തിക്കുള്ളിൽ മുസ്ലീം കുടുംബങ്ങൾ വിരളമാണ്. ഈ ഗ്രാമത്തിന്റെ അടുത്തുള്ള വെട്ടിക്കോട് എന്ന ഗ്രാമത്തിൽ നാഗപ്രതിഷ്ഠയുള്ള പ്രസിദ്ധമായ ഒരു അമ്പലമുണ്ട്. നാഗാരാധന വേദകാലഘട്ടത്തിനുമുൻപു മുതൽ ഇന്ത്യയിൽ നിലനിന്നിരുന്ന ആചാരമാണ്. ഈ ആരാധനാ സമ്പ്രദായം ബുദ്ധമത സംസ്കാരത്തിൽ നിന്നും ഉടലെടുത്തതാണെന്ന എ. ശ്രീധരമേനോന്റെ അഭിപ്രായം എത്രമാത്രം ശരിയായിരിക്കുമെന്ന് ഞാൻ സംശയിക്കുന്നു. കാരണം ബുദ്ധമതം ആരംഭിക്കുന്നത് 600 ബി.സി യിലാണ്. എന്നാൽ വേദകാലഘട്ടത്തിനു മുൻപു തന്നെ ഇന്ത്യയിൽ പ്രചാരത്തിലിരുന്ന തന്ത്രയോഗത്തിൽ പാമ്പിനെ ശക്തിയുടെ പ്രതീകമായി ഉപയോഗിക്കുന്നു.

കൃഷിഭൂമിയിൽ കൃഷിചെയ്യാൻ പാമ്പ് പ്രതിബന്ധമായി വന്നപ്പോൾ അതിന്റെ പ്രതിഷ്ഠയുണ്ടാക്കി മന്ത്രങ്ങൾ ചൊല്ലി നിയന്ത്രിച്ചു. ഈ നിയന്ത്രണ പ്രക്രിയയുടെ ബാഹ്യ കേന്ദ്രങ്ങളാണ് കേരളത്തിലെ കുടുംബങ്ങളിൽ കാണുന്ന കാവുകളും, പാമ്പിനെ പ്രതിഷ്ഠയാക്കിയ രണ്ട് പ്രധാന അമ്പലങ്ങളും. കേരളത്തിലെ കാവ് സംസ്കാരം പലരുടേയും പഠനത്തിന് വിഷയമായതാണ്. പറമ്പിന്റെ ഏതെങ്കിലും ഒരറ്റത്ത് ഒരു ചെറിയ കാവ് അഥവാ കാട്

www.malankaralibrary.com



നിലനിർത്തുന്നു. വൻമരങ്ങളും കുറ്റിച്ചെടികളും അവിടെ തിങ്ങി നിൽക്കുന്നു. അവിടെ പനയക്ഷി വസിക്കുന്നുവെന്ന് സങ്കൽപ്പിക്കുന്നു. കാവിനുള്ളിൽ കല്ല് കുത്തിനിർത്തി ഒരു ഉയർന്ന പീഠമുണ്ടാക്കും. ഇവിടെ ആ കുടുംബത്തിലെ അവിവാഹിതനായ ബ്രഹ്മചാരി വിള ക്കുകൊളുത്തി പൂജ അർപ്പിക്കുന്നു. പാമ്പിന് പാത്രത്തിൽ പാൽ നല്കുകയും ചെയ്യുന്നു. കാവിനോടു ചേർന്ന് കുളവും ഉണ്ടായിരിക്കും.

എല്ലാ പ്രധാന ഭവനങ്ങളിലും ആദ്യകാലഘട്ടങ്ങളിൽ കാവും, കാവിൽ പൂജ ചെയ്യാൻ ബ്രഹ്മചാരികളും ഉണ്ടായിരുന്നു. അവർ മരിക്കുമ്പോൾ ബ്രഹ്മരക്ഷസ്സ് ആയി കണക്കാക്കുന്നു. മന്ത്രമൂർത്തി യെന്ന പേരിൽ അവരെ പൂജിക്കുകയും ചെയ്യുന്നു. എല്ലാ വർഷവും കാവുതീണ്ടൽ ഉത്സവം നടത്തിപ്പോരുന്നു. കേരളത്തിൽ മാത്രം കാണുന്ന കാവുസംസ്കാരം ദ്രാവിഡ ആത്മീയ വീക്ഷണത്തിന്റെ ഭാഗമാണെന്ന് കരുതപ്പെടുന്നു.

കറ്റാനത്തെ ആന്നിയിൽ കുടുംബത്തിൽ വീടിന്റെ വടക്കു വശത്ത് വലിയ ഒരു കുളം ഉണ്ട്. ഈ കുളത്തിലേക്ക് ഇറങ്ങിപ്പോ കാൻ അടുക്കളയോടുചേർന്നു കിടന്ന മുറ്റത്തു നിന്നും തൂക്കായി കിടന്ന കല്ലുകെട്ടിയ പടികളും ഉണ്ടായിരുന്നു. ഈ കുളത്തിന്റെ കിഴക്ക് ചേർന്നും തെക്കുമാറിയും കൂറ്റൻമരങ്ങൾ നിന്നിരുന്നു. അവ യുടെ ചുവടുകളിൽ കുറ്റിക്കാടുകൾ വളർന്നു നിന്നിരുന്നു. ഈ കാടുപിടിച്ച സ്ഥലത്തുകൂടി താഴോട്ടുള്ള പടികൾ ഇറങ്ങുമ്പോൾ ഏതോ അദൃശ്യമായ യക്ഷികൾ വസിക്കുന്ന ലോകത്തേക്കുള്ള യാത്രയായി തോന്നും. അദൃശ്യവും അജ്ഞാതവുമായ അരൂപികളും മനുഷ്യജീവിതവും ഇടകലർന്നാണ് ആദ്യമനുഷ്യന്റെ സംസ്കാരം രൂപം കൊണ്ടത്.

എന്റെ ബാല്യകാലങ്ങളിൽ തടികൊണ്ടുള്ള അടുക്കളപ്പു രയും അതിനോടു ചേർന്നുകിടന്ന അറയും, ഇടിഞ്ഞുപൊളിഞ്ഞു കിടന്ന പടിപ്പുരയും മാത്രമാണ് ഉണ്ടായിരുന്നത്. പടിപ്പുര വീടിന്റെ പടിഞ്ഞാറു തെക്കുഭാഗത്താണ് ഉണ്ടായിരുന്നത്. എന്നാൽ ഈ അടുക്കളപ്പുരയുടെ കിഴക്കു മാറി വേറൊരു പുരയും, തെക്കു ഭാഗത്ത് മറ്റൊരു പുരയും ഉണ്ടായിരുന്നു. ഈ പുരകൾ ജീർണ്ണിച്ച പ്പോൾ അത് ഇളക്കിമാറ്റിവച്ചു. അതിൽ ഒരു പുര വെട്ടിക്കോടു ഗ്രാമത്തിലുള്ള ഒരു ക്രൈസ്തവകുടുംബത്തിന് നല്കി. ഇതിൽ മറ്റൊരുപുര കറ്റാനത്ത് പടിഞ്ഞാറു ഭാഗത്തുള്ള ഒരു ക്രൈസ്തവ കുടുംബത്തിന് കൊടുത്തു. വീടിന്റെ നടുഭാഗം മുറ്റമായിരുന്നു. ഈ മുറ്റത്തും അടുക്കളപ്പുരയിലുമായിട്ടാണ് ആ കാലഘട്ടങ്ങളിൽ സ്ത്രീകൾ കഴിഞ്ഞുകൂടിയത്.

www.malankaralibrary.com


ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ ഈ ഗ്രാമത്തിലെ ഹിന്ദുക്കളിൽ പലരും ശബരിമല അമ്പലത്തിലേക്ക് കാൽനടയായി തീർത്ഥയാത്ര പോകും. "സ്വാമിയേ ശരണം, അയ്യപ്പോ ശരണം" എന്നു വിളിച്ച് പാടി പ്രാർത്ഥിച്ചാണ് യാത്ര ചെയ്യുന്നത്. രുദ്രാക്ഷ മാല ധരിച്ച ഇവരെ സ്വാമിമാർ എന്നാണ് ഞങ്ങൾ വിളിച്ചിരുന്നത്. ഞാൻ സ്കൂളിൽ പഠിച്ചിരുന്നപ്പോൾ പപ്പു സ്വാമിയുടെ വീട്ടിൽ പളനി - ശബരിമല എന്നീ സ്ഥലങ്ങളിൽ പോകുന്നതിന് മുൻപുള്ള മത കർമ്മം കാണാൻ പോയി. പന്തലിനകത്ത് കൂട്ടിയിരുന്ന തീക്കനൽ ചുവന്ന് എരിഞ്ഞുകൊണ്ടിരുന്നു. ഈ ഭക്തൻ തുള്ളിത്തുള്ളി തീയിൽ ചാടി നിന്ന് തുള്ളി. അതുകണ്ടിട്ട് ഞങ്ങൾ അത്ഭുതപ്പെട്ടു.

ശബരിമല ഭക്തി ഇന്നും ഈ ഗ്രാമത്തിൽ സജീവമായി നിൽക്കുന്നു. ശബരിമല ബുദ്ധസന്ന്യാസികൾ പ്രാർത്ഥനക്കായി ഉപയോഗിച്ചിരുന്ന അമ്പലമാണെന്ന് പറയപ്പെടുന്നു. ശരണം എന്ന പദം ഉപനിഷത്തുകളിൽ പോലും വിരളമായി മാത്രമേ കാണു ന്നുള്ളൂ. ആ പ്രാർത്ഥനാ ശബ്ദം ബുദ്ധമതക്കാരാണ് കൂടുതലായി ഉപയോഗിക്കുന്നത്. ശ്രമണ സന്ന്യാസ സംസ്കാരത്തിൽ നിന്നും ഉരുത്തിരിഞ്ഞ ബുദ്ധമതം തികച്ചും സന്ന്യാസത്തിൽ അധിഷഠിത മായ മതമാണ്. ജൈനമതവും അപ്രകാരം തന്നെ. ഭാഗികമായി എങ്കിലും ഇതിൽ നിന്നും വിഭിന്നമാണ് ഹിന്ദുമതത്തിന്റെ ആദ്ധ്യാ ത്മികത. അതുകൊണ്ടായിരിക്കണം പ്രവർത്തനത്തെ പാടെ സന്യാസത്തിൽ നിന്നും വിച്ഛേദിക്കുന്ന ശ്രമണസന്ന്യാസത്തെ ഗീത ഉപേക്ഷിക്കുകയും സന്ന്യാസത്തിന് ഒരു പുതിയ നിർവ്വചനം നൽകു കയും ചെയ്തത്. സന്ന്യാസം പ്രവൃത്തിയുടെ ഫലം മാത്രം ഉപേ ക്ഷിക്കലാണെന്ന് ഗീത പഠിപ്പിക്കുന്നു. ക്രിസ്തുമതവും പൂർണ്ണമായും ജൈന-ബുദ്ധമത സന്ന്യാസ ജീവിത ശൈലിയിൽ നിന്നും പാടെ വ്യത്യസ്തമത്രെ.

ശബരിമല അമ്പലവും പോളച്ചിറയ്ക്കൽ കുടുംബവുമാ യുള്ള അഭേദ്യമായ ബന്ധം കേരളചരിത്രത്തിന്റെ ഭാഗമാണ്. 1900-ാം മാണ്ട് ശബരിമല അമ്പലം തീപിടിച്ച് നശിച്ചു. തിരുവിതാംകൂർ ശ്രീമൂലം തിരുനാൾ മഹാരാജാവ് ക്ഷേത്രം പുതുക്കി പണിയുന്ന തിന് കോൺട്രാക്റ്റേഴ്സിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഘോര വനത്തിലൂടെയുള്ള യാത്ര മൂലവും സാധനങ്ങൾ പണിസ്ഥലത്ത് എത്തിക്കാനുള്ള അസൗകര്യം മൂലവും ആരും മുന്നോട്ടുവന്നില്ല. അപ്പോഴാണ് പോളച്ചിറയ്ക്കൽ കൊച്ചുമ്മൻ മുതലാളി ധീരതയോ

www.malankaralibrary.com


ടുകൂടി ആ ദൗത്യം ഏറ്റെടുത്തത്. ഈ അവസരത്തിൽ അദ്ദേഹം കൊല്ലം തേവള്ളി കൊട്ടാരം നിർമ്മിച്ചുകൊണ്ടിരുന്ന സമയമായിരുന്നു. കോട്ടയത്തുനിന്നും അമ്പലത്തിനാവശ്യമായ തടികളും ചെത്തിയ കല്ലുകളും മറ്റ് എല്ലാ സാമഗ്രികളും 200 ജോലിക്കാരുടെ സഹായത്തോടുകൂടി മുണ്ടക്കയത്ത് എത്തിച്ചു.

മുണ്ടക്കയത്ത് പടിഞ്ഞാറേപ്പാറ എസ്റ്റേറ്റ് അഥവാ ചെറുവള്ളി എസ്റ്റേറ്റ് മാനേജരായ സായിപ്പ് കൊച്ചുമ്മൻ മുതലാളിക്കും ജോലിക്കാർക്കും താമസസൗകര്യം നൽകി. എസ്റ്റേറ്റിലെ 250 ജോലിക്കാരേയും കൊച്ചുമ്മന് യാത്ര ചെയ്യാൻ ഒരു കുതിരയെയും സായിപ്പ് നൽകി. 4 മാസം യാത്ര ചെയ്താണ് അവർ മുണ്ടക്കയത്തുനിന്നും ശബരിമലയിൽ എത്തിയത്. അമ്പലത്തിന്റെ പണി പൂർത്തിയാക്കുന്നതിന് മുമ്പ് കൊച്ചുമ്മൻ മുതലാളി 1907 ജൂൺ 24-ാം തിയതി അന്തരിച്ചു. അദ്ദേഹത്തിന്റെ മരുമകൻ തഴക്കര (മാവേലിക്കര) വടക്കേത്തലയ്ക്കൽ പറമ്പിൽ സ്കറിയാ കത്തനാർ ആണ് 1909-ൽ അമ്പലത്തിന്റെ പണി പൂർത്തിയാക്കിയത്. 1952-ൽ ഈ അമ്പലം വീണ്ടും പുതുക്കിപ്പണിതെങ്കിലും പോളച്ചിറയ്ക്കൽ കൊച്ചുമ്മൻ രൂപകല്പന നൽകിയ കെട്ടിടം ഇന്നത്തെ അമ്പലത്തിന്റെയും അടിസ്ഥാനമായി സ്ഥിതിചെയ്യുന്നു. സ്കറിയാ കത്തനാർ 1977 ഓഗസ്റ്റ് 9-ന് അന്തരിച്ചു. 160 വർഷത്തോളം പഴക്കമുള്ള അദ്ദേഹത്തിന്റെ വസതിയിൽ ശബരിമല അമ്പലനിർമ്മാണത്തിന് വെളിച്ചം നൽകാൻ ഉപയോഗിച്ച തീവെട്ടികൾ ഇപ്പോഴും ഭദ്രമായി സൂക്ഷിച്ചിരിക്കുന്നു.

ഒരു സ്ഥലത്തെ ക്രൈസ്തവ ചരിത്രവും കുടുംബ ചരിത്രവും ഇടപഴകിപ്പോയ കാലഘട്ടത്തെപ്പറ്റി നിരന്തരം കേൾക്കുകയും പഠിക്കുകയും ചെയ്ത അവസരമായിരുന്നു എന്റെ ബാല്യകാലം. ചരിത്രത്തെ തട്ടിയും മുട്ടിയും ജീവിച്ചിരുന്ന കാലഘട്ടം. ആ കാരണത്താൽ പഴയ കാലഘട്ടത്തെ ബഹുമാനിക്കാനും പാരമ്പര്യങ്ങളെ ആദരിക്കാനും ജന്മസിദ്ധമായി ഞാൻ പഠിച്ചു. പൊതുവിൽ യാഥാസ്ഥിതികനായ വൈദികനാണ് ഞാൻ എന്ന് എന്റെ സുഹൃത്തുക്കൾ പലപ്പോഴും പരാതി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. കർദ്ദിനാൾ ന്യൂമാന്റെ 'Apologia Pro vita Sua' എന്ന ഗ്രന്ഥം വായിച്ചതിനുശേഷം എന്റെ യാഥാസ്ഥിതികമായ ജീവിതശൈലിയെ ഞാൻ അഭിമാനപൂർവ്വം കാണുകയാണുണ്ടായത്. 1833-ൽ ജോൺ കെബിൾ (John Keble) എന്ന വേദ പണ്ഡിതൻ സ്ഥാപിച്ച 19-ാം നൂറ്റാണ്ടിലെ

www.malankaralibrary.com

ഓക്സ്ഫോർഡ് (Oxford) മൂവ്മെന്റിൽ ചേർന്ന് ന്യൂമാൻ പ്രവർത്തിക്കാൻ തുടങ്ങിയത് പരമ്പരാഗതമായി ലഭിച്ച ക്രൈസ്തവ മൂല്യങ്ങളെ നിലനിർത്തുവാൻ വേണ്ടിയായിരുന്നു. ഓക്സ്ഫോർഡിലുള്ള സെന്റ് മേരീസ് ചർച്ചിലെ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ പാരമ്പര്യത്തിന് തികച്ചും വില കല്പ്പിച്ചുകൊണ്ടുള്ളതായിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ഓക്സ്ഫോർഡ് മൂവ്മെന്റിന്റെ പഠനത്തിനു വേണ്ടിയുള്ള പ്രബന്ധങ്ങൾ (ട്രാക്സ്) ആയി മാറി. 1983-1987 എന്നീ കാലഘട്ടങ്ങളിൽ ന്യൂമാൻ ഉൾപ്പെടെയുള്ള വിക്ടോറിയൻ ചിന്തകരെ ഐച്ഛികമായി പഠിക്കാൻ നോത്ര ദാം സർവ്വകലാശാലയിൽ എനിക്ക് അവസരം ലഭിച്ചു.

15 വർഷം കറ്റാനത്ത് എന്റെ ഭവനത്തിൽ ഞാൻ വളർന്നു. അതിനുശേഷം 1959-ൽ ഞാൻ തിരുവനന്തപുരത്ത് സെന്റ് അലോഷ്യസ് സെമിനാരിയിൽ പ്രവേശിച്ചു. കഴിഞ്ഞ 60 വർഷമായി പല സ്ഥലങ്ങളിൽ ഒരു ത്യാഗിയെപ്പോലെ ജീവിക്കുന്നു. എന്നാൽ എന്റെ കുടുംബത്തിൽ നിന്നും എനിക്കു ലഭിച്ച മൂല്യബോധം ഒന്നു വലുതായിരുന്നു. പ്രകൃതിയിൽ അധിഷ്ഠിതഗുണങ്ങളാണ് അവയെല്ലാം തന്നെ. ഭയമില്ലാതെ സത്യം തുറന്നുപറയാനും, നീതിബോധത്തോടുകൂടി ചിന്തിക്കാനും പ്രവർത്തിക്കാനും അതേ സമയം കരുണയും ആർദ്രതയും കാണിക്കാനും എന്റെ കുടുംബം എന്നെ പഠിപ്പിച്ചു. ഈ ജീവിതയാത്രയുടെ അടിസ്ഥാനമായി നിലനിന്നത് ആത്മാർത്ഥതയും അതിൽ നിന്നും ഉരുത്തിരിയുന്ന നിഷ്കളങ്കതയുമാണ്.

2018 ഫെബ്രുവരി 17 ശനിയാഴ്ച ഞാൻ പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ചു. വൈദികനായി ജീവിച്ച കഴിഞ്ഞ 50 വർഷകാലത്തിൽ പറഞ്ഞ വാക്ക് മാറ്റിപ്പറയേണ്ട സാഹചര്യങ്ങൾ ഒന്നും തന്നെ ഇല്ലായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. ഭയംമൂലവും, ഭൗതിക നേട്ടങ്ങൾക്കു വേണ്ടിയും നീതിരഹിതമായി പ്രവർത്തിക്കുന്നത് പാപമാണെന്നു മാത്രമല്ല എന്റെ കുടുംബം എന്നെ പഠിപ്പിച്ചത്. പിന്നെയോ അതു കഴിഞ്ഞ കാലഘട്ടത്തിൽ ജീവിച്ചിരുന്ന പൂർവ്വികർക്ക് എതിർസാക്ഷ്യം കൂടിയാണെന്നും. ഓരോ വ്യക്തിയുടെയും ജനനവും, ജീവിതത്തിലുണ്ടാകുന്ന പല സംഭവങ്ങളും ദൈവപദ്ധതിയുടെ ഭാഗമാണെന്ന് വി. അഗസ്തിനോസ് പഠിപ്പിച്ചത് തികച്ചും സത്യമത്രെ. ഈ ആശയം നമ്മുടെ ജീവിതത്തെ ദൈവഹിതത്തിന് വിധേയമാക്കുന്നു. നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം അർത്ഥവത്തും, നൂതനവും, ദൈവഹിത പ്രകാരവുമാണ്.

www.malankaralibrary.com

# 36

## പോളച്ചിറയ്ക്കൽ കുടുംബസംഗമം

ഡോ. ആന്നിയിൽ തരകൻ

1989-ലെ പോളച്ചിറയ്ക്കൽ കുടുംബസമ്മേളനത്തിലേക്ക് നിങ്ങളേവരെയും സ്വാഗതം ചെയ്യുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. വർഷംതോറും നടക്കുന്ന കുടുംബസമ്മേളനം ഒരു ചടങ്ങ് മാത്രമല്ല. പിന്നെയോ ഈ കുടുംബത്തിലെ അംഗങ്ങളായ നമ്മുടെ ഏവരുടെയും സംസ്ക്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും അത്മീയമായ വീക്ഷണത്തിന്റെയും ഒരു പുനരാവിഷ്ക്കരണം കൂടിയാണ്. ഒരു ഗോത്രത്തിലെ അംഗമാണെന്ന ആത്മബോധം പ്രകടമാക്കാൻ ഇമ്മാതിരിയുള്ള ഒരു കുടുംബ പുനരൈക്യത്തേക്കാൾ നല്ല ഒരു മാദ്ധ്യമം വേറെ ഉണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. ഒരു ഗോത്രപിതാവിൽ നിന്നും ജന്മം സ്വീകരിച്ച് ശാഖോപശാഖകളായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന നാം ഈ ഒന്നിച്ചു കൂടലിലൂടെ നമ്മളെ ഏവരെയും സ്വയം കണ്ടെത്തുന്നു. ജീവിതത്തിന് ഉൾക്കാഴ്ച നല്കുന്നു. എല്ലാറ്റിനും ഉപരിയായി നമ്മുടെ പൂർവ്വപിതാക്കന്മാരെ ഓർക്കുകയും അവരുടെ ജീവിതത്തെ നമ്മളിലൂടെ ശാശ്വതീകരിക്കുകയും ചെയ്യുന്നു. കുടുംബയോഗം

www.malankaralibrary.com


ഓരോ വ്യക്തിയുടെയും തനിമ (identity) യിലേക്കുള്ള ഒരു വഴി യാണെന്ന് ഇത് വ്യക്തമാക്കുന്നുണ്ടല്ലോ. അപ്രകാരമുള്ള വഴി മനുഷ്യജീവിതത്തെ ശക്തമാക്കാനാവശ്യമാണെന്ന്, തന്റെ വേര് തിര ക്കിപ്പോയ അമേരിക്കൻ സാഹിത്യകാരനും ചരിത്രകാരനുമായ ഹെയ്‌ലി, "Roots" എന്ന നോവലിൽ സമർത്ഥിക്കുന്നു.

ഗോത്രങ്ങൾ സമൂഹങ്ങളെ സൃഷ്ടിക്കുന്നു. സമൂഹങ്ങൾ ഒരു ജനതയെയും. ഇസ്രായേൽ വംശം മുഴുവൻ ഉണ്ടായിട്ടുള്ളത് ഗോത്രങ്ങളിൽ നിന്നാണ്. ഗോത്രങ്ങളുടെ സംസ്ക്കാരം ആണ് വംശ ത്തിന്റെ സംസ്ക്കാരം. ഇതുകൊണ്ടായിരിക്കണം ഇസ്രായേൽ ജനത യഹോവയെ ഗോത്രങ്ങളുടെ പിതാവ് എന്ന് സങ്കല്പിച്ചിരി ക്കുന്നത്. നൂറ്റാണ്ടുകളായി നമ്മുടെ പിതാക്കന്മാർ പ്രാർത്ഥിച്ചു: "ഇസ്രായേലിന്റെ 12 ഗോത്രങ്ങൾക്ക് 12 നീരുറവകൾ ഒഴുക്കിക്കൊ ടുത്ത തീക്കൽപ്പാറ നീയാകുന്നു." ഒരു ഗോത്രത്തിലുള്ളവർ ഒന്നിച്ചു കൂടി ദൈവത്തെ സ്തുതിക്കുന്നത് ജീവിത സാക്ഷാൽക്കരണത്തിന് ആവശ്യമാണെന്ന് അവർ വിശ്വസിച്ചു. ഇസ്രായേൽ ജനതയുടെ ഈ സങ്കല്പം ക്രൈസ്തവചിന്തയുടെ കാതലായ ഭാഗമാണ്. ക്രിസ്തു വിൽ ഒന്നിക്കപ്പെടുന്ന സമൂഹം മാത്രമെ രക്ഷപ്രാപിക്കുകയുള്ളു എന്ന് നാം വിശ്വസിക്കുന്നു. ക്രിസ്തുവിൽ മാമോദീസ സ്വീകരിച്ച് ഒന്നായിത്തീർന്നവരുടെ കൂട്ടമത്രെ സഭ. അങ്ങനെയുള്ളവർ അവ രുടെ ഐക്യത്തിലൂടെ യേശുവിന്റെ സാന്നിദ്ധ്യത്തിന് സാക്ഷ്യം വഹിക്കുന്നു. പോളച്ചിറയ്ക്കൽ കുടുംബത്തിൽപ്പെട്ട നമ്മൾ ഒന്നിച്ചു കൂടി നമ്മുടെ ഐക്യം വെളിപ്പെടുത്തുമ്പോൾ യേശുവിന്റെ ശിഷ്യ ത്വത്തിനും സാന്നിദ്ധ്യത്തിനും സാക്ഷികളാവുകയാണ് നാം. എവി ടെയെല്ലാം നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചു കൂടുന്നുവോ അവിടെ ഞാനുണ്ടായിരിക്കും, എന്ന് അരുളിച്ചെയ്തവനായ യേശു ഈ സമൂഹത്തിന്റെ ആത്മാവായിത്തീരുകയാണ് ഇപ്പോൾ.

സാമ്പത്തിക സംവിധാനം ഈ നൂറ്റാണ്ടിലെ അതിപ്രധാന മായ ഒരാശയമത്രെ. ഈ ആശയത്തിന് ഉപോത്ബലമായി ഉപ യോഗിക്കുന്ന ഒരു പദമാണ് സ്വയം പര്യാപ്തത. ഇന്ത്യയെപ്പോ ലെയുള്ള ഒരു രാജ്യത്ത് സ്വയം പര്യാപ്തത എന്ന പദം നാം പല പ്പോഴും ഉപയോഗിക്കുന്നു. എന്നാൽ സാമ്പത്തിക ശാസ്ത്രത്തിലെ ഈ പദവും അത് വരുത്തിവയ്ക്കുന്ന അർത്ഥവും മനുഷ്യന്റെ സാമൂ ഹ്യവും മനഃശാസ്ത്രപരവും ആത്മീയവുമായ മേഖലയിലേക്ക്

www.malankaralibrary.com


കൊണ്ടുവരുമ്പോൾ അതുൾക്കൊള്ളുന്ന അപകടത്തെക്കുറിച്ച് നമ്മൾ ബോധവാന്മാരായിരിക്കണം. ഞാൻ പറയാനുദ്ദേശിക്കുന്ന ആശയം ആത്മീയവും ധാർമ്മികവും മനശാസ്ത്രപരവുമായ മേഖലയിൽ സ്വയം പര്യാപ്തത എന്ന് ഒന്നില്ല. ഈ മേഖലകളിൽ മനുഷ്യൻ പരസ്പരം സഹകരിക്കുകയും ആശ്രയിക്കുകയും ചെയ്യേണ്ടിവരുന്നു. ഒരു കുടുംബത്തിലെ വ്യക്തികൾ തമ്മിൽ അറിയുകയും മനസ്സിലാക്കുകയും ജീവിതം പങ്കിടുകയും ചെയ്യേണ്ടത് ധാർമ്മികമായ ഒരാവശ്യമാണെന്ന് ചൂണ്ടിക്കാട്ടാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. സാമ്പത്തികമായ സ്വയം പര്യാപ്തതപോലും, മനുഷ്യർ തമ്മിലുള്ള സഹകരണത്തിന്റെയും ക്രയവിക്രയത്തിന്റെയും ഫലമാണെന്ന് മനസ്സിലാക്കാൻ കഴിയും. സാമ്പത്തിക ഭദ്രത ഉണ്ടാകുമ്പോൾ ഒരുവൻ മാറ്റൊരുവനിൽ നിന്ന് അകലുകയല്ല, പിന്നെയൊ അടുക്കുകയാണ് ചെയ്യേണ്ടത്. സാമ്പത്തിക ഭദ്രത ഒരു ഗോത്രത്തിലെ അംഗങ്ങളെ അകറ്റുന്നതിനേക്കാൾ അടുപ്പിക്കുന്ന യാഥാർത്ഥ്യമായി മാറട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ബാങ്ക് ബാലൻസും കാറും ശരീരത്തിന്റെ ആരോഗ്യവും അഴകും വസ്ത്രത്തിന്റെ മേന്മയും വീടിന്റെ വലിപ്പവും ഒരുത്തനെ മറ്റുള്ളവരിൽനിന്ന് ഉയർത്തുന്നു എന്ന് ചിന്തിക്കുന്ന ധാരാളം വ്യക്തികൾ സമൂഹത്തിലുണ്ട്. ഞാൻ എന്താണ് എന്നതിനേക്കാൾ ഉപരി എനിക്ക് എന്തുണ്ട് എന്നത് ജീവിതത്തിന്റെ മാനദണ്ഡം ആക്കിയിട്ടുള്ളവരാണിവർ. ഇപ്രകാരമുള്ള ചിന്താഗതിയെ മാത്യു ആർണോൾഡ് “middle-class vulgarity” എന്ന് വിശേഷിപ്പിക്കുന്നു. സാമ്പത്തികമായി കഴിവുള്ളവരും അല്ലാത്തവരും ഉൾപ്പെടുന്ന ഈ കുടുംബത്തിലെ അംഗങ്ങൾ ഇപ്രകാരമുള്ള താഴ്ന്ന ചിന്താഗതിക്ക് അടിമകളായാൽ കുടുംബത്തിന്റെ ഐക്യവും ഭദ്രതയും ഇല്ലാതാകും എന്നുള്ളതിൽ രണ്ടുപക്ഷമില്ല. വിഭാഗികമായ ചിന്താഗതികളാൽ എന്റെ രാഷ്ട്രം ഛിന്നഭിന്നമാകാതിരിക്കട്ടെ എന്ന് പ്രാർത്ഥിച്ച ടാഗോറിനോടൊപ്പം, തമ്മിൽ അകറ്റുന്ന യാഥാർത്ഥ്യത്തിൽനിന്നും എന്റെ കുടുംബത്തെ നീ കാത്തു സൂക്ഷിക്കണമെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചരിത്രകാരനും സാഹിത്യകാരനുമായിരുന്ന തോമസ് കർലൈൽ പറയുന്നു: “ലോക ചരിത്രം വ്യക്തികളുടെ ചരിത്രമാകുന്നു”. ഉദാത്തമായ ജീവിതശൈ

www.malankaralibrary.com


ലിയിൽ നിന്നും അർപ്പണമനോഭാവത്തിൽനിന്നും ഉത്ഭവിക്കുന്ന വ്യക്തികളുടെ പ്രവർത്തനങ്ങൾ സമൂഹത്തെ സ്വാധീനിക്കുന്നു, ചരിത്രം സൃഷ്ടിക്കുന്നു. അവരുടെ അനുഭവങ്ങൾ സമൂഹത്തിന്റെ അനുഭവമായി മാറുന്നു. സമൂഹത്തിന്റെ അനുഭവമോ മനുഷ്യവംശത്തിന്റെ ഇതിഹാസമായിത്തീരുകയും ചെയ്യുന്നു. പോളച്ചിറയ്ക്കൽ കുടുംബത്തിന്റെ പാരമ്പര്യവും ചരിത്രവും കഴിഞ്ഞ തലമുറയിൽ ജീവിച്ചിരുന്ന മഹത്വ്യക്തികളുടെ ജീവിതശൈലിയിൽനിന്നും രൂപം കൊണ്ടിട്ടുള്ളതാണ്. അവരുടെ വ്യക്തിത്വവും ദൈവാശ്രയവും പോളച്ചിറയ്ക്കൽ കുടുംബത്തിന് പൊതുവിൽ യശ്ശസ്സും ശ്രേഷ്ഠതയും ഉണ്ടാക്കിക്കൊടുത്തു.

എല്ലാ രംഗത്തും വളരെയധികം ഉയർന്ന ആളുകൾ ഉള്ള ഒരു കുടുംബമാണ് നമ്മളുടേത്. സഭാതലത്തിൽ പോളച്ചിറയ്ക്കൽ കുടുംബം കാഴ്ചവെച്ചിട്ടുള്ള സേവനം സ്തുത്യർഹമത്രെ. വൈദികരും മെത്രാന്മാരും കോർ എപ്പിസ്ക്കോപ്പാമാരും സന്യാസികളും സന്യാസിനികളും ആത്മീയ നേതാക്കളും എല്ലാ തലമുറയിലും പോളച്ചിറയ്ക്കൽ കുടുംബത്തിൽ ഉണ്ടായിരുന്നു. ഈ ആശയം അല്പം കൂടി ഊന്നിപ്പറയുകയാണെങ്കിൽ, 16-ാം നൂറ്റാണ്ടിനുശേഷം മലങ്കര ഓർത്തഡോക്സ് സമുദായത്തിന് ധാരാളം വൈദികരെയും മിഷനറിമാരെയും സഭാനേതാക്കന്മാരെയും നല്കിയിട്ടുള്ളതായ കുടുംബമാണ് പോളച്ചിറയ്ക്കൽ കുടുംബം. ദേവാലയങ്ങൾ പണികഴിപ്പിക്കുകയും സെമിനാരികളിൽ പഠിപ്പിക്കുകയും ചെയ്ത അല്മായ നേതാക്കളുടെയും, അർപ്പണമനോഭാവത്തോടുകൂടി ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ച വൈദികരുടെയും കഥകൾ ഈ കുടുംബത്തിന്റെ ചരിത്രത്തിന്റെ ഭാഗമാണ്. മാർത്തോമ്മ സമുദായത്തിന് പോളച്ചിറയ്ക്കൽ കുടുംബം നല്കിയിട്ടുള്ളതായ സേവനങ്ങൾ അതുല്യമാണ്. പാലാക്കുന്നത്തെ മാത്യൂസ് മാർ അത്തനേഷ്യസ് തിരുമേനി മലങ്കരസഭയുടെ നവീകരണത്തിനുവേണ്ടി പ്രവർത്തിച്ച കാലഘട്ടം മുതൽ ഇന്നുവരെ ഈ കുടുംബത്തിലെ അംഗങ്ങൾ മാർത്തോമ്മ സമുദായത്തിന്റെ ഉന്നമനത്തിനായി ചെയ്തിട്ടുള്ള സേവനങ്ങൾ ആർക്കും വിസ്മരിക്കുവാൻ പറ്റുകയില്ല. സമുദായ സേവനത്തിന്റെ കഥ ഈ രണ്ടു പ്രമുഖ സമുദായങ്ങളിൽ മാത്രം ഒതുങ്ങി നിന്നില്ല. മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാസഭയുമായി ഐക്യപ്പെടുകയും മാർ ഈവാനിയോസ്

www.malankaralibrary.com

തിരുമേനിക്ക് ഈ കുടുംബങ്ങൾ വഴികാട്ടികളായിത്തീരുകയും ചെയ്തു എന്നുള്ള സത്യം ഇവിടെ അഭിമാനപൂർവ്വം പ്രസ്താവിക്കട്ടെ. അമേരിക്കൻ ചരിത്രഗവേഷകരായ മരേയലി ബൻസിഗറും റീത്താ ബൻസിഗറും ഇവരുടെ കാൽവയ്പുകളെ ഈ നൂറ്റാണ്ടിലെ ആദ്യത്തെ സഭാ ഐക്യമായി വിക്ഷിക്കുന്നു.

പോളച്ചിറയ്ക്കൽ കുടുംബാംഗങ്ങളുടെ സേവനത്തിന്റെ പട്ടിക തുടർന്നുകൊണ്ടു പോകാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. നൈയാമിക രംഗത്തും പോലീസ് ഡിപ്പാർട്ടുമെന്റിലും സാഹിത്യലോകത്തും പത്രപ്രവർത്തനരംഗത്തും വിദ്യാഭ്യാസമണ്ഡലത്തിലും എല്ലാം തന്നെ പോളച്ചിറയ്ക്കൽ കുടുംബത്തിന് അതിന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ സാധിച്ചു എന്നുള്ളത് അഭിമാനപൂർവ്വം നമുക്ക് ഇവിടെ ഓർക്കാം.

ഇതെല്ലാം ഞാൻ പറഞ്ഞത് സേവനപാരമ്പര്യത്തിന്റെ ഒരു ചിത്രം വരച്ചുകാട്ടാൻ വേണ്ടി മാത്രമല്ല, നമ്മുടെ പൂർവ്വപിതാക്കന്മാർ ഉദാത്തമായ ജീവിതശൈലിയുടെ പ്രത്യക്ഷ ഉദാഹരണങ്ങളായിരുന്നു എന്ന് കാണിക്കുവാൻ വേണ്ടിയത്രെ. അവരെ സംബന്ധിച്ചിടത്തോളം aristocracy മനസ്സിന്റെ മേന്മയേറിയ ചിന്തയും ആ ചിന്തയിൽനിന്നും ഉത്ഭവിക്കുന്ന ജീവിതശൈലിയും ആയിരുന്നു.

ഞാൻ പ്രസംഗം നീട്ടുന്നില്ല. നമ്മുടെ കുടുംബത്തോടും നമ്മുടെ പൂർവ്വപിതാക്കന്മാരോടും നമുക്ക് ബഹുമാനവും സ്നേഹവും ഉണ്ടാകണം. ആ സ്നേഹത്തിൽനിന്നും ബഹുമാനത്തിൽനിന്നും ഉണ്ടാകുന്ന അഭിമാനം നമ്മുടെ ജീവിതത്തെ നയിക്കണം. ഈ കുടുംബയോഗം വിളിച്ചു കൂട്ടുവാൻ മുൻകൈയെടുത്ത വ്യക്തിയെന്ന നിലയിലും, ഈ കുടുംബയോഗത്തിന്റെ ആദ്യത്തെ കൺവീനർ എന്ന നിലയിലും, ഈ വർഷത്തെ പ്രസിഡന്റ് എന്ന നിലയിലും കുടുംബയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുവാൻ നിങ്ങളേവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഈ കുടുംബത്തിന്റെ മേലും അതിലെ അംഗങ്ങളുടെമേലും ദൈവത്തിന്റെ എല്ലാ അനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ പ്രസംഗം ഉപസംഹരിക്കുന്നു.

(1989 മെയ് 1, കറ്റാനത്തുവച്ച് നടന്ന പോളച്ചിറയ്ക്കൽ കുടുംബയോഗത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ ഡോ. ആന്നിയിൽ തരകൻ ചെയ്ത പ്രസംഗം)

www.malankaralibrary.com

# 37

## എന്റെ ദൈവവിളി - ഒരു രഹസ്യം

ഡോ. ആന്നിയിൽ തരകൻ, മലങ്കര ബാലൻ, തിരുവനന്തപുരം

('മലങ്കരബാലൻ' തുടങ്ങിയപ്പോൾ "ലോകസംഭവങ്ങളിലൂടെ" എന്ന പരമ്പരയിലൂടെ വായനക്കാർക്ക് സുപരിചിതനായിത്തീർന്ന ഫാദർ തരകൻ ആന്നിയിൽ തന്റെ വൈദികജീവിതത്തെപ്പറ്റി എഴുതുന്ന ഹൃദയ സ്പർശിയായ ലേഖനം - എഡിറ്റർ)

രഹസ്യം എന്ന പദത്തിന് തത്തുല്യമായി ഗ്രീക്ക് ഭാഷയിൽ ഉപയോഗിക്കുന്നത് "മിസ്തേരിയോൺ" എന്ന പദമാണ്. ഈ പദത്തിന്റെ വേദശാസ്ത്രപരമായ അർത്ഥം "സാക്രമെന്റ്" അഥവാ കൂദാശയെന്നാണ്. ദൈവവിളി ഒരു രഹസ്യമാണെന്ന് പറയുമ്പോൾ അത് സാധാരണ ബുദ്ധിക്കു മനസ്സിലാക്കാൻ പാടില്ലാത്ത നിഗൂഢത നിറഞ്ഞ ഒന്നാണെന്നു മാത്രമല്ല, ലോകത്തെ വിശുദ്ധീകരിക്കുന്നതിനും നവീകരിക്കുന്നതിനും ഈശ്വരൻ കണ്ടെത്തിയ മാർഗ്ഗം കൂടിയാണെന്നാണ്. വൈദികജീവിതം ലോകത്തെ ഉദ്ധരിക്കാൻ ദൈവം കണ്ടെത്തിയ പദ്ധതിയുടെ ഭാഗമാണെന്ന് വിവക്ഷ.

എന്തുകൊണ്ട് ഒരു വ്യക്തി വൈദികനായി എന്നു ചോദിച്ചാൽ മാനുഷികമായി അതിനുത്തരം കണ്ടെത്താൻ അസാദ്ധ്യമാണ്.

www.malankaralibrary.com



റെയ്മണ്ട് O.C.S.O രചിച്ച "Now" എന്ന ഗ്രന്ഥത്തിൽ ഇപ്രകാര മൊരു ചോദ്യത്തിന് മറുപടി നിത്യതയ്ക്കു മാത്രമേ നൽകാൻ പറ്റൂ എന്നു പറയുന്നത് ഈ അർത്ഥത്തിലാണ്. ചിലരെ ദൈവം തന്റെ ദൗത്യനിർവ്വഹണത്തിനായി തിരഞ്ഞെടുക്കുന്നു. ദൈവത്തിന്റെ ഈ തെരഞ്ഞെടുപ്പിന്റെ ആധാരം മനുഷ്യമനസ്സിന് വിശകലനം ചെയ്യാൻ പ്രയാസമാണ്. ദൈവം ഏശാവിനെ വിട്ടുകളഞ്ഞിട്ട് യാക്കോബിനെ തിരഞ്ഞെടുത്തു, ഹാബേലിനെ സ്വീകരിക്കുകയും കായേനെ തള്ളു കയും ചെയ്തു. സംസാരശേഷിയില്ലാത്ത ജറമിയാസിനെ ദൈവം തന്റെ വചനം പ്രസംഗിക്കാനായി വിളിച്ചു. താൻ അശക്തനാ ണെന്നു പറഞ്ഞപ്പോൾ അവന് ദൈവം ശക്തി നൽകി തന്റെ വേല ക്കായി ഒരുക്കി. എസക്കിയേലിന്റെ ദർശനത്തിൽ, ഉണങ്ങിയ അസ്ഥികൾ മാംസം ധരിച്ച് ജീവൻ പ്രാപിച്ച് ഉയിർത്തെഴുന്നേൽക്കു ന്നതു പോലെ അശക്തരും അപ്രാപ്തരുമായ മനുഷ്യർ ദൈവവി ളിയിൽ നിന്നും പുതുജീവൻ പ്രാപിച്ച് ദൈവവേലക്കായി ഉയിർത്തെ ഴുന്നേല്ക്കുന്നു. 'ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു' എന്ന യേശു വിന്റെ വചനം, യുഗയുഗങ്ങളിലായി ഈശ്വരൻ തന്റെ ജോലിക്ക് ഇഷ്ടമുള്ളവരെ തിരഞ്ഞെടുക്കുന്ന പദ്ധതിയുടെ രഹസ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.

ഏകദേശം 30 വർഷങ്ങൾക്കു മുമ്പ് നല്ല മാർക്കോടുകൂടി S.S.L.C. പരീക്ഷ പാസ്സായി സെമിനാരിയിൽ പോയ സാഹചര്യം ഞാൻ ഓർത്തുപോകുന്നു. ഏതോ ഒരു ദിവ്യശക്തി എന്നെ അതി ലേക്കു നയിച്ചു എന്നു പറഞ്ഞാൽ മതി. ഇപ്പോൾ വൈദികനായിട്ട് 22 വർഷം തികയുന്നു. ഇന്നു ഈ ജീവിതത്തിൽ തുടർന്നു പോകാനും ഈ വേല ചെയ്യുവാനും ഏതോ ഒരു ദിവ്യശക്തി എന്നെ നയിക്കുന്നു എന്നതാണു സത്യം. ഓരോ ദിവസം കഴിയുന്തോറും ഈ ദൈവ പരിപാലന എന്റെ ജീവിതാനുഭവമായി മാറുന്നു. ഞാൻ പറഞ്ഞു കേൾക്കാറുണ്ട് വൈദിക ജീവിതത്തിൽ കുറച്ചുകാലം കഴിയുമ്പോൾ ആധ്യാത്മികമായ വരൾച്ച അനുഭവപ്പെടാറുണ്ടെന്ന്. എന്നാൽ എന്റെ അനുഭവം മറിച്ചാണ്. ഓരോ ദിവസവും അർപ്പിക്കുന്ന ദിവ്യബലി ഓരോ പുതിയ അനുഭവമായി മാറുന്നു. വേറൊരർത്ഥത്തിൽ, എന്നെ നവീകരിക്കുന്ന, നിരന്തരം ശക്തനാക്കുന്ന, ഒരു പ്രക്രിയയായി മാറുന്നു.

എന്നെ നയിക്കുന്ന ഈ ദിവ്യശക്തിക്ക് പല രീതിയിൽ ഭാഷ്യം നൽകാൻ ഞാൻ ശ്രമിക്കാതിരുന്നിട്ടില്ല. സാഹിത്യത്തിന്റെ

www.malankaralibrary.com



സങ്കേതങ്ങളെപ്പറ്റി കൂടുതൽ മനസ്സിലാക്കിയതിനുശേഷം ഈ ദിവ്യ രഹസ്യത്തെ ജീവിതത്തെ മുഴുവൻ ഉൾക്കൊള്ളുന്ന മിത്തായി ദർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഏകദേശം 200-ൽ പരം വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന എന്റെ പൂർവ്വപിതാവായ കുഞ്ഞുമാത്തുണ്ണി തരകന്റെ ആത്മാവായി ചിലപ്പോഴെല്ലാം ഈ ദിവ്യ ശക്തിയെ ഞാൻ ചിത്രീകരിക്കാറുണ്ട്. സുറിയാനിക്കാരുടെ ഇടയിൽ മരിച്ചുപോയവരുടെ ആത്മാക്കൾ അവരുടെ ജീവിച്ചിരിക്കുന്ന പിൻഗാമികളെ കാത്തുസൂക്ഷിക്കുന്നു എന്നുള്ള വിശ്വാസം സർവ്വസാധാരണമാണല്ലോ. അങ്ങനെ സങ്കീർണ്ണമായ വൈദികജീവിതത്തിൽ എന്നെ നിരന്തരം നയിക്കുന്ന ഒരു ശക്തിയായി ഈ പൂർവ്വപിതാവിനെ ഭാവനയിൽ ഞാൻ ദർശിക്കുന്നു. കുഞ്ഞുമാത്തുണ്ണി തരകന്റെ ശവകുടീരം കുറ്റാനത്തെ പഴയ പള്ളിയുടെ മുമ്പിൽ സ്ഥിതി ചെയ്യുന്നു. ജീവിതത്തിൽ പ്രതിസന്ധിയുണ്ടാകുമ്പോൾ ഈ ശവകുടീരം സന്ദർശിച്ച് പ്രാർത്ഥിക്കുക ഇപ്പോൾ എന്റെ ഒരു പതിവാണ്. മാനസികവും ശാരീരികവുമായി ക്ഷീണിക്കുമ്പോൾ ഞാൻ എന്റെ കൊച്ചു ഗ്രാമമായ കറ്റാനത്തേക്കു യാത്ര ചെയ്യും. പലപ്പോഴും ഈ യാത്ര എന്റെ പൂർവ്വ പിതാവിന്റെ ശവകുടീരത്തിലേക്കുള്ള തീർത്ഥാടനമായി മാറുന്നു. ഉണങ്ങിയ അസ്ഥികൾക്ക് പുതുജീവൻ ലഭിക്കുന്ന താഴ്വരയിലേക്കുള്ള യാത്ര.

(മലങ്കര ബാലൻ, 1990 ഏപ്രിൽ-മെയ്, പുറം 123-25)

www.malankaralibrary.com

# 38

## കേരള സാഹിത്യ അക്കാദമി അവാർഡ് ഏറ്റുവാങ്ങിയപ്പോൾ

ഡോ. ആന്നിയിൽ തരകൻ

സർഗ്ഗാത്മക സാഹിത്യം പ്രവൃത്തിയല്ല, പിന്നെയോ നിവർത്തിയാണ്. കവി വൈവിധ്യമാർന്ന അനുഭവങ്ങളെ ഒന്നിപ്പിച്ച് ബാഹ്യഗമനത്തിൽ നിന്നും ആന്തരഗമനത്തിലേക്ക് നയിച്ച് കലയുടെ നിയമങ്ങളിലൂടെ അതിനു പുതിയഭാവവും രൂപവും നല്കുന്നു. ആദിമ ഐക്യത്തിൽ എത്തിച്ചേരുന്നു.

കവിതയും സർഗ്ഗാത്മക സത്യവും പ്രവൃത്തിയല്ല, നിവർത്തിയാണെന്ന ഭാരതീയ സങ്കല്പം ഇംഗ്ലീഷ് സാഹിത്യത്തിൽ കടന്നുവരുന്നത് മാത്യു ആർനോൾഡിന്റെ കൃതികളിലൂടെയാണ്. കവിത നിഷ്പക്ഷമായ വസ്തുനിഷ്ഠയാണെന്നും (disinterested objectivity), നിർമ്മമമായ പരിശ്രമം (disinterested endeavour) ആണെന്നും ആർനോൾഡ് എഴുതിയത് പാശ്ചാത്യ സങ്കല്പമല്ല, പിന്നെയോ പൗരസ്ത്യ ചിന്തയുടെ പ്രത്യേകിച്ച് ഗീതയിലെ നിഷ്കാമകർമ്മം എന്ന താത്ത്വിക ചിന്തയുടെ സ്വാധീനതയിലാണ്.

കാലപ്രവാഹത്തിൽ ശിഥിലമാക്കപ്പെടുന്ന ജീവിതസ്പർശിയായ മൂല്യസങ്കല്പങ്ങൾക്ക് സ്ഥായിയായ ഭാവം നല്കി

www.malankaralibrary.com


അവയെ സംസ്കാരത്തിന്റെ കരുത്തുറ്റ ആവിഷ്കാരമാക്കി മാറ്റുന്നത് എഴുത്തുകാരനാണ്. നൂറു വർഷങ്ങൾക്ക് ശേഷമായിരിക്കും ഇന്നത്തെ സാഹിത്യകൃതികളിൽ കാണുന്ന സന്ദേശം സമൂഹം പൂർണ്ണമായി ഉൾക്കൊള്ളുന്നതും ഇന്നിന്റെ ചരിത്രമായി വിലമതിക്കപ്പെടുന്നതും.

ചരിത്രവും സാഹിത്യവും തികച്ചും വ്യത്യസ്തമാണെന്ന് അരിസ്റ്റോട്ടിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഒരു കാലഘട്ടത്തിൽ എഴുതപ്പെടുന്ന കൃതികൾ ആ കാലഘട്ടത്തിലെ ചരിത്രത്തെ പ്രകാശിപ്പിക്കുന്നു എന്ന വസ്തുത മറക്കാൻ പറ്റുകയില്ല.

2011–ലെ വൈജ്ഞാനിക സാഹിത്യത്തിനുള്ള കേരള സാഹിത്യ അക്കാദമിയുടെ അവാർഡ് എനിക്ക് ലഭിച്ചതിൽ അത്യധികമായ സന്തോഷമുണ്ട്. അക്കാദമിയോടുള്ള അകൈതവമായ നന്ദി ഞാൻ ഇവിടെ പ്രകാശിപ്പിക്കുന്നു. ഷെയ്ക്സ്പിയർ നാടകങ്ങളിൽ ഉടനീളം കണ്ടുവരുന്ന പ്രമുഖമായ ഒരാശയം പ്രകൃതിയെ നിയന്ത്രിക്കുന്ന ഒരു ധാർമ്മിക ശക്തിയുടെ സാന്നിദ്ധ്യമാണ്. അത് മനുഷ്യ പ്രവർത്തനങ്ങൾക്ക് അതീതമായി മനുഷ്യന്റെ നന്മക്ക് പ്രതിഫലമായി ഭവിക്കുന്നു. സെന്റ് അഗസ്റ്റിൻ ചരിത്രത്തിന്റെ ഗതിയെ നിയന്ത്രിക്കുന്ന തത്ത്വമായി (logos) അതിനെ കാണുന്നു.

കുരുക്ഷേത്രം ധർമ്മക്ഷേത്രമായിത്തീരുന്നത് എഴുത്തുകാരന്റെ രചനയിലാണ്. പ്രകൃതിയിൽ നടക്കുന്ന പ്രവർത്തനങ്ങൾ കർമ്മഫലത്തിന്റെ ചാക്രികലോകമാണെങ്കിൽ, ഭാരതചിന്തയിൽ സർഗ്ഗാത്മക പ്രവർത്തനം കർമ്മഫലത്തിന് അതീതമായി നില്ക്കുന്നു. പ്രവർത്തനമേഖല ധർമ്മക്ഷേത്രമായി മാറുന്നു.

കഴിഞ്ഞ 50 വർഷങ്ങളായി എഴുതുകയും പഠിപ്പിക്കുകയും ചെയ്ത എനിക്ക്, ബക്കറ്റിന്റെ (Beckett) നാടകങ്ങളിലെ കഥാപാത്രങ്ങളെപോലെ, ഗോഡോ (Godot) യെ പ്രതീക്ഷിച്ചു നിന്ന അനുഭവമായിരുന്നു. ജീവിതമാകുന്ന മര ചുവട്ടിൽ ഇലകൾ കൊഴിഞ്ഞ് തുടങ്ങിയപ്പോൾ ഗോഡോ നാളെ വരും എന്നു ചിന്തിക്കാൻ പോലും മറന്നുപോയ ഒരവസരത്തിലാണ് ഈ അവാർഡ് അപ്രതീക്ഷിതമായി എന്നെ തേടിവന്നത്; ഇലകൊഴിഞ്ഞ ചില്ലയിൽ മുളകൾ വിടർന്ന നിമിഷം.

www.malankaralibrary.com

# 39

# കാലാതീതനായ മാർ ഈവാനിയോസ് തിരുമേനി

ഡോ. ആന്നിയിൽ തരകൻ (മലങ്കര ബാലൻ, തിരുവനന്തപുരം)

മാർ ഈവാനിയോസ് തിരുമേനി കാലം ചെയ്തിട്ട് 48 വർഷമായി. ഇന്നും മലങ്കര സമൂഹത്തെ അദ്ദേഹം അഗാധമായി സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. മലങ്കര സമൂഹത്തിന്റെ ആത്മാവും സത്തയും ആയിത്തീർന്നുകൊണ്ട് ഭാരതത്തിലെ ന്യൂമാൻ-എന്ന പേരിൽ അറിയപ്പെടുന്ന തിരുമേനിയുടെ പുനരൈക്യ പ്രസ്ഥാനം ന്യുമാന്റെ ഓക്സ്ഫോർഡ് മൂവ്മെന്റിനെക്കാൾ വലിയ ചരിത്ര സംഭവമായിരുന്നു. അതുകൊണ്ടായിരിക്കണം ജി. കെ. ചെസ്റ്റർട്ടൺ തന്റെ തൂലിക തിരുമേനിയുടെ ചിത്രം വരയ്ക്കാൻ ഉപയോഗിച്ചത്. ആ ചിത്രത്തിന്റെ പൂർത്തീകരണമാണ് മാർഗരറ്റ് ഗിബൺസിന്റെ *മാർ ഈവാനിയോസ്* എന്ന വിശ്രുത ഗ്രന്ഥം. നൂറ്റാണ്ടുകളായി കേരളത്തിൽ വളർന്നുവന്ന ആദ്ധ്യാത്മികതയുടെ പൂർണ്ണ രൂപമായ മലങ്കര സഭയെ മനോഹരമായ ഒരു ശില്പമായി മാർ ഈവാനിയോസ് ദർശിച്ചിരുന്നു. അതിന്റെ പൂർത്തീകരണത്തിനായുള്ള മഹത്തായ യജ്ഞമായിരുന്നു തിരുമേനിയുടെ പുനരൈക്യപ്രസ്ഥാനം. 1938-ൽ ന്യൂയോർക്കിൽ നിന്നും പ്രസിദ്ധീകരിച്ച "ഈസ്റ്റേൺ ബ്രാഞ്ചസ് ഓഫ് ദ കാതലിക് ചർച്ച്" എന്ന ഗ്രന്ഥത്തിന് "എ ന്യൂ ബ്രാഞ്ച് ഓഫ് ദ ട്രീ ഓഫ് ലൈഫ്" എന്ന ശീർഷകത്തിൽ മലങ്കര സഭയെ

www.malankaralibrary.com


പ്പറ്റി തിരുമേനി എഴുതിയ ലേഖനം ആ ദർശനത്തിന്റെ മൂർത്തീ മത്ഭാവമായിരുന്നു.

മാവേലിക്കര പണിക്കരുവീട്ടിൽ തോമാപണിക്കരുടേയും പള്ളിക്കൽ ആറ്റുപുറത്ത് അന്നമ്മയുടേയും മകനായി ജനിച്ച പി. റ്റി. ഗീവർഗ്ഗീസ് ആണ് പിൽക്കാലങ്ങളിൽ എം. എ. അച്ചൻ എന്നറിയപ്പെട്ടിരുന്ന മാർ ഈവാനിയോസ് തിരുമേനി. ആദർശ ധീരനും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന അദ്ദേഹം കോട്ടയം എം. ഡി. സെമിനാരി പ്രിൻസിപ്പലായിരുന്നു. കൊൽക്കത്തായ്ക്ക ടുത്തുള്ള സെറാംപൂർ കോളേജിലെ പ്രിൻസിപ്പൽ ഡോ. ജോർജ്ജ് ഹവൽസ്, തിരുമേനിയെ അവിടെ പ്രൊഫസർ ആയി നിയമിച്ച തിന്റെ കാരണവും അദ്ദേഹത്തിന്റെ അഗാധ പാണ്ഡിത്യമായിരുന്നു. അക്കാലത്ത് കിഴക്കൻ സഭയുടെ ആദ്ധ്യാത്മിക-സാംസ്കാരിക ചൈതന്യം പഠിക്കാനും ഗവേഷണം ചെയ്യാനും അദ്ദേഹം സമയം കണ്ടെത്തി. തന്റെ മാതൃസഭയെ ആത്മീയമായി ഉണർത്താൻ എന്തു ചെയ്യണമെന്ന് ഒരു അന്വേഷകനെപ്പോലെ അദ്ദേഹം ആരായുവാൻ തുടങ്ങി. അപ്പസ്തോലനായ വി. തോമാശ്ലീഹാ കേരളത്തിൽ നട്ടു വളർത്തിയ ക്രിസ്തീയ വിശ്വാസം തികച്ചും യഹൂദ സാംസ്കാ രിക്കമായിരുന്നു. അതിൽ സന്യാസജീവിതത്തിന് അത്രകണ്ട് പ്രാധാ ന്യം ഉണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ നാലും അഞ്ചും നൂറ്റാ ണ്ടുകളിൽ ഈജിപ്റ്റിൽ നിന്നും പാശ്ചാത്യ ലോകത്തേക്ക് പ്രച രിച്ച സന്യാസം കേരള സഭാസംസ്കാരത്തെ ഒട്ടും സ്വാധീനിച്ചിരു ന്നില്ല. ഇതുമനസ്സിലാക്കിയ തിരുമേനി യുഗായുഗങ്ങളിലായി ഹൈന്ദവ സംസ്കൃതിയുടെ ജീവസത്തയായ ദർശനം ഉൾക്കൊ ണ്ടുകൊണ്ട് വളർന്നുവന്ന സന്യാസ ജീവിതത്തെ പൂർണ്ണമായി സ്വാംശീകരിച്ചു. തൽഫലമായി 1919-ൽ ബഥനി ആശ്രമവും 1925-ൽ ബഥനി സന്യാസിനി സമൂഹവും തിരുമേനിയാൽ രൂപം കൊള്ള പ്പെട്ടു. ഭാരതീയരുടെ സന്യാസം വ്യക്തിഗതമായ ഒരന്വേഷണമാണ്. ബ്രഹ്മചര്യ കാലഘട്ടവും ഗ്രഹജീവിതവും കഴിഞ്ഞ് ഒരുവൻ വനാ ന്തരങ്ങളിലേക്ക് ഈശ്വരനെ തേടിപ്പോകുന്ന ആത്മീയ യാത്രയുടെ പാരമ്യമാണ് സന്യാസം. സെറാംപൂർ കോളേജ് പ്രൊഫസർ ആയി രുന്ന തിരുമേനി മുണ്ടൻമലയിൽ ആശ്രമം സ്ഥാപിച്ചതിന്റെ പിന്നി ലുള്ള ചൈതന്യം അദ്ദേഹത്തിന്റെ ഭാരതീയ ദർശനമായിരുന്നു. ബഥനി സന്യാസ-സന്യാസിനി സമൂഹങ്ങൾ ഇന്ന് തികച്ചും പാശ്ചാ ത്യവത്കരിക്കപ്പെട്ടെങ്കിലും അവയുടെ തുടക്കം ഭാരതദർശനാധി ഷ്ഠിതമായിരുന്നു.

www.malankaralibrary.com


1930 സെപ്റ്റംബർ കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിന് നാന്ദി കുറിച്ചു. ഇത് 17-ാം നൂറ്റാണ്ടിൽ തുടങ്ങി ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ വരെ തുടർന്ന വിവിധ പുനരൈക്യ ശ്രമങ്ങളുടെ പൂർത്തീകരണമായിരുന്നു. ആദ്ധ്യാത്മികതയിലും വേദശാസ്ത്ര വിജ്ഞാനത്തിലും സഭാദർശനത്തിലും കത്തോലിക്കാ സഭയുമായി ഒരു പരിധിവരെ ഐകരൂപമുണ്ടായിരുന്ന ഓർത്തഡോക്സ് സമുദായം റോമുമായി പുനരൈക്യപ്പെട്ടത് സഭയുടെ പൂർണ്ണതയിലേക്ക് കടന്നുവരുന്നതിനുവേണ്ടിയായിരുന്നു. അത് പുതിയൊരു വിശ്വാസ സ്വീകരണമല്ല. പൂർത്തീകരണമായിരുന്നു പുനരൈക്യത്തിന്റെ ലക്ഷ്യം. രണ്ടായിരത്തിൽപരം വർഷങ്ങളായിട്ട് കേരളത്തിൽ നിലനിന്നിരുന്ന ക്രൈസ്തവ പാരമ്പര്യത്തെ വിദേശ ശക്തികൾക്ക് അടിയറ വെയ്ക്കുന്ന സമ്പ്രദായമല്ല മാർ ഈവാനിയോസ് തിരുമേനി വിഭാവനം ചെയ്ത പുനരൈക്യം.

മാർ ഈവാനിയോസ് തിരുമേനിയെ ഒരിക്കൽപോലും കണ്ടിട്ടില്ലാത്ത ഈ ലേഖകനെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന പ്രതിഭാസമാണ് അദ്ദേഹം. ഇതിന്റെ പ്രധാനകാരണം ഈ ലേഖകൻ ജനിച്ചുവളർന്ന കുടുംബവും തിരുമേനി നേതൃത്വം നൽകിയ പുനരൈക്യ പ്രസ്ഥാനവുമായുള്ള ബന്ധമാണ്. 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തിരുമേനിയുടെ പ്രവർത്തനമേഖലകളിൽ ഒന്നായിരുന്നു കറ്റാനത്തെ ഓർത്തഡോക്സ് ദേവാലയം. അതുകൊണ്ടായിരിക്കണം, തിരുമേനി ബാരിസോളിൽ ബഥനി സന്യാസിനി സമൂഹത്തിന് തുടക്കം കുറിച്ചപ്പോൾ കറ്റാനം, കൃഷ്ണപുരം എന്നീ സ്ഥലവാസികളും ഈ ലേഖകന്റെ കുടുംബാംഗങ്ങളുമായ ആന്നിയിൽ അന്നമ്മ (മദർ സൽഗാ)യും പൊൻവാണിഭം ആച്ചിയമ്മ (മദർ ഹൂബാ) യും അദ്ദേഹത്തെ പിൻതുടർന്നത്. അതിനു മുമ്പുതന്നെ 1914-ൽ മദർ സൾഗായുടെ പിതൃസഹോദരൻ ഗീവർഗീസ് തരകനും 1916-ൽ മറ്റൊരു സഹോദരനായ ഫാദർ നൈനാൻ ആന്നിയിലും (ഫാദർ നൈനാൻ വീട്ടിനാൽ സീനിയർ) കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിരുന്നു. കറ്റാനത്തെ ഈ പുനരൈക്യ ശൃംഖല, മാർ ഈവാനിയോസ് തിരുമേനിയുടെ സഭൈക്യ പ്രവർത്തനങ്ങളെ ഒരു കുടുംബസംഭവമെന്നപോലെ ഈ ലേഖകനെപ്പോലുള്ള വ്യക്തികൾക്ക് അനുഭവവേദ്യമാക്കിയിരുന്നു. ഈ അനുഭവത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ് അമേരിക്കയിൽ നിന്നും പ്രസിദ്ധീകരിച്ച "ക്ലസ്റ്റർ ബൈ ദ റിവർ" എന്ന കവിതാസമാ ഹാരത്തിലെ മാർ ഈവാനിയോസ് എന്ന ഈ ലേഖകന്റെ കവിത.

മലങ്കര സഭയുടെ സ്മരണകളിൽ മാർ ഈവാനിയോസ് തിരുമേനി ഒരു പ്രകാശഗോളമായി നിലകൊള്ളുന്നു. മലങ്കരയുടെ ഭൂത-ഭാവി കാലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഇന്നിന്റെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശിയായി തിരുമേനി സാരഥ്യം അരുളുന്നു.
(മലങ്കര ബാലൻ, ജൂലൈ 2001, പുറം 4-5, തിരുവനന്തപുരം)

www.malankaralibrary.com

# 40

# ചരിത്രത്തിന്റെ ഏടുകളിൽ മാർ ഈവാനിയോസിനെ തേടുന്ന ഗ്രന്ഥം

ഡോ. ആന്നിയിൽ തരകൻ (കാഹളം, തിരുവനന്തപുരം)

മാർ ഈവാനിയോസ് എന്ന വ്യക്തിപ്രതിഭ ചരിത്രത്തിന്റെ ഏടുകളിൽ, പിൽക്കാലങ്ങളിൽ എത്രമാത്രം അന്വേഷണ വിഷയ മാകുമെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് "ചരിത്രത്തിന്റെ ഏടുകളിൽ മാർ ഈവാനിയോസിനെ തേടുന്ന ഗ്രന്ഥം". ഓരോ തലമുറയും മാർ ഈവാനിയോസ് എന്ന ആത്മീയ സ്രോതസ്സിൽ നിന്ന് വേണ്ടുവോളം ഊർജ്ജം സ്വീകരിക്കുകയും അതിലൂടെ ആ സ്രോതസ്സിന് തന്നെ പുതിയ തലങ്ങൾ നൽകുകയും ചെയ്യും എന്ന സത്യത്തിലേക്ക് ഈ കൃതി വിരൽ ചൂണ്ടുന്നു. മാർ ഈവാനിയോ സിനെത്തേടിപ്പോയ ഫാദർ സി. എം. ജോർജിലെ ചരിത്രകാരൻ തിരുമേനിയുടെ അറിയപ്പെടാത്ത ഭാവതലങ്ങളിലേക്ക് വെളിച്ചം വീശുന്നതോടൊപ്പം തന്റെ സ്വന്തം ജീവിതത്തെതന്നെ പുതിയ ഒരു കണ്ടെത്തലിന് വിധേയമാക്കുകയും ചെയ്യുന്നു.

50-ൽ പരം പേജുള്ള ഈ ചെറുഗ്രന്ഥം അവസാനിക്കുന്നത് പുനരൈക്യ മഹാസംഭവം നടന്ന കൊല്ലത്തെ ഭദ്രാസന - ചാപ്പലിൽ സ്ഥാപിച്ചിരിക്കുന്ന ശിലാഫലകത്തിന്റെ ഉള്ളടക്കത്തോടു

www.malankaralibrary.com


കൂടിയാണ്. ഫലകക്കുറിപ്പ് പുസ്തകത്തിന്റെ ഉള്ളടക്കത്തെ ഒരു സൂത്രവാക്യത്തിൽ അവസാനിപ്പിക്കുന്നു. മാർ ഈവാനിയോസിനെ പ്പറ്റി രചിക്കപ്പെട്ട വിവിധ ജീവചരിത്രങ്ങളെ വിലയിരുത്തുമ്പോൾ ഗവേഷണപാടവം ആവശ്യമായ ഒരു പ്രക്രിയയാണ് ചരിത്രരചന എന്ന് അനുവാചകരെ ഗ്രന്ഥകർത്താവ് ബോധ്യമാക്കുന്നു. "ഭാരത ന്യൂമാൻ" എന്ന ശീർഷകത്തിൽ പുസ്തകത്തിന്റെ രണ്ടാം അദ്ധ്യാ യത്തിൽ ന്യൂമാനെയും മാർ ഈവാനിയോസിനെയും പഠനവിഷ യമാക്കുമ്പോൾ, ഭാരത ന്യൂമാൻ എന്ന് വിളിച്ചത് ജി. കെ. ചെസ്റ്റർട്ട ണല്ല പിന്നെയോ പീടികയിൽ ബഹു. ഗീവർഗ്ഗീസ് അച്ചനാണെന്ന പരമാർത്ഥം പുനരാവിഷ്കരിക്കപ്പെടുന്നു. പുനരൈക്യത്തിന് പാത തെളിച്ച പുത്തൻ പീടികയിൽ ഗീവർഗ്ഗീസ് അച്ചന്റെയും, അഞ്ചൽ മത്തായിയച്ചന്റെയും കറ്റാനത്ത് ആന്നിയിൽ നൈനാൻ അച്ചന്റെയും അദ്ദേഹത്തിന്റെ സഹോദരൻ ഗീവർഗ്ഗീസ് തരകന്റെയും പുനരൈക്യ സങ്കല്പം പ്രസിദ്ധ വിക്ടോറിയൻ സാഹിത്യകാരനായ ന്യൂമാനിൽ പോലും ആരോപിക്കത്തക്കവിധം ശ്രേഷ്ഠമായിരുന്നു എന്നുകൂടി പ്രസ്തുത ലേഖനം സൂചിപ്പിക്കുന്നു. "ചെസ്റ്റർട്ടൺ കണ്ട പ്രെസ്റ്റർ ജോൺ ആണ് മാർ ഈവാനിയോസ്" എന്ന ലേഖനം, മാർ ഈവാ നിയോസിനെ പറ്റി ഇതുവരെ അധികമൊന്നും എഴുതപ്പെടാത്ത ഒരു താരതമ്യ സങ്കൽപ്പത്തിലേക്ക് വിരൽ ചൂണ്ടുക മാത്രമല്ല, പിന്നെയോ സ്ഥലകാല പരിധികൾക്കതീതമായി അദ്ദേഹത്തെ ഇതി ഹാസപുരുഷനായി മാറ്റുന്നു. ചരിത്രത്തിലെ യേശു വിശ്വാസത്തിലെ മിശിഹായായതുപോലെ മലങ്കര ഇതിഹാസത്തിന്റെ വീരനായക നായി മാർ ഈവാനിയോസ് തിരുമേനി മാറുന്നു.

മാർ ഈവാനിയോസ് സാമർത്ഥ്യവും സ്വാധീനശക്തിയു മുള്ള ഭരണതന്ത്രജ്ഞനാണെന്ന സർ സി.പി. രാമസ്വാമി അയ്യരുടെ അഭിപ്രായം തലക്കെട്ടായി നൽകി രചിച്ച ലേഖനം തികച്ചും കാലോ ചിതമാണ്. 12-ാം നൂറ്റാണ്ടിലെ ഹെൻട്രി രണ്ടാമൻ മഹാരാജാവിനെ എതിർത്ത തോമസ് ബെക്കറ്റിനെ പോലെ, തന്റെ ജനത്തെ സംര ക്ഷിക്കാനായി മഹാരാജാവിന്റെ ഉപദേഷ്ടാവായ സർ സി.പി. യെ മാർ ഈവാനിയോസ് തിരുമേനി എതിർത്ത സംഭവം ഇന്നത്തെ നേതാക്കന്മാർക്ക് ഒരു മാതൃകയാണ്. അതുകൊണ്ടായിരിക്കണം ജൂലൈ 15-ന് നടന്ന മാർ ഈവാനിയോസ് അനുസ്മരണാശുശ്രൂ ഷയിലും യോഗത്തിലും ഈ സംഭവം എല്ലാ പ്രസംഗകരുടെയും ചർച്ചയ്ക്ക് വിഷയീഭവിച്ചത്.

www.malankaralibrary.com



ഓർത്തഡോക്സ്, സമുദായത്തിൽ നിന്നും കഴിഞ്ഞ നൂറ്റാണ്ടിൽ ആദ്യഘട്ടത്തിൽ കത്തോലിക്കാ സഭയിൽ ചേർന്ന പ്രസിദ്ധനായ അഞ്ചൽ മത്തായി കത്തനാരുടെ മകൻ ഫാ. സി. എം. ജോർജ്ജ്, ജീവിതത്തിന്റെ സിംഹഭാഗവും കൊല്ലം ലത്തീൻ രൂപതയിൽ സേനവമനുഷ്ഠിച്ചെങ്കിലും, തന്റെ പിതാവിൽ നിന്നും ലഭിച്ച മലങ്കര പൈതൃകം അഭംഗുരം കാത്തുസൂക്ഷിക്കുന്നു എന്നതിന്റെ ഏറ്റം ശ്രദ്ധേയമായ തെളിവാണ് ഈ ഗ്രന്ഥം. കാഹളത്തിൽ ഖണ്ഡശഃയായി പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ തന്നെ ഈ ലേഖനങ്ങൾ ധാരാളം അനുവാചകരെ ആകർഷിച്ചു. അവ സമാഹാരമായി ഇപ്പോൾ പ്രസിദ്ധീകരിക്കുമ്പോൾ പിൻതലമുറയ്ക്ക് ഒരു മുതൽക്കൂട്ടായി മാറുന്നു.

(കാഹളം, സെപ്റ്റംബർ 2003, പേജ് 44, ഫാ. സി. എം. ജോർജ്ജ് എഴുതിയ "മാർ ഈവാനിയോസ് ചരിത്രത്തിന്റെ ഏടുകളിൽ" എന്ന ഗ്രന്ഥ റിവ്യൂ)

www.malankaralibrary.com

# 41

## പുനരൈക്യ സാരഥികൾ മാവേലിക്കര രൂപതയിൽ - 1900 മുതൽ 1930 വരെ

ഡോ. ആന്നിയിൽ തരകൻ (കാഹളം, തിരുവനന്തപുരം)

ധാരാളം ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ള മാവേലിക്കര പട്ടണം ആദികാല പുനരൈക്യ സാരഥികൾക്ക് ജന്മം നല്കി എന്നത് സ്വാഭാവികമാണ്. മാവേലിക്കര നിവാസികളുടെ ആദ്യത്തെ ആരാധനാലയം നിരണം സെന്റ് മേരീസ് ദൈവാലയം ആയിരുന്നു. കറ്റാനം, കായംകുളം എന്നീ സ്ഥലങ്ങളിലുള്ളവർ പോലും ആരാധനയ്ക്ക് പോയത് നിരണത്തെ വി. തോമാശ്ലീഹാ യാൽ സ്ഥാപിതമായ ദൈവാലയത്തിലായിരുന്നു. നിരണത്തുകൂടി ഒഴുകുന്ന പമ്പയാറിന്റെ തീരത്ത് മെച്ചപ്പെട്ട ഒരു തുറമുഖം ഉണ്ടാ യിരുന്നു എന്ന് ചരിത്രം പ്രഘോഷിക്കുന്നു. ഈ തുറമുഖം കൊല്ലം, കൊടുങ്ങല്ലൂർ എന്നീ പട്ടണങ്ങളുമായി നിരണത്തെ ബന്ധിപ്പിച്ചി രുന്നു. “തോമാക്കടത്ത്” എന്ന പേരിൽ ഇന്നും അറിയപ്പെടുന്ന പമ്പയുടെ തീരത്ത് ജലമാർഗ്ഗം വി. തോമാശ്ലീഹാ വന്നിറങ്ങി എന്നാണ് പാരമ്പര്യം. ആദ്യകാലങ്ങളിൽ നിരണം മുതൽ ചെന്നിത്തല പുഞ്ചവഴി മാവേലിക്കര വരെ വെള്ളത്താൽ ചുറ്റപ്പെട്ടിരുന്നു. നിരണം തുറമുഖത്തിന്റെ പ്രാന്ത പ്രദേശമായിരുന്നു മാവേലിക്കര.

www.malankaralibrary.com


വാണിജ്യകേന്ദ്രവും. ജലമാർഗ്ഗം വി. തോമശ്ലീഹാ നിരണത്തുനിന്നും മാവേലിക്കരയിലും വന്നിരിക്കാൻ വളരെ സാധ്യതയുണ്ട്. മാവേലിക്കര പട്ടണം ഒന്നാം നൂറ്റാണ്ടിൽ കേരളത്തിലുണ്ടായിരുന്ന ബുദ്ധമത കേന്ദ്രങ്ങളിൽ ഒന്നായിരുന്നു. ഇന്നും മാവേലിക്കര പട്ടണത്തിന്റെ ഒരു ഭാഗം ബുദ്ധജംഗ്ഷൻ എന്ന പേരിൽ അറിയപ്പെടുന്നത് ശ്രദ്ധേയ മായിരിക്കുന്നു. ബുദ്ധമത പഠനശാലകളും ആശ്രമങ്ങളും ഒന്നാം നൂറ്റാണ്ടിലെ മാവേലിക്കരയിൽ ഉണ്ടായിരുന്നു. സംവാദം മത പ്രചാരണത്തിന് ഉപയോഗിച്ച മിഷനറിമാരിൽ ശ്രദ്ധേയർ ബുദ്ധമത സന്ന്യാസികൾ ആയിരുന്നു എന്ന് അമർത്യാസെൻ തന്റെ 'ദ് ആർഗു മെന്റ്റീവ് ഇന്ത്യൻ' എന്ന ഗ്രന്ഥ ത്തിൽ സമർത്ഥിക്കുന്നു.

ഇന്ന് ക്രിസ്ത്യൻ ദൈവാലയത്തിൽ കാണുന്ന പൊതുയോഗം ബുദ്ധമതത്തിന്റെ സാംസ്കാരിക സംഭാവനയാണ്. ഇന്ത്യയിലെ ത്തിയ ശ്ലീഹായും സമൂഹത്തിലെ ഉന്നതരായ പണ്ഡിതൻമാരു മായുള്ള സംവാദത്തിലൂടെ വിശ്വാസം പ്രചരിപ്പിച്ചു. ആദ്യ ക്രിസ്തീയ സമൂഹത്തിന് അഭിമുഖീകരിക്കേണ്ടിവന്ന മതം ബുദ്ധമതവും അതിന്റെ വിശ്വാസ സംഹിതകളും ആയിരുന്നു. മാവേലിക്കരയിലെ ക്രൈസ്തവരുടെ സംസ്കാരം ബുദ്ധ-ഹൈന്ദവ ആചാരങ്ങളും യഹൂദ സമൂഹത്തിന്റെ ജീവിതശൈലിയും ഇടകലർന്നുണ്ടായതാണ്. ബി.സി. മൂന്നാം നൂറ്റാണ്ടോടുകൂടിയാണ് ബ്രാഹ്മണർ മാവേലിക്കര പ്രദേശത്ത് കടന്നുവന്നത്. എന്നാൽ മദ്ധ്യതിരുവിതാംകൂറിന്റെ പല സ്ഥലങ്ങളിലും നടന്നതു പോലെ, ബ്രാഹ്മണർ മാവേലിക്കരയിൽ പ്രബല സമൂഹമായി തീർന്നത് എ.ഡി. മൂന്നാം നൂറ്റാണ്ടു മുതൽ എട്ടാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടത്തിലാണ്. വടക്കെ ഇന്ത്യയിൽ ആയിരത്തി അഞ്ഞൂറു ബി.സി. മുതൽ നടപ്പിൽ വന്ന ചതുർവർണ്ണ സമ്പ്രദായം കേരളത്തിൽ പ്രബലമാകുന്നത് എ.ഡി. നാലും അഞ്ചും നൂറ്റാണ്ടുകൾ മുതലാണ്. ശ്ലീഹ ബന്ധപ്പെട്ട സമൂഹം ബ്രാഹ്മണരും ദ്രാവിഡ സമൂഹത്തിലെ ഉന്നതരുമായിരുന്നു. ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർ ഈ സമൂഹ ത്തിലെ അംഗങ്ങളായിരുന്നു. ഇവരിൽപ്പെട്ട പല കുടുംബങ്ങൾ ഇന്നും മാവേലിക്കരയിൽ 2000 ൽ പരം വർഷത്തെ വിശ്വാസ പാരമ്പര്യ വുമായി വസിക്കുന്നുണ്ട്.

മാർ ഇവാനിയോസ് തിരുമേനി ജനിക്കുന്നത് 1882 സെപ്റ്റം ബർ 21-ാം തീയതിയാണ്. അദ്ദേഹത്തിന്റെ ശവകുടീരത്തിൽ നല്കി യിരുന്ന സെപ്റ്റംബർ 8 എന്ന ജന്മതീയതി തെറ്റാണെന്ന് ഇവിടെ

www.malankaralibrary.com


ചൂണ്ടികാണിക്കട്ടെ. മദർ സൾഗായുടെ 'പുനരൈക്യത്തിന്റെ ആദ്യ കാലങ്ങളിൽ' എന്ന ഗ്രന്ഥത്തിലെ ഒന്നാം അദ്ധ്യായത്തിൽ അദ്ദേഹ ത്തിന്റെ ജനന തിയതി ശരിയായി നൽകിയിരിക്കുന്നത് കാണാം. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിന് മൂന്ന് ദശക ങ്ങൾക്കു മുമ്പ് ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പുനരൈ ക്യത്തിന്റെ നീരുറവകൾ മാവേലിക്കരയുടെ പല പ്രദേശങ്ങളിലും കാണപ്പെട്ടു. കറ്റാനമായിരുന്നു അതിന്റെ ശിരാകേന്ദ്രം. കൊല്ലം ലത്തീൻ ഭദ്രാസനത്തിന്റെ അധിപനായിരുന്ന ആർച്ചു ബിഷപ് ബെൻസിഗർ തിരുമേനി ഓർത്തഡോക്സുകാരുടെ ഇടയിൽ കത്തോലിക്കാ വിശ്വാസം പ്രചരിപ്പിക്കാൻ തുടങ്ങിയത് കറ്റാനം കേന്ദ്ര മാക്കിയായിരുന്നു. 1900 ആണ്ടോടുകൂടി ആർച്ചുബിഷപ്പ് ബെൻസിഗർ തിരുമേനിയുടെ ചിന്താമണ്ഡലത്തിൽ പുനരൈക്യമെന്ന സങ്കൽപ്പം രൂപം കൊണ്ടു. 1910 ൽ കറ്റാനം കേന്ദ്രമാക്കി ആ ദർശനത്തെ പ്രവൃത്തി പഥത്തിൽ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

1910 മുതൽ 1914 വരെ ബെൻസിഗർ തിരുമേനിയുടെ ആവേശ പൂർണമായ പ്രവർത്തന മണ്ഡലമായി മാറി കറ്റാനം. ആ പ്രവർത്തന ത്തിൽ അദ്ദേഹത്തെ സഹായിച്ചത് പന്തലയയോൺ എന്ന വൈദിക നായിരുന്നു. ഇദ്ദേഹം മാവേലിക്കര ലത്തീൻ ദൈവാലയത്തിലെ വികാരി യായിരുന്നു. 1914 ആയപ്പോഴേക്കും ബെൻസിഗർ തിരുമേനിയുടെ പ്രവർത്തനങ്ങൾ പൂവണിഞ്ഞു. കറ്റാനത്തെ ആന്നിയിൽ കുടുംബ ത്തിലെ ഗീവർഗ്ഗീസ് തരകനും അദ്ദേഹത്തിന്റെ കുടുംബവും ബെൻസിഗർ തിരുമേനിയുടെ തൃക്കരങ്ങളാൽ കത്തോലിക്കാ സഭയിലേക്ക് ആനയിക്കപ്പെട്ടു. ഇരുപതാം നൂറ്റാണ്ടിൽ ഓർത്തഡോക്സ് സഭയിൽ നിന്നും കത്തോലിക്കാ വിശ്വാസം ആശ്ലേഷിച്ച ആദ്യ വ്യക്തിയാ യിരുന്നു ഗീവർഗ്ഗീസ് തരകൻ. അദ്ദേഹത്തിന്റെ ഇളയ മകൻ കുഞ്ഞപ്പി എന്ന പേരിൽ അറിയപ്പെട്ടിരുന്ന എബ്രഹാം തരകൻ അന്നുണ്ടാ യിരുന്ന കൊല്ലത്തെ സെന്റ് തെരേസാ മേജർ സെമിനാരിയിൽ (ഇന്നത്തെ ഫാത്തിമ മാതാ കോളേജ്) വൈദിക വിദ്യാർത്ഥിയാ യിരുന്നു. അവിടെ പഠനം പൂർത്തിയാക്കി കൊല്ലം രൂപതയ്ക്കു വേണ്ടി വൈദികനായിതീർന്നു. 1964-ൽ ദീർഘകാല വൈദിക സേവന ത്തിനുശേഷം കൊടുവിള ദേവാലയത്തിൽ നിന്നും വിരമിക്കുകയും ഇഹലോകവാസം വെടിയുകയും ചെയ്തു. മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നും ലത്തീൻ കത്തോലിക്ക സഭയിൽ ചേർന്ന് വൈദികനായി തീർന്ന ആദ്യത്തെ സുറിയാനിക്കാരനായിരുന്നു

www.malankaralibrary.com


ഫാ. എബ്രഹാം തരകൻ. ഇന്ന് കറ്റാനത്തു കാണുന്ന സേക്രട്ട് ഹാർട്ട് ലത്തീൻ ദൈവാലയം ഓർത്തഡോക്സ് സഭയിൽ നിന്നും കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട വിശ്വാസികൾക്കു വേണ്ടി ബെൻസിഗർ തിരുമേനി ആരംഭിച്ചതാണ്. ഈ ദേവാലയത്തിന്റെ ആദ്യത്തെ വികാരി പിൽക്കാലങ്ങളിൽ കോട്ടാർ രൂപതയുടെ മെത്രാനായി തീർന്ന ലോറൻസ് പെരേര എന്ന വൈദികനായിരുന്നു. ഇദ്ദേഹം കായംകുളത്തെ ചെട്ടികുടി ആംഗ്ലോ ഇന്ത്യൻ കുടുംബാഗവുമാണ്.

മാവേലിക്കരയും അതിന്റെ പരിസരപ്രദേശത്തും നടന്ന പുനരൈക്യ ശ്രമങ്ങളെപ്പറ്റിയുള്ള ഏറ്റം ആധികാരികമായ ചരിത്രം രചിച്ചത് ബിഷപ്പ് ലോറൻസ് പെരേരയാണ്. 'ആർച്ചു ബിഷപ് ബൻസിഗർ എ കാർമെലൈറ്റ് ഇൻ ഇന്ത്യ' എന്ന ശീർഷകത്തിൽ രചിച്ച ഗ്രന്ഥത്തിന്റെ ആദ്യഭാഗങ്ങളിൽ കൊടുത്തിരിക്കുന്ന കറ്റാനം കേന്ദ്രമാക്കിയുള്ള പുനരൈക്യപഠനം ലോറൻസ് പെരേരയുടെ രചനയാണ്. ഈ ഗ്രന്ഥത്തിന്റെ രചയിതാക്കൾ റീത്ത ബെൻസിഗർ, മരയിലി ബെൻസിഗർ എന്നീ അമേരിക്കൻ ചരിത്രകാരികളാണ്.

1916 ആയപ്പോഴേക്കും ബെൻസിഗർ തിരുമേനിയുടെ പുനരൈക്യ പ്രവർത്തനങ്ങൾ ശക്തിപ്രാപിച്ചു. ആന്നിയിൽ ഗീവർഗ്ഗീസ് തരകന്റെ ഏറ്റം ഇളയ സഹോദരൻ നൈനാൻ ആന്നിയിൽ (പിൻ കാലങ്ങളിൽ നൈനാൻ വീട്ടിനാൽ സീനിയർ) കത്തോലിക്ക സഭയുമായി പുന രൈക്യപ്പെട്ടു. ആന്നിയിൽ ഫാ. നൈനാന്റെ പുനരൈക്യം മാർ ഈവാനി യോസ് തിരുമേനിയെ സ്വാധീനിച്ചു എന്ന് മദർ സൾഗ തന്റെ 'പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ' എന്ന ഗ്രന്ഥത്തിൽ പറയുന്നത് ശ്രദ്ധേയമാണ്. ഫാ. നൈനാന്റെ ഭാര്യ ശോശാമ്മ മാർ ഇവാനിയോസ് തിരുമേനി യുടെ കുടുംബാംഗമായിരുന്നു. ഫാ. നൈനാന്റെ കത്തോലിക്കാ വിശ്വാസ സ്വീകരണം, ഫാ. ജേക്കബ് മുളപ്പംപള്ളി, ചുനക്കരപ്പടി പ്പുരക്കൽ അച്ചൻമ്മാർ എന്നിവരുടെ പുനരൈക്യത്തിന് വഴി തെളിച്ചു. അതിന്റെ സ്വാധീനം പുത്തൻപീടികയിലും അഞ്ചലിലും അനുഭവ പ്പെടുകയുണ്ടായി. പുത്തൻപീടികയിൽ ഗീവർഗ്ഗീസ് അച്ചനും അഞ്ചൽ സി.കെ. മത്തായി കത്തനാരും പിൻകാലങ്ങളിൽ കത്തോലിക്കാ വിശ്വാസം സ്വീകരിക്കുകയുണ്ടായി. ഈ കാലഘട്ടത്തിൽ ആന്നിയിൽ ഫാ. നൈനാന്റെ മകൻ നൈനാൻ വീട്ടിനാൽ ജൂനിയർ പരുമല സെമിനാ രിയിലെ വൈദിക വിദ്യാർത്ഥിയായിരുന്നു. പിതാവ് കത്തോലിക്കാ വിശ്വാസം സ്വീകരിച്ചതിനു ശേഷം കൊല്ലത്തെ കത്തോലിക്ക സെമിനാരിയിലേക്ക് അയയ്ക്കപ്പെട്ടു. പിൽകാലങ്ങളിൽ ആലുവാ

www.malankaralibrary.com


സെമിനാരിയിൽ ചേർന്ന് പഠനം പൂർത്തിയാക്കി തിരുവനന്തപുരം അതിരൂപതയ്ക്ക് വേണ്ടി വൈദികനായി. കുറേക്കാലം സെന്റ് അലോഷ്യസ് സെമിനാരിയിലെ ലത്തീൻ പ്രൊഫസറായിരുന്നു അദ്ദേഹം.

മാവേലിക്കരയിൽ കുന്നം എന്ന പ്രദേശത്ത് വികാരിയായി കഴിഞ്ഞിരുന്ന ഫാ. റെബേയിര എന്ന വൈദികൻ ബെൻസിഗർ തിരുമേനിയുടെ പുനരൈക്യ പ്രവർത്തനങ്ങളുമായും പിന്നീട് മാർ ഇവാനിയോസ് തിരുമേനിയുടെ സഭാ പ്രവേശനമായും ബന്ധപ്പെട്ട വ്യക്തിയാണ്. മാർ ഈവാനിയോസ് തിരുമേനിയുടെ റോമുമായുള്ള കത്തിടപാടിൽ അദ്ദേഹം ഉപദേശം നൽകി സഹായിച്ചിട്ടുണ്ട്. 1930 ആയപ്പോഴേക്കും പുനരൈക്യശ്രമങ്ങൾ അതിന്റെ ഉന്നതകോടി യിലെത്തി. മാർ ഇവാനിയോസ് തിരുമേനി 1930 സെപ്റ്റംബർ 20-ാം തീയതി കൊല്ലം അരമന ചാപ്പലിൽ വച്ച് കത്തോലിക്കാവിശ്വാസം സ്വീകരിച്ചു. ചരിത്രത്തിന്റെ ഏടുകളിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തിയ ഈ ചരിത്ര സംഭവത്തിന് കാർമ്മികത്വം വഹിച്ചത് കൊല്ലം ആർച്ചുബിഷപ്പും സ്വിറ്റ്സർലന്റുകാരനും കർമ്മലീത്ത സന്ന്യാസിയുമായ ബെൻസിഗർ തിരുമേനിയായിരുന്നു. പുനരൈക്യ ത്തിന്റെ മുഹൂർത്തം രാവിലെയല്ലായിരുന്നു, പിന്നെയോ ഉച്ചയ്ക്ക് മൂന്നുമണിക്കായിരുന്നു. 2009-ൽ ഈ ലേഖകൻ റോമിലെ ഓറിയ ന്റൽ കോൺഗ്രിഗേഷനിൽ സൂക്ഷിച്ചിരിക്കുന്ന പുനരൈക്യവു മായി ബന്ധപ്പെട്ട കത്തുകൾ വായിക്കുകയുണ്ടായി. 1930-ൽ പുനരൈക്യത്തിന് ശേഷം ബെൻസിഗർ തിരുമേനി റോമിലേക്കെഴു തിയ കത്ത് ഈ ലേഖകൻ വായിച്ചു. ഈ കത്തിൽ ഈവാനിയോസ് തിരുമേനി സഭാപ്രവേശനം ചെയ്തത് സെപ്റ്റംബർ 20-ാം തീയതി മൂന്നു മണിക്കാകുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഈ കത്തി നോടുകൂടെ ഈ ലേഖകൻ കണ്ട എറണാകുളം ആർച്ചുബിഷപ്പ് കണ്ടത്തിൽ തിരുമേനിയുടെ കത്തും ഈവാനിയോസ് തിരുമേനി യുടെ പുനരൈക്യത്തിന്റെ മഹത്വം എടുത്തുകാണിക്കുന്നു.

1930 സെപ്റ്റംബർ 20-നു ശേഷം പുനരൈക്യവുമായി ബന്ധപ്പെട്ടു നടന്ന ഏറ്റവും വലിയ സംഭവമായിരുന്നു ബഥനി സന്ന്യാസിനികൾ സഭാപ്രവേശനം ചെയ്തത്. ബഥനി സന്ന്യാസിനി സമൂഹത്തിന്റെ ആദ്യകാല ചരിത്രവുമായി ബന്ധപ്പെട്ട മൂന്നു സിസ്റ്റേഴ്സ് മാവേലിക്കര രൂപതാംഗങ്ങളാണ്. ആച്ചിയമ്മ എന്ന പേരോടുകൂടിയ മദർ ഹൂബാ കായംകുളം പൊൻവാണിഭം കുടുംബാം

www.malankaralibrary.com


ഗമായിരുന്നു. ആന്നിയിൽ ഫാ. നൈനാന്റെ സഹോദരീ പുത്രിയായ മദർ ഹൂബാ തിരുവല്ലാ പ്രൊവിൻസിന് സുത്യർഹമായ സേവനം നൽകുകയുണ്ടായി. അന്നമ്മ എന്ന മാമോദീസാ നാമം സ്വീകരിച്ച മദർ സൾഗ കറ്റാനത്ത് ആന്നിയിൽ ചെറിയാൻ തരകന്റെ മകളായിരുന്നു. മുകളിൽ പറഞ്ഞ ഫാ. നൈനാന്റെ സഹോദരൻ കൂടിയാണ് അദ്ദേഹം. മദർ മാക്സ മാവേലിക്കര വടക്കേവീട്ടിൽ ജനിച്ച വ്യക്തിയാണ്. ഇവർ വളരെക്കാലം തിരുവനന്തപുരം പ്രൊവിൻസിന് നേതൃത്വം നൽകിയിരുന്നു.

മാർ ഈവാനിയോസ് തിരുമേനി മാവേലിക്കര സ്വദേശിയാണെന്നുള്ള കാര്യം പ്രത്യേകം സ്മരണീയമാണ്. ഇത് മാവേലിക്കര രൂപതയ്ക്ക് മാത്രം ലഭിക്കുന്ന അസുലഭമായ ഭാഗ്യമായി കാണണം. മലങ്കര സഭയുടെ തറവാടായി മാവേലിക്കര മാറുകയാണ് ഇതിലൂടെ. ഈ ലേഖകൻ കറ്റാനത്ത് 1943-ൽ ജനിച്ചെങ്കിലും ലേഖകന്റെ പിതൃഭവനം മാവേലിക്കര പോളച്ചിറയ്ക്കൽ കുടുംബമാണ്. ഈ ലേഖനം സ്വന്തം നാടിന്റെ ക്രൈസ്തവ വിശ്വാസചരിത്രം പുനർജ്ജീവിക്കാനുള്ള ഒരു മാർഗ്ഗമായി കാണുന്നു. ചരിത്രത്തിന്റെ അഭിഭാജ്യഘടകം ഭൂതകാലം മാത്രമല്ല. പിന്നെയോ വർത്തമാനകാലവും. വർത്തമാനകാലം ഭൂതകാലത്തിന് പുനർജീവൻ നൽകുന്നില്ലെങ്കിൽ ഭൂതകാലത്തിന് നിലനിൽപ്പില്ലാതെ പോകുന്നു. ചരിത്രകാരൻ വർത്തമാനകാലത്തിൽ സ്ഥിതി ചെയ്യുന്നതുകൊണ്ട് ഭൂതകാലവും വർത്തമാനകാലവും തമ്മിൽ ബന്ധിപ്പിച്ച് പരസ്പരം പൂരകങ്ങളാക്കി മാറ്റുന്നു എന്ന കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രൊഫസ്സർ എച്ച്. എച്ച്. കാറി (H.H. Carr) ന്റെ അഭിപ്രായം തികച്ചും ശരിതന്നെ. ചരിത്രമില്ലാത്ത സമൂഹം സ്ഥലകാലങ്ങളിൽ പരിത്രാണനത്തിന് വിധേയമാകുന്നില്ല എന്ന റ്റി.എസ്. എലിയട്ടിന്റെ വാദം തികച്ചും അർത്ഥ വത്താണ്.

1900 മുതൽ 1930 വരെയുള്ള കാലഘട്ടമാണ് ഈ ചെറിയ ലേഖനത്തിന്റെ സമയപരിധി. ഈ മൂന്നു ദശകങ്ങൾ മാത്രം പഠന വിഷയമാകുമ്പോൾ മാവേലിക്കര രൂപതയിൽ തന്നെ എത്രമാത്രം വ്യക്തികളും കുടുംബങ്ങളും പുനരൈക്യത്തിന്റെ മുന്നോടികളായിരുന്നു എന്ന് മനസ്സിലാക്കുവാൻ കഴിയും.

(കാഹളം, 2013 സെപ്റ്റംബർ, തിരുവനന്തപുരം)

www.malankaralibrary.com

# 42

## മലങ്കര സഭയുടെ അമ്പതു വർഷത്തെ സുധീരമായ മുന്നേറ്റം

ഡോ. ആന്നിയിൽ തരകൻ (കേരളകൗമുദി, തിരുവനന്തപുരം)

മൂന്നുലക്ഷത്തോളം വരുന്ന മലങ്കര സുറിയാനിക്കാർ റോമാ മാർപാപ്പയുമായുള്ള തങ്ങളുടെ പുനരൈക്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുകയാണ്. ഇവർ മാർത്തോമാശ്ലീഹായാൽ സ്ഥാപിതമായ ഇന്ത്യൻ സഭയുടെ ഒരു വിഭാഗമത്രേ. പൗരാണികമായ ആദ്ധ്യാത്മിക പാരമ്പര്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനു വേണ്ടിയുള്ള ഒരു ജനതയുടെ ധീര പോരാട്ടത്തിന്റെ ചരിത്രമാണ് പുനരൈക്യശേഷമുള്ള അൻപതു വർഷങ്ങളിൽ നാം കാണുന്നത്.

കന്യാകുമാരി മുതൽ വടക്കു മലബാറിനും അപ്പുറത്തു മൈസൂർ വരെയും മലങ്കരസഭ വ്യാപിച്ചുകിടക്കുന്നു. മലങ്കരസഭാ വിശ്വാസികൾ മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അധികാരത്തിൽപ്പെട്ട തിരുവനന്തപുരം അതിരൂപതയിലും, മാർ യൂഹാനോൻ, മാർ ബസേലിയോസ് എന്നീ തിരുമേനിമാരുടെ നേതൃത്വത്തിൻ കീഴിൽ തിരുവല്ല, ബത്തേരി രൂപതകളിലുമായി അധിവസിച്ചുവരുന്നു.

കർത്താവിന്റെ വത്സലശിഷ്യനായ മാർത്തോമാ ശ്ലീഹായാൽ സുവിശേഷവൽകരിക്കപ്പെട്ടതാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ

www.malankaralibrary.com


എന്നുള്ളതാണ് പാരമ്പര്യവിശ്വാസം. കൊടുങ്ങല്ലൂരിൽ വന്നുചേർന്ന വി. തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണം ശ്രവിച്ച ചില ബ്രാഹ്മണകുടുംബങ്ങൾ ക്രിസ്ത്യാനികളായിത്തീർന്നു. ഇപ്പോഴും ചില ഹൈന്ദവാചാരങ്ങൾ മാർത്തോമ്മാ ക്രിസ്ത്യാനികൾ അനുഷ്ഠിച്ചു പോരുന്നുണ്ട്. റവ. ഫാദർ പ്ലാസിഡ് ഇപ്രകാരം എഴുതിയിരിക്കുന്നു. സംസ്കാരത്തിൽ ഞങ്ങൾ ഹിന്ദുക്കളും വിശ്വാസത്തിൽ ഞങ്ങൾ ക്രിസ്ത്യാനികളും, ആരാധനാരീതിയിൽ ഞങ്ങൾ പൗരസ്ത്യരുമാണ്. ആകെയുള്ള കേരളത്തിലെ രണ്ടുകോടി ജനങ്ങളിൽ ഇരുപതു ശതമാനത്തോളം വരുന്ന കേരള ക്രൈസ്തവരെപ്പോലെ ദേശീയ ആചാരവുമായി ഇത്ര താദാത്മ്യം പ്രാപിച്ചിട്ടുള്ള ക്രിസ്ത്യാനികളെ ലോകത്തിൽ മറ്റൊരിടത്തും കാണാൻ സാദ്ധ്യമല്ല.

ഭാരതത്തിൽ ആകെയുള്ള 60 ലക്ഷം കത്തോലിക്കരിൽ 30 ലക്ഷത്തോളം സുറിയാനി ക്രിസ്ത്യാനികളാണ്. മലങ്കര കത്തോലിക്കർ മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നുമാണ് പുനരൈക്യപ്പെട്ടിട്ടുള്ളത്. കേവലം അഞ്ച് അംഗങ്ങളെക്കൊണ്ട് ആരംഭിച്ച പുനരൈക്യ പ്രസ്ഥാനം ഇന്നിതാ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ സ്തുത്യർഹമായ സ്ഥാനം നേടിക്കഴിഞ്ഞിരിക്കുന്നു.

പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പോർട്ടുഗീസുകാരുടെ മലബാർ പ്രവേശനത്തോടുകൂടി മലങ്കരസഭയിൽ ഒരു വലിയ പിളർപ്പുണ്ടായി. അന്നുവരെ മലബാർ ക്രിസ്ത്യാനികൾ പരിശുദ്ധ റോമാ സിംഹാസനവുമായി സുദൃഢമായ ഐക്യത്തിൽ വർത്തിച്ചിരുന്നു. പ്രധാന കേന്ദ്രമായ അങ്കമാലി ആസ്ഥാനമാക്കി 114 ഇടവകകളിലായി 30,000 ക്രിസ്ത്യാനികൾ അന്ന് മലങ്കരയിലുണ്ടായിരുന്നു. 1597-ൽ അവസാനത്തെ സുറിയാനി ആർച്ച് ബിഷപ്പായ മാർ എബ്രഹാമിന്റെ നിര്യാണത്തോടുകൂടി അവരോധിക്കപ്പെട്ട മെനേസിസ് എന്ന ഗോവൻ ആർച്ച്ബിഷപ്പ് തങ്ങൾ അന്നുവരെ സ്വീകരിച്ചതനുസരിച്ചു പോന്ന സുറിയാനി ആചാരങ്ങളെ നിഷേധിക്കുകയും ലത്തീൻ ആരാധനാക്രമങ്ങൾ സുറിയാനി ക്രിസ്ത്യാനികളുടെ മേൽ അടിച്ചേൽപ്പിക്കുകയും ചെയ്തു.

മാർത്തോമ്മാ ക്രിസ്ത്യാനികൾ ഈ പാശ്ചാത്യവൽക്കരണത്തെ നഖശിഖാന്തം എതിർത്തു. ഈ പ്രതിസന്ധിഘട്ടത്തിൽ സുറിയാനിക്കാരുടെ ആവശ്യപ്രകാരം പേർഷ്യൻ സഭയിൽ നിന്നും അയയ്ക്കപ്പെട്ട അഹത്തള്ള മെത്രാനെ പോർട്ടുഗീസുകാർ കടലിൽ കെട്ടിത്താഴ്ത്തി എന്നൊരു കിംവദന്തി നാടെങ്ങും പരന്നു. അഹത്തള്ളയെ സ്വീകരിക്കാൻ കൊച്ചി തുറമുഖത്തെത്തിയ സുറിയാനി

www.malankaralibrary.com

ക്രിസ്ത്യാനികളെ പ്രസ്തുത ശ്രുതി രോഷാകുലരാക്കി. അതിന്റെ പ്രത്യാഘാതമാകട്ടെ അവരെന്നെന്നേക്കുമായി പരിശുദ്ധ സിംഹാസനവുമായുള്ള ഐക്യത്തിൽ നിന്നും വിച്ഛേദിക്കപ്പെട്ടു. ചരിത്ര പ്രസിദ്ധമായ കൂനൻ കുരിശു സത്യം വഴി പോർട്ടുഗീസ് ആധിപത്യം അവർ വലിച്ചെറിയുകയും അത് അന്ത്യോക്യയിലുള്ള യാക്കോബായ പാത്രിയർക്കീസിന് കീഴ്പ്പെടാനുള്ള നിർഭാഗ്യാവസ്ഥയ്ക്ക് വഴി തെളിക്കുകയും ചെയ്തു. അങ്ങനെ കേരളത്തിൽ യാക്കോബായ ഓർത്തഡോക്സ് സഭയുടെ ആരംഭത്തിന് ഇത് കാരണമായിത്തീർന്നു.

ഈ ഭിന്നിപ്പിനുശേഷം മലങ്കര യാക്കോബാക്കാരുടെ ഇടയിൽ തിരിച്ചു വരവിനായുള്ള ഒരു പരിശ്രമം എക്കാലത്തുമുണ്ടായിട്ടുണ്ട്. എന്നാൽ അവയെല്ലാം പരാജയപ്പെട്ടു. ബഥനിയുടെ മെത്രാപ്പൊലീത്താ ആയിരുന്ന മാർ ഇവാനിയോസ് തിരുമേനിയെ പുനരൈക്യശ്രമത്തിനുവേണ്ടി മുൻകൈയെടുത്തു പ്രവർത്തിക്കുവാൻ യാക്കോബായ സഭാദ്ധ്യക്ഷൻമാർ ചുമതലപ്പെടുത്തുകയുണ്ടായി. ആ ദീർഘകാലാഭിലാഷം 1930-ൽ സഫലമായിതീർന്നു. പക്ഷേ പുനരൈക്യശ്രമത്തിന് പ്രോത്സാഹനം നൽകിയവർ തക്കസമയത്ത് പിൻമാറുകയാണുണ്ടായത്.

ഭാരതസഭാ ചരിത്രത്തിൽ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെട്ട പുനരൈക്യ പ്രസ്ഥാനത്തിന് 1930-ൽ ആരംഭം കുറിച്ചുകൊണ്ട്, 1653-ൽ കൂനൻ കുരിശ്ശിൽ കെട്ടിയ ആലാത്ത് വെട്ടിമുറിച്ചു. ചരിത്രകാരൻമാർ ഇതിനെ ഓക്സ്ഫോർഡ് മൂവ്മെന്റുമായി സാമ്യപ്പെടുത്തുന്നു. അങ്ങനെ മാർ ഈവാനിയോസ് തിരുമേനി ഭാരത ന്യൂമാൻ എന്ന അപര നാമധേയത്തിനർഹനായി.

സഭ എക്കാലത്തും പാവങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചിട്ടുണ്ട്. അഭിവന്ദ്യനായ മാർ ഗ്രിഗോറിയോസ് തിരുമേനി പ്രതിവർഷം അഞ്ചു ലക്ഷത്തിൽ പരം രൂപ അഗതികൾക്കും രോഗികൾക്കുമായി നീക്കിവയ്ക്കുന്നുണ്ട്. തന്റെ ആകെ വരവിന്റെ അറുപതു ശതമാനമാണിത്. തിരുവനന്തപുരത്തു നിന്ന് ഏകദേശം 20 കിലോമീറ്റർ വടക്ക് പിരപ്പൻകോട് സ്ഥാപിച്ചിട്ടുള്ള സെന്റ് ജോൺസ് കുഷ്ഠരോഗാശുപത്രി, മലങ്കര സഭയ്ക്ക് അഗതികളോടും രോഗികളോടുമുള്ള കരുണയുടെ പ്രത്യക്ഷ സാക്ഷ്യമാണ്. അവിടെ ജോലി ചെയ്യുന്ന ബഥനി സിസ്റ്റേഴ്സ് കുഷ്ഠരോഗികൾക്ക് സ്നേഹമുള്ള അമ്മമാരും ശുശ്രൂഷകരും സഹോദരിമാരുമാണ്. അറുപതിൽ പരം ക്ലിനിക്കുകളും ഇരുപതിൽപ്പരം മെഡിക്കൽ സെന്ററുകളും കേരളത്തിലേ നാട്ടിൻ പുറങ്ങളിൽ പ്രവർത്തിച്ചു കൊണ്ട് ആശുപത്രികളിൽ അഭയം തേടുവാൻ വിമുഖരായ രോഗികളെ ശുശ്രൂഷിക്കുന്നു.

www.malankaralibrary.com



മാർ അത്തനാസ്യോസ് തിരുമേനിയാൽ സ്ഥാപിതമായ പുഷ്പഗിരി ഹോസ്പിറ്റൽ അനേകം രോഗികൾക്ക് ആശ്രയം നൽകി കൊണ്ട് വിപുലമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഇന്ന് മലങ്കര സഭയിൽ 363 വൈദികരും 700–ൽ പരം സിസ്റ്റേഴ്സും ധാരാളം ബ്രദേഴ്സും അനേകം അല്മായ പ്രതിനിധികളും, ഏതാണ്ട് 705 മിഷനുകളിൽ കൂടി പാവപ്പെട്ടവർക്ക് സഹായഹസ്തവുമായി എത്തിച്ചേരുന്നു.

വിദ്യാഭ്യാസ മണ്ഡലത്തിൽ പ്രധാനമായ ഒരു സ്ഥാനം മലങ്കര സഭയ്ക്കുണ്ട്. 1949–ൽ സ്ഥാപിതമായ മാർ ഈവാനിയോസ് കോളേജ് ഏദേശം ഒരുലക്ഷം ആളുകൾക്ക് ഉന്നത വിദ്യാഭ്യാസം നൽകി യിട്ടുണ്ട്. 1964–ൽ സ്ഥാപിതമായ അഞ്ചൽ കോളേജ് ഗ്രാമ പ്രദേശ ങ്ങളിൽ വിദ്യാഭ്യാസലക്ഷ്യം സുസാദ്ധ്യമാക്കിത്തീർത്തിട്ടുണ്ട്.

ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 60 ഹൈസ്കൂളു കളും, 150 പ്രൈമറി സ്കൂളുകളും, അത്രയും തന്നെ ലോവർ പ്രൈമറി സ്കൂളുകളും, 300 നഴ്സറി സ്കൂളുകളും, ആറ് അനാഥാലയങ്ങളും, മലങ്കരസഭയുടെ കീഴിൽ നടക്കുന്നുണ്ട്.

മാർ ഗ്രിഗോറിയോസ് തിരുമേനിയാൽ സ്ഥാപിതമായ ഗാർമെന്റ് മേക്കിംഗ് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ഉപാധിയത്രേ. ഏകദേശം 300–ൽ പരം പെൺകുട്ടികൾ അവിടെ തൊഴിൽ കണ്ടെ ത്തിയിരുക്കുന്നു. മാവേലിക്കരയിലുള്ള കയർ ലാംപ് ഇൻഡസ്ട്രിയും തോട്ടപ്പള്ളിയിൽ നടക്കുന്ന മത്സ്യവ്യവസായ പദ്ധതിയും ഐസ് പ്ലാന്റും അനേകം തൊഴിൽ രഹിതർക്ക് ഉപജീവന മാർഗ്ഗമാണ്.

അങ്ങനെ പെരുനാട് ബഥനിമലയിൽ ഉരുത്തിരിഞ്ഞ പുനരൈക്യ പ്രസ്ഥാനം പാശ്ചാത്യർക്കും പൗരസ്ത്യർക്കും ഒന്നു പോലെ പ്രകാശവും പ്രചോദനവും നൽകികൊണ്ട് ഇതാ 50 വർഷം പിന്നിട്ടിരിക്കുന്നു!

(കേരളകൗമുദി 1980 ഡിസംബർ 27 ശനി പുറം 9. ഈ ലേഖനം 1980 ഡിസംബർ 31–ലെ സത്യദീപം ആഴ്ചപ്പതിപ്പിലും പ്രസിദ്ധീകരിക്കുകയുണ്ടായി. പുറം 3& 4)

www.malankaralibrary.com

# 43

## മലങ്കരസഭ ബാഹ്യഭാരതത്തിൽ

ഡോ. ആന്നിയിൽ തരകൻ (സത്യദീപം, കൊച്ചി)

വടക്കേ അമേരിക്കയിലെയും യൂറോപ്പിലെയും മലങ്കര സഭയുടെ അപ്പസ്തോലിക സന്ദർശകനായി മെത്രാൻ പദവിയോടു കൂടി മോൺ ഐസക് തോട്ടുങ്കലിനെ (അഭിവന്ദ്യ ക്ലീമിസ് തിരുമേനിയെ) പരി. പിതാവ് നിയമിച്ചപ്പോൾ, അതു ബാഹ്യ ഭാരത മലങ്കര സഭാമക്കളുടെ ചിരകാലസ്വപ്നത്തിന്റെ സാക്ഷാത്കാരമായി ത്തീർന്നു.

ബാഹ്യഭാരതത്തിൽ മലങ്കരക്കാർ കൂടുതലായി താമസിക്കുന്നതു വടക്കേ അമേരിക്കയിലാണ്. ഇപ്പോൾ അവിടെ സഭയ്ക്കു 12 കേന്ദ്രങ്ങളുണ്ട്. ഒമ്പതു വൈദികർ സേവനം ചെയ്യുന്നു. ന്യൂയോർക്കിലാണു മലങ്കരസഭാംഗങ്ങൾ കൂടുതൽ വസിക്കുന്നത്. 1984-ലാണു സഭയ്ക്ക് ഇവിടെ ഔപചാരികമായി ആരംഭം കുറിക്കപ്പെട്ടത്.

ഇപ്പോൾ ന്യൂയോർക്കു നഗരത്തിലുള്ള മാൻഹാറ്റൻ, ന്യൂറോഷിൽ, ലോംഗ് ഐലന്റ്, സ്റ്റാറ്റൻ ഐലന്റ്, ക്യൂൻസ്, ന്യൂ ജേഴ്സി, ബ്രോൺസ് എന്നീ സ്ഥലങ്ങളിൽ മലങ്കരസഭയ്ക്കു ദൈവാലയങ്ങ

www.malankaralibrary.com


ളുണ്ട്. ന്യൂ ജേഴ്സിയിൽ പത്തേക്കർ സ്ഥലവും ഒരു കെട്ടിടവും സഭയ്ക്കു സ്വന്തമായുണ്ട്.

ന്യൂയോർക്കിൽ തുടങ്ങും മുമ്പേ ഔപചാരികമായി 1983-ൽ തുടങ്ങിയ മിഷനാണു ചിക്കാഗോ. ഇവിടെ എല്ലാവിധ സൗകര്യങ്ങളോടുകൂടിയ ഒരു ദൈവാലയം സഭയ്ക്കു സ്വന്തമായുണ്ട്. ചിക്കാഗോ കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട മിഷൻകേന്ദ്രം വാഷിംഗ്ടൺ ആണ്. മലങ്കരസഭക്കാർ പൊതുവെ കുറവാണിവിടെ. എങ്കിലും അമേരിക്കയുടെ തലസ്ഥാനനഗരിയിലെ സഭയുടെ സാന്നിദ്ധ്യം ഏറെ പ്രാധാന്യമർഹിക്കുന്നു. ചിക്കാഗോ കഴിഞ്ഞാൽ മലങ്കരയുടെ ശക്തികേന്ദ്രമാണ് ഹൂസ്റ്റൻ. ഡാളസ് എന്നീ പട്ടണത്തിലും മലങ്കര സഭയ്ക്കു ദൈവാലയമുണ്ട്. 1991-ൽ പ്രാർത്ഥനാ യോഗം മാത്രമായി ആരംഭിച്ച ഡാളസിലെ കൂട്ടായ്മ 1993-ൽ ഇടവകയായി ഉയർന്നു.

അറുപതുകളിൽ നഴ്സിംഗ് പരിശീലനത്തിനു പോയ പെൺകുട്ടികളും അവരുടെ കുടുംബങ്ങളുമാണ് ജർമനിയിലെ പ്രധാന മലങ്കരസമൂഹം. 1997 മുതൽ ഫ്രാങ്ക്ഫുർട്ട്, ബോൺ, ഹൈഡൽബെർഗ്, മൈൻസ്, ക്രേഫെൽസ് എന്നിങ്ങനെ മേഖലകൾ തിരിച്ചു ജർമനിയിലെ സഭാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയാണ്.

ക്ലീമിസ് തിരുമേനി യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളിലെ മലങ്കരസഭാപ്രവാസി സമൂഹത്തിന്റെ ഇടയനാകുന്നതോടുകൂടി അവിടുത്തെ സഭയ്ക്കു പുതിയൊരു രൂപവും ഭാവവും വന്നുചേർന്നിരിക്കുകയാണ്. നൂറ്റാണ്ടുകളായി വളർന്നുവന്ന അപ്പസ്തോലിക പാരമ്പര്യവും ചരിത്രവും നിലനിർത്തിക്കൊണ്ടു മലങ്കരസമൂഹത്തെ സാർവത്രികസഭയുടെ ഭാഗമാക്കി വളർത്തിയെടുക്കുക എന്നുള്ളതായിരിക്കും യൂറോപ്പിലെയും അമേരിക്കയിലെയും സഭാപ്രവർത്തനങ്ങളുടെ ലക്ഷ്യം.

(സത്യദീപം 2001 ആഗസ്റ്റ് 8, പുറം 5)

www.malankaralibrary.com

# 44

## മലങ്കരസഭ അമേരിക്കൻ ഐക്യനാടുകളിൽ

ഡോ. ആന്നിയിൽ തരകൻ (ഐക്യദീപം, തിരുവല്ല)

2001 ജൂൺ മാസം 18-ാം തീയതി പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ബത്തേരി രൂപതാ വികാരി ജനറാൾ ഫാ. ഐസക് തോട്ടുങ്കലിനെ (അഭിവന്ദ്യ ക്ലീമിസ് തിരുമേനിയെ) വടക്കേ അമേരിക്കയിലേയും യൂറോപ്പിലേയും മലങ്കര സഭയുടെ അപ്പസ്തോലിക സന്ദർശകനായി നിയമിച്ചു. മെത്രാൻ പദവിയോടുകൂടിയുള്ള അദ്ദേഹത്തിന്റെ ഈ നിയമനം ബാഹ്യഭാരത മലങ്കര സഭാ മക്കളുടെ ചിരകാല സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ്.

1930-ൽ നടന്ന മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് മലങ്കരയുടെ തനതായ പാരമ്പര്യത്തേയും ആദ്ധ്യാത്മിക സംസ്കാരത്തെയും നിലനിർത്തുക എന്നതായിരുന്നു. ആ ലക്ഷ്യപ്രാപ്തി കേരളത്തിലെ ഏതാനും പ്രാദേശിക രൂപതകൾക്കുള്ളിൽ മാത്രം ഒതുക്കി നിർത്തുവാനുള്ളതല്ല. മലങ്കരസഭ ബാഹ്യകേരളത്തിലും ബാഹ്യഭാരതത്തിലും ഒരു ശക്തിയായിത്തീർന്നതോടെ സഭയുടെ ആത്മീയ സംസ്ക്കാരത്തിന് ഊന്നൽ നൽകുന്ന അജപാലന ക്രമീകരണം അവിടെ ഉണ്ടാകേ

www.malankaralibrary.com


ണ്ടത് ആവശ്യമാണ്. അതുകൊണ്ടായിരിക്കണം മലങ്കര സഭാമേലദ്ധ്യക്ഷൻ സിറിൽ മാർ ബസേലിയോസ് തിരുമേനി 1995-ൽ ആദ്ലീമിന സന്ദർശനത്തിന് റോമിൽ പോയപ്പോൾ യൂറോപ്പ്, അമേരിക്ക, ഗൾഫ് പ്രദേശങ്ങൾ, വടക്കേ ഇന്ത്യൻ പട്ടണങ്ങൾ എന്നിവിടങ്ങളിലെ മലങ്കര പ്രവാസി സമൂഹത്തിന് അവരുടേതായ അജപാലന സംവിധാനം ആവശ്യമാണെന്ന് വാദിച്ചത്.

ആഗോള കത്തോലിക്കാ സഭയിൽ ആകെ ഇരുപത്തിയൊന്ന് പൗരസ്ത്യ സഭാവിഭാഗങ്ങളാണ് ഉള്ളത്. എത്യോപ്യൻ, റുത്തേനിയൻ എന്നീ സഭകളെപ്പോലെ, മലങ്കരസഭയും ഒരു മെത്രാപ്പോലീത്തൻ സഭയാണ്. മലങ്കര സഭയുടെ അപ്പസ്തോലിക പാരമ്പര്യവും അതിന്റെ ഇപ്പോഴത്തെ വളർച്ചയും കണക്കിലെടുക്കുമ്പോൾ യൂറോപ്പിലും അമേരിക്കയിലുമുള്ള മലങ്കരക്കാരുടെ അജപാലനം, മലങ്കര കത്തോലിക്കാ സഭ അർഹിക്കുന്നതാണ്. വന്ദ്യ ക്ലീമിസ് തിരുമേനിയുടെ അപ്പസ്തോലിക സന്ദർശകനായുള്ള നിയമനം ഇതിന്റെ സാക്ഷാത്കാരമാണ്. നൈയാമികമായി അപ്പസ്തോലിക സന്ദർശകൻ മെത്രാനായിരിക്കണമെന്നില്ല. എന്നാൽ മെത്രാൻ പദവി നൽകി അദ്ദേഹത്തെ ആദരിച്ചത് സാർവ്വത്രികസഭയിൽ മലങ്കര സഭയ്ക്കുള്ള പ്രാധാന്യം എടുത്തു കാണിക്കുന്നു. കഴിഞ്ഞ മേയ് 13-ന് സെന്റ് തോമസ് എപ്പാർക്കി ഓഫ് ചിക്കാഗോ എന്ന പേരിൽ മലബാർ സഭയ്ക്ക് രൂപത ലഭിച്ചതുപോലെ, മലങ്കര സഭയ്ക്കും ബാഹ്യ ഭാരതത്തിൽ രൂപത ഉണ്ടാകേണ്ടത് ഇന്നിന്റെ ആവശ്യമാണെന്നേ ആരും പറയും. അഭിവന്ദ്യ ക്ലീമിസ് പിതാവിന്റെ നിയമനം ഈ സാഹചര്യത്തിൽ സഭയുടെ അന്തഃസത്തയ്ക്ക് അനുസൃതമായിരിക്കുന്നു എന്നത് അത്യന്തം ശ്രദ്ധേയമാണ്. കടലുകൾക്കപ്പുറം മലങ്കര സഭയ്ക്ക് ഇടയനും അജപാലന സംവിധാനവും ലഭിക്കുന്നതോടെ ലോകഭൂപടത്തിൽ സഭയ്ക്ക് സ്ഥാനം ലഭിയ്ക്കുന്നു. ഇതിന്റെ പിന്നിൽ അവിശ്രാന്തം പ്രയത്നിച്ച സിറിൽ മാർ ബസേലിയോസ് തിരുമേനിയെ മലങ്കര സഭ നന്ദിയോടെ ഓർക്കുന്നു.

ബാഹ്യഭാരതത്തിൽ മലങ്കരക്കാർ കൂടുതലായി താമസിക്കുന്നത് വടക്കേ അമേരിക്കയിലാണ്. അക്കാരണത്താൽ തന്നെ ബാഹ്യ ഭാരത മലങ്കരസഭയുടെ കേന്ദ്രസ്ഥാനം വടക്കേ അമേരിക്ക ആയിരിക്കും. ഇപ്പോൾ നോർത്ത് അമേരിക്കയിൽ മലങ്കര സഭയ്ക്ക് 12 കേന്ദ്രങ്ങളുണ്ട്. ഇവിടെ ഒൻപത് വൈദികർ ശുശ്രൂഷ നടത്തുന്നു.

www.malankaralibrary.com



ന്യൂയോർക്കിലാണ് മലങ്കരക്കാർ കൂടുതലായി അധിവസിക്കുന്നത്. ന്യൂയോർക്കിലെ മലങ്കര സഭയ്ക്ക് ഔപചാരികമായി തുടക്കം കുറിച്ചത് 1984 ഓഗസ്റ്റ് മാസം 30-ാം തീയതി ആയിരുന്നു. ഫോർഡ്ഡാം യൂണിവേഴ്സിറ്റിയിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ മാർ ഗ്രിഗോറിയോസ് തിരുമേനിയും ന്യൂയോർക്ക് ആർച്ച് ബിഷപ്പ് ഓക്കോണറും സ്റ്റാംഫോർഡിലെ യുക്രേനിയൻ ബിഷപ്പ് ബാസിൽ ലോസ്റ്റനും സന്നിഹിതരായിരുന്നു. ഇവിടുത്തെ മലങ്കര സമൂഹത്തിന്റെ ആദ്യത്തെ ആദ്ധ്യാത്മികഗുരു കോർ ബിഷപ്പ് ജോൺ മേളാംപറമ്പിലായിരുന്നു. 1984 ജൂൺ 5-ന് ന്യൂയോർക്ക് അതിരൂപതയുടെ വൈസ് ചാൻസിലറായ മോൺ. കെവിൻ ജെ. കോളേറാൻ മലങ്കരക്കാർക്ക് ആത്മീയ ശുശ്രൂഷ നൽകാനുള്ള അധികാരം കോർ ബിഷപ്പ് ജോൺ മേളാം പറമ്പിലിന് രേഖാമൂലം നൽകുകയുണ്ടായി. ഇക്കാര്യം 1984 ജൂൺ 21-ന് കാത്തലിക് ന്യൂയോർക്ക് എന്ന പത്രത്തിൽ (പുറം 22) വാർത്തയായി പ്രസിദ്ധീകരിച്ചിരുന്നു. ഇദ്ദേഹം 1988 വരെ ഈ ശുശ്രൂഷയിൽ തുടർന്നു. പിന്നീട് ഏതാനും മാസങ്ങളിലേക്ക് ഫാ. ജോൺ കല്ലൂർ (ഇന്നത്തെ മാർത്താണ്ഡം രൂപതാ അദ്ധ്യക്ഷൻ ക്രിസോസ്റ്റം തിരുമേനി) വാഷിംഗ്ടണിൽ നിന്നു വന്ന് ന്യൂയോർക്കിൽ ശുശ്രൂഷകൾ നടത്തുക പതിവായിരുന്നു. 1988 സെപ്തംബർ മുതൽ 1997 -വരെ മണ്ണിക്കരോട്ട് കോർ എപ്പിസ്കോപ്പ ന്യൂയോർക്കിലെ മലങ്കര സഭാസമൂഹത്തിന് സ്തുത്യർഹമായ സേവനം ചെയ്ത കാര്യവും ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.

ഇപ്പോൾ ന്യൂയോർക്ക് നഗരത്തിലുള്ള മാൻഹാറ്റൻ, ന്യൂറോഷിൽ, ലോംഗ് ഐലന്റ്, സ്റ്റാറ്റൻ ഐലന്റ്, ക്യൂൻസ്, ന്യൂജെർസി, ബ്രോൻസ് എന്നീ സ്ഥലങ്ങളിൽ മലങ്കരസഭയ്ക്ക് ദേവാലയങ്ങളുണ്ട്. ബഹു. പീറ്റർ കോച്ചേരി, സജി എം. ജോർജ്, ജോയ് മാൻകുളം, ചാക്കോ തടത്തിൽ, അഗസ്റ്റിൻ മംഗലത്ത്, കോശി ചിറയത്ത് എന്നീ വൈദികർ ന്യൂയോർക്ക് പട്ടണത്തിൽ സേവനം അനുഷ്ഠിക്കുന്നു. ന്യൂജർസിയിൽ പത്തേക്കർ സ്ഥലവും ഒരു കെട്ടിടവും മലങ്കര സഭയ്ക്ക് സ്വന്തമായിട്ടുണ്ട്.

വളരെ സ്തുത്യർഹമായ രീതിയിൽ മുന്നോട്ട് പോകുന്നതാണ് ചിക്കാഗോയിലെ മലങ്കര സഭാ കൂട്ടായ്മ. ന്യൂയോർക്കിൽ തുടങ്ങുന്നതിനുമുമ്പേ ഔപചാരികമായി തുടങ്ങിയ മിഷനാണ് ചിക്കാഗോ. ജോൺ മത്തായി, ജോസ് ജോൺ, എബ്രഹാം പാറേ

www.malankaralibrary.com


പീടികയിൽ എന്നീ അൽമായ പ്രേഷിതരുടെ അശ്രാന്ത പരിശ്രമത്തിന്റെ പരിണിതഫലമായി വളർന്നുവന്ന മലങ്കര കൂട്ടായ്മ ഒരു സഭാസമൂഹമായി രൂപം പ്രാപിച്ചത് ആഗസ്റ്റ് 1983-ലാണ്. ആർച്ച് ബിഷപ്പ് ഗ്രിഗോറിയോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം ഫാ. നൈനാൻ തരകനെ ചിക്കാഗോ മിഷന്റെ ആദ്യ വികാരിയായി കർദ്ദിനാൾ ബർണഡീൻ 1983-ൽ നിയമിച്ചു. ഫാ. തരകൻ അന്ന് നോത്ര ദാം യൂണിവേഴ്സിറ്റിയിലെ പി.എച്ച്.ഡി. വിദ്യാർത്ഥിയാ യിരുന്നു. കർദ്ദിനാൾ മാർഗരറ്റ് മേരി ചർച്ച് മലങ്കര സഭയുടെ ഉപയോഗത്തിനായി അനുവദിക്കുകയും, ചിക്കാഗോയിലെ മലങ്കര മിഷനെ സ്വതന്ത്രമായ ഒരു മിനിസ്ട്രിയായി അംഗീകരിക്കുകയും ചെയ്തു. നോത്ര ദാം യൂണിവേഴ്സിറ്റിയിലെ പി.എച്ച്.ഡി. വിദ്യാർത്ഥിയായിരുന്ന ഫാ. തരകൻ 1988-ൽ നാട്ടിലേക്ക് തിരികെ പോയപ്പോൾ ബഥനി ആശ്രമ വൈദികരായ ഫാ. ജെറോം, ഫാ. വില്യം എന്നിവർ ചിക്കാഗോയിൽ ശുശ്രൂഷ നടത്തി. 1997 മുതൽ 1998 വരെ മണ്ണിക്കരോട്ട് കോർ എപ്പിസ്കോപ്പായും ചിക്കാഗോ മിഷനിൽ സേവനം ചെയ്തു. ഈ പട്ടണത്തിൽ മലങ്കരക്കാർക്ക് എല്ലാവിധ സൗകര്യങ്ങളോടും കൂടി ഒരു ദേവാലയം സ്വന്തമായിട്ടുണ്ട്.

ചിക്കാഗോ കഴിഞ്ഞാൽ ഏറ്റം പ്രധാനപ്പെട്ട മലങ്കര മിഷൻ കേന്ദ്രം വാഷിംഗ്ടൺ ആണ്. അംഗസംഖ്യയിൽ മലങ്കരക്കാർ ഇവിടെ കുറവാണെങ്കിലും അമേരിക്കയുടെ തലസ്ഥാന നഗരിയിലെ മലങ്കര സഭയുടെ സാന്നിദ്ധ്യം ഏറ്റം പ്രാധാന്യമർഹിക്കുന്നുണ്ട്. ഇക്കാര്യം മാർ ഗ്രിഗോറിയോസ് തിരുമേനി പലപ്പോഴും ഈ ലേഖകനോട് വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാരണത്താലാണ് അമേരിക്കയിലെ മലങ്കര സഭയുടെ കോ-ഓർഡിനേറ്റർ സ്ഥാനം വഹിച്ച ഫാ. ജോൺ കല്ലൂർ (ക്രിസോസ്റ്റം തിരുമേനി) വാഷിംഗ്ടണിൽ താമസമാക്കിയത്. 1985 മുതൽ 1994 വരെ അദ്ദേഹം ഇവിടെ ശുശ്രൂഷ ചെയ്തു. ഈ ലേഖകൻ ചിക്കാഗോയിൽ മലങ്കര സഭാസമൂഹത്തിന്റെ പ്രഥമ വികാരിയായിരുന്നപ്പോൾ കോ-ഓർഡിനേറ്റർ എന്ന നിലയിൽ തിരുമേനി ചിക്കാഗോ മിഷനോട് കാണിച്ച സഹായ സഹകരണങ്ങൾ എന്നും അനുസ്മരണീയമാണ്. ഫാ. തോമസ് പൂവണ്ണാലാണ് ഇപ്പോഴത്തെ വികാരി. ഡാളസ്, ഹൂസ്റ്റൺ എന്നീ പട്ടണങ്ങളിലും മലങ്കര ദേവാലയങ്ങളുണ്ട്. 1991-ൽ പ്രാർത്ഥനാ യോഗം മാത്രമായി ആരംഭിച്ച ഡാളസിലെ കൂട്ടായ്മ 1993-ൽ ഇടവ

www.malankaralibrary.com



കയായി ഉയർന്നു. ഫാ. അഗസ്റ്റിൻ കൈലാത്തും പിന്നീട് ഫാ. ഏബ്രഹാം കാടമലയും ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഹൂസ്റ്റ ണിൽ മലങ്കര സമൂഹത്തിനുവേണ്ടി ആദ്യകാലങ്ങളിൽ ശുശ്രൂഷ നടത്തിപ്പോന്നത് ക്രിസോസ്റ്റം തിരുമേനിയായിരുന്നു.

വടക്കേ അമേരിക്കയെപ്പോലെ ജർമ്മനിയും അഭിവന്ദ്യ ക്ലീമിസ് ബാവാ തിരുമേനിയുടെ ആത്മീയമേഖലയാണ്. അറുപതുകളിൽ നേഴ്സിംഗ് പരിശീലനത്തിന് പോയ പെൺകുട്ടികളും അവരുടെ കുടുംബങ്ങളുമാണ് ജർമ്മിനിയിലെ പ്രധാന മലങ്കര സമൂഹം. 1996 മുതൽ ഫാ. ജോൺ ഈശ്വരൻകുടി ജർമ്മനിയിലെ മലങ്കര സമൂഹ ത്തിന്റെ ആത്മീയ നേതൃത്വം വഹിക്കുന്നു. കഴിഞ്ഞ 6 വർഷമായി വിക്റ്റിലിഷ് എന്ന പ്രദേശത്ത് മലങ്കര സഭാംഗങ്ങളുടേതായ സെമി നാർ സംഘടിപ്പിച്ചുവരുന്നുണ്ട്. 450 കുടുംബങ്ങൾ മലങ്കരക്കാരായി രജിസ്റ്റർ ചെയ്തിട്ടുള്ളതായി ഫാ. ഈശ്വരൻകുടിയുടെ ഒരു ലേഖ നത്തിൽ നിന്ന് വ്യക്തമാണ്. 1997 മുതൽ ജർമ്മനിയെ വിവിധ മേഖ ലകളായി തിരിച്ച് മലങ്കര സഭയുടെ പ്രവർത്തനങ്ങളെ അദ്ദേഹം കാര്യക്ഷമമാക്കുന്നു. ഫ്രാങ്ക്ഫാർട്ട്, ബോൺ ഹൈഡൽബേർഗ് മൈൻസ്, ക്രേഫെൽഡ്, ഡോർട്ട്മുണ്ട് എന്നീ മേഖലകൾ രൂപീക രിക്കുകയും ഓരോ മേഖലയിലും നിന്നും 4 അംഗങ്ങൾ വീതമുള്ള പ്രാദേശിക കമ്മിറ്റികൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ജർമ്മനി യിലെ മലങ്കര സഭാ കോ-ഓർഡിനേറ്ററായ ഈശ്വരൻകുടിയില ച്ചനെ സഹായിക്കുന്നതിന് ഒരു പതിനഞ്ചംഗ ഉപദേശകസമിതിയും നിലവിലുണ്ട്.

അമേരിക്കയിലേക്കും ജർമ്മനിയിലേയും മലങ്കരസഭയുടെ ഇന്നത്തെ ഘടന ഒരു കോ-ഓർഡിനേറ്ററുടെ കീഴിൽ വൈദികർ വിവിധ പട്ടണങ്ങളിൽ ആത്മീയശുശ്രൂഷ അനുഷ്ഠിക്കുക എന്നു ള്ളതാണ്. 1983 മുതൽ ചിക്കാഗോയിലും 1984 മുതൽ ന്യൂയോർ ക്കിലും മലങ്കര സമൂഹം സംഘടിതമായപ്പോൾ അവരുടെ കോ-ഓർഡിനേറ്ററായി നിയമിക്കപ്പെട്ടത് ഫാ. എലഞ്ഞിലേത്ത് ജോൺ മാത്യുവായിരുന്നു. അന്ന് അദ്ദേഹം പിറ്റ്സ്ബർഗിലെ സെന്റ് മേരീസ് റോമേനിയൻ ചർച്ചിന്റെ വികാരിയായിരുന്നു. അതിനുശേഷമാണ് ക്രിസോസ്റ്റം തിരുമേനിയും ഫാ. പീറ്റർ കോച്ചേരിയും കോ-ഓർഡി നേറ്ററായിരുന്നത്. ആരാധനയ്ക്കായി സമ്മേളിക്കുന്ന മലങ്കര സഭ യിലെ കുട്ടികൾക്ക് മതബോധനം, യുവാക്കൾക്ക് എം.സി.വൈ.എം.

www.malankaralibrary.com


മുതിർന്നവർക്ക് പ്രാർത്ഥനായോഗങ്ങൾ, ധ്യാനപ്രസംഗങ്ങൾ തുടങ്ങിയവ നടത്തിവരുന്നു.

അൽമായ പ്രേക്ഷിതത്വമാണ് അമേരിക്കയിലെ മലങ്കരക്കാരുടെ മുഖമുദ്ര. അതിന്റെ മകുടോദാഹരണമായിരുന്നു ഈ അടുത്തകാലത്ത് ലോകത്തോട് വിടപറഞ്ഞ ചിക്കാഗോയിലെ ജോൺ മത്തായിയുടെ പ്രേഷിത പ്രവർത്തനങ്ങൾ. 1958–ൽ ഡിപോൾ യൂണിവേഴ്സിറ്റിയിൽ കെമിസ്ട്രി വിദ്യാർത്ഥിയായി വന്നകാലം മുതൽ മലങ്കര സമൂഹത്തെ ചിക്കാഗോയിൽ പടുത്തുയർത്താൻ അദ്ദേഹം ചെയ്ത സേവനം ശ്ലാഘനീയമാണ്. ജോൺ മത്തായിയെ കൂടാതെ മറ്റനേകം പേർ പല പട്ടണങ്ങളിലും സഭാ സേവനത്തിൽ തൽപരരാണെന്നുള്ളത് പ്രശംസനീയമാണ്.

ക്ലീമിസ് തിരുമേനി യൂറോപ്പ്, അമേരിക്കാ എന്നീ രാജ്യങ്ങളിലെ മലങ്കര സഭാ പ്രവാസി സമൂഹത്തിന്റെ ഇടയനായതോടു കൂടി അവിടുത്തെ മലങ്കര സഭയ്ക്ക് ഒരു പുതിയ രൂപവും ഭാവവും ലഭിക്കുകയാണ്. അദ്ദേഹം അഭിമുഖീകരിക്കേണ്ട ഏറ്റം വലിയ പ്രശ്നങ്ങളിലൊന്നായിരിക്കും മലങ്കരയുടെ ഇളം തലമുറക്കാരെ സഭയുടെ തനതായ സംസ്ക്കാരത്തിലും ആത്മീയതയിലും വളർത്തിക്കൊണ്ടുവരിക എന്നത്. അമേരിക്കയിൽ ജനിച്ച് അവിടെ വിദ്യാഭ്യാസം നടത്തി പാശ്ചാത്യ സമൂഹത്തിൽ വളർന്നുവരുന്ന യുവതി യുവാക്കളെ മലങ്കര ആരാധനക്രമത്തിൽ തൽപരരാക്കുക എന്നത് സങ്കീർണ്ണമായ പ്രശ്നമാണ്. ക്രാന്തദർശിയും ആത്മീയ ശ്രേഷ്ഠനുമായ ക്ലീമിസ് തിരുമേനി ഇതിൽ പൂർണ്ണമായും വിജയിക്കുമെന്നുള്ളതിൽ ഈ ലേഖകന് തെല്ലും സംശയമില്ല. ഈ സംരംഭത്തിൽ മലങ്കര കത്തോലിക്കർ ഒറ്റപ്പെട്ട സമൂഹമല്ല. അംഗസംഖ്യയിൽ മുന്നിട്ടു നിൽക്കുന്ന ഓർത്തഡോക്സ് സമൂഹം എല്ലാ അമേരിക്കൻ പട്ടണങ്ങളിലുമുണ്ട്. അവരുമായി സഹകരിച്ച് പൊതുവിൽ ഒരു പരിഹാരം കാണുകയാണ് ആവശ്യം. കുർബാനയുടെ ഗദ്യഭാഗങ്ങൾ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തും കാവ്യഭാഗങ്ങൾ ഇംഗ്ലീഷിലേക്ക് ട്രാൻസ്ലിറ്ററേറ്റ് ചെയ്തും കുട്ടികളെ ആരാധനയിൽ സജീവമായി പങ്കെടുക്കാനുള്ള പ്രാപ്തി നൽകുകയുമാണ് വേണ്ടത്. ആരാധനാഗീതങ്ങൾ പോലും ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്ത് സുറിയാനി ഈണത്തിൽ പാടാൻ കഴിയുമെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

www.malankaralibrary.com



മറുനാടൻ മലയാളികളുടെ മക്കൾക്ക് മലങ്കരസഭ ആവശ്യമാണോ? ആണെങ്കിൽ എപ്രകാരമായിരിക്കും മലങ്കര സഭ അവരുടെ ജീവിതത്തെ സ്വാധീനിക്കുക? ഈ വക ചോദ്യങ്ങളിൽ നിഴലിക്കുന്ന പ്രശ്നങ്ങൾക്ക് സ്ഥായിയായ ഒരു പരിഹാരം കാണേണ്ടത് ആവശ്യമാണ്. നാഷണൽ കാത്തലിക് രജിസ്റ്റർ എന്ന പത്രത്തിനുവേണ്ടി (പുറം 6) 1983 ഡിസംബർ 25-ാം തീയതി റിച്ചാർഡ് ബൗച്ച് ഗ്രിഗോറിയോസ് തിരുമേനിയുമായി ന്യൂയോർക്കിൽ നടത്തിയ അഭിമുഖത്തിലെ പ്രധാന ചർച്ചാവിഷയം അമേരിക്കയിൽ മലങ്കര സഭയുടെ പ്രസക്തിയെ സംബന്ധിച്ചതായിരുന്നു. മലങ്കരക്കാർക്ക് ആരാധനയിൽ അധിഷ്ഠിതമായ ഒരു സംസ്കാരമാണ് ഉള്ളതെന്നും അത് നിലനിർത്തിയെങ്കിൽ മാത്രമേ സഭയുടെ പൂർണ്ണതയിലേക്ക് അവർക്ക് കടന്നുവരുവാൻ സാധിക്കുകയുള്ളുവെന്നും ഗ്രിഗോറിയോസ് തിരുമേനി അഭിമുഖത്തിൽ സമർത്ഥിക്കുകയുണ്ടായി. മലങ്കരക്കാർ ചരിത്രബോധമുള്ളവരാണ്. ആ ചരിത്രബോധമാണ് അവരുടെ പരിത്രാണനത്തിന്റെ ഏറ്റം വലിയ അവിഭാജ്യഘടകവും. നൂറ്റാണ്ടുകളായി വളർന്നുവന്ന അപ്പസ്തോലിക പാരമ്പര്യവും ചരിത്രവും നിലനിർത്തിക്കൊണ്ട് മലങ്കര സമൂഹത്തെ സാർവ്വത്രിക സഭയുടെ ഭാഗമാക്കി വളർത്തിയെടുക്കുക എന്നുള്ളതായിരിക്കും യൂറോപ്പിലേയും അമേരിക്കയിലേയും സഭാ പ്രവർത്തനങ്ങളുടെ മഹത്തായ ലക്ഷ്യം.

(ഐക്യദീപം, ഓഗസ്റ്റ് 2001, പുറം 21-24)

www.malankaralibrary.com

# 45

## മലങ്കര ക്രിസ്ത്യാനികളുടെ ഭാരതീയാചാരങ്ങൾ

ഡോ. ആന്നിയിൽ തരകൻ (മലയാള മനോരമ, കോട്ടയം)

മൂന്നു ലക്ഷത്തോളം വരുന്ന മലങ്കര കത്തോലിക്കർ കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികളുടെ ഭാഗമാണ്. പ്രാദേശിക സംസ്കാരവും ആചാരങ്ങളും സ്വാംശീകരിച്ച് തനതായ ഒരു വ്യക്തിത്വം യഥാകാലം അവർ വളർത്തിയെടുത്തിട്ടുണ്ട്. ഡോ. പ്ലാസിഡ് പൊടിപ്പാറയുടെ വാക്കുകളിൽ, കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികൾ സംസ്കാരത്തിൽ ഹൈന്ദവരും വിശ്വാസത്തിൽ ക്രൈസ്തവരും ആചാരത്തിൽ സുറിയാനി പാരമ്പര്യം ഉള്ളവരുമത്രേ.

പതിനാറാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാരുടെ ആഗമനം വരെ, കേരള സുറിയാനിക്കാർ പാശ്ചാത്യലോകവുമായി വലിയ സമ്പർക്കം പുലർത്തിയിരുന്നില്ല. അവരുടെ മുഖ്യബന്ധം മെസോപൊട്ടോമിയയിലെ പൗരസ്ത്യ സുറിയാനി പാത്രിയർക്കീസുമായിട്ടായിരുന്നു. ഇവിടെ നിന്നും കേരളത്തിൽ വന്ന മെത്രാൻമാർ ആദ്ധ്യാത്മിക തലത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും, സഭയുടെ ഭൗതിക ഭരണം നാട്ടുകാരനായ അർക്കദിയാക്കോനെ ഏൽപ്പിക്കുകയും ചെയ്തു. തന്മൂലം കേരളത്തിലെ സുറിയാനിക്കാർക്ക് അവരുടെ

www.malankaralibrary.com


പൈതൃകമായ സംസ്കാരാചാരങ്ങൾ അഭംഗുരം കാത്തു സൂക്ഷിക്കുവാൻ സാധിച്ചു. കേരളത്തിൽ ആകെയുള്ള ജനതയിൽ 20% വരുന്ന കേരള ക്രൈസ്തവരെപ്പോലെ ദേശീയാചാരവുമായി ഇത്രയും താദാത്മ്യം പ്രാപിച്ചിട്ടുള്ള ക്രിസ്ത്യാനികളെ മറ്റൊരിടത്തും കാണാൻ സാദ്ധ്യമല്ല.

മുൻ കേന്ദ്രമന്ത്രി ടി.ടി. കൃഷ്ണമാചാരി ഇപ്രകാരം എഴുതുന്നു: തെക്കേ ഇന്ത്യയിലെ ക്രൈസ്തവർ തദ്ദേശ സമൂഹത്തിൽ ലയിച്ചവരത്രേ. ഇക്കൂട്ടർ വസ്ത്രധാരണത്തിലോ ആചാരത്തിലോ ഹൈന്ദവരിൽ നിന്നും വിഭിന്നരല്ല. ഈ വസ്തുതയെപ്പറ്റി എന്തെങ്കിലും സംശയം ഉള്ളവർ തെക്കേ ഇന്ത്യയിലേക്ക് പോകട്ടെ, ക്രൈസ്തവരും ഹിന്ദുക്കളും ഏകോദര സഹോദരങ്ങളെപ്പോലെ ജീവിക്കുന്നതുകാണാം.

കേരള നസ്രാണികളുടെ ആചാരാനുഷ്ഠാനങ്ങൾക്ക് ഏറ്റവും കൂടുതൽ ആഘാതം ഉണ്ടായത് 1599-ൽ നടന്ന ഉദയംപേരൂർ സുന്നഹദോസ് ആയിരുന്നു. 1597- ൽ അങ്കമാലി മെത്രാപ്പോലീത്താമാർ അബ്രഹാമിന്റെ കാലശേഷം അവരോധിക്കപ്പെട്ട പോർട്ടുഗീസ് ആർച്ച്ബിഷപ്പ് മെനേസിസ് വിളിച്ചുകൂട്ടിയ ഈ സുന്നഹദോസ് സുറിയാനിക്കാരുടെ ഭരതീയാചാരങ്ങൾ ക്രിസ്തീയ വിശ്വാസത്തിന് നിരക്കാത്തതാണെന്ന് വിധിച്ചു. കേരള നസ്രാണികളിൽ 20 ലക്ഷത്തോളം വരുന്ന മലബാർ (കൽദായ) സുറിയാനിക്കാർ പോർട്ടുഗീസുകാരുടെ അധികാരത്തിന് വിധേയരാകുകയും, ക്രമേണ ആരാധനയിലും, ആചാരക്രമങ്ങളിലും മാറ്റം വരുത്തുകയും ചെയ്തു. സഭാചരിത്ര പഠനം ഉദയം പേരൂർ സുന്നഹദാസ് അസാധൂകരിച്ചിട്ടുണ്ടെന്ന വസ്തുത ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

1665-ൽ കേരളക്കരയിൽ വന്ന ജറുസലേമിലെ മാർ ഗ്രിഗോറിയോസും തദനന്തരം എത്തിയ മാർ യോഹന്നാനും പറങ്കികൾ നശിപ്പിച്ച ഭാരതീയാചാരങ്ങൾ പുനഃപ്രതിഷ്ഠിക്കുവാൻ അശ്രാന്ത പരിശ്രമം ചെയ്തു. നസ്രാണികളുടെ തികച്ചും പൗരസ്ത്യമായ നിന്നുകൊണ്ടുള്ള പ്രാർത്ഥനാരീതി പുനർ പ്രതിഷ്ഠിച്ചത് ഈ ശീമ മെത്രാൻമാരത്രേ.

ബ്രാഹ്മണരിൽ നിന്നും മത പരിവർത്തനം നടത്തിയ ഇവിടുത്തെ സുറിയാനിക്കാർ അവരുടെ പൂർവികരെപ്പോലെ സസ്യഭുക്കുകളായിരുന്നു. പാശ്ചാത്യർ ചെയ്തിരുന്നതുപോലെ ദൈവാലയങ്ങളിൽ ഇവർ ബിംബങ്ങൾ സൂക്ഷിച്ചിരുന്നില്ല. പകരം ക്രിസ്തു

www.malankaralibrary.com


വിന്റെ ഉത്ഥാനത്തെ വിളംബരം ചെയ്യുന്ന തടി കുരിശ്ശു മാത്രമേ പ്രതിഷ്ഠിച്ചിരുന്നുള്ളൂ. നസ്രാണികൾ ഇതിനെ ക്യംതാ കുരിശ്ശ് (പുനരുത്ഥാനം) എന്നു വിളിക്കുന്നു.

സുറിയാനിക്കാരുടെ ജനനം മുതൽ മരണം വരെയുള്ള ജീവിതാചാരങ്ങൾ ഹൈന്ദവമയമത്രേ. ശിശുക്കൾ ജനിച്ചു കഴിഞ്ഞാൽ സ്വർണ്ണമുരച്ച് തേനിൽ നൽകുന്ന പതിവ് ബ്രാഹ്മണരുടെ ആചാരങ്ങളിലൊന്നാണ്. ജാതകകർമ്മം അന്നപ്രസന്നം (ശിശു ജനിച്ച് പതിനൊന്നാം മാസം) എന്നിവ സുറിയാനിക്കാർ ഒരു കാലത്ത് ആഘോഷിച്ചിരുന്നു. തിരുവാംകോട് ക്രൈസ്തവർ ഈ ആചാരങ്ങളിൽ ഇന്നും അതീവ തത്പരരാണ്. ശിശു ജനിച്ചു കഴിഞ്ഞാൽ മാറാനേശുമശിഹ എന്ന് ശിശുവിന്റെ ചെവിയിലേക്കവർ മന്ത്രിക്കാറുണ്ട്. അവിടെയുള്ള കുട്ടികൾ മാമോദീസാ സ്വീകരണത്തിനുശേഷം വൈദികൻ ആശിർവദിച്ച പൂണൂൽ ഇന്നും ധരിച്ചു പോരുന്നു.

കേരള നസ്രാണികൾ കല്യാണ ശുശ്രൂഷയിൽ ധരിക്കുന്ന താലി (മിന്ന്) ബ്രാഹ്മണരുടെ ആചാരമത്രേ. ക്രൈസ്തവരുടെ താലിയിൽ 21 ചെറിയ മുത്തുകൾ കൊണ്ടുണ്ടാക്കിയ ഒരു കുരിശ്ശുണ്ട്. ഇതുപോലെ, വരൻ വധുവിന്റെ ശിരസ്സിൽ അണിയിക്കുന്ന മന്ത്രകോടിയും കല്യാണത്തിനുമുൻപുള്ള ആചാരക്കുളിയും ഹൈന്ദവ വിധിപ്രകാരമത്രേ.

പോർട്ടുഗീസുകാരുടെ ആഗമനം വരെ കേരളത്തിലെ വൈദികർ വിവാഹിതരായിരുന്നു. പട്ടാഭിഷേകത്തിനു മുൻപ് വിവാഹിതരാകുന്ന ഇവർക്ക് ഭാര്യ മരിച്ചാൽ പുനർ വിവാഹം അനുവദനീയമല്ലായിരുന്നു. കത്തനാരുടെ ഭാര്യയെ ഉടമ്പടിയുടെ പുത്രി എന്നർത്ഥമാകുന്ന ബസ്കിയാമ്മ എന്നു വിളിക്കുന്നു. നസ്രാണികളുടെ മരണാനന്തര കർമ്മങ്ങൾ ശ്രദ്ധേയമാണ്. മരിക്കുന്ന വ്യക്തിയെ മുഖം കിഴക്കായി കിടത്തുന്നു. മരിച്ചുകഴിഞ്ഞാലുടൻ ഉപ്പൂറ്റിയും തള്ളവിരലും വെള്ളവസ്ത്രംകൊണ്ട് കെട്ടുന്നു. ഏതാനും മണിക്കൂറിന് ശേഷം മൃതശരീരത്തെ ചൂടുവെള്ളത്തിൽ കുളിപ്പിക്കുകയും സുഗന്ധദ്രവ്യങ്ങൾ പൂശുകയും ചെയ്യുന്നു. ഈ ബ്രാഹ്മണാചാരങ്ങൾ പലതും ഇന്നും സുറിയാനി കുടുംബങ്ങളിൽ നിലവിലുണ്ട്.

കബറടക്കശേഷം വൈദികനും ഇടവകക്കാരും മരിച്ച വീട്ടിൽ നടക്കുന്ന ലഘുഭക്ഷണത്തിൽ ഭാഗഭാക്കാകാറുണ്ട്. ഇതിനെ

www.malankaralibrary.com



പട്ടിണിക്കഞ്ഞി എന്ന് വിളിക്കുന്നു. കത്തനാർ വീട്ടിൽ വന്നാലുടൻ ഇളം കരിക്ക് കുടിക്കുവാൻ നൽകുന്ന ചടങ്ങുണ്ട്. മരിച്ചവീട്ടിലെ ആഹാരം തികച്ചും സസ്യഭോജനമായിരിക്കും. വൈദികർ ആശിർവദിച്ച ജീരകം രുചിച്ചുകൊണ്ടത്രേ മരിച്ച വീട്ടിലെ അംഗങ്ങൾ ഉപവാസം അവസാനിപ്പിക്കുന്നത്. മരണവീട്ടിലെ ഏറ്റവും ശ്രദ്ധേയമായ ഹൈന്ദവാചാരങ്ങളിലൊന്നാണ് പുലകുളി. മരണംമൂലമുണ്ടായ അശുദ്ധി നീക്കം ചെയ്യുന്നതിനുള്ള ഈ സ്നാനം ബ്രാഹ്മണരെപ്പോലെ, മരണം കഴിഞ്ഞു പതിമൂന്നാമത്തെ ദിവസമാണ് ആചരിച്ചു പോരുന്നത്.

തദനന്തരം പതിനേഴും, പതിനെട്ടും, ഇരുപത്തിയെട്ടും, എല്ലാറ്റിനുമുപരിയായി നാൽപ്പത്തിയൊന്നും ഇവർ ആഘോഷിച്ചു പോരുന്നു. 41-ാം അടിയന്തരത്തെപ്പോലെ ഏറ്റം ശ്രദ്ധേയമായ വേറൊരു കർമ്മമാണ് വർഷം തോറും നസ്രാണികൾ ആചരിക്കുന്ന മരിച്ചവരുടെ ശ്രാദ്ധം.

മാർത്തോമാ ക്രിസ്ത്യനികളുടെ വസ്ത്രധാരണം, അവരുടെ പ്രാചീനകുലത്തെ എടുത്തുകാണിക്കുന്നതാണ്. പുരുഷൻമാർ കസവുമുണ്ട് ധരിക്കുകയും കുടുമ്പി വളർത്തുകയും ചെയ്തിരുന്നു. കുടുമ്പിയുടെ അറ്റത്തുള്ള മുടിക്കെട്ടിനുള്ളിൽ ഒരു ചെറിയ ലോഹ കുരിശ് ചാർത്തുകയും ചെയ്യുക പതിവായിരുന്നു. ബിഷപ്പ് എൽ. ഡബ്ല്യു. ബ്രൗൺ ഇപ്രകാരം എഴുതിയിരിക്കുന്നു: പോർട്ടുഗീസുകാർ ക്രൈസ്തവരെ ഹൈന്ദവരിൽ നിന്നും തിരിച്ചറിഞ്ഞത് അവരുടെ കുടുമ്പിയിലെ കുരിശ്ശും കയ്യിലെ ആഭരണങ്ങളും കണ്ടാണ്.

പതിനാറാം നൂറ്റാണ്ടിന് മുൻപുവരെ പള്ളിയുടേയും അമ്പലങ്ങളുടേയും ബാഹ്യരൂപങ്ങൾ ഒരുപോലെയായിരുന്നു. കായംകുളം (പഴയപള്ളിപൊളിച്ചു പുതിയ ദേവാലയം ഇവിടെ പണിയുകയുണ്ടായി), കല്ലൂപ്പാറ, കുണ്ടറ എന്നിവിടങ്ങളിലെ പള്ളികൾ ഇതിനുദാഹരണങ്ങളാണ്. കേരള പാരമ്പര്യമനുസരിച്ച് നായർ തറവാടുകളിൽ സ്ത്രീകൾക്കായിരുന്നു അവകാശം. പുരുഷന്മാർ വിവാഹം കഴിച്ച് ഭാര്യമാരുടെ വീടുകളിൽ കഴിയുകയായിരുന്നു പതിവ്. എന്നാൽ ഈ മരുമക്കത്തായ സമ്പ്രദായം ബ്രാഹ്മണ ഭവനങ്ങളിൽ കണ്ടിരുന്നില്ല. ബ്രാഹ്മണ സ്ത്രീകളെ വേളികഴിച്ച് വരന്മാർ അവരുടെ ഭവനങ്ങളിൽ കൊണ്ടുപോകുകയാണ് പതിവ്. ഈ ആചാരം തന്നെ സുറിയാനിക്കാരുടെ ഇടയിലും നിലവിലുണ്ട്. ഹൈന്ദവചിന്ത പ്രകാരം ഒരു വ്യക്തിയുടെ ജീവിതത്തിൽ നാല് അവസ്ഥകൾ ഉണ്ട്

www.malankaralibrary.com


പ്രഥമം: വേദം പഠിക്കുന്ന കാലഘട്ടമായ ബ്രഹ്മചര്യം, രണ്ടാം ഘട്ടം: ഗൃഹസ്ഥജീവിതം, ത്രിദീയമായി വാനപ്രസ്ഥം, അവസാനത്തേത് സന്യാസവും.

ഈ വീക്ഷണത്തോട് അടുത്തുവരുന്ന ഒരു ജീവിത ക്രമീകരണം പ്രാചീന കാലം മുതലേ നസ്രാണികൾക്കുണ്ടായിരുന്നുവെന്ന് ഡോ. പ്ലാസിഡ് പൊടിപ്പാറ അഭിപ്രായപ്പെടുന്നു. പുണ്യസ്ഥല ങ്ങളായ കാശിയിലും, രാമേശ്വരത്തും ഹൈന്ദവർ തീർത്ഥാടനം നടത്തുന്നതുപോലെ, നസ്രാണികൾ മൈലാപ്പൂരും മലയാറ്റൂരും, സന്ദർശിച്ചിരുന്നു. അങ്കമാലിയിലും, ഇടപ്പള്ളിയിലും മറ്റു പല സ്ഥലങ്ങളിലും പുരാതനമായ സന്യാസാശ്രമങ്ങൾ ഉണ്ടായിരുന്നുവെന്ന് ചരിത്രകാരന്മാർ അവകാശപ്പെടുന്നുണ്ട്. തക്ഷശിലയേയും, നളന്ദയേയും ഓർമ്മപ്പെടുത്തുന്ന ഗുരുകുല വിദ്യാഭ്യാസമായിരുന്നു വെദിക വിദ്യാർത്ഥികൾക്ക് കേരളക്കരയിലുണ്ടായിരുന്നത്. അവരുടെ അദ്ധ്യോതാക്കളെ മല്പാന്മാർ എന്നു വിളിച്ചുവരുന്നു.

ഹൈന്ദവാചാരങ്ങളും ക്രിസ്തീയ വിശ്വാസവും തമ്മിലുള്ള ഈ ചേർച്ചയിൽ ക്രിസ്തുമതം ഹൈന്ദവ മതത്തേയും സ്വാധീനിച്ചിട്ടുണ്ട്. തമിഴിലെ തിരുക്കുറൾ എന്ന കാവ്യത്തെ പുതിയ നിയമം സ്വാധീനിച്ചിട്ടുണ്ടെന്നാണ് പണ്ഡിതാഭിമതം. വിശുദ്ധ യോഹന്നാന്റെ സുവിശേഷവും, ഭഗവദ്ഗീതയും തമ്മിലുള്ള സാമ്യം ശ്രദ്ധേയമത്രേ. പന്ത്രണ്ടും പതിമൂന്നും നൂറ്റാണ്ടിൽ വളർന്നുവന്ന ഭക്തിപ്രസ്ഥാനത്തിൽ ക്രൈസ്തവ ചിന്തയിലെ അകാപെ (സ്നേഹം) യുടേയും, ഫിസ്ത്തിസി (വിശ്വാസം) ന്റെയും സ്വാധീനത ദർശിക്കുവാൻ കഴിയും.

നരവംശ ശാസ്ത്രജ്ഞനായ അനന്തകൃഷ്ണയ്യരുടെ വാക്കുകളിൽ, ഗ്രീക്കുസംസ്കാരവും, റോമൻ സംസ്കാരവും ക്രൈസ്തവ വിശ്വാസത്തിൽ ലയിച്ച് യൂറോപ്പിൽ ഒരു പുതിയ സംസ്കാരം ഉദയം കൊണ്ടതുപോലെ, കേരള നസ്രാണികൾക്ക് അവരുടെ ഭാരതീയാചാരങ്ങളിലൂടെ തനതായ ഒരു ക്രൈസ്തവ സംസ്കാരത്തിനു രൂപഭാവങ്ങൾ നൽകുവാൻ കഴിഞ്ഞു. അപ്പസ്തോലികവും തികച്ചും ദേശീയവുമായ കേരള സുറിയാനി സഭ, ഭാരതത്തിന് എത്രമാത്രം ഉചിതമാണെന്ന് ഈ അവസ്ഥയിൽ ഓർത്തുപോകുന്നു.

(മലയാള മനോരമ, 1981 ജാനുവരി 25, ഞായർ, പുറം 7)

www.malankaralibrary.com

# 46

## ഡൽഹിയിലെ മലങ്കര കത്തോലിക്കർ - I

ഡോ. ആന്നിയിൽ തരകൻ (കാഹളം, തിരുവനന്തപുരം)

(ഡൽഹിയിൽ മലങ്കരക്കാർ ധാരാളമായി വസിക്കുന്നു എന്ന് തെളിയിക്കാനായി കാലം ചെയ്ത മാർ ഗ്രിഗോറിയോസ് തിരുമേനി 80-കളിൽ റോമിലേക്ക് അയച്ച കത്തിന്റെ കൂടെ ഈ രണ്ട് ലേഖനങ്ങളും ചേർത്തിരുന്നു - എഡിറ്റർ)

ആരാധനാജീവിതം മലങ്കര കത്തോലിക്കരുടെ ജീവിത ശൈലിയുടെ ഒരു ഭാഗമാണ്. നൂറ്റാണ്ടുകളായി വളർന്നുവന്ന ഈ ജീവിതരീതി അവരുടെ പ്രത്യേകതയാണ്. മറുനാടൻ മലങ്കരക്കാരെ സംബന്ധിച്ചും ഇതു തികച്ചും അന്വർത്ഥമാണ്. ആരാധന നടത്തുന്നതിനു വൈദികരോ ദൈവാലയങ്ങളോ ഇല്ലാതിരുന്നിട്ടും ഇവരുടെ ആരാധനാസമ്പത്ത് അഭംഗുരം കാത്തുസൂക്ഷിക്കുവാൻ ഇവർ അതീവതൽപരരത്രേ. ഇതിലേറ്റവും വലിയ ഉദാഹരണം ഡൽഹിയിലെ അറുന്നൂറോളം വരുന്ന മലങ്കര കത്തോലിക്കരാണ്.

കഴിഞ്ഞ നാല്പതുവർഷങ്ങളായി ഇവർ അനുഭവിച്ചിരുന്ന യാതനകൾ ഒന്നു വേറെ തന്നെയായിരുന്നു. മലയാളീതര വൈദികരിൽ നിന്നും മറ്റു ക്രൈസ്തവസമൂഹങ്ങളിൽ നിന്നും അവർക്കു ലഭിച്ച തിക്താനുഭവങ്ങൾ അവരെ തളർത്തിയില്ല. ദീർഘകാലത്തെ പ്രാർത്ഥനയുടെയും തീക്ഷ്ണതയുടെയും ഫലമായി ഡൽഹിയിലെ മലങ്കര കത്തോലിക്കർ ഒരു സമൂഹമായി സംഘടിച്ചു.

www.malankaralibrary.com


1978 നവംബർ മാസം 11-ാം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ഡൽഹിയിലെ സി.ബി.സി.ഐ. ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. ഈ ബലിയിൽ 200 ഓളം മലങ്കരക്കാർ സംബന്ധിച്ചു. കുഞ്ഞുങ്ങളും പുരുഷൻമാരും സ്ത്രീകളും തിരുമേനി യുടെ ഈ ദിവ്യബലിയിൽ സംബന്ധിച്ചപ്പോൾ അവിടെ കേരള ത്തിലെ ഒരു ഗ്രാമീണ ദൈവാലയത്തിന്റെ പ്രതീതി ഉണ്ടായി.

കുർബാനാനന്തരം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും ഡൽഹി മലങ്കര കാത്തലിക് അസോസിയേഷൻ (DMCA) എന്നൊരു സംഘടനയ്ക്ക് രൂപം നൽകുകയും ചെയ്തു. മാസത്തിൽ ഒരിക്കലെങ്കിലും മലങ്കര കത്തോലിക്കർ ഒന്നിച്ചു കൂടുകയും പ്രാർത്ഥി ക്കുകയും ചെയ്യണമെന്നും തിരുമേനി നിഷ്കർഷിച്ചു. ഈ സംഭവം രണ്ടു വർഷങ്ങൾക്കു മുമ്പായിരുന്നു. ഇന്ന് ഈ സംഘടന ശക്തമായ ഒരു സമൂഹമായി വളർന്നിരിക്കുന്നു. മലങ്കരസമ്പത്ത് അഭംഗുരം കാത്തുരക്ഷിക്കുന്നതിനും ചെറുതലമുറയിൽപ്പെട്ട മറുനാടൻ മലയാളികൾക്ക് പാരമ്പര്യവും വിശ്വാസവും പകർന്നു കൊടുക്കുന്ന തിനും ഇത് ശ്രദ്ധ ചെലുത്തുന്നു.

1979 നവംബർ 19-ാം തീയതിയാണ് DMCA യുടെ രണ്ടാമത്തെ മീറ്റിംഗ് കൂടിയത്. ഈ മീറ്റിംഗിൽ വി. പി. തോമസിനെ പ്രസിഡന്റായും, എ.റ്റി. ഇടിക്കുളയെ വൈസ് പ്രസിഡന്റായും, എം.പി. കുട്ടിയെ സെക്രട്ടറിയായും, സി. കെ. ജോയിക്കുട്ടിയെ ജോയിന്റ് സെക്രട്ടറി യായും, കെ.ജി. ജോണിനെ ട്രഷററായും തെരഞ്ഞെടുത്തു. ഇതിനു പുറമേ ഏഴ് അംഗങ്ങളുള്ള ഒരു കമ്മറ്റിക്കു രൂപം നൽകി. ഡൽഹി കോർപ്പറേഷനിൽ പേര് രജിസ്റ്റർ ചെയ്തതോടെ ഈ സംഘടന അതിന്റെ പൂർണ്ണരൂപം പ്രാപിച്ചു.

1978-ലെ ക്രിസ്മസ് ആഘോഷം DMCA യുടെ നേട്ട ങ്ങളിലൊന്നായി ഇതിന്റെ ഭാരവാഹികൾ ചൂണ്ടിക്കാട്ടി. ആ വർഷം ക്രിസ്തുമസ് ആഘോഷം നടത്തുന്നതിനായി ഫാ. ഏബ്രഹാം വാലുപറമ്പിൽ ഡൽഹിയിലെത്തി. കിഡ്വായ് നഗറിൽ പ്രത്യേക മായി തയ്യാറാക്കിയിരുന്ന ഒരു ഹോളിൽ മുന്നൂറോളം മലങ്കര കത്തോലിക്കർ സമ്മേളിച്ചു. ഡിസംബർ 25-ാം തീയതി രാത്രിയിൽ മരംകോച്ചുന്ന തണുപ്പിനെ വകവയ്ക്കാതെ ഒന്നിച്ചുകൂടിയ സമൂഹം മലങ്കരറീത്തിലെ പുരാതനമായ യൽദാഗാനങ്ങൾ പാടി തിരു സുതന്റെ പിറവി ആഘോഷിച്ചു. നൂറ്റാണ്ടുകൾക്കു മുമ്പ് മാലാഖമാർ

www.malankaralibrary.com

പാടിയ ആ സ്തുതിഗീതം അവിടെ കൂടിയ മലങ്കരസമൂഹത്തിൽ നിന്നും ഉയർന്നപ്പോൾ ഡൽഹിപ്പട്ടണം പുളകമണിഞ്ഞു.

1970 മാർച്ചുമാസം 18-ന് DMCA മലങ്കരക്കാർക്കായി ഒരു വിനോദയാത്ര സംഘടിപ്പിച്ചു. ഇരുനൂറോളം പേർ ഫാരിദാബാദിലേക്ക് ഒരു പ്രത്യേക ബസിൽ യാത്രയായി. ഇവിടെ വച്ച് ഉച്ചക്കു ശേഷം ഒരു സ്പോർട്സ് മത്സരം നടത്തുകയുണ്ടായി. 40 സ്കൂൾ കുട്ടികളും 60 യുവതീയുവാക്കളും ഈ മത്സരത്തിൽ പങ്കെടുത്തു. വിജയികളായവർക്കു സമ്മാനം കൂടി നൽകിയപ്പോൾ കേരളത്തിലെ ഒരു ഓണോത്സവത്തിന്റെ പ്രതീതി ഉളവായി.

1979-ൽ DMCA യുടെ ആഭിമുഖ്യത്തിൽ ഈസ്റ്റർ ശുശ്രൂഷ നടത്താനായി ഞാൻ ഏപ്രിൽ 7-ന് ഡൽഹിയിലെത്തി. കെ. കെ. എക്സ്പ്രസ് അന്നു 4 മണിക്കൂർ താമസിച്ചാണ് ഡൽഹിയിലെത്തിയത്. എന്നെ പ്രതീക്ഷിച്ച് DMCA പ്രസിഡന്റ് വി.പി. തോമസും സഹപ്രവർത്തകരും റെയിൽവേ സ്റ്റേഷനിൽ അക്ഷമരായി നിന്നിരുന്നു. സ്വന്തം കാറിൽ എന്നെ അദ്ദേഹത്തിന്റെ വസതിയിലേക്കു കൊണ്ടുപോയി. പിറകിൽ സ്കൂട്ടറിലും ഓട്ടോയിലുമായി പലരും ഞങ്ങളെ പിന്തുടർന്നു; ഡൽഹിയിലെ സൗത്ത് എക്സ്റ്റൻഷനിലുള്ള മി. തോമസിന്റെ വസതിയിൽ ഒന്നിച്ചുകൂടുകയും ഹാശാ ആഴ്ച യുടെ പ്രോഗ്രാം തയ്യാറാക്കുകയും ചെയ്തു. ജോലിക്കു വേണ്ടി മറു നാട്ടിൽ വന്ന് അഹോരാത്രം പണിയെടുക്കുന്ന ഈ യുവാക്കളുടെ ദൈവസ്നേഹവും സഭയോടുള്ള കൂറും എന്നെ സ്പർശിച്ചു. എന്തു ത്യാഗവും ചെയ്യുവാൻ അവർ തയ്യാറായിരുന്നു.

ഏപ്രിൽ മാസം 8-ാം തീയതി. ഓശാന ഞായർ. ഫാരിദാബാദിലെ സെന്റ് ജോസഫ് കോൺവെന്റുവക സ്കൂൾ കെട്ടിടത്തിൽ ഞങ്ങൾ ഒന്നിച്ചുകൂടി. ഒരു പ്രത്യേക ബസിൽ ഡൽഹിയിലെ വിവിധ ഭാഗങ്ങളിൽ നിന്നും ആളുകൾ ഫാരിദാബാദിലെത്തി. മൂന്നു മണിക്കൂർ ദീർഘിച്ച ആഘോഷമായ ശുശ്രൂഷ. കേരളത്തിൽ നിന്നു കുരുത്തോല ഡൽഹിയിലെത്തിയിരുന്നു. കുരുത്തോലകൾ വഹിച്ചുകൊണ്ടുള്ള ഭക്തിനിർഭരമായ പ്രദക്ഷിണം, പ്രാർത്ഥനയുടെ ഇമ്പകരമായ ഈരടികൾ ഇവയെല്ലാം അവിടെ കൂടിയ മലങ്കര മക്കളെ കോരിത്തരുപ്പിച്ചു. ഇത്ര സമ്പുഷ്ടവും, അർത്ഥഗർഭവുമാണോ മലങ്കരശുശ്രൂഷയെന്നു സെന്റ് ജോസഫ് കോൺവെന്റിലെ മദർ സുപ്പീരിയർ എന്നോടു ചോദിക്കുകയുണ്ടായി. മലങ്കര റീത്തിലെ

www.malankaralibrary.com


ആരാധനയുടെ പ്രാചീനതയെപ്പറ്റി ഞാൻ ചുരുക്കത്തിൽ അവരോടു സംസാരിച്ചു. ഇത്ര വലിയ ഒരാത്മീയസമ്പത്ത് ഭാരതസഭയിലുണ്ടെന്ന് അവർ മനസ്സിലാക്കിയത് ആദ്യമായിരുന്നു.

ശുശ്രൂഷക്കു ശേഷം ഞങ്ങൾ സ്നേഹഭോജനം (അഗാപ്പേ) പങ്കിട്ടു. റൊട്ടിയും കാപ്പിയും എല്ലാവരും ഒന്നിച്ചു ഭക്ഷിച്ചു. ശുശ്രൂഷയുടെ ടേപ്പു ചെയ്ത ഗാനങ്ങൾ ആ അവസരത്തിന് ഹൃദ്യത പകർന്നു. ക്രിസ്തുവിന്റെ മഹത്വീകരണത്തിന്റെ മുന്നോടിയാണല്ലോ ഓശാന. മരണത്തിന്റെ ബന്ധനത്തിൽ നിന്ന് ഉയർത്തെഴുന്നേൽക്കാൻ പോകുന്ന ക്രിസ്തുവിന്റെ മുൻസൂചനയാണു ഓശാന; അതു മിശിഹാരഹസ്യത്തിന്റെ കവാടം തുറക്കുന്ന താക്കോലും.

പെസഹാരഹസ്യത്തിലെ ഏറ്റവും സുന്ദരവും അർത്ഥസമ്പൂർണ്ണവുമായ നിമിഷമാണ് ഓശാന. മരണത്തെ അഭിമുഖീകരിക്കുന്ന യേശു ഉത്ഥാനത്തിന്റെ പുതുവെളിച്ചത്തിൽ പ്രശോഭിക്കുന്ന നിമിഷം ക്രൈസ്തവാരാധനയിലെ ഏറ്റവും സമ്പൂർണ്ണമായ നിമിഷമായി എനിക്കു തോന്നുന്നു. ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ മാത്രമാണ് അവിടുത്തെ മരണത്തിന് അർത്ഥം ലഭിക്കുന്നത്. ഉത്ഥാനത്തിൽ നിന്നും വിച്ഛേദിക്കപ്പെടുന്ന ഒരു മരണം രക്ഷാകരമല്ല; പിന്നെയോ പാപത്തിന്റെ അടയാളവും. “The Resurrection” എന്ന ഗ്രന്ഥത്തിൽ ജർമ്മൻ വേദശാസ്ത്രജ്ഞനായ ‘ഡൂർവെൽ’ മരണവും ഉത്ഥാനവും ബലിയുടെ രണ്ട് അവിഭാജ്യഘടകങ്ങളായി വീക്ഷിക്കുന്നു. പുത്രൻ സ്വയം ബലിയായി അർപ്പിക്കുമ്പോൾ പിതാവ് ആ ബലി സ്വീകരിക്കുന്നു. പിതാവിന്റെ ഭാഗത്തുനിന്നുമുള്ള ഈ ബലിയുടെ സ്വീകരണമാണ് ഉയർപ്പ്.

സമയം വളരെ ദീർഘിച്ചു. ശുശ്രൂഷ കഴിഞ്ഞിട്ട് മണി രണ്ടാകുന്നു. ഞങ്ങളെല്ലാവരും ബസിൽ സ്ഥലം പിടിച്ചു. ആളുകളെ ഡൽഹിയിലെ വിവിധ ഭാഗങ്ങളിലെത്തിക്കണം. പൊരിയുന്ന വെയിലിൽ പോലും ഡൽഹിയിലെ വിശാലമായ തെരുവീഥികൾ ജനനിബിഡമായിരുന്നു.

(കാഹളം, 1979 ഡിസംബർ & 1980 ജനുവരി, പുറം 12-14).

www.malankaralibrary.com

# 47

## ഡൽഹിയിലെ മലങ്കര കത്തോലിക്കർ - II

ഡോ. ആന്നിയിൽ തരകൻ (കാഹളം, തിരുവനന്തപുരം)

ഏപ്രിൽ 9. രാവിലെ ഞാൻ മലങ്കരക്കാരുടെ ചില കുടുംബങ്ങൾ സന്ദർശിച്ചു. അവിടെ ഒരു വിശ്വാസിയുടെ വീട്ടിൽ ബലിയർപ്പിച്ചു. അന്നു വൈകുന്നേരം വി. പി. തോമസ് നടത്തുന്ന ഫാക്ടറി സന്ദർശിക്കാൻ പോയി. ടേപ്പ് റിക്കോർഡിനു പ്ലാസ്റ്റിക് കെയ്സ് ഉണ്ടാക്കുന്ന ഈ കൊച്ചു വ്യവസായശാലയിൽ 50 ഓളം പേർ ജോലി ചെയ്യുന്നു.

സി.ബി.സി.ഐ. യുടെ 9-ാം നമ്പർ മുറിയിലാണ് ഞാൻ താമസിച്ചത്. മുറിക്കുള്ളിൽ ഫോൺ സൗകര്യമുണ്ടായിരുന്നതു കൊണ്ട് എന്റെ ആളുകളുമായി ബന്ധപ്പെടുവാൻ എളുപ്പമായിരുന്നു. സമയം രണ്ടുമണി. വിശ്രമത്തിനായി ഞാൻ കിടന്നു. ഉടനൊരു ഫോൺ. സി. കെ. ജോയിക്കുട്ടി സംസാരിക്കുന്നു. ഇദ്ദേഹം താമസിക്കുന്ന സ്ഥലത്ത് ഒരു വി. കുർബാന അർപ്പിക്കണമെന്നപേക്ഷ. നാട്ടിൽനിന്നും വന്ന ആത്മീയ പിതാവിന്റെ ക്ഷേമാന്വേഷണങ്ങൾ നടത്തുന്നതിൽ അവർ അതീവ തൽപരരായിരുന്നു. പിന്നെയും ഫോൺ. ജോൺ. ഗവൺമെന്റുവക കരകൗശലവസ്തുക്കൾ വില്ക്കുന്ന ഒരു സ്ഥാപനത്തിലെ ഉദ്യോഗസ്ഥനാണ് അദ്ദേഹം. എ. ബി. കുട്ടി

www.malankaralibrary.com


റെഡിമെയ്ഡ് ഗാർമെന്റ് ഫാക്ടറിയുടെ മാനേജരാണ്. മാർ ഗ്രിഗോറിയോസ് ഗാർമെന്റിനെപ്പറ്റി അദ്ദേഹം എന്നോടു ചോദിച്ചു.

ഏപ്രിൽ 10-ാം തീയതി ഡൽഹിയിലെ കീർത്തി നഗറിൽ കുർബാന അർപ്പിച്ചു. വർഷങ്ങൾക്കു മുമ്പ് മാർ ഈവാനിയോസ് കോളേജിൽ ജോലി നോക്കിയിരുന്ന ഒരു പാപ്പച്ചനെ ഞാൻ ഇവിടെ വച്ചു കണ്ടുമുട്ടി. പാപ്പച്ചനും കുടുംബവും വി. കുർബാനയിൽ സംബന്ധിക്കാനായി എത്തിയിരുന്നു. പാപ്പച്ചന്റെ പ്രൈമറി സ്കൂളിൽ പഠിക്കുന്ന മകൻ അവന്റെ കുഞ്ഞനുജത്തിയോടൊരു ചോദ്യം. ആരാണ് Glimpses of world History എഴുതിയത്? രണ്ടു വയസ്സുമാത്രം പ്രായമുള്ള സോഫിയുടെ ഉത്തരം: മമ്മി. ആ കൊച്ചു കുട്ടിക്കു അവളുടെ മമ്മിയാണ് ഏറ്റവും വലിയ ഗ്രന്ഥകർത്രിയും അറിവിന്റെ ഉറവിടവും.

ഏപ്രിൽ 12. പെസഹാ വ്യാഴാഴ്ച. ഡൽഹിയിലെ മലങ്കര കത്തോലിക്കർ ആർ. കെ. പുരത്ത് ഒരു ഹോൾ വാടകയ്ക്കെടുത്തു. ഒരു ദേവാലയമായി അണിയിച്ചൊരുക്കി. ഇരുനൂറോളം ആളുകൾ അവിടെ വി. കുർബാനയ്ക്കെത്തിയിരുന്നു. പെസഹായുടെ അന്തഃസത്തയിലേക്ക് വിരൽ ചൂണ്ടുന്ന ഹൃദയസ്പർശിയായ പ്രാർത്ഥനകൾ ശ്രോതാക്കളെ ഭക്തിപരവശരാക്കി. താൻ കുരിശിൽ അർപ്പിക്കാൻ പോകുന്ന ബലിയുടെ പ്രതീകാത്മകമായ ആവിഷ്കരണമാണ് പെസഹാ. ഏതാനും മണിക്കൂറുകൾ മാത്രം! ദിവ്യരക്ഷകൻ സ്വയം യജ്ഞമായി കുരിശിൽ അർപ്പിക്കപ്പെടും. ഈ ബലി രക്ഷണീയമാണ്; അതിന്റെ തുടർച്ച. തുടർന്നുള്ള രക്ഷയും. കുരിശിലെ യാഗം ഇനിയും പ്രതീകങ്ങളിലൂടെ മാത്രമേ ആവിഷ്ക്കരിക്കപ്പെടുകയുള്ളൂ. ക്രിസ്തു തന്നെ അതാദ്യമായി തന്റെ അന്ത്യ അത്താഴ സമയത്ത് ആരംഭമിടുകയും ചെയ്തു. ദൈവവുമായുള്ള ബന്ധത്തിൽ മനുഷ്യൻ തന്റെ സങ്കീർണ്ണതയെ അർത്ഥവത്തായി അവതരിപ്പിക്കുന്നത് മതത്തിന്റെ പ്രതീകങ്ങളിലൂടെയാണ്; മതം പ്രതീകാത്മകമല്ലെങ്കിൽ ശുഷ്കമാവും. ഏറ്റവും പ്രതീകാത്മകമായ മതത്തിനു മനുഷ്യജീവിതത്തിന്റെ സങ്കീർണ്ണതയെ ഉൾക്കൊള്ളുവാൻ സാധിക്കുന്നുവെന്ന് T. S. Eliot പറയുന്നു. ഇവിടെയാണ് ഡീട്രിച്ച് ബോനോഫറിന്റെ Religionless Christianity യുടെ അർത്ഥശൂന്യത പ്രകടമാകുന്നത്. വൈരുദ്ധ്യം നിറഞ്ഞ ജീവിതത്തിന്റെ ഏറ്റവും സുന്ദരവും മതാത്മകവുമായ ആവിഷ്ക്കരണമാണ് പെസഹായെന്ന് എനിക്കു തോന്നുന്നു. ഡൽഹിയിലെ ആർ. കെ. പുരം ഹാളിൽ പെസഹാ

www.malankaralibrary.com


രഹസ്യത്തിന്റെ ശുശ്രൂഷ നടത്തിയപ്പോൾ എന്റെ മനസ്സിന്റെ സംഘട്ടനങ്ങളും വൈരുദ്ധ്യങ്ങളും സങ്കീർണ്ണതകളും ഞാൻ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെ നൂറ്റാണ്ടുകളുടെ പുരോഗതിയും വിലങ്ങുതടികളും വിവിധ മത്സരങ്ങളും, ദുഃഖവും, സന്തോഷവും ഹൃദയത്തിന്റെ സ്വപ്നങ്ങളും ഈ പെരുനാൾ ഒപ്പിയെടുക്കുന്നതു പോലെ തോന്നി.

ഏപ്രിൽ 13-ാം തീയതി ദുഃഖവെള്ളിയാഴ്ച ദിവസം ആർ. കെ. പുരം ഹോളിൽ ജനം തടിച്ചുകൂടി. മലബാർ റീത്തിൽപ്പെട്ടവരും ഓർത്തഡോക്സ് സഭാംഗങ്ങളും വന്നെത്തി. ഏതോ ഒരു ദീർഘമായ യാത്രയ്ക്കുള്ള തയ്യാറെടുപ്പിന്റെ പ്രതീതി. ദുഃഖവെള്ളിയാഴ്ചയുടെ മലങ്കരറീത്തിലെ പ്രാർത്ഥനകൾ ദീർഘമാണ്, സമ്പന്നവും. അതു ക്രിസ്തുവിന്റെ രക്ഷണീയകർമ്മത്തിന്റെ മർമ്മസ്പർശിയായ കഥയാണ്. അതോടൊപ്പം പ്രാപഞ്ചിക മനുഷ്യജീവിതത്തിന്റെ മഹാകാവ്യവും.

രാവിലെ 9 മണി. പ്രഭാതനമസ്കാരം ആരംഭിച്ചു. ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ എഴുതിയ ദുഃഖവെള്ളിയാഴ്ചയിലെ പ്രഭാതനമസ്കാരം ജനം ഏകസ്വരത്തിൽ ആലപിച്ചു. ദുഃഖവെള്ളിയാഴ്ചയുടെ ശുശ്രൂഷ മൂന്ന് ഘട്ടങ്ങളിലായിട്ടാണ് നടത്തിയത്. ഓരോ ശുശ്രൂഷയും പ്രസംഗത്തോടുകൂടെ ആരംഭിച്ചു. കബറടക്കശുശ്രൂഷയും കുരിശു വഹിച്ചുകൊണ്ടുള്ള പ്രദിക്ഷണവും സ്ലീബാ വന്ദനവും മലങ്കര കത്തോലിക്കർ ഏറ്റം ഭകത്യാദരവുകളോടെ നടത്തുന്ന കർമ്മങ്ങളാണ്. ഭക്തിപ്രകടനത്തിൽ ഗ്രാമീണരിൽ നിന്നും ഒട്ടും വിഭിന്നരല്ല ഡൽഹിയിലെ സമൂഹവും. ഇന്ത്യൻ പട്ടണങ്ങളിൽ താമസിക്കുന്നവരിൽ ഭൂരിഭാഗവും ഭാരതത്തിലെ 80 ശതമാനം വരുന്ന ഗ്രാമങ്ങളിൽനിന്നും മാറി താമസിച്ചവരത്രേ. ഈ പട്ടണവാസികളുടെ സാസ്ക്കാരികാടിസ്ഥാനം തികച്ചും ഗ്രാമീണവും. ജീവിതമാർഗ്ഗം തേടി ഡൽഹിയിലെത്തിയ മലങ്കര സഹോദരങ്ങളുടെ സാംസ്കാരിക പശ്ചാത്തലം ഇതിനൊരപവാദമല്ല. ഇവർ ഗ്രാമീണരുടെ നിഷ്കളങ്കതയോടും സഹനസന്നദ്ധതയോടും ദുഃഖവെള്ളിയാഴ്ചയുടെ ഭക്തിനിർഭരമായ ശുശ്രൂഷകളിൽ ആദ്യാവസാനം പങ്കെടുത്തു.

കബറടക്ക ശുശ്രൂഷ കഴിഞ്ഞപ്പോഴേക്കും മണി രണ്ടായി. യേശുവിനെ കബറടക്കിയ അൾത്താര സൂക്ഷിക്കുന്നതിന് R. K. പുരം ഹോളിന്റെ വാച്ചറെ പ്രത്യേകം നിയോഗിച്ചു. കീറിപ്പറിഞ്ഞ വസ്ത്ര

www.malankaralibrary.com


ങ്ങളണിഞ്ഞ ഈ കൃശഗാത്രൻ ക്രിസ്തുവിന്റെ കല്ലറയ്ക്കു കാവൽ നിന്നു. റോമൻ പടയാളികളിൽ നിന്നും എത്ര വിഭിന്നൻ.

ഏപ്രിൽ 14-ാം തീയതി ശനിയാഴ്ച ഈ ഹാളിൽ ഞാൻ വി. കുർബാന ചൊല്ലി. മണ്ണൂർ ദേവാലയാംഗമായ ജോർജ്ജ്കുട്ടിയും, സഹോദരൻ മത്തായിയും എന്നെ സഹായിക്കാൻ ഉണ്ടായിരുന്നു. കുർബാനാനന്തരം ഞാൻ ഈസ്റ്റ് വെസ്റ്റ് ഹോസ്പിറ്റൽ സന്ദർശിച്ചു. ഇവിടെ മലങ്കര റീത്തിലും മറ്റ് കത്തോലിക്കാ വിഭാഗങ്ങളിലുംപെട്ട നേഴ്സുമാർ നടത്തിയ പ്രാർത്ഥനയിൽ സംബന്ധിച്ചു. ഈ ആശു പത്രി വിദേശ എംബസികൾക്ക് വേണ്ടിയുള്ളതത്രെ. ഹിപ്പികളായി ഇന്ത്യൻ പട്ടണങ്ങളിലെ തെരുവീഥികളിലും ഗോവാകടൽപ്പുറത്തും അലഞ്ഞു നടന്ന അനേകം യുവതീയുവാക്കൾ ഇവിടെ മാനസിക രോഗികളായി കഴിയുന്നു. എത്ര വിരോധാഭാസം. മനസ്സമാധാനം തേടി ഭാരതത്തിലെത്തിയ ഇവർ മനം തകർന്നവരായി!

ഏപ്രിൽ 16-ാം തീയതി ഈസ്റ്റർ ദിവസം രാത്രിയിൽ ശുശ്രൂഷ നടത്തിയാൽ പലർക്കും വന്നെത്താൻ പ്രയാസമത്രേ. ആയതിനാൽ ഈസ്റ്റർ ശുശ്രൂഷ പകൽ 8 മണിക്ക് നടത്തി. 11 മണിക്കു അവസാ നിച്ചു. ചുവന്നതുണി പൊതിഞ്ഞ കുരിശും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം റോഡിലൂടെ കടന്നുപോയ യാത്രക്കാരെ ആകർഷിച്ചു.

ഈസ്റ്റർ ശുശ്രൂഷതീർന്നു. അപ്പോളൊരുവാർത്ത. ഫാരദാ ബാദിലെ ഒരു മലങ്കര കുടുംബത്തിൽ ഒരു കുഞ്ഞു മരിച്ചു. ഞാനും വി. പി. തോമസും കൂട്ടരും ശവം അടക്കാനായി പോയി. അവിടെ എനിക്കു ശവസംസ്ക്കാരം നടത്തണമെങ്കിൽ സ്ഥലത്തെ വികാരി യുടെ അനുവാദം വേണമല്ലോ. വികാരി ഈസ്റ്റർ ആഘോഷിക്കാ നായി എവിടെയോ പോയിരുന്നു. മണി ഒന്നായി. ഞാനും എന്റെ ആളുകളും വികാരിയെ തേടി ഇറങ്ങി. അല്പം അകലെയുള്ള മംഗ്ളൂർ ബഥനി കോൺവെന്റിൽ അദ്ദേഹം അതിഥിയായിരുന്നു. എന്റെ ആളുകളെ പാർലറിൽ നിർത്തിയിട്ട് ഞാൻ കോൺവെന്റിന്റെ ഉള്ളിലേക്കു കയറിപോയി. സിസ്റ്റർ ഇനിസ് എന്നെ അവരുടെ ഊണുമുറിയിലെക്കു നയിച്ചു. ഞാൻ ഊണുമുറിയിൽ പ്രവേശിച്ച പ്പോൾ എന്തെന്നില്ലാത്ത ആഹ്ലാദത്തോടും അട്ടഹാസത്തോടും വികാരി കസേരയിൽ നിന്നെഴുന്നേറ്റ് എന്നെ ആശ്ലേഷിച്ചു. 11 വർഷ ങ്ങൾക്കുമുമ്പു പൂനാ സെമിനാരിയിൽ സഹപാഠിയായിരുന്ന ഫാദർ വിയാഗാസ് ആയിരുന്നു അദ്ദേഹം.

www.malankaralibrary.com



മണി മൂന്ന്. വിശപ്പും ക്ഷീണവും ഞങ്ങളെ വല്ലാതെ ബാധിച്ചു. ദുഃഖാർത്തരായ ഈ കൊച്ചു കുടുംബത്തിനു അല്പം ആശ്വാസം പകരാൻ ലഭിച്ച ഈ അവസരം എന്നിൽ ഉയർപ്പിന്റെ അഗാധാർത്ഥത്തെ തട്ടിയുണർത്തിയതുപോലെ തോന്നി.

ശവസംസ്ക്കാരം കഴിഞ്ഞ് ഞാൻ ഡൽഹിയിലെത്തിയപ്പോഴേക്കും മണി അഞ്ചു കഴിഞ്ഞിരുന്നു. സി. ബി. സി. ഐ യുടെ 9-ാം നമ്പർമുറിയിൽ മണിക്കൂറുകളോളം ഗാഢനിദ്രയിൽ കഴിഞ്ഞു. ഇതുപോലെ ജീവിതത്തിൽ അത്യാഗാധമേഖലകളെ തട്ടി ഉണർത്തിയ ഒരു ഉയിർപ്പു ഞാൻ ആഘോഷിച്ചിട്ടില്ല. ഉത്ഥാനം ചെയ്ത യേശുവിന്റെ സമാധാനം ശോകമൂകമായ ആ കൊച്ചു കുടുംബത്തിനു പ്രദാനം ചെയ്യാനുള്ള എന്റെ ഡൽഹിയിലെ ശ്രമം, നിറഞ്ഞ ഹൃദയത്തോടെ ഞാൻ ഓർമ്മിച്ചുപോകുന്നു.

ഡൽഹിയിലെ മലങ്കര കത്തോലിക്കർ ശക്തമായ ഒരു കൂട്ടായ്മയാണെന്നതിനു തെളിവായിരുന്നു ഭാരതാബാദിലെ ഈ ശവസംസ്ക്കാരം.

നൂറ്റാണ്ടുകളിലൂടെ വളർന്നുവന്നതും പൂർവപിതാക്കന്മാർ അഭംഗുരം കാത്തു സൂക്ഷിച്ചതുമായ മലങ്കരയിലെ ആരാധനാസമ്പത്തു മറുനാട്ടിലെ മലയാളികളായ ഇവർക്ക് ഒരു വലിയ ശക്തികേന്ദ്രമായി നിലകൊള്ളട്ടെ.

(ക്രൈസ്തവ കാഹളം, ഫെബ്രുവരി 1980, പുറം 35-38)

www.malankaralibrary.com

# 48

## മലങ്കര സുറിയാനിക്കാരുടെ ദേശീയത

ഡോ. ആന്നിയിൽ തരകൻ
(പുനരൈക്യ സുവർണ്ണജൂബിലി സുവനീർ, തിരുവനന്തപുരം)

ക്രൈസ്തവ വിശ്വാസം പ്രാദേശിക സംസ്കാരത്തിൽ ലയിച്ചെങ്കിൽ മാത്രമെ, സഭ സ്ഥലകാലങ്ങളിൽ ആവിഷ്കരിക്കപ്പെടുകയുള്ളു. ഈ സത്യത്തിന്റെ അവബോധമാണ്, ഇന്നിന്റെ ചുവരെഴുത്തുകൾ വിശകലനം ചെയ്തുകൊണ്ട് വത്തിക്കാൻ കൗൺസിൽ, സഭ ആധുനിക യുഗത്തിൽ എന്ന ഡിക്രിക്ക് രൂപം നല്കിയത്.

പ്രാദേശിക സംസ്കാരവും ആചാരങ്ങളും സ്വാംശീകരിച്ച് തനതായ ഒരു വ്യക്തിത്വം വളർത്തിയെടുത്ത ഒരു സമൂഹം കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളെപ്പോലെ ഭൂമുഖത്ത് എവിടെയെങ്കിലുമുണ്ടോ എന്ന് സംശയിക്കുന്നു. പൗരസ്ത്യ സഭാപണ്ഡിതനായ ഡോക്ടർ പ്ലാസിഡ് പൊടിപ്പാറ ഇങ്ങനെ എഴുതുന്നു: "കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ സംസ്കാരത്തിൽ ഹൈന്ദവരും വിശ്വാസത്തിൽ ക്രൈസ്തവരും ആചാരത്തിൽ സുറിയാനി പാരമ്പര്യമുള്ളവരുമത്രെ".

പതിനാറാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർ കേരളത്തിൽ വരുന്നതുവരെ, കേരളത്തിലെ സുറിയാനിക്കാർക്ക് പാശ്ചാത്യ

www.malankaralibrary.com



ലോകവുമായി വലിയ സമ്പർക്കം ഇല്ലായിരുന്നു. മെസൊപ്പോട്ടോമിയായിലെ പൗരസ്ത്യ സുറിയാനി പാത്രിയർക്കീസുമായിട്ടായിരുന്നു കേരള ക്രൈസ്തവരുടെ മുഖ്യമായ സമ്പർക്കം. അവിടെ നിന്നും കേരളത്തിൽ വന്ന മെത്രാന്മാർ ആധ്യാത്മികതലത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. ഭൗതിക തലത്തിലുള്ള സഭയുടെ ഭരണം നടത്തിയിരുന്നത് 'അർക്കദിയാക്കോൻ' ആയിരുന്നു. ആയതിനാൽ കേരളത്തിലെ സുറിയാനിക്കാർക്ക് അവരുടെ പൈതൃകമായ സംസ്കാരാചാരങ്ങൾ അഭംഗുരം കാത്തുസൂക്ഷിക്കാനും തന്മൂലം തനതായ ഒരു വ്യക്തിത്വം പുലർത്താനും സാധിച്ചു. വിദേശീയർക്ക് കേരള സുറിയാനിക്കാരുടെ ആചാരക്രമങ്ങൾ ഹൈന്ദവരുടേതിൽ നിന്ന് വിഭിന്നമല്ലായിരുന്നു അക്കാലത്ത്.

ക്രൈസ്തവരുടെ ഭാരതീയനുഷ്ഠാനങ്ങൾക്ക് ഭാഗികമായെങ്കിലും ഭംഗംവന്നത് പോർട്ടുഗീസുകാരുടെ ക്രമാതീതമായ ലത്തിനീകരണം മൂലമാണ്. 1599 ജൂൺമാസം നടന്ന ഉദയംപേരൂർ സൂന്നഹദോസുവരെ കേരളത്തിലെ സുറിയാനിക്കാർ അവരുടെ സാംസ്കാരിക സമ്പത്ത് - ആരാധനയിലും ജീവിതരീതിയിലും - കളങ്കംവരാതെ കാത്തു സൂക്ഷിച്ചു. ഉദയംപേരൂർ സുന്നഹദോസിൽ ക്രൈസ്തവരുടെ ഹൈന്ദവാചാരങ്ങൾ ക്രിസ്തീയവിശ്വാസത്തിന് നിരക്കാത്തതാണെന്ന് വിധിക്കപ്പെട്ടു. കേരള നസ്രാണികളിൽ 20 ലക്ഷത്തോളം വരുന്ന മലബാർ റീത്തുകാർ പോർട്ടുഗീസുകാരുടെ വിധിക്കു വിധേയരാവുകയും, ക്രമേണ ആരാധനയിലും ആരാധന ക്രമത്തിലും വ്യത്യാസം വരുത്തുകയും ചെയ്തു. സഭാചരിത്ര പഠനം ഉദയംപേരൂർ സുന്നഹദോസിനെ അസാധൂകരിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. എന്നാൽ കൂനൻകുരിശിൽ സത്യം ചെയ്തു പറങ്കികളുടെ മേല്ക്കോയ്മ സ്വീകരിക്കാതിരുന്ന മലങ്കര സുറിയാനിക്കാർ അവരുടെ ആചാരങ്ങൾ കാത്തുസൂക്ഷിക്കാൻ മറന്നിരുന്നില്ല. 1665-ൽ കേരളത്തിൽ വന്ന ആദ്യത്തെ യാക്കോബായ മെത്രാൻ ജെറുസലേമിലെ മാർ ഗ്രിഗോറിയോസ് നഷ്ടപ്പെട്ടുപോയ സാംസ്കാരിക സമ്പത്ത് തിരിച്ചെടുക്കുവാൻ അശ്രാന്തപരിശ്രമം ചെയ്തു. അദ്ദേഹത്തെ ആളുകൾ സ്വീകരിച്ചതിനും അർക്കദിയാക്കോന്റെ സഹകരണം ലഭിച്ചതിനുമുള്ള മുഖ്യകാരണവും ഇതു തന്നെ. വളരെക്കാലങ്ങൾക്കു ശേഷം മാത്രമാണ് സ്വന്തമായ അന്ത്യോക്യൻ റീത്ത് മാർ ഗ്രിഗോറിയോസ് ആരംഭിച്ചത്. നഷ്ടപ്പെട്ട പതിനഞ്ചു നോമ്പും ഇരുപത്തഞ്ചു നോമ്പും അദ്ദേഹമത്രെ പുനഃസ്ഥാപിച്ചത്. വൈദികരുടെ പരമ്പരാഗതമായുള്ള വിവാഹം വീണ്ടും സ്ഥിരീകരിച്ചു. കേരളക്കരയിൽ പിന്നീടുവന്ന

www.malankaralibrary.com


മാർ ബസ്സേലിയോസും മാർ യോഹന്നാനും 1685-ൽ സുറിയാനിക്കാരുടെ പാരമ്പര്യം അതിന്റെ പരിശുദ്ധിയിൽ കാത്തുസൂക്ഷിക്കുന്നതിന് അശ്രാന്തപരിശ്രമം നടത്തി. സുറിയാനിക്കാരുടെയും ഹൈന്ദവരുടെയും ആചാരമായ നിന്നുകൊണ്ടുള്ള പ്രാർത്ഥനാരീതി അവരത്രേ വീണ്ടും തുടങ്ങിയത്.

ബ്രാഹ്മണരിൽ നിന്നും മതപരിവർത്തനം നടത്തിയ ഇവിടുത്തെ സുറിയാനിക്കാർ അവരുടെ പൂർവ്വികരെപ്പോലെ സസ്യഭുക്കുകളായിരുന്നു. പോർട്ടുഗീസുകാരുടെ ആഗമനത്തോടുകൂടി കടന്നുവന്ന മാംസഭോജനവും മദ്യപാനവും ശീമയിൽനിന്നുവന്ന മെത്രാന്മാർ കർക്കശമായി തടഞ്ഞു. ദേവാലയങ്ങളിൽ നിന്നും പ്രതിമകൾ എടുത്തുമാറ്റി. ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ വിളംബരം ചെയ്യുന്ന കൃംതാ കുരിശ്, ക്രൂശിതരൂപത്തിനു പകരം ദേവാലയങ്ങളിൽ സ്ഥാപിച്ചു. മരണത്തെക്കാൾ പുനരുത്ഥാനത്തിന് മുൻതൂക്കം നല്കുന്ന രീതി പൗരസ്ത്യ പാരമ്പര്യമത്രേ.

ഹൈന്ദവ സംസ്കാരത്തിന്റെ ഉറവിടമായ ബ്രാഹ്മണരുടെ ആചാരങ്ങളും ജീവിതരീതികളും കേരള നസ്രാണികൾ കാത്തുസൂക്ഷിച്ചുപോന്നു. ഗ്രീക്കുസംസ്കാരവും റോമൻസംസ്കാരവും ക്രൈസ്തവ വിശ്വാസത്തിൽ ലയിച്ച് യൂറോപ്പിൽ ഒരു പുതിയ സംസ്കാരം ഉദയം കൊണ്ടതുപോലെ, കേരളത്തിൽ ഹൈന്ദവാചാരങ്ങളും ക്രൈസ്തവ വിശ്വാസവും സമ്മേളിച്ച് സുറിയാനി ആരാധനയെന്ന മൂശയിൽ ഭാരതീയ ക്രൈസ്തവ സംസ്കാരത്തിന് കേരള നസ്രാണികൾ രൂപഭാവങ്ങൾ നല്കി.

ജനനംമുതൽ മരണംവരെയുള്ള സുറിയാനിക്കാരുടെ ജീവിതാചാരങ്ങൾ ഹൈന്ദവമത്രെ. നസ്രാണി കുടുംബത്തിൽ ഒരു ശിശു ജനിച്ചാൽ സ്വർണ്ണം അരച്ച് തേനിൽകലർത്തി ശിശുവിന് നല്കുന്നു. കേരളത്തിലെ ബ്രാഹ്മണരും ഇപ്രകാരം ചെയ്യുന്നു. അനന്തരം ശിശുവിന്റെ ശ്രേയസ്സിനുവേണ്ടി ജാതകകർമ്മം നടത്തി വന്നിരുന്നു. ശിശു ജനിച്ച് പതിനൊന്നാം മാസത്തിൽ അതിന് ആഘോഷമായ രീതിയിൽ ചോറുകൊടുക്കുന്ന പതിവുണ്ട്. ഈ ആചാരം പല ക്രൈസ്തവ കുടുംബങ്ങളിലും ഇന്ന് നിലവിലില്ല. ഈ കർമ്മ നിർവഹണത്തിന് ശിശുവിനെ സിൽക്കു ശീലയിൽ പൊതിഞ്ഞ് ദൈവാലയത്തിൽ കൊണ്ടുപോകുന്നത് കുഞ്ഞിന്റെ മാതാമഹനത്രെ. അനന്തരം പിതാവ് കുഞ്ഞിനെ മടിയിൽവച്ചുകൊണ്ട് പൊക്കം കുറഞ്ഞ ഒരു പീഠത്തിൽ ഇരിക്കുന്നു. പുരോഹിതൻ അവരുടെ മുമ്പിൽ ഒരു വാഴയിലയിൽ ചോറും, പഴവും, ശർക്കരയും ചേർത്തുവയ്ക്കുന്നു.

www.malankaralibrary.com


ഇവ ഒന്നായി കുഴച്ച് കുഞ്ഞിന്റെ പിതാവ് മൂന്നു പ്രാവശ്യം ശിശുവിന് ചോറു നല്കുന്നു.

തിരുവാംകോടു ക്രൈസ്തവർ ഇന്നും ഇത്തരം പ്രാചീനാചാരങ്ങളിൽ അതീവ തൽപരരത്രെ. ശിശു ജനിച്ചു കഴിഞ്ഞാൽ 'മാറാനീശോ മിശിഹാ' എന്നു അതിന്റെ ചെവിയിലേക്കു അവർ മന്ത്രിക്കാറുണ്ട്. കുട്ടികൾ മാമ്മോദീസാ സ്വീകരിച്ചുകഴിഞ്ഞാൽ, വൈദികൻ ആശിർവദിച്ച പൂണൂൽ ധരിക്കുന്ന പതിവ് അവിടെ ഇന്നുമുണ്ടത്രെ.

സുറിയാനിക്കാരുടെ വിവാഹാചാരങ്ങൾ ശ്രദ്ധേയമാണ്. കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ വിവാഹസമയത്ത് ധരിക്കുന്ന താലി (മിന്ന്) ബ്രാഹ്മണരുടെ ആചാരമത്രെ. ക്രൈസ്തവരുടെ താലിയിൽ 21 ചെറിയ മുത്തുകൾ കൊണ്ടുണ്ടാക്കിയ ഒരു കുരിശുണ്ട്. വേദശാസ്ത്രപ്രകാരം വിവാഹത്തെ സാധൂകരിക്കുന്നത് ദമ്പതികളുടെ ആന്തരികമായ ഉടമ്പടിയാണ്. ഈ ഉടമ്പടിക്കു ശേഷവും വരൻ വധുവിന്റെ കഴുത്തിൽ മിന്നു കെട്ടിയെങ്കിലേ കല്യാണം പൂർത്തിയാവൂ എന്ന് ഇന്നും സുറിയാനിക്കാർ കരുതുന്നു. താലിയെപ്പോലെ, വരൻ വധുവിന്റെ ശിരസ്സിൽ അണിയിക്കുന്ന, മന്ത്രകോടിയും, കല്യാണത്തിനു മുമ്പുള്ള കുളിയും ഹൈന്ദവവിധി പ്രകാരമത്രെ.

സുറിയാനിക്കാരുടെ ഇടയിൽ വൈദികർ പട്ടാഭിഷേകത്തിനുമുമ്പ് വിവാഹം കഴിച്ചിരുന്നു. ഭാര്യ മരിച്ചാൽ പുനർ വിവാഹം വൈദികർക്ക് അനുവദനീയമല്ലായിരുന്നു. വിധവകളെ വിവാഹം കഴിക്കുവാനും നിയമം അവരെ വിലക്കിയിരുന്നു. കത്തനാരുടെ ഭാര്യയെ 'ബസ്ക്യാമാ' (ഉടമ്പടിയുടെ പുത്രി) എന്നു വിളിക്കുന്നു. ജെറുസലേമിലെ മാർ ഗ്രിഗോറിയോസിന്റെ കത്തിൽ വൈദികരുടെ വിവാഹം നിർത്തൽ ചെയ്ത പോർട്ടുഗീസുകാരെ നിശിതമായി വിമർശിക്കുന്നതു കാണാം. "ഇന്നുവരെ കാനോൻ നിയമം അനുസരിച്ച് വൈദികർക്കു വിവാഹം അനുവദനീയമായിരുന്നു. എന്നാൽ വിവാഹം ചെയ്താൽ വ്യഭിചാരക്കുറ്റത്തിൽപ്പെടാൻ സാധ്യതയുണ്ടെന്നു കരുതി റോമാക്കാർ വൈദികരുടെ വിവാഹം മുടക്കി. ഇവർ പരിശുദ്ധമായ വിവാഹത്തെ പുച്ഛിക്കുന്നു. ദൈവത്തിന്റെ ശിക്ഷ ഇവരുടെമേൽ ഉണ്ടാകും".

നസ്രാണികളുടെ മരണാനന്തര കർമ്മങ്ങൾ ശ്രദ്ധേയമത്രേ. മരിക്കുന്ന വ്യക്തിയെ മുഖം കിഴക്കായി നിലത്തു കിടത്തുന്ന പതിവ് പണ്ടുണ്ടായിരുന്നു. മരിച്ചു കഴിഞ്ഞാലുടൻ ഉപ്പൂറ്റിയും തള്ളവിരലും തുണികൊണ്ടു കെട്ടിയിരുന്നു. ബ്രാഹ്മണരും ഇപ്രകാരം ചെയ്തു

www.malankaralibrary.com

പോരുന്നു. മരിച്ച് ഏതാനും മണിക്കൂറുകൾ കഴിഞ്ഞ് മൃതശരീരം ചൂടുവെള്ളത്തിൽ കുളിപ്പിക്കുകയും സുഗന്ധദ്രവ്യങ്ങൾകൊണ്ട് പൂശുകയും ചെയ്യുന്നു. മരിച്ച വീട്ടിൽ ശവസംസ്കാരം കഴിയുന്നതു വരെ ആഹാരം പാകപ്പെടുത്തുകയോ ഭക്ഷിക്കുകയോ, ചെയ്യുന്നില്ല. കബറടക്കത്തിനു ശേഷം വൈദികരും ഇടവകക്കാരും മരിച്ചയാളിന്റെ വീട്ടിൽ നടക്കുന്ന ലഘുഭക്ഷണത്തിൽ പങ്കുചേരുന്നതിനു പോകുന്നു. ഇതിനെ പട്ടിണിക്കഞ്ഞി എന്നു പേര് വിളിക്കുന്നു. കത്തനാർ വീട്ടിൽ വന്നാലുടൻ ഇളംകരിക്ക് കുടിക്കാൻ നല്കുന്നു. മരിച്ച വീട്ടിലെ ആഹാരം തികച്ചും സസ്യഭോജനമായിരിക്കും. വൈദികന്റെ മുമ്പിൽ ഒരു പാത്രത്തിൽ ജീരകം വയ്ക്കുകയും അദ്ദേഹം അത് ആശീർവദിച്ച് രുചിച്ചു നോക്കുകയും ചെയ്യുന്നു. ജനങ്ങളും വൈദികനിൽനിന്നും ജീരകം സ്വീകരിച്ച് രുചിച്ചു നോക്കുന്നു. ഈ ജീരകരുചിക്കലിനു ശേഷമത്രേ മരിച്ച വീട്ടിലുള്ളവർ അവരുടെ വ്രതം അവസാനിപ്പിക്കുന്നത്. അന്നേദിവസം ഗ്രാമത്തിലെ പാവപ്പെട്ടവർക്ക് ഭക്ഷണവും വസ്ത്രവും നല്കിയിരുന്നു.

മരണ വീട്ടിലെ ഏറ്റം ശ്രദ്ധേയമായ ഹൈന്ദവാചാരത്തിൽ ഒന്നാണ് 'പുലകുളി'. മരണംമൂലമുണ്ടായ അശുദ്ധിയിൽനിന്നുള്ള പവിത്രീകരണത്തിനു വേണ്ട സ്നാനമെന്നർത്ഥം. കബറടക്കം കഴിഞ്ഞ് പതിമൂന്നാമത്തെ ദിവസമാണ് ഇപ്രകാരം ചെയ്യേണ്ടത്. ബ്രാഹ്മണരും ഇതേദിവസം തന്നെ ശുദ്ധീകരണം നടത്തിയിരുന്നു. പുലകുളിക്കുശേഷം കേരളത്തിലെ നസ്രാണികൾ പതിനേഴും പതിനെട്ടും ഇരുപത്തിയെട്ടും എല്ലാറ്റിനുമുപരിയായി നാല്പത്തിഒന്നും ആഘോഷിച്ചിരുന്നു. ഇന്നും സുറിയാനിക്കാരുടെ ഇടയിൽ നിലവിലുള്ള നാല്പത്തിയൊന്നാം അടിയന്തരം ബ്രാഹ്മണരുടെ ഏറ്റം ശ്രദ്ധേയമായ ആഘോഷങ്ങളിൽ ഒന്നത്രേ. വർഷം തോറും നടത്തിവരുന്ന മരിച്ചവരുടെ ഓർമ്മയ്ക്ക് ചാത്തം അഥവാ ശ്രാദ്ധം എന്നാണ് പേര്.

സുറിയാനിക്കാരുടെ വസ്ത്രധാരണം അവരുടെ പ്രാചീന കുലത്തെ ദ്യോതിപ്പിക്കുന്നു. പുരുഷന്മാർ കസവുമുണ്ടു ധരിക്കുകയും കുടുമ വളർത്തുകയും ചെയ്തിരിക്കുന്നു. കുടുമയുടെ അറ്റത്തെ മുടി കെട്ടിവയ്ക്കുകയും മുടിക്കെട്ടിനുള്ളിൽ ഒരു ചെറിയ ലോഹക്കുരിശു ചാർത്തുകയും ചെയ്യുക പതിവായിരുന്നു. L.W. ബ്രൗൺ ഇപ്രകാരം എഴുതുന്നു: "പോർട്ടുഗീസുകാർ കേരളത്തിൽ വന്നപ്പോൾ ക്രൈസ്തവരെ ഹൈന്ദവരിൽനിന്നു തിരിച്ചറിഞ്ഞത് അവരുടെ കുടുമയിലെ കുരിശും കൈയിലെ ആഭരണവും കൊണ്ടാണ്.

www.malankaralibrary.com



സ്വദേശത്തുനിന്നു പുറത്തു പോകുമ്പോൾ അവർ നീലക്കോട്ടു ധരിച്ചിരുന്നു".

സുറിയാനിക്കാർ ഒന്നാംതരം യോദ്ധാക്കളായിരുന്നു. രാജാക്കന്മാരെ യുദ്ധത്തിൽ സഹായിച്ചിരുന്നെന്നും അവർ ആയുധ ധാരികളായി നടന്നുവെന്നും ചരിത്രം ഉദ്ഘോഷിക്കുന്നു. എന്നാൽ ദൈവാലയത്തിൽ പ്രവേശിക്കുമ്പോൾ ആയുധം പൂമുഖത്ത് സൂക്ഷിക്കുകയായിരുന്നു പതിവ്.

16-ാം നൂറ്റാണ്ടിനു മുമ്പുവരെ കേരളത്തിലെ അമ്പലങ്ങളുടെയും പള്ളികളുടെയും ബാഹ്യരൂപം ഒന്നുപോലെയായിരുന്നു. കായംകുളത്തെയും (പഴയ പള്ളിപൊളിച്ച് പുതിയ ദൈവാലയം ഇവിടെ പണിയിക്കുകയുണ്ടായി). കല്ലൂപ്പാറയിലെയും കുണ്ടറയിലെയും പള്ളികൾ ഇന്ന് ഇതിന് ഉദാഹരണമത്രേ.

കേരളത്തിലെ നായർ തറവാട്ടിൽ സ്ത്രീകൾക്കാണവകാശം. ഇതിനെ മരുമക്കത്തായം എന്നു പറയുന്നു. പുരുഷന്മാർ വേളി കഴിഞ്ഞ് സ്ത്രീകളുടെ വീട്ടിൽ കഴിയുകയാണു പതിവ്. എന്നാൽ ബ്രാഹ്മണരുടെ രീതി ഇതിൽ നിന്ന് വിഭിന്നവും. ബ്രാഹ്മണ സ്ത്രീകൾ വിവാഹാനന്തരം ഭർത്താക്കന്മാരുടെ വീടുകളിലേക്ക് പോവുകയാണ് പതിവ്. ഈ രീതി തന്നെ സുറിയാനിക്കാരും വച്ചു പുലർത്തുന്നു. പുരുഷന്മാരാണ് പിതൃസ്വത്തിന് അവകാശികളായിത്തീരുക. കുടുംബത്തിലെ നായകൻ പരമാധികാരിയത്രേ. യഹൂദന്മാരുടെ രീതിയും ഇതുതന്നെ.

ഹൈന്ദവചിന്തയിൽ ഒരു വ്യക്തിക്ക് നാല് അവസ്ഥകളുണ്ട്. പ്രഥമം, വേദാധ്യായന ഘട്ടമായ ബ്രഹ്മചര്യം; രണ്ടാം ഘട്ടം ഗൃഹസ്ഥ ജീവിതം അഥവാ ഗാർഹസ്ഥ്യം; തൃതീയമായി വാനപ്രസ്ഥവും, അവസാനത്തേത് സന്ന്യാസവും. ഈ ജീവിതവീക്ഷണത്തോട് അടുത്തു വരുന്ന ജീവിതക്രമീകരണം നസ്രാണികൾക്കും ഉണ്ടായിരുന്നു. കാശിയും രാമേശ്വരവും ഹൈന്ദവർ സന്ദർശിക്കുന്നതു പോലെ നസ്രാണികൾ മലയാറ്റൂരും മൈലാപ്പൂരും സന്ദർശിച്ചിരുന്നു. കേരള നസ്രാണികൾ ഭാരതീയ സന്ന്യാസം വിലമതിച്ചിരിക്കണം. അങ്കമാലിയിലും ഇടപ്പള്ളിയിലും സന്ന്യാസാശ്രമങ്ങൾക്ക് സമമായ വാസസ്ഥലങ്ങൾ ഉണ്ടായിരുന്നുവെന്ന് ചരിത്രകാരന്മാർ അവകാശപ്പെടുന്നു. തക്ഷശിലയെപ്പോലെയും നളന്ദയെപ്പോലെയുമുള്ള ഗുരുകുല വിദ്യാഭ്യാസമായിരുന്നു വൈദിക വിദ്യാർത്ഥികൾക്കു ലഭിച്ചിരുന്നത്. അവരുടെ ആചാര്യന്മാരെ മല്പാന്മാർ എന്നു വിളിച്ചിരുന്നു.

www.malankaralibrary.com


ശ്രീമാൻ അനന്തകൃഷ്ണയ്യർ തന്റെ 'Anthropology of the Syrian Christians' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിട്ടുണ്ട്: "കേരളക്കരയിൽ ക്രിസ്തുമതം പ്രചരിച്ച കാലഘട്ടത്തിൽ പല പ്രാചീന ഹൈന്ദവാചാരങ്ങളും നിലവിലിരുന്നു. ക്രൈസ്തവർ ഈ ആചാരങ്ങളുടെ ദേശീയസ്വഭാവം കളയാതെതന്നെ അവയെ സ്വീകരിക്കുകയും ചെയ്തു".

സഭ ഇത്രമാത്രം ജനങ്ങളുടെ ഇടയിൽ സ്വീകാര്യമായതും വേരുറച്ചതും, പ്രാദേശികമായ ആചാരങ്ങളിൽ വിശ്വാസം ആവിഷ്ക്കരിച്ചതിനാലാണ്. ക്രിസ്തീയ വിശ്വാസവും ഹൈന്ദവാചാരങ്ങളും തമ്മിലുള്ള വേഴ്ചയിൽ ഹിന്ദുമതം ക്രിസ്തുമതത്തിന്റെ സ്വാധീനത്തിനും വിധേയമായി. തമിഴ് ഭാഷയിലെ തിരുക്കുറൽ എന്ന കാവ്യത്തെ പുതിയ നിയമം സ്വാധീനിച്ചിട്ടുണ്ടെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. വിശുദ്ധ യോഹന്നാന്റെ സുവിശേഷവും ഭഗവദ്ഗീതയും തമ്മിൽ വളരെ സാമ്യം കാണാം. പന്ത്രണ്ടും പതിമൂന്നും നൂറ്റാണ്ടുകളിൽ വളർന്നുവന്ന ഹിന്ദുമതത്തിലെ ശ്രദ്ധേയമായ ഭക്തിപ്രസ്ഥാനത്തിൽ ക്രൈസ്തവ സ്നേഹത്തിന്റെയും (agape) വിശ്വാസത്തിന്റെയും (pistis) സ്വാധീനം ദർശിക്കാൻ കഴിയും. ക്രൈസ്തവചിന്ത ഏറ്റമധികം ഹിന്ദുമതത്തെ സ്വാധീനിച്ചത് ദക്ഷിണേന്ത്യയിലത്രെ.

മഹാത്മാഗാന്ധി വടക്കേ ഇൻഡ്യയിലെ വൈദേശികമായ ക്രിസ്തുമതത്തെ രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. "കാളയിറച്ചിയും ബീയറും ഉപയോഗിക്കുന്ന ക്രൈസ്തവരെ" അദ്ദേഹം അപലപിച്ചു. മാർത്തോമ്മാ ക്രിസ്ത്യാനികളുമായി അദ്ദേഹം സമ്പർക്കം പുലർത്തിയിരുന്നുവെങ്കിൽ ഇൻഡ്യയിലെ ക്രൈസ്തവരെപ്പറ്റി വ്യത്യസ്തമായ ഒരഭിപ്രായം കാണുമായിരുന്നു. നെഹ്റുവും സർദാർ പണിക്കരും കേരളത്തിലെ നസ്രാണികളുടെ ദേശീയതയെ പുകഴ്ത്തിയിട്ടുണ്ട്.

അപ്പസ്തോലികവും ദേശീയവുമായ മലങ്കര സുറിയാനി സഭ ഭാരതത്തിന് തികച്ചും ഉചിതമത്രെ!!

(1980-ൽ പുനരൈക്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച "മലങ്കര സഭാ പുനരൈക്യ സുവർണ്ണജൂബിലി സുവനീറി"ൽ വന്ന ലേഖനം, പുറം 112-114).

www.malankaralibrary.com

# 49

## മാർത്താണ്ഡം രൂപത: ഒരു ദർശനത്തിന്റെ ആവിഷ്കാരം

ഡോ. ആന്നിയിൽ തരകൻ (രാഷ്ട്രദീപിക, കോട്ടയം)

മറ്റെന്തിനെക്കാൾ ഉപരിയായി, മാർത്താണ്ഡം രൂപതയുടെ രൂപീകരണം പ്രതീകാത്മകമായ ഒരു പ്രക്രിയയാണ്. ഭൂമിശാസ്ത്ര പരമായി കേരളത്തിലെ ഏറ്റവും വലിയ അതിരൂപതയാണ് തിരുവനന്തപുരം. അതിൽനിന്നും വിഭജിക്കപ്പെട്ട ആദ്യത്തെ രൂപത എന്നതിനു പുറമെ, ഈ രൂപതയെ മലങ്കര കത്തോലിക്കാ സഭയുടെ ഭാവിദർശനത്തിന്റെ ചൂണ്ടുപലകയായി കാണേണ്ടതാണ്.

1930-ൽ മാർ ഈവാനിയോസ് തിരുമേനിയുടെ സഭാ ഐക്യത്തോടെ സമാരംഭിച്ച മലങ്കര കത്തോലിക്കാ സഭ, ഭാരത സഭയിലെ മൂന്നു വ്യത്യസ്ത ആരാധന ക്രമാധിഷ്ഠിത സഭകളിൽ ഒന്നാണ്. എങ്കിലും ഈ സഭയുടെ അസ്തിത്വം 1979 വരെ തിരുവന ന്തപുരം, തിരുവല്ല എന്നീ രൂപതകളിൽ ഒതുങ്ങി നിന്നിരുന്നു. തദനന്തരം, തിരുവല്ല രൂപതയുടെ ഉത്തരഭാഗം ബത്തേരി രൂപത യായി രൂപം പ്രാപിക്കുകയും അതിന്റെ പ്രഥമ മെത്രാനായി വേദ ശാസ്ത്ര പാരംഗതനായ സിറിൽ മാർ ബസേലിയോസ് തിരുമേനി വാഴിക്കപ്പെടുകയും ചെയ്തതോടു കൂടി മലങ്കരസഭയ്ക്കുള്ളിൽ

www.malankaralibrary.com


വികാസത്തിന്റെ ഒരു കാലഘട്ടത്തിനു നാന്ദി കുറിച്ചു. മാർത്താണ്ഡം രൂപതയുടെ രൂപീകരണം ഈ വികാസത്തിന്റെയും അതിന്റെ പിന്നിലെ ദർശനത്തിന്റെയും തുടർച്ച തന്നെയാണ്.

പത്തൊമ്പതാം നൂറ്റാണ്ടിലെ പ്രശസ്ത ആംഗല സാഹിത്യകാരനായ മാത്യു ആർനോൾഡ്, തന്റെ 'കൾച്ചറൽ ആൻഡ് ആനാർക്കി' (Culture and Anarchy) എന്ന ഗ്രന്ഥത്തിൽ, ഏതു സമൂഹവും ദീർഘകാലത്തെ നിഷ്ക്രിയത്വത്തിനുശേഷം വികസനത്തിന്റെ ഒരു കാലഘട്ടത്തിലേക്കു കുതികൊള്ളുവാൻ വെമ്പൽ കൊള്ളുന്നു എന്നു പ്രസ്താവിക്കുന്നു. ആ പ്രക്രിയ ത്വരിതപ്പെടുത്തുവാൻ ദർശന പടുത്വമുള്ള നേതൃത്വവും ആദർശത്തെ ഉൾക്കൊള്ളുവാൻ പര്യാപ്തമായ തലവും ആവശ്യമാണ്. മാർത്താണ്ഡം രൂപത ഇപ്പറഞ്ഞ വസ്തുതയ്ക്ക് ഒരു നിദർശനമാണ്. ഈ സത്യത്തെ സ്വാംശീകരിക്കുവാൻ മലങ്കര സഭാവിശ്വാസികൾക്കു സാധിക്കുമെങ്കിൽ, അനതിവിദൂര ഭാവിയിൽ തിരുവനന്തപുരം അതിരൂപതയുടെയും ബത്തേരി രൂപതയുടെയും ഉത്തരഭാഗങ്ങൾ പുതിയ രൂപതകളായി രൂപം പ്രാപിക്കുന്നത് കാണാൻ കഴിയും. കേരളത്തിനു പുറത്ത് ചിതറിക്കിടക്കുന്ന മലങ്കര കത്തോലിക്കർക്ക് അവരുടേതായ രൂപതയും ഭദ്രതയും ഉണ്ടാകേണ്ടത് ആവശ്യമല്ലേ? അതുപോലെ, അമേരിക്കയിൽ കുടിയേറിപ്പാർത്ത മലങ്കര കത്തോലിക്കർക്ക് സ്വന്തമായ ഒരു 'എപ്പാർക്കി'യും ഉണ്ടാകേണ്ടതാണ്.

മാർത്താണ്ഡം രൂപതയുടെ രൂപവൽക്കരണം രൂപതയുടെ എണ്ണം വർദ്ധിപ്പിച്ചു എന്നല്ല വീക്ഷിക്കേണ്ടത്; പിന്നെയോ, മലങ്കര സഭയുടെ സമഗ്രമായ നിർമാണ വീക്ഷണത്തിന്റെ കാലോചിതമായ ദൃഷ്ടാന്തമായാണ് കാണേണ്ടത്. തികച്ചും ദർശനവൈഭവമുള്ള ഒരു സഭാ നേതൃത്വത്തിനു മാത്രമേ ഇപ്രകാരമുള്ള ഒരു നിർമ്മാണ പദ്ധതിക്കു ആവിഷ്കാരം നല്കാൻ കഴിയൂ.

പുതിയതായി രൂപം കൊണ്ട മാർത്താണ്ഡം രൂപതയുടെ പ്രഥമ മെത്രാനായ അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനിക്ക് അദ്ദേഹത്തിന്റെ ശിഷ്യനായ ഈ ലേഖകന്റെ എല്ലാവിധ ഭാവുകങ്ങളും!

(രാഷ്ട്രദീപിക, 1997 സപ്ലിമെന്റ്, ജനുവരി 23 വ്യാഴം, പുറം 1)

www.malankaralibrary.com

# 50

## കറ്റാനത്തെ ഇടയ ശ്യംഖല

ഡോ. ആന്നിയിൽ തരകൻ (മലയാള മനോരമ, കോട്ടയം)

കായംകുളം രാജാവിന് കറ്റ കാണമായി (കരം) നൽകിയ സ്ഥലമായതുകൊണ്ടാണ് കറ്റാനം എന്ന പേര് ആ സ്ഥലത്തിന് ലഭിച്ചത്. കുറേക്കാലം പ്രസ്തുത രാജ്യത്തിന്റെ ഒരു വലിയ പട തന്നെ കറ്റാനം കേന്ദ്രമായി നിലകൊണ്ടിരുന്നു. 1750 വരെ കറ്റാനം പ്രദേശത്ത് വളരെക്കുറച്ച് ക്രൈസ്തവർ മാത്രമേ താമസിച്ചിരുന്നുള്ളൂ. 1814 (മലയാള വർഷം 1010) നോടുകൂടി നിലമേൽ ആന്നിയിൽ കുരുവിള മാത്തുണ്ണി തരകൻ കറ്റാനത്ത് വിശുദ്ധ സ്തേഫാനോസിന്റെ നാമത്തിൽ നിലകൊള്ളുന്ന ദൈവാലയം സ്ഥാപിച്ചു. ഇതോടുകൂടി ക്രൈസ്തവരുടെ അംഗസംഖ്യയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുകയും ക്രൈസ്തവ സമൂഹത്തിന് ഉറപ്പുള്ള ഒരു സങ്കേതമായി കറ്റാനം മാറുകയും ചെയ്തു.

ഈ കാലഘട്ടത്തിനു ശേഷം പ്രശസ്തരായ പല ക്രൈസ്തവ നേതാക്കളും കറ്റാനം കേന്ദ്രമാക്കി പ്രവർത്തിച്ചു എന്നുള്ളത് ശ്രദ്ധേയമാണ്. പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനേഷ്യസ് തിരുമേനിയും കുണ്ടറ മെത്രാൻ എന്നറിയപ്പെട്ടിരുന്ന ഗ്രിഗോ

www.malankaralibrary.com


റിയോസ് തിരുമേനിയും കറ്റാനം പ്രദേശത്തെ തങ്ങളുടെ പ്രവർത്തന കേന്ദ്രമായിക്കണ്ടു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ കൊല്ലം ലത്തീൻ കത്തോലിക്കാ രൂപതയുടെ മെത്രാനായിരുന്ന അലോഷ്യസ് മരിയ ബെൻസിഗർ തിരുമേനി ഓർത്തഡോക്സു കാരുടെ ഇടയിൽ കത്തോലിക്കാ വിശ്വാസ പ്രചരണത്തിന് തിര ഞ്ഞെടുത്ത വേദിയും കറ്റാനം തന്നെ. 1910-ൽ തുടങ്ങിയ ഈ പ്രേഷിത പ്രവർത്തനങ്ങൾ പൂവണിയുന്നത് 1916-ൽ പോളച്ചിറയ്ക്കൽ ആന്നി യിൽ ഫാ. നൈനാൻ (പിൽക്കാലങ്ങളിൽ നൈനാൻ വീട്ടിനാൽ സീനിയർ) കത്തോലിക്കാ വിശ്വാസം സ്വീകരിച്ചതോടുകൂടിയാണ്. ഇദ്ദേഹം കറ്റാനത്തെ ഓർത്തഡോക്സ് ദൈവാലയത്തിന് വേണ്ടി പട്ടത്വം സ്വീകരിച്ച് അവിടെ തവണ നടത്തിയിരുന്ന വൈദികനാണ്. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം ഘട്ടം വരെ മലങ്കര ഓർത്ത ഡോക്സ് സഭയിൽ വൈദികർക്ക് കശ്ശീശാപട്ടം നൽകിയത് ഓരോ ഇടവകയ്ക്കു വേണ്ടിയായിരുന്നു. പോളച്ചിറയ്ക്കൽ ആന്നിയിൽ ഫാ. നൈനാൻ കറ്റാനത്തെ ആദ്യത്തെ കത്തോലിക്കാ വൈദിക നാണ്.

1932 ആയപ്പോഴേക്കും കത്തോലിക്കാ സഭയ്ക്ക് കറ്റാനം ശക്തമായ ഒരു സങ്കേതമായി മാറി. ഇതിനു വഴി തെളിച്ചത് 1932-ൽ നടന്ന മാങ്കാവിൽ ശാമുവേൽ അച്ചന്റെ സഭൈക്യമായിരുന്നു. പ്രസ്തുത വൈദികന്റെ സഭൈക്യത്തോടു കൂടി 1932-ൽ ഇന്നു കാണുന്ന മലങ്കര കത്തോലിക്കാ ദൈവാലയം സ്ഥാപിതമായി. ശാമുവേലച്ചന്റെ മൂത്ത സഹോദരനായ ഫാ. എം. ജി. ഗീവർഗ്ഗീ സിന്റെ കത്തോലിക്കാ സഭയുമായുള്ള പുനരൈക്യം കുറെക്കാലം കൂടി താമസിക്കേണ്ടിവന്നു. 1937 ജൂൺ മാസത്തിന് ശേഷം ബഹു മാനപ്പെട്ട ഗീവർഗ്ഗീസ് അച്ചൻ കത്തോലിക്കാസഭയെ ആശ്ലേഷിച്ചു.

പിന്നീടുള്ള കാലഘട്ടം ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു. തിരുവനന്തപുരം അതിരൂപതയിലും കേരള ത്തിനു വെളിയിലും സഭാസേവനം ചെയ്യുന്ന ഒരു വലിയ വൈദീക -സന്ന്യാസ - സന്ന്യാസിനി ശൃംഖലതന്നെ സൃഷ്ടിക്കപ്പെട്ടു. തിരു വനന്തപുരത്ത് സെന്റ് അലോഷ്യസ് സെമിനാരിയുടെ സ്ഥാപനവും ബഥനി സന്യാസിനി സമൂഹത്തിന്റെ വളർച്ചയും അതിന് വഴിതെ ളിച്ചു. കറ്റാനം ഇടവകയിൽ നിന്ന് കുറ്റിയിൽ ഫാ. ഗീവർഗീസ് 1946 ജനുവരി 27-ാം തീയതി പട്ടത്വം സ്വീകരിച്ചു. ആശ്രമസ്ഥനായ

www.malankaralibrary.com

ഫാ. ബോസ്കോ കുറ്റിയിൽ 1966 മെയ് മാസം വൈദികനായി. പിന്നീട് വൈദിക പദവിയിലേക്ക് ഉയർത്തപ്പെട്ട വ്യക്തിയാണ് ചെല്ലിച്ചിറയിൽ ഫാ. തോമസ് പണിക്കർ. 1961–69 എന്നീ കാലയളവിൽ പൂനാ പേപ്പൽ സെമിനാരിയിൽ പഠനം പൂർത്തിയാക്കിയ പോളച്ചിറയ്ക്കൽ ആന്നിയിൽ ഫാ. നൈനാൻ തരകൻ, 1968 ഒക്ടോബർ മാസം 18–ാം തീയതി മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ തൃക്കരങ്ങളിൽ നിന്നും പട്ടത്വം സ്വീകരിച്ചു. തെക്കിഴേത്ത് ഫാ. അസ്സീസ്സി ഒ.ഐ.സി., ഫാ. ബോസ്കോയ്ക്ക് ശേഷം ആശ്രമസ്ഥനായ വൈദികനത്രേ. പാലവിളയിൽ ഫാ. ഗീവർഗ്ഗീസ് ഒ.ഐ.സി., ഫാ. ജോൺ സാമുവേൽ പാലവിളയിൽ ഒ.ഐ.സി., ഇല്ലിത്തറയിൽ ജെയിംസ് വർഗ്ഗീസ് ഒ.ഐ.സി., മേനാക്കളീയ്ക്കൽ ജോസഫ് തോമസ് ഒ.ഐ.സി. എന്നിവർ ഈ കാലഘട്ടത്തിൽ ബഥനി സന്ന്യാസ സമൂഹ വൈദീക ഗണത്തിൽ ചേർക്കപ്പെട്ട പ്രശസ്തരായ വൈദീകരത്രേ. കറ്റാനം ഇടവക ഒരു ഈശോ സഭ വൈദികനെകൂടി കത്തോലിക്കാ സഭയ്ക്ക് നൽകിയിട്ടുണ്ട്. കുറ്റിത്തറയിൽ ഫാ. കോശി ജോർജ്ജാണ് പ്രസ്തുത വൈദികൻ.

വൈദികർ മാത്രമല്ല സഹോദര-സഹോദരീ സന്ന്യാസ സഭാസമൂഹങ്ങളിലേക്കും കറ്റാനം ധാരാളം അംഗങ്ങളെ പ്രദാനം ചെയ്തിട്ടുണ്ട്. പിൽക്കാലങ്ങളിൽ പോപ്പ് പയസ് ഇലവന്ത് ഇംഗ്ലീഷ് ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്ററായിരുന്ന മാങ്കാവിൽ ബ്രദർ അലോഷ്യസ് അപ്രകാരമൊരു ബഥനി ആശ്രമസ്ഥനായിരുന്നു. സന്ന്യാസിനി സമൂഹത്തിലേക്ക് ധാരാളം പെൺകുട്ടികൾ കറ്റാനം ഇടവകയിൽ നിന്നും അർപ്പിത ജീവിതത്തിനായി പോയിട്ടുണ്ട്. മാത്രമല്ല, ബഥനി പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നതിന് വേണ്ടി, 20–ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ കൽക്കട്ടായ്ക്ക് അടുത്തുള്ള ബാരിസോൾ എന്ന സ്ഥലത്ത് മദ്ധ്യതിരുവിതാംകൂറിൽ നിന്നുമുള്ള പെൺകുട്ടികൾക്ക് അന്ന് പി.റ്റി. ഗീവർഗ്ഗീസായിരുന്ന മാർ ഈവാനിയോസ് തിരുമേനി പരിശീലനം നൽകിയപ്പോൾ, ആ ആദ്യത്തെ ഗണത്തിലും കറ്റാനത്തു ജനിച്ചുവളർന്ന ഒരു പെൺകുട്ടി ഉണ്ടായിരുന്നു എന്നത് കറ്റാനത്തിന്റെ കത്തോലിക്കാ സഭാചരിത്രത്തിന് മാറ്റു കൂട്ടുന്നു. അന്നമ്മ എന്ന പേരിൽ അറിയപ്പെട്ട പോളച്ചിറയ്ക്കൽ ആന്നിയിൽ മദർ സൾഗ ആയിരുന്നു ആ പെൺകുട്ടി. 1930 സെപ്റ്റംബർ 22–ന് മാർ ഈവാനിയോസ് തിരുമേനിയോടുകൂടെ കത്തോലിക്കാ വിശ്വാസം സ്വീകരിച്ച കറ്റാനത്തിന്റെ വിശ്വസ്ത പുത്രിയാണ് മദർ

www.malankaralibrary.com



സൾഗ. തദനന്തരം സിസ്റ്റർ അഫീത്താ മാങ്കാവിൽ, സിസ്റ്റർ ശാരീർ മാങ്കാവിൽ, സിസ്റ്റർ ആൻസോ മാങ്കാവിൽ എന്നിവരും, ബഥനി സന്ന്യാസിനി സമൂഹം പ്രദാനം ചെയ്ത ആത്മീയസ്രോതസ്സിൽ നിന്നും ഉണർവ്വ് നേടിയവരത്രേ. തെക്കിഴേത്ത് സിസ്റ്റർ മേരി ആഗ്നസ്സ് ക്ലോയിസ്റ്റേർഡ് കാർമ്മെൽ അംഗമാണ്. കല്ലുവിളയിൽ സിസ്റ്റർ സാലിക്ക്, മീനത്തേതിൽ സിസ്റ്റർ സന്തുഷ്ട, ചെറുവൻപുറത്ത് സിസ്റ്റർ ജോബിൻ, പുതുക്കാട്ട് സിസ്റ്റർ ജെസ്റ്റീന എന്നിവരും ഇളം തലമുറയിലെ കറ്റാനം ഇടവക അംഗങ്ങളും പ്രശസ്തരായ സന്ന്യാസിനികളുമാണ്.

കേരളത്തിലെ ക്രൈസ്തവരുടെ സംസ്കാരം ദൈവാലയ പ്രവർത്തനങ്ങളുമായി ഇടപഴകിപ്പോകുന്നു. അതിന്റെ നേതൃത്വനിരയിൽ നിന്നവർ എക്കാലവും വൈദീകരുമായിരുന്നു. കറ്റാനത്തെ മലങ്കര കത്തോലിക്കാ ദൈവാലയം 75 വർഷം പിന്നിടുമ്പോൾ അതിന്റെ നാഴികക്കല്ലായി തീർന്നവരും വിവിധ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന വൈദികശ്രേഷ്ഠരത്രേ.

(മലയാള മനോരമ, 2008 ജനുവരി 7, തിങ്കൾ പുറം 11)

www.malankaralibrary.com

# 51

# ഐതീഹ്യങ്ങൾ കുടികൊള്ളുന്ന മാവേലിക്കരയിൽ മലങ്കര കത്തോലിക്കാ രൂപത

ഡോ. ആന്നിയിൽ തരകൻ (കാഹളം, തിരുവനന്തപുരം)

ഞാൻ മാവേലിക്കര സ്വദേശിയാണ്. കറ്റാനത്ത് എന്റെ വല്യമ്മയുടെ വീട്ടിൽ ജനിച്ചെങ്കിലും, എന്റെ മുത്തച്ഛൻ മാവേലിക്കര പോളച്ചിറയ്ക്കൽ കുടുംബാംഗമാണ്. ഞങ്ങളുടെ പൂർവ്വികരുടെ ഭൗതീകശരീരങ്ങൾ മാവേലിക്കരയുടെ മണ്ണിൽ ലയിച്ച് നൂറ്റാണ്ടുകളുടെ തദ്ദേശചരിത്രത്തിന് സാക്ഷ്യം വഹിക്കുന്നു. ഈ നാട് മഹാബലിക്കര ആയിരുന്നു എന്നാണ് ഐതീഹ്യം. മഹാബലി വാണിരുന്ന നാടാണ് പിന്നീട് മാവേലിക്കരയായി തീർന്നത്. പ്രാചീന വേണാടിന്റെ ഭാഗമായിരുന്നു ഈ പുണ്യഭൂമി. 1124-നു ശേഷം രണ്ടാം ചേരരാജ്യത്തിന്റെ അധഃപതനത്തോടുകൂടി നാട്ടുരാജാക്കന്മാർ ഭരിക്കുന്ന ഒരു സ്വതന്ത്രരാജ്യമായി മാറി മാവേലിക്കര. പന്തളം രാജാവിന് ശബരിമല അമ്പലം പണിയാൻ നസ്രാണിയായ പോളച്ചിറയ്ക്കൽ കൊച്ചുമ്മൻ തരകനെ തേടേണ്ടിവന്നത് അയൽരാജാക്കന്മാർപോലും മാവേലിക്കരയെ ആശ്രയിച്ചിരുന്നു എന്നതിന് തെളിവാണ്.

www.malankaralibrary.com


മാവേലിക്കര രാജ്യത്തിലേക്ക് ആദ്യം വന്ന മിഷനറിമാർ ജൈനബുദ്ധ സന്യാസിമാരായിരുന്നു. ജൈനമതത്തിന് തുച്ഛമായ സ്വാധീനം മാത്രമേ കേരളക്കരയിൽ ചെലുത്താൻ സാധിച്ചുള്ളൂ. എന്നാൽ ബുദ്ധമത പണ്ഡിതന്മാർക്ക് കേരളത്തിലും പ്രത്യേകിച്ച് മാവേലിക്കര രാജ്യത്തിലും വലിയ മതസ്വാധീനമുണ്ടാക്കാൻ കഴിഞ്ഞു; മാവേലിക്കരയിൽ ഇന്നും അറിയപ്പെടുന്ന ബുദ്ധജംഗ്ഷനും അതിനോടു ചേർന്നു നിലകൊള്ളുന്ന ബുദ്ധ വിഗ്രഹവും ആ സ്ഥലത്തിന്റെ അവിസ്മരണീയമായ ബുദ്ധമത ചരിത്രത്തിലേക്ക് വിരൽചൂണ്ടുന്നു. ഈ പ്രദേശത്തെ പ്രാചീനമായ പല അമ്പലങ്ങളും ആദ്യകാലങ്ങളിൽ ബുദ്ധമത വിശ്വാസികളുടെ പ്രാർത്ഥനാലയങ്ങളായിരുന്നു.

എ.ഡി. 52-ൽ ക്രിസ്തുമതം കേരളത്തിൽ വേരൂന്നിയപ്പോൾ ആ വിശ്വാസത്തിന്റെ സ്രോതസ്സായി മാറിയത് മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴു ദേവാലയങ്ങളായിരുന്നു. അതിൽ പ്രസിദ്ധമായ ദേവാലയങ്ങളിലൊന്ന് സ്ഥാപിതമായത് മാവേലിക്കരയുടെ പ്രാന്തപ്രദേശമായ നിരണത്താണ്. ഈ ദേവാലയത്തിലെ പല ആചാരങ്ങളും ബുദ്ധമത വിശ്വാസികളുടെ ജീവിത സമ്പ്രദായങ്ങളായിരുന്നു. ഉദാഹരണമായി, സുറിയാനി ക്രിസ്ത്യാനികൾ നടത്തിവരുന്ന റാസയുടെ (മത പ്രദക്ഷിണം) ഉദ്ഭവം ബുദ്ധമത സംസ്ക്കാരത്തിന്റെ സംഭാവനയാണെന്ന് ഈ വിഷയത്തിൽ ബോംബെയിലെ ഫാദർ ഹേരാസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണം നടത്തിയ അഡ്വക്കേറ്റ് ആന്റണി മൂക്കാടൻ സമർത്ഥിക്കുന്നു. തന്റെ 'ആർഗുമെന്റേറ്റീവ് ഇന്ത്യൻ' എന്ന ഗ്രന്ഥത്തിൽ അമർത്യാസെൻ വിവരിക്കുന്നതുപോലെ, ബുദ്ധമതവിശ്വാസിയായ അശോകചക്രവർത്തി പ്രചുരപ്രചാരത്തിൽ കൊണ്ടുവരികയും കേരളത്തിൽ സർവ്വസാധാരണമായി തീരുകയും ചെയ്ത "കൂട്ടം" അല്ലെങ്കിൽ "സംഘ"മായിരിക്കണം ക്രൈസ്തവ ദേവാലയങ്ങളിലെ പൊതുയോഗങ്ങളുടെ പ്രാഗ്രൂപം.

"പള്ളി", "പള്ളിക്കൂടം" എന്നീ പദങ്ങൾ ബുദ്ധമതവിശ്വാസികൾ ധാരാളമായി ഉപയോഗിച്ച പാലി ഭാഷയിൽനിന്നുള്ളതാണ്. ഈ പദം പ്രചുരപ്രചാരത്തിൽ വന്നത് മദ്ധ്യതിരുവിതാംകൂറിലാണ്. ഹൈന്ദവമയമായി ക്രിസ്ത്യാനികൾ കണക്കാക്കുന്ന പല ആചാരങ്ങളും ബുദ്ധമതത്തിൽ രൂപംകൊണ്ടതും പിൽക്കാലങ്ങളിൽ ഹിന്ദു

www.malankaralibrary.com


മതം സ്വാംശീകരിച്ചിട്ടുള്ളതുമാകുന്നു. ഇതിന്റെ പ്രധാനകാരണം കേരളത്തിൽ ക്രിസ്തുമതത്തിന്റെ ആവിർഭാവസമയത്ത് ഹിന്ദുമതം ഇവിടെ പ്രചാരത്തിൽ വന്നില്ലായെന്നുള്ളതാണ്. പ്രൊഫസർ ശ്രീധര മേനോന്റെ അഭിപ്രായത്തിൽ, വടക്കേ ഇന്ത്യയിൽ നിന്നും വിന്ധ്യാ പർവ്വതത്തിന് തെക്കുള്ള ഭാഗങ്ങളിലേക്ക് ഹിന്ദുമതം പ്രചരിക്കുന്നത് മൂന്നാം നൂറ്റാണ്ടുമുതൽ എട്ടാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തി ലാണ്. ഈ കാലഘട്ടത്തിലാണ് കേരളം ആര്യ-സംസ്കൃത സംസ് ക്കാരത്തിൽ അടിയുറയ്ക്കുന്നത്.

മദ്ധ്യതിരുവിതാംകൂറിന്റെ ഹൃദയഭാഗമായ മാവേലിക്കരയിൽ നസ്രാണികൾ ഹൈന്ദവരുമായി ഇടപഴകി ധാരാളമായി തിങ്ങി താമസിച്ചിരുന്നു. ഇവരിൽ ഭൂരിപക്ഷവും വ്യവസായികളായിരുന്നു. കേരളത്തിലെ ക്രൈസ്തവർ രാജ്യാന്തര വ്യാപാരത്തിൽ മുൻപ ന്തിയിലായിരുന്നുവെന്നത് ചരിത്രസത്യമാണ്. മുമ്പിൽ കടയും പിറ കിൽ വീടുമായി കാണുന്ന മാവേലിക്കര പട്ടണത്തിലെ നസ്രാണി ഭവനങ്ങൾ ഈ ചരിത്രം വിളിച്ചറിയിക്കുന്നു. കായംകുളത്തും മാവേ ലിക്കരയിലും പട്ടണത്തിനുള്ളിൽ ക്രിസ്ത്യാനികളും അതിനു ചുറ്റുമായി മറ്റുജാതിക്കാരും താമസിച്ചിരുന്നതിന്റെ പ്രധാനകാര ണവും ഇതുതന്നെയായിരുന്നു. ഈ സ്ഥിതി വിശേഷം ഇപ്പോൾ മാറിക്കൊണ്ടിരിക്കുന്നു എന്നതും സത്യമത്രെ.

19-ാം നൂറ്റാണ്ടിൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനേ ഷ്യസ് മെത്രാച്ചനേയും കൂട്ടരേയും സ്വാഗതം ചെയ്ത് കേരളത്തിന്റെ "ബൈബിൾ ബെൽറ്റായി" മാറിയതും മാവേലിക്കരയും അതിന്റെ പരിസരപ്രദേശങ്ങളായ തിരുവല്ലാ, ചെങ്ങന്നൂർ, കോഴഞ്ചേരി എന്നീ സ്ഥലങ്ങളായിരുന്നു. വേദപുസ്തക വിജ്ഞാനം ഏറ്റവും പ്രചാര ത്തിൽ വന്നതും ഈ പ്രദേശങ്ങളിലായിരുന്നു. കൊച്ചുകുഞ്ഞ് ഉപ ദേശി ഇടയാറൻമുള സൈമൺ എന്നിവരുടെ അലൗകികമായ ഗാന ങ്ങൾ ഇവിടെയുള്ള ആളുകളുടെ ഹൃദയങ്ങളെ ഭക്തിനിർഭരമാക്കി. പാലക്കുന്നത്ത് മെത്രാച്ചന്റെ കുടുംബ ബന്ധംമൂലം മാവേലിക്കര യിലെ ചില പ്രസിദ്ധ തറവാടുകൾ അദ്ദേഹത്തിന്റെ നവീകരണ പ്രസ്ഥാനത്തെ ആശ്ലേഷിച്ചെങ്കിലും, മാവേലിക്കരയും അതിന്റെ ചുറ്റു മുള്ള സ്ഥലങ്ങളും ഓർത്തഡോക്സ് പാരമ്പര്യത്തിന്റെ വലിയ ശക്തികേന്ദ്രങ്ങളായി ഇന്നും നിലകൊള്ളുന്നു. ഇതിന്റെ പ്രധാന

www.malankaralibrary.com


കാരണങ്ങളിലൊന്ന് നിരണം കേന്ദ്രമായി നിലകൊള്ളുന്ന മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പൗരാണികമായ ദേവാലയവും, ആ ദേവാലയത്തിലെ ആത്മീകപാരമ്പര്യവും നൂറ്റാണ്ടുകളായി മാവേലിക്കരയിലെ വിശ്വാസികളെ സ്വാധീനിച്ചു വന്നിരുന്നതാണ്. കായംകുളത്ത് 8-ാം നൂറ്റാണ്ടിൽ ദൈവമാതാവിന്റെ നാമത്തിലുള്ള ഇന്നു കാണുന്ന ദേവാലയം പണിതീർക്കുന്നതുവരെ മാവേലിക്കരയുടെ പരിസര പ്രദേശങ്ങളിലുള്ള ക്രൈസ്തവർ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച നിരണം ദേവാലയത്തിലെ അംഗങ്ങളായിരുന്നു.

അത്ഭുതമെന്ന് പറയട്ടെ, ഈ പ്രദേശത്തുതന്നെയാണ് ഓർത്തഡോക്സുകാരുടെ ഇടയിൽ കത്തോലിക്കാ വിശ്വാസദീപം ആദ്യമായി തെളിഞ്ഞുവിളങ്ങിയതും. 1910-ൽ ഓർത്തഡോക്സുകാരുടെ ഇടയിൽ കത്തോലിക്കാ വിശ്വാസപ്രചരണത്തിന് ആരംഭം കുറിച്ചു. ഈ പ്രവർത്തനത്തിന് നേതൃത്വം നൽകിയത് കൊല്ലം രൂപതയുടെ മെത്രാനായിരുന്ന ആർച്ച് ബിഷപ്പ് മരിയ ബെൻസിഗർ തിരുമേനിയായിരുന്നു. മാവേലിക്കരയുടെ പ്രാന്തപ്രദേശമായ കറ്റാനം കേന്ദ്രമാക്കിയാണ് ആദ്യകാല പുനരൈക്യശ്രമങ്ങൾ തുടങ്ങുന്നത്. ഈ പ്രവർത്തനങ്ങളിൽ ബെൻസിഗർ തിരുമേനിയെ സഹായിച്ചത് മാവേലിക്കര മുട്ടം കേന്ദ്രമാക്കി പ്രവർത്തിച്ച ജോൺ റബേര എന്ന പ്രസിദ്ധ വൈദികനായിരുന്നു. ഇദ്ദേഹം മാവേലിക്കര സ്വദേശിയും ഇളശ്ശേരിൽ ആംഗ്ലോ ഇന്ത്യൻ കുടുംബാംഗവുമായിരുന്നു. 1916 ആയപ്പോഴേയ്ക്കും കറ്റാനം ഓർത്തഡോക്സ് ദേവാലയത്തിൽ തവണ നടത്തിയിരുന്ന ആന്നിയിൽ ഫാദർ നൈനാൻ കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു. സ്വഭാര്യാഗൃഹത്തിൽ താമസമാക്കിയതിനു ശേഷം ഇദ്ദേഹം വീട്ടിനാലച്ചൻ എന്നറിയപ്പെട്ടിരുന്നു. ഇദ്ദേഹത്തിന്റെ മൂത്ത സഹോദരൻ ഗീവർഗ്ഗീസ് തരകൻ 1914-ൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു.

മദ്ധ്യതിരുവിതാംകൂറിൽ ഓർത്തഡോക്സുകാരുടെയിടയിൽ കത്തോലിക്കാ വിശ്വാസം സ്വീകരിച്ച ആദ്യത്തെ വൈദികനായിരുന്നു ആന്നിയിൽ ഫാദർ നൈനാൻ. മാർ ഈവാനിയോസ് തിരുമേനിയുടെ കുടുംബശാഖയായ വീട്ടിനാൽ പണിക്കരുടെ മകളെ വിവാഹം ചെയ്ത ഈ വൈദിക ശ്രേഷ്ഠൻ, 1930-ൽ പുനരൈക്യ പ്രസ്ഥാനത്തിന് മാർ ഈവാനിയോസ് തിരുമേനി തുടക്കം കുറിച്ച

www.malankaralibrary.com


പ്പോൾ തിരുമേനിയെ പിൻതുടർന്ന് തിരുവനന്തപുരം അതിരൂപതയിൽ വൈദികനായി ചേർന്നു. 1957-ൽ അന്തരിച്ച ഇദ്ദേഹത്തിന്റെ ഭൗതികശരീരം മാവേലിക്കര പുതിയകാവ് പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്നു. ഇദ്ദേഹത്തിന്റെ മകൻ വീട്ടിനാൽ നൈനാൻ ജൂനിയറും തിരുവനന്തപുരം അതിരൂപതയിൽ വൈദികനായിരുന്നു. മാത്യു പോത്തനാമൂഴി തിരുമേനിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം അതിരൂപത സെന്റ് അലോഷ്യസ് സെമിനാരി ആരംഭിച്ചപ്പോൾ ഇദ്ദേഹം പ്രസ്തുത സെമിനാരിയിൽ ലത്തീൻ പ്രൊഫസറായിരുന്നു. കൊട്ടാരക്കര കിഴക്കേത്തെരുവ് ഇടവകയിൽ വികാരിയായിരിക്കുമ്പോൾ നാൽപതുകളുടെ ആദ്യഘട്ടത്തിൽ (1944) ദിവംഗതനായി.

മാർ ഈവാനിയോസ് തിരുമേനിയുടെ ജന്മനാടാണ് മാവേലിക്കര. ആ പുണ്യപിതാവിന്റെ പാദസ്പർശത്താൽ അനുഗൃഹീതവും പ്രാചീന ചരിത്രമുറങ്ങുന്നതുമായ പുണ്യഭൂമിയാണ് മാവേലിക്കര.മാവേലിക്കരയിലെ ക്രൈസ്തവ സമൂഹങ്ങളുടെ ഇടയിൽ നടന്ന പുനരൈക്യ പ്രചരണശ്രമങ്ങളും ജോൺ റമ്പേരായെപ്പോലുള്ള വൈദികരുമായുള്ള ബന്ധവും മാർ ഈവാനിയോസ് തിരുമേനിയെ കത്തോലിക്കാ സഭയെപ്പറ്റി ചിന്തിക്കാൻ പ്രേരിപ്പിച്ചു എന്നുള്ളത് ഒരു നിസ്തർക്കമായ വസ്തുതയാണ്. മാർ അത്തനേഷ്യസ് തിരുമേനിയും മാവേലിക്കര പോളച്ചിറയ്ക്കൽ കുടുംബത്തിൽ നിന്നും ജന്മം സ്വീകരിച്ച തിരുവല്ലാ രൂപതയുടെ കർമ്മധീരനായ ശ്രേഷ്ഠാചാര്യനായിരുന്നു.

ഇപ്പോൾ രൂപംകൊള്ളുന്ന ഈ നവരൂപത, ഭാഗ്യസ്മരണാർഹനായ ആബൂൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായുടെ ദീർഘവീക്ഷണത്തിൽനിന്നും ഉയിർകൊണ്ടതാണ്. ആറ് രൂപതകളിലായി പടർന്ന് പന്തലിച്ചുകിടക്കുന്ന ഒരുവൻ വടവൃക്ഷമാക്കി ഈ സഭയെ വളർത്തിയ കർമ്മയോഗിയായിരുന്നു ജനുവരിമാസം 18-ാം തീയതി കാലം ചെയ്ത ബാവാതിരുമേനി. മുപ്പത്തയ്യായിരം വിശ്വാസികളും അമ്പതിൽപ്പരം വൈദീകരും സന്യസ്തരുമുള്ള മാവേലിക്കര രൂപതയുടെ ആവിർഭാവം കണ്ട് സംതൃപ്തനായതിനു ശേഷമാണ് തിരുമേനി നമ്മളിൽ നിന്ന് യാത്രയായത്.

ഈ ഫെബ്രുവരി മാസം 16-ാം തീയതി മാവേലിക്കര രൂപതയ്ക്ക് തുടക്കം കുറിക്കുമ്പോൾ മഹത്തായ ക്രൈസ്തവചരിത്രം

www.malankaralibrary.com



ആ പ്രദേശത്ത് കുടികൊള്ളുന്നുവെന്ന സത്യം വിസ്മരിക്കരുത്. ചരിത്രത്തെ വെട്ടിമുറിച്ച് ഛിന്നഭിന്നമായി കാണുകയും അത് നൽകുന്ന സമഗ്രമായ വീക്ഷണത്തെ മറയ്ക്കുകയും ചെയ്യുന്നത് ക്രൈസ്തവ സമൂഹത്തിന് ഭൂഷണമല്ല. നൂറ്റാണ്ടുകളായി ഓർത്ത ഡോക്സ് പാരമ്പര്യത്തിൽ മാർത്തോമ്മാശ്ലീഹായുടെ പിൻഗാമിക ളായി കഴിയുന്ന മാവേലിക്കരയിലെ നസ്രാണികൾ കത്തോലിക്ക വിശ്വാസത്തെ സ്വാഗതം ചെയ്യുന്നത്, അത് തങ്ങളുടെ ക്രിസ്തീയ തയുടെ പരിപൂർത്തിയായി മാറുമ്പോൾ മാത്രമായിരിക്കും. അഞ്ചു വർഷക്കാലം (1971-75) ഒരു യുവവൈദികനായി മാവേലിക്കരയിലും പരിസരത്തും ജോലി ചെയ്ത എനിക്ക് മനസ്സിലാക്കാൻ സാധിച്ച വലിയസത്യമാണ് ഈ സാക്ഷ്യം. വൈദേശികമായ ഭക്തിപ്രകടന ങ്ങളുടെ അതിപ്രസരം ഓർത്തഡോക്സ് വിശ്വാസികളെ നമ്മളിൽ നിന്നകറ്റുകയും മലങ്കര കത്തോലിക്കാ സഭയുടെ തനിമയ്ക്ക് കോട്ടം വരുത്തുകയും ചെയ്യും. ആത്മീയ ആചാര്യനും കരുത്തുറ്റ ഭരണ കർത്താവുമായ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിക്ക് എന്റെ ജന്മനാട്ടിലേക്ക് സ്നേഹനിർഭരമായ സ്വാഗതം.

(ക്രൈസ്തവ കാഹളം, ജനുവരി-ഫെബ്രുവരി 2007, പുറം 11)

www.malankaralibrary.com

# 52

## മാർപാപ്പയുടെ റോസൻബർഗ് യൂണിവേഴ്സിറ്റിയിലെ സംവാദം

ഡോ. ആന്നിയിൽ തരകൻ (കാഹളം, തിരുവനന്തപുരം)

2006 സെപ്റ്റംബർ 12-ാം തീയതി ബനഡിക്ട് പതിനാറാമൻ മാർപാപ്പാ തിരുമേനി ജർമ്മനിയിലെ റോസൻബർഗ് യൂണിവേഴ്സിറ്റിയിൽ ചെയ്ത പ്രസംഗം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മുസ്ലീങ്ങളെ ചൊടിപ്പിച്ചു. ബഹുഭൂരിപക്ഷം വരുന്ന മുസ്ലീങ്ങളും മാർപാപ്പയുടെ പ്രസംഗത്തിന്റെ പൂർണ്ണ പ്രമേയം മനസ്സിലാക്കുകയോ വായിക്കുകയോ ചെയ്തവരല്ല. പിറ്റേദിവസം ഇന്റർനെറ്റിൽ നൽകിയ പ്രസംഗത്തിന്റെ മൂലരൂപം വായിക്കുന്നവർക്ക് മനസ്സിലാകും മാർപാപ്പായുടെ ഉദ്ദേശ്യം മുസ്ലീങ്ങളെ വിമർശിക്കുകയല്ലായിരുന്നുവെന്നത്.

പല സംസ്കാരങ്ങൾ തമ്മിലുള്ള വൈജാത്യങ്ങളെപ്പറ്റി ചർച്ച ചെയ്തപ്പോൾ ബുദ്ധിയുടെ പ്രകാശവും (reason) ദൈവ വചനവും (logos) തമ്മിലുള്ള ബന്ധം ആത്മീയമായ വീക്ഷണത്തിനും ഉദാത്തമായ സാംസ്കാരികതയ്ക്കും അത്യാവശ്യമാണെന്ന് മാർപാപ്പ പഠിപ്പിച്ചു. ഇവ തമ്മിലുള്ള സമ്മേളിത സംസ്കാരങ്ങളുടെ മുൻപന്തിയിൽ നിൽക്കുന്നതാണ് ക്രൈസ്തവ സംസ്കാരം. വി. യോഹന്നാന്റെ ആദ്യ സുവിശേഷത്തിന്റെ അർത്ഥതലങ്ങൾ തേടി

www.malankaralibrary.com


പ്പോകുന്ന മാർപാപ്പ തിരുമേനി, മുകളിൽ പറഞ്ഞ ബന്ധം ക്രിസ്തീയ സംസ്കാരത്തിന്റെ മുഖമുദ്രയായി കാണുന്നു. ദൈവവചനം പ്രഘോഷിക്കുമ്പോൾ ബുദ്ധിയുടെ പ്രകാശത്തിൽ നിന്നും വിച്ഛേദിക്കപ്പെട്ടതായ മാർഗങ്ങൾ ക്രിസ്തുമതം തിരസ്കരിക്കുന്നു. ദൈവവചനവും മനുഷ്യനിൽ നിക്ഷിപ്തമായിരിക്കുന്ന ബുദ്ധിയുടെ പ്രകാശവും തമ്മിലുള്ള ബന്ധമാണ് ക്രിസ്തുമതത്തെ, സ്നേഹത്തിന്റെ അരൂപിയിൽ, മറ്റു മതങ്ങളെ കാണാൻ സജ്ജമാക്കുന്നത്.

ദൈവവചനവും ബുദ്ധിയുടെ പ്രകാശവും തമ്മിൽ സമ്മേളിക്കുന്ന സൗന്ദര്യാത്മകമായ ചിത്രമായിരിക്കണം സുവിശേഷ പ്രഘോഷണം. ക്രിസ്തുമതത്തിന്റെ പ്രത്യേകതയെ എടുത്തു കാണിക്കുകയായിരുന്നു മാർപാപ്പ തന്റെ പ്രസംഗത്തിൽ. അതിനു വേണ്ടി പ്രൊഫസർ തിയോഡോർ കൗറി ഈയടുത്ത കാലത്ത് എഡിറ്റ് ചെയ്തിറക്കിയ ബൈസന്റിയൻ ചക്രവർത്തിയായ മാനുവൽ രണ്ടാമൻ പലയോലോഗസും, പേർഷ്യൻ പണ്ഡിതനും തമ്മിലുള്ള സംവാദത്തെ സ്പർശിച്ച് മാർപാപ്പ സംസാരിക്കുകയാണുണ്ടായത്. മദ്ധ്യയുഗത്തിൽ ജീവിച്ചിരുന്ന ആ ക്രൈസ്തവ ചക്രവർത്തിയുടെ വീക്ഷണത്തിൽ മതപരിവർത്തനത്തിനു വേണ്ടി ഇസ്ലാമുപയോഗിക്കുന്ന അക്രമാസക്തമായ മാർഗങ്ങൾ തെറ്റാണെന്നുള്ള ചിന്തയെ ഉദ്ധരിക്കുകയായിരുന്നു അദ്ദേഹം.

ഇസ്ലാം മതത്തിന്റെ ദൈവശാസ്ത്രപ്രകാരം യാതൊരു തരത്തിലുമുള്ള അന്തർയാമിത്ത്വത്തിനും (immanence) വഴങ്ങാത്ത സർവ്വാതിശായിയായ (transcendent) യാഥാർത്ഥ്യമാണ് ദൈവം. തത്ഫലമായി ഇസ്ലാമികളുടെ ദൈവം മനുഷ്യരൂപം ധരിച്ച് വചനമാവുകയോ, മനുഷ്യബുദ്ധിയുടെ പ്രകാശത്തിന്റെ ആധാരമായിത്തീരുകയോ ചെയ്യുന്നില്ല.

ഈ കാലയളവിൽ കാണുന്ന അക്രമാസക്തമായ ജീഹാദി ചിന്തയുടെ ഉത്ഭവം ഇപ്രകാരമുള്ള ദൈവശാസ്ത്രത്തിൽ അധിഷ്ഠിതമാണെന്നുള്ള ആശയവും അതിൽ അന്തർലീനമായിരിക്കുന്ന അപകടവും മാർപാപ്പ എടുത്തുകാണിക്കുകയായിരുന്നു. തങ്ങളുടെ സംസ്കാരത്തെ മറ്റു സംസ്കാരങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ച ഓട്ടോമാൻ സാമ്രാജ്യവും അതുമൂലം കോൺസ്റ്റാന്റിനോപ്പിളിനുവന്ന നാശവും ബൈസാന്റിയൻ ചക്രവർത്തിയുടെ സംവാദത്തിൽ നിഴലിച്ചത് മാർപാപ്പയെ ചിന്താവിഷ്ടനാക്കിയിരിക്കണം. 1394-നും 1402-നും ഇടയിൽ ഇസ്ലാമികളുടെ ആക്രമണത്തിൽ തകർന്നുപോയ കോൺസ്റ്റാന്റിനോപ്പിളിലെ ക്രൈസ്തവ സംസ്കാരത്തിന്റെ പശ്ചാത്തലത്തിലാണ് ചക്രവർത്തി ഈ പരാമർശം നടത്തിയതെന്നും നാം ഓർക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com


ഈയടുത്ത കാലത്ത് നടന്നതും യൂറോപ്പിന്റെ സുരക്ഷിതത്ത്വത്തിന് വെല്ലുവിളിയുമായ ഭീകരപ്രവർത്തനങ്ങളിൽ മദ്ധ്യയുഗ ഇസ്ലാമിക ആക്രമണത്തിന്റെ ദൃശ്യം മാർപാപ്പാ കണ്ടെങ്കിൽ അത് യൂറോപ്യൻ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതാണ്. മാർപാപ്പാ ഇസ്ലാമിക മതത്തിനെതിരെ നടത്തിയെന്നു പറയുന്ന പരാമർശം ആ മതത്തിനെതിരേയല്ല, പിന്നെയോ മത പരിവർത്തനത്തിനു വേണ്ടിയും സാംസ്കാരിക മേൽക്കോയ്മയ്ക്കും വേണ്ടിയുള്ള ഇസ്ലാമിക ജിഹാദിനെതിരേയായിരുന്നു.

റോമിലെ സെന്റ് പീറ്റേഴ്സിനടുത്ത് മോസ്ക് പണിയാൻ അനുവാദം നൽകിയ കത്തോലിക്കാ സഭയുടെ ഉദാരമനസ്കതയുടെ മുമ്പിൽ ആരാണ് നമ്രശിരസ്കരായി നിൽക്കാത്തത്. ഇസ്ലാമിക രാഷ്ട്രങ്ങളിൽ മറ്റു മതങ്ങൾക്കുള്ള സ്വാതന്ത്ര്യം പരിമിതമായിരിക്കുമ്പോൾ യൂറോപ്പിൽ ഒരറ്റം മുതൽ മറ്റേയറ്റം വരെ മോസ്കുകളുയരുന്നത് ആധുനിക ക്രിസ്തുമതത്തിന് മറ്റു മതങ്ങളോടുള്ള മനോഭാവത്തിന്റെ സവിശേഷതയും നന്മയും എടുത്തു കാണിക്കുന്നു. ബോസ്നിയായിൽ നടന്ന ന്യൂനപക്ഷങ്ങൾക്കെതിരേയുള്ള രാഷ്ട്രീയ പകപോക്കൽ നിർത്താൻ നാറ്റോയും അമേരിക്കൻ പട്ടാളവും രംഗത്തിറങ്ങിയതിലും ക്രിസ്തീയ മനോഭാവത്തിന്റെ പ്രതിഫലനം ദൃശ്യമാണ്.

ശാമുവേൽ പി. ഹണ്ടിംഗ്റ്റണെ (Samuel P. Huntington) പ്പോലെയുള്ള പ്രസിദ്ധരായ ചിന്തകർ ക്രിസ്തുമതവും ഇസ്ലാമും തമ്മിലുള്ള സാംസ്കാരിക സംഘട്ടനങ്ങൾ താത്ത്വീകരിക്കാൻ ശ്രമിച്ചപ്പോഴെല്ലാം സ്നേഹത്തിന്റെയും ആദരവിന്റെയും സമീപനം ആവശ്യമാണെന്ന് വാദിച്ചതും യൂറോപ്പിലെയും, അമേരിക്കയിലെയും ക്രിസ്തീയ നേതാക്കന്മാരായിരുന്നു.

തന്റെ പ്രസംഗം അതിന്റെ യഥാർത്ഥമായ സന്ദർഭത്തിൽ മനസ്സിലാക്കുന്നതിന് ഉതകുന്ന ഒരു വിശദീകരണം കൂടി മാർപാപ്പ തിരുമേനി നൽകുമെന്ന് റോമിൽ നിന്ന് അറിയിച്ചതും സെപ്റ്റംബർ 25-ാം തീയതി മുസ്ലീം നേതാക്കൻമാരെ സംഭാഷണത്തിന് ക്ഷണിച്ചതും മാർപാപ്പായുടെ തുറന്ന മനഃസ്ഥിതിയുടെ പ്രതിഫലനമാണ്. ഈ നൂറ്റാണ്ടിനേറ്റവും ആവശ്യമായിരിക്കുന്നത് അക്രമമല്ല. പിന്നെയോ സമാധാനമാകുന്നു. ക്രിസ്തുമതവും, ഇസ്ലാമികമതവും തോളോടുതോൾ ചേർന്ന് നിന്നുകൊണ്ട് ആ മഹത്തായ ആദർശത്തിനു വേണ്ടി പ്രവർത്തിക്കുകയാണ് കരണീയം.

(കാഹളം, നവംബർ 2006, പുറം 42-43)

www.malankaralibrary.com

# 53

## മോറാൻ മോർ ബസേലിയോസ് ബാവാ തിരുമേനി

ഡോ. ആന്നിയിൽ തരകൻ (രാഷ്ട്രദീപിക, കോട്ടയം)

"ഭൂമിയിൽ അലൗകികമായ സൗഭാഗ്യം അനുഭവിക്കാൻ ദാർശനികനു മാത്രമേ കഴിയൂ" എന്ന് പ്ലേറ്റോ പറഞ്ഞു. തിരുവനന്തപുരം അതിരൂപതയുടെ ആർച്ച്ബിഷപ്പായി സ്ഥാനാരോഹണം ചെയ്യുന്ന അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിയെ സംബന്ധിച്ചിടത്തോളം ഈ പ്രസ്താവം തികച്ചും അന്വർഥമാണ്.

സിറിൽ മാർ ബസേലിയോസ് തിരുമേനി റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ച പ്രബന്ധം അദ്ദേഹത്തിന്റെ ദാർശനികതയുടെ നിദർശനമാണ്. മലങ്കര കത്തോലിക്കാ സഭയുടെ ദർശനത്തെയും ഘടനയെയും കുറിച്ചായിരുന്നു ആ പ്രബന്ധം.

ആഗോളതലത്തിൽ ദൈവശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ള പ്രസ്തുത പ്രബന്ധം തിരുമേനിയുടെ മാത്രമല്ല മലങ്കര സഭയുടെയും പ്രശസ്തി വർധിപ്പിച്ചിട്ടുണ്ട്. മലങ്കര കത്തോലിക്കാ സഭയ്ക്ക് സാർവത്രിക സഭയിലുള്ള അതുല്യ സ്ഥാനവും അതിന്റെ തനതായ വ്യക്തിത്വവും എടുത്തുകാണിച്ച ഈ സുപ്രധാന

www.malankaralibrary.com


പഠനം സിറിൽ മാർ ബസേലിയോസ് തിരുമേനി മലങ്കര സഭയ്ക്ക് നല്കിയ മഹത്തായ ഒരു സംഭാവനയായി ചരിത്രം വീക്ഷിക്കുമെന്നാണ് എന്റെ അഭിപ്രായം. 1988-ൽ ഈ ലേഖകൻ ജർമനിയിലെ പാഡർബോൺ പട്ടണത്തിൽ ഡോ. ജോൺ മഡായിയെ സന്ദർശിച്ചപ്പോൾ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ ഗവേഷണ പഠനത്തെപ്പറ്റി അദ്ദേഹം ശ്ലാഘിച്ചു സംസാരിക്കുകയുണ്ടായി. ഈ അടുത്തകാലത്ത് ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ച പ്രബന്ധങ്ങളിൽ ഏറ്റവും ശ്രദ്ധേയമായിരുന്നു ഇതെന്നാണ് മഡായിയുടെ അഭിമതം. റോമിലെ പല വേദശാസ്ത്രജ്ഞരുടെയും പഠനത്തിനു വിഷയീഭവിച്ച ഈ ഗ്രന്ഥം മലങ്കര കത്തോലിക്കാ സഭയ്ക്ക് ലഭിച്ച വലിയ സംഭാവനകളിലൊന്നാണ്.

മലങ്കര കത്തോലിക്കാ സഭയ്ക്ക്, പ്രത്യേകിച്ച് കത്തോലിക്ക സഭയുമായി പുനരൈക്യപ്പെട്ട മലങ്കരക്കാർക്ക്, അവരുടേതായൊരു വ്യക്തിത്വമുണ്ടെന്നും ഒന്നോ രണ്ടോ രൂപതകളുടെ വെറുമൊരു കൂട്ടായ്മയല്ലാതെ സിനഡൽ ഘടനയോടു കൂടിയ തനതായ സ്വഭാവവും ആരാധനാക്രമവും ഉള്ള സഭയാണ് ഇതെന്നും സിറിൽ മാർ ബസേലിയോസ് തിരുമേനി തന്റെ പഠനത്തിൽ സമർഥിച്ചു.

ലേഖകന്റെ പിതൃസഹോദരിയായ മദർ സൾഗ എഴുതിയ ഗ്രന്ഥത്തിന്റെ അവതാരിക സിറിൽ മാർ ബസേലിയോസ് തിരുമേനിയുടേതായിരുന്നു. ആ അവതാരികയിൽ തിരുമേനിയുടെ ജീവിത വീക്ഷണത്തിന്റെയും ദാർശനികതയുടെയും പ്രതിഫലനം കാണാമായിരുന്നു. കേരളത്തിലെ ക്രൈസ്തവരുടെ ചരിത്രം സഭയുടെ ചരിത്രത്തിൽ നിന്നും വേറിട്ടു കാണുന്നതു ശരിയല്ലെന്നു ലളിത സുന്ദരമായ ഭാഷയിൽ അദ്ദേഹം സമർത്ഥിച്ചു.

സിറിൽ മാർ ബസേലിയോസ് തിരുമേനി തിരുവനന്തപുരം അതിരൂപതയുടെ ആർച്ച് ബിഷപ്പായി സ്ഥാനമേല്ക്കുന്നത് മലങ്കര കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമേറിയ ഘട്ടത്തിലാണ്. ഓർത്തഡോക്സ്, യാക്കോബായ സഭകളുമായി കത്തോലിക്കാ സഭ വളരെയധികം ബന്ധപ്പെട്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആ സഭകളിൽ നിന്നും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട സമൂഹം എന്ന നിലയിൽ മലങ്കര കത്തോലിക്കാ സഭയ്ക്ക് വളരെ വലിയൊരു ദൗത്യമാണു നിർവഹിക്കാനുള്ളത്.

www.malankaralibrary.com



ഈ ദൗത്യനിർവഹണം സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ കരങ്ങളിൽ അർപ്പിതമായിരിക്കുന്നു. മാർ ഈവാനിയോസ് തിരുമേനി കത്തോലിക്ക സഭയുമായി പുനരൈക്യപ്പെട്ട് മലങ്കര കത്തോലിക്കാ സഭയ്ക്ക് രൂപം നല്കിയപ്പോൾ അദ്ദേഹത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് മലങ്കര സഭയുടെ തനിമയും വ്യക്തിത്വവും നിലനിർത്തിക്കൊണ്ട് കത്തോലിക്കാ വിശ്വാസം സ്വീകരിക്കുകയെന്നതായിരുന്നു. മലങ്കര സഭയുടെ പ്രാചീനമായ ആചാരവും ഘടനയും നിലനിർത്തിയെങ്കിൽ മാത്രമേ ഇത് സാധിക്കൂ. ദാർശനികനായ ബസേലിയോസ് തിരുമേനി ഇക്കാര്യത്തിൽ വിജയിക്കുമെന്നതിൽ ലേഖകനു സംശയമില്ല.

(1995 ഡിസംബർ 14 വ്യാഴം, രാഷ്ട്രദീപിക-സ്ഥാനാരോഹണ സപ്ലിമെന്റ്- പുറം 7).

www.malankaralibrary.com

# 54

## മദർ സൾഗായുടെ ബാല്യകാലം

ഡോ. ആന്നിയിൽ തരകൻ

'The child is the father of the man' എന്ന വേഡ്സ്വർത്തിന്റെ കാവ്യസങ്കല്പം മദർ സൾഗായെ സംബന്ധിച്ചിടത്തോളം തികച്ചും അന്വർത്ഥമായിരുന്നു. മലങ്കരയുടെ മാർത്തോമ്മ സംസ്കാരത്തിൽ നിന്നും തന്റെ കുടുംബത്തിലെ ആത്മീകതയിൽ നിന്നും വേണ്ടുവോളം ജീവനാർജ്ജിച്ച വ്യക്തിയായിരുന്നു അവർ. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മലങ്കരസഭയെ തട്ടിയുണർത്തിയ ആദ്ധ്യാത്മിക നവോത്ഥാനത്തിന്റെ 'പുത്രിതന്നെയായിരുന്നു' മദർ സൾഗാ എന്ന് പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ എന്ന ഗ്രന്ഥത്തിൽ ആമുഖ മായി ഈ ലേഖകനെഴുതിയത് തികച്ചും സത്യമത്രെ.

മദർ സൾഗാ ജനിച്ചിട്ട് ഒരു ശതകം കഴിയുന്നു. 1901 നവംബർ മാസം 6–ാം തീയതി കറ്റാനത്തെ പുരാതനമായ ആന്നിയിൽ ഭൂജാത യായി. കായംകുളത്തിനും മാവേലിക്കരയ്ക്കും അടുത്തുള്ള കറ്റാനം ചരിത്രപ്രസിദ്ധമായ ഒരു സ്ഥലമാണ്. കായംകുളം രാജാവിന് കറ്റ കാണമായി നൽകിയ സ്ഥലമായതുകൊണ്ട് ഈ കൊച്ചുഗ്രാമത്തിന് കറ്റാനം എന്ന് പേർ വിളിച്ചുവെന്ന് മദർ സൾഗാ തന്നെ തന്റെ

www.malankaralibrary.com



ഓർമ്മക്കുറിപ്പുകളിൽ എഴുതിയിരിക്കുന്നു. ഇവിടുത്തെ ക്രൈസ്തവർ എട്ടാം നൂറ്റാണ്ടുവരെ നിരണത്തെ വി. തോമാശ്ലീഹാ സ്ഥാപിച്ച ദൈവമാതാവിന്റെ നാമത്തിലുള്ള പള്ളിയിലെ അംഗ ങ്ങളും, എ.ഡി. 825–ന് ശേഷം പരി. മാതാവിന് പ്രതിഷ്ഠിക്കപ്പെട്ട കായംകുളം കാദീശിത്ത പള്ളിയിലെ ഇടവകക്കാരുമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടമായിരുന്നപ്പോഴേക്കും കറ്റാനത്ത് വി. സ്തേഫാനോസ് സഹദായുടെ നാമത്തിൽ മനോഹരമായ ഒരു ദേവാലയം പണികഴിപ്പിക്കപ്പെട്ടു (മലയാളവർഷം 1010–ൽ). ഈ ദേവാലയത്തിന്റെ സ്ഥാപകപിതാവ് മദർ സൽഗായുടെ പൂർവ്വ പിതാവായ ആന്നിയിൽ കുഞ്ഞുമാത്തുണ്ണി (കുരുവിള മാത്തുണ്ണി) തരകൻ ആയിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. 1937–ൽ മാത്രമാണ് മദർ സൽഗായുടെ കുടുംബം അന്ന് ഓർത്തഡോക്സ് സഭാംഗ മായിരുന്ന മാർ സേവേറിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ ഈ ദേവാലയം പൂർണ്ണമായും ഇടവകക്കാർക്ക് വിട്ടുകൊടുത്തത്. ഈ ദേവാലയ സംസ്കാരത്തിന്റെ ശീതളഛായയിലാണ് മദർ സൽഗാ ആത്മീയമായി വളർന്നുവന്നത്.

പിതാവ് പോളച്ചിറയ്ക്കൽ ആന്നിയിൽ ചെറിയാൻ തരകനും അമ്മ ചാത്തന്നൂർ മഞ്ചവാടി വിളാകത്ത് മറിയാമ്മയുമായിരുന്നു. ഇവർ മകൾക്ക് അന്നമ്മയെന്ന പേരാണ് നൽകിയത്. കേരളത്തിലെ സുറിയാനിക്കാർ കുഞ്ഞുങ്ങൾക്ക് പഴയനിയമ നാമങ്ങൾ നൽകി വന്ന നൂറ്റാണ്ടു കളായുള്ള പാരമ്പര്യം ഇവിടെ ദൃശ്യമാണ്. അന്നമ്മയ്ക്ക് നൈനാൻ (യൂഹാനോൻ എന്ന പേരിന്റെ സംക്ഷിപ്തരൂപം) എന്ന ഒരു സഹോദരനും തങ്കമ്മയെന്ന ഒരു സഹോദരിയുമുണ്ടായിരുന്നു. മദർ സൽഗായുടെ പിതാവ് കൊല്ലത്ത് ഇംഗ്ലീഷുകാർ നടത്തിയ ഒരു കമ്പനിയിൽ ഉയർന്ന ഉദ്യോഗസ്ഥനായിരിക്കവെ ചാത്തുരുത്തി മെത്രാൻ എന്നറിയപ്പെടുന്ന മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ക്ഷണപ്രകാരം ജോലി രാജിവയ്ക്കുകയും പരുമല സെമിനാരിയിൽ ഇംഗ്ലീഷ് പ്രൊഫസറായി ചേരുകയും ചെയ്തു. ഈ സെമിനാരി യിലെ വൈദികവിദ്യാർത്ഥിയായിരുന്ന തന്റെ ഇളയ സഹോദരൻ നൈനാനെ (ആന്നിയിൽ ഫാ. നൈനാൻ, പിൽക്കാലങ്ങളിൽ നൈനാൻ വീട്ടിനാൽ സീനിയർ) ചെറിയാൻ തരകൻ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നു വെന്ന് മദർ സൽഗാ തന്റെ ഓർമ്മക്കുറിപ്പുകളിൽ എഴുതിയിരിക്കുന്നു. സുറിയാനി പണ്ഡിതനായിരുന്ന ചാത്തുരുത്തി മാർ ഗ്രിഗോറി യോസ് തിരുമേനിയെ ഇംഗ്ലീഷ് പഠിപ്പിച്ചതിന് ചെറിയാൻ തരകനെ

www.malankaralibrary.com


തിരുമേനി സുറിയാനി പഠിപ്പിച്ചു. മദറിന്റെ പിതാവ് സുറിയാനി ഭാഷയിൽ പ്രാവീണ്യം സിദ്ധിച്ച ആളായിരുന്നു. പരുമല സെമിനാരിയിൽ സെമിനാരിക്കാരോടൊപ്പവും തന്റെ ഭവനത്തിൽ മക്കളോടൊപ്പവും ശ്ഹീമോ നമസ്കാരം ചൊല്ലുന്നതിൽ അദ്ദേഹത്തിന് പ്രത്യേക നിഷ്ഠയുണ്ടായിരുന്നു.

തന്റെ പിതാവിനെപ്പറ്റി മദർ സൾഗാ ഇപ്രകാരം എഴുതുന്നു. "അക്കാലത്ത് ഇംഗ്ലീഷ് പഠിച്ചവർ വിരളമായിരുന്നു. എന്റെ പിതാവിന് ഇംഗ്ലീഷിൽ അസാമാന്യ പരിജ്ഞാനം ഉണ്ടായിരുന്നു. ഇംഗ്ലീഷ് ചികിത്സാസമ്പ്രദായവും വശമുണ്ടായിരുന്നു. ചാത്തുരുത്തി മെത്രാൻ എന്നറിയപ്പെട്ടിരുന്ന മാർ ഗ്രിഗോറിയോസിന് സുറിയാനിയിൽ നല്ല പാണ്ഡിത്യമുണ്ടായിരുന്നുവെങ്കിലും ഇംഗ്ലീഷ് വശമില്ലായിരുന്നു. മെത്രാച്ചനെയും സെമിനാരിക്കാരെയും ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി എന്റെ പിതാവിനെ പരുമലയ്ക്ക് ക്ഷണിച്ചു. മെത്രാച്ചനിലുള്ള താല്പര്യവും സ്വതവെയുള്ള ഔദാര്യംമൂലവും അദ്ദേഹം പരുമലയ്ക്ക് പോയി. മെത്രാച്ചനെ ഇംഗ്ലീഷ് പഠിപ്പിച്ചു. അതിനുള്ള നന്ദിമൂലം മെത്രാച്ചൻ എന്റെ പിതാവിനെ സുറിയാനി പഠിപ്പിച്ചു". അന്നുണ്ടായിരുന്ന സുറിയാനിക്കാരായ അൽമായർ സുറിയാനി ഭാഷ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു എന്നതിന്റെ ഉത്തമ ഉദാഹരണമാണ് മദറിന്റെ പിതാവായ ചെറിയാൻ തരകൻ. കറ്റാനം പോപ്പ് പയസ് XI ഹൈസ്കൂളിൽ മലയാളത്തിനു പകരം സുറിയാനി ഉപഭാഷയായി ഈ ലേഖകൻ പഠിച്ചതും ഈ പാരമ്പര്യത്തിന്റെ തുടർച്ചയാണ്. പിൽക്കാലങ്ങളിൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതിനുശേഷം ശ്ഹീമോ നമസ്കാരത്തിലെ ബൈബിൾ സന്ദർഭങ്ങൾ കണ്ടെത്താൻ മദർ സൾഗാ നടത്തിയ ഗവേഷണം തനിക്ക് സ്വതസിദ്ധമായി ബാല്യം മുതൽ തന്റെ കുടുംബത്തിൽ നിന്നും ലഭിച്ച പരിശീലനത്തിന്റെ പ്രതിഫലനമായി തന്നെ കാണാവുന്നതാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ കറ്റാനത്തെ വി. സ്തേഫാനോസ് സഹദായുടെ നാമത്തിലുള്ള ഓർത്തഡോക്സ് ദേവാലയത്തിൽ ഒരാദ്ധ്യാത്മിക നവീകരണ മുന്നേറ്റം തന്നെ ഉണ്ടായി. പിൽക്കാലങ്ങളിൽ മാർ ഈവാനിയോസ് തിരുമേനി മലങ്കര സഭയെ നവീകരിക്കാൻ ആരംഭിച്ച പ്രസ്ഥാനത്തിന്റെ തുടക്കം ഇവിടെ ദർശിക്കാവുന്നതാണ്. കുണ്ടറ മെത്രാനായിരുന്ന മാർ ഗ്രിഗോറി

www.malankaralibrary.com


യോസ് (പിന്നീട് മൂന്നാം കത്തോലിക്കാ ബാവാ) കറ്റാനം പള്ളിയിൽ താമസമാക്കി. വിശ്വാസസംബന്ധമായ ധ്യാനങ്ങളും ക്ലാസ്സുകളും അദ്ദേഹം സംഘടിപ്പിച്ചു. ഈ ക്ലാസ്സുകളിൽ ഉപയോഗിച്ച പാഠപുസ്തകങ്ങളിൽ ശ്രദ്ധേയമായ ഒന്നായിരുന്നു എം.എ. അച്ചൻ (മാർ ഈവാനിയോസ് തിരുമേനി) രചിച്ച "പാപമോചനം" എന്ന ഗ്രന്ഥം. മലങ്കരയിലെ പ്രസിദ്ധ വാഗ്മികളായ കോഴഞ്ചേരി തേവർവേലിലച്ചൻ, തുമ്പമൺ പുത്തൻ വീട്ടിലച്ചൻ, മാവേലിക്കര പണിക്കർ വീട്ടിൽ എം.എ. അച്ചൻ എന്നിവരുടെ ധ്യാനപ്രസംഗങ്ങൾ ജനങ്ങളെ ആദ്ധ്യാത്മിക ചൈതന്യമുള്ളവരാക്കിത്തീർത്തു.

മദർ സൾഗാ എഴുതുന്നു: "കുണ്ടറ മെത്രാച്ചന്റെ ധ്യാനപ്രസംഗവും എം.എ. അച്ചന്റെ "പാപമോചനം" എന്ന പുസ്തകത്തിന്റെ ഉള്ളടക്കവും ഏറ്റവും കൂടുതൽ സ്വാധീനിച്ചത് കറ്റാനത്തും അതിനടുത്ത സ്ഥലങ്ങളിലുമുള്ള യുവതികളായ ഞങ്ങളെയായിരുന്നു. കൃഷ്ണപുരം, പുതുപ്പള്ളി എന്നീ സ്ഥലങ്ങളിൽനിന്ന് ശ്രേഷ്ഠമായ കുടുംബത്തിൽപ്പെട്ട പല യുവതികളും കുമ്പസാരം, കുർബാനാനുഭവം എന്നിവയ്ക്കായി കറ്റാനത്ത് വരിക പതിവായിരുന്നു. കറ്റാനത്തെ ധ്യാനപ്രസംഗങ്ങളിൽ വന്ന് സംബന്ധിക്കാൻ പ്രേരണ നല്കിയവരിൽ മുൻപന്തിയിലുള്ള വ്യക്തിയായിരുന്നു തേവലക്കര തെക്കേതയ്യിൽ ടി.കെ. തോമസ് ശെമ്മാച്ചൻ. അദ്ദേഹം എം.എ. അച്ചന്റെ വലം കൈയ്യായി പ്രവർത്തിച്ചുകൊണ്ട് യുവതികളെയെല്ലാം ഒരു കുടുംബത്തിലെ അംഗങ്ങളെന്നോണം വിശ്വാസത്തിൽ സ്ഥിരീകരിക്കാനും ശ്രമിച്ചു. ഈ യുവതികളുടെ കൂട്ടത്തിൽ കറ്റാനത്തുകാരി ഒരു അന്നമ്മയും അവരുടെ പിതൃസഹോദരീപുത്രി ആച്ചിയമ്മ എന്നു വിളിച്ചിരുന്ന ഒരു പെൺകുട്ടിയുമുണ്ടായിരുന്നു". ഈ ആത്മീക നവോത്ഥാനത്തിന്റെ വീരപുത്രിമാരായിരുന്നു പിൽക്കാലങ്ങളിൽ മദർ സൾഗായെന്നും മദർ ഹൂബാ എന്നും അറിയപ്പെട്ടിരുന്ന അന്നമ്മയും ആച്ചിയമ്മയും.

വളർച്ചയുടെ ആദ്യഘട്ടങ്ങളിൽ തന്നെ ദൈവവിളിയിലേക്ക് നയിച്ച കുടുംബാന്തരീക്ഷവും ഇതര സ്വാധീനങ്ങളും മദർ തന്റെ ഡയറിക്കുറിപ്പുകളിൽ വിവരിക്കുന്നുണ്ട്. ചെറുപ്പമായിരുന്ന കാലത്ത് വി. മരീനായുടെയു യുപ്രിസീനായുടെയും ജീവചരിത്രം വായിക്കുന്നതും അത് മദറിനെ സ്വാധീനിക്കുന്നതും ഈ പശ്ചാത്തലത്തിലാണ്. മദർ എഴുതുന്നു: "ആദ്ധ്യാത്മിക ജീവിതചൈതന്യം

www.malankaralibrary.com



നിറഞ്ഞ ഒരു വൈദികവിദ്യാർത്ഥിയായിരുന്നു തേവലക്കര സി.കെ. തോമസ് ശെമ്മാച്ചൻ". "കോട്ടയം എം.ഡി. സെമിനാരിയിൽ നിന്നും അവധിക്ക് വരുമ്പോൾ ഞങ്ങൾക്ക് നല്ല പുസ്തകങ്ങൾ വാങ്ങി തരുമായിരുന്നു. ആ കൂട്ടത്തിൽ വി. മരീനായുടെയും വി. യുപ്രിസീനായുടെയും ജീവചരിത്രം എന്നെ വളരെ സ്പർശിച്ചു".

കറ്റാനത്തെ ഓർത്തഡോക്സ് ദേവാലയത്തിൽ ഇത്തരത്തിലുള്ള ആത്മീയ പ്രവർത്തനങ്ങൾക്ക് പ്രധാന കാരണം അന്നുണ്ടായിരുന്ന ഓർത്തഡോക്സ് കുടുംബങ്ങളിലെ കുട്ടികളെ വിശ്വാസത്തിൽ സ്ഥിരീകരിക്കുക എന്നതായിരുന്നു. എം.എ. അച്ചന്റെയും കുണ്ടറ മെത്രാനച്ചന്റെയും കൺവെൻഷൻ പ്രസംഗങ്ങൾ എല്ലാം തന്നെ തങ്ങളുടെ പരമ്പരാഗതമായ വിശ്വാസത്തെ ജനങ്ങളിൽ രൂഢമൂലമാക്കുന്നതിനായിരുന്നു. ഇതിന് അതിപ്രധാനമായ ഒരു ചരിത്രകാരണം കൂടെ ഉണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ തന്നെ കൊല്ലം രൂപതാ മെത്രാനായിരുന്ന ബെൻസിഗർ തിരുമേനി കറ്റാനം കേന്ദ്രമാക്കി ഓർത്തഡോക്സുകാരുടെ ഇടയിൽ മിഷൻ പ്രവർത്തനം ആരംഭിച്ചിരുന്നു. തത്ഫലമായി മദ്ധ്യതിരു വിതാംകൂറിലെ സുറിയാനി കുടുംബങ്ങളുടെ ഈറ്റില്ലങ്ങളിൽ ഒന്നായ ആന്നിയിൽ കുടുംബത്തിൽപ്പെട്ട രണ്ട് മഹത് വ്യക്തികൾ കൊല്ലം രൂപതാമെത്രാൻ ബെൻസിഗർ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. ഇവർ മദർ സൽഗായുടെ പിതൃസഹോദരന്മാരായിരുന്നു. മൂത്ത സഹോദരൻ ഗീവർഗ്ഗീസ് തരകൻ 1914 ലും ഏറ്റവും ഇളയ സഹോദരൻ ഫാ. ആന്നിയിൽ നൈനാൻ (പിൽക്കാലങ്ങളിൽ വീട്ടിനാലച്ചൻ സീനിയർ) 1916-ലും കത്തോലിക്കാ വിശ്വാസം സ്വീകരിക്കുകയും മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യ പ്രസ്ഥാനത്തിന് മുന്നോടികളായി തീരുകയും ചെയ്തു. ഇരുപതാംനൂറ്റാണ്ടിൽ ഓർത്തഡോക്സ് സമുദായത്തിൽ നിന്നും കത്തോലിക്കാ വിശ്വാസം സ്വീകരിച്ച ആദ്യ വ്യക്തികളായിരുന്നു ഇവർ. കറ്റാനത്ത് ഇപ്പോഴും നിലകൊള്ളുന്ന സേക്രട്ട് ഹാർട്ട് ചർച്ച് കൊല്ലം രൂപതയിൽ നിന്നും പണി കഴിപ്പിച്ചത് ഇവരുടെ ആത്മീക പാലനത്തിനു വേണ്ടിയായിരുന്നു. ഇവരുടെ വികാരിയായി ബെൻസിഗർ തിരുമേനി കറ്റാനത്തേക്ക് അയച്ചത് പിൽക്കാലത്ത് കോട്ടാർ രൂപതയുടെ മെത്രാനായിത്തീർന്ന ഫാ. ലോറൻസ് പെരേരായെയാണ്.

മദർ സൽഗായുടെ പിതൃസഹോദരന്മാർ കത്തോലിക്കാ സഭയിൽ പ്രവേശിച്ചത് കറ്റാനത്തും പരിസരങ്ങളിലും ഓർത്ത

www.malankaralibrary.com


ഡോക്സുകാരുടെ ഇടയിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. കത്തോലിക്കാ വിശ്വാസം ഓർത്തഡോക്സ് സമൂഹത്തിന് ദൂഷ്യം ചെയ്യും എന്നു ചിന്തിച്ച എം.എ. അച്ചനും, കുണ്ടറ മെത്രാച്ചനും മദ്ധ്യതിരുവിതാംകൂറിലെ പ്രശസ്ത കുടുംബങ്ങളിലെ യുവതീ യുവാക്കന്മാരെ കറ്റാനം കേന്ദ്രമാക്കി സംഘടിപ്പിച്ചപ്പോൾ അന്നമ്മയും അച്ചിയമ്മയും അതിന്റെ മുന്നണിയിലുണ്ടായിരുന്നു. ഓർത്ത ഡോക്സ് വിശ്വാസം അഭംഗുരം കാത്തു സൂക്ഷിക്കുന്നതിൽ ബദ്ധ ശ്രദ്ധരായിരുന്ന ഇവർ പിൽക്കാലങ്ങളിൽ തന്റെ പിതൃ സഹോദര ന്മാരുടെ കാലടികളെ പിന്തുടർന്നു എന്നത് ദൈവപരിപാലനയുടെ ഒരു മഹാരഹസ്യമായി അവശേഷിക്കുന്നു.

എം.എ. അച്ചൻ സെറാംപൂർ കോളേജിൽ സുറിയാനി പ്രൊഫസറായപ്പോൾ ഓർത്തഡോക്സ് സമുദായത്തിന്റെ നവീകരണ ത്തിനായി ഒരു വിഭാഗം യുവതികളെ ഒരു സന്ന്യാസ സമൂഹമെന്ന നിലയിൽ ഒരുക്കി കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. 1917-ൽ അന്നമ്മ തന്റെ പതിനഞ്ചാം വയസ്സിൽ, ആച്ചിയമ്മയുടെ കൂടെയും (മദർ ഹൂബാ) കുഞ്ഞിളച്ചി എന്നു വിളിച്ചിരുന്ന തൃപ്പൂണിത്തുറ മൂക്കഞ്ചേരിൽ ശോശാമ്മ (മദർ ശൈനാ) യുടെ കൂടെയും ബാരി സോളിലേക്കു യാത്രതിരിച്ചു. മലങ്കരസഭയിൽ പിൽക്കാലങ്ങളിൽ ബഥനി സന്യാസിനീ സമൂഹമെന്നറിയപ്പെട്ട ആത്മീയ പ്രസ്ഥാന ത്തിന്റെ മുന്നോടികളായിരുന്നു ഇവർ. അന്നമ്മയെയും കൂട്ടരെയും ബാരിസോളിൽ പരിശീലിപ്പിച്ചത് ഓക്സ്ഫോർഡ് മിഷൻ സമൂഹാം ഗങ്ങളായ എപ്പിഫനി സിസ്റ്റേഴ്സ് ആയിരുന്നു. ഈഡിത്ത്, ഹെലൻ എന്നീ ആംഗ്ലിക്കൻ സിസ്റ്റേഴ്സിന്റെ പരിശീലനത്തിൽ 1917 മുതൽ 1919 വരെ അന്നമ്മ ബാരിസോളിൽ കഴിച്ചുകൂട്ടി. ബാരിസോളിൽ പരിശീലനാർത്ഥം കഴിഞ്ഞിരുന്ന മറ്റു യുവതികളിൽ നിന്നും തികച്ചും വ്യത്യസ്തയായിരുന്നു അന്നമ്മ. ആദ്ധ്യാത്മികതയും സർഗ്ഗശക്തിയും ഭാഷാനൈപുണ്യവും കൊണ്ട് അന്നമ്മ ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സിന്റെ ശ്രദ്ധ പിടിച്ചുപറ്റി. സി. ഹെലൻ അന്നമ്മയെ വിശേഷി പ്പിച്ചത്, “She is a British girl’ എന്നായിരുന്നു. സി. ജെർട്രൂഡ് എഴുതിയ Mother Edith എന്ന ഗ്രന്ഥത്തിൽ ആംഗ്ലിക്കൻ സിസ്റ്റേഴ്സി നെപ്പറ്റി വികാരനിർഭരമായ ഭാഷയിൽ മദർ ചിത്രീകരിക്കുന്നു. 1930 ആഗസ്റ്റ് 30-ാം തീയതി സി. ഹെലൻ മദർ സൾഗായെയും കൂട്ടരെയും കാണാൻ കേരളത്തിലെത്തിയ ശേഷം വിടവാങ്ങുന്ന നിമിഷങ്ങൾ

www.malankaralibrary.com


ഒരു കവയിത്രിയുടെ സർഗ്ഗാത്മകത യോടുകൂടി മദർ വിവരിക്കുന്നു. “She wanted to be with us to the last moment till the bus came to take them off. The tenderness of her affection and the generosity of her soul are beyond our words. Even after our catholic reunion she had the same affection for us. Now that she is gone to her eternal reward, we realise that she is nearer us”.

ബാരിസോളിലെ പരിശീലന കാലഘട്ടം മദർ സൾഗായ്ക്ക് ഒരു വലിയ അനുഭവമായിരുന്നു. പക്വതയാർന്ന ആത്മീക ജീവിതത്തിന്റെ പടവുകൾ കയറിയ നാളുകൾ. നൂറ്റാണ്ടുകളിലൂടെ വളർന്നു വന്ന മലങ്കരയുടെ തനതായ ആത്മീകസംസ്കാരത്തിന് തന്റെ സന്ന്യാസജീവിതത്തിലൂടെ രൂപഭംഗി നല്കുകയായിരുന്നു മദർ സൾഗാ ബാരിസോളിൽ. കവിതപോലെ സുന്ദരമായ ആത്മീക ജീവിതത്തിൽ നിന്നും വേണ്ടുവോളം ഊർജ്ജം സ്വീകരിച്ച് വളർന്നു വന്ന വ്യക്തിയായിരുന്നു മദർ. പെരുന്നാട് മുണ്ടൻമലയിലും തിരുമൂലപുരത്തും യഥാക്രമം പുരുഷന്മാർക്കും, സ്ത്രീകൾക്കുമുള്ള സന്ന്യാസ-സന്ന്യാസിനീ സമൂഹങ്ങൾ മാർ ഈവാനിയോസ് തിരുമേനി ആരംഭിച്ചു. “മദർ ഈഡിത്തിന്റെയും സി. ഹെലന്റെയും ആഗ്രഹപ്രകാരം സ്ത്രീകൾക്കായുള്ള സന്ന്യാസമഠത്തിന്റെ ആരംഭം ആശ്രമത്തിന്റേതിനെക്കാൾ മുമ്പ് ഫാ. ഗീവർഗ്ഗീസ് നിർവ്വഹിച്ചു. 1918 ഫെബ്രുവരി ഒടുവിൽ അദ്ദേഹം ബാരിസോളിൽ വന്നു. മാർച്ച് ഒന്നാം തീയതി പൊൻവാണിഭം ആച്ചിയമ്മ, കെ.കെ. മറിയാമ്മ ഇവരെ ഒരു പ്രത്യേക ശുശ്രൂഷ നടത്തി പോസ്റ്റുലന്റ് ആക്കി. ഈ ശുശ്രൂഷയ്ക്ക് അന്ന് ഫാ. പി.റ്റി. ഗീവർഗ്ഗീസ് തന്നെ എഴുതിയുണ്ടാക്കിയ ചോദ്യോത്തരങ്ങളാണ് ഇന്നും സമൂഹത്തിൽ ഉപയോഗത്തിലിരിക്കുന്നത്”.

1919-ൽ അന്നമ്മ ബാരിസോളിലെ പരിശീലനം പൂർത്തിയാക്കി കേരളത്തിൽ തിരിച്ചെത്തി. എന്നാൽ മഠത്തിൽ ചേരുന്നതിനു മുമ്പ് കോട്ടയത്തെ ബേക്കർ മെമ്മോറിയൽ സ്കൂളിൽ ചേർന്ന് വിദ്യാഭ്യാസം പൂർത്തിയാക്കുകയാണ് ഉണ്ടായത്. തദനന്തരം 1922-ൽ അന്നമ്മ തിരുമൂലപുരത്തെ ബഥനി മഠത്തിൽ അംഗമായി ചേർന്നു. ടൈഫോയ്ഡ് പിടിപെട്ടതു മൂലം മദറിന്റെ വ്രതവാഗ്ദാനം 1926 ഡിസംബർ 27-നാണ് നടന്നത്. മാർ ഈവാനിയോസ് തിരുമേനി അന്നമ്മയ്ക്ക് ‘രശ്മി’ എന്നർത്ഥം വരുന്ന സൾഗായെന്ന സുറിയാനി

www.malankaralibrary.com


പേരാണ് നൽകിയത്. ഈ പേരിന്റെ ഉൾപ്പൊരുൾ ജീവിതത്തിൽ തികച്ചും അന്വർത്ഥമാക്കിയ വ്യക്തിയായിരുന്നു മദർ സൾഗാ.

ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നാം ദശകം സമീപിക്കുമ്പോഴേക്കും മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാ സഭയെ ആശ്ലേഷിക്കാൻ ഗൗരവമായി ചിന്തിച്ചു തുടങ്ങിയിരുന്നു. മദർ സൾഗായുടെ പിതൃസഹോദരൻ ആന്നിയിൽ ഫാ. നൈനാൻ വിവാഹം കഴിച്ചിരുന്നത് മാർ ഈവാനിയോസ് തിരുമേനിയുടെ കുടുംബത്തിൽപ്പെട്ട വീട്ടിനാൽ പണിക്കരുടെ മകൾ ശോശാമ്മയെ ആയിരുന്നു. ആന്നിയിൽ ഫാ. നൈനാന്റെ കത്തോലിക്കാ സഭാ പ്രവേശനവും കറ്റാനത്തെ ബെൻസിഗർ തിരുമേനിയുടെ പുനരൈക്യ ശ്രമങ്ങളും മാർ ഈവാനിയോസ് തിരുമേനിയെ കത്തോലിക്കാ വിശ്വാസത്തെപ്പറ്റി ആഴത്തിൽ ചിന്തിക്കുന്നതിന് പ്രേരിപ്പിച്ചു. 1930 സെപ്തംബർ 20-ാം തീയതി തിരുമേനി മറ്റ് നാല് പേരോടുകൂടി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. 1930 സെപ്തംബർ 22-ാം തീയതി 6 സിസ്റ്റേഴ്സിന്റെ കൂടെയും രണ്ട് പോസ്റ്റുലൻസിന്റെ കൂടെയും മദർ സൾഗാ കത്തോലിക്കാസഭാംഗമായി.

1976 ഡിസംബർ 27-ാം തീയതി മദർ സൾഗാ തന്റെ സന്ന്യാസ ജീവിതത്തിൽ അൻപതുവർഷം പൂർത്തിയാക്കി സുവർണ്ണജൂബിലി ആഘോഷിച്ചപ്പോൾ ഈ ലേഖകൻ ക്രൈസ്തവ കാഹളത്തിൽ (ജനുവരി 1977) എഴുതിയ വരികൾ ഇവിടെ കുറിക്കുന്നു. "ക്രിസ്തുവിന്റെ സഭ ഉലയാത്ത പാറമേൽ പണി ചെയ്തിരിക്കുന്നതുപോലെ ബഥനി സന്ന്യാസിനീ സമൂഹം കർമ്മനിരതരായ ഒരു പറ്റം സന്ന്യാസിനികളിൽ അടിസ്ഥാനം ഇട്ടിരിക്കുന്നു. ഇന്ന് കെട്ടുറപ്പുള്ള ഒരു സമൂഹമായി ബഥനി പരിശോഭിക്കുന്നു എങ്കിൽ അതിന്റെ പ്രധാന കാരണം അതിനു നേതൃത്വം നൽകിയ ആദ്യത്തെ സമൂഹാംഗങ്ങളാണ്. ഇവരിൽ പ്രഥമഗണനീയയായിരുന്നു മദർ സൾഗാ".

(2003 മാർച്ച് 4-ാം തിയതി എഴുതിയ ലേഖനം. 2003 മാർച്ച് 22-ാം തീയതി മദർ സൾഗായുടെ ജന്മശതാബ്ദി ആഘോഷത്തോടെ മദർ സൾഗായെപ്പറ്റി പ്രസിദ്ധീകരിച്ച ചെറുഗ്രന്ഥത്തിൽ ഡോ. തരകൻ എഴുതിയ ലേഖനം. ഈ പുസ്തകം ബഥനിയിൽ നിന്നുമാണ് പ്രസിദ്ധീകരിച്ചത്).

www.malankaralibrary.com

# 55

## മലങ്കരയുടെ ചരിത്രം ഇതിഹാസമാക്കി മാറ്റിയ ചരിത്രകാരി

ഡോ. ആന്നിയിൽ തരകൻ

എലിയട്ടിന്റെ Ash Wednesday എന്ന കവിതയിൽ കവി ഒരു സ്ത്രീയെ വർണ്ണിക്കുന്നു. നിശബ്ദതയുടെ സ്ത്രീ, റോസാ പുഷ്പങ്ങളുടെ സ്ത്രീ. വ്യക്തികളുടെയും സമൂഹത്തിന്റെയും ആത്മീയ സ്രോതസ്സായി അവർ പരിണമിക്കുന്നു. ഈ കവിത വായിച്ചപ്പോൾ ഈ സ്ത്രീ ബഥനിയിലെ മദർ സൾഗാ തന്നെയാണല്ലോ എന്ന് ഞാൻ ചിന്തിച്ചിട്ടുണ്ട്.

തന്റെ ഏകാന്തമായ നിമിഷങ്ങളിൽ മുറിയുടെ ജനലിന്റെ കണ്ണാടിച്ചില്ലുകളിൽ പറന്നെത്തി കളകൂജനം ചെയ്ത കിളികളോടു പോലും ആംഗ്യഭാഷയിൽ നിശബ്ദരാകാൻ പറഞ്ഞിരുന്ന മദർ സൾഗാ ഈ കാവ്യസങ്കല്പത്തിന്റെ പ്രതീകമായിരുന്നു. എന്നാൽ മദറിന്റെ ഏകാന്തതയ്ക്ക് ഒരു പ്രത്യേകതയുണ്ടായിരുന്നു. തന്റെ അന്തരാത്മാവിൽ ശ്രുതിമധുരമായ മലങ്കരയുടെ ആത്മീയ അനുഭവം മനനം ചെയ്യുന്ന നിമിഷങ്ങളായിരുന്നു അവയെല്ലാം. അവ ശ്രവിക്കുകയും ധ്യാനിക്കുകയും അവയ്ക്ക് രൂപകല്പന നല്കുകയും ചെയ്ത നിമിഷങ്ങളായിരുന്നു.

www.malankaralibrary.com


മാർ ഈവാനിയോസ് തിരുമേനിയിൽ നിന്നും ബാരിസോളിലെ ആദ്യകളരിയിൽ നിന്നും ലഭിച്ച അനുഭവങ്ങളിൽ നിന്നും വേണ്ടുവോളം ജീവൻ ആർജ്ജിക്കുന്ന നിമിഷങ്ങൾ. ഈ അനുഭവം മലങ്കരസഭയുടെ ചരിത്രമായിരുന്നു. അത് എന്റെയും നിങ്ങളുടെയും ചരിത്രം. ചരിത്രത്തെ ജീവിതാനുഭവമാക്കിയ ചരിത്രകാരിയായിരുന്നു മദർ സൾഗാ. അരിസ്റ്റോട്ടിലിനെപോലുള്ള ചിന്തകർ ചരിത്രത്തെ നിർവചിക്കുമ്പോൾ ചരിത്രം ഒറ്റപ്പെട്ട സംഭവങ്ങളുടെ ആകെത്തുകയായി ചിത്രീകരിക്കുന്നു. ചരിത്രസംഭവങ്ങൾക്ക് പരസ്പര ബന്ധമില്ലെന്നർത്ഥം. എന്നാൽ അങ്ങനെയുള്ള ഒരു ചരിത്രമല്ല മദർ കണ്ടെത്താൻ ശ്രമിച്ച ചരിത്രം. ഒരു ജനതയെ ജനതയാക്കിത്തീർക്കുന്ന, ആ ജനതയുടെ തനിമ എടുത്തു കാണിക്കുന്ന പൊതുവായ അനുഭവങ്ങളുടെ വ്യാഖ്യാനമായിരുന്നു മദറിന്റെ ചരിത്രം. ഈ ചരിത്രത്തിന് കല്പിതചരിത്രം, ഇതിഹാസചരിത്രം (mythic history) എന്നൊക്കെ പേർ വിളിക്കാം. മലങ്കരയുടെ ചരിത്രം ബഥനിയുടെ ഇതിഹാസമാക്കി മാറ്റിയ ചരിത്രകാരിയായിരുന്നു മദർ. മലങ്കരയുടെ ഇതിഹാസത്തിന്റെ സ്വർഗ്ഗസുന്ദരരൂപമായി മദർ ബഥനിയെ ചിത്രീകരിച്ചു. തലമുറകൾ കൈമാറിയ മലങ്കരയുടെ ആത്മീയ സംസ്കാരത്തിന്റെ സുന്ദരമായ കലാസൃഷ്ടിയായി മദർ ബഥനിയെ ദർശിച്ചു.

ഇവിടെയാണ് ബഥനി സന്ന്യാസിനി സമൂഹത്തിന്റെ പ്രത്യേകത മദർ കണ്ടെത്തിയത്. ഒരു ദേശത്തിന്റെ ചരിത്രം സ്വായത്തമാക്കിയ സമൂഹമാണ് ബഥനി എന്ന് മദർ വിശ്വസിച്ചു. അങ്ങനെയുള്ള സമൂഹങ്ങൾ കേരളത്തിൽ വേറെയുണ്ടോ എന്ന് മദർ സംശയിച്ചിരുന്നു. ധാരാളം കോൺഗ്രിഗേഷൻസ് കേരളത്തിലുണ്ട്. എന്നാൽ ഒരു സഭയുടെ, ഒരു ജനതയുടെ ചരിത്രം സ്വന്തമാക്കിയ സമൂഹങ്ങൾ വേറെയുണ്ടോയെന്ന് മദർ സംശയിച്ചിരുന്നു. ചരിത്രമുള്ള സമൂഹമാണ് ബഥനിയെന്ന് മദർ സ്വയം പറയുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. ചരിത്രമില്ലാത്ത ഒരു രാജ്യം സമയത്തിൽ പരിത്രാണന വിധേയമല്ല എന്ന റ്റി.എസ്. എലിയട്ടിന്റെ സങ്കല്പം എത്രയോ അർത്ഥവത്താകുന്നു ഇവിടെ.

എലിയട്ട് യൂറോപ്പിലെ സംസ്കാരത്തെപ്പറ്റി ചെയ്ത പ്രസംഗം Notes towards the definition of culture എന്ന പ്രബന്ധ4ത്തിൽ നല്കിയിരിക്കുന്നു. ഇതിൽ അദ്ദേഹം ശ്രദ്ധേയമായ ഒരു വിവേചനം (distinction) നടത്തുന്നുണ്ട്: യൂറോപ്പിന്റെ ഭൗതിക ക്രമീകരണവും

www.malankaralibrary.com



(the material organisation of Europe) യൂറോപ്പിന്റെ ആത്മീയ ജൈവേന്ദ്രിയവും (the spiritual organism of Europe). യൂറോപ്പിന്റെ ആത്മീയ സംസ്കാരം നശിച്ചാൽ യൂറോപ്പ് ഇല്ലാതാകും എന്ന് അദ്ദേഹം പറയുന്നു. മദർ വിഭാവന ചെയ്ത മലങ്കരയുടെ ആത്മീയ സമ്പത്ത് (അതിന്റെ ആരാധനയും അതിന്റെ പാരമ്പര്യവും) ഇല്ലാതായാൽ മലങ്കര ജനത ഇല്ലാതാകും.

സ്കൂളും കോളേജും എല്ലാം നമുക്ക് ആവശ്യമാണ്. എന്നാൽ ഇതുകൊണ്ടു മാത്രം മലങ്കരയുടെ ആത്മാവിനെ കണ്ടെത്താമെന്ന് വിശ്വസിക്കണ്ട. അതിന് മദർ സൾഗായെപ്പോലുള്ള അന്വേഷകരെ ആവശ്യമുണ്ട്. ചരിത്രകാരന്മാരെ ആവശ്യമുണ്ട്. കവികളെയും കലാകാരന്മാരെയും ആവശ്യമുണ്ട്. പ്രാർത്ഥിക്കുന്ന സമൂഹത്തെ ആവശ്യമുണ്ട്. സന്ന്യാസിനികളെ ആവശ്യമുണ്ട്. ക്രിസ്തുവിനെ പ്രതി എല്ലാം ത്യജിച്ച് തെരുവീഥിയിലേക്ക് ഭിക്ഷാടനത്തിനു പോകുന്ന ഭിക്ഷുക്കളെ ആവശ്യമുണ്ട്. ആൾക്കൂട്ടത്തിൽ നിന്നും മാറിനിന്ന് ജീവിതത്തെ വീക്ഷിക്കുന്ന ബുദ്ധിജീവികളെ ആവശ്യമുണ്ട്. ഇത് ഞാൻ പറഞ്ഞത് മദർ സൾഗാ വിഭാവനം ചെയ്ത മലങ്കര സങ്കല്പവും അത് ഉൾക്കൊള്ളുന്ന ആത്മീയ ചൈതന്യവും എത്രമാത്രം സമൂഹത്തിന് ആവശ്യമായിരിക്കുന്നു എന്നു കാണിക്കാനാണ്. പിൻ തലമുറകളിൽ ഈ സങ്കല്പത്തിലൂടെ ഉരുത്തിരിയുന്ന മദർ സൾഗാ, ജീവിച്ചിരുന്ന മദർ സൾഗായെക്കാൾ ശക്തമായ ഒരു പ്രതീകമായി മാറുമെന്ന് ഞാൻ വിശ്വസിക്കുന്നു.

(2003, മാർച്ച് 22-ന് തിരുവനന്തപുരത്ത് ബഥനി മഠത്തിൽ വച്ച് നടന്ന മദർ സൾഗായുടെ ജന്മശതാബ്ദി ആഘോഷത്തിൽ ഡോ. തരകൻ ചെയ്ത പ്രസംഗം).

www.malankaralibrary.com

# 56

## യേശുവിന്റെ ജീവിതകഥ മദർ സൽഗായുടെ രചനയിൽ

ഡോ. ആന്നിയിൽ തരകൻ

ആശയങ്ങളുള്ള മനുഷ്യനുമാത്രമേ ഈശ്വര ദർശനം സാധ്യമാകൂ എന്നുള്ള പ്ലേറ്റോയുടെ ചിന്ത മദർ സൽഗായെ സംബന്ധിച്ചിടത്തോളം തികച്ചും അന്വർത്ഥമായിരുന്നു. ജ്ഞാന മാർഗ്ഗത്തിലൂടെയും, അറിവിന്റെ ആവിഷ്ക്കരണത്തിലൂടെയും ഈശ്വരനെ തേടിയ സന്ന്യാസിനിയായിരുന്നു അവർ. തന്റെ ജീവിതകാലം മുഴുവൻ ബുദ്ധിപരവും, ശാരീരികവുമായ കഠിനാധ്വാനം ചെയ്ത് കിട്ടാവുന്ന അറിവും അനുഭവവും സമ്പാദിക്കാൻ ശ്രമിച്ച മദർ സൽഗായുടെ ജീവിതം തികച്ചും ഒരന്വേഷണമായിരുന്നു. ആ അന്വേഷണ പ്രക്രിയയിൽ നിന്നും ഉരുത്തിരിഞ്ഞതാണ് 'ബൈബിളിലെ യേശു' എന്ന ഈ ഗ്രന്ഥം.

1929-ലാണ് മദർ സൽഗാ ഈ ഗ്രന്ഥം രചിച്ചതും "നമ്മുടെ കർത്താവിന്റെ ജീവചരിത്രം" എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ചതും. അന്ന് അവർക്ക് വെറും 28 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. ഇതിൽനിന്നും മദറിന്റെ യൗവ്വനം മുതൽ തന്നെ യേശുവിനെ ആഴത്തിൽ മനസ്സിലാക്കാനും അതിൽ ലയിക്കുവാനുമുള്ള ശ്രമം മനോഹരമായ ഈ ഗ്രന്ഥത്തിന്റെ രചനയിലേക്ക്

www.malankaralibrary.com


അവരെ നയിച്ചു. ബൈബിളിൽ നിറഞ്ഞു നില്ക്കുന്ന യേശുവിന്റെ ജീവിതത്തെപ്പറ്റിയുള്ള ഉൾക്കാഴ്ച സ്വാനുഭവത്തിന്റെ ഭാഗമാക്കി, സ്വതസിദ്ധമായ ശൈലിയിൽ ആവിഷ്കരിക്കുകയാണ് മദർ സൾഗാ ഈ ഗ്രന്ഥത്തിൽ.

യേശുവിന്റെ ജീവിതകഥ വിശ്വവിഖ്യാതരായ പല ഗ്രന്ഥ കർത്താക്കളും രചിച്ചിട്ടുണ്ട്. സ്വയം ശൂന്യവത്കരിച്ച് മനുഷ്യാവതാരം ചെയ്ത യേശുവിന്റെ സ്നേഹവും ആർദ്രതയും നൂറ്റാണ്ടുകളിലൂടെ ധാരാളം സാഹിത്യകാരന്മാർക്ക് പ്രചോദനം നല്കിയിട്ടുണ്ട്. ഇംഗ്ലീഷ് സാഹിത്യം ഉൾക്കൊള്ളുന്ന ആന്തരികത, ക്രിസ്തുവാകുന്ന സ്രോതസ്സിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളതാണ്. ജോൺ മിൽട്ടനും, ജോൺ ഡണും, ഹോപ്പ്കിൻസും, എലിയട്ടും എല്ലാം തന്നെ എഴുതിയിട്ടുള്ള സർഗ്ഗാത്മക സാഹിത്യത്തിന്റെ അന്തർധാര സ്നേഹനിധിയായ യേശുവിന്റെ വ്യക്തിത്വമായിരുന്നു. ആ വ്യക്തിപ്രതിഭയുടെ മുന്നിൽ നമ്രശിരസ്ക്കരാകാത്ത വ്യക്തികൾ ലോകത്ത് കുറവായിരുന്നു.

മഹാദേവ് ദേശായി (Mahadev Desai) യുടെ ഡയറിയിൽ, മഹാത്മാഗാന്ധി റോമിലെ സിസ്റ്റൈയിൻ ചാപ്പൽ സന്ദർശിച്ച സംഭവം വിവരിക്കുന്നുണ്ട്. ക്രൂശിതനായ യേശുവിന്റെ രൂപത്തിനു മുമ്പിൽ നിശബ്ദനായി നിന്ന് കണ്ണീർവാർത്ത ഗാന്ധി ഒരു ക്രിസ്തു ഭക്തനെപ്പോലെ, ആ രൂപത്തിന്റെ ചുറ്റും പ്രദക്ഷിണം നടത്തി. നഗ്നത മറയ്ക്കാൻ വെറും ഒരു ചെറുമുണ്ട് മാത്രം ഉടുത്ത യേശുവിൽ, ഗാന്ധിജി ഇന്ത്യയിലെ പാവപ്പെട്ട ഗ്രാമീണരുടെ പ്രതീകം കണ്ടെത്തി. ഈ മഹത് വ്യക്തികളുടെയും സാഹിത്യകാരൻമാരുടെയും കൃതികൾ മദർ സൾഗായുടെ ഈ ഗ്രന്ഥവുമായി താരതമ്യം ചെയ്യാനുള്ള ശ്രമമല്ല ഇവിടെ നടത്തുന്നത്. അവരുടെ ഭാവനാസമ്പത്തും, സർഗ്ഗാത്മകതയും, ആവിഷ്കരണ പാടവവും ഒരു പക്ഷേ മദറിന്റെ കൃതിയിൽ അതേ അളവിൽ ദർശിക്കുവാൻ പ്രയാസമായിരിക്കും. എന്നാൽ ആൻ ഫ്രാങ്കിന്റെ ഡയറിയിൽ കാണുന്ന ആത്മാർത്ഥത പോലെ മദർ സൾഗായുടെ ഈ ഗ്രന്ഥത്തിൽ കാണുന്ന തികഞ്ഞ ആത്മാർത്ഥതയും, നിഷ്കളങ്കതയും ഈ ഗ്രന്ഥത്തെ ഒരുത്തമ ഗ്രന്ഥമായി ഉയർത്തുന്നു. ഇവിടെയാണ് മദർ സൾഗായുടെ ഹൃദയത്തുടിപ്പുകൾ അതിമനോഹരമായ ഒരു കാവ്യശില്പം പോലെ നമുക്ക് ദർശിക്കുവാൻ കഴിയുന്നത്. സിമോൺ വെയിലിന്റെ (Simone weil) ഗ്രന്ഥങ്ങളിൽ കാണുന്ന. ബുദ്ധിയുടെയും, വികാരത്തിന്റെയും ഇഴുകിച്ചേരൽ മദറിന്റെ ഈ ഗ്രന്ഥത്തിലും പ്രകടമായി കാണാം.

www.malankaralibrary.com


യേശുവിന്റെ രാജ്യവും, അവിടുത്തെ ജനനവും, പ്രതിപാദിച്ചുതുടങ്ങുന്ന ഈ ഗ്രന്ഥത്തിൽ യേശുവിന്റെ പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും, സുദീർഘമായ ഒരു യാത്രയാണ് മദർ സൾഗാ നടത്തുന്നത്. യേശുവിന്റെ കുരിശു ചുമന്ന്, അവിടുത്തെ പിന്നാലെ പോകുന്ന വ്യക്തിയാണ് യഥാർത്ഥ ക്രിസ്തു ശിഷ്യൻ എന്നു സമർത്ഥിക്കുന്ന മദർ സൾഗാ, ഡേറ്റ്‌റിച്ച് ബൊനൊഫൈയ (Dietrich Bonhoeffer)റിന്റെ സുപ്രസിദ്ധ ശിഷ്യത്വത്തിന്റെ വില (The Cost of the Discipleship) യെന്ന ഗ്രന്ഥത്തിലേക്ക് വിരൽ ചൂണ്ടുന്നു. ശിഷ്യത്വത്തിന്റെ വിലയെന്താണെന്ന് ആരായുന്ന ജർമ്മൻ വേദശാസ്ത്രജ്ഞൻ കണ്ടെത്തുന്ന നിഗമനം: അത് ക്രിസ്തുവിന്റെ കുരിശുമായി താദാത്മ്യം പ്രാപിക്കുന്നു എന്നതിലാണ്. എന്നാൽ ഈ ഗ്രന്ഥത്തിൽ യേശുവിന്റെ ജനനവും, മരണവും മാത്രം പ്രതിപാദിക്കുകയല്ല ചെയ്തിട്ടുള്ളത്. അങ്ങനെയായിരുന്നെങ്കിൽ ചരിത്രപുരുഷനായ യേശുവിനെമാത്രം തേടുന്ന ഒരു ഗ്രന്ഥമായിത്തീർന്നേനെ ഇത്. ഈ ഗ്രന്ഥത്തിന്റെ അവസാന ഭാഗത്ത് വിശ്വാസത്തിലെ മിശിഹായെ അവതരിപ്പിക്കാൻ ശക്തമായ ശ്രമം നടത്തുന്നു. അതുകൊണ്ടാണ് യേശുവിന്റെ ഉയിർപ്പും സ്വർഗ്ഗാരോഹണവും പ്രത്യേകം പ്രത്യേകം അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്നത്. സമാന്തര സുവിശേഷങ്ങളിലെ ഉയിർപ്പിനെപ്പറ്റിയുള്ള പരാമർശങ്ങളെല്ലാം ക്രോഡീകരിച്ച്, യേശുവിന്റെ ഉത്ഥാനത്തെപ്പറ്റി ഒരു കാവ്യസങ്കൽപ്പം തന്നെ മദർ ചമയ്ക്കുന്നുണ്ട്. ഉയർത്തെഴുന്നേറ്റ യേശുവിനെ, പിതാവായ ദൈവം, പരിശുദ്ധാത്മാവിന്റെ രൂപത്തിൽ മനുഷ്യവംശത്തെ ഒന്നിക്കാനായി സഭയുടെ ചൈതന്യവും, ആത്മാവുമാക്കി തീർത്തു. ഈ വേദശാസ്ത്ര ദർശനം മനസ്സിൽ കണ്ടു കൊണ്ടായിരിക്കണം മദർ സൾഗായുടെ പുസ്തകത്തിന്റെ അവസാനഭാഗം സഭയെപ്പറ്റിയുള്ള പഠനത്തിൽ മുഴുകുന്നത്. എന്തുകൊണ്ടും യേശുവിന്റെ സമഗ്രമായ ഒരു ജീവിതകഥ ഈ ഗ്രന്ഥം പ്രദാനം ചെയ്യുന്നു വെന്നതിൽ രണ്ടു പക്ഷമില്ല.

1990-ൽ മദർ സൾഗായുടെ ഡയറിക്കുറിപ്പുകളും ലേഖനങ്ങളും സമാഹരിച്ച് 'പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ' എന്ന പേരിൽ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിന് എനിക്കു കിട്ടിയ പ്രോത്സാഹനവും, ഉത്തേജനവുമാണ് ഈ ഗ്രന്ഥത്തിന്റെ പുനർപ്രസിദ്ധീകരണത്തിന് എന്നെ പ്രേരിപ്പിച്ചത്. 'പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ' എന്ന ഗ്രന്ഥം 1990 മാർച്ച് മാസം 30-ാം തീയതി 4 മണിക്ക് മലങ്കര മേജർ സെമിനാരിയിൽ വച്ച് പ്രകാശനം ചെയ്യപ്പെടുകയുണ്ടായി. തിരുവനന്തപുരം അതിരൂപതയുടെ മേലദ്ധ്യക്ഷൻ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ഒരു കോപ്പി കേരളാ യൂണിവേഴ്

www.malankaralibrary.com


സിറ്റിയുടെ മുൻ വൈസ് ചാൻസിലർ ആയിരുന്ന സാമുവേൽ മത്തായിക്ക് നല്കികൊണ്ട് പ്രകാശന കർമ്മം നടത്തി. ആ മീറ്റിംഗിൽ പ്രൊഫസർ കെ.എം.തരകൻ സുറിയാനി ക്രിസ്ത്യാനികളുടെ സംസ്കാരവും പൈതൃകവും, എന്ന വിഷയത്തെ ആസ്പദമാക്കി മദർ സൾഗാ മെമ്മോറിയൽ ലക്ചർ നടത്തുകയുണ്ടായി. ആ സദസ്സിൽ പലരിൽ നിന്നും ഉയർന്നുവന്ന ഒരഭിപ്രായം മദറിന്റെ ബാക്കിയുള്ള എല്ലാ കൃതികളും പ്രസിദ്ധീകരിക്കണം എന്നുള്ള തായിരുന്നു. ഈ അഭിവാഞ്ചയുടെ ഭാഗികമായ സാഫല്യമാണ്, ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം.

1901-ൽ കറ്റാനത്ത് പോളച്ചിറയ്ക്കൽ ആന്നിയിൽ ജനിച്ച മദർ സൾഗാ ബഥനി സന്ന്യാസിനി സമൂഹത്തിന്റെ ചൈതന്യ മായിരുന്നു. സ്വപിതാവായ പോളച്ചിറയ്ക്കൽ ചെറിയാൻ തരകൻ സുറിയാനി ഭാഷാ പണ്ഡിതനും, പരുമല സെമിനാരിയിലെ ഇംഗ്ലീഷ് പ്രൊഫസറുമായിരുന്നു. മാർ ഇവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തിന് വളരെ മുമ്പ് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട മദർ സൾഗായുടെ കുടുംബം തലമുറകളായി ധാരാളം വൈദികരെയും, സന്ന്യാസിനീ സന്ന്യാസികളെയും, മേലദ്ധ്യ ക്ഷൻമാരെയും സഭയ്ക്ക് പ്രദാനം ചെയ്തിട്ടുണ്ട്. ആ വൈദിക ശൃംഖലയുടെ ശ്രദ്ധേയമായ ഒരു കണ്ണിയായിരുന്നു മദർ സൾഗാ.

എന്തുകൊണ്ടും ഈ ഗ്രന്ഥം മലങ്കരയ്ക്ക് ഒരു മുതൽ ക്കൂട്ടായിരിക്കുമെന്നുള്ള ഉത്തമ വിശ്വാസത്തോടുകൂടിയാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. 1968-ൽ വൈദികനായ ഞാൻ ഈ വർഷം പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുകയാണ്. കഴിഞ്ഞ 35 വർഷമായി ഇന്ത്യയിലും വിദേശത്തുമുള്ള വിവിധ പ്രസിദ്ധീ കരണങ്ങളിൽ ഏകദേശം 120-ൽ പരം ലേഖനങ്ങളും കവിതകളും ഞാൻ എഴുതുകയുണ്ടായി. ഇവയിൽ ചിലതെല്ലാം ഇറ്റാലിയൻ, ജർമ്മൻ, ഫ്രഞ്ച് എന്നീ ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇവയെല്ലാം തന്നെ സ്വയം കണ്ടെത്താനുള്ള അന്വേഷണ ത്തിന്റെ ഭാഗമായി എഴുതിയിട്ടുള്ളതാണ്. ഈ വരികളും അപ്രകാര മുള്ള പ്രക്രിയയുടെയും ദർശനത്തിന്റെയും ഭാഗമായി കുറിക്കുന്നു.

(1993-ൽ ഡോ. ആന്നിയിൽ തരകൻ എഡിറ്റു ചെയ്തതും തിരുവന ന്തപുരം യൂണിയൻ പ്രസ്സ് പ്രസിദ്ധീകരിച്ചതുമായ ബൈബിളിലെ യേശു എന്ന ഗ്രന്ഥത്തിന് ഫാദർ തരകൻ എഴുതിയ ആമുഖം)

www.malankaralibrary.com

# 57

## സുവർണ്ണജൂബിലി ആഘോഷിക്കുന്ന മദർ സൾഗാ

ഡോ. ആന്നിയിൽ തരകൻ (കാഹളം, തിരുവനന്തപുരം)

1976 ഡിസംബർ 27-ാം തീയതി സന്യാസ ജീവിതത്തിൽ അമ്പതുവർഷം തികയുന്ന മദർ സൾഗാ ബഥനിയുടെ ആദ്യത്തെ അംഗങ്ങളിൽ ഒരാളാണ്. ക്രിസ്തുവിന്റെ സഭ ഉലയാത്ത പാറമേൽ പണി ചെയ്തിരിക്കുന്നതുപോലെ, ബഥനി സന്യാസിനീ സമൂഹം കർമ്മനിരതരായ ഒരു പറ്റം സന്യാസിനികളിൽ അടിസ്ഥാനമിട്ടിരിക്കുന്നു. ഇന്ന് കെട്ടുറപ്പുള്ള ഒരു സമൂഹമായി ബഥനി പരിശോഭിക്കുന്നുവെങ്കിൽ അതിന്റെ പ്രധാനകാരണം അതിനു നേതൃത്വം നല്കിയ ആദ്യത്തെ സമൂഹാംഗങ്ങളാണ്. ഇവരിൽ മുൻപന്തിയിൽ നില്ക്കുന്ന ഒരു വ്യക്തിയാണ് 76 വയസുള്ള മദർ സൾഗാ.

മാർ ഈവാനിയോസ് തിരുമേനി സെറാമ്പൂർ കോളേജിൽ പ്രൊഫസറായിരിക്കുമ്പോൾ തന്റെ സമുദായത്തിൽ മഠം തുടങ്ങുന്നതിന്, പരിശീലനാർത്ഥം ഒരു കൂട്ടം പെൺകുട്ടികളെ ബാരിസോളിലേക്കയച്ചു. 1915 മുതൽ 1920 വരെ മദർ സൾഗാ ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സിന്റെ കൂടെ ബാരിസ്സോളിൽ താമസിച്ചു. ചൂരനാട്

www.malankaralibrary.com


കുറ്റിയിൽ മറിയാമ്മയും മാവേലിക്കര കല്ലറയ്ക്കൽ കുഞ്ഞമ്മയും, മാവേലിക്കര പുത്തൻവീട്ടിൽ അന്നമ്മയും ബാരിസോളിലെ സഹപാഠി കളായിരുന്നു. ഓക്സ്ഫോർഡ് മിഷൻ സിസ്റ്ററായ ഹെലൻ ഇവർക്ക് നേതൃത്വം നല്കി. ഇംഗ്ലീഷ് ഭാഷാ സ്വാധീനം മൂലം മറ്റുള്ളവരില ധികമായി ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സുമായി ബന്ധപ്പെടുന്ന തിന് മദറിനു സാധിച്ചു. 1919-ൽ മാർ ഈവാനിയോസ് തിരുമേനി കേരളത്തിലേക്കു തിരിച്ചുപോന്നപ്പോൾ പ്രിയ ശിഷ്യഗണവും കൂടെ പോന്നു. കറ്റാനത്ത് സി.എം.എസ്. പ്രൈമറി സ്കൂളിൽ നാലാം ക്ലാസ്വരെയും കായംകുളത്ത് ഗവൺമെന്റ് ഹൈസ്കൂളിൽ തേഡ്ഫോം വരെയും പഠിച്ച മദർ, ബാരിസോളിലെ താമസത്തിനുശേഷം കോട്ട യത്തെ ബേക്കർ മെമ്മോറിയൽ ഹൈസ്കൂളിൽ ചേർന്ന് വിദ്യാ ഭ്യാസം പൂർത്തിയാക്കി. മദർ മാക്സാ ബേക്കർ മെമ്മോറിയൽ സ്കൂളിലെ സഹപാഠിയായിരുന്നു.

1920 മാർ ഈവാനിയോസ് തിരുമേനി ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സിന്റെ സഹായത്തോടു കൂടി തിരുവല്ലായിൽ ബഥനി മഠം തുടങ്ങി. ഇംഗ്ലീഷ് വിദ്യാഭ്യാസാനന്തരം 1922 മെയ് മാസത്തിൽ തിരുവല്ലാ ബഥനി മഠത്തിൽ മദർ പ്രവേശിച്ചു. 1926 ഡിസംബർ 27-ാം തിയതി നിത്യവ്രതം (തിരുസമർപ്പണം) എടുത്തു. 1930 സെപ്റ്റംബർ 20-ാം തീയതി മാർ ഈവാനിയോസ് തിരുമേനി മറ്റു നാലുപേരോ ടുകൂടി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. അതിനുശേഷം തിരുമേനിയെ അനുഗമിക്കുന്നത് ബഥനിയുടെ അരുമമക്കളാണ്. 1930 സെപ്റ്റംബർ 22-ാം തീയതി ആറ് സിസ്റ്റേഴ്സിന്റെ കൂടെയും ഒരു നോവീസിന്റെ കൂടെയും രണ്ട് പോസ്റ്റുലൻസിന്റെ കൂടെയും മദർ സൾഗാ കത്തോലിക്കാ സഭാംഗമായി.

1901 നവംബർ 6-ാം തീയതി പോളച്ചിറയ്ക്കൽ ചെറിയാൻ (തോമസ്) തരകന്റെയും ചാത്തന്നൂർ മഞ്ചാവാടി വിളാകത്ത് മറിയാമ്മ യുടെയും രണ്ടാമത്തെ മൂത്തപുത്രിയായി കറ്റാനത്ത് ആന്നിയിൽ ജനിച്ചു. പിതാവ് പരുമല സെമിനാരിയിലെ ഇംഗ്ലീഷ് പ്രൊഫസ റായിരുന്നു. തന്റെ പിതാവിനെപ്പറ്റി മദർ ഇപ്രകാരം എഴുതുന്നു.

“അക്കാലത്തു ഇംഗ്ലീഷ് പഠിച്ചവർ വിരളമായിരുന്നു. എന്റെ പിതാവിന് ഇംഗ്ലീഷിൽ അസാമാന്യ പരിജ്ഞാനമുണ്ടായിരുന്നു. ഇംഗ്ലീഷ് ചികിത്സാ സമ്പ്രദായവും വശമുണ്ടായിരുന്നു. ചാത്തു

www.malankaralibrary.com


രുത്തി മെത്രാൻ എന്നറിയപ്പെട്ടിരുന്ന മാർ ഗ്രിഗോറിയോസിന് സുറിയാനിയിൽ നല്ല പാണ്ഡിത്യം ഉണ്ടായിരുന്നുവെങ്കിലും ഇംഗ്ലീഷ് വശമില്ലായിരുന്നു. മെത്രാച്ചനെയും സെമിനാരിക്കാരെയും ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി എന്റെ പിതാവിനെ പരുമലയ്ക്ക് ക്ഷണിച്ചു. മെത്രാച്ചനോടുള്ള താല്പര്യം മൂലം സ്വതവേയുള്ള ഔദാര്യം മൂലവും പരുമലയ്ക്കു പോയി മെത്രാച്ചനെ ഇംഗ്ലീഷ് പഠിപ്പിച്ചു. അതിനുള്ള നന്ദിമൂലം മെത്രാച്ചൻ എന്റെ പിതാവിനെ സുറിയാനി പഠിപ്പിച്ചു".

വിശുദ്ധ മരീനായുടെയും യൂപ്രീസിനായുടെയും ജീവചരിത്രം മദറിന്റെ ദൈവവിളിയ്ക്കു പ്രേരകമായിരുന്നു. ഇതിനു പരിയായി, മദർ ഫസ്റ്റ് ഫോമിൽ പഠിച്ചിരുന്ന കാലത്തുണ്ടായ രണ്ട് സംഭവങ്ങൾ തന്റെ ദൈവവിളിയെ നിർണ്ണായകമായി സ്വാധീനിച്ചു. മാങ്കാവിലെ കൊച്ചച്ചന്റെ പൗരോഹിത്യ സ്വീകരണമായിരുന്നു ഒന്നാമത്തെ സംഭവം. അത് കഥാനായികയിൽ ആത്മീക ചൈതന്യം ഉളവാക്കി. രണ്ടാമത്തെ സംഭവം ഇതായിരുന്നു. പൗരോഹിത്യാഭിഷേകത്തിന് കുറെ മാസങ്ങൾക്ക് മുമ്പായി കുണ്ടറ മെത്രാനായിരുന്ന പുന്നൂസ് മാർ ഗ്രിഗോറിയോസ് തിരുമേനിയും രണ്ട് ശെമ്മാശന്മാരും കറ്റാനത്ത് പള്ളിയിൽ വന്ന് താമസിച്ചു. അവരുടെ കറ്റാനത്തെ താമസം തേവലക്കര തെക്കേതയ്യിൽ കോശി വക്കീലിന്റെ സഹോദരപുത്രൻ റ്റി. കെ. തോമസ് ശെമ്മാശനെയും കറ്റാനത്തേക്ക് ആകർഷിച്ചു. മെത്രാച്ചന്റെയും തോമസ് ശെമ്മാശന്റെയും ആത്മീയ ജീവിതം മദറിന്റെ ദൈവവിളിയെ ത്വരിതപ്പെടുത്തി.

മദർ സൾഗാ ബഥനി സമൂഹത്തിന്റെ പല ഉത്തരവാദിത്വപ്പെട്ട ഔദ്യോഗിക സ്ഥാനങ്ങളും അലങ്കരിച്ചിട്ടുണ്ട്. ബഥനിയുടെ മദർ ജനറലായി കുറെക്കാലം സേവനമനുഷ്ഠിച്ചിരുന്നു. വളരെക്കാലമായി പോസ്റ്റുലൻസിന് ഇംഗ്ലീഷും ബൈബിളും പഠിപ്പിക്കുന്നു. തന്റെ പിതാവിൽ നിന്ന് ലഭിച്ച ശിക്ഷണവും ബേക്കർ ഹൈസ്കൂളിലെ വിദ്യാഭ്യാസവും ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സുമായുള്ള സഹവർത്തിത്വവും ഇംഗ്ലീഷ് ഭാഷ വളരെ ഭംഗിയായി മനസിലാക്കുന്നതിനു മദറിനെ സഹായിച്ചു.

എഴുതാനുള്ള വാസന മദറിന് ജന്മസിദ്ധമാണ്. "Mother Edith" എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അദ്ധ്യായം

www.malankaralibrary.com


മദർ എഴുതിയിട്ടുള്ളതാണ്. "നമ്മുടെ കർത്താവിന്റെ ജീവചരിത്രം", "വിശുദ്ധ സഭോപദേശം", എന്നീ ഗ്രന്ഥങ്ങൾ മദർ രചിച്ചിട്ടുണ്ട്. കാഹളത്തിലും മറ്റു ബഥനിയുടെ പ്രസിദ്ധീകരണങ്ങളിലും അനവധി ലേഖനങ്ങൾ മദർ എഴുതിയിട്ടുണ്ട്.

ബഥനിയുടെ ആരംഭം മുതൽ അതിന് നേതൃത്വം നല്കിയ സമൂഹാംഗങ്ങളിൽ പലരും ഇന്ന് ജീവിച്ചിരിപ്പുണ്ട്. അവരുടെ കർമ്മ നിരതയും ത്യാഗമനസ്കതയും പ്രാർത്ഥനാജീവിതവും ബഥനി സമൂഹത്തിന് കേരള സഭാതലത്തിൽ എന്തെന്നില്ലാത്ത ഒരന്തസ് നേടിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കുലീനമായ കുടുംബങ്ങളിൽ നിന്നും വന്ന ഇവർ പുനരൈക്യ പ്രസ്ഥാനത്തിനും മലങ്കര സഭയ്ക്കും നല്കിയ സംഭാവന നിസ്തുലമത്രെ. ഇവരുടെ കൂട്ടത്തിൽ ഇന്ന് ജീവിച്ചിരിക്കുന്ന മദർ സൾഗായ്ക്കു എല്ലാവിധ ആയുരാരോഗ്യങ്ങളും നേരുന്നു.

(കാഹളം, ജനുവരി, 1977, പുറം 5-6)

www.malankaralibrary.com

# 58

## മദർ സൽഗാ രചിച്ച "സഭോപദേശം"

ഡോ. ആന്നിയിൽ തരകൻ

1929-ൽ മദർ സൽഗാ എഴുതി പ്രസിദ്ധീകരിച്ച ഗ്രന്ഥമാണ് "സഭോപദേശം". അന്ന് ഈ കൃതിയുടെ പേര് "വിശുദ്ധ സഭോപദേശം" എന്നായിരുന്നു. ഏകദേശം 160 താളുകൾ മാത്രമുള്ള ഈ ചെറുഗ്രന്ഥം എല്ലാ ക്രൈസ്തവ വിശ്വാസികൾക്കും ഒരുപോലെ പ്രയോജനപ്രദമായിരിക്കുമെന്ന് ഞാൻ കരുതുന്നു. മലങ്കരയിലെ മതപഠന വിദ്യാർത്ഥികളെ മനസ്സിൽ കണ്ടുകൊണ്ട് രചിച്ച ഈ കൃതി സഭയുടെ പ്രബോധനങ്ങളെ ഹൃദ്യമായ ഭാഷയിൽ അവതരിപ്പിക്കുന്നു. മലങ്കരസഭയും പ്രത്യേകിച്ച് ബഥനി പ്രസ്ഥാനവും വിദ്യാർത്ഥികളുടെ മതപഠനത്തിൽ എത്രമാത്രം ശ്രദ്ധിച്ചിരുന്നുയെന്നതിന്റെ ദൃഷ്ടാന്തമാണ് ഈ ഗ്രന്ഥം. കുട്ടികളുടെ വളർച്ചയും വിദ്യാഭ്യാസവും സഭയുടെ പുരോഗതിക്ക് ആവശ്യമാണെന്ന് മനസ്സിലാക്കിയ മദർ സൽഗാ ആ വിദ്യാഭ്യാസപദ്ധതിയിൽ ആദ്യകാലം മുതൽ തന്നെ ശ്രദ്ധ ചെലുത്തിയിരുന്നു.

36 ചെറു അദ്ധ്യായങ്ങൾ ഉള്ള ഈ ഗ്രന്ഥം ആരംഭിക്കുന്നത് അടിസ്ഥാനപരമായ ചില ചോദ്യങ്ങൾക്ക് മറുപടി നല്കിക്കൊണ്ടാണ്.

www.malankaralibrary.com



"ജീവിതോദ്ദേശം" എന്ന ആദ്യ അദ്ധ്യായം തന്നെ "എന്നെ സൃഷ്ടിച്ചതാര്?" എന്നെ സൃഷ്ടിച്ചതിന്റെ ഉദ്ദേശം എന്ത്?" "എന്റെ ജീവിതോദ്ദേശം സാധിക്കുന്നതിനുള്ള മാർഗ്ഗം എന്ത്?" എന്നീ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നു. ഈ ഉത്തരങ്ങൾ എല്ലാം തന്നെ പഴയനിയമത്തിലെയും പുതിയനിയമത്തിലെയും ഉദ്ധരണികൾ കോർത്തിണക്കിയതാണെന്നുള്ള കാര്യം അനുവാചകർക്ക് എന്തെന്നില്ലാത്ത ആസ്വാദ്യത നൽകുന്നു. കാരണം മതപരമായ ചോദ്യ ങ്ങൾക്ക് അവ്യക്തമായ ഒരു മറിപടിയല്ല മദർ നൽകുന്നത്. പിന്നെയോ വേദപുസ്തകത്തിൽ അധിഷ്ഠിതമായ ഉത്തരം നൽകുകയാണ്. ആ കാരണത്താൽ തന്നെ പഴയനിയമത്തിലെ പ്രവാചകന്മാരുടെയും പുതിയനിയമത്തിലെ യേശുവിന്റെയും ആധികാരികത ആ ഉത്തരങ്ങൾക്ക് ആധാരമാകുന്നു. വേദപുസ്തകം കാര്യമായി പഠിക്കാതെ സഭയുടെ താത്വികചിന്തകൾ മാത്രം പാശ്ചാത്യർ ഉരുവിട്ടു പഠിച്ചിരുന്ന ഒരു കാലഘട്ടത്തിൽ കേരളക്കരയിലെ പ്രാചീന ക്രൈസ്തവർ അവരുടെ ആദ്ധ്യാത്മിക വീക്ഷണത്തിൽ വേദപുസ്തകാനുഭവത്തിന് വളരെ പ്രാധാന്യം നൽകിയിരുന്നു. അതിന് ഉത്തമ നിദർശനമാണ് ഈ ഗ്രന്ഥം.

മദർ സൾഗായ്ക്ക് വേദപുസ്തകപഠനത്തിനുണ്ടായിരുന്ന താല്പര്യവും അറിവും അളവറ്റതായിരുന്നു. മദർ എഴുതിയിരുന്ന ലേഖനങ്ങളും പുസ്തകങ്ങളും ബൈബിളിൽ നിന്നുള്ള ഉദ്ധരണികൾകൊണ്ട് നിറഞ്ഞിരുന്നു. 1993-മാർച്ചിൽ പ്രസിദ്ധീകരിച്ച മദറിന്റെ "ബൈബിളിലെ യേശു" എന്ന ഗ്രന്ഥം ഇതിന് ഏറ്റം വലിയ ഉദാഹരണമാണ്. ഈ ഗ്രന്ഥത്തെപ്പറ്റി ഐക്യദീപത്തിൽ (1993 നവംബർ, പുറം 38) ഒ. അയ്യനേത്ത് എഴുതിയത് ഇവിടെ പ്രസക്തമാണ്. "സാധാരണ രീതിയിലുള്ള ഒരു ജീവചരിത്രമല്ലിത്. ശ്രീ. മയ്യനാട്ട് ജോൺ എഴുതിയതുപോലെ ബൈബിളിനെ പൂർണ്ണമായും ഉപജീവിച്ചെഴുതിയ ഒരു ഗ്രന്ഥമാണിതെന്ന് കാണാം. എന്നാൽ ശ്രീ. ജോണിന്റെ കൃതിയ്ക്കുള്ളതിനേക്കാൾ പ്രയോജനപ്രദമായ മറ്റൊരു ഗുണം ഈ ഗ്രന്ഥത്തിനുണ്ട്. ക്രിസ്തുവിനെപ്പറ്റി പഠിക്കുന്ന കുട്ടികൾക്കും പഠിപ്പിക്കുന്ന (സൺഡേസ്കൂൾ) അദ്ധ്യാപകർക്കും വഴികാട്ടിയായിരിക്കുന്നു ഇത്. ഓരോ അദ്ധ്യായത്തിന്റെയും അവസാനത്തിൽ കുട്ടികൾക്ക് പഠിക്കാനായി, അതും പലപ്പോഴും കാണാതെ പഠിക്കാനുള്ള ഗ്രഹപാഠമായി, യേശുവിനെ സംബന്ധിച്ച ബൈബിൾ ഭാഗങ്ങൾ ഉദ്ധരണി സഹിതം കൊടുത്തിട്ടുണ്ട്. ഇവിടെയും ഒരു സവിശേഷ

www.malankaralibrary.com

തയുണ്ട്. പുതിയ നിയമ ഭാഗങ്ങൾക്ക് അതിന്റെ പശ്ചാത്തല സത്യ മായി പഴയനിയമത്തിലുള്ള ഉദ്ധരണികളും ചേർത്തിരിക്കുന്നു. കാല ത്തിന്റെ പൂർണ്ണതയിൽ ജനിച്ച് മനുഷ്യരക്ഷക്കായി അദ്ധ്വാനിച്ച ദൈവപുത്രന്റെ പ്രാഗ് ജീവിത രൂപം പഴയ നിയമത്തിൽ ഛായാരൂപേണ എങ്ങനെ നിഴലിക്കുന്നുവെന്ന് കാണിക്കുന്നത് വിജ്ഞാനദാഹികളെ തൃപ്തിപ്പെടുത്താൻ പര്യാപ്തമാണ്. മദറിന്റെ ബൈബിൾ പാണ്ഡി ത്യത്തിന് ഒരു തെളിവാണ് ഇത്തരത്തിലുള്ള ഒരു രചനാരീതിയെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു."

"ബൈബിളിലെ യേശു" വായിച്ച പല വ്യക്തികളും മദർ സൾഗായുടെ ആഴത്തിലുള്ള ബൈബിൾ ദർശനത്തെ ശ്ലാഘിച്ച് സംസാരിക്കുകയുണ്ടായി. ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ മദർ ജനറലായ റവ. ഫിലോമിന ഈ പുസ്തകത്തിലെ ബൈബിൾ വാക്യങ്ങളും അതിൽ ഉരുത്തിരിയുന്ന യേശുവിന്റെ വ്യക്തിത്വവും മണിക്കൂറോളം ധ്യാനിക്കാൻ വകനൽകുന്നുവെന്ന് പറയുകയുണ്ടായി. മദർ സൾഗാ ഇത്രമാത്രം വലിയ ഒരു വ്യക്തിത്വത്തിന്റെ ഉടമയാ യിരുന്നുവെന്ന് പലരും മനസ്സിലാക്കിയത് മദറിന്റെ കൃതികൾ വെളിച്ചം കണ്ടപ്പോഴാണ്. ശ്ഹീമോ നമസ്ക്കാരത്തിലെ ഓരോ വരി യിലുമുള്ള ബൈബിൾ സന്ദർഭങ്ങൾ തന്റെ തപസ്യയിലൂടെ കണ്ടെ ത്തിയ "പുണ്യചരിതയായ ഈ സന്ന്യാസിനി" ബഥനിയുടെ അമൂല്യപ്രതിഭയായിരുന്നു. "മദർ സൾഗായെപ്പോലെ ഇത്രയും ഉദാത്തമായ ദാർശനിക പ്രതിഭയുള്ള ഒരാളിനെ പിന്നെ ഇന്നുവരെ ബഥനി സന്ന്യാസിനി സമൂഹത്തിൽ കണ്ടിട്ടില്ലല്ലോ" എന്ന നിരൂ പകന്റെ പരാമർശനത്തിൽ അല്പമെങ്കിലും സത്യമില്ലേയെന്ന് ഞാന റിയാതെ ചിന്തിച്ചുപോകുന്നു.

ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനപരമായ സത്യ ങ്ങൾ വിശകലനം ചെയ്തശേഷം ഗ്രന്ഥകർത്രി മാമോദീസ എന്ന കൂദാശയിലെ ആശയങ്ങൾ വിശകലനം ചെയ്യുന്നു. മാമോദീസാ സ്വീകരിച്ച് യേശുവിന്റെ ശിഷ്യനായിത്തീർന്ന വ്യക്തിക്ക് വിശ്വാസ പ്രമാണത്തിന്റെ കാതലായ സത്യങ്ങൾ അറിയേണ്ടതുണ്ട്. ഈ വിശ കലനത്തിനിടയിൽ "വിശുദ്ധത്രീത്വം", "മനുഷ്യാവതാരം", "നിത്യരക്ഷ", "ദൈവത്തിന്റെ പൂർണ്ണതകൾ", എന്നീ സങ്കീർണ്ണങ്ങളായ സംജ്ഞകളും ലളിതമായി അവതരിപ്പിക്കാൻ മദർ സൾഗാ ശ്രമിക്കുന്നു. വിശ്വാസ പ്രമാണത്തിലെ "താൻ പാതാളത്തിലേക്ക് ഇറങ്ങിച്ചെന്നു" എന്ന

www.malankaralibrary.com


ആശയം മദർ ആഴത്തിലും ഹൃദ്യമായ ഭാഷയിലും വിശദീകരിക്കുന്നത് അനുവാചകന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നു. പാതാളമെന്ന് മലയാളത്തിൽ വിശേഷിപ്പിക്കുന്ന പദം ഗഹന്നാ (Gehenna), ഷയോൾ (Sheol) എന്നീ വിശുദ്ധ ഗ്രന്ഥത്തിലെ പദങ്ങൾ ഉപയോഗിച്ചുകൊണ്ടും വിശുദ്ധ പൗലോസ് എബ്രായക്കാർക്ക് എഴുതിയ ലേഖനവും (11:39), വിശുദ്ധ പത്രോസിന്റെ ലേഖനവും (2 പത്രോ.3:18) ഉദ്ധരിച്ചുകൊണ്ടും വിശദീകരിക്കുന്നത് ശ്രദ്ധേയമാണ്. "തന്റെ ദൈവത്വത്തോടെ യോജിച്ചിരുന്ന ആത്മാവ് മരിച്ചവരുടെ ആത്മാക്കളെ സന്ദർശിച്ചു. നല്ലവരായി മരിച്ചവരുടെ ആത്മാക്കൾ കർത്താവു ചെന്നു വിടുവിക്കുന്നതിനായി പാതാളത്തിൽ കാത്തിരുന്നു."

1990-ൽ മദർ സൾഗായുടെ ഡയറിക്കുറിപ്പുകളും ലേഖനങ്ങളും സമാഹരിച്ച് "പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ" എന്ന പേരിൽ പ്രസിദ്ധികരിച്ച ഗ്രന്ഥത്തിനും, 1993-ൽ പ്രസിദ്ധികരിച്ച 'ബൈബിളിലെ യേശു' എന്ന ഗ്രന്ഥത്തിനും എനിക്കു ലഭിച്ച പ്രോത്സാഹനവും ഉത്തേജനവുമാണ് ഈ ഗ്രന്ഥത്തിന്റെ പുനർ പ്രസിദ്ധീകരണത്തിന് എന്നെ പ്രേരിപ്പിച്ചത്. "പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ" എന്ന ഗ്രന്ഥം 1990 മാർച്ച് മാസം 30-ാം തീയതി മലങ്കര മേജർ സെമിനാരിയിൽ വച്ച് പ്രകാശനം ചെയ്യപ്പെടുകയുണ്ടായി. തിരുവനന്തപുരം അതിരൂപതയുടെ മേലദ്ധ്യക്ഷൻ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ഒരു കോപ്പി കേരളാ യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലറായിരുന്ന സാമുവൽ മത്തായിക്ക് നൽകികൊണ്ട് പ്രകാശനകർമ്മം നടത്തുകയുണ്ടായി. ആ മീറ്റിംഗിൽ പ്രൊഫസർ കെ. എം. തരകൻ "സുറിയാനി ക്രിസ്ത്യാനികളുടെ സംസ്കാരവും പൈതൃകവും" എന്ന വിഷയത്തെ പുരസ്ക്കരിച്ച് മദർ സൾഗാ മെമ്മോറിയൽ ലക്ചർ നടത്തുകയുണ്ടായി. തന്റെ സഹധർമ്മിണിയെ സ്വാധീനിച്ച വ്യക്തിയാണ് മദർ സൾഗാ എന്നു പറഞ്ഞുകൊണ്ടായിരുന്നു അദ്ദേഹം പ്രസംഗം ആരംഭിച്ചത്. ആ പ്രസംഗങ്ങളിൽ തെളിഞ്ഞുകണ്ട ഒരു ആവശ്യം മദറിന്റെ എല്ലാ കൃതികളും പ്രസിദ്ധികരിക്കണം എന്നായിരുന്നു. മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ പ്രസംഗത്തിലും അദ്ദേഹം എഴുതി പ്രസിദ്ധികരണത്തിനായി നൽകിയ ആശംസയിലും "മദറിന്റെ എഴുത്തുകളും പ്രസിദ്ധീകരണങ്ങളും ഭദ്രമായി സൂക്ഷിക്കുന്നതിൽ ആരും വലിയ ശ്രദ്ധ കാണി"ക്കാതിരുന്നത് "നിർഭാഗ്യമായി"പ്പോയി എന്നു

www.malankaralibrary.com


പറയുകയുണ്ടായി. ഈ ആശയത്തെ ശക്തമായ ഭാഷയിൽ പിൻതാങ്ങുകയുമാണ് മലങ്കര മേജർ സെമിനാരിയുടെ റെക്ടറായിരുന്ന ഫാ. എബ്രഹാം കാക്കനാട് ചെയ്തതും. മദറിന്റെ കൃതികൾ "കാൽപ്പെട്ടിക്കുള്ളിൽ" മാത്രം ഒതുക്കിനിർത്താതെ പ്രസിദ്ധികരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം പറഞ്ഞപ്പോൾ തടിച്ചുകൂടിയിരുന്ന സദസ്സ് ഹർഷാരവത്തോടുകൂടി അതിനെ സ്വാഗതം ചെയ്തു. ചികിത്സാസമ്പ്രദായത്തെപ്പറ്റിയും പാചകത്തെപ്പറ്റിയും മദർ സൾഗാ പുസ്തകം എഴുതി സൂക്ഷിച്ചിരിക്കുന്നുവെന്ന് അറിയുമ്പോൾ മദറിന്റെ ചിന്താ ചക്രവാളം എത്രമാത്രം വികസ്വരമായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നു.

'ബൈബിളിലെ യേശു" എന്ന കൃതി 1993 ഏപ്രിൽ 12-ാം തിയതി തിങ്കളാഴ്ച ഉച്ച കഴിഞ്ഞ് 3.30-ന് പ്രകാശനം ചെയ്തു. ചങ്ങനാശ്ശേരി ആർച്ചു ബിഷപ്പ് ജോസഫ് മാർ പൗവ്വത്തിൽ തിരുമേനി ബഥനി സന്ന്യാസിനി സഭയുടെ ജനറലായ റവ. മദർ ഫിലോമിനായ്ക്ക് ഒരു കോപ്പി നൽകിക്കൊണ്ട് പ്രകാശനകർമ്മം നിർവ്വഹിച്ചു. അന്നേദിവസം "മാർത്തോമ്മ ക്രിസ്ത്യാനികളുടെ ആരാധനാ പൈതൃകം സീറോമലബാർ സഭയുടെ വീക്ഷണത്തിൽ" എന്ന വിഷയത്തെ ആസ്പദമാക്കി ജോസഫ് മാർ പൗവ്വത്തിൽ തിരുമേനിയും, "മാർത്തോമ്മ ക്രിസ്ത്യാനികളുടെ ആരാധനാ പൈതൃകം മലങ്കരസഭയുടെ വീക്ഷണത്തിൽ" എന്ന വിഷയത്തെ പുരസ്ക്കരിച്ച് റവ. ഡോ. ഗീവർഗ്ഗീസ് പണിക്കരും, മദർ സൾഗാ മെമ്മോറിയൽ ലക്ച്ചേഴ്സ് നടത്തുകയുണ്ടായി. പണിക്കരച്ചന്റെ പ്രസംഗത്തിൽ "ബൈബിളിലെ യേശു" എന്ന ഗ്രന്ഥം സൺഡേസ്കൂൾ കുട്ടികൾക്ക് പാഠപുസ്തകമായി നൽകാൻ അത്യുത്തമമായ ഒരു കൃതിയാണെന്ന് വിശേഷിപ്പിച്ചത് ഈ അവസരത്തിൽ ഞാൻ ഓർക്കുകയാണ്. വെറും 28-ാമത്തെ വയസ്സിലാണ് മദർ സൾഗാ ഇപ്രകാരമൊരു ഗ്രന്ഥം രചിച്ചതെന്ന് അറിഞ്ഞതിൽ അത്ഭുതപ്പെടുന്നുവെന്ന് പറഞ്ഞുകൊണ്ടാണ് അദ്ദേഹം തന്റെ പ്രസംഗം തുടർന്നത്. "മദറിന്റെ 28-ാമത്ത വയസ്സിലാണ് ഈ ഗ്രന്ഥം പ്രസിദ്ധികരിച്ചിരിക്കുന്നത് എന്ന കാര്യം അനുവാചകന്റെ ചിന്താമണ്ഡലത്തിന്റെ ചക്രവാളത്തെ വികസ്വരമാക്കുന്നു. പുനരൈക്യപ്പെടുന്നതിനു മുൻപുതന്നെ മാർ ഈവാനിയോസ് തിരുമേനി സ്ഥാപിച്ച ബഥനി സന്ന്യാസിനി സമൂഹത്തിലെ ഒരംഗമായിത്തീർന്ന ഗ്രന്ഥകർത്രി ക്രിസ്തുവിനെ അനുകരിക്കുന്ന

www.malankaralibrary.com

വരുടെ ഒരു സന്ന്യാസിനി സമൂഹത്തിന്റെ പേര് അർത്ഥമാകും വിധത്തിൽ മദർ ക്രിസ്തുവിനെപ്പറ്റി പഠിക്കാനും ക്രിസ്തുവിന്റെ രക്ഷാത്മകമായ ജീവിതത്തെപ്പറ്റി ധ്യാനിക്കാനും തുടങ്ങിയെന്നതിന്റെ ലക്ഷണമാണ് വിശിഷ്ടമെന്ന് വ്യവഹരിക്കേണ്ട ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം" (ഐക്യദീപം). ബൈബിളിലെ യേശു എന്ന ഗ്രന്ഥം ഏറ്റുവാങ്ങിയ മദർ ഫിലോമിനാ മദർ സൾഗായുടെ ആത്മീയ ദർശനത്തെപ്പറ്റി സവിസ്തരം പ്രതിപാദിക്കുകയുണ്ടായി. മദർ സൾഗായുടെ ഈ ഗ്രന്ഥം ഏറ്റുവാങ്ങാനുള്ള മഹാഭാഗ്യം എനിക്കുണ്ടായി എന്നു പറഞ്ഞുകൊണ്ടാണ് റവ. ഫിലോമിനാ തന്റെ പ്രസംഗം ആരംഭിച്ചത്.

"സഭോപദേശം" കുട്ടികൾക്കും അദ്ധ്യാപകർക്കും ഒരു പോലെ പ്രയോജനപ്രദമായ ഒരു ഗ്രന്ഥമാണ്. കാരിച്ചാലെ പരേതനായ പി. റ്റി. ഗീവർഗ്ഗീസ് പണിക്കരച്ചൻ തന്റെ ഒരു കുറിപ്പിൽ ഈ ഗ്രന്ഥം "മതസംഗതി" എന്ന പുസ്തകത്തിന്റെ വ്യാഖ്യാനമാണെന്ന് എഴുതിയിരിക്കുന്നു. ബഹുമാനപ്പെട്ട പണിക്കരച്ചന്റെ പുസ്തകശേഖരത്തിൽ നിന്നാണ് ഈ ഗ്രന്ഥത്തിന്റെ ഒരു കോപ്പി ഞാൻ കണ്ടെത്തിയത്. ചരിത്രത്തിൽ നിന്നും പാടേമറഞ്ഞു പോകാമായിരുന്ന മദറിന്റെ ഈ ഗ്രന്ഥങ്ങളൊക്കെയും പുനർപ്രസിദ്ധികരിക്കുന്നത് മദർ സൾഗായോട് പുലർത്താവുന്ന ഏറ്റം വലിയ നീതിയാണ്. "പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ" എന്ന കൃതിയ്ക്ക് ബഥനി സന്ന്യാസിനി സമൂഹത്തിന്റെ പ്രൊവിഷ്യൽ (തിരുവനന്തപുരം) പ്രസിദ്ധീകരണത്തിനായി നൽകിയ ആശംസയിൽ പറയുന്നതുപോലെ, ഇതുമൂലം "മദറിന്റെ ഓർമ്മ നിലനിർത്തുക മാത്രമല്ല ബഥനി സന്ന്യാസിനി സമൂഹത്തിനും മലങ്കരസഭയ്ക്കും ഒരു വലിയ സേവനം നൽകുക കൂടിയാണ് ചെയ്യുന്നത്." ബഥനിയുടെ ആരംഭ കാല പ്രവർത്തനശൈലി എന്തായിരുന്നുവെന്ന് ഭാവിചരിത്രകാരന്മാർക്ക് പഠിക്കുവാൻ ആ കാലഘട്ടത്തിലുണ്ടായ ഗ്രന്ഥങ്ങൾ എത്രയോ അമൂല്യമാണ്. ചരിത്രമില്ലാത്ത ഒരു സമൂഹം സമയത്തിൽ പരിത്രാണന വിധേയമല്ലെന്നുള്ള റ്റി. എസ്. ഏലിയട്ടിന്റെ സങ്കല്പം ഇവിടെ പ്രസക്തമാണ്. ഈ ഗ്രന്ഥത്തിന് പുനർ പ്രസിദ്ധികരണത്തിലൂടെ ബഥനിയുടെയും മലങ്കരസഭയുടെയും ആദ്യകാലചരിത്രം പുനരാവിഷ്കരിക്കുകയാണ്. ഒരു ജീവിതകാലഘട്ടം മുഴുവൻ മലങ്കരസഭയെപ്പറ്റിയും ബഥനിയെപ്പറ്റിയും ലേഖനങ്ങളും പുസ്തകങ്ങളും

www.malankaralibrary.com


രചിച്ച മദർ സൾഗായോട് നീതിപുലർത്തേണ്ടത് പ്രകൃതിയുടെ നിയമമാണ്. അത് പ്രാവർത്തികമാക്കുന്നതിന് ഏറ്റം വലിയ ഉപാധി മദറിന്റെ കൈയെഴുത്തു പ്രതികൾ അന്യാധീനമാക്കാതെ പ്രസി ദ്ധികരിക്കുക എന്നുള്ളതാണ്. അപ്രകാരമുള്ള പ്രവർത്തനത്തിന് ആരു മുൻകൈയെടുത്താലും നീതിയിലധിഷ്ഠിതമായ ഒരു പ്രവർത്തനമായിരിക്കും അത്. ചരിത്രത്തോടും സ്വന്തസമൂഹ ത്തോടും ഒരു വ്യക്തിക്കു കാട്ടാവുന്ന ഏറ്റം വലിയ പ്രതിബദ്ധത യായിരിക്കും അത്. ക്രിസ്തീയ വിശ്വാസത്തെപ്പറ്റിയുള്ള ഉൾക്കാഴ്ച നൽകുന്ന മദറിന്റെ കൃതികൾ മലങ്കരസഭയ്ക്ക് ഒരു മുതൽകൂട്ടാ ണെന്നുള്ള കാര്യത്തിൽ രണ്ടുപക്ഷമില്ല. വേദശാസ്ത്രം ശരിക്കും പഠിച്ചും യേശുവിന്റെ ജീവിതരഹസ്യങ്ങൾ ധ്യാനിച്ചും സ്വായത്ത മാക്കിയ അറിവ് ലളിതമായ ഭാഷയിൽ അവതരിപ്പിക്കുകയാണ് മദർ സൾഗാ തന്റെ കൃതികളിലുടനീളം. മദറിന്റെ നേട്ടങ്ങളിൽ "ഏറ്റവും ശ്രദ്ധേയമായവ മദറിന്റെ സഭാശാസ്ത്ര ദർശനമായിരുന്നു" എന്ന് സിറിൽ മാർ ബസേലിയോസ് തിരുമേനി എഴുതിയത് തികച്ചും അന്വർത്ഥമാണ്. "ആവിലായിലെ ത്രേസ്യാ പുണ്യവതി, സിയന്നാ യിലെ കത്രീനാ പുണ്യവതി എന്നിവരെപ്പോലെ മല്പാൻ സ്ഥാന ത്തിന് എന്തുകൊണ്ടും അർഹയാണ് പുണ്യചരിതയായ ഈ സന്ന്യാസിനി" (ഐക്യദീപം).

എന്തിനുവേണ്ടി ഈ കൃതികൾ പ്രസിദ്ധികരിക്കുന്നു? ഈ ചോദ്യം ഞാൻ എന്നോടുതന്നെ പലപ്പോഴും ചോദിക്കാറുണ്ട്. തെയ്യാർദ് ഷർദേൻ (Teilhard de Chardin) ഈശോസഭയിലെ ഒരു സന്ന്യാസി ആയിരുന്നു. അദ്ദേഹത്തിന്റെ കൃതികൾ ഒന്നുംതന്നെ തന്റെ ജീവിത കാലഘട്ടത്തിൽ വെളിച്ചം കണ്ടിരുന്നില്ല. ഷർദേന്റെ വിശ്വവിഖ്യാ തമായ 'le phenomene humain' എന്ന കൃതിയും മറ്റു പലഗ്രന്ഥങ്ങ ളുടെ കൈയെഴുത്തു പ്രതികളും പ്രസിദ്ധികരിച്ചത് തന്റെ സുഹൃ ത്തുക്കളായിരുന്നു. 1951-ൽ ന്യൂയോർക്കിൽ താമസമാക്കിയ ഷർദേന്റെ വെന്നർഗ്രൻ ഫൗണ്ടേഷ (Wenner Gren Foundation) നിലെ സുഹൃ ത്തുക്കളും പ്രസിദ്ധ ശാസ്ത്രജ്ഞനായ ജൂലിയൻ ഹക്സിലി (Julian Huxley)യും കൂടിയാണ് അദ്ദേഹത്തിന്റെ പുസ്തകങ്ങൾ പ്രസിദ്ധി കരിക്കാൻ മുൻകൈ എടുത്തത്. താൻ മരിക്കുന്നതിനുമുമ്പ് തന്റെ കൃതികളിൽ പലതും ഷർദേൻ സുഹൃത്തുക്കളെ ഏൽപ്പിച്ചത് മഹാ ഭാഗ്യമായി. എന്നാൽ മരിക്കുന്നതിനുമുമ്പ് തന്റെ മുറിയിൽ ആയി

www.malankaralibrary.com

പ്പോയ കൈയെഴുത്തു പ്രതികൾ ഇന്നും വെളിച്ചം കാണാതെ കിടക്കുന്നു. വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളെപ്പോലും സ്വാധീനിച്ച ഷർദേന്റെ ആശയങ്ങൾ ജനസമൂഹത്തിന് ലഭിച്ചത് സഹൃദയരായ തന്റെ സുഹൃത്തുക്കളുടെ പരിശ്രമത്തിലൂടെയായിരുന്നു. ജൂലിയൻ ഹക്സിലിയും കൂട്ടരും എന്തിന് ഷർദേന്റെ ഗ്രന്ഥങ്ങൾ പ്രസിദ്ധികരിച്ചു?

19-ാം നൂറ്റാണ്ടിലെ വിശ്വവിഖ്യാതനായ ജറാൾഡ് മാൻലി ഹോപ്ക്കിൻസി (Gerard Manley Hopkins) ന്റെ കവിതകൾ വെളിച്ചം കണ്ടതും അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ വഴിയായിരുന്നു. ഈശോസഭ പ്രസിദ്ധികരിക്കാതെ മാറ്റി വച്ചിരുന്ന ഹോപ്ക്കിൻസിന്റെ കൃതികൾ റോബർട്ട് ബ്രിഡ്ജസ് (Robert Bridges) ആണ് പ്രസിദ്ധികരിക്കാൻ മുൻകൈയെടുത്തത്. റോബർട്ട് ബ്രിഡ്ജസ് എന്തിന് ഹോപ്ക്കിൻസിന്റെ കവിതകൾ പ്രസിദ്ധീകരിച്ചു? ഇൻഡ്യൻ ശാസ്ത്രജ്ഞനായ രാമാനുജ (Ramanujan) ന്റെ ഗണിത വിജ്ഞാനം ലോകത്തിന് ലഭ്യമായത് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ ജി. എച്ച്. ഹാർഡി (G. H. Hardy) എന്ന പ്രൊഫസറുടെ ശ്രമം കൊണ്ടാണ്. ഇന്ത്യയിലെ ഒരു പോർട്ടിൽ ക്ലാർക്കായി ജോലിചെയ്തിരുന്ന രാമാനുജൻ എന്ന യുവാവിന് ലോകപ്രസിദ്ധി നേടിക്കൊടുത്തത് രാമാനുജന്റെ തിയറി ഓഫ് നമ്പേഴ്സ് ഹാർഡി പ്രസിദ്ധീകരിച്ചതോടുകൂടിയാണ്. എന്തിന് ഹാർഡി രാമാനുജന്റെ കൃതികൾ പ്രസിദ്ധീകരിച്ചു? ഈ ചോദ്യം വീണ്ടും വീണ്ടും ചോദിക്കുവാൻ സാധിക്കും. കാരണം ഉദാത്തമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന മറ്റുള്ളവരുടെ കൃതികൾ പ്രസിദ്ധീകരിക്കാനായി ത്യാഗോജ്ജ്വലമായ സേവനം ചെയ്ത ധാരാളം വ്യക്തികളെ ചരിത്രത്തിൽ കാണുവാൻ കഴിയും. ഇവർക്കാർക്കും ആരുടെയും അംഗീകാരമോ അനുവാദമോ ആവശ്യമായിരുന്നില്ല. ഗ്രന്ഥകർത്താവിനോടുള്ള പ്രതിബദ്ധതയും അവരുടെ ആശയങ്ങളോടുള്ള ആദരവുമായിരുന്നു അവരെ നയിച്ചത്. ഇപ്രകാരമുള്ള ഒരു ജീവിത വീക്ഷണത്തിന്റെ ഭാഗമായി ഈ ഗ്രന്ഥവും ഞാൻ പൊതുജന സമക്ഷം സമർപ്പിക്കുന്നു.

(മദർ സൾഗാ രചിച്ചതും ഡോ. ആന്നിയിൽ തരകൻ എഡിറ്റ് ചെയ്തതുമായ "സഭോപദേശം" എന്ന ഗ്രന്ഥത്തിന് ഡോ. തരകൻ എഴുതിയ ആമുഖം).

www.malankaralibrary.com

# 59

# അനന്തതയിൽ നിന്നും ഒഴുകി വരുന്ന ഒരു ഓടക്കുഴൽനാദം പോലെ മദറിന്റെ ഓർമ്മകൾ എന്റെ മനസ്സിൽ അനുരണനം ചെയ്യുന്നു

ഡോ. ആന്നിയിൽ തരകൻ

പല കാലഘട്ടങ്ങളിലായി മദർ സൾഗാ എഴുതി സൂക്ഷിച്ചിരുന്ന ലേഖനങ്ങളിൽ നിന്നും ചരിത്രക്കുറിപ്പിൽ നിന്നും തിരഞ്ഞെടുത്ത് സമാഹരിച്ചതാണ് 'പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ' എന്ന ഗ്രന്ഥം. ഇപ്രകാരമുള്ള ഒരു പ്രസിദ്ധീകരണത്തിന് ചരിത്രപരമായി വലിയ സ്ഥാനമുണ്ടെന്ന് കരുതിയാണ് ഈ ഉദ്യമത്തിന് ഇറങ്ങിത്തിരിച്ചത്. ഏത് പ്രസ്ഥാനത്തിന്റെയും തെളിവും സാധുതയും സമകാലിക പ്രസിദ്ധീകരണങ്ങളെ ആസ്പദമാക്കിയാണ് നിലകൊള്ളുന്നത്. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ സംഭവങ്ങളിൽ ഒന്നായ പുനരൈക്യ പ്രസ്ഥാനം പുതിയ തലമുറക്ക് ശാസ്ത്രീയമായി പഠനവിഷയമാക്കണമെങ്കിൽ ആ സംഭവം നടന്ന കാലത്ത് തന്നെ എഴുതപ്പെട്ട കൃതികൾ ഉണ്ടായിരിക്കണം. അങ്ങനെയുള്ള ഗ്രന്ഥങ്ങൾ പുനരൈക്യവുമായി അഭേദ്യമായ ബന്ധമുള്ള വ്യക്തി കളിൽ നിന്നുണ്ടാകുമ്പോൾ അത് കൂടുതൽ വസ്തു നിഷ്ഠവും ശാസ്ത്രീയവുമായിരിക്കും.

ബൈബിൾ ആദ്യസഭയിൽ ജീവിച്ചിരുന്ന ജനസമൂഹത്തിന്റെ പൊതു അനുഭവത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. ആ

www.malankaralibrary.com


സമൂഹത്തിന്റെ അനുഭവസമുച്ചയം വേദപുസ്തകത്തിന്റെയും പാരമ്പര്യത്തിന്റെയും ആധാരമായി മാറി. ക്രിസ്തുവിന്റെ ജീവിതം അനുഭവിച്ചറിഞ്ഞ ആദ്യ സഭാംഗങ്ങളുടെ, സഞ്ചിതാത്മാവബോധ ത്തിന് ചരിത്രപഠനത്തിൽ വലിയ സ്ഥാനമുള്ളതാണ്. ഭാവിയിൽ മലങ്കര സഭയുടെ ആദ്യഘട്ടത്തെപ്പറ്റി ശാസ്ത്രീയമായി പഠിക്കുവാൻ ശ്രമിക്കുന്ന ചരിത്ര വിദ്യാർത്ഥികൾക്ക് ബഥനിയെപ്പറ്റിയും പുന രൈക്യത്തെപ്പറ്റിയും മദർ സൾഗാ കൈമാറുന്ന അനുഭവം അമൂല്യ മായിരിക്കും എന്നു വിവക്ഷ. കാരണം മൂർത്തരൂപം നല്കുന്ന ആശയങ്ങൾ മലങ്കര കത്തോലിക്കാ സഭയുടെ ആദ്യഘട്ടത്തിലെ വിശ്വാസികളുടെ സമഗ്രാനുഭവമാണ്. ഒരർത്ഥത്തിൽ ഈ അനുഭവങ്ങൾ എല്ലാം മലങ്കര സഭയുടെ ആത്മാവിന്റെ ആവിഷ്കരണമായി മാറുന്നു.

പുനരൈക്യ പ്രസ്ഥാനം പല വർഷങ്ങളായി നടന്ന ആത്മീയ നവോത്ഥാന യത്നങ്ങളുടെ ആകെ തുകയായിരുന്നു. നിരന്തരം അന്തഃഛിദ്രങ്ങളിൽ മുഴുകിയിരുന്ന തന്റെ സമുദായത്തെ ഉദ്ധരിക്കാൻ ആത്മീയമായ ഒരു നവീകരണത്തിന് മാത്രമേ കഴിയുകയുള്ളൂ എന്നു മനസ്സിലാക്കിയ മാർ ഈവാനിയോസ് തിരുമേനി കേരളത്തിലെ സമുന്നത കുടുംബങ്ങളിൽ നിന്നും യുവതികളെ തിരഞ്ഞെടുത്ത് ഒരു നവീകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. മലങ്കര സഭയ്ക്ക് ഉണർവ്വും, ഉന്മേഷവും നല്കി. പില്ക്കാലത്ത് സഭൈക്യത്തിന് അത് വഴിതെളിച്ചു. ഈ വലിയ പ്രസ്ഥാനത്തിന്റെ ഭാഗമായി വളർന്നുവന്ന മദർ സൾഗായുടെ അനുഭവങ്ങൾ ചരിത്ര വിദ്യാർത്ഥികൾക്ക് അതുല്യമായ വസ്തുതകളായിരിക്കുമെന്നതിൽ രണ്ടു പക്ഷമില്ല.

പണ്ടു നടന്ന കാര്യങ്ങൾ ഇന്നിന്റെ മനസ്സിൽ നിന്നും മറഞ്ഞു പോകുമ്പോൾ കലാസൃഷ്ടിയ്ക്കു മാത്രമേ അതിന്റെ സൗന്ദര്യം പുനരാവിഷ്കരിക്കാൻ സാധിക്കുകയുള്ളൂ. മദർ സൾഗായുടെ സ്വന്തം അനുഭവത്തിൽ നിന്നുള്ള ചിത്രീകരണം മാർ ഇവാനി യോസ് തിരുമേനിയെപ്പറ്റിയും മലങ്കര കത്തോലിക്കാ സഭയെ പ്പറ്റിയും ഇതുവരെ വെളിച്ചം കാണാത്ത പല വസ്തുതകളും മദർ അനാവരണം ചെയ്യുന്നുണ്ട്. ആ കാരണത്താൽ തന്നെ മലങ്കര സഭയെ പ്പറ്റിയുള്ള വേറൊരു ഗ്രന്ഥമായി മാത്രം ഈ കൃതിയെ കണക്കാ ക്കുവാൻ പറ്റുകയില്ല എന്ന് വ്യക്തമാണല്ലൊ.

എല്ലാ വ്യക്തികൾക്കും അനുഭവങ്ങളുണ്ട്. അനുഭവങ്ങൾ ബുദ്ധിയും ഇച്ഛാശക്തിയും ഉള്ള മനുഷ്യന്റെ പ്രത്യേകതയാണ്. അനുഭവത്തെ നിർവചിക്കുന്നതുപോലും ചിന്തയുടെയും വികാര ത്തിന്റെയും ഒരു ഇഴുകിച്ചേരലായിട്ടാണ്. എന്നാൽ പലരിലും ഉള്ള അനുഭവങ്ങൾ അവരെപ്പോലും സ്വാധീനിക്കാതെ കടന്നു പോവുക

www.malankaralibrary.com



യാണ് പതിവ്. മദർ സൾഗാ ഇപ്രകാരമുള്ളവർക്ക് ഒരപവാദമായിരുന്നു. ആദ്യകാലാനുഭവങ്ങൾ മദറിനെ നിരന്തരം സ്വാധീനിച്ചിരുന്നു എന്നു മാത്രമല്ല ജീവിത പാതയിൽ നിത്യം പ്രകാശിക്കുന്ന വെളിച്ചമായി മാറുകയും ചെയ്തു. ഇതിനെല്ലാം ഉപരിയായി ഈ അനുഭവങ്ങൾക്ക് രചനയുടെ സങ്കേതങ്ങളിലൂടെ രൂപം നല്കുവാനും അവർക്ക് കഴിഞ്ഞു. ഇവിടെയാണ് മദർ സൾഗായുടെ പ്രത്യേകത ദൃശ്യമാകുന്നത്. മലങ്കര സഭയുടെ ആദ്യകാലാനുഭവം സ്വാംശീകരിക്കുകയും പിൻതലമുറയ്ക്കായി ആവിഷ്ക്കരിക്കുകയും ചെയ്തുകൊണ്ട് അതിനെ ഒരു ഇതിഹാസമാക്കി മാറ്റുന്നു. ഇപ്രകാരമുള്ള ഇതിഹാസങ്ങൾ അഥവാ മിത്തുകൾ എല്ലാ ജനസമൂഹത്തിനുമുണ്ട്. ഇതിഹാസമില്ലാത്ത സമൂഹം ചരിത്രമില്ലാത്ത ഒറ്റപ്പെട്ട വ്യക്തികളുടെ കൂട്ടമായി തരംതാഴ്ത്തപ്പെടുന്നു. ചരിത്രമില്ലാത്തവർ പരിത്രാണന വിധേയമല്ലെന്നുള്ള സങ്കല്പം (റ്റി.എസ്സ്. എലിയട്ട്) ആർക്കും നിഷേധിക്കാൻ പറ്റുകയില്ല. ബഥനിയ്ക്കും പുനരൈക്യത്തിനും അതിന്റേതായ ഒരു ചരിത്രം മദർ സൾഗാ സൃഷ്ടിച്ചുകൊണ്ട് അവയുടെയെല്ലാം ശ്രേഷ്ഠതയും മഹത്വവും വെളിപ്പെടുത്തുകയാണ്.

പ്രപഞ്ചത്തിലെ എല്ലാ സംഗതികളും മനുഷ്യൻ അത്യന്തികമായി ആവിഷ്കരിക്കുന്നത് വ്യക്തിഗതമായിട്ടാണ്. ഭൗതിക വസ്തുക്കളെയും സംഭവങ്ങളെയും വ്യക്തികളായി സങ്കല്പിച്ചുകൊണ്ട് മനുഷ്യ ജീവിതവുമായി ബന്ധപ്പെടുത്തി ആവിഷ്കരിക്കാൻ ശ്രമിക്കുന്നു. അതുകൊണ്ടാണ് എല്ലാ സംസ്കാരങ്ങളിലും മനുഷ്യൻ പ്രപഞ്ച ശക്തികളെ ആദർശങ്ങളുടെ പ്രതീകങ്ങളായി, മനുഷ്യത്വം ആരോപിക്കപ്പെട്ട ദേവൻമാരും ദേവികളുമായി, ചിത്രീകരിക്കുന്നത്. ഭാരത സംസ്കാരത്തിൽ സൂര്യനും, ചന്ദ്രനും, അഗ്നിയും, കടലും, കാറ്റും എല്ലാം തന്നെ വ്യക്തിത്വമുള്ള ശക്തികളായി ചിത്രീകരിക്കപ്പെടുന്നത് ഇതുകൊണ്ടാണ്.

മദർ സൾഗായുടെ കുറിപ്പുകളിൽ പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യകാലഘട്ടത്തിൽ നടന്ന എല്ലാ സംഭവങ്ങളും അക്കാലഘട്ടത്തിൽ ജീവിച്ചിരുന്ന ആളുകളുടെ ജീവിതത്തിന്റെ ആവിഷ്കരണമായി മാറുന്നു. ബഥനിയും പുനരൈക്യവും ഒരു പ്രസ്ഥാനമല്ല, പിന്നയോ അതിനുവേണ്ടി ജീവിതമർപ്പിച്ച മഹത് വ്യക്തികളുടെ ജീവിതം തന്നെയാണ്. മാർ ഈവാനിയോസ് തിരുമേനിയുടെ വ്യക്തിത്വവും അദ്ദേഹത്തെ പിൻതുടർന്ന സന്ന്യാസിനീ സന്ന്യാസികളുടെ ജീവിതവും ബഥനി തന്നെയായി മാറുന്നു. മദർ സൾഗായുടെ വീക്ഷണത്തിൽ, ബഥനി ആ സമൂഹത്തിന്റെ പൊതുജീവിതശൈലിയുടെ പ്രതിബിംബമായി മാറുന്നതായിക്കാണാം. ബഥനി

www.malankaralibrary.com



എന്ന സംജ്ഞ തന്നെ മലങ്കര സഭയുടെ ആദ്ധ്യാത്മികതയുടെയും സംസ്കാരത്തിന്റെയും അടയാളമായി മാറുകയും ചെയ്യുന്നു. മദർ സൾഗായുടെ ഇപ്രകാരമുള്ള ബഥനി വീക്ഷണം ബഥനിയെ ഉന്നതമായ നിലയിലേക്ക് ഉയർത്തുകയാണ്. മദറിന്റെ ചിന്തയിൽ ബഥനി സന്ന്യാസിനീ സന്ന്യാസികളുടെ കൂട്ടം മാത്രമല്ല, പ്രത്യുത നൂറ്റാണ്ടുകളിലൂടെ വളർന്നുവന്ന മലങ്കരയുടെ ആദ്ധ്യാത്മികവും സംസ്കാരികവുമായ യഥാർത്ഥ്യത്തിന്റെ പ്രതിബിംബമത്രെ.

കാലാകാലങ്ങളിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ജീവിത ശൈലിയിലൂടെ വളർന്നുവന്ന ഒരാദ്ധ്യാത്മികത മലങ്കര സഭയുടെ പ്രത്യേകതയാണ്. ഏഴു യാമങ്ങളിൽ പ്രാർത്ഥിക്കുകയും നോമ്പ് നോക്കുകയും ചെയ്ത മലങ്കരയിലെ കുടുംബങ്ങൾ, സന്ന്യാസാ ശ്രമങ്ങളെപ്പോലെ പരിശുദ്ധമായിരുന്നു. അന്തഃഛിദ്രങ്ങളും കക്ഷി വഴക്കുകളും ഈ ചൈതന്യത്തെ ഗ്രസിച്ചിരുന്ന ഒരു കാലഘട്ട ത്തിൽ മലങ്കര സഭയുടെ ആദ്ധ്യാത്മികമായ തളർച്ചയെപ്പറ്റി മനം നൊന്ത മാർ ഈവാനിയോസ് തിരുമേനി ഒരു നവോത്ഥാനത്തിന് നാന്ദികുറിച്ചു. അദ്ദേഹം ഒരു വൈദികനായിരുന്നപ്പോൾത്തന്നെ ഇതിനുവേണ്ടി പ്രവർത്തിച്ചുവെന്ന് 'കറ്റാനത്തെ പുനരൈക്യ ശൃംഖല' എന്ന ലേഖനത്തിൽ മദർ സൾഗാ സമർത്ഥിക്കുന്നു. കുണ്ടറ മെത്രാനായിരുന്ന ഗ്രിഗോറിയോസ് തിരുമേനിയോടു കൂടി കറ്റാനത്തു താമസിച്ചുകൊണ്ട് താൻ രചിച്ച "പാപമോചനം" എന്ന പുസ്തകം വിതരണം ചെയ്തും പ്രാർത്ഥനായോഗങ്ങൾ നടത്തിയും ജനങ്ങളുടെ ഇടയിൽ ആത്മീയമായ മാറ്റങ്ങൾ സൃഷ്ടിച്ചു. മദർ സൾഗാ ഇപ്രകാരം എഴുതുന്നു: "കുണ്ടറ മെത്രാനച്ചന്റെ ധ്യാന പ്രസംഗവും, എം.എ. അച്ചന്റെ "പാപമോചനം" എന്ന പുസ്തക ത്തിന്റെ ഉള്ളടക്കവും ഏറ്റവും കൂടുതൽ സ്വാധീനിച്ചത് കറ്റാനത്തും അതിനടുത്ത സ്ഥലങ്ങളിലും ഉള്ള യുവതികളായ ഞങ്ങളെ യായിരുന്നു. കൃഷ്ണപുരം, പുതുപ്പള്ളി എന്നീ സ്ഥലങ്ങളിൽ നിന്നും ശ്രേഷ്ഠമായ കുടുംബങ്ങളിൽപ്പെട്ട പല യുവതികളും കുമ്പസാരം, കുർബാനാനുഭവം എന്നിവയ്ക്കായി കറ്റാനത്ത് വരിക പതിവാ യിരുന്നു". കറ്റാനത്തു നടന്നതുപോലുള്ള നവീകരണ പ്രക്രിയ മലങ്കര സഭയിൽ പല സ്ഥത്തും എം.എ. അച്ചന്റെ നേതൃത്വത്തിൽ നടക്കുക യുണ്ടായി. ഈ ആത്മീയ നവോത്ഥാനത്തിന് ഒരു പ്രത്യേക രീതിയിൽ സാക്ഷ്യം വഹിക്കുകയാണ് ബഥനി സന്ന്യാസിനീ സന്ന്യാസി കളുടെ പ്രധാനമായ ദൗത്യം.

ബഥനിയുടെ ആദ്ധ്യാത്മിക ചൈതന്യം പൂർണ്ണമായും ഉൾക്കൊണ്ട വ്യക്തിയായിരുന്നു മദർ സൾഗാ. ഓരോ നിമിഷവും എല്ലാ അർത്ഥത്തിലും അത് ജീവിക്കുകയും, പ്രാർത്ഥനയിലൂടെയും

www.malankaralibrary.com


ധ്യാനത്തിലൂടെയും അത് തന്റെ ജീവിതഭാഗമാക്കി മാറ്റുകയുമായിരുന്നു മദർ സൾഗാ. ഒരു കൊച്ചു പെൺകുട്ടിയായി ബഥനിയിൽ ചേർന്ന മദർ സൾഗാ തന്റെ ദീർഘകാല ജീവിതത്തിനുള്ളിൽ ഈ ആദ്ധ്യാത്മിക സമ്പത്ത് പിൻതലമുറയ്ക്കായി കൈമാറാൻ അവിശ്രാന്തം പരിശ്രമിച്ചു. ബഥനിയെക്കുറിച്ചോ പുനരൈക്യത്തിന്റെ ആദ്യകാല ഘട്ടത്തെപ്പറ്റിയോ എന്തറിയണമെങ്കിലും മദർ സൾഗായെ കണ്ടാൽ മതിയായിരുന്നു. ജർമ്മൻ പണ്ഡിതനായ ഡോ. മഡായി പോലും പുനരൈക്യത്തിന്റെ പഴയ കാര്യങ്ങളെപ്പറ്റി അറിയാൻ വേണ്ടി മദറുമായി സമ്പർക്കം പുലർത്തിയിരുന്നു. അങ്ങനെ പലർക്കും മദർ സൾഗ ജീവിക്കുന്ന ഒരു വിജ്ഞാനകോശമായി മാറുകയാണ് ചെയ്തത്.

വിദേശത്തു പഠിക്കാൻ പോയ സന്ന്യസ്തരും രൂപതാ വൈദികരും അവരുടെ പി.എച്ച്.ഡി. തയ്യാറാക്കിയപ്പോൾ മലങ്കര സഭയുടെ ആദ്യകാലഘട്ടത്തെപ്പറ്റി വേണ്ട അറിവുകൾ ശേഖരിച്ചിരുന്നത് മദർ സൾഗായുടെ കത്തുകളിൽ കൂടിയായിരുന്നു. കഴിഞ്ഞ 25 വർഷത്തിനുള്ളിൽ നൂറുകണക്കിന് കത്തുകളും കുറിപ്പുകളും റോമിലും യൂറോപ്പിലെ മറ്റു പട്ടണങ്ങളിലും താമസിച്ചിരുന്ന വൈദികർക്കായി മദർ തയ്യാറാക്കുകയുണ്ടായി. ഈ പ്രബന്ധങ്ങളിൽ ഒന്നിലും തന്നെ മദർ സൾഗായുടെ പേര് പറഞ്ഞ് അംഗീകരിച്ചിട്ടില്ലെന്നുള്ളത് മദറിന് ഒരു പ്രശ്നമായിരുന്നില്ല.

തന്റെ ജീവിതത്തിന്റെ അവസാന കാലത്തുപോലും പഠനത്തിനും വായനയ്ക്കുമായി സമയം മുഴുവൻ മാറ്റിവച്ചു. ശ്ഹീമോ നമസ്കാരത്തിലെ വരികളിൽ അന്തർലീനമായിരിക്കുന്ന വേദപുസ്തകത്തിലെ വാക്യശകലങ്ങൾ കണ്ടുപിടിക്കുന്നതിന് തീവ്രമായ യത്നം മദർ സൾഗാ നടത്തുകയുണ്ടായി. ശ്ഹീമോ നമസ്കാരം കേരളത്തിൽ വന്നിട്ട് 400 വർഷമായി. ഈ കാലഘട്ടത്തിനുള്ളിൽ ഇപ്രകാരമൊരു പഠനം ഇദംപ്രദമായി നടത്തിയത് മദറാണ്. മദർ സൾഗായുടെയും ബഥനിയുടെയും സംഭാവനകളിൽ ഈടുറ്റ ഒന്നായി ഇതിനെ പരിഗണിക്കാം. ഈ കയ്യെഴുത്ത് പ്രതി പലരും സ്വന്തമാക്കി തീർക്കുകയും സ്വന്തം പേരിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു എന്നത് മദറിനെ സ്നേഹിച്ചിരുന്ന പലർക്കും വ്യഥയുണ്ടാക്കിയ കാര്യമാണ്. ഇപ്രകാരം ഒരു പഠനം ഒരു വിദേശ യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ചിരുന്നെങ്കിൽ മദറിന് പി.എച്ച്.ഡി. ലഭിക്കുമായിരുന്നെന്ന് സിറിൽ മാർ ബസേലിയോസ് തിരുമേനി ഈ ലേഖകനോട് പറയുകയുണ്ടായി.

www.malankaralibrary.com



ശ്ഹീമോ നമസ്കാരത്തിന്റെ ബൈബിൾ സന്ദർഭങ്ങൾ ഇംഗ്ലീഷിലും മദർ തയ്യാറാക്കിയിട്ടുണ്ട്. ഈ ഇംഗ്ലീഷ് കൈയ്യെഴുത്ത് പ്രതി പ്രസിദ്ധീകരണത്തിന് തയ്യാറാക്കിയപ്പോൾ ഒരവതാരിക യ്ക്കുവേണ്ടി പ്രസിദ്ധ ഗ്രന്ഥകർത്താവും, താപസനുമായ ഫാദർ ബീഡ് ഗ്രിഫിത്തിനെ സമീപിച്ചു. കൈയെഴുത്തുപ്രതി വായിച്ചു നോക്കിയ ഈ ഇംഗ്ലീഷ് സന്ന്യാസി ബഥനിയിലെ ഒരു സിസ്റ്റർ ഇപ്രകാരമുള്ള ഒരു വലിയ റിസേർച്ച് ചെയ്തു എന്നറിയുന്നതിൽ അത്ഭുതപ്പെടുന്നുവെന്ന് ഈ ലേഖകനോട് പറയുകയുണ്ടായി. അദ്ദേഹം എഴുതിയ അവതാരികയിൽ ഇപ്രകാരമുള്ള ഒരു പ്രവർത്ത നത്തെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്. തന്റെ സന്ന്യാസ ജീവിത ത്തിന്റെ ആദ്യകാലം മുതൽ തന്നെ ബൗദ്ധിക ജീവിതത്തിൽ തത്പര യായിരുന്ന മദർ സ്വന്തം അറിവിനെ രചനയുടെ മാദ്ധ്യമത്തിലൂടെ പ്രകാശിപ്പിക്കുവാൻ സദാ ശ്രമിച്ചിരുന്നതിന്റെ ഒരു പ്രതിഫലനമായി ഈ പ്രവർത്തനങ്ങളെ കണക്കാക്കാം.

ചെറുപ്പത്തിൽ തന്നെ യാക്കോബായ സഭയിലെ ഒരു സിസ്റ്ററായിരുന്നപ്പോൾ നമ്മുടെ കർത്താവിന്റെ ജീവചരിത്രം, വിശുദ്ധ സഭോപദേശം എന്നീ ഗ്രന്ഥങ്ങൾ രചിച്ചത് ഈ താത്പര്യത്തെ പ്രകടമാക്കുന്നു. ഇന്ത്യൻ വൈസ്രോയിയായിരുന്ന ലോർഡ് എർവിൻ 1929-ൽ തിരുവനന്തപുരം സന്ദർശിച്ചു. അദ്ദേഹം മാർ ഈവാനിയോസ് തിരുമേനിയുടെ കുർബാനയിൽ സംബന്ധിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെയും മറ്റു യൂറോപ്യൻ സന്ദർശകരുടെയും ഉപയോഗത്തിനായി മലങ്കര കുർബാനയുടെ ഇംഗ്ലീഷ് തർജ്ജിമ ആവശ്യമായി വന്നു. ഈ തർജ്ജിമ എഴുതിയു ണ്ടാക്കിയത് യാക്കോബായിലെ ബഥനിയംഗമായ മദർ സൾഗാ യായിരുന്നു. ഈ ഗ്രന്ഥം 1929-ൽ തിരുവനന്തപുരത്ത് ഗവൺമെന്റ് പ്രസ്സിൽ നിന്നും പ്രസിദ്ധീകരിക്കുകയുണ്ടായി. ഇംഗ്ലീഷ് ഭാഷ ശരിയായി കൈകാര്യം ചെയ്തിരുന്ന മദർ സൾഗാ ഇംഗ്ലണ്ടിൽ നിന്നും പ്രസിദ്ധീകരിച്ച "മദർ ഈഡിത്ത്" എന്ന ഗ്രന്ഥത്തിന് ബഥനിയെപ്പറ്റി ഒരദ്ധ്യായം എഴുതുകയുണ്ടായി.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ കറ്റാനത്ത് പോളച്ചിറയ്ക്കൽ ആന്നിയിൽ ജനിച്ച മദർ സൾഗാ മലങ്കര സഭയുടെ ആധ്യാത്മിക നവോത്ഥാനത്തിന്റെ സ്വാധീനതയിൽ വളർന്നുവന്ന വ്യക്തിയാണ്. ആ നവോത്ഥാനത്തിന്റെ പുത്രി തന്നെയായിരുന്നു അവർ എന്നു പറയുന്നതാണ് ശരി. ഏതു പ്രസ്ഥാനവും ഉടലെടുക്കുമ്പോൾ അതിനെ ഉൾക്കൊള്ളാനും സ്വാംശീകരിക്കാനും വളർത്താനും കഴിവുള്ള വ്യക്തികൾക്ക് പ്രകൃതി ജന്മം നല്കും. മദർ സൾഗാ ബഥനിയെ

www.malankaralibrary.com


വളർത്തി യെടുക്കാൻ പ്രകൃതി കണ്ടെത്തിയ വ്യക്തിയായിരുന്നു. ഇങ്ങനെ യുള്ളവർ വളരെ ചുരുക്കമായി മാത്രമേ സമൂഹങ്ങളിൽ പ്രത്യക്ഷ പ്പെടാറുള്ളൂ. അവർ ഒരു ദൗത്യവുമായി ജനിക്കുന്നു. ജീവിതം മുഴുവൻ ആ ദൗത്യ നിർവഹണത്തിനുവേണ്ടി അർപ്പിക്കുന്നു. അതു പൂർത്തി യാകുമ്പോൾ അതിന്റെ സൗന്ദര്യത്തെ കണ്ടാനന്ദിച്ചു സംതൃ പ്തരായി ഭൂമിയിൽ നിന്നും തിരോധാനം ചെയ്യുന്നു. മദറിന്റെ മരണം ഇപ്രകാരമുള്ളൊരു കടന്നുപോകലായിരുന്നു. കാത്തു കാത്തിരുന്ന മണവാളനായി മദർ മരണത്തെ സ്വീകരിച്ചു എന്ന് ഒരു സിസ്റ്റർ എഴുതിയിരിക്കുന്നത് തികച്ചും സത്യമത്രെ. ജീവിത ത്തിന്റെ അന്ത്യം അടുക്കുന്നുവെന്ന് ഒരു ദർശനത്തിൽ എന്നപോലെ മദർ മനസ്സിലാക്കിയിരുന്നു.

1988 ഏപ്രിൽ 5-ാം തീയതി മദർ ഈ ലോകത്തോടു വിട പറഞ്ഞു. മരിക്കുന്നതിന് രണ്ടു മാസം മുൻപ് സഹോദര പുത്രനായ ഈ ലേഖകന്റെ പേർക്ക് എഴുതിയ ഒരു കത്തിൽ മാർച്ച് 31-ന് ശേഷം തന്റെ അന്ത്യം സംഭവിക്കുമെന്ന് അറിയിക്കുകയുണ്ടായി. ഈ ലേഖകൻ മാർച്ച് 31-ന് മുൻപ് ഇൻഡ്യയിൽ തിരിച്ചുവരണമെന്ന് നിർബന്ധമായി ആവശ്യപ്പെടുകയും ചെയ്തു. നോത്ര ദാം യൂണി വേഴ്സിറ്റിയിലെ വിദ്യാർത്ഥിയായിരുന്ന എനിക്ക് ചില കാരണ ങ്ങളാൽ ഇൻഡ്യയിൽ ആ സമയത്തിനുള്ളിൽ വരാൻ കഴിഞ്ഞില്ല. തന്റെ മരണത്തെകുറിച്ച് ഒരു പ്രവചനം പോലെ മദർ പറഞ്ഞിരുന്നത് അങ്ങനെതന്നെ സംഭവിക്കുമെന്ന് ചിന്തിക്കാൻ പോലും എനിക്ക് കഴിഞ്ഞില്ല.

അനന്തതയിൽ നിന്ന് ഒഴുകി വരുന്ന ഒരു ഓടക്കുഴൽ നാദം പോലെ, പ്രിയപ്പെട്ട മദറിന്റെ ഓർമ്മകൾ, മാർ ഈവാനിയോസ് കോളേജ് സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ 12-ാം നമ്പർ മുറിയിലിരുന്നു ഈ വരികൾ കുറിക്കുന്നോൾ എന്റെ മനസ്സിൽ അനുരണനം ചെയ്യുന്നു.

(1990-ൽ ഡോ. തരകൻ എഡിറ്റു ചെയ്തതും തിരുവനന്തപുരം യൂണിയൻ പ്രസ്സ് പ്രസിദ്ധീകരിച്ചതുമായ "പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ" എന്ന ഗ്രന്ഥത്തിന്റെ ആമുഖം)

www.malankaralibrary.com

# 60

# ഉത്ഥിതനായ യേശുവിനെ കവിതയുടെ സ്രോതസാക്കി മാറ്റിയ ജറാർഡ് മാൻലി ഹോപ്കിൻസ്

ഡോ. തരകൻ ആന്നിയിൽ (കാഹളം, തിരുവനന്തപുരം)

സാഹിത്യത്തിൽ ഉത്ഥിതനായ യേശുവിനെ സർഗ്ഗശക്തിയുടെ സ്രോതസാക്കി മാറ്റിയ കവികളിൽ അഗ്രഗണ്യനായിരുന്നു ഹോപ്കിൻസ്. 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഇദ്ദേഹം ഒരു തികഞ്ഞ സന്ന്യാസിയും പ്രതിഭാശാലിയായ കവിയുമായിരുന്നു. തന്നിലെ വൈദികനെയും കവിയെയും വെവ്വേറെ കാണാതെ അവയെ ഒന്നിച്ചിണക്കിയ ഹോപ്കിൻസ് കവിതയെ ക്രിസ്തുവിന്റെ കൃപാവരം മനുഷ്യനിലേക്ക് ചൊരിയുന്ന കൂദാശയാക്കിയുയർത്തി. പ്രകൃതിയിലെ എല്ലാ വസ്തുക്കളും ഈശ്വരനെ വിളിച്ചറിയിക്കുന്നു. ആ വിളിയുടെ സത്തയെ തേടുന്ന കവി തന്റെ കവിതയിലൂടെ ഈശ്വര സാക്ഷാത്ക്കാരം നേടാൻ ശ്രമിക്കുകയാണ്. ആ പ്രയത്നത്തിന്റെ നിശബ്ദമായ നിമിഷങ്ങളാണ് ഹോപ്കിൻസിന്റെ കവിതയുടെ ഇതിവൃത്തം.

തന്റെ "ദ് പോയറ്റിക്സ്" എന്ന ഗ്രന്ഥത്തിൽ അരിസ്റ്റോട്ടിൽ പറയുന്നു, പ്രവർത്തനത്തിൽ മുഴുകിയ മനുഷ്യനാണ് കവിത

www.malankaralibrary.com


യുടെ വിഷയം എന്ന്. പൂർത്തീകരിക്കപ്പെട്ട പ്രവർത്തനങ്ങളിൽ നിന്നും ഉരുത്തിരിയുന്ന അനുഭവങ്ങൾ കവിതയുടെ ഊടും പാവുമാണെന്ന് ഈ ഗ്രീക്ക് തത്വശാസ്ത്രജ്ഞൻ സമർത്ഥിക്കുന്നു. എന്നാൽ ഹോപ്പ് കിൻസിനെ സംബന്ധിച്ചിടത്തോളം പൂർത്തീകരിക്കപ്പെട്ട പ്രവർത്തനങ്ങളെക്കാൾ ആ പ്രക്രിയയിലെ നിമിഷങ്ങളാണ് കവിതയ്ക്ക് ആധാരമായി നില്ക്കുന്നത്. ഒരു കവിയുടെ സാർത്ഥകമായ ജീവിത നിമിഷങ്ങൾ ഈശ്വരസന്നിധിയിൽ ഏറ്റവും വിലപ്പെട്ടതാണ്. അതിന്റെ അന്ത്യം ഏതായാലും ഓരോ നിമിഷവും ദൈവത്തിനായി സമർപ്പിക്കപ്പെടുമ്പോൾ കവി തന്റെ മേഖലയെ ഈശ്വരാത്മകമാക്കി മാറ്റുന്നു. ഇപ്രകാരമുള്ള ചിന്തയിൽ ഹോപ്കിൻസിനെ നയിച്ചത് വി. ഇഗ്നേഷ്യസ് ലയോളയും അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ചിന്തകളുമായിരുന്നു.

1868–ൽ, ഒരു ദുർബലനിമിഷത്തിൽ താൻ എഴുതിയ എല്ലാ കവിതകളും ഹോപ്കിൻസ് കത്തിച്ചുകളഞ്ഞു. ഈശോ സഭയിൽ ഒരു വൈദികനാകാൻ തീരുമാനിച്ച ഹോപ്കിൻസ് അപ്രകാരമുള്ള ഒരു മതജീവിതത്തിന് മാനസികമായ ത്യാഗം ആവശ്യമാണെന്ന് വിശ്വസിച്ച് താൻ എഴുതിയ കവിതകൾ സ്വയം നശിപ്പിക്കുകയാണ് ചെയ്തത്. അന്നുവരെയുള്ള ജീവിതത്തിന്റെ പ്രതീകമായിരുന്നു ആ കവിതകളെന്ന് വിശ്വസിച്ച ഹോപ്കിൻസ് പഴയ ജീവിതത്തിന് അറുതിവരുത്തി പുതിയ ജീവിതമാരംഭിക്കുവാൻ പ്രതീകാത്മകമായ ഒരു നാന്ദി കുറിക്കുകയായിരുന്നു. ഏഴുവർഷത്തോളം സ്വയം ഏറ്റെടുത്ത ഒരു നിശബ്ദതയിൽ സന്യാസജീവിതം നയിക്കുകയായിരുന്നു അദ്ദേഹം. ഈ കാലഘട്ടത്തിൽ അദ്ദേഹം ഒന്നുംതന്നെ എഴുതിയില്ല എന്നുള്ളതാണ് വാസ്തവം. കുരിശിന്റെ യോഹന്നാൻ സങ്കല്പിക്കുന്നതുപോലെ, ആത്മാവിന്റെ രാത്രിയിലൂടെയുള്ള പ്രയാണത്തിൽ സ്വയം മുഴുകി തന്നത്താൻ ഒരുങ്ങുകയായിരുന്നു അദ്ദേഹം.

ഇപ്രകാരമുള്ള തന്റെ മാനസികമായ ഒരുക്കം സുന്ദരമായ കാവ്യശില്പങ്ങൾ രചിക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. 1875 മുതൽ ഹോപ്കിൻസ്, താൻ എഴുതിയ കവിതകളിലെല്ലാം ഉത്ഥിതനായ ക്രിസ്തുവിനെ തിരയുന്ന ഒരു അന്വേഷകനായി മാറുന്നു. അതിന്റെ ആരംഭമായിരുന്ന The Wreck of the Deutschland എന്ന കാവ്യശില്പം. അമേരിക്കയിലേക്കുപോയ "ഡോയിഷ് ലാൻഡ്"

www.malankaralibrary.com


എന്ന കപ്പൽ മുങ്ങി അഞ്ച് ഫ്രാൻസിസ്ക്കൻ സന്ന്യാസിനികൾ മരിച്ച വാർത്തകേട്ട കവി, മനുഷ്യവർഗ്ഗത്തിന്റെ വേദനയിൽ ക്രിസ്തു വീണ്ടും ജനിയ്ക്കുന്നു എന്ന് ഭാവിക്കുന്നു. വേദനയുടെ മേഖലകളെ അതിജീവിച്ച് ഉയർത്തെഴുന്നേറ്റ ക്രിസ്തു ഇനിയും എങ്ങനെ മനുഷ്യ ഹൃദയങ്ങളിൽ ഉയർത്തെഴുന്നേല്ക്കും? ക്രിസ്തു മനുഷ്യഹൃദയ ങ്ങളിൽ മരിച്ചെങ്കിൽ മാത്രമേ അവിടുത്തേയ്ക്കു ഉയർത്തെഴുന്നേ ല്ക്കാൻ സാധിക്കുകയുള്ളു. മനുഷ്യഹൃദയത്തിന്റെ വേദന ക്രിസ്തു വിന് വീണ്ടും ജന്മം നല്കുന്ന പ്രതിഭാസമായി മാറുന്നു. ഹോപ്കിൻ സിന്റെ ഈ കവിതയിൽ, ഏറ്റവും ഹൃദയസ്പർശിയായ ആശയം ഫ്രാൻസിസ്ക്കൻ സന്ന്യാസിനികൾ അനുഭവിച്ച മരണവേദനയല്ല, പിന്നെയോ ആ വേദനയാകുന്ന കുരിശിൽനിന്നും അവരുടെ ഹൃദയ ങ്ങളിൽ ഉയർത്തെഴുന്നേറ്റ യേശുവാണ്. ഈ കവിതയുടെ മൂന്നാം ഘട്ടത്തിൽ (17–31) ഒരു സന്ന്യാസിനിയുടെ ദീനരോദനം കാവ്യാ ത്മകമായ ഭാഷയിൽ ചിത്രീകരിക്കുന്നു. മുങ്ങിമരിക്കുന്ന നിമിഷ ത്തിൽ ഈ സന്ന്യാസിനി "ക്രിസ്തു" എന്നു പേർചൊല്ലി രക്ഷകനെ ഉച്ചത്തിൽ വിളിക്കുന്നു.

Away in the lovable west,
On a pastoral forehead of Wales,
I was under a roof here, I was at rest,
And they the prey of the gales;
She to the black-about air, to the
  breaker, the thickly
Falling flakes, to the throng that catches
  and quails
Was calling 'O Christ, Christ, Come
  quickly':
The Cross to her she calls Christ to her,
  christens her
Wild-worst Best.

ഹോപ്കിൻസിന്റെ കാവ്യഭാവനയിൽ ഈ സന്ന്യാസിനി യുടെ നിലവിളി കന്യകമറിയത്തിന്റെ പ്രത്യുത്തരം പോലെയായി രുന്നു. ഗബ്രിയേൽ മാലാഖയുടെ സന്ദേശം സ്വീകരിച്ച് പ്രതിക

www.malankaralibrary.com


രിച്ച മറിയത്തിന്റെ ഉദരത്തിൽ ക്രിസ്തു ഉരുവായതുപോലെ ഈ ഫ്രാൻസിസ്ക്കൻ സിസ്റ്ററിന്റെ വിളിയിൽ ക്രിസ്തു വീണ്ടും ജനിയ്ക്കുന്നു. അവളുടെ ക്രൂശുമരണത്തിൽ നിന്നും ക്രിസ്തു ഉയർത്തെഴുന്നേല്ക്കുന്നു. ഉത്ഥിതനായ ക്രിസ്തു തന്നെ അന്വേഷിച്ചിറങ്ങിയ മഗ്ദലന മറിയത്തിന് സ്വയം വെളിപ്പെടുത്തിയതുപോലെ ഈ ഫ്രാൻസിസ്ക്കൻ സന്ന്യാസിനിയ്ക്ക് ഒരു പാരിതോഷികമായി മാറുകയാണ്:

> Well, She has thee for the pain, for the Patience; but pity of the rest of them!

ഓരോ വസ്തുവിന്റെ പ്രത്യേകതയും വ്യക്തിത്വവും കാണാൻ വെമ്പൽകൊണ്ട കവിയായിരുന്നു ഹോപ്കിൻസ്. പ്രകൃതിയിലെ ഓരോ വസ്തുവിനെയും വ്യക്തമായി മറ്റൊന്നിൽ നിന്നു വേർതിരിക്കുന്ന പ്രതിഭാസങ്ങളെന്താണന്ന് നിരന്തരം അന്വേഷിച്ചിരുന്നു അദ്ദേഹം. ഓരോന്നിന്റെയും ആന്തരികതയെ എടുത്തു കാണിയ്ക്കുന്ന തത്വത്തെ അദ്ദേഹം ഇൻസ്കെയ്പ്' എന്നു പേർ വിളിച്ചിരുന്നു. ഫ്രാൻസിസ്ക്കൻ ചിന്തകനായ ഡൺസ് സ്ക്കോട്ടസിൽ നിന്നും അടർത്തിയെടുത്ത ഈ താത്വികചിന്ത ഹോപ്കിൻസിനെ പ്രകൃതിയിലെ ഓരോ വസ്തുവിലും ഈശ്വരന്റെ സ്വാധീനതയും സാന്നിധ്യവും കാണാൻ സഹായിച്ചു. പ്രകൃതിയിലെ ഓരോ വസ്തുവും ഈശ്വരസാന്നിദ്ധ്യത്തെ വിളിച്ചറിയ്ക്കുന്നു എന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. പ്രകൃതിയുടെ സന്തതസഹചാരിയായ വായുവിൽ വിശുദ്ധ കന്യകമറിയത്തെ ദർശിക്കുന്ന കവി, പറന്ന് ആകാശവിതാനത്തിൽ വിഹരിക്കുന്ന പക്ഷിയിൽ ക്രിസ്തുവിന്റെ വിജയത്തിന്റെ രഹസ്യം ആരായുവാൻ തുടങ്ങുന്നു. തന്റെ വൈദീകകാലഘട്ടത്തിൽ എഴുതിയ The Windhover എന്ന കവിത ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ്. യൂറോപ്പിൽ കണ്ടുവരുന്ന ഒരു തരം പക്ഷിയാണ് ഇത്. നമ്മുടെ നാട്ടിലെ പരുന്തിനെപ്പോലെ ഇരയെ അതിവേഗത്തിൽ റാഞ്ചിയെടുത്ത് പറന്നുയരുന്ന ഈ പക്ഷി ശാരീരികശക്തിയുടെ പ്രതീകമായിമാറുന്നു ഹോപ്കിൻസിന്റെ ഭാവനയിൽ. ആകാശത്തിലെ വായുവിനെ ഭേദിച്ച് മുന്നോട്ടുപോകുന്ന ഈ പക്ഷി ക്രിസ്തുവിന്റെ ഉയർപ്പിനെ ദ്യോതിപ്പിക്കുന്നു. പക്ഷിയുടെ ഇപ്രകാരമുള്ള ശക്തിയുടെ കഴിവും അതിനെ സംബന്ധി

www.malankaralibrary.com



ച്ചിടത്തോളം ഈശ്വരന്റെ ഉദ്ദേശ്യവും പദ്ധതിയും സാക്ഷാത്ക്കരിക്കാനുള്ള മാർഗ്ഗമായിത്തീരുന്നു. ഈ ഈശ്വരസാക്ഷാത്ക്കാര പ്രക്രിയയാണ് പ്രകൃതിയുടെ ഏറ്റവും വലിയ സൗന്ദര്യം. അങ്ങനെ ഈശ്വരന്റെ പദ്ധതി തന്റെ സ്വന്തം കഴിവിലൂടെ സാക്ഷാത്ക്കരിക്കുന്ന പക്ഷി മരണത്തെ കീഴടക്കിയ വെറൊരു ക്രിസ്തുവായി മാറുന്നു.

Brute beauty and valour and act, oh, air, pride, plume, here
Buckle! AND the fire that breaks from thee then, a billion
Times told lovelier, more dangerous O my chevalier!

ഉത്ഥിതനായ ക്രിസ്തുവിൽ കവിതയുടെ സ്രോതസ്സ് കണ്ടെത്തിയ ഹോപ്കിൻസ് കവിതയെ ഈശ്വരനെത്തേടാനുള്ള ഒരു മാദ്ധ്യമമായി മാറ്റി. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം കാവ്യപ്രചോദനവും അതിന്റെ നിർമ്മാണവും വിശുദ്ധവുമായ പ്രവർത്തനങ്ങളായിരുന്നു. തന്നിലെ വൈദികൻ അൾത്താരയിൽ ബലിയർപ്പിച്ച് പ്രപഞ്ചത്തെയും മനുഷ്യവർഗ്ഗത്തെയും ദൈവവുമായി രമ്യപ്പെടുത്തുന്നതുപോലെ, പ്രകൃതിയിൽ ഒളിഞ്ഞിരിക്കുന്ന ഈശ്വരസാന്നിദ്ധ്യത്തെ രചനയിലൂടെ വെളിപ്പെടുത്തുകയായിരുന്നു അദ്ദേഹം. ഇതിലെല്ലാം തന്നിലെ വൈദികനും കവിയും ഒന്നായിത്തീർന്ന് ഈശ്വര സാക്ഷാത്ക്കരണത്തിന്റെ പ്രതീകങ്ങളായി മാറി.

(ക്രൈസ്തവ കാഹളം, 1990 ഏപ്രിൽ, പുറം 18-20)

www.malankaralibrary.com

# 61
## ക്രിസ്തുമസ് ഗാന്ധിജിയുടെ വീക്ഷണത്തിൽ

ഡോ. ആന്നിയിൽ തരകൻ (ദീപിക, കോട്ടയം)

"ക്രിസ്തുമസിനോടനുബന്ധിച്ചു നടത്തുന്ന ആഘോഷങ്ങളുമായി പൊരുത്തപ്പെടാൻ എനിക്ക് കഴിയുന്നില്ല. അവയെല്ലാം ക്രിസ്തുവിന്റെ ജീവിതത്തിനും പ്രബോധനത്തിനും വിരുദ്ധമായ സാക്ഷ്യമാണ് നൽകുന്നത്". എക്കാലവും ആന്തരദേവാലയത്തിലെ നിയമജ്ഞനായിരുന്നു മഹാത്മാഗാന്ധി. 1931 ഡിസംബർ 31-ന് 'യങ്ങ് ഇന്ത്യ' മാസികയിൽ എഴുതിയ ലേഖനമാണിത്. ദൈവരാജ്യം മനുഷ്യന്റെ ഉള്ളിൽ എന്ന ടോൾസ്റ്റോയിയുടെ ആശയത്തെ മുറുകെ പിടിച്ച ഗാന്ധിജി മതത്തെ ഹൃദയതലത്തിൽ ഒതുക്കിനിർത്താൻ ശ്രമിച്ചു.

ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ക്രിസ്തുമസ് ഹൃദയത്തിന്റെ മന്ത്രണമായി മാറി. ഭാരതീയ ചിന്തയുടെ മൗലിക തത്ത്വങ്ങളുടെ ചട്ടക്കൂടിനുള്ളിൽ ഒതുക്കുകയായിരുന്നു ഗാന്ധിജി തന്റെ ക്രിസ്തുമസ് വീക്ഷണത്തെ. ആർഷദർശനമനുസരിച്ച് മതം വ്യക്തിഗതവും ആന്തരികവുമാണ്. അവിദ്യയിൽ കഴിയുന്ന മനുഷ്യന് തന്റെ ജീവിതത്തിന്റെ അടിസ്ഥാനഭാവമായ പരമാത്മാവിനെ

www.malankaralibrary.com



ദർശിക്കുവാൻ കഴിയുന്നില്ലായെന്ന് ഭാരതീയ ദാർശനികർ സിദ്ധാന്തിക്കുന്നു.

മനുഷ്യജീവിതത്തിന്റെ അടിസ്ഥാന തത്ത്വം ഈശ്വര നാണെന്നുള്ള അവബോധം യുഗങ്ങൾ തോറും സംഭവിക്കുന്ന പുനർജന്മങ്ങളുടെ അന്ത്യത്തിൽ ഉളവാകുന്നതാണ്. അപ്പോൾ മാത്രമേ മനുഷ്യന് തന്നിലെ അരൂപിയായ പരമാത്മാവിനെ അനുഭവിക്കാൻ സാധിക്കൂ. അതീന്ദ്രീയമായ ഈ അനുഭവത്തിൽ ജീവാത്മാവും പ്രപഞ്ചത്തിന്റെ അടിസ്ഥാനതത്ത്വമായ പരമാത്മാവും ഒന്നായിത്തീരുന്നു.

ക്രിസ്തുമസിനെ ആന്തരിക ചൈതന്യത്തിന്റെ ആമന്ത്രണമായി ദർശിക്കുന്ന ഗാന്ധിജി ക്രിസ്തുമതത്തെയും യേശുവിനെയും ചരിത്രത്തിനതീതമായ യാഥാർത്ഥ്യമായി വീക്ഷിക്കുന്നു.

ക്രിസ്തുമസ് ആഘോഷങ്ങൾ മലയിലെ പ്രസംഗത്തിന്റെ ആത്മാവിനെ ഉൾക്കൊള്ളുന്നതായിരിക്കണം. അല്ലെങ്കിൽ അവയെല്ലാം യേശുവിന്റെ സന്ദേശത്തിന് കളങ്കം ചാർത്തും എന്നായിരുന്നു ഗാന്ധിജിയുടെ പക്ഷം. കാരണം അദ്ദേഹത്തെ ഏറ്റവും കൂടുതൽ ആകർഷിച്ച ഒന്നായിരുന്നു യേശുവിന്റെ ഗിരിപ്രസംഗം. ഈ പ്രസംഗത്തിൽ തെളിഞ്ഞുനിൽക്കുന്ന യേശുവിനെ അഹിംസയുടേയും സത്യത്തിന്റേയും മൂർത്തീഭാവമായി ഗാന്ധിജി ചിത്രീകരിച്ചു.

തിന്മയെ നന്മകൊണ്ടു ജയിക്കാനുള്ള ആഹ്വാനമായി ഗാന്ധിജി യേശുവിന്റെ പ്രബോധനങ്ങളെ ദർശിച്ചു: "ഞാൻ വായിച്ചിട്ടുള്ളതിൽ എന്നെ ഏറ്റവും ആകർഷിച്ച സത്യം, യേശു പുതിയ നിയമം നൽകാൻ വന്നുവെന്നുള്ളതാണ്. കണ്ണിന് കണ്ണും പല്ലിന് പല്ലും എന്നല്ല യേശു പഠിപ്പിച്ചത്, പിന്നെയോ ഒരടിയ്ക്കു പകരം രണ്ടടി വാങ്ങാനും ഒരു മൈൽ കൂടെ സഞ്ചരിക്കുവാൻ ആവശ്യപ്പെടുമ്പോൾ രണ്ടു മൈൽ പോകാനുമത്രേ". ക്രിസ്തുമസിന്റെ സന്ദേശം ഇപ്രകാരമുള്ള ഒരു ജീവിതവീക്ഷണമാണ്.

ബൈബിൾ അനേകാവർത്തി വായിക്കുകയും പഠിക്കുകയും ചെയ്ത ഗാന്ധിജി ക്രിസ്തുമസിന്റെ ഏറ്റവും ശക്തമായ സന്ദേശം സമാധാനമാണെന്ന് വിശ്വസിച്ചിരുന്നു. എന്നാൽ ആ സമാധാനം വാക്കുകളിലോ ആഘോഷങ്ങളിലോ അല്ല, പ്രത്യുത നമ്മുടെ അയൽക്കാർക്ക് സഹായം നൽകുന്നതിലായിരിക്കണം എന്നും

www.malankaralibrary.com



അദ്ദേഹം വിശ്വസിച്ചു. മത്തായിയുടെ സുവിശേഷം 22-ാം അധ്യായം 35-ാം വാക്യം ഉദ്ധരിച്ചുകൊണ്ട് സമാധാനവും പരസ്നേഹവും തമ്മിലുള്ള ബന്ധം ഗാന്ധിജി വിശദീകരിക്കുന്നു. "പാരതന്ത്ര്യത്തിൽ കഴിയുന്ന എന്റെ രാജ്യത്തെ സേവിക്കുകയാണ് സമാധാനം കൈവരുത്താനുള്ള ഏറ്റവും നല്ല മാർഗം".

യേശുവിനെ അയൽക്കാരിൽ ദർശിക്കുമ്പോൾ മാത്രമേ ക്രിസ്തുമസ് യാഥാർത്ഥ്യമായി തീരുകയുള്ളൂ. യേശുവിനെ ഹിമാലയത്തിലെ ഗുഹയിൽ കണ്ടെത്താൻ കഴിയുമെങ്കിൽ ഞാൻ അവിടേക്കു പോകുമായിരുന്നു. എന്നാൽ മനുഷ്യസമൂഹത്തിനപ്പുറത്ത് അവിടുത്തെ കാണാൻ കഴിയുകയില്ലെന്ന് എനിക്ക് തീർച്ചയുണ്ട്".

"യംഗ് ഇന്ത്യ" യിൽ ക്രിസ്മസ് പ്രത്യേകദിവസം ആഘോഷിക്കേണ്ട തിരുനാളല്ല, സമയത്തിനതീതമായ ഒന്നാണ് അത് എന്ന് അദ്ദേഹം എഴുതുകയുണ്ടായി. "യേശു ജനിക്കുന്നത് യഥാർത്ഥമായി സമാധാനം മനുഷ്യഹൃദയത്തിൽ ഉണ്ടാകുമ്പോഴാണ്. അങ്ങനെയെങ്കിൽ ക്രിസ്തുമസ് പ്രത്യേക ദിവസം ആഘോഷിക്കേണ്ടി വരുന്നില്ല. ക്രിസ്തുമസ് നിരന്തരം മനുഷ്യഹൃദയങ്ങളിൽ സംഭവിക്കേണ്ട അനുഭവമത്രേ. ഹൃദയത്തിൽ സമാധാനം ജനിക്കുമ്പോൾ ക്രിസ്തുമസ് സംഭവിക്കുന്നു". ഇക്കാരണത്താൽ തന്നെ ക്രിസ്തുമസ് കാർഡും ആശംസകളും ഒന്നും ആവശ്യമില്ലെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു.

ഗാന്ധിജിയുടെ ക്രിസ്തുമസ് വീക്ഷണത്തിന്റെ ശ്രദ്ധേയമായ ഭാഗം യേശുവിന്റെ ജനനവും മരണവും തമ്മിലുള്ള ബന്ധമാണ്. "യേശുവിന്റെ കുരിശിലെ മരണത്തെപ്പറ്റി ചിന്തിക്കാതെ അവിടുത്തെ ജനനത്തെക്കുറിച്ച് ചിന്തിക്കുവാൻ നമുക്ക് ധൈര്യം തോന്നുകില്ല. ജീവിക്കുന്ന ക്രിസ്തുവെന്നതിന്റെ അർത്ഥംതന്നെ ജീവിക്കുന്ന കുരിശെന്നാണ്. അല്ലെങ്കിൽ ജീവിതം മരണം തന്നെയാകുന്നു". ക്രിസ്തുമസിന്റെ സന്ദേശമായ സമാധാനം കരസ്ഥമാക്കാൻ നാമൊക്കെയും യേശുവിനോടുകൂടെ ക്രൂശിക്കപ്പെടേണ്ടിയിരിക്കുന്നുവെന്ന് ഗാന്ധിജി വാദിക്കുന്നു.

യഥാർത്ഥമായ സമാധാനം ത്യാഗത്തിൽ നിന്ന് മാത്രമേ ഉണ്ടാകുകയുള്ളൂവെന്ന ഗാന്ധിയൻ വീക്ഷണം ക്രൈസ്തവ ആധ്യാത്മിക ചിന്തയിലെ അതിപ്രധാനമായ ഘടകമാണ്. മുക്തിക്കുവേണ്ടി ദാഹിക്കുന്ന ആത്മാവ് അന്ധകാരപൂർണമായ രാത്രിയിലൂടെ പ്രയാണം ചെയ്യണമെന്ന ക്രൈസ്തവചിന്ത ഗാന്ധിജിയെ ആഴത്തിൽ സ്വാധീനിച്ചു.

www.malankaralibrary.com


ക്രിസ്തുമസ് വാഗ്ദാനം ചെയ്യുന്ന സമാധാനം കുരിശിലെ സഹനത്തിലൂടെയേ കരഗതമാകൂ എന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നതായി തെളിവുകളുണ്ട്.

റോമിലെ സിസ്റ്റെൻ ചാപ്പൽ സന്ദർശിക്കാൻ പോയ ഗാന്ധിജി അവിടെയുള്ള കുരിശു രൂപത്തെ നോക്കി കണ്ണീർ വാർത്തു. ആ കുരിശുരൂപത്തിൽ കണ്ട നിസഹായനായ യേശു ഇന്ത്യയുടെ പാവപ്പെട്ട ജനങ്ങളുടെ പ്രതിനിധിയായി ഗാന്ധിജിക്ക് തോന്നി. "വത്തിക്കാനിൽ ഞാൻ കണ്ട യേശുവിന്റെ രൂപം എന്റെ മനസിൽ മായാതെ നിറഞ്ഞുനിൽക്കുന്നു. ഇന്ത്യയിലെ പാവപ്പെട്ടവർ വസ്ത്രം ധരിച്ചിരിക്കുന്നതുപോലെ ക്രൂശിതനായ യേശു നഗ്നത മറയ്ക്കാൻ മാത്രം ഒരു ചെറിയ തോർത്ത് ഉപയോഗിച്ചിരിക്കുന്നു. എത്രയോ ആർദ്രമായ നോട്ടമാണ് ആ മനുഷ്യസ്നേഹിയുടെ കണ്ണുകളിൽ". അതേക്കുറിച്ച് ഗാന്ധിജി പിന്നീടങ്ങനെ അനുസ്മരിക്കുകയുണ്ടായി.

ഗാന്ധിജിയുടെ ദർശനത്തിൽ യേശു ഇന്ത്യയിലെ പാവപ്പെട്ട ആളുകളുടെ പ്രതീകവും അവതാരവുമാണ് - വസ്ത്രമില്ലാത്തവരുടേയും പട്ടിണിപ്പാവങ്ങളുടേയും ദുഃഖത്തിന്റെ മനുഷ്യപുത്രനാണ്. യേശുവിന്റെ ദുഃഖത്തെ ഇന്ത്യയിലെ ദരിദ്രകോടികളുടെ ദുഃഖത്തിന്റെ പ്രതീകമായി ഗാന്ധിജി വീക്ഷിച്ചു.

യേശു ഏറ്റവും വലിയ സത്യാഗ്രഹിയാണ്. ഏറ്റവും വലിയ ഗുരുവും. ഹിന്ദുമതത്തിലെ ഭിക്ഷുവിനെപ്പോലെ ആത്മാവിൽ ദരിദ്രരുടെ പ്രതീകവും യേശു തന്നെ. സത്യത്തിനുവേണ്ടി കുരിശിൽ മരിച്ച യേശു ഗാന്ധിജിയുടെ വഴികാട്ടിയായി മാറിയതിൽ അതിശയമില്ല. രാജ്യദ്രോഹകുറ്റം ചുമത്തി 1922-ൽ ഗാന്ധിജിയെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കിയപ്പോൾ താൻ സത്യത്തിനുവേണ്ടി എന്തും സഹിക്കാൻ തയാറാണെന്ന് പറഞ്ഞ് സ്വയം ന്യായീകരിക്കാൻ പോലും അദ്ദേഹം വിസമ്മതിച്ചു.

ക്രിസ്തുമസിന്റെ സന്ദേശം ഗാന്ധിജിയുടെ ജീവിതത്തെ ആഴത്തിൽ സ്പർശിച്ചിരുന്നു. ത്യാഗത്തിൽ നിന്നും സ്വയം ശൂന്യവത്കരണത്തിൽ നിന്നും ഉരുത്തിരിഞ്ഞ മനുഷ്യാത്മാവിന്റെ ആ സമാധാന സന്ദേശം ക്രൈസ്തവർക്കുവേണ്ടി മാത്രമുള്ളതല്ലെന്നും മനുഷ്യരാശിക്കു മുഴുവൻ വേണ്ടിയാണെന്നും ഗാന്ധിജി സമർത്ഥിച്ചു. പാവപ്പെട്ടവരായ ഇന്ത്യയിലെ ജനങ്ങൾക്ക് ആ സന്ദേശം ഉണർവിന്റെ ആഹ്വാനമായി ഗാന്ധിജി കാണുകയും ചെയ്തു.

www.malankaralibrary.com



അപരനെ സ്നേഹിക്കാനും ആദരിക്കാനും കഴിയുന്നവനെ ഹൃദയസമാധാനം ലഭിക്കുകയുള്ളൂ. അപ്പോൾ മേല്പറഞ്ഞ വാക്യം തിരുത്തിയെഴുതേണ്ടി വരും. 'അപരൻ എനിക്ക് സ്വർഗമാകുന്നു' എന്ന്. കാരണം അവനിൽ ഞാൻ എന്നെ കാണുന്നു; ഒരുപടി കൂടി കടന്ന് ചിന്തിച്ചാൽ അപരനിൽ ഞാൻ ദൈവത്തെക്കാണുന്നു. അപ്പോൾ ക്രിസ്മസ് ദിനത്തിൽ വിഭവസമൃദ്ധമായ മേശക്കു മുൻപി ലിരിക്കുമ്പോൾ അയൽവക്കത്തെ ചെറ്റപ്പുരയിലെ തീപുകയാത്ത അടുപ്പിനെക്കുറിച്ചും, ക്രിസ്തുമസ് ദിനത്തിലും മുണ്ടു മുറുക്കി ഉടുക്കുന്നവരെക്കുറിച്ചും എനിക്ക് ചിന്തവരും. ഇപ്രകാരം അസ്വസ്ഥ മാകുന്ന മനസ്സിനെ, സഹോദരനെ, ദരിദ്രനെ സ്നേഹിക്കാൻ, അവരുമായി പങ്കുവയ്ക്കാൻ സാധിക്കുകയുള്ളൂ. കൊടുക്കുമ്പോഴാ ണല്ലോ വാങ്ങുന്നതിനേക്കാൾ സന്തോഷം തോന്നുക.

സന്തോഷവും സമാധാനവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെ ബന്ധപ്പെട്ടിരിക്കുന്നു. സമാധാനമുള്ളിടത്ത് സന്തോഷമുണ്ടാകും. സന്തോഷമുള്ളിടത്ത് സമാധാനവും. എനിക്ക് ആർക്കൊക്കെ സന്തോഷം പ്രദാനം ചെയ്യാൻ സാധിക്കുമോ അവർക്കെല്ലാം ഞാൻ സമാധാനവും കൊടുക്കുന്നു.

(ദീപിക, 1989 ഡിസംബർ, പുറം 9 & 11)

www.malankaralibrary.com

# 62

## ക്രിസ്തുമസ് - ഒരു ഇന്ത്യൻ വീക്ഷണം

ഡോ. ആന്നിയിൽ തരകൻ (കാഹളം, തിരുവനന്തപുരം)

ഇന്ത്യയിലെ ഹൈന്ദവദാർശനികർ ക്രിസ്തുവിനെപ്പറ്റി ഹൃദയസ്പർശിയായ ഭാഷയിൽ സംസാരിച്ചിട്ടുണ്ട്; ഗാന്ധിജിയും, വിവേകാനന്ദനും ഇതിന് ഉദാഹരണങ്ങളായിരുന്നു. എന്നാൽ അവരുടെയെല്ലാം ക്രിസ്തുമസ്സ് വീക്ഷണം ക്രൈസ്തവ വീക്ഷണത്തിൽ നിന്നും വിഭിന്നമായിരുന്നു. ക്രിസ്തുമതത്തെപ്പറ്റി ഏറ്റവും കൂടുതൽ വായിക്കുകയും എഴുതുകയും ചെയ്ത ഗാന്ധിജി പോലും ഭാരതീയചിന്തയുടെ മൗലീകതയുടെ ചട്ടക്കൂട്ടിനുള്ളിൽ തന്റെ ക്രിസ്തുമസ്സ് വീക്ഷണം ഒതുക്കാൻ ശ്രമിക്കുകയായിരുന്നു.

ഇന്ത്യൻ വേദശാസ്ത്രത്തിൽ, മതം വ്യക്തിഗതവും ആന്തരികവുമാണ്. അവിദ്യയിൽ കഴിയുന്ന മനുഷ്യന് തന്റെ ജീവിതത്തിന്റെ അടിസ്ഥാനഭാവമായ പരമാത്മാവിനെ ദർശിക്കുവാൻ കഴിയുന്നില്ല. മനുഷ്യജീവിതത്തിന്റെ അടിസ്ഥാനതത്ത്വം ഈശ്വരനാണെന്നുള്ള അവബോധം യുഗയുഗങ്ങളായി സംഭവിക്കുന്ന പുനർജന്മങ്ങളുടെ അന്ത്യത്തിൽ ഉളവാകുന്നതാണ്. അപ്പോൾ മാത്രമേ മനുഷ്യനിൽ ഒളിഞ്ഞുകിടക്കുന്ന പരമാത്മാവിനെ സാക്ഷാത്ക്കരിക്കാൻ

www.malankaralibrary.com


സാധിക്കൂ. അതീന്ദ്രിയമായ അനുഭവത്തിൽ മനുഷ്യാത്മാവും പ്രപഞ്ചത്തിന്റെ അടിസ്ഥാനതത്ത്വമായ ബ്രഹ്മനും ഒന്നായിത്തീരുന്നു. ഇപ്രകാരമുള്ള പൗരസ്ത്യചിന്തയുടെ പശ്ചാത്തലത്തിലാണ് ഇന്ത്യൻ ചിന്തകർ ക്രിസ്തുമസ്സിനെ കാണുന്നത്. ക്രിസ്തുമസ്സിനെ ആന്തരിക ചൈതന്യത്തിന്റെ ആമന്ത്രണമായിട്ടാണ് ഗാന്ധിജിപോലും ദർശിക്കുന്നത്.

1931 ഡിസംബർ മാസം, 31-ാം തിയതി "യംഗ് ഇന്ത്യ" എന്ന മാസികയിൽ ഗാന്ധിജി ഇപ്രകാരം എഴുതുകയുണ്ടായി. "ക്രിസ്തുമസ്സിനോട് അനുബന്ധിച്ചു നടത്തുന്ന ആഘോഷങ്ങളുമായി പൊരുത്തപ്പെടാൻ എനിക്കു കഴിയുന്നില്ല. അവയെല്ലാം ക്രിസ്തുവിന്റെ ജീവിതത്തിനും പ്രബോധനത്തിനും വിരുദ്ധമായ സാക്ഷ്യമാണ് നല്കുന്നത്". ഡോക്കിന്റെ ഭാഷയിൽ ഗാന്ധിജി എക്കാലവും അന്തരദേവാലയത്തിലെ നിയമഞ്ജനായിരുന്നു. ദൈവരാജ്യം മനുഷ്യന്റെ ഉള്ളിൽ എന്ന ടോൾസ്റ്റോയിയുടെ ആശയത്തെ മുറുകെപ്പിടിച്ച ഗാന്ധിജി മതത്തെ ഹൃദയതലത്തിൽ ഒതുക്കിനിർത്താൻ ശ്രമിച്ചു.

ഇന്ത്യൻ ചിന്തകർ ക്രിസ്തുവിനെയും യേശുവിനെയും ചരിത്രത്തിനതീതമായ യാഥാർത്ഥ്യമായി വീക്ഷിക്കുന്നു. ബേത്‌ലഹേമിൽ ജനിച്ച് പൊന്തിയോസ് പീലാത്തോസിന്റെ കാലഘട്ടത്തിൽ കാൽവരിയിൽ ക്രൂശിക്കപ്പെട്ട ചരിത്രമനുഷ്യനെയല്ല അവർ തിരയുന്നത്. പിന്നെയോ മനുഷ്യഹൃദയങ്ങളിൽ വസിക്കുന്ന സ്നേഹത്തിന്റെ പ്രതീകമായ യേശുവിനെയാണ് അവർ കണ്ടെത്താൻ ശ്രമിക്കുന്നത്. ആകമാനമുള്ള മനുഷ്യാനുഭവങ്ങളുടെ ഭാഗമായി യേശു തീരണം. യുഗയുഗങ്ങളിലായി ഭാരത ജനത വളർത്തിയെടുത്ത ആത്മീയ സംസ്ക്കാരത്തിന്റെ പ്രതീകമായി മാറണം യേശു.

ഇപ്രകാരമുള്ള ഒരു ക്രിസ്തുവീക്ഷണം അടിസ്ഥാനപരമായ ഭാരതീയ ദാർശനികതയുടെ ഒരു ബഹിർസ്ഫുരണമാണ്. രക്ഷണീയപദ്ധതി സമയത്തിന്റെ ഒരു പ്രത്യേക ദശയിൽ ആരംഭിക്കുന്നില്ല ഭാരതീയ ചിന്തയിൽ. പിന്നെയോ ആവർത്തിച്ചുണ്ടാകുന്ന മനുഷ്യാനുഭവത്തിന്റെ ഭാവമാണ് അത്. ക്രൈസ്തവ വീക്ഷണത്തിൽ മനുഷ്യന്റെ രക്ഷ ക്രിസ്തുവിൽ ആരംഭിക്കുന്നു. ചരിത്രത്തിലാരംഭിക്കുന്നു. സമയത്തിൽ ആരംഭിക്കുന്നു. ചരിത്രത്തിലും, സമയത്തിലും ആരംഭിച്ച രക്ഷണീയവേല സമയാന്ത്യത്തിലേക്ക് നിരന്തരം നീങ്ങുന്നു. സമയാന്ത്യത്തിൽ അവ പൂർത്തീകരിക്കപ്പെടുകയും മനുഷ്യനും പ്രപഞ്ചവും നവീകരിക്കപ്പെടുകയും ചെയ്യുന്നു. സമയത്തിൽ

www.malankaralibrary.com


ആരംഭിക്കുന്ന മനുഷ്യരക്ഷയുടെ നാന്ദിക്കുറിക്കലാണ് ക്രിസ്തുവിന്റെ ജനനം. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അത് ഒരു ചരിത്രസംഭവവും സമയത്തെ ഈശ്വരൻ സ്പർശിക്കുന്ന നിമിഷങ്ങളുടെ നിമിഷവുമാണ്. ഇപ്രകാരം ഒരു ചരിത്രവീക്ഷണമില്ലാത്ത ഭാരതീയർക്ക് സമയാധിഷഠിതമായ ക്രിസ്തുമസ്സ് അരോചകമായിത്തോന്നുന്നു. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമായിരുന്നു ഗാന്ധിജിയുടെ ക്രിസ്തുമസ്സ് ദർശനം. ക്രിസ്തുമസ്സ് ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം നിരന്തരം മനുഷ്യഹൃദയത്തിൽ ആവർത്തിച്ചു സാക്ഷാത്ക്കരിക്കപ്പെടുന്ന സംഭവമായിരുന്നു. ഇക്കാരണത്താൽ തന്നെ ഗാന്ധിജി ക്രിസ്തുമസ്സ് ഒരു പ്രത്യേകദിവസം ആഘോഷിക്കേണ്ടതില്ല എന്നു വാദിച്ചു.

ക്രിസ്തുമസ്സ് പ്രതിനിധാനംചെയ്യുന്ന സമാധാനം ഹൈന്ദവ സഹോദരങ്ങൾക്ക് വളരെ ഹൃദയസ്പർശിയായിത്തോന്നുന്നു. ഉപനിഷത്തിലും ഗീതയിലും കാണുന്ന ശാന്തിയുടെ പ്രതീകമായി നസ്രത്തിലെ പുൽക്കൂട്ടിൽ ജനിച്ച യേശുവിനെ അവർ കാണുന്നു. എന്നാൽ ആ സമാധാനം അസത്യത്തിൽനിന്നും സത്യത്തിലേക്കും, അസത്തയിൽനിന്നു സത്തയിലേക്കും മാറുന്ന മനുഷ്യനുമാത്രമേ ലഭിക്കയുള്ളൂ. സത്തയുടെയും സത്യത്തിന്റെയും പൂർത്തീകരണ മായിരുന്നു യേശു. യേശു സാക്ഷാൽ സത്ചിദാനന്ദനായിരുന്നു.

സന്തോഷത്തിന്റെ മൂർത്തിഭാവമായി പുൽക്കൂട്ടിൽ ജനിച്ച യേശുവിനെക്കാൾ ലോകരക്ഷാർത്ഥം ക്രൂശിൽ ഹോമിച്ച യേശുവിനെയാണ് ഇന്ത്യാക്കാർക്ക് കൂടുതൽ താല്പര്യം. ഗാന്ധിജി ഒരിക്കൽ ഇപ്രകാരം എഴുതി: യേശുവിന്റെ കുരിശിലെ മരണത്തെപ്പറ്റി ചിന്തിക്കാതെ അവിടുത്തെ ജനനത്തെക്കുറിച്ചു ചിന്തിക്കുവാൻ ധൈര്യം തോന്നുന്നില്ല. ജീവിക്കുന്ന ക്രിസ്തു എന്നതിന്റെ അർത്ഥം ജീവിക്കുന്ന കുരിശ് എന്നാണ്. അല്ലെങ്കിൽ ജീവിതം ഒരു മരണം തന്നെയാകുന്നു.

ഇന്ത്യാക്കാരന്റെ ക്രിസ്തുമസ്സ് വീക്ഷണം ആന്തരികതലത്തിലെ അത്മാവിനെ സാക്ഷാത്ക്കരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. അതുകൊണ്ടുതന്നെയാണ് ക്രിസ്തു ചരിത്രപുരുഷനെക്കാൾ കൂടുതലായി ഹൃദയത്തിന്റെ അധിപനായി ഇന്ത്യൻ ഹൃദയങ്ങളിൽ ഉയർന്നുനില്ക്കുന്നത്.

(കാഹളം, 1990 ജനുവരി, പുറം 8 & 17)

www.malankaralibrary.com

# 63

## മാത്യൂ ആർനോൾഡ് - കവിയും വ്യക്തിയും

ഡോ. ആന്നിയിൽ തരകൻ

ആംഗലസാഹിത്യത്തിൽ വിക്ടോറിയൻ കാലഘട്ടത്തിലെ (19-ാം നൂറ്റാണ്ട്) അദ്വിതീയനായ കവിയും വിമർശക സാഹിത്യ കാരനുമായിരുന്നു മാത്യൂ ആർനോൾഡ്. വിക്ടോറിയ രാജ്ഞിയുടെ ഭരണകാലം തുടങ്ങുന്നത് 1837- ൽ ആണെങ്കിലും, വിക്ടോറിയൻ സാഹിത്യം ആരംഭിക്കുന്നത് 1832-ൽ റിഫോം ബിൽ പാസ്സാക്കുന്ന തോടുകൂടിയാണ്. 1880 ആയപ്പോഴേക്കും ഈ കാലഘട്ടത്തിന് തിര ശ്ശീല വീണു. ഇംഗ്ലീഷ് സാഹിത്യത്തിലെ അതിപ്രധാനമായ ഈ കാലഘട്ടം പ്രശസ്തരായ അനേകം കവികൾക്കും കലാകാരന്മാർക്കും ജന്മം നൽകി. ലോർഡ് ടെന്നിസ്സൻ (Lord Tennyson), ജോൺ സ്റ്റുവർട്ട് മിൽ (John Stuart Mill), തോമസ് കാർലൈൽ (Thomas Carlyle), മാത്യു ആർനോൾഡ് (Matthew Arnold), റോബർട്ട് ബ്രൗണിങ് (Robert Browning), ജെറാൾഡ് മാൻലി ഹോപ്ക്കിൻസ് (Gerard Manley Hopkins), ജോൺ റസ്കിൻ (John Ruskin), വാൾട്ടർ പെയ്റ്റർ (Walter Pater), എന്നിങ്ങനെ പോകുന്നു അവരുടെ നീണ്ട പട്ടിക. എന്നാൽ ഇവരിൽ ആർക്കും തന്നെ വിക്ടോറിയൻ കാല

www.malankaralibrary.com


ഘട്ടത്തിലോ അതിനുശേഷമോ ആർനോൾഡ് നേടുയെടുത്ത പദവി കരസ്ഥമാക്കാൻ കഴിഞ്ഞില്ല. പിൻതലമുറയ്ക്ക് ആർനോൾഡിനെപ്പോലെ വഴികാട്ടിയായി മാറിയ വേറൊരു സാഹിത്യകാരൻ പത്തൊൻപതാം നൂറ്റാണ്ടിൽ ഉണ്ടായിട്ടില്ല. ഇന്നും വിമർശന സാഹിത്യത്തിന്റെ മുഖ്യധാര ആർനോൾഡ് നൽകിയ ദർശനങ്ങളാണ്.

ഗ്രീക്ക് ചിന്തയിൽ അരിസ്റ്റോട്ടലിനുണ്ടായിരുന്ന സ്ഥാനമാണ് ആർനോൾഡിന് ഇംഗ്ലീഷ് സാഹിത്യത്തിലുള്ളത്. ടി. എസ്. എലിയറ്റ് (T. S. Eliot), ജോർജ്ജ് സെയ്ന്റ്സ്ബെറി (George Saintsbury), എഫ്.ആർ.ലീവിസ് (F.R. Leaves), എന്നിവരുടെ വിമർശനസാഹിത്യം ഒരു വലിയ അളവുവരെ ആർനോൾഡ് ചിന്തയുടെ തുടർച്ചയാണ്. കാര്യങ്ങൾ കൃത്യമായി നിർവചിക്കാൻ ആർനോൾഡിന് പലപ്പോഴും സാധിച്ചില്ലെങ്കിലും അവതരണത്തിൽ കാണിച്ച വൈഭവം അദ്ദേഹത്തെ കാർലൈൽ, റെസ്കിൻ എന്നിവരെക്കാൾ വലിയ എഴുത്തുകാരനായി മാറ്റി എന്ന ടി.എസ് എലിയറ്റിന്റെ (T.S. Eliot) അഭിപ്രായം തികച്ചും അർത്ഥവത്താണ്. ഡേവിഡ് ജെ. ഡിലോറായും (David De Laura), ആർനോൾഡിന് സാഹിത്യത്തിൽ നൽകുന്ന സ്ഥാനം അദ്വിതീയമാണ്. ഈ കാലഘട്ടത്തിന് ഒഴിച്ചുകൂടാൻ വയ്യാത്ത വിമർശകനും കവിയുമാണ് ആർനോൾഡ് എന്ന് ഡിലോറ അഭിപ്രായപ്പെടുന്നു.

മാതാപിതാക്കൾ

മാത്യു ആർനോൾഡിന്റെ പിതാവ് തോമസ് ആർനോൾഡും (Thomas Arnold) മാതാവ് മേരി പെൻറോസു (Mary Penrose)മായിരുന്നു. പിതാവ് നല്ല ചരിത്രവീക്ഷണമുള്ള ഒരു അദ്ധ്യാപകനായിരുന്നു. അമ്മയുടെ കുടുംബക്കാർ വിദ്യാസമ്പന്നരും ആഗ്ലിക്കൻ സഭയിൽ പ്രശസ്തരായ അനേകം വൈദികരെ സംഭാവന ചെയ്തവരുമായിരുന്നു. 1820-ൽ മേരി പെൻറോസിനെ വിവാഹം കഴിച്ച തോമസ് ആർനോൾഡ് ലാൽഹാം (Laleham) എന്ന പട്ടണത്തിൽ താമസമാക്കി. ഇവരുടെ സീമന്തപുത്രനായി 1822 ഡിസംബർ മാസം 24-ാം തിയതി മാത്യൂ ആർനോൾഡ് ലാൽഹാമിൽ ജനിച്ചു. ലാൽഹാമിൽ തന്നെയാണ് "കെ" എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആർനോൾഡിന്റെ മൂത്ത സഹോദരി ജയിൻ (Jane) മാത്യുവിന്റെ ഇളയ സഹോദരന്മാരായ റ്റോം (Tom), വില്ല്യം ഡെലഫീൽഡ് (William Delafield) എന്നിവരും ഇളയ സഹോദരി മേരിയും ജനിച്ചത്.

www.malankaralibrary.com


മാതാവിന്റെ ശിക്ഷണത്തിൽ വളർന്നുവന്ന മാത്യുവിന് കുടുംബമായിരുന്നു ആദ്യ ഗുരുകുലം. മകന്റെ കലാസാഹിത്യരംഗത്തെ മികവ് മനസ്സിലാക്കിയ അമ്മ മാത്യൂവിനെക്കൊണ്ട് ബാല്യകാലത്തിൽ തന്നെ ആത്മകഥ എഴുതിപ്പിച്ചു. 1838-ൽ ഫോക്സ് ഹൗമാഗസിൻ (Fox How Magazine) എന്ന പേരിൽ മേരി പെൻ റോസ് തുടങ്ങിയ പത്രികയുടെ പ്രധാന ഉദ്ദേശ്യം തന്റെ മക്കളുടെ ബാല്യകാല രചനകൾ പ്രസിദ്ധികരിക്കുക എന്നതായിരുന്നു. ഈ മാസികയുടെ ആദ്യലക്കത്തിൽ കൊച്ചു മാത്യുവിന്റെ "സിറ്റി ഓഫ് ദ് സൽട്ടൺ" (City of the Sultan) എന്ന കവിത വെളിച്ചം കാണുകയുണ്ടായി. തന്റെ ഭവനത്തിനുള്ളിൽ ബ്യൂട്ടി ആന്റ് ദ് ബീസ്റ്റ് (Beauty and the Beast) എന്ന ചെറുനാടകം തന്റെ മക്കളെക്കൊണ്ട് ആ അമ്മ അവതരിപ്പിച്ചു.

1820 മുതൽ 1829 വരെയുള്ള കാലഘട്ടത്തിൽ തോമസ് ആർനോൾഡ് ലാൽഹാമിൽ നടത്തിയ സ്കൂൾ പ്രശസ്തമായ ഒരു വിദ്യാലയമായി മാറി. യൂണിവേഴ്സിറ്റിയിൽ ചേരാൻ പോകുന്ന കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകുകയായിരുന്നു ഈ സ്കൂളിന്റെ ഉദ്ദേശ്യം. ഇക്കാരണത്താൽ ലാൽഹാം പട്ടണം ജനശ്രദ്ധ പിടിച്ചുപറ്റി. ലണ്ടിനിൽ നിന്ന് പതിനെട്ട് മൈൽ അകലത്തിൽ സ്ഥിതിചെയ്തിരുന്ന ലാൽഹാം പട്ടണം മറ്റു പട്ടണങ്ങളെക്കാൾ ഉന്നതിയിലേക്കുയർന്നു.

1828 ഓഗസ്റ്റ് മാസത്തിൽ തോമസ് ആർനോൾഡ് റഗ്ബി സ്കൂളിന്റെ (Rugby School) പ്രഥമ അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. ഉന്നതമായ വിദ്യാഭ്യാസ സ്ഥാപനമായി റഗ്ബി സ്ക്കൂൾ ഉയർന്നതോടുകൂടി തോമസ് ആർനോൾഡിന്റെ ഖ്യാതി ഇംഗ്ലണ്ടിൽ പരന്നു. ചരിത്രത്തിൽ അതീവ ത്ല്പരനായിരുന്ന തോമസ്, ഗ്രീക്ക് ചരിത്രകാരനായ തുസിഡിഡസ് (Thucydides), ഡേനിഷ് ചരിത്രകാരനായ ബർത്തോൾഡ് നെയ്ബൂർ (Barthold Niebuhr) ഇറ്റാലിയൻ ചരിത്രകാരനായ ജിയോവാനി ബാറ്റിസ്റ്റ വിക്കോ (Giovani Battista Vico) എന്നിവരുടെ ആശയങ്ങൾ ഇംഗ്ലണ്ടിൽ പ്രചരിപ്പിച്ചു. ചരിത്രം വ്യക്തികളുടെ ജീവിതകഥയല്ലെന്നും അത് പ്രധാനമായും സ്ഥാപനങ്ങളുടെ വികസനത്തിന്റെയും ഗതിനിർണ്ണയത്തിന്റെയും കഥയാണെന്നും നെയ്ബൂർ പഠിപ്പിച്ചു. വിക്ടോറിയൻ സാഹിത്യകാരന്മാർ അവരുടെ സാഹിത്യത്തിൽ സ്ഥാപനവത്കൃതമായ ജീവിത വീക്ഷ

www.malankaralibrary.com


ണത്തിന് മുൻതൂക്കം നൽകുന്നതിനുള്ള പ്രധാനകാരണങ്ങളി ലൊന്ന് നെയ്ബൂറിന്റെ ആശയങ്ങളുടെ സ്വാധീനതയാണെന്ന് പറയുന്നതിൽ തെറ്റില്ല.

1725-ൽ പ്രസിദ്ധീകരിച്ച സിയെൻസാ ന്യൂവാ (Scienza nuova) എന്ന ഗ്രന്ഥത്തിൽ ദൈവേച്ഛയാണ് മനുഷ്യപുരോഗതി രൂപപ്പെടു ത്തുകയും ചരിത്രത്തെ ശരിയായ പാതയിലൂടെ നയിക്കുകയും ചെയ്യുന്നതെന്ന് വിക്കോ പറയുന്നു. മൂന്ന് ചാക്രികമായ ഘട്ടങ്ങളി ലൂടെ ചരിത്രം കടന്നുപോകുന്നതായി അദ്ദേഹം പ്രസ്താവിക്കുന്നു. ഒന്നാമത്തെ ഘട്ടം ദേവതകളുടെ (age of the gods) സ്വാധീനത യിൽ ഉൾപ്പെട്ട മനുഷ്യ സമൂഹത്തിന്റെ ചരിത്രമാണ്. ഈ കാലഘ ട്ടത്തിൽ സമൂഹം ഗോത്രത്തലവന്റെ അധീനതയിലായിരുന്നു. മനു ഷ്യനു ഭാവനാശക്തി കുറവല്ലായിരുന്നെങ്കിലും യുക്തിപരതയിൽ അവൻ പിന്നോക്കമായിരുന്നു. രണ്ടാമത്തെ ഘട്ടം വീരന്മാരുടേതായി രുന്നു (age of the heroes). പ്രഭുക്കന്മാരാണ് ഈ കാലഘട്ടത്തെ ഭരിച്ചത്. ജനാധിപത്യാധിഷ്ഠിതമായിരുന്നു മൂന്നാമത്തെ ഘട്ടം (age of men). ഈ ഘട്ടത്തിൽ യുക്തിയും ധാർമ്മികതയും മനുഷ്യൻ കൂടുതലായി ആർജ്ജിച്ചു. എന്നാൽ ഈ ഘട്ടം അതിവേഗം നശി ക്കുകയും ജനങ്ങൾ സ്വാർത്ഥമതികളായി പൊതുനന്മയിൽ താത്പ ര്യമില്ലാത്തവരായി തീരുകയും ചെയ്യുന്നു. തന്റെ പാസ്റ്റ് ആന്റ് പ്രസന്റ് (Past and Present) എന്ന ഗ്രന്ഥത്തിൽ (അദ്ധ്യായം V) താലന്തുക ളുടെ പ്രഭുത്വം ജനങ്ങളെ ഭരിക്കണമെന്ന് കാർലൈൽ വാദിച്ചത് വിക്കോയുടെ ചരിത്രസങ്കല്പത്തിലെ മൂന്നാം ഘട്ടത്തിൽ വരുന്ന അധഃപതനത്തിന് പരിഹാരമായിട്ടാണ്. കൾച്ചർ ആന്റ് ആനാർക്കി (Culture and Anarchy) എന്ന കൃതിയിൽ ജനസമൂഹത്തിന് നേതൃത്വം നൽകേണ്ടത് ഉത്തമാത്മാവാണെന്ന (Best Self) മാത്യൂ ആർനോൾഡിന്റെ സിദ്ധാന്തവും ജനാധിപത്യത്തിൽ വരാവുന്ന അധഃപതനത്തിന് പരിഹാരമായിട്ടാണ് അവതരിപ്പിച്ചത്.

ഇംഗ്ലണ്ടിൽ ചരിത്രത്തിന് ചാക്രികമായ വീക്ഷണം നൽകിയത് തോമസ് ആർനോൾഡ് ആയിരുന്നു. അദ്ദേഹത്തിന്റെ ഇപ്രകാര മുള്ള ചരിത്രവീക്ഷണത്തിന്റെ സ്രോതസ് വിക്കോയുടെ ആശയ ങ്ങളായിരുന്നു. തന്റെ സാർത്തോർ റിസാർത്തൂസ് (Sartor Resartus) എന്ന ഗ്രന്ഥത്തിൽ ഡയോജനസ് റ്റുഫൾസ്ട്രോക്ക് (Diogenes Teuffelsdrockh) എന്ന കഥാപാത്രം ആത്യന്തികമായ ഇല്ലായ്മയിൽ

www.malankaralibrary.com


നിന്നും (Everlasting No) ഗുണവും ദോഷവുമില്ലാത്ത നടുനിലയത്തിലൂടെ (Centre of Indifference) നീങ്ങി ആത്യന്തികമായ ഉണ്മയിലേക്ക് (Everlasting Yea) കടന്നുവരുന്നതായി കാർലൈൽ സങ്കല്പിക്കുന്നു. മനുഷ്യസമൂഹം ഏകീകരണ യുഗത്തിൽ നിന്നും (Epoch of Concentration) വികസനയുഗത്തിലേക്ക് (Epoch of Expansion) ചാക്രികമായി കടന്നുപോകുന്നു എന്നു മാത്യൂ ആർനോൾഡ് പഠിപ്പിക്കുന്നു. ഈ ചാക്രിക ജീവിത വീക്ഷണം ആർനോൾഡ് തന്റെ കവിതയിൽ പ്രതീകങ്ങളിലൂടെ സങ്കീർണ്ണമായ രീതിയിൽ ആവിഷ്ക്കരിക്കുന്നു. ആർനോൾഡിന്റെ മിക്കകവിതകളിലും ഒരു നദിയുടെ പ്രതീകാത്മകത കവിതയ്ക്ക് അടിസ്ഥാനമായി നിൽക്കുന്നു. പലപ്പോഴും മലമുകളിൽ നിന്നു ഈ നദി ഉത്ഭവിച്ച് ഉണങ്ങിവരണ്ട സമനിലത്തിലൂടെ ഒഴുകി കടലിൽ എത്തുന്നു. “എ ഡ്രീം” (A Dream) എന്ന കവിതയിലും “ദ് ബെറീഡ് ലൈഫ്” (The Buried Life) എന്ന കവിതയിലും ഈ ചാക്രിക പ്രതീകം ദൃശ്യമാണ്. **കള്ളർ** (Culler) ഇതിനെ ജീവിതനദി എന്നു വിളിക്കുന്നു. ഈ ആശയങ്ങളെല്ലാം തന്നെ തോമസ് ആർനോൾഡ് പ്രചരിപ്പിച്ച ചരിത്രദർശനത്തിന്റെ പ്രതിഫലനമായി കാണുന്നതിൽ തെറ്റില്ല. പിതാവിനെപ്പോലെ മാത്യൂ ആർനോൾഡും ചരിത്രം ചാക്രികമാണെന്ന് വിശ്വസിച്ചു.

റഗ്ബിയിൽ അദ്ധ്യാപകനായിരുന്നപ്പോൾ 1818-ൽ തോമസ് ആർനോൾഡ് ഡീക്കൻ പട്ടം സ്വീകരിക്കുകയും പിന്നീട് ആംഗ്ലിക്കൻ സഭയിലെ ഒരു മിനിസ്റ്റർ ആയി തീരുകയും ചെയ്തു. 1833-ൽ ജോൺ കെബിൾ (John Keble) ഓക്സ്ഫോർഡിൽ ചെയ്ത മതപ്രഭാഷണത്തോടുകൂടി ഓക്സ്ഫോർഡ് മൂവ്മെന്റ് സമാരംഭിച്ചു. വേദശാസ്ത്രത്തിൽ ഡോക്ട്രേറ്റ് നേടിയ തോമസ് ആർനോൾഡ് ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെട്ടത് ജോൺ കെബിൾ, ഇ.ബി. പ്യൂസി (E.B. Pusey), ജോൺ ഹെൻറി ന്യൂമാൻ എന്നിവരുടെ ഓക്സ് ഫോർഡ് മൂവ്മെന്റിനെതിരേയുള്ള ശക്തമായ നീക്കത്തോടുകൂടിയായിരുന്നു. ആഗ്ലിക്കൻ സമൂഹത്തെ സ്വതന്ത്രവും ബാഹ്യ നിയന്ത്രണമില്ലാത്തതുമായ ഒരു ലിബറൽ സഭയാക്കി മാറ്റുന്നതിൽ തോമസ് ആർനോൾഡ് വഹിച്ച പങ്ക് അദ്വിതീയമായിരുന്നു. പാരമ്പര്യത്തെ മുറുക്കെ പിടിച്ച് സഭയെ അപ്പോസ്തോലിക സ്രോതസ്സുകളിലേക്ക് തിരിച്ചുകൊണ്ടുപോകുകയും ലിബറിലിസ്സത്തിന്റെ സ്വാധീനത്തിൽ നിന്ന് സഭയെ സ്വതന്ത്രമാക്കുകയും ചെയ്യുക എന്നതായിരുന്നു കെബിൾ, പ്യൂസി, ന്യൂമാൻ എന്നിവരുടെ കർമ്മപദ്ധതി.

www.malankaralibrary.com


ഡിസെന്റേഴ്സ് (Dissenters) എന്ന പേരിൽ അറിയപ്പെട്ടിരുന്ന ലിബറൽ സഭാംഗങ്ങൾ വരുത്തിവെയ്ക്കാവുന്ന അപകടത്തെ ചൂണ്ടിക്കാണിക്കുന്നതിനും റോമൻ സഭയുടെ അപ്പോസ്തോലിക പാരമ്പര്യം വിശദീകരിക്കുന്നതിനുമാണ് ന്യൂമാൻ തന്റെ സുപ്രസിദ്ധമായ അപ്പോളോജിയ പ്രോ വീത്താ സുവാ (Apologia Provita Sua) എന്ന ഗ്രന്ഥം രചിച്ചത്. സഭയുടെ വിശ്വാസപ്രമാണം ഒരു വ്യക്തിയുടെ വിശകലനത്തിന് അതീതമാണെന്നും അക്കാരണത്താൽ അത് മാറ്റത്തിന് വിധേയമല്ലെന്നുമുള്ള ന്യൂമാന്റെ വാദഗതിയെ തോമസ് ആർനോൾഡ് ഖണ്ഡിച്ചു. 1841-ൽ എല്ലാ ക്രൈസ്തവ വിഭാഗങ്ങളെയും ഉൾപ്പെടുത്തി വിശാലമായ ഒരു സഭയ്ക്ക് ഇംഗ്ലണ്ടിൽ തോമസ് അർനോൾഡ് രൂപം നൽകി. ഈ പ്രസ്ഥാനം ബ്രോഡ് ചർച്ച് മൂവ്മെന്റ് എന്ന പേരിൽ അറിയപ്പെട്ടിരുന്നു. 1841 ഓഗസ്റ്റ് മാസം 1-ാം തീയതി ലോർഡ് മെൽബേൺ (Lord Melbourne) തോമസ് ആർനോൾഡിനെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ ചരിത്രവിഭാഗത്തിന്റെ പ്രഥസറായി നിയമിച്ചു. 1842-ൽ അദ്ദേഹം ഹൃദയസ്തംഭനം മൂലം ദിവംഗതനായി.

ബാല്യകാലവിദ്യാഭ്യാസം

ആർനോൾഡിന്റെ ബാല്യകാല വിദ്യാഭ്യാസം ആരംഭിക്കുന്നത് ലാൽഹാം സ്കൂളുമായി ബന്ധപ്പെട്ടാണ്. റഡ്ലെൻഡ് (Rutland) എന്ന പേരോടുകൂടിയ ഒരു ഗാർഹിക അദ്ധ്യാപിക മാത്യുവിന്റെ ബാല്യകാല വിദ്യാഭ്യാസത്തിന്റെ ചുമതല വഹിച്ചു. പിന്നീട് അല്പം അകലെയുള്ള ബക്ക്ലെൻഡ് സ്കൂളിൽ (Buckland School) ചേർന്ന് മാത്യു പഠനം ആരംഭിച്ചു. ഇവിടെ 1831 മുതൽ 1832 വരെ പഠിച്ചു. സ്കൂളിന്റെ പ്രഥമ അദ്ധ്യാപകനായ റവ. ബക്ക്ലെൻഡിനെ (Rev. Buckland) തികഞ്ഞ വിദ്വേഷത്തോടുകൂടിയാണ് മാത്യു കണ്ടത്. ആ സ്കൂളിനെ ഒരു ജയിലായിട്ടാണ് അദ്ദേഹം പില്ക്കാലങ്ങളിൽ ചിത്രീകരിച്ചിട്ടുള്ളത്. 1836 ആയപ്പോഴേക്കും മാത്യു വിൻച്ചെസ്റ്റർ സ്കൂളിൽ (Winchester School) വിദ്യാർത്ഥിയായി. 1837 വരെ അവിടെ പഠനം നടത്തി. ബാലനായ മാത്യു പഠനത്തെക്കാൾ കൂടുതലായി താൽപര്യം കാണിച്ചത് ഗൃഹബാഹ്യ വിനോദങ്ങളിലായിരുന്നു. ഡിന്നർ പാർട്ടികളിലും, ചുണ്ടയിടീലിലും, യാത്രയിലും മറ്റും തത്പരനായിരുന്ന അവൻ പഠനകാര്യങ്ങളിൽ ശ്രദ്ധിക്കാതിരുന്നത് അവന്റെ മാതാപിതാക്കളെ വിഷമിപ്പിച്ചു. വിദ്യാഭ്യാസ വിചക്ഷണ

www.malankaralibrary.com

നായ തോമസ് ആർനോൾഡ് തന്റെ മകന് ട്യൂഷൻ നൽകാനായി ഹെർബെർട്ട് ഹിൽ (Herbert Hill) എന്ന അദ്ധ്യാപകനെ നിയമിച്ചു. ലത്തിൻ, ഗ്രീക്ക് എന്നീ ഭാഷകളിലെ പ്രസിദ്ധ സാഹിത്യകാരന്മാരായ വേർജിൽ (Virgil), ഹോറസ് (Horace), സോഫോക്ലീസ് (Sophocles) എന്നിവരുടെ കൃതികൾ ഹെർബെർട്ട് ഹില്ലിന്റെ സഹായത്തോടുകൂടി പഠിക്കാൻ മാത്യു ശ്രമിച്ചു.

പിന്നീടുള്ള വിദ്യാഭ്യാസം പിതാവിന്റെ പ്രസിദ്ധമായ റഗ്ബി സ്കൂളിലാണ് മാത്യു നിർവഹിച്ചത്. ഫിഫ്ത്ത് മുതലുള്ള പഠനത്തിനാണ് മാത്യു റഗ്ബിയിൽ പ്രവേശിച്ചത്. ഇവിടെ 1837 മുതൽ 1841 വരെ മാത്യു വിദ്യാർത്ഥിയായിരുന്നു. മാത്യുവിനെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായ ഒരു കാലഘട്ടമായിരുന്നു റഗ്ബിയിലെ തന്റെ ജീവിതം. റഗ്ബിയിലെ പ്രശസ്തനായ ഹെഡ്മാസ്റ്ററുടെ മകൻ എന്ന നിലയിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ശ്രദ്ധ മാത്യു പിടിച്ചുപറ്റി. ലത്തീനും ഗ്രീക്കും പഠിക്കുന്നതിൽ അതീവ താത്പര്യം കാണിച്ചുവെന്നു മാത്രമല്ല കവിതയെഴുത്തിലും മറ്റ് സർഗ്ഗാത്മക പ്രവർത്തനങ്ങളിലും കൂടുതൽ ശ്രദ്ധിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

റ്റോം ബ്രൗൺസ് സ്കൂൾ ഡെയിസ് (Tom Brown’s School Days) എന്ന ഗ്രന്ഥത്തിൽ റ്റോം ഹ്യൂസ് (Tom Hughes) മാത്യൂ ആർനോൾഡിന്റെ റഗ്ബി കാലഘട്ടത്തെ ചിത്രീകരിക്കുന്നുണ്ട്. റഗ്ബിയിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ തന്റെ പിതാവ് ഫോക്സ് ഹൗ (Fox How) എന്ന നാട്ടിൻപുറത്ത് പണികഴിപ്പിച്ച അവധിക്കാല വില്ലായിൽ മാത്യു മാതാപിതാക്കളോടൊത്ത് താമസിക്കുക പതിവായിരുന്നു. പല ബുദ്ധിജീവികളും സാഹിത്യ കുതുകികളും ആർനോൾഡിന്റെ ഫോക്സ് ഹൗ വില്ലായിലെ സന്ദർശകരായിരുന്നു. ആർദർ ക്ലഫ് (Arthur Clough), ഹെർബേർട്ട് ഹിൽ (Herbert Hill), ജോർജ്ജ് ബ്രാഡ്ലി  (George Bradley), ജോർജ്ജ് ഹ്യൂസ് (George Hughes) എന്നിവർ ആ ഭവനം സന്ദർശിക്കുക പതിവായിരുന്നു. സാമുവേൽ ടെയ്‌ലർ കോളറിഡ്ജിന്റെ മകൻ ഹാർട്ടിലി കോളറിഡ്ജ് (Hartley Coleridge) ആയിരുന്നു വേറൊരു സ്ഥിരം സന്ദർശകൻ.

ഫോക്സ് ഹൗവിന് അടുത്തുള്ള ലേക്ക് ഡിസ്ട്രിക്റ്റിൽ താമസിച്ചിരുന്ന വേർഡ്സ്വർത്തും കുടുംബവുമായി പരിചയപ്പെടാൻ മാത്യുവിന് സാധിച്ചു. ബാലനായ മാത്യൂവിൽ വൃദ്ധനായ മഹാകവി വേർഡ്സ്വർത്ത് ചെലുത്തിയ സ്വാധീനം മാത്യു ആർനോൾ

www.malankaralibrary.com


ഡിന്റെ പില്ക്കാല ജീവിതത്തിൽ നിർണ്ണായകമായി. ആർനോൾഡിന്റെ കവിതകളിൽ വേർഡ്സ്വർത്തിന്റെ കാവ്യമുദ്ര ദൃശ്യമാണെന്നുള്ള വിമർശകരുടെ വാദം അർത്ഥവത്താണ്. വേർഡ്സ് വർത്തിന്റെ "ലൈൻസ് കംപോസ്ഡ് എ ഫ്യു മൈൽസ് എബൗ റ്റിന്റനാബി" (Lines Composed a Few Miles above Tintern Abbey) എന്ന കവിതയും മാത്യൂ ആർനോൾഡിന്റെ "റസിഗ്നേഷൻ" (Resignation) എന്ന കവിതയും ഘടനാപരമായി ബന്ധപ്പെട്ടതാണെന്ന വിമർശകരുടെ അഭിപ്രായം ഇവിടെ പ്രസക്തമാണ്.

എസ്സേയ്സ് ഇൻ ക്രിട്ടിസിസ്സം സെക്കൻഡ് സീരിസ് (Essays in Criticism Second Series) എന്ന ഗ്രന്ഥത്തിൽ വേർഡ്സ് വർത്തിനെപ്പറ്റി ആർനോൾഡ് എഴുതിയ പ്രബന്ധത്തിൽ വേർഡ്സ് വർത്തിന് നൽകുന്ന പ്രശംസയും പില്ക്കാലങ്ങളിൽ (1879–ൽ) അദ്ദേഹത്തിന്റെ കാവ്യസമാഹാരം പോയംസ് ഓഫ് വേർഡ്സ്വർത്ത് (Poems of Wordsworth) എന്ന പേരിൽ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചതും എല്ലാം തന്നെ ആ കാല്പ്പനിക കവി മാത്യുവിന്റെമേൽ ബാല്യകാലത്ത് ചെലുത്തിയ സ്വാധീനതയുടെ പ്രതിഫലനമാണ്.

മാത്യൂ ആർനോൾഡിന്റെ സഹോദരി ജെയിൻ (Jane) വേർഡ്സ്വർത്തിന്റെ സഹോദരി ഡോറത്തി (Dorothy) യുമായുള്ള സുഹൃത്ത്ബന്ധം ആരംഭിച്ചത് ഈ കാലഘട്ടത്തിലാണ്. പില്ക്കാലങ്ങളിൽ റോബർട്ട് ബ്രൗണിംഗുമായും സുഹൃത്ത് ബന്ധം പുലർത്താൻ ആർനോൾഡ് ശ്രമിച്ചു. വേറൊരു സമകാലീന കവിയായ ടെന്നിസ്സനുമായും ബന്ധപ്പെടാൻ ആർനോൾഡ് ശ്രമിക്കുകയുണ്ടായി. അദ്ദേഹം ടെന്നിസ്സന്റെ "ഇൻ മെമ്മോറിയാം" (In Memoriam) ശ്രദ്ധയോടുകൂടി വായിക്കുകയും തന്റെ ചർച്ചകളിൽ ആ കവിത പരാമർശവിധേയമാക്കുകയും ചെയ്തു. ആരംഭവും മദ്ധ്യഭാഗവും അന്ത്യവുമില്ലാത്ത കവിതയാണ് "ഇൻ മെമ്മോറിയാം" എന്നായിരുന്നു ആർനോൾഡിന്റെ ആഭിപ്രായം. അരിസ്റ്റോട്ടിലിന്റെ നാടകനിയമങ്ങൾ ആസ്പദമാക്കിയുള്ള ഈ വിലയിരുത്തൽ ടെന്നിസ്സന്റെ കവിതയുടെ ഘടനയ്ക്കെതിരെയുള്ള കടുത്ത വിമർശനമായിരുന്നു. ജോൺ സ്റ്റുവെർട്ട് മില്ലിനെ (John Stuart Mill) പ്പോലുള്ളവരുടെ കൃതികളും ആർനോൾഡിന്റെ വിമർശനത്തിന് വിധേയമായി. ജോൺ സ്റ്റുവെർട്ട് മിൽ ആന്തരികമായ ആത്മീയ വീക്ഷണം ഇല്ലാത്ത വ്യക്തിയാണെന്നായിരുന്നു ആർനോൾഡിന്റെ അഭിപ്രായം.

www.malankaralibrary.com


ആർനോൾഡിന്റെ റഗ്ബി കാലഘട്ടത്തിലാണ് കവി എന്ന പേരിൽ ആദ്യ അംഗീകാരം ലഭിക്കുന്നത്. ഫോക്സ് ഹൗ മാഗസിനിൽ കവിത പ്രസിദ്ധീകരിച്ച് തുടങ്ങിയ ആർനോൾഡ് റഗ്ബിയിൽ വിദ്യാർത്ഥി ആയപ്പോൾ കാവ്യരചന തന്റെ ജീവിതത്തിന്റെ ഗൗരവമേറിയ ഉത്തരവാദിത്വങ്ങളിലൊന്നായി കാണുകയുണ്ടായി. 1840-ൽ റഗ്ബിയിൽ വെച്ചെഴുതിയ "അലാറിക് അറ്റ് റോം" (Alaric at Rome) എന്ന കവിതയ്ക്ക് സ്കൂൾ പ്രൈസ് ലഭിച്ചു. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ എഴുതിയ "ക്രോംവെൽ" (Cromwell) എന്ന കവിതയെക്കാൾ മെച്ചപ്പെട്ടതാണ് ഇതെന്ന് പിൽക്കാലത്ത് എണ്ട്മൺഡ് ഗോസി (Edmund Gosse) ന് അദ്ദേഹം എഴുതിയത് ഇവിടെ പ്രസ്താവ്യമത്രേ. "അലാറിക് അറ്റ് റോം" എന്ന കവിത ഗിബണിന്റെ (Gibbon) ദ് ഹിസ്റ്ററി ഓഫ് ദ ഡിക്ലെയ്ൻ ആന്റ് ദ ഫോൾ ഓഫ് ദ റോമൻ എമ്പയർ (The History of the Decline and Fall of the Roman Empire) എന്ന ചരിത്രഗ്രന്ഥത്തെ ആസ്പദമാക്കി രചിച്ചതാണ്. അലാറിക് റോമാ പട്ടണം കീഴടക്കി. എന്നാൽ അദ്ദേഹം അതിന് ശേഷം ഒരു വർഷത്തിനുള്ളിൽ അന്തരിച്ചു. റോമാപട്ടണത്തെ ആക്രമിച്ച ശത്രുക്കളെ പ്രതിരോധിച്ച വീരസേനാനികളും കാലചക്രത്തിനുള്ളിൽ മറഞ്ഞു. ഇത് പ്രകൃതി നൽകുന്ന നിയമമായി കവി കാണുന്നു. ചരിത്രകാരനെക്കാൾ ഉൾക്കാഴ്ചയോടുകൂടി ജീവിതത്തെ ദർശിക്കുവാൻ കവി പര്യാപ്തനായി മാറുന്നു ഈ കവിതയിൽ.

## ഓക്സ്ഫോർഡിലെ വിദ്യാർത്ഥി

18-ാമത്തെ വയസ്സിൽ മാത്യൂ ആർനോൾഡ് ഓക്സ്ഫോർഡിലെ ബാലിയോൾ കോളേജിൽ വിദ്യാർത്ഥിയായി ചേർന്നു. അദ്ദേഹത്തിന്റെ ചിരകാല റഗ്ബി സുഹൃത്തുക്കളിൽ പലരും പ്രത്യേകിച്ച് ആർദർ ക്ലഫും ഈ കാലയളവിൽ ഓക്സ്ഫോർഡിലെ വിദ്യാർത്ഥികളായിരുന്നു. റഗ്ബിയിൽ നിന്നും ഓക്സ്ഫോർഡിലേക്കുള്ള മാറ്റം ആർനോൾഡിനെ സംബന്ധിച്ചിടത്തോളം പുതിയ ആശയങ്ങളുടെയും ബൗദ്ധിക സംഘട്ടനങ്ങളുടെയും ലോകത്തേക്കുള്ള പ്രവേശനമായിരുന്നു. കർദ്ദിനാൾ ന്യൂമാന്റെയും തന്റെ പിതാവായ തോമസ് ആർനോൾഡിന്റെയും പരസ്പര വൈരുദ്ധ്യം നിറഞ്ഞ ആശയങ്ങളുടെ ലോകത്ത് ജീവിച്ച മാത്യൂ ആർനോൾഡ് നിഷ്പക്ഷമായും വസ്തുനിഷ്ഠമായും കാര്യങ്ങൾ ഗ്രഹിക്കാൻ ശ്രമിച്ചു.

www.malankaralibrary.com



എന്നാൽ പില്ക്കാലങ്ങളിൽ അദ്ദേഹം തന്റെ പിതാവിന്റെ മതകാര്യങ്ങളിലുള്ള ലിബറൽ ചിന്താഗതിയോട് ചേർന്നു പോകുകയാണുണ്ടായത്.

1844 ആയപ്പോഴേക്കും ആർനോൾഡ് സഭാകാര്യങ്ങളിൽ പൂർണ്ണമായും ലിബറൽ ചിന്താഗതിയുടെ ഉടമയായിത്തീർന്നു. ക്രിസ്തുവിന്റെ ഗോഗുൽത്തായിലെ ബലിയും പുനരുത്ഥാനവും പാപരിഹാരം നൽകുന്നു എന്ന ചിന്ത ആർനോൾഡ് തിരസ്ക്കരിച്ചു. ആർനോൾഡ് സാഹിത്യത്തിലും രാഷ്ട്രമീമാംസയിലും യാഥാസ്ഥിതികനും അതേസമയം മതകാര്യങ്ങളിൽ തികഞ്ഞ സ്വതന്ത്രവാദിയുമായിരുന്നു. അതിനുള്ള കാരണം അദ്ദേഹം ഓക്സ്ഫോർഡിൽ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിലെ ആശയങ്ങളുടെ സ്വാധീനതയായിരുന്നു. താത്ത്വികവും വേദശാസ്ത്രപരവുമായ ആശയങ്ങൾ ഈ കാലഘട്ടത്തിലെഴുതിയ കവിതകളിൽ പ്രകടമാണ്. “റിട്ടൺ ഇൻ എമേർസൺസ് എസ്സേയിസ്” (Written in Emerson’s Essays) എന്ന കവിതയിൽ എമേർസൺന്റെ ആശയങ്ങളുടെ സ്വാധീനത പ്രകടമാണ്. “റിട്ടൺ ഇൻ ബഡ്ലേഴ്സ് സെർമൺസ്” (Written in Butler’s Sermons) എന്ന കവിതയിൽ ജോസഫ് ബഡ്ലറുടെ താത്ത്വികചിന്തയെ ആർനോൾഡ് വിമർശിക്കുന്നു. 1849-ൽ പ്രസിദ്ധീകരിച്ച “ദ് സ്ട്രെയിഡ് റെവലർ ആന്റ് അദർ പോയംസ്” എന്ന കാവ്യ സമാഹാരത്തിൽ വന്ന പലകവിതകളും ബാലിയോൾ കോളജിലെ വിദ്യാർത്ഥിയായിരുന്നപ്പോൾ എഴുതിയതാണ്.

1844-ൽ ബാലിയോൾ കോളേജിൽ അവസാന വർഷത്തെ പരീക്ഷയ്ക്ക് തയ്യാറെടുപ്പിനായി സുഹൃത്തായ ആർദർ ക്ലഫുമായി സഹകരിച്ച് പഠിക്കുന്നതിന് മാത്യു ഫോക്സ് ഹൗ വില്ലായിലേക്ക് ഒരു യാത്ര പുറപ്പെട്ട കാര്യം പാർക്ക് ഹോനൻ വിവരിക്കുന്നു. തന്റെ അമ്മയായ മേരി പെൻറോസിന്റെ നിർദ്ദേശ പ്രകാരമാണ് ക്ലഫ് അർനോൾഡിനെയും കൂട്ടി ഫോക്സ് ഹൗ വില്ലായിലേക്ക് യാത്ര തിരിച്ചത്. എന്നാൽ അവിടെയെത്തിയപ്പോൾ മാത്യൂ പഠനത്തിനു പകരം ലേക്ക് ഡിസ്ട്രിക്റ്റിൽ മീൻ പിടിക്കാനാണ് പോയത്. 1844-ലെ ബാലിയോൾ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയപ്പോൾ ബി. എ.യ്ക്ക് സെക്കന്റ് ക്ലാസ്സിൽ മാത്രമാണ് മാത്യൂ ആർനോൾഡ് പാസ്സായത്. പിതാവിന്റെ സുഹൃത്തുക്കളുടെയും സഹപാഠികളുടെയും ഇടയിൽ മാത്യൂവിനോടുള്ള അതൃപ്തിയ്ക്ക് ഈ പരീക്ഷാഫലം കാരണമായി.

www.malankaralibrary.com


തോമസ് ആർനോൾഡിന്റെ സുഹൃത്തായ ഡോ. റ്റെയിറ്റിന്റെ (Dr. Tait) ശുപാർശ പ്രകാരം റഗ്ബി സ്കൂളിൽ ക്ലാസ്സിസിസ്സം പഠിപ്പിക്കുന്നതിന് മാത്യുവിനെ താത്ക്കാലികമായി നിയമിച്ചു. ഗ്രെൻഫെൽ (Grenfell) എന്ന അദ്ധ്യാപകൻ അവധിയെടുത്ത കാലഘട്ടത്തിൽ റഗ്ബിയിൽ നിയമിതനായ മാത്യു ആർനോൾഡ് വേർജിൽ, ഹോറസ്, സോഫോക്ലീസ് എന്നീ പ്രാചീന സാഹിത്യകാരന്മാരുടെ കൃതികൾ പഠിപ്പിച്ചതിനോടൊപ്പം ഓക്സ്ഫോർഡിലെ ഓറിയൽ കോളേജിൽ ഫെലോഷിപ്പ് കരസ്ഥമാക്കാൻ ധാരാളമായി വായിച്ചു.

## ഓറിയൽ കോളജിൽ ഫെലോഷിപ്പ്

ബാലിയോൾ കോളേജിലെ പഠനത്തിലുണ്ടായ പരാജയം ഭാഗികമായിട്ടെങ്കിലും മാറുന്നത് 1845-ൽ മാത്യു ആർനോൾഡിന് ഓറിയൽ കോളേജിൽ ഫെലോഷിപ്പ് കിട്ടുന്നതോടുകൂടിയാണ്. എഡ്‌വേർഡ് ഹോക്കിൻസ് (Edward Hawkins) നേതൃത്വം നൽകിയ ഓറിയൽ കോളേജിൽ നിന്നായിരുന്നു ഓക്സ്ഫോർഡ് മൂവ്മെന്റുമായി ബന്ധപ്പെട്ട പല പ്രബന്ധങ്ങളും വെളിച്ചം കണ്ടത്. ഈ കാലഘട്ടത്തിൽ കേബിൾ (keble), പ്യൂസി (Peusy) എന്നിവരുടെ മേൽ ഓറിയൽ കോളേജിലെ അധികാരികൾ പല നിയന്ത്രണങ്ങളും ഏർപ്പെടുത്തി. 1845-ൽ ന്യൂമാൻ കത്തോലിക്കൻ ആയതോടുകൂടി ഓക്സ്ഫോർഡ് മൂവ്മെന്റിനെ ഓറിയൽ കോളേജിലെ അധികാരികൾ നിശിതമായി വിമർശിക്കുകയും ആ പ്രസ്ഥാനത്തിന്റെ സ്വാധീനതയിൽ നിന്ന് വിദ്യാർത്ഥികളെ പിൻതിരിപ്പിക്കുകയും ചെയ്തു. ഈ ബൗദ്ധിക സംഘർഷങ്ങളുടെ നടുവിൽ ഓറിയലിൽ താമസിച്ച മാത്യൂ ധാരാളം വായിക്കുകയും എഴുതുകയും ചെയ്തു. ജോർജ്ജ് ബർക്കിലിയും (George Berkeley), ഇമ്മാനുവേൽ കാന്റു (Immanuel Kant) ഭഗവദ്ഗീതയുമെല്ലാം ഈ കാലഘട്ടത്തിലാണ് പഠനവിഷയമാകുന്നത്. ഫ്രഞ്ച് തത്ത്വശാസ്ത്രജ്ഞനായ വിക്ടർ കുസേന്റെ (Victor Cousin) കൃതികളും പ്രഭാഷണങ്ങളും, വിൽഹം ഫോൺ ഹുംബോൾട്ടിന്റെ (Welhelm Von Humboldt) രചനകളും ഗീതാപഠനത്തിന് സഹായകമായി തീർന്നു.

1847 ആയപ്പോഴേക്കും ആർനോൾഡ് ഓറിയൽ കോളജിൽ നിന്നും ലണ്ടനിലേക്ക് മാറിത്താമസിച്ചു. 1847 മുതൽ 1848 വരെയുള്ള കാലഘട്ടത്തിൽ ലാൻഡ്ഡൗൺ (Lansdowne) പ്രഭുവിന്റെ സെക്രട്ടറിയായി ലണ്ടനിൽ ജോലി ചെയ്തു. 24 വയസ്സ് മാത്രം പ്രായമുള്ള മാത്യു ആർനോൾഡ് തിരക്കേറിയ ലണ്ടനിലെ ബേർക്കിലി

www.malankaralibrary.com

സ്ക്വയറിൽ സ്ഥിതിചെയ്യുന്ന ലാൻസ്ഡൗൺ പ്രഭുവിന്റെ മനോഹരമായ കൊട്ടാരത്തിലെ ഓഫീസിൽ തന്റെ കൃത്യനിർവ്വഹണത്തിൽ വ്യാപൃതനായി. 72 പൗണ്ടായിരുന്നു അന്നത്തെ ശമ്പളം. ഈ കാലഘട്ടത്തിൽ ലോർഡ് റസ്സൽ (Lord Russell) ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടു. റസ്സലിന്റെ മന്ത്രിസഭയിൽ ധനകാര്യമാണ് ലാൻസ്ഡൗൺ പ്രഭു കൈകാര്യം ചെയ്തിരുന്നത്. ധനതത്ത്വ ശാസ്ത്രജ്ഞനായ ആഡം സ്മിത്തിന്റെ (Adam Smith) വെൽത്ത് ഓഫ് നേഷൻസ് (Wealth of Nations) എന്ന ഗ്രന്ഥത്തിലെ ലെയിസേ ഫേയർ (laissez faire) ആശയങ്ങളെ മുറുകെപിടിച്ച ലാൻസ്ഡൗൺ പ്രഭുവിന്റെ സാമൂഹിക പ്രതിബദ്ധതയെ ആർനോൾഡ് വിമർശിച്ചു. അയർലെന്റിലുണ്ടായ ക്ഷാമത്തിനു പരിഹാരം കാണുന്നതിൽ അന്നുണ്ടായിരുന്ന വിഗ് (whig) ഗവൺമെന്റിന്റെ പരാജയം മാത്യൂ ആർനോൾഡിനെ പലവിധത്തിലും നിരാശനാക്കി. സെക്രട്ടറി സ്ഥാനവും കാവ്യാത്മകമായ തന്റെ ജീവിതവീക്ഷണവും കോർത്തിണക്കുക പ്രയാസകരമായി മാത്യൂവിന് തോന്നി. മതകാര്യങ്ങളിൽ ലിബറൽ ചിന്താഗതി വെച്ചുപുലർത്തിയെങ്കിലും ക്രിസ്തുമതത്തിന്റെ ധാർമ്മികതയും അത് വിഭാവനം ചെയ്യുന്ന ഉദാര മനസ്കതയും ആർനോൾഡിനെ സ്വാധീനിച്ചു. അതിന്റെ അഭാവം എവിടെയെല്ലാം അദ്ദേഹം ദർശിച്ചുവോ അവിടെയെല്ലാം തന്റെ ജീവിതം അലോസരമായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. വേദതത്ത്വസംഹിതകളിലെന്നതിനെക്കാൾ ക്രിസ്തുമതത്തിൽ ആർനോൾഡ് ധാർമ്മികത ദർശിച്ചു.

ഓറിയൽ കോളജിൽ താമസിച്ചപ്പോഴാണ് മാത്യൂ ആർനോൾഡ് ഫ്രഞ്ച് നോവലിസ്റ്റായ ജോർജ്ജ് സാന്റ് (George Sand) എന്ന വനിതയെ കണ്ടുമുട്ടുന്നത്. 1846-ൽ അവരെ പരിചയപ്പെട്ടതിനു ശേഷം ആർനോൾഡിന്റെ മിക്കപ്രഭാഷണങ്ങളിലും ഫ്രഞ്ച് സാഹിത്യത്തിന് അവർ നൽകിയ സംഭാവന ചർച്ചാവിഷയമായി. ഈ കാലഘട്ടത്തിൽത്തന്നെ മേരി ക്ലോഡ് (Mary Claude) എന്ന ഫ്രഞ്ച് വനിതയുമായി അദ്ദേഹം പ്രേമബന്ധത്തിലായി. 1848 മുതൽ 1849 വരെ മാത്യൂ ആർനോൾഡിന്റെ ജീവിതത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ മേരി ക്ലോഡായിരിക്കാം അദ്ദേഹത്തിന്റെ കവിതകളിൽ മാർഗ്ഗരറ്റ് എന്ന പേരോടുകൂടി പ്രത്യക്ഷപ്പെടുന്ന കഥാപാത്രം. 1848 – 1849 കാലഘട്ടത്തിലെഴുതിയ കവിതകളായ “മീറ്റിംഗ്” (Meetting),

www.malankaralibrary.com


"പാർട്ടിംഗ്" (Parting), "എ ഡ്രീം" (A Dream), "എ ഫേയർവെൽ" (A Farewell), "ഐസൊലേഷൻ - റ്റു മാർഗ്ഗരറ്റ്" (Isolation - To Marguerite) എന്നിവയിലെല്ലാം നിഴലിക്കുന്ന പ്രാണപ്രേയസി മേരി ക്ലോഡായിരിക്കാം എന്ന പാർക്ക് ഹോനാൻ അഭിപ്രായപ്പെടുന്നു. ആർനോൾഡിന്റെ ജീവിതത്തിലേക്ക് കടന്നുവന്ന മറ്റൊരു ഫ്രഞ്ച് വനിതയായിരുന്നു റെയ്ച്ചൽ. ഈ ബന്ധങ്ങളൊന്നും തന്നെ തന്റെ ജീവിതപങ്കാളിയായ ലൂസിയുമായുള്ള സ്നേഹബന്ധത്തിന് ഒട്ടും വിഘാതമായില്ല. കുടുംബജീവിതത്തിൽ തികച്ചും യാഥാസ്ഥികവും പരമ്പരാഗതവുമായ ക്രൈസ്തവ ധർമ്മികത നിലനിർത്തിയ വ്യക്തിയായിരുന്നു ആർനോൾഡ്. ഫ്രഞ്ച് സംസ്കാരത്തോടുള്ള ആർനോൾഡിന്റെ സ്ഥായിയായ പ്രതിബദ്ധത ഹൈൻറിച്ച് ഹൈനെ (Heinrich Heine) എന്ന ബുദ്ധിജീവിയെക്കുറിച്ച് എഴുതുന്നതിന് ആർനോൾഡിനെ പ്രേരിപ്പിച്ചു. ജർമ്മനിയിൽ നിന്നും നാടുകടത്തപ്പെട്ട് ഫ്രഞ്ചു സംസ്കാരം ആർജ്ജിച്ച മഹത് വ്യക്തിയായിരുന്നു ഹൈനെ. വൈദേശിക സംസ്കാരത്തിലും സാഹിത്യത്തിലുമുള്ള നന്മ മനസ്സിലാക്കിയ വ്യക്തിയായിരുന്നു അദ്ദേഹം. 1848 ആയപ്പോഴേക്കും ആർനോൾഡ് ലണ്ടനിലെ തന്റെ ജോലിയിൽ നിന്നും വിരമിച്ചു.

## കാവ്യസമാഹാരങ്ങൾ

1849-ൽ ദ സ്ട്രെയ്ഡ് റെവലർ ആന്റ് അദർ പോയംസ് (The Strayed Reveller and Other Poems) എന്ന കവിതാസമാഹാരം മാത്യൂ ആർനോൾഡ് പ്രസിദ്ധീകരിച്ചു. "എ" എന്ന പേരിലാണ് ഈ സമാഹാരം പുറത്തിറക്കിയതെങ്കിലും അതിന്റെ കർത്താവ് ആരാണെന്നറിയാൻ അനുവാചകർക്ക് ബുദ്ധിമുട്ടുണ്ടായില്ല. എന്നാൽ ആർനോൾഡിന്റെ കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും അത്ഭുതപ്പെടുത്തിയത് ആ കവിതകളിൽ നിഴലിച്ച വിഷാദാത്മകതയായിരുന്നു. ജീവിതത്തെ ശോകമൂകമായി വീക്ഷിക്കുന്ന വക്താവിനെയാണ് ഈ കവിതകളിലെല്ലാം ദർശിക്കുന്നത്. "മാത്യു ആർനോൾഡ്സ് ട്രാജിക് വിഷൻ " (Mathew Arnold's Tragic Vision) എന്ന പ്രബന്ധത്തിൽ ജോൺ എഫ്. ഫരൽ (John P. Farrel) എന്ന വിമർശകൻ ആർനോൾഡിന്റെ കവിതകളിൽ വ്യത്യസ്തമായ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്ന ശോകാത്മകത നിഴലിക്കുന്നു എന്നു പറയുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 19-ാം നൂറ്റാണ്ടിലെ വിഷാദാത്മകത ഉൾക്കൊള്ളുന്ന ഈ കവിതകളിലെ

www.malankaralibrary.com



പ്രധാന കഥാപാത്രം മനുഷ്യവർഗ്ഗമാണ്. എന്നാൽ പാശ്ചാത്യ ചിന്തകരിൽ പലരും ആർനോൾഡിന്റെ മേൽ ഭഗവദ്ഗീത ചെലുത്തിയ സ്വാധീനവും അത് വിശകലനം ചെയ്യുന്ന പ്രാപഞ്ചിക ദുഃഖവും കണക്കിലെടുക്കാത്തതുകൊണ്ട് ആർനോൾഡിന്റെ കവിതകളിൽ ദൃശ്യമായ വിഷാദാത്മകതയെക്കുറിച്ചുള്ള അവരുടെ വിശദീകരണം അപൂർണ്ണമാണ്.

ഡിന്നർ പാർട്ടികളിലും പർവ്വതാരോഹണത്തിലും മീൻ പിടുത്തത്തിലും അതീവ താത്പര്യം കാണിച്ച ബഹിർമുഖനായ ആർനോൾഡിൽ നിന്ന് വളരെ വ്യത്യസ്തനായിരുന്നു 1849 ലെ കാവ്യ സമാഹാരത്തിൽ പ്രത്യക്ഷപ്പെട്ട വക്താവ്. ഇരുപത്തിയാറ് വയസ്സു മാത്രം പ്രായമുള്ള മാത്യു ആർനോൾഡിലെ കവി ഈ സമാഹാരത്തിൽ ഭാരതത്തിലെ ഒരു യോഗിയെപ്പോലെ അന്തർമുഖനായി കണ്ടതിൽ അദ്ദേഹത്തിന്റെ പല സുഹൃത്തുക്കളും പ്രത്യേകിച്ച് തന്റെ സഹോദരി ജയിനും റഗ്ബി-ഓക്സ്ഫോർഡ് സുഹൃത്തായ ക്ലെഫും അത്ഭുതപ്പെടുകയുണ്ടായി. ഈ കവിതകളിലെല്ലാം ലോകത്തിന്റെ ചാക്രിക ഭ്രമണത്തിൽ നിന്ന് മാറിനിന്ന് ജീവിതത്തെ ശാന്തമായി വീക്ഷിക്കാനുള്ള കവിയുടെ പ്രവണത ദൃശ്യമാണ്. “ദ വേൾഡ് ആന്റ് ദ ക്വയറ്റിസ്റ്റ്” (The World and the Quietist), റസിഗ്നേഷൻ (Resignation) “എന്നീ കവിതകളിൽ നിഴലിക്കുന്ന സംഘർഷം ലോകവും നിഷ്കാമകാമിയായ വക്താവും തമ്മിലാണ്. കാലപ്രവാഹത്തിൽ നിന്നും മാറി നിൽക്കാൻ ശ്രമിക്കുന്ന വക്താവും അതിന് ഏക പരിഹാരം പരിത്യാഗമാണെന്ന് നിർദ്ദേശിക്കുന്ന തന്റെ ഉൾക്കാഴ്ചയും ഈ കവിതകളുടെ മുഖമുദ്രയായി മാറുന്നു.

1849 ലെ സമാഹാരത്തിൽ 27 കവിതകൾ ഉൾപ്പെടുത്തിയിരുന്നു. അവ താഴെ പറയുന്നവയാണ്.

1. സോണറ്റ് (Sonnet)
2. മൈസറിനസ് (Mycerinus)
3. സോണറ്റ് ടു എ ഫ്രണ്ട് (Sonnet to a Friend)
4. ദ് സ്ട്രെയിഡ് റവലർ (The Strayed Reveller)
5. ഫ്രാഗ്മെന്റ് ഓഫ് ആൻ ആന്റിഗോണി (Fragment of an Antigone)
6. ദ സിക്ക് കിംഗ് ഇൻ ബൊക്കാറ (The Sick King in Bokhara)
7. ഷേക്സ്പിയർ (Shakespeare)
8. ടു ദ ഡ്യൂക്ക് ഓഫ് വെല്ലിംഗ്ടൺ (To the Duke of Wellington)
9. റിട്ടൺ ഇൻ ബട്ട്ലേഴ്സ് സെർമൺസ് (Written in Butler’s Sermons)

www.malankaralibrary.com


10. റിട്ടൺ ഇൻ എമേർസൺസ് എസ്സേയ്സ് (Written in Emerson's Essays)
11. ഇൻ ഹാർമണി വിത്ത് നേച്ചർ (In Harmony with Nature)
12. ദ് ബോട്ടിൽ (The Bottle)
13. ടു എ റിപ്പബ്ലിക്കൻ ഫ്രണ്ട് (To a Republican Friend)
14. ടു എ റിപ്പബ്ലിക്കൻ ഫ്രണ്ട് കണ്ടിന്യൂഡ് (To a Republican Friend Continued)
15. റിലീജിയസ് ഐസോലേഷൻ (Religious Isolation)
16. ടു മയി ഫ്രണ്ട്സ് (To my Friends)
17. എ മോഡേൺ സാഫോ (A Modern Sappho)
18. ദ് ന്യൂ സൈറൻസ് (The New Sirens)
19. ദ് വോയിസ് (The Voice)
20. ടു ഫൗസ്റ്റാ (To Fousta)
21. സ്റ്റഗജീറസ് (Stagyrus)
22 സ്റ്റാൻസാസ് ഓൺ എ ജിപ്സി ചൈൽഡ് ബൈ ദ സീ ഷോർ (Stanzas on a Gipsy Child by the Sea Shore)
23 ദ് ഹെസ് വാട്ടർ ബോട്ട് (The Hays Water Boat)
24 ദ് ഫോർസേക്കൺ മെർമാൻ (The Forsaken Merman)
25 ദ് വേൾഡ് ആന്റ് ദ ക്വയറ്റിസ്റ്റ് (The World and The Quietist)
26 ഇൻ ഊത്റുംക്വേ പരാത്തൂസ് (In Utrumque Paratus)
27. റെസിഗ്നേഷൻ (Resignation)

രണ്ടാമത്തെ കാവ്യസമാഹാരം 1852 ൽ എംപിഡോക്ലിസ് ഓൺ എറ്റ്ന ആന്റ് അദർ പോയംസ് (Empedocles on Etna and Other Poems) എന്ന പേരിൽ പ്രസിദ്ധീകരിച്ചു. ഈ കവിതാസമാഹാരവും "എ" എന്ന പേരിലാണ് വെളിച്ചം കണ്ടത്. ആർനോൾഡിന്റെ ദീർഘമായ കവിതകളിലൊന്നാണ് "എംപിഡോക്ലിസ് ഓൺ എറ്റ്ന" എന്ന കവിത. മൊത്തം 1115 വരികളുണ്ട്. ഒരു നാടകത്തിന്റെ ആന്തരിക ഘടനയുള്ള ഈ കവിതയെ രണ്ട് അങ്കങ്ങളായി തിരിച്ചിരിക്കുന്നു. എംപിഡോക്ലിസ് (Empedocles), പൗസാനിയാസ് (Pausanias), കലിക്ലിസ് (Calicles) എന്നിവരാണ് ഈ കവിതയിലെ പ്രധാന കഥാപാത്രങ്ങൾ. പൗസാനിയാസിന്റേയും കലിക്ലിസ്സിന്റെയും ചർച്ചകളിൽ നിന്നാണ് എംപിഡോക്ലിസിന്റെ പ്രശ്നമെന്താണെന്ന് വെളിവാക്കപ്പെടുന്നത്. പൗസാനിയാസ് ബുദ്ധിപരതയുടെയും, കലിക്ലിസ് കാല്പനികതയുടെയും പ്രതീകങ്ങളാണ്. "എംപിഡോക്ലിസ് ഓൺ എറ്റ്ന" എന്ന കൃതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കവിതകൾ

www.malankaralibrary.com


പലതും എന്ന് എഴുതിയെന്ന് വ്യക്തമായി പറയാൻ സാദ്ധ്യമല്ലെങ്കിലും ഇതിൽ കാണുന്ന പ്രധാന പ്രമേയങ്ങൾ തമ്മിൽ സമാനത ദർശിക്കുവാൻ കഴിയും. ജീവിതത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്ന അന്വേഷകന്റെ കഥയാണ് "എംപിഡോക്ലിസ് ഓൺ എറ്റ്ന" എന്നു പറയുന്നതിൽ തെറ്റില്ല. ഈ അർത്ഥത്തിൽ "എംപിഡോക്ലിസ് ഓൺ എറ്റ്ന" എന്ന കവിത ആർനോൾഡിന്റെ തന്നെ ആത്മീയ ഉണർവ്വിന്റെ കഥയാണെന്ന എ. ഡി. കള്ളറുടെ അഭിപ്രായം ശരിയാണ്. ജീവിതത്തിന്റെ പ്രശ്നം പരിഹരിക്കുന്നതിനുള്ള മാർഗ്ഗം ബുദ്ധിപരതയോ അപഗ്രഥനമോ അല്ല, ഉൾക്കാഴ്ചാപരമായ ദർശനമാണ്. കവിതയുടെ ഇരിപ്പിടം ബുദ്ധിയല്ല; കാല്പനികർ ഊന്നൽ നൽകിയ ഹൃദയവുമല്ല പിന്നെയോ അത് ആത്മാവിൽ സ്ഥിതി ചെയ്യുന്നു. 19-ാം നൂറ്റാണ്ടിലെ കാല്പനികതയെയും (romanticism), യുക്തിവാദത്തെയും (rationalism) ആർനോൾഡ് ഒരുപോലെ വെറുത്തിരുന്നു. ക്ലഫിന്റെ കവിതകൾ ബുദ്ധിപരതയുടെ പ്രതിഫലനമാണെന്ന് ആർനോൾഡ് കുറ്റപ്പെടുത്തി. അതിനു പരിഹാരം ഹൃദയത്തിന്റെ വികാരങ്ങളിലേക്ക് വഴിതെറ്റിവീഴുകയല്ലെന്നും ആന്തരികാത്മാവിൽ ലയിക്കുകയാണ് വേണ്ടതെന്നും അദ്ദേഹം വാദിച്ചു. ഇപ്രകാരമുള്ള ഉൾക്കാഴ്ചാപരമായ ദർശനമാണ് ആർനോൾഡിന്റെ കവിതയ്ക്ക് ശക്തിപകരുന്നതെന്ന് ഹിലിസ് മില്ലർ (Hillis Miller) വാദിക്കുന്നു.

ലോകത്തിന്റെ നാനാത്വത്തിൽ നിന്ന് രക്ഷപ്പെടാൻ ഈ ഉൾക്കാഴ്ച ആവശ്യമാണെന്ന് ആർനോൾഡ് വാദിച്ചു. ഈ ഉൾക്കാഴ്ചയുടെ ഇരിപ്പിടം മനുഷ്യന്റെ അന്തരാത്മാവിൽ കുടികൊള്ളുന്ന ഗുപ്താത്മാവാണെന്നും (buried Self) ആർനോൾഡ് സമർത്ഥിച്ചു. ജീവിതത്തിന്റെ ആത്യന്തികമായ പരിഹാരം ഗുപ്താത്മാവിനെ കണ്ടെത്തുന്നതിൽ സ്ഥിതിചെയ്യുന്നു. "എംപിഡോക്ലിസ് ഓൺ എറ്റ്ന" എന്ന കവിതയിൽ ഈ ഗുപ്താത്മാവിനുവേണ്ടിയുള്ള തിരച്ചിൽ ദൃശ്യമാണ്. പ്രാപഞ്ചിക ലോകത്തിന്റെ ആത്യന്തിക സത്യമായ അഖില (All) മെന്ന യാഥാർത്ഥ്യവുമായി ഗുപ്താത്മാവ് ഐക്യപ്പെടുമ്പോൾ മനുഷ്യൻ തന്റെ പൂർണ്ണതയിലെത്തുന്നുവെന്ന ആശയത്തിലേക്ക് "എംപി ഡോക്ലിസ് ഓൺ എറ്റ്ന" എന്ന കവിത വിരൽ ചൂണ്ടുന്നു. "ദ ബറീഡ് ലൈഫ് " (The Buried Life) എന്ന കവിതയിലും ഈ ആശയങ്ങളുടെ ആവിഷ്ക്കാരം ദൃശ്യമാണ്. ഈ ദർശനങ്ങൾ എങ്ങനെ ഗീതയുമായി ബന്ധപ്പെടുന്നുവെന്നത് പിന്നീട് ചർച്ച ചെയ്യാം.

www.malankaralibrary.com


1852 ലെ കാവ്യ സമാഹാരത്തിൽ 35 കവിതകൾ ഉൾപ്പെടുത്തിയിരുന്നു. അവ താഴെപ്പറയുന്നവയാണ്.

1. എംപിഡോക്ലിസ് ഓൺ എറ്റ്ന (Empedocles on Etna)
2. ദ റിവർ (The River)
3. എസ്ക്യൂസ് (Excuse)
4. ഇൻഡിഫറൻസ് (Indifference)
5. റ്റൂ ലേയിറ്റ് (Too Late)
6. ഓൺ ദ റയിൻ (On the Rhine)
7. ലോംഗിംങ് (Longing)
8. ദ ലേയ്ക്ക് (The Lake
9. പാർട്ടിംഗ് (Parting)
10. ആബ്സെൻസ് (Absence)
11. ഡെസ്റ്റിനി (Destiny)
12. ടു മാർഗരറ്റ് (To Marguerite)
13. ഹ്യൂമൻ ലൈഫ് (Human Life)
14. ഡെസ്പൊൻഡൻസി (Despondency)
15. സോണറ്റ് (Sonnet)
16. സെൽഫ് ഡിസെപ്ഷൻ (Self Deception)
17. ലൈൻസ് റിട്ടൺ ബൈ എ ഡെത്ത് ബെഡ് (Lines Written by a Death Bed)
18. ട്രിസ്ട്രം ആന്റ് ഇസോൾട്ട് (Tristram and lseult)
19. മെമ്മോറിയൽ വേഴ്സസ് (Memorial Verses)
20. കറേജ് (Courage)
21. സെൽഫ് ഡിപ്പന്റൻസ് (Self Dependence)
22. എ സമ്മർ നൈറ്റ് (A Summer Night)
23. ദ ബെറീഡ് ലൈഫ് (The Buried Life)
24. എ ഫെയർവെൽ (A Farewell)
25. സ്റ്റാൻസാസ് ഇൻ മെമ്മറി ഓഫ് ദ ഓദർ ഓഫ് ഓബർമെൻ (Stanzas in Memory of the Author of Obermann)
26. കോൺസൊലേഷൻ (Consolation)
27. ലൈൻസ് റിട്ടൺ ഇൻ കെൻസിംഗ്ഡൺ ഗാർഡൻസ് (Lines Written in Kensington Gardens)

www.malankaralibrary.com


28. സോണറ്റ് (Sonnet)
29. ദ സെക്കന്റ് ബെസ്റ്റ് (The Second Best)
30. റവല്യൂഷൻസ് (Revolutions)
31. ദ യൂത്ത് ഓഫ് നേച്ചർ (The Youth of Nature)
32. ദ യൂത്ത് ഓഫ് മേൻ (The Youth of Man)
33. മൊറാലിറ്റി (Morality)
34. പ്രോഗ്രസ്സ് (Progress)
35. ദ ഫ്യൂച്ചർ (The Future)

1853-ൽ ആർനോൾഡ് തന്റെ മൂന്നാമത്തെ കാവ്യസമാഹാരം പോയംസ് (Poems) എന്ന പേരിൽ പ്രസിദ്ധീകരിച്ചു. 36 കവിതകൾ ഇതിൽ ഉൾപ്പെടുത്തിയിരുന്നു. ഇവയിൽ പുതിയതായി രചിച്ച കവിതകൾ താഴെപ്പറയുന്നവയാണ്. "സൊറാബ് ആന്റ് റസ്റ്റം" (Sohrab and Rustum), "ഫിലോമില" (Philomela), "തെക്ളാസ് ആൻസർ" (Thekla's Answer), "ദ് ചർച്ച് ഓഫ് ബ്രോ" (The Church of Brou), "ദ് നെക്കൻ" (The Neckan), "എ ഡ്രീം" (A Dream), "റെക്വിയസ്കാത്ത്" (Requiescat), "ദ് സ്കോളർ ജിപ്സി" (The Scholar Gipsy), "സ്റ്റാൻസാസ് ഇൻ മെമ്മറി ഓഫ് ദ ലേയ്റ്റ് എഡ്വേർഡ് ക്വിലിനാൻ" (Stanzas in Memory of the Late Edward Quillinan). ഈ ഒൻപത് പുതിയ കവിതകൾ ഒഴിച്ച് ബാക്കി 27 കവിതകളും നേരത്തെ പ്രസിദ്ധീകരിച്ച സമാഹാരങ്ങളിൽ നിന്നും തിരഞ്ഞെടുത്തവയാണ്. "സോറാബ് ആന്റ് റസ്സം", "ദ് സ്കോളർ ജിപ്സി" എന്നീ കവിതകളാണ് ഈ സമാഹാരത്തിലെ ജനശ്രദ്ധ പിടിച്ചുപറ്റിയ കൃതികൾ. മാത്യൂ ആർനോൾഡിലെ കവിയെ അനശ്വരനാക്കി തീർത്ത കവിതയാണ് "ദ് സ്കോളർ ജിപ്സി". ആർനോൾഡ് കവിതകളിൽ ഉടനീളം കാണുന്ന ആത്മീയാന്വേഷണത്തിന്റെ ഔന്നത്യം ഈ കവിതയിൽ ദർശിക്കാവുന്നതാണ്. ഈ കവിതയിൽ അന്തർലീനമായിരിക്കുന്ന ആത്മീയ വീക്ഷണത്തെ ഗീത സ്വാധീനിച്ചുവെന്ന് വിൽസൻ നൈറ്റി (Wilson Knight) നേപ്പോലുള്ള സാഹിത്യ വിമർശകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക് കടന്നുചെന്ന് ചർച്ചചെയ്യുവാൻ അവർ കൂട്ടാക്കിയില്ല.

1853-ൽ പ്രസിദ്ധീകരിച്ച സമാഹാരത്തിന് ആർനോൾഡ് എഴുതിയ "പ്രിഫിസ്" (Preface) ഇംഗ്ലീഷ് വിമർശനസാഹിത്യത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന കൃതികളിലൊന്നാണ്. ധാരാളം വിമർശന സാഹിത്യകാരന്മാരുടെ ശ്രദ്ധ പിടിച്ചുപറ്റിയ

www.malankaralibrary.com



ഈ "പ്രിഫിസ്" രചിച്ചത് "എംപിഡോക്ലീസ് ഓൺ എറ്റ്ന" എന്ന കവിത എന്തുകൊണ്ട് 1853-ലെ സമാഹാരത്തിൽ ഉൾപ്പെടുത്തിയില്ല എന്ന് വിശദീകരിക്കാനാണ്. ആർനോൾഡിന്റെ "എംപിഡോക്ലീസ് ഓൺ എറ്റ്ന" എന്ന കവിതയ്ക്കെതിരെ അദ്ദേഹം നിരത്തിവെയ്ക്കുന്ന വാദമുഖങ്ങൾ സ്വീകരിക്കാൻ അധികം അനുവാചകരെ കിട്ടിയില്ല. കാരണം ആ കവിതയുടെ സത്തയും ആർനോൾഡിന്റെ നിഷേധാത്മകമായ വാദമുഖവും തമ്മിൽ പൊരുത്തമില്ല. 1867-ൽ പ്രസിദ്ധീകരിച്ച കാവ്യസമാഹാരത്തിൽ "എംപിഡോക്ലീസ് ഓൺ എറ്റ്ന" എന്ന കവിത വീണ്ടും ഉൾപ്പെടുത്തിയത് തന്നെ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മാറ്റം വന്നു എന്നതിന് തെളിവാണ്.

റോബർട്ട് ബ്രൗണിങ്ങിനെപ്പോലുള്ള സമകാലീനർ "എംപിഡോക്ലീസ് ഓൺ എറ്റ്ന" എന്ന കവിതയെ ശ്ലാഘിച്ചു സംസാരിച്ചുവെന്നതുതന്നെ ആർനോൾഡിന്റെ "പ്രിഫിസിലെ" വാദമുഖം അനുവാചകരെ സ്വാധീനിച്ചില്ല എന്നതിന് തെളിവാണ്. ആർനോൾഡിന്റെ മുഖ്യപ്രമേയം ഈ കവിത അനുവാചകരിൽ ആഹ്ലാദം (joy) പ്രദാനം ചെയ്യുന്നില്ല എന്നതാണ്. ഷില്ലറെ (Schiller) ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം വാദിക്കുന്നു, കലയുടെ പ്രധാന ഉദ്ദേശ്യം ആഹ്ലാദപ്രദമായ ആസ്വാദനം നൽകുകയെന്നതാണ് എന്ന്. അപ്രകാരമുള്ള ആത്മീയ ഉത്സാഹം നൽകാൻ "എംപിഡോക്ലീസ് ഓൺ എറ്റ്ന" പരാജയപ്പെടുന്നു. എംപിഡോക്ലീസിന്റെ മാനസികമായ സംഘർഷം ദീർഘിപ്പിക്കുന്ന കാവ്യാവതരണം ഉത്സാഹത്തിന് പകരം വിഷാദം പ്രദാനം ചെയ്യുന്നു. ബാഹ്യകർമ്മങ്ങളിലൂടെ ഒരു കഥാപാത്രത്തിന്റെ ദുരന്തം ബഹിർഗമിക്കുമ്പോൾ, അതിന്റെ വിഷാദാത്മകത ഇല്ലാതാകുകയും ആസ്വാദ്യതയേറുകയും ചെയ്യുന്നു. ദുരന്തനാടകങ്ങൾ ആസ്വാദ്യപ്രദമായിത്തീരുന്നത് ഇക്കാരണത്താൽ ത്തന്നെയാണ്. "എംപിഡോക്ലീസ് ഓൺ എറ്റ്ന" എന്ന കവിതയ്ക്ക് ഇല്ലാത്തത് വിഷാദത്തിന് ഉപശാന്തിയേകുന്ന കർമ്മമാണ്.

കവിതയുടെ വിഷയം എന്തായിരിക്കണമെന്ന അടിസ്ഥാനപരമായ ചോദ്യം 1853-ലെ പ്രിഫിസിൽ ആർനോൾഡ് ഉന്നയിക്കുന്നു. അനുവാചകർക്ക് താത്പര്യം ജനിപ്പിക്കുന്ന കർമ്മമായിരിക്കണം കവിതയുടെ പരമപ്രധാനമായ വിഷയം. ഉത്തമമായ കാവ്യവിഷയം പ്രാഥമിക വികാരങ്ങൾ (elementary feelings) ഉൾക്കൊള്ളുന്ന കർമ്മമായിരിക്കണം. ഇപ്രകാരമുള്ള പ്രാഥമിക വികാരങ്ങൾ വ്യക്തികളിലും മനുഷ്യഗോത്രങ്ങളിലും അനസ്യൂതം നിലനിൽക്കുന്നു. അവ സ്ഥിരവും മനുഷ്യപ്രകൃതിയിലധിഷ്ഠിതവുമാണ്.

www.malankaralibrary.com



1855-ലും 1867-ലും ആർനോൾഡ് കാവ്യസമാഹാരങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. 1855-ൽ പോയംസ് സെക്കന്റ് സീരീസ് (Poems Second Series) എന്ന പേരിൽ പ്രസിദ്ധീകരിച്ച സമാഹാരത്തിൽ 25 കവിതകൾ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ നേരത്തേ വെളിച്ചം കാണാത്ത വെറും രണ്ട് കവിതകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. "ബോൾഡർ ഡെഡ്" (Balder Dead), "സെപ്പെറേഷൻ" (Separation) എന്നിവയായിരുന്നു അവ. 1867-ൽ ന്യൂ പോയംസ് (New Poems) എന്ന പേരിൽ പ്രസിദ്ധീകരിച്ച സമാഹാരത്തിലും നേരത്തെ വെളിച്ചം കണ്ട പല കവിതകളും ഉൾപ്പെടുത്തിയിരുന്നു. ഈ സമാഹാരത്തിൽ മൊത്തം 46 കവിതകൾ ഉണ്ടായിരുന്നു. അതിൽ കുറെ കവിതകളും ചില കവിതാശകലങ്ങളും ഉൾപ്പെടെ 32 പുതിയ കൃതികൾ ഉണ്ടായിരുന്നു. ഈ കാവ്യസമാഹാരത്തിലെ ഏറ്റവും പ്രസിദ്ധമായ കവിതയാണ് സുഹൃത്തായ ആർതർ ക്ലേഫിന്റെ മരണത്തിൽ വിലപിക്കുന്ന "തിർസിസ്" (Thyrsis). 1866-ൽ ഫ്രെയ്സ്സേഴ്സ് മാഗസിൻ (Fraser's Magazine) എന്ന പത്രികയിൽ ഇത് നേരത്തെ പ്രസിദ്ധീകരിച്ചിരുന്നു. "ഡോവർ ബീച്ച്" (Dover Beach) എന്ന കവിതയും ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരുന്നതാണ്.

ഈ സമാഹാരങ്ങളിലെല്ലാം തന്നെ കവി അന്വേഷകനായി മാറുന്ന ദൃശ്യമാണ് കാണുന്നത്. 19-ാം നൂറ്റാണ്ടിലെ ശാസ്ത്ര സാങ്കേതിക വിജ്ഞാനം വരുത്തിവെച്ച ആത്മീയച്യുതിക്ക് നിവാരണം ആർനോൾഡ് കണ്ടത് കവിതയിലും യുഗയുഗങ്ങളിലായി മനുഷ്യസമൂഹം കൈമാറിയ ജ്ഞാനത്തിലുമാണ്. ബുദ്ധിയുടെ പരിമിതി മനസ്സിലാക്കിയ ആർനോൾഡ് ജീവിതത്തിന്റെ പരിഹാരത്തിന് ആത്മീയ ഉൾക്കാഴ്ച (intuition) ആവശ്യമാണെന്ന് ഈ കവിതകളിൽ ഉടനീളം ഉദ്ബോധിപ്പിക്കുന്നു. 19-ാം നൂറ്റാണ്ടിലെ ചിന്തകർ പൊതുവിൽ കണ്ടെത്തിയ പരിഹാര മാർഗ്ഗമായിരുന്നു ജീവിതത്തിന് ബുദ്ധിയെക്കാൾ ഉൾക്കാഴ്ച ആവശ്യമാണെന്ന ചിന്ത. "ഇൻ മെമ്മോറിയാം" (In Memoriam) എന്ന കവിതയിൽ ലോർഡ് ടെന്നിസനും (Lord Tennyson), ഓട്ടോബയോഗ്രഫി (Autobiography) എന്ന ആത്മകഥയിൽ ജോൺ സ്റ്റുവർട്ട് മില്ലും (John Stuart Mill), സാർത്തോർ റിസാർത്തൂസ് (Sartor Resartus) എന്ന കൃതിയിൽ തോമസ് കാർലൈലും (Thomas Carlyle), അപ്പോളോജിയ പ്രോവീത്താ സുവാ (Apologia Pro Vita Sua) എന്ന കൃതിയിൽ കർദ്ദിനാൾ ന്യൂമാനും (Cardinal Newman) ഇതേ പരിഹാരം തന്നെ തേടുന്നു.

www.malankaralibrary.com


"ഇൻ മെമ്മോറിയാം" എന്ന തന്റെ ദീർഘമായ വിലാപ കാവ്യത്തിൽ ആർതർ ഹാലത്തിന്റെ മരണത്തോടുകൂടി ഉണ്ടായ ദുഃഖത്തിനും നിരാശയ്ക്കും ടെന്നിസൻ പരിഹാരം കാണുന്നത് ഉൾക്കാഴ്ച നൽകുന്ന അപ്രതീക്ഷിതമായ ദർശനത്തോടുകൂടിയാണ്. തന്റെ കവിതയുടെ 95-ാം സ്റ്റാൻസായിൽ മരിച്ച ഹാലം തന്നെ സ്പർശിച്ചുവെന്ന അപ്രതീക്ഷിതമായ അനുഭവം ടെന്നിസനെ മന സ്സിന്റെ എല്ലാവിധ സംഘർഷത്തിൽ നിന്നും മോചിതനാക്കുന്നു ഓട്ടോബയോഗ്രഫിയിൽ ജോൺസ് സ്റ്റുവർട്ട് മിൽ താൻ സഹിച്ച മാനസിക സംഘർഷത്തെ വിവരിക്കുന്നു. തന്റെ പിതാവിന്റെ ശാസ്ത്ര സാങ്കേതിക ലോകവീക്ഷണം വരുത്തിവച്ച മനസ്സിന്റെ ദുരന്തത്തിൽ നിന്ന് മിൽ മോചിതനാകുന്നത് കവിതയിലൂടെയാണ്; സുഹൃദ്ബന്ധത്തിലൂടെയും. ലെയ്ത്ത് വോക്കിൽ തന്നെ അടിമുടി കുലുക്കിയ മാനസിക ഉണർവിനെപ്പറ്റി സാർത്തോർ റിസാർത്തൂസ് എന്ന ഗ്രന്ഥത്തിൽ കാർലൈൽ പ്രതിപാദിക്കുന്നു. 1845-നു ശേഷം കാർഡിനൽ ന്യൂമാന് എല്ലാ പ്രശ്നങ്ങളും ഒതുങ്ങി. 1833-ൽ ജോൺ കെബിൾ ഓക്സ്ഫോർഡ് മൂവ്മെന്റ് തുടങ്ങിയത് മുതൽ ന്യൂമാൻ ഇംഗ്ലണ്ടിലെ സഭയെ നവീകരിച്ച ലിബറൽ ചിന്താഗതിക്കാരുമായി ഒരു മൽപ്പിടിത്തത്തിലായിരുന്നു. റോമൻ കത്തോലിക്കാ സഭയുടെ വിശ്വാസത്തിന് വിധേയമായതുമുതൽ ന്യൂമാൻ എല്ലാ പ്രശ്നങ്ങ ളിൽ നിന്നും മുക്തനായി. 1864-ൽ ന്യൂമാൻ രചിച്ച "ആപ്പോളോ ജിയ പ്രോ വീത്താ സുവാ" (Apologia Pro Vita Sua) എന്ന ഗ്രന്ഥം ഈ മാനസിക യാത്രയുടെ കഥയാണ്.

### വിവാഹവും സ്കൂൾ ഇൻസ്പെക്ടർ സ്ഥാനവും

ഒരു പ്രശസ്ത ജഡ്ജിയുടെ മകളായ ഫ്രാൻസിസ് ലൂസി വിറ്റ്മെൻ എന്ന സ്ത്രീയെ ആർനോൾഡ് 1851-ൽ വിവാഹം കഴിച്ചു. ഭാര്യയെ പുലർത്താൻ സാമ്പത്തികശേഷിയില്ലാതെ ആർനോൾഡ് ബുദ്ധിമുട്ടിയ കാലഘട്ടമായിരുന്നു അത്. വിവാഹം കഴിക്കുന്നതിന് ആവശ്യമായ 400 പൗണ്ട് അദ്ദേഹം കടമായി എടുക്കുകയാണുണ്ടാ യത്. വിവാഹം കഴിച്ചതോടുകൂടി ഓറിയൽ കോളജിൽ നിന്നും ഫെലോഷിപ്പായി ലഭിച്ച 120 പൗണ്ട് ഇല്ലാതാക്കുകയും ചെയ്തു. ഈ കാലയളവിൽ ലാൻസ്ഡൗൺ പ്രഭു ആർനോൾഡിന്റെ സഹാ യത്തിനെത്തി. മാത്യൂ ആർനോൾഡിനെ അദ്ദേഹം സ്കൂൾ ഇൻസ്പെക്ടറായി നിയമിച്ചു. തികഞ്ഞ ആത്മാർത്ഥതയോടുകൂടി ആർനോൾഡ് തന്റെ കൃത്യം നിർവഹിച്ചു. തന്മൂലം തന്റെ മേലധി കാരികളുടെ തൃപ്തിയ്ക്ക് അദ്ദേഹം പാത്രീഭൂതനായി. കാലക്രമേണ ഇംഗ്ലണ്ടിലെ സ്കൂൾ കൂടാതെ ഫ്രാൻസ്, ജർമ്മനി, സ്വിറ്റ്സർലന്റ്

www.malankaralibrary.com


എന്നീ രാജ്യങ്ങളിലെ സ്കൂളുകൾ കൂടി നിരീക്ഷിച്ച് പഠിച്ച് റിപ്പോർട്ട് നൽകാനുള്ള ഉത്തരവാദിത്വം ആർനോൾഡിൽ നിക്ഷിപ്തമായി. സൗജന്യ വിദ്യാഭ്യാസം എന്ന സങ്കല്പം തന്നെ ഇംഗ്ലണ്ടിലുണ്ടായത് ആർനോൾഡിന്റെ സംഭാവനയാണെന്ന ട്രില്ലിംഗിന്റെ അഭിപ്രായം ഇവിടെ പ്രസക്തമാണ്.

ആർനോൾഡിന് സ്കൂൾ ഇൻസ്പെക്ടറായി ജോലി ലഭിച്ചുവെന്നതിൽ അദ്ദേഹത്തിന്റെ മാതാവിന് അതിരറ്റ അഹ്ലാദം ഉണ്ടായിരുന്നെങ്കിലും ഈ ജോലി ആർനോൾഡിന് സംതൃപ്തി നല്കിയില്ല. ഈ ജോലിയുമായി ബന്ധപ്പെട്ട് അദ്ദേഹം ധാരാളം യാത്ര ചെയ്യേണ്ടിയിരുന്നു. എഴുത്തുകുത്തുകൾക്ക് വേണ്ടിയും ഫയൽ നോക്കുന്നതിനുവേണ്ടിയും വളരെയധികം സമയം ചെലവഴിക്കേണ്ടിവന്നു. അക്കാരണത്താൽ തന്നെ ആർനോൾഡിന്റെ ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് പ്രയാസമായി. എന്നാൽ ഭാര്യയുടെ സാന്നിദ്ധ്യം അദ്ദേഹത്തിൽ മറഞ്ഞുകിടന്ന കാവ്യവാസനയെ വീണ്ടും തട്ടിയുണർത്തുന്നതിന് ഉപകരിച്ചു. "എ സമ്മർ നൈറ്റ്" (A Summer Night), "ഡോവർ ബീച്ച്" (Dover Beach) "ദ് ബറീഡ് ലൈഫ്" (The Buried Life) എന്നീ കവിതകൾ ലൂസി വിറ്റ്മാന്റെ പ്രചോദനത്താൽ രചിക്കപ്പെട്ടവയാണെന്ന പാർക്ക് ഹോനന്റെ അഭിപ്രായം ശരിയായിരിക്കാം.

സ്കൂൾ ഇൻസ്പെക്ടർ ഉദ്യോഗം വിദ്യാഭ്യാസമേഖലയിൽ ആർനോൾഡിന് വളരെയധികം പരിചയസമ്പത്ത് പ്രദാനം ചെയ്തു. ഈ കാലഘട്ടത്തിൽ ഇംഗ്ലണ്ടിലെയും യൂറോപ്പിലെയും സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ച് ആർനോൾഡ് എഴുതിയ ലേഖനത്തിൽ ഇത് ദൃശ്യമാണ്. 1861-ൽ എഴുതിയ "പോപ്പുലർ എഡ്യൂക്കേഷൻ ഇൻ ഫ്രാൻസ്" (Popular Education in France), 1863-ൽ എഴുതിയ "സ്ക്കൂൾസ് ആന്റ് യൂണിവേഴ്സിറ്റിസ് ഓൺ ദ് കോൺഡിനെന്റ്" (Schools and Universities on the Continent), 1874-ൽ എഴുതിയ "ഹയർ സ്ക്കൂൾസ് ആന്റ് യുണിവേഴ്സിറ്റിസ് ഇൻ ജർമ്മനി" (Higher Schools and Universities in Germany), 1888-ൽ തയ്യാറാക്കിയ "സ്പെഷ്യൽ റിപ്പോർട്ട് ഓൺ എലമെന്ററി എഡ്യൂക്കേഷൻ എബ്രോഡ്" (Special Report on Elementary Education Abroad), 1889-ൽ പ്രസിദ്ധീകരിച്ച "റിപ്പോർട്ട്സ് ഓൺ എലമെന്ററി സ്ക്കൂൾസ്" (Reports on Elementary Schools) എന്നിവയിലെല്ലാം അദ്ദേഹത്തിന്റെ അനുഭവജ്ഞാനമാർന്ന വിദ്യാഭ്യാസദർശനം പ്രകടമാണ്.

www.malankaralibrary.com


## ഓക്സ്ഫോർഡിലെ പൊയട്രി പ്രൊഫസർ

1857-ൽ മുപ്പത്തിനാലാമത്തെ വയസ്സിൽ മാത്യൂ ആർനോൾഡിന് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ പൊയട്രി പ്രൊഫസറായി നിയമനം ലഭിച്ചു. 1862 വരെയുള്ള 10 വർഷക്കാലം ഈ പദവി അദ്ദേഹം അലങ്കരിച്ചു. "ഓൺ ദ് മോഡേൺ എലമെന്റ് ഇൻ ലിറ്ററേച്ചർ" (On the Modern Element in Literature) എന്ന വിഷയത്തെക്കുറിച്ചായിരുന്നു ആർനോൾഡ് ഓക്സ്ഫോർഡിൽ നൽകിയ ഉദ്ഘാടന പ്രസംഗം. പരമ്പരാഗതമായി തന്റെ മുൻഗാമികൾ ലത്തിനിൽ നടത്താറുണ്ടായിരുന്ന ഉദ്ഘാടന പ്രസംഗം ആർനോൾഡ് തന്റെ മാതൃഭാഷയായ ഇംഗ്ലീഷിലാണ് നൽകിയത്. ഗ്രീക്ക് നാടക രചയിതാക്കളായ അരിസ്റ്റോഫാനസ്സിന്റേയും, മെനാൻഡറിന്റെയും കൃതികൾ ആർനോൾഡ് താരതമ്യപ്പെടുത്തുന്നു. അരിസ്റ്റോഫാനസിന്റെ നാടകങ്ങൾ ഇന്നും നിലനിൽക്കുന്നു. എന്നാൽ മെനാൻഡറിന്റെ കൃതികൾ സമൂഹത്തിൽ നിന്നും അപ്രത്യക്ഷമായി. കാരണം ഗ്രീക്കുകാരുടെ ഊർജ്ജസ്വലമായ കർമ്മത്തെയാണ് അരിസ്റ്റോഫാനസ് പ്രതിപാദിക്കുന്നത്. സോഫക്ലീസിനെപ്പോലെ അരിസ്റ്റോഫാനസ് ജീവിതത്തെ അതിന്റെ പൂർണ്ണതയിൽ ദർശിക്കുന്നു. അതേ സമയം മെനാൻഡർ ഗ്രീക്കുകാരുടെ പരാജയത്തെയാണ് ചിത്രീകരിക്കുന്നത്. അനുവാചകർ ഇഷ്ടപ്പെടുന്നത് പരാജയത്തെക്കാൾ വിജയത്തിന്റെ പ്രഘോഷമാണ്. ജീവിതത്തിലെന്നപോലെ സാഹിത്യത്തിലും ശുഭാപ്തിവിശ്വാസം അവശ്യംവേണ്ട ഘടകമാണെന്ന് ആർനോൾഡ് വാദിച്ചു. ഇതിന്റെ അഭാവത്തിലാണ് "എംപിഡോക്ലീസ് ഓൺ എറ്റ്ന" എന്ന കവിത 1853-ലെ സമാഹാരത്തിൽ ഉൾപ്പെടുത്താതിരുന്നതെന്ന് അദ്ദേഹം "പ്രിഫിസിൽ" വാദിക്കുന്നുണ്ട്.

"ഓൺ ട്രാൻസ്ലേറ്റിംങ് ഹോമർ" (On Translating Homer) എന്ന പേരിൽ പിൽക്കാലങ്ങളിൽ ഓക്സ്ഫോർഡിൽ നൽകിയ വേറൊരു പ്രഭാഷണം ആ കാലഘട്ടത്തിൽ സാഹിത്യകാരന്മാരുടെ വിമർശനത്തിന് പാത്രീഭൂതമായി. ഈ പ്രഭാഷണത്തിൽ ഹോമർ മഹാകവിയുടെ സവിശേഷതകൾ ചൂണ്ടിക്കാണിക്കുന്നു: ത്വര (rapidity), സ്പഷ്ടത (plainess), നേരായ പദപ്രയോഗങ്ങളും വ്യാകരണവും (directnees of diction and Syntax), ആശയങ്ങളിൽ കാണുന്ന സ്പഷ്ടത (plainess in thought), ശ്രേഷ്ഠത (nobility) എന്നിവയാണ് അവ. ഹോമറിന്റെ സവിശേഷതകൾ ചൂണ്ടിക്കാണിക്കുന്നതോടൊപ്പം ആധുനിക സാഹിത്യകാരന്മാരിലെ പോരായ്മയും അദ്ദേഹം

www.malankaralibrary.com



പ്രതിപാദിക്കുന്നു. ഈ ലേഖനങ്ങളിലെല്ലാം സാഹിത്യ വിമർശന ത്തിൽ നിന്നു സാമൂഹികവിമർശനത്തിലേക്കു കടക്കുകയാണെന്ന് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്.

ഹോമറിനെപ്പറ്റിയുള്ള ആർനോൾഡിന്റെ പ്രഭാഷണത്തിൽ ഹോമറിന്റെ കൃതികൾ ഇംഗ്ലീഷിലേക്ക് പരിവർത്തനം ചെയ്ത ഫ്രാൻസിസ് ന്യമാനെ വിമർശിച്ചത് ഇംഗ്ലണ്ടിലെ പലബുദ്ധി ജീവി കളെയും കോപാകുലരാക്കി. ലണ്ടൻ യൂണിവേഴ്സിറ്റിയിൽ ക്ലാസിക്സ് പഠിപ്പിച്ച ന്യൂമാനെതിരെയുള്ള വിമർശനം ആ കാലഘട്ടത്തിലെ പത്രങ്ങളെ ചൊടിപ്പിച്ചു. "ലാസ്റ്റ് വേൾഡ്സ് ഓൺ ട്രാൻസിലേറ്റിംഗ് ഹോമർ" (Last Words on Translating Homer) എന്ന പ്രബന്ധത്തിൽ ഫ്രാൻസിസ് ന്യൂമാനോടുള്ള ആദരവ് ആദ്ദേഹം എടുത്തുകാട്ടു ന്നുണ്ട്.

സാഹിത്യവിമർശനം

1867-ൽ രചിച്ച "തിർസ്സിസ്" എന്ന വിലാപകാവ്യത്തിനു ശേഷം ആർനോൾഡിന്റെ ശ്രദ്ധ വിമർശന സാഹിത്യത്തിലേക്ക് തിരിഞ്ഞു. സാമൂഹിക വിമർശനവും സാഹിത്യ വിമർശനവും സംയോജിപ്പിച്ചാണ് ആർനോൾഡ് പല പ്രബന്ധങ്ങളും രചിച്ചത്. 1865-ൽ എസ്സേസ് ഇൻ ക്രിട്ടിസിസ്സം (Essays in Criticism) എന്ന ഗ്രന്ഥം വെളിച്ചം കണ്ടു. 1863 മുതൽ 1865 വരെയുള്ള കാലഘട്ടങ്ങ ളിലെഴുതിയ പ്രബന്ധങ്ങളാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം. ഈ ഗ്രന്ഥത്തിലുള്ള 10 ഉപന്യാസങ്ങളിൽ വെറും 4 എണ്ണം മാത്രമാണ് സാഹിത്യവിമർശനങ്ങൾ. ബാക്കിയുള്ളതിലെല്ലാം തന്നെ മതവും സാമൂഹ്യവിമർശനങ്ങളും ചർച്ചാവിഷയമാകുന്നു. ഇവയിൽ അതി പ്രധാനമായ രണ്ട് പ്രബന്ധങ്ങളാണ് "ദ് ഫംഗ്ഷൻ ഓഫ് ക്രിട്ടി സിസ്സം അറ്റ് ദ പ്രസന്റ് ടൈം" (The Function of Criticism at the Present Time), "ദ് ലിറ്റററി ഇൻഫ്ളുവൻസ് ഓഫ് അക്കാഡമിസ്" (The Literary Influence of Academies) എന്നിവ. 1888-ൽ എസ്സേ യിസ് ഇൻ ക്രിട്ടിസിസ്സം സെക്കന്റ് സിരീസ് (Essays in Criticism Second Series) എന്ന കൃതി വെളിച്ചം കണ്ടു. അതിൽ ആകെ 9 പ്രബന്ധങ്ങൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുൻഗാമികളായ വില്ല്യം വേർഡ്സ്വർത്ത് (William Wordsworth), ജോൺ കീറ്റ്സ് (John Keats), പി.ബി. ഷെല്ലി (P.B. Shelley), ലോർഡ് ബൈറൻ (Lord Byron) എന്നീ കാല്പനിക കവികളെക്കുറിച്ചുള്ള വിമർശന

www.malankaralibrary.com


ങ്ങളാണ് ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നത്. കാല്പനിക ചിന്ത കരോടുള്ള ആർനോൾഡിന്റെ മനോഭാവം 1853-ലെ "പ്രഫീസിൽ" തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. "എസ്സേയ്സ് ഇൻ ക്രിട്ടിസിസ്സം" സെക്കന്റ് സിരീസ് എന്ന ഗ്രന്ഥത്തിൽ ചർച്ച ചെയ്യപ്പെടുന്ന കാല്പനിക കവികളിൽ അല്പമെങ്കിലും പ്രശംസയ്ക്ക് പാത്രിഭൂതനാകുന്നത് വേർഡ്സ്വർത്താണ്. ഇംഗ്ലീഷ് സാഹിത്യത്തിന്റെ മാഹാത്മ്യം വെളി വാക്കുന്ന കവിതകളാണ് വേർഡ്സ്വർത്തിന്റേതെന്ന് പ്രസ്താവി ക്കുന്ന ആർനോൾഡ്, അദ്ദേഹത്തിന്റെ കവിതകളിൽ ദൃശ്യമാകുന്ന താത്ത്വികചിന്ത വെറും മിഥ്യാസങ്കല്പമാണെന്ന് പറയുന്നു. താത്ത്വി കതയെ മാറ്റിനിർത്തി കാവ്യസത്തയെ കാണണമെന്ന് ആർനോൾഡ് ഉപദേശിക്കുന്നു. ഈ ഗ്രന്ഥത്തിൽ വെളിച്ചം കണ്ട "ദ് സ്റ്റഡി ഓഫ് പോയട്രി" എന്ന ഉപന്യാസത്തിൽ കവിത ജീവിതവിമർശനമാ ണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. കാവ്യാത്മകമായ സത്യത്തി ന്റെയും സൗന്ദര്യത്തിന്റെയും നിയമങ്ങൾ അനുസരിച്ചായിരിക്കണം അത് നടത്തേണ്ടത്. കവിതയുടെ വിഷയം നിഷ്കാമകർമ്മമായിരി ക്കണമെന്ന് വാദിക്കുന്ന ആർനോൾഡ്, അരിസ്റ്റോട്ടിലും, സിഡ്നിയും നൽകിയ കാവ്യനിർവചനത്തിനതീതമായി കവിതയെ ആദ്ധ്യാത്മി കവും സാംസ്കാരികവുമായ വളർച്ചയ്ക്കുള്ള ഉപാധിയാക്കി മാറ്റുന്നു.

സാമൂഹികവിമർശനം

1866 മുതൽ ആർനോൾഡ് സാമൂഹ്യ വിമർശനത്തിൽ വ്യാപൃതനായി എന്ന പാർക്ക് ഹോനന്റെ അഭിപ്രായം ശരിയാണ്. ഒരു സാഹിത്യകൃതി ആസ്വദിക്കാൻ ആ കൃതിയെഴുതിയ കാല ഘട്ടം ശരിക്കും മനസ്സിലാക്കണമെന്ന് ചിന്തിച്ച ആർനോൾഡ് പല പ്പോഴും വിമർശനസാഹിത്യത്തെയും സാമൂഹ്യ വിമർശനത്തെയും സംയോജിപ്പിച്ചാണ് കണ്ടത്. സാമൂഹ്യ വിമർശനത്തിന്റെ ആത്യ ന്തികരൂപമാണ് കൾച്ചർ ആന്റ് അനാർക്കി (Culture and Anarchy) എന്ന ഗ്രന്ഥം. ആർനോൾഡിന്റെ മരണാനന്തരം 1888-ൽ ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചു. സംസ്കാരത്തിന് ആർനോൾഡ് നൽകുന്ന നിർവ്വ ചനം ആദ്ധ്യാത്മിക സങ്കേതങ്ങൾ ഉപയോഗിച്ചുള്ളതാണ്. ഈ പഠനം സംസ്കാരിക പൂർണ്ണത എന്താണെന്ന് പഠിക്കാനുള്ള ശ്രമമാണ്. ആദ്ധ്യാത്മികവും ധാർമ്മികവുമായ ഉന്നത ജീവിതത്തെ അത് കരു പിടിപ്പിക്കുന്നു. സമൂഹത്തിന് നേതൃത്വം നൽകുന്നവർ സംസ്കാര സമ്പന്നരായിരിക്കണം. അവർ സമൂഹത്തിന്റെ ഉത്തമ ആത്മാവിനെ (best Self) പ്രതിനിധീകരിക്കുന്നവരായിരിക്കണം. സാധാരണ

www.malankaralibrary.com


ആത്മാവിന്റെ (ordinary self) ഉടമകൾ സമൂഹത്തിന് ദൂഷ്യം ചെയ്യുന്നു. കായികബലത്തിൽ മാത്രം ആശ്രയിക്കുന്ന പ്രഭുക്കന്മാരും ഭൗതിക നേട്ടങ്ങൾക്ക് ഊന്നൽ നൽകുന്ന മധ്യവർത്തികളായ ഫിലിസ്റ്റൈന്മാരും, യന്ത്രവൽകൃത ജീവിതത്തിന്റെ ഭാഗമായി തീർന്ന തൊഴിലാളി വർഗ്ഗവും ഭാഗികമായി സാധാരണ ആത്മാവിന്റെ പ്രതിനിധികളാണ്. എന്നാൽ ഇവരിലെല്ലാം കുടികൊള്ളുന്ന ഗുപ്താത്മാവിന്റെ സാമൂഹികവശമായ ഉത്തമാത്മാവ് ഇവരെ സംസ്കാരചിത്തരാക്കുന്നതിനുള്ള സ്രോതസ്സായി വർത്തിക്കുന്നു. അങ്ങനെ സംസ്കാരം മനുഷ്യനിൽ സ്ഥിതി ചെയ്യുന്ന ആത്യന്തിക ആത്മാവിന്റെ ദൃശ്യാവിഷ്ക്കരണമാണ്. അത് കലയിലൂടെയും ലോകവീക്ഷണ ത്തിലൂടെയും അനുദിന ജീവിത ക്രമീകരണത്തിലൂടെയും പ്രകടമാകുന്നു. ഇപ്രകാരമുള്ള വീക്ഷണത്തിൽ മതത്തിന്റെയും സംസ്കാരത്തിന്റെയും അതിർവരമ്പുകൾ ഇല്ലാതാകുന്നു. സംസ്കാരം ബുദ്ധിയുടെയും സൗന്ദര്യാത്മകതയുടെയും ഇഴുകിച്ചേരലാണെന്ന ആർ നോൾഡിന്റെ ചിന്താഗതി തന്നെ സംസ്കാരത്തിന് മതത്തിന്റെ സ്ഥാനം നൽകുന്നതിനുള്ള ശ്രമമാണ്.

അമേരിക്കൻ പര്യടനം

1883 ഒക്ടോബർ 22 ന് ആർനോൾഡ് ഒരു പ്രഭാഷണ പരമ്പരയ്ക്കായി അമേരിക്കയിലെത്തി. 1885 ജൂണിൽ അദ്ദേഹം ഡിസ്കോഴ്സസ് ഇൻ അമേരിക്ക (Discourses in America) എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. അതോടുകൂടി അദ്ദേഹത്തിന്റെ അമേരിക്കൻ പര്യടനത്തെ സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ പുറംലോകത്തിന് ഗ്രഹിക്കുവാൻ സാധിച്ചു. വിദ്യാഭ്യാസം, സാഹിത്യം, സാമൂഹിക ദർശനം എന്നീ മൂന്ന് വിഷയങ്ങളിലാണ് ആർനോൾഡ് പ്രഭാഷണം നടത്തിയത്. അമേരിക്കൻ തത്വശാസ്ത്രജ്ഞനായ എമേർസനെപ്പറ്റി ആർനോൾഡ് നടത്തിയ പ്രഭാഷണം വിവാദവിഷയമായി. ആർനോൾഡിന്റെ ദുർബലമായ ശബ്ദം ശ്രോതാക്കൾക്ക് പ്രഭാഷണം കേൾക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കി. എങ്കിലും അമേരിക്കയിലെ ബുദ്ധി ജീവികൾ ആർനോൾഡിനെ ആദരവോടെയാണ് കണ്ടത്. അദ്ദേഹത്തിന്റെ കവിതയും വിമർശന സാഹിത്യവും പ്രത്യേകിച്ച് സാമൂഹ്യ വിമർശനവുമെല്ലാം അമേരിക്കകാർക്ക് സുപരിചിതമായിരുന്നു. അമേരിക്കയിൽ നടത്തിയ പ്രസംഗപരമ്പരയ്ക്ക് അദ്ദേഹത്തിന് 1000 പൗണ്ട് പ്രതിഫലമായി ലഭിച്ചു.

www.malankaralibrary.com


അന്ത്യം

അമേരിക്കയിൽ നിന്നും തിരിച്ചെത്തിയ ആർനോൾഡ് ഭാഗികമായി നിലച്ച തന്റെ കാവ്യാനുഭൂതി വീണ്ടെടുക്കാൻ തീവ്രമായ ഒരു ശ്രമം നടത്തി. എന്നാൽ അതിൽ അദ്ദേഹം വിജയിച്ചില്ല. തുടർന്നുള്ള ജീവിതകാലഘട്ടത്തിലും ഗദ്യരചനയിൽത്തന്നെയാണ് അദ്ദേഹം മുഴുകിയത്. മാത്യൂ ആർനോൾഡിന്റെ അന്ത്യം തികച്ചും ആകസ്മികമായിരുന്നു. അമേരിക്കയിൽ നിന്നും തിരിച്ചെത്തി വിശ്രമത്തിൽ കഴിഞ്ഞ ആർനോൾഡ് ലിവർപൂളിൽ മകളെ കാണാൻ പോയപ്പോൾ അവരുടെ വീടിനടുത്തുള്ള ഒരു വഴിയരികിൽ മരിച്ചുവീണു. മാത്യൂ ഹൃദയസ്തംഭനം മൂലമാണ് ഇഹലോകവാസം വെടിഞ്ഞത്. അന്ന് ഒരു ഞായറാഴ്ചയായിരുന്നു-1888 ഏപ്രിൽ 15-ാം തീയതി. അന്തരിച്ചപ്പോൾ അദ്ദേഹത്തിന് 65 വയസ്സ് പ്രായമുണ്ടായിരുന്നു.

19-ാം നൂറ്റാണ്ടിലെ സാഹിത്യത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയ കവിയും വിമർശന സാഹിത്യകാരനുമായിരുന്നു മാത്യൂ ആർനോൾഡ്. അദ്ദേഹത്തിന്റെ കാവ്യവീക്ഷണം ധാരാളം പേർക്ക് വഴികാട്ടിയായിരുന്നു. ജീവിതാനുഭവവും കാവ്യാനുഭവവും ഇടപഴകി സമ്മേളിക്കുന്ന ആർനോൾഡിന്റെ സാഹിത്യവീക്ഷണം ധാരാളം പേർക്ക് വെളിച്ചം പകർന്നു. ഇന്നും ആ സ്വാധീനം അനസ്യൂതം തുടർന്നുപോകുന്നു.

(2011-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച "ഭാരതീയ ദർശനം ഇംഗ്ലീഷ് കവിതയിൽ" എന്ന ഗ്രന്ഥത്തിന്റെ കൈയ്യെഴുത്തു പ്രതിയിൽ അനുബന്ധമായി ഡോ. തരകൻ എഴുതിയ അർനോൾഡിന്റെ ജീവചരിത്രം. എന്നാൽ ഈ ഭാഗം പ്രസിദ്ധീകരിക്കപ്പെട്ട ഗ്രന്ഥത്തിൽ ചേർത്തില്ല).

www.malankaralibrary.com

# 64

## ഇംഗ്ലീഷ് പദങ്ങൾ കഥ പറയുന്നു
## Proletarians

ഡോ. ആന്നിയിൽ തരകൻ (മലങ്കര ബാലൻ, തിരുവനന്തപുരം)

ഓരോ ഇംഗ്ലീഷ് പദങ്ങൾക്കും തനതായ ഒരു ചരിത്രമുണ്ട്. അതിന്റെ ഉത്ഭവം, വളർച്ച, അതിനിപ്പോഴുള്ള അർത്ഥധ്വനികൾ മുതലയായവയാണ് ആ ചരിത്രത്തിന്റെ ഉള്ളടക്കം. മലയാളത്തിൽ ഐ. സി. ചാക്കോയ്ക്കു ശേഷം ഇംഗ്ലീഷ് വാക്കുകളുടെ ചരിത്രം കുറിക്കാൻ കാര്യമായ ശ്രമങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. Proletarians എന്ന ഇംഗ്ലീഷ് പദത്തിന്റെ ശ്രദ്ധേയമായ കഥയാണ് ഈ ചെറുലേഖനത്തിന്റെ പ്രതിപാദന വിഷയം.

Proletarians എന്ന പദത്തിന്റെ ഇന്നത്തെ അർത്ഥം തൊഴിലാളികൾ അഥവാ തൊഴിലാളിവർഗ്ഗത്തിൽപ്പെട്ടവർ എന്നാണ്. സോഷ്യലിസ്റ്റു വ്യവസ്ഥിതിയിൽ ബൂർഷ്വാകളെയും (bourgeoisie) തൊഴിലാളികളെയും വർഗ്ഗ ശത്രുക്കളായി എടുത്തു കാണിക്കുമ്പോൾ, Proletarians എന്ന പദമാണ് തൊഴിലാളികൾ എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നത്. 1848-ൽ കാൾമാർക്സും, ഫ്രഡറിക് എംഗൽസും കൂടിച്ചേർന്ന് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എഴുതിയപ്പോൾ അത് ആരംഭിച്ചതുതന്നെ തൊഴിലാളികളെ അഭിസം

www.malankaralibrary.com


ബോധന ചെയ്തുകൊണ്ടാണ്. തൊഴിലാളികൾക്ക് ഒന്നും നഷ്ട പ്പെടാനില്ലെന്നും നഷ്ടപ്പെടാനുള്ളത് അവരെ ബന്ധിക്കുന്ന ചങ്ങല കളാണെന്നും എഴുതിത്തുടങ്ങുന്ന മാനിഫെസ്റ്റോയുടെ തർജ്ജിമ യിൽ Proletarians എന്ന പദമാണ് തൊഴിലാളികൾ എന്ന അർത്ഥ ത്തിൽ ഉപയോഗിക്കുന്നത്.

എന്നാൽ മാർക്സിന്റെ മാനിഫെസ്റ്റോയിലൂടെ പ്രചുര പ്രചാരം ലഭിച്ച Proletarians എന്ന പദത്തിന് ദീർഘമായ ഒരു ചരിത്രമുണ്ട്. ലത്തീൻ ഭാഷയിലെ proles (പ്രോളസ്) എന്ന പദമാണ് ഇതിന്റെ മൂലപദം. Proles എന്ന പദത്തിന്റെ അർത്ഥം സന്താനങ്ങൾ എന്നാണ്. നൈയാമിക ഭാഷയിൽ ഈ പദം ഇംഗ്ലീഷ് പദമായി ത്തന്നെ ഉപയോഗിക്കുന്നുണ്ട്. പ്രാചീന റോമിൽ ലത്തീൻ ഭാഷ സംസാരിച്ചിരുന്ന കാലഘട്ടത്തിൽ Proles എന്ന മൂലപദത്തിൽ നിന്നും Proletarius (പ്രോളിത്താറിയൂസ്) എന്ന പദമുണ്ടായി. Proletarius എന്ന പദം അന്ന് അവർ ഉപയോഗിച്ചിരുന്നത് മക്കൾ മാത്രം ഉള്ളവർ എന്ന അർത്ഥത്തിലാണ്. എന്നു പറഞ്ഞാൽ, മക്കൾ മാത്രം ഉള്ളവരും, സ്വന്തമായി ഭൂമി ഇല്ലാത്തവരുമായ ദരിദ്രർ എന്ന് അർത്ഥം. proletariat എന്ന ഇംഗ്ലീഷ് പദം മുകളിൽ പറഞ്ഞ Proletarius എന്ന ലത്തീൻ പദത്തിൽ നിന്നും രൂപം കൊണ്ടതാണ്. കമ്മ്യൂണിസ്റ്റ് ചർച്ചയിൽ, മുതൽ മുടക്കാൻ പണമില്ലാത്തവർ എന്ന അർത്ഥം കൂടി ആ പദത്തിന് ലഭിച്ചു. ഫ്രഞ്ചു ഭാഷയിലും proletariat എന്ന പദം ഉപയോഗിക്കുന്നു, വ്യത്യസ്ത ഉച്ചാരണത്തോടുകൂടി (പ്രോളി ത്തോറിയ). ഇംഗ്ലീഷ് ഭാഷയിൽ ഉപയോഗിക്കുന്നതിനു മുമ്പ് തന്നെ proletariat എന്ന പദം ഫ്രഞ്ചു ഭാഷയിൽ ഉപയോഗിച്ചിരുന്നു. ഫ്രഞ്ചു ഭാഷയിലൂടെയാണ് ഈ പദം ആംഗലേയ ഭാഷയിൽ കടന്നുവന്നത്. 1789-ൽ ഫ്രഞ്ചു വിപ്ലവം തൊടുത്തു വിട്ടത് ഫ്രാൻ സിലെ മധ്യവർഗ്ഗത്തിൽപ്പെട്ടവർ അഥവാ ബൂർഷ്വാസികളാ യിരുന്നു. ധാരാളം ആനുകൂല്യങ്ങൾ അനുഭവിച്ചിരുന്ന പ്രഭുക്കൾ ക്കെതിരെ ബൂർഷ്വാസികൾ സംഘടിക്കുകയും ഫ്രഞ്ചു വിപ്ലവത്തിന് ആരംഭം കുറിക്കുകയും ചെയ്തപ്പോൾ bourgeoisie എന്ന പദം സമ്പന്നരും സ്വാധീനതയുള്ളവരുമായ മധ്യവർഗ്ഗം എന്ന അർത്ഥ ത്തിൽ ഉപയോഗിക്കാൻ തുടങ്ങി. അക്കാലത്തും ദരിദ്രവർഗ്ഗം എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരുന്നത് proletariat എന്ന പദമായിരുന്നു.

www.malankaralibrary.com



ഇംഗ്ലീഷിലെ മറ്റു ചില പദങ്ങളും മുകളിൽ പറഞ്ഞ proles എന്ന ലത്തീൻ മൂലപദത്തിൽ നിന്നും രൂപം കൊണ്ടിട്ടുണ്ട്. സന്താന പുഷ്ടിയുള്ള, ധാരാളം സന്താനങ്ങളെ ഉല്പാദിപ്പിക്കുന്ന, ഫലവൃദ്ധി യുള്ള എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന prolific എന്ന ഇംഗ്ലീഷ് പദം proles, facere (ഫാച്ചരേ) എന്നീ ലത്തീൻ പദങ്ങളിൽ നിന്നും ഇംഗ്ലീഷിലേയ്ക്ക് കടന്നുവന്നിട്ടുള്ളതാണ്. Facere എന്ന ലത്തീൻ വാക്കിന്റെ അർത്ഥം ഉണ്ടാക്കുക എന്നാണ്.

Proliferate, Proliferation, proliferous എന്നീ പദങ്ങളുടേയും മൂലപദങ്ങൾ proles എന്നും ferre (ഫെരേ) എന്നുമുള്ള ലത്തീൻ പദങ്ങളാണ്. Ferre എന്ന പദത്തിന്റെ അർത്ഥം വഹിക്കുക, പ്രസവി ക്കുക എന്നതാണ്. Ferre യിൽ നിന്നും fer എന്ന ലത്തീൻ പ്രത്യയം (suffix) ഉണ്ടായി. മുകളിൽ പറഞ്ഞ proliferate, proliferation, proliferous, എന്നീ പദങ്ങളുടെ അന്ത്യത്തിൽ ചേർന്നു നിൽക്കുന്ന പ്രത്യയം fer ആണ്.

ഇംഗ്ലീഷിലെ ഓരോ പദത്തിനും എത്രമാത്രം സങ്കീർണ മായ ചരിത്രമാണുള്ളതെന്ന് മുകളിൽ പറഞ്ഞ പദങ്ങളുടെ മൂലാർ ത്ഥത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിയും. ഇംഗ്ലീഷ് ഭാഷയുടെ അർത്ഥ വ്യാപ്തിയിലേയ്ക്ക് കടന്നു ചെല്ലുന്നതിന് ഉള്ള മാർഗ്ഗ ങ്ങളിൽ അതിപ്രധാനപ്പെട്ടതാണ് പദങ്ങളുടെ ചരിത്രം.

(മലങ്കര ബാലൻ, ആഗസ്റ്റ് 1999, പുറം 27-28)

www.malankaralibrary.com

# 65

## 'ഉല്പാദനത്തിലൂടെ ഉന്നമനം'

ഡോ. ആന്നിയിൽ തരകൻ (മലങ്കര ബാലൻ, തിരുവനന്തപുരം)

ഐക്യരാഷ്ട്രസംഘടന അഥവാ UNO രണ്ടാംലോകയുദ്ധത്തിനുശേഷം രാഷ്ട്രങ്ങളുടെ നന്മയ്ക്കും സമാധാനത്തിനും വേണ്ടി സ്ഥാപിച്ചിട്ടുള്ള ഒരു സംഘടന.

ഈ സംഘടന, 1970–മുതൽ 10 വർഷം, ഉല്പാദനത്തിന്റെ കാലഘട്ടമായി പ്രഖ്യാപനം ചെയ്തു. 'ഉല്പാദനത്തിലൂടെ ഉന്നമനം' (Prosperity through productivity) എന്ന മുദ്രാവാക്യം ലോകത്തിന് പ്രദാനം ചെയ്തു.

അവികസിതരാജ്യങ്ങളെ കൂടുതൽ ഉന്നമനത്തിലേക്ക് കൊണ്ടുവരുന്നതിനും, പട്ടിണി മാറ്റുന്നതിനും വേണ്ടിയുള്ള ഐക്യരാഷ്ട്രസംഘടനയുടെ പ്രയത്നത്തിന് തെളിവാണിത്. "ഉല്പാദനത്തിലൂടെ ഉന്നമനം" എന്ന ലക്ഷ്യം കണക്കിലെടുത്ത് പ്രവർത്തിച്ച പല പാശ്ചാത്യരാജ്യങ്ങളും ഇന്ന് വികസിതരാജ്യങ്ങളുടെ മുൻപന്തിയിൽ നില്ക്കുന്നു. അമേരിക്ക, പശ്ചിമ ജർമ്മനി, ജപ്പാൻ മുതലായ രാജ്യങ്ങൾ ഇതിനു തെളിവാണ്. ജപ്പാൻ പ്രത്യേകിച്ചും. യുദ്ധത്താൽ തകർക്കപ്പെട്ട ഒരു രാജ്യമായിരുന്നു ജപ്പാൻ. അദ്ധ്വാനത്തിന്റെ

www.malankaralibrary.com



ഫലമായി ഇന്ന് ഈ കൊച്ചുരാജ്യം എല്ലാതലത്തിലും മുൻപന്തിയിൽ നിൽക്കുന്നു.

നമ്മുടെ രാജ്യം അവികസിതരാജ്യമാണ്. 50 കോടി ജനങ്ങളുള്ള ഭാരതം ഇന്നും പട്ടിണിയിലും ദാരിദ്ര്യത്തിലും ആണ്ടുകിടക്കുകയാണ്. "ഉല്പാദനത്തിലൂടെ ഉന്നമനം" എന്ന ഐക്യരാഷ്ട്രസംഘടനയുടെ ആഹ്വാനം ഇന്ത്യയെ സംബന്ധിച്ചിടത്തോളം വളരെ അർത്ഥവത്താണ്. കാരണം നമ്മുടെ രാജ്യം പൊതുവിൽ ഒരു കർഷകരാജ്യമാണ്. 80 ശതമാനം ആളുകൾ ഗ്രാമീണരും കൃഷിക്കാരും ആണ്. തന്റെ Defeat of the Indian Agriculture (ഇൻഡ്യൻ കൃഷിയുടെ പരാജയം) എന്ന പുസ്തകത്തിൽ Prof. Dumont (ഡ്യൂമോ) എന്ന ഫ്രഞ്ച് ധനതത്വശാസ്ത്രജ്ഞൻ പറയുന്നത്, ഇൻഡ്യൻ ജനതയുടെ ദാരിദ്ര്യത്തിന്റെ മുഖ്യകാരണം അദ്ധ്വാനരാഹിത്യമാണെന്നാണ്.

ഓരോ രാഷ്ട്രവും ഓരോ വ്യക്തിയെക്കൊണ്ട് നിറഞ്ഞതാണ്. ഓരോ വ്യക്തിയും ആത്മാർത്ഥതയോടുകൂടി തന്റെ കൃത്യം നിർവഹിക്കുന്നില്ലെങ്കിൽ ആ രാഷ്ട്രം പൊതുവിൽ പരാജയമടയും.

ഈ ചെറുലേഖനം വായിക്കുന്ന ഓരോ കുഞ്ഞനുജനും തന്നെ ഏല്പിച്ചിരിക്കുന്ന ജോലി ശരിയായി നിർവഹിച്ചെങ്കിൽ മാത്രമേ നല്ലൊരു നാളെയെ കെട്ടിപ്പടുക്കാൻ സാധിക്കൂ. നിങ്ങൾ വിദ്യാർത്ഥികളായിരിക്കുമ്പോൾ ശരിയായി പഠിക്കണം. ഉയരണമെന്ന ആവേശത്തോടുകൂടി ജീവിക്കണം. കാലത്തിന്റെ തികവിൽ, ജീവിതത്തിലേക്കു കടക്കുമ്പോൾ, നിങ്ങളുടെ ജോലി ഭംഗിയായി ചെയ്യാൻ കുട്ടിക്കാലത്തിലേ പരിശ്രമശീലം നിങ്ങളെ സഹായിക്കും. നിങ്ങളിൽ ചിലർ കർഷകവൃത്തിയിൽ ഏർപ്പെടുമായിരിക്കും. നാടിന്റെ നട്ടെല്ലാണ് കർഷകർ. നട്ടെല്ലോടുകൂടി ഓരോ കിസ്സാനും (ഹിന്ദിപദം, കർഷകൻ എന്നർത്ഥം) ദാരിദ്ര്യത്തെ നേരിടണം, ജവാൻ നമ്മുടെ നാടിന്റെ ശത്രുവിനെ നേരിടുന്നതുപോലെ. നിങ്ങൾ നാടിനെ - ഉന്നമനത്തിൽനിന്നും ഉന്നമനത്തിലേക്ക് നയിക്കും. കാരണം, "ഉല്പാദനത്തിലൂടെയാണ് ഉന്നമനം".

(മലങ്കര ബാലനിൽ - 1970 മാർച്ച്, വോളിയം 1, നമ്പർ-3, പുറം 32-33- കുട്ടികൾക്കുവേണ്ടി എഴുതിയ ലേഖനം)

www.malankaralibrary.com

# 66

## അപ്പോളോ പതിമൂന്ന്

ഡോ. ആന്നിയിൽ തരകൻ (മലങ്കര ബാലൻ, തിരുവനന്തപുരം)

നേരം 7 മണി. രാത്രി. അമേരിക്കയുടെ ചന്ദ്രപര്യടനത്തിൽ തല്പരനായ ഞാൻ അമ്മയുമായി ഒരു സംഭാഷണത്തിലായിരുന്നു.

ഞാൻ വിളിച്ചുപറഞ്ഞു: ‘‘അമേരിക്കയുടെ 5-ാമത്തെ ബഹിരാകാശയാത്ര സുഖകരമായി തുടർന്നുകൊണ്ടിരിക്കുന്നമ്മേ!”.

“അപ്പോളോ 13 ഭൂമിയിൽ നിന്നും 200,000 മൈൽ അകലത്തിലാണ് ഇപ്പോൾ. അവർ ചന്ദ്രനിലിറങ്ങി പാറയും മണ്ണുമായി തിരിച്ചുവരും. മനുഷ്യരാശിക്ക് വലിയ നേട്ടമായിരിക്കും. ശാസ്ത്രത്തിന്റെ യുഗം! ഹാ! ശാസ്ത്രത്തിന് എന്തും കഴിയുമമ്മേ! അമ്മ ഇനി എന്തിനാ പ്രാർത്ഥിക്കുന്നേ! ശാസ്ത്രത്തിനു മാത്രമേ നമ്മെ സംരക്ഷിക്കാൻ കഴിയൂ.

‘‘എന്ത്! പ്രാർത്ഥിക്കണ്ടാന്നോ? എല്ലാവരും പ്രാർത്ഥിക്കണം. അവസാനമായി പ്രാർത്ഥനയ്ക്ക് മാത്രമേ ശാസ്ത്രത്തേപോലും വിജയത്തിലെത്തിക്കാൻ സാധിക്കൂ. എല്ലാത്തിന്റെയും അധിപൻ ദൈവമല്ലേ?” അമ്മ എന്നെ ശാസിച്ചു.

www.malankaralibrary.com



"അല്ലമ്മേ!"

"മിണ്ടരുത്. പ്രാർത്ഥിക്കണ്ടാന്ന് പറയുന്നവന് എന്റെ വീട്ടിൽ സ്ഥാനമില്ല".

അമ്മയുടെ ഭോഷത്വം! വിദ്യാഭ്യാസമില്ലാത്ത അമ്മയുമായി എന്തിന് വാദിക്കണം. വേണ്ട. അമ്മയ്ക്കു ശാസ്ത്രപരിജ്ഞാനമില്ല - ഞാൻ വിധിയെഴുതി.

നേരം 7.30. രാത്രി. ആകാശവാണിയിൽനിന്നും മലയാള വാർത്ത കേൾക്കാനായി ഞാൻ റേഡിയോ മുറിയിലേക്കു പോയി. അമ്മ അടുക്കളയിലേക്കും. അപ്പോളോ 13-നെപ്പറ്റിയുള്ള എല്ലാ വാർത്തയും ഞാൻ കേൾക്കും. കേട്ടാസ്വദിച്ച് കട്ടിലിൽകിടന്ന് അപ്പോളോയെപ്പറ്റി സ്വപ്നം കാണും. സ്വപ്നം... അപ്പോളോ-13.

"അയ്യോ, എന്ത്, പേടകം തകർന്നെന്നോ?"

"അമ്മോ" ഞാൻ അലറിവിളിച്ചു.

"എന്താ മോനേ".

"അമ്മോ"

"എന്താടാ പറയൂ".

"അമേരിക്കൻ ബഹിരാകാശയാത്രക്കാർ വലിയ അപകടത്തിലാണ്. അവരുടെ പേടകം തകർന്നിരിക്കുന്നു. തിരിച്ചു ഭൂമിയിലേക്കു യാത്ര തിരിക്കാൻ പോകുന്നുപോലും".

വിദ്യുച്ഛക്തിയും ഓക്സിജനും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അപ്പോളോ! ഭൂമിയിലെത്തുമ്പോഴേക്കും ലോവലും കൂട്ടരും മരിച്ചിരിക്കും.

"അവർ തിരിച്ചു വരണം. മരിക്കാൻ പാടില്ല". ഞാൻ അലറി. കോപത്തിനും പിന്നെ വിലാപത്തിനും ഞാൻ വിധേയനായി. മുറിക്കുള്ളിൽ ഒരു ഭ്രാന്തനെപ്പോലെ നടന്നു.

"അവർ തിരിച്ചുവരണമെങ്കിൽ നീ..."

"തിരിച്ചുവരണമെങ്കിൽ ഞാൻ... എന്ത്, പറയൂ, അമ്മേ".

"നീ"

"ഞാൻ"

"നീ... പ്രാർത്ഥിക്കണം"

www.malankaralibrary.com


"പ്രാർത്ഥിച്ചാൽ വരുമോ?"

"വരും. പ്രാർത്ഥനക്ക് മാത്രമേ അവസാനമായി ശാസ്ത്രത്തേപ്പോലും വിജയത്തിലെത്തിക്കാൻ സാധിക്കൂ".

ഞാൻ ശാന്തനായി അടുത്തുള്ള പള്ളിയിലേക്കു നടന്നു. ചിറകു വിരിച്ചു നിൽക്കുന്ന ആ ദൈവാലയത്തിനുള്ളിൽ എന്റെ കരങ്ങൾ കൂപ്പി ഞാൻ പ്രാർത്ഥിച്ചു.

മുകളിൽ ആകാശവും താഴെ ഭൂമിയും എല്ലാം എല്ലാം ആ ജഗദീശ്വരന്റെ മുമ്പിൽ നിശ്ചലമായിരുന്നു.

എന്റെ ഇരുവശങ്ങളിലും പച്ചവിരിച്ച പാടങ്ങൾ... ആകാശം മുട്ടുന്ന പർവ്വതങ്ങൾ. കോൾമയിർ കൊള്ളിക്കുന്ന തണുത്ത കാറ്റ് മന്ദംമന്ദം ദൈവാലയത്തിനുള്ളിലേക്ക് കടന്നിരുന്നു.

അപ്പോളോ പതിമൂന്നും അതിലെ യാത്രക്കാരും ഭൂമിയിലേക്ക് പ്രയാണം ചെയ്തുകൊണ്ടിരുന്നു. അവർ സുരക്ഷിതരായി ശാന്തസമുദ്രത്തിൽ നിപതിച്ചപ്പോൾ, ഭീമമായ ആ ബഹിരാകാശക്കപ്പൽ, പ്രാർത്ഥനക്കുവേണ്ടി കൂപ്പിയ എന്റെ കരങ്ങൾക്കുള്ളിൽ ഒതുങ്ങി നിന്നിരുന്നതുപോലെ തോന്നി.

(മലങ്കരബാലൻ മേയ് 1970, വോളിയം 1, നമ്പർ 5., പുറം 83-85. കുട്ടികൾക്ക് വേണ്ടി "ലോകസംഭവങ്ങളിലൂടെ" എന്ന ശീർഷകത്തിൽ മലങ്കര ബാലനിൽ പ്രസിദ്ധീകരിച്ച പരമ്പരയുടെ ഭാഗം)

www.malankaralibrary.com

# 67

## ഇൻഡ്യൻ ജനാധിപത്യം: വസ്തുനിഷ്ഠമായ ഒരു അപഗ്രഥനം

ഡോ. ആന്നിയിൽ തരകൻ (കാഹളം, തിരുവനന്തപുരം)

ജനാധിപത്യം എന്ന വാക്കിന് സരളവും ലളിതവുമായ ഭാഷയിൽ പറഞ്ഞാൽ, ഭിന്നാഭിപ്രായം പുറപ്പെടുവിക്കുവാൻ, അല്ലെങ്കിൽ സ്വന്തം അഭിപ്രായം തുറന്നു പറയാൻ വ്യക്തികൾക്കുള്ള അവകാശം എന്നാണ് അർത്ഥം. ഏബ്രഹാം ലിങ്കൺ ജനാധിപത്യത്തെ ഇപ്രകാരം നിർവചിക്കുന്നു: "ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഭരിക്കുന്ന ഭരണകൂടമാണ് ജനാധിപത്യം" (A government of the people, by the people, and for the people, which means a government by discussion and criticisms of competing ideas leading to a compromise in which all the ideas are reconciled and which can be accepted by all because it bears the imprint of all). ജനാധിപത്യം രണ്ടു തരത്തിലുണ്ട്. ഒന്നിന് വാച്യാർത്ഥത്തിൽ തനി ഡിമോക്രസി, അഥവാ, പൊതുജനഭരണമെന്നും, മറ്റേതിന് റിപ്പബ്ലിക്കെന്നും പറയാം. ഇവ തമ്മിലുള്ള വ്യത്യാസം ജെയിംസ് മാഡിസൺ എന്ന ഗ്രന്ഥകാരൻ ഇങ്ങനെ വിവരിക്കുന്നു. "തനിജനാധിപത്യരാജ്യങ്ങൾ കലാപങ്ങളുടെയും അന്തഃഛിദ്ര

www.malankaralibrary.com


ങ്ങളുടെയും രംഗമാണ്. അവിടെ പൊതുജനങ്ങൾ ഭരണത്തിൽ നേരിട്ടു പങ്കെടുക്കുന്നു. റിപ്പബ്ലിക്കൻ രാജ്യങ്ങളിലാകട്ടെ ജനങ്ങൾ തങ്ങളുടെ പ്രതിനിധികൾ മുഖേനയത്രേ ഭരണം നടത്തുന്നത്".

ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഭരിക്കുന്ന സുവ്യക്തവും സുസ്ഥാപിതവുമായ ഒരു ഭരണരീതിയും ജീവിതക്രമവുമാണ് ഇൻഡ്യൻ ജനാധിപത്യം. ഇൻഡ്യൻ ജനാധിപത്യത്തിന്റെ തത്വങ്ങളും കാതലും അതിന്റെ സജീവ ചലനശക്തിയും ഭാരതജനതയുടെ മൗലികമായ ആവശ്യങ്ങളിലും ദൈവപ്രചോദിതമായ അവരുടെ പ്രത്യാശകളിലും നിന്നാണ് ഉടലെടുക്കുന്നത്. അത് അതിന്റെ ക്രിയാത്മകത്വത്തിൽ സാർവ്വത്രിക മനുഷ്യത്വത്തിന്റെ ജീവിതമൂല്യങ്ങളും വ്യക്തികളുടെയും ന്യൂനപക്ഷങ്ങളുടെയും മൗലികസ്വാതന്ത്ര്യങ്ങളും അവകാശങ്ങളും അനുവദിക്കുകയും ചെയ്യുന്നു. തൻമൂലം തിരഞ്ഞെടുപ്പിൽ കിട്ടുന്ന വോട്ടുകളുടെ എണ്ണം എത്ര കൂടിയാലും ന്യൂനപക്ഷത്തിന്റെ മൗലികമായ അവകാശങ്ങൾക്ക് ഒരു മാറ്റവും സംഭവിക്കുന്നില്ല. അത് ആദ്ധ്യാത്മിക തത്വങ്ങളെ നിഷേധിക്കുകയോ വ്യക്തികളുടെ മഹിമയെ അവഗണിക്കുന്ന സർവ്വാധിപത്യവാദങ്ങളിൽ മതിമയങ്ങുകയോ ചെയ്യുന്നില്ല. അങ്ങനെ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ തത്വങ്ങളെ അത് മുറുകെപിടിച്ചിരിക്കുന്നു.

ഭരണഘടനയിൽ പ്രഖ്യാപിക്കുന്ന മൗലികാവകാശങ്ങൾക്കും ജീവിതമൂല്യങ്ങൾക്കും ഉപാധികളായ നിയമങ്ങൾ നിർമ്മിക്കുന്നതിന് പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധി സഭ അതിനുണ്ട്. ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന മൗലീകാവകാശങ്ങളെയും അവയ്ക്ക് വിധേയമായി നടപ്പിൽ വരുത്തിയിരിക്കുന്ന നിയമങ്ങളെയും ഭരണകൂടവും ജനങ്ങളും ലംഘിക്കാതെ സംരക്ഷിക്കുന്നതിനു ഒരു നീതിന്യായക്കോടതിയുണ്ട്. പ്രതിപക്ഷത്തിന്റെ വിമർശനങ്ങളും പരസ്പരവാദ പ്രതിവാദങ്ങളും കൂടുതൽ സത്യത്തിലേക്കുള്ള മാർഗ്ഗങ്ങളാണെന്ന ആദർശം, മനുഷ്യസമൂഹമല്ല വ്യക്തിയാണ് പ്രഥമ യാഥാർത്ഥ്യം എന്ന സത്യം, ഇൻഡ്യൻ ജനാധിപത്യത്തിന്റെ കാതലായ ഭാഗങ്ങളാണ്. അങ്ങനെ ഭരണവും നിയമനിർമ്മാണവും നയതന്ത്രങ്ങളുമെല്ലാം നാടിനും നാട്ടാർക്കും വേണ്ടിയാണെന്നുള്ള ശരിയായ ബോദ്ധ്യത്തിൽ ഭൂരിപക്ഷം അന്ധമായി വിശ്വസിക്കപ്പെടുന്നില്ല. ഇവിടുത്തെ അഭിപ്രായസ്വാതന്ത്ര്യങ്ങളും

www.malankaralibrary.com


വിമർശനസൗകര്യവും വാദപ്രതിവാദങ്ങളും സ്വതന്ത്രമായ പത്രപ്രവർത്തനവും മുൻപറഞ്ഞ ആശയത്തിന് ദൃഷ്ടാന്തങ്ങളത്രേ. ഈ വക സ്വാതന്ത്ര്യങ്ങളിലൂടെ തെറ്റുകൾ പുറംതള്ളപ്പെടുകയും സത്യാശയങ്ങൾ തെളിഞ്ഞുകൂടി വിജ്ഞാനത്തിന്റെ ആകെത്തുക വർദ്ധിക്കുകയും ചെയ്യുന്നു.

സ്വതന്ത്രഭാരതം ജനാധിപത്യഭരണം സ്വീകരിക്കുകയും ഏറെത്താമസിയാതെ സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥിതി അംഗീകരിക്കുകയും ചെയ്തു. സാർവ്വദേശീയ രംഗത്ത് സമാധാനനയവും ചേരിചേരാനയവുമാണ് ഇൻഡ്യ അനുവർത്തിച്ചുപോന്നത്. ലോകത്ത് ഇങ്ങനെയൊരു സാഹസികപരിശ്രമം ഇദംപ്രഥമമാണെന്ന് എല്ലാവരും സമ്മതിക്കും. "ജനാധിപത്യരീതിയിൽ സോഷ്യലിസം കെട്ടിപ്പടുക്കുന്ന സംരംഭം എത്രമാത്രം വിജയിക്കും? ലോകം രണ്ടു ശാക്തികചേരികളായി ശരിക്കും വേർതിരിഞ്ഞു നില്ക്കുമ്പോൾ ചേരിചേരാനയം എത്ര കണ്ട് പ്രായോഗികമാകും"? ഇൻഡ്യയ്ക്ക് അകത്തും പുറത്തും നിന്ന് ഈ ചോദ്യങ്ങൾ ഉയർന്നു. ഈ നൂതനപരീക്ഷണം ലോകത്തിന്റെ മുഴുവൻ ശ്രദ്ധയെയും ആകർഷിക്കുകയുണ്ടായി. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം സാർവ്വദേശീയ രംഗത്തുണ്ടായ പ്രധാനപ്പെട്ട ഒരു പ്രതിഭാസമാണ് വ്യക്തമായ ചേരിതിരിവ്. ലോകത്തിലെ വൻകിട രാഷ്ട്രങ്ങൾ രണ്ടു ചേരികളായി തിരിയുകയും ശീതസമരത്തിന്റെ അത്യുച്ചശൃംഗങ്ങളിൽ വിഹരിക്കുകയും ആയുധനിർമ്മാണമേഖലയിൽ വാശിയോടെ മത്സരിക്കുകയും ചെയ്തപ്പോൾ ഇൻഡ്യയുടെ ആഭ്യന്തരരംഗത്തും അന്താരാഷ്ട്രീയ രംഗത്തും ഒരുപോലെ മുഴങ്ങിക്കേട്ട പ്രഹേളികയായിരുന്നു ഇത്. "ഏതു ചേരിയിൽ"?

രണ്ടേ രണ്ടു ചേരികൾ മാത്രം പരസ്പരാഭിമുഖമായി ലോകത്തിന്റെ തന്നെ സമാധാനത്തെ ചോദ്യം ചെയ്യുമാറ് പല്ലിറുമ്മികൊണ്ട് നില്ക്കുകയും അതിലൊന്നിലും ഉൾപ്പെടാതെ നില്ക്കണമെന്ന് അഭിലഷിക്കുന്ന ഇൻഡ്യ തങ്ങളൊരു മൂന്നാം ചേരിയിലാണെന്ന് പറയുവാൻ അതേസമയം വിസമ്മതിക്കുകയും ചെയ്യുമ്പോൾ ഇൻഡ്യൻ ചേരിചേരാനയം ഒരു ഞാണിന്മേൽക്കളിയല്ലേ?

ഭാരതത്തിലെ ജനങ്ങളിൽ വമ്പിച്ച ഭൂരിപക്ഷം തൊഴിൽ രഹിതരും അർദ്ധ പട്ടിണിക്കാരുമാണ്. സോവിയറ്റുറഷ്യയുടെ പ്രാദുർഭാവത്തിനുശേഷം തൊഴിൽരഹിതർക്കും അർദ്ധപട്ടിണിക്കാർക്കും പ്രിയംകരമായിരിക്കുന്ന ഒരു ലക്ഷ്യമായി തോന്നി

www.malankaralibrary.com


സോഷ്യലിസം. ജനാധിപത്യത്തിനും സോഷ്യലിസത്തിനും തമ്മിൽ പൊരുത്തമോ പൊരുത്തക്കേടോ ഉണ്ടായിരിക്കട്ടെ. ഒറ്റ തിരിഞ്ഞും ഒന്നു ചേർന്നും ആ രണ്ട് ആശയഗതികൾ സ്വാതന്ത്ര്യലബ്ധിക്ക് മുമ്പുതന്നെ ഇൻഡ്യയിൽ പ്രവേശിച്ചത് തികച്ചും ശ്രദ്ധേയമത്രേ. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ജനാധിപത്യത്തെയും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി സോഷ്യലിസത്തെയും ഇൻഡ്യൻ സോഷ്യ ലിസ്റ്റ് പാർട്ടി ജനാധിപത്യ സോഷ്യലിസത്തെയും പ്രതിനിധാനം ചെയ്തു. ജനാധിപത്യത്തിനാണിവിടെ മുൻതൂക്കം. അതുകൊണ്ട് ജനാധിപത്യകക്ഷിയായ കോൺഗ്രസ്സിന് ഭരണഭാരം ലഭിച്ചു. ഭൂരിപക്ഷഹിതം നടപ്പാക്കുന്നതോടൊപ്പം ന്യൂനപക്ഷതാൽപര്യം കൂടി സംരക്ഷിക്കണമെന്ന ജനാധിപത്യ തത്വത്തിന്റെ വെളിച്ചത്തിൽ ഗണനീയമായ ഒരു ന്യൂനപക്ഷത്തെ ജനാധിപത്യം അംഗീകരിച്ചു. ഈ ന്യൂനപക്ഷമായിരുന്നു സോഷ്യലിസം. ജനാധിപത്യമാണ് ഇൻഡ്യൻ സോഷ്യലിസത്തിന്റെ രക്ഷാധികാരി. മറിച്ച് സോഷ്യ ലിസം ജനാധിപത്യത്തിനുവേണ്ട ആധാരശില വാർത്തെടു ക്കുകയും ചെയ്യുന്നു. ഇൻഡ്യയുടെ ജനാധിപത്യ സോഷ്യലിസം ആഭ്യന്തരമായി നോക്കുമ്പോൾ സ്വാഭാവികവും അനിർവാര്യ വുമാണ്. ഇൻഡ്യയുടെ അവികസിതാവസ്ഥ പരിഗണിക്കുമ്പോഴും ഇതു മാത്രമേ ഒരു പോംവഴിയുള്ളു എന്നു കാണാം. ഒരു അവികസിത രാജ്യത്തിലെ ജനാധിപത്യമാണല്ലോ ഇൻഡ്യൻ ജനാധിപത്യം. സാമ്പത്തികോന്നമനത്തിനും ജനാധിപത്യത്തെ രൂഢമൂലമാക്കാ നുള്ള കഴിവുണ്ട്. അല്ലെങ്കിൽ ഭരണകർത്താക്കളുടെ അധികാര ങ്ങളെയും ഭരണീയരുടെ അവകാശങ്ങളെയും തിട്ടപ്പെടുത്തുവാൻ മാത്രമേ ഭരണഘടന ഉപകരിക്കൂ. ഈ വസ്തുത അതീതകാല ചരിത്രത്തിൽ നിന്ന് കാലേകൂട്ടി ഗ്രഹിച്ച് പഞ്ചവത്സരപദ്ധതി നടപ്പി ലാക്കിയതിലാണ് ഭാരതത്തിന്റെ ഭാഗ്യം.

നാല്പതു നീണ്ട സംവത്സരങ്ങളോളം ഉറങ്ങിക്കിടന്നിട്ടു ണർന്ന റിപ്‌വാൻ വിങ്കിളിന്റെ അനുഭാവമായിരുന്നു സ്വതന്ത്രഭാരത ത്തിന്. ഭാരതത്തോടുകൂടി സ്വാതന്ത്ര്യം ലഭിച്ച പല രാജ്യങ്ങളും പുരോഗതിയിൽ ഭാരതത്തിനു മുമ്പിലാണ്. ഭാരതം അനേകം കാതം പിറകിലും. ഭാരതത്തിന് ലോകരാഷ്ട്രങ്ങൾക്കിടയിൽ അവളർഹി ക്കുന്ന സ്ഥാനം ലഭിക്കണമോ, അവളുടെ ജനാധിപത്യത്തെ അഷ്ട ബന്ധമിട്ട് ഉറപ്പിക്കണമോ, എങ്കിൽ നൂറ്റാണ്ടുകളിലെ സാമ്പത്തിക പുരോഗതിയും സാംസ്കാരിക വളർച്ചയും ഏതാനും അയ്യാണ്ടുകൾ

www.malankaralibrary.com

കൊണ്ട് സാധിക്കണം. അതിനു സ്വകാര്യമേഖല പര്യാപ്തമല്ല. പൊതു താല്പര്യത്തെ മാത്രം മുൻനിർത്തി ശീഘ്രമായ വ്യവസായിക വികസനം കൈ വരുത്തുവാൻ പൊതുമേഖലക്കേ കഴിയൂ. പൊതുമേഖലയ്ക്ക് അധികപ്രാധാന്യം നല്കിക്കൊണ്ടുള്ള വ്യവസായവല്ക്കരണം സോഷ്യലിസത്തിന്റെ മുഖ്യ സവിശേഷതയത്രേ. സോഷ്യലിസ്റ്റ് സാമ്പത്തികനയം നാം സ്വീകരിച്ചതിന്റെ പശ്ചാത്തലം ഇതാണ്. ഇൻഡ്യയെ സാമ്പത്തികമായി ഉയർത്താനായിട്ടാണ് നമ്മുടെ ചേരിചേരാനയത്തിന്റെ ഉദ്ദേശ്യം. ലോകത്തിലെ സമ്പന്നമായ രണ്ടു രാജ്യങ്ങളാണ് അമേരിക്കയും റഷ്യയും. വ്യവസായവൽക്കരണം പ്രധാനമായും പൊതുമേഖലയിലായതിനാൽ ആ രാജ്യങ്ങളോട് സർക്കാർ നിലവാരത്തിൽത്തന്നെ കടം വാങ്ങേണ്ടിവരും. ഇരു ചേരികളിൽനിന്നും ഒരേ സമയം കടം വാങ്ങിക്കാൻ ചേരിനയം സഹായിക്കുകയില്ലല്ലോ.

ഇൻഡ്യൻ ജനാധിപത്യത്തിൽ സ്വാതന്ത്ര്യം തീരെ നിയന്ത്രണരഹിതമല്ല. അതിന് ഇവിടുത്തെ ജനാധിപത്യതത്വങ്ങൾ തന്നെ ചില പരിമിതികൾ കല്പിക്കുന്നു. നിന്റെയും അന്യരുടെയും മഹിമയെ മാനിച്ചുകൊണ്ടും ആരുടെയും അവകാശങ്ങൾ ലംഘിക്കാതെയും വേണം അഭിപ്രായപ്രകടനമേതും. മനുഷ്യ വികാസത്തെ തടയുന്ന സ്വാർത്ഥത നിറഞ്ഞ ദുർവാസനകൾക്കും ആശയ ഗതികൾക്കും ജനകീയ ഭരണത്തിൽ സ്ഥാനമില്ലല്ലോ. ഈ വീക്ഷണകോണിലൂടെ ഇൻഡ്യൻ ജനാധിപത്യത്തെ അവലോകനം ചെയ്യുമ്പോൾ അതിന്റെ ഏറ്റവും വലിയ വിചലനം കൃത്രിമ കുടുംബസംവിധാനാസൂത്രണമാണ്. കാരണം ഇമ്മാതിരിയുള്ള കുടുംബസംവിധാനം മനുഷ്യരെ മൃഗതുല്യരാക്കുന്നു. മനുഷ്യൻ ധാർമ്മിക അധഃപതനത്തിന്റെ ഗർത്തത്തിലേക്കു നിപതിക്കുന്നു. മതബോധം ക്ഷയിക്കുമ്പോൾ സ്വരാജ്യസ്നേഹവും ക്ഷയിക്കുന്നു. മനുഷ്യൻ ദൈവത്തെ സ്നേഹിക്കാതെയാകുമ്പോൾ അയൽക്കാരനെയും സ്നേഹിക്കാതെ വരും.

ജനാധിപത്യത്തിന് ഒരു രാജ്യത്തിന്റെ പൗരന്മാരെ സംസ്കാരസമ്പന്നരും അഭ്യസ്തവിദ്യരുമായി രൂപീകരിക്കുന്നതിന് കടമയുണ്ട്. ഇവിടെ എത്ര ശതമാനം ഇൻഡ്യൻ പൗരന്മാർ അഭ്യസ്തവിദ്യരാണെന്ന് ചിന്തിക്കേണ്ടതുണ്ട്.

സമത്വം എന്ന തത്വം ഇൻഡ്യൻ ജനാധിപത്യത്തിന്റെ കാതലായ ഒരാദർശമാണെന്നും നാം കണ്ടു. ഈ ആശയഗതിയി

www.malankaralibrary.com



ലൂടെയാണ് എല്ലാ മതങ്ങളും അവയുടെ അധികാരവകാശങ്ങളെ പ്രാവർത്തികമാക്കുന്നത്. എന്നാൽ ലോകത്തിന്റെ പല ഭാഗങ്ങ ളിലായി മതപീഡനം അനുഭവിക്കുന്ന ക്രിസ്തീയ വർഗ്ഗത്തോടു മൗനമവലംബിക്കുന്ന ഇൻഡ്യ ഈയിടെയായി Diem ഗവൺമെന്റി നെതിരായി വിയറ്റ്നാമിലെ ബുദ്ധമതാനുയായികളെ പിൻതാ ങ്ങിയത് ജനാധിപത്യത്തിന് എതിരല്ലേ എന്ന് ചിന്തിക്കേണ്ടി യിരിക്കുന്നു.

ഇൻഡ്യയിൽ ജനാധിപത്യം സുസ്ഥാപിതമാക്കുന്നതിനും അതിന്റെ തത്വങ്ങളിൽ നിന്ന് വ്യതിചലിക്കാതിരിക്കുന്നതിനും വിദ്യാഭ്യാസം ധാർമ്മികമൂല്യം മുതലായവ സാർവ്വജനകീയമായി പരിണമിക്കുകയും ആശാവഹമായ നിലയിലെത്തുകയും ചെയ്യണം. അപ്പോൾ ഇൻഡ്യയിലെ ശിഥിലീകരണ പ്രസ്ഥാനങ്ങൾ തകരും. ഒടുവിൽ ഇവിടെ രണ്ടു കക്ഷികൾ മാത്രം ശേഷിയ്ക്കും – ഒന്ന് ഒരു ഭരണകക്ഷിയും മറ്റേത് പ്രതിപക്ഷവും; രണ്ടിന്റേയും ലക്ഷ്യം രാജ്യക്ഷേമമായിരിക്കും.

അപ്പോൾ സാമൂഹികമായ പല നേട്ടങ്ങളുമുണ്ടാകും. മനുഷ്യരുടെ ജീവിതാവസ്ഥക്കു തന്നെയും ഒരു വ്യതിയാനം ഉത്ഭൂത മാകും. അപരിഷ്കൃതങ്ങളായി അധഃപതിച്ചുകിടക്കുന്ന ഗ്രാമപ്രദേശ ങ്ങളിൽ പുരോഗമനത്തിന്റെ പുതുവെളിച്ചം വീശും. പരിഷ്ക്കാരവും സംസ്കാരവും അതിന്റെ അത്യുച്ചശൃംഗങ്ങളിൽ എത്തിച്ചേരും. വിഭവസമ്പത്തുകൾ വർദ്ധിക്കും. ഐശ്വര്യം എവിടെയും കളിയാ ടുവാൻ തുടങ്ങും. ജനങ്ങൾ പുളകിതഗാത്രരായിത്തീരും.

(ഈ വിഷയത്തെപ്പറ്റി ചില പുസ്തകങ്ങൾ: ജോൺഡ്യൂയി. *സ്വാതന്ത്ര്യവും സംസ്കാരവും*; Fulton J Sheen. *Freedom Under God*; ജേൺ റീഡ്. *ജനാധിപത്യം*; രാധാകൃഷ്ണൻ. *സ്വാതന്ത്ര്യവും സംസ്കാരവും*; Jean Whal. *Freedom*; M.M. Thomas. *ഭാരതത്തിലെ രാഷ്ട്രീയ ചിന്താഗതികൾ.* അറുപതുകളുടെ ആദ്യം പൂനാ പേപ്പൽ സെമിനാരിയിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ കാഹളത്തിൽ എഴുതിയ ലേഖനം. കാഹളത്തിന്റെ പഴയ കോപ്പികൾ ലഭ്യമല്ല).

www.malankaralibrary.com

# 68

## സ്നേഹസന്ദേശം: നവവൈദികൻ സ്വന്തം ജനങ്ങളോട്

ഡോ. ആന്നിയിൽ തരകൻ

"ഞാനയോഗ്യനായിരുന്നിട്ടും ജീവദായകവും ദൈവികവുമായ നിന്റെ രഹസ്യങ്ങളുടെ ശുശ്രൂഷകനും മദ്ധ്യസ്ഥനുമായി എന്നെ കൃപാപൂർവ്വം നീ നിയോഗിച്ചു".

എന്റെ ജീവിതത്തിലെ ഏറ്റവും നിർണ്ണായകമായ ദിവസമാണിന്ന്. പൗരോഹിത്യ സ്വീകരണദിനം. മനസ്സിൽ ചിന്തകൾ തിങ്ങിനിറയുന്നു. എന്റെ സ്നേഹമുള്ള മാതാപിതാക്കൾ, സഹോദരീസഹോദരന്മാർ, ബന്ധുജനങ്ങൾ, അയൽക്കാർ, അധ്യാപകർ, സ്നേഹിതർ, ഉപകാരികൾ, ത്യാഗസമ്പന്നരായ വൈദികർ എന്നിവരെപ്പറ്റിയുള്ള ചിന്തകൾ. ഈ ദിവസം ഒരു യാഥാർത്ഥ്യമാക്കിത്തീർക്കുന്നതിന് പലവിധത്തിൽ എന്നെ സഹായിച്ചവരാണ് നിങ്ങളെല്ലാവരും.

കൃതജ്ഞതനിറഞ്ഞ ഹൃദയത്തോടുകൂടി മാത്രമേ എനിക്കു നിങ്ങളെപ്പറ്റി ചിന്തിക്കാനാവൂ. കാരണം എന്റെ ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ വളർച്ചയ്ക്ക് കാരണക്കാർ നിങ്ങളാണ്. വാസ്തവത്തിൽ എന്റെ വ്യക്തിത്വത്തെ പടുത്തുയർത്തിയവരാണ് നിങ്ങൾ.

www.malankaralibrary.com


നിങ്ങളോടുള്ള സംസർഗ്ഗത്തിലും നിങ്ങളുടെ സാന്നിധ്യത്തിലും ഞാൻ സന്തോഷം കണ്ടെത്തി. ദുർഘടനിമിഷങ്ങളിൽ ആശ്വാസം തേടി. പക്ഷേ, അധികകാലം കഴിയും മുമ്പ് ആ ജീവിത സാഹചര്യങ്ങളിൽനിന്ന് വിട്ടകലേണ്ട നാൾ വന്നു. വള്ളവും വലയുമുപേക്ഷിച്ച് തന്റെ പിന്നാലെ വരുവാൻ പത്രോസിനോടു കല്പിച്ചതു പോലെ കർത്താവ് എന്നോടും ആവശ്യപ്പെട്ടു.

അവ്യക്തമായ ഭാഷയിൽ അവിടുന്നു പറഞ്ഞു: “ഇനിമേൽ നീ നിന്റേതല്ല. എന്റെ പ്രിയജനത്തിന്റെ ദാസനാണ്. അവർക്കുവേണ്ടി ജീവന്റെ അപ്പം മുറിക്കാൻ നിന്റെ കരങ്ങളും ആശ്വാസ വചനങ്ങളുച്ചരിക്കാൻ നിന്റെ അധരങ്ങളും അവരെ സ്നേഹിക്കാൻ നിന്റെ ഹൃദയവും എനിക്കാവശ്യമുണ്ട്. എന്റെ പിന്നാലെ വരിക”.

ജീവിതത്തിൽ ആദ്യമായി ഒരു വിഷമഘട്ടത്തെ ഞാൻ നേരിടുന്നത് അപ്പോഴാണ്. വേർപാടിന്റെ വേദനയെന്തെന്ന് അനുഭവിച്ചറിഞ്ഞത് അന്നാണ്. കർത്താവിനെ അനുഗമിക്കണമെന്ന് ആഗ്രഹം തോന്നി. എങ്കിലും ജനിച്ചുവളർന്ന വീടിനേയും പ്രിയപ്പെട്ട മാതാപിതാക്കളേയും സഹോദരീസഹോദരന്മാരെയും വിട്ടു പിരിയുക എളുപ്പമായിരുന്നില്ല. വികാരമടക്കിക്കൊണ്ട് അവരെന്നെ ധൈര്യപ്പെടുത്താൻ ശ്രമിച്ച നിമിഷങ്ങൾ ഇന്നും മനസ്സിൽനിന്നു മാഞ്ഞുപോയിട്ടില്ല.

ജീവിതത്തിലെ കൊടുങ്കാറ്റുകളേയും കോളിളക്കങ്ങളേയും ശാന്തമാക്കാൻ നിങ്ങൾ നൽകിയ പ്രോത്സാഹനം എന്നെ വളരെയേറെ സഹായിച്ചിട്ടുണ്ട്. വാസ്തവത്തിൽ നിങ്ങളോരോരുത്തരുമാണ് പൗരോഹിത്യത്തിലേക്ക് എന്നെ കൈപിടിച്ചു നയിച്ചത്.

ക്രിസ്തുവിലുള്ള നമ്മുടെ ഐക്യവും അടുപ്പവുമാണ് ഇതിനെല്ലാം നിങ്ങൾക്ക് പ്രേരണ നല്കിയതെന്ന് ഞാൻ മനസ്സിലാക്കുന്നു. മാമോദീസാവഴി നമുക്കു ലഭിച്ച ഗാഢമായ ഐക്യം, പൗരോഹിത്യ സ്വീകരണം ഈ ബന്ധത്തെ ദുർബലമാക്കുകയല്ല, ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. കാരണം വൈദികനും പ്രഥമമായി ഒരു വിശ്വാസിയാണ്. ക്രിസ്തുവിന്റെ അനുയായി.

ദൈവജനമെന്ന നിലയിൽ നമ്മുടെയെല്ലാം ജീവിതലക്ഷ്യം ഒന്നുതന്നെയാണ്: ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക; അവിടുത്തെ ആദർശങ്ങൾ ജീവിതത്തിലേക്കു പകർത്തുക; സ്നേഹം മറ്റുള്ളവരിലേക്കു പകരുക. വിഭിന്നമായ രീതിയിലാണ് വൈദികനും അല്മായനും അതു നിർവ്വഹിക്കുന്നതെന്നു മാത്രം.

www.malankaralibrary.com



വിവിധ അവയവങ്ങളോടു കൂടിയതല്ലേ നമ്മുടെ ശരീരം. വ്യത്യസ്ത ധർമ്മങ്ങളാണവയ്ക്കുള്ളതും. എങ്കിലും അവയുടെയെല്ലാം ലക്ഷ്യം ഒന്നാണ്: ശരീരത്തിന്റെ വളർച്ച. ഇതുപോലെതന്നെയാണ് ക്രിസ്തുവിന്റെ ശരീരമായ സഭയും.

സഭയിൽ എന്റേയും നിങ്ങളുടെയും പ്രവൃത്തികളേക്കാൾ പ്രധാനമാണ് നമ്മുടെ പ്രവൃത്തി. എന്റേയും നിങ്ങളുടെയും ജിവിതത്തെക്കാൾ പ്രധാനമാണ് നമ്മുടെ ജീവിതം. കാരണം ക്രിസ്തുവിൽ നാമെല്ലാവരും ഒന്നാണ്. നമ്മെ വേർതിരിക്കുന്നവയേക്കാൾ അഗാധമാണ് നമ്മെ തമ്മിലടുപ്പിക്കുന്ന സത്യങ്ങൾ.

അന്നൊരുദിവസം കർത്താവ് വീട്ടിൽനിന്ന് എന്നെ വിളിച്ചകറ്റിയതിന്റെ അർത്ഥം ഇപ്പോഴാണ് എനിക്കു മനസ്സിലാവുക: ജനിച്ചു വളർന്ന വീടിനേക്കാൾ വിശാലമായ മറ്റൊരു കുടുംബം എനിക്കുണ്ട്, ദൈവജനമായ സഭ. ആ കുടുംബത്തിൽ നാമെല്ലാവരും സഹോദരീസഹോദരന്മാരാണ്. കുടുംബനാഥൻ ക്രിസ്തുവും.

ഇവയെക്കുറിച്ചൊക്കെ ചിന്തിക്കുക സന്തോഷപ്രദമാണ്. കർത്താവിന്റെ കാരുണ്യത്തെപ്പറ്റി ഓർക്കുക ആനന്ദകരമാണ്. എങ്കിലും ഭാവിയിലേക്കു നോക്കുമ്പോൾ ഉത്കണ്ഠ തോന്നുന്നു. കാരണം പൗരോഹിത്യസ്വീകരണം പുതിയൊരു ജീവിതത്തിന്റെ ആരംഭം മാത്രമാണ്. ക്ലേശകരമായ ഒരു യാത്രയുടെ തുടക്കം.

ഈ ദിവസങ്ങളിലെ ആഘോഷങ്ങളും അനുമോദനങ്ങളുമെല്ലാം കടന്നുപോകും. തികച്ചും സാധാരണമായ ഒരു ജീവിതമായിരിക്കും വൈദികനും നയിക്കേണ്ടിവരിക. വൈവിധ്യമില്ലാത്തതും ചിലപ്പോൾ വിരസവുമായ ജോലികൾ ചെയ്തുകൊണ്ട് മറ്റെല്ലാമനുഷ്യരേയും പോലെ ജീവിതത്തിന്റെ പരുപരുത്ത നടപ്പാതയിലൂടെ അദ്ദേഹം നടന്നു നീങ്ങണം. അവിടെയാണ് വൈദികജീവിതം യഥാർത്ഥത്തിൽ ആരംഭിക്കുക. അപ്പോഴാണ് സഹവിശ്വാസികളായ നിങ്ങളുടെ സ്നേഹവും പ്രോത്സാഹനവും അദ്ദേഹത്തിനു കൂടുതൽ ആവശ്യമാവുക.

വിരസതയോ വൈവിധ്യമില്ലായ്മയോ മാത്രമല്ല വൈദികനും നേരിടേണ്ടിവരുന്നത്. ആത്മാർത്ഥതയോടെ പണിയെടുക്കുന്നതിന് പല സംരംഭങ്ങളിലും അദ്ദേഹം പരാജയപ്പെട്ടെന്നുവരാം. വിമർശനങ്ങൾക്കു വിധേയനായെന്നുവരാം. പുരോഹിതൻ ബലിവസ്തുകൂടി ആവുകയാണപ്പോൾ. പൗരോഹിത്യം പൂർണ്ണതയിലേക്കു വളരുകയും.

www.malankaralibrary.com


എങ്കിലും ഈ വളർച്ചയുടെ വേദന സഹിക്കുക അത്ര എളുപ്പമല്ല. മുന്നോട്ടു നീങ്ങാൻ ശക്തിയില്ലെന്നു തോന്നിയേക്കാം ചിലപ്പോൾ. മാനുഷികമായ ബലഹീനതകൾ അദ്ദേഹത്തെ കീഴടക്കിയെന്നും വരാം. എന്നാൽ വിശ്വാസികൾ പലപ്പോഴും ഇതറിയുന്നില്ല. അവർക്കു മനസ്സിലാക്കാൻ കഴിയുന്നില്ല, ഒരു വൈദികൻ ചിലപ്പോൾ ക്ഷമയറ്റവനും നിരുത്സാഹിയുമായിത്തീരുന്നതെ7ങ്ങനെയെന്ന്.

കർത്താവിൽ പ്രിയരേ, ഞാൻ ഇന്നും ഒരു സാധാരണ മനുഷ്യൻതന്നെയാണ്. ആഴ്ചയിൽ പലപ്രാവശ്യം വീട്ടിലും വഴിയിലും പള്ളിയിലുമൊക്കെ വച്ച് നിങ്ങൾ കണ്ടുമുട്ടുന്ന മനുഷ്യരിൽനിന്ന് വളരെയൊന്നും വ്യത്യസ്തനല്ലാത്ത ഒരു മനുഷ്യൻ. കുറ്റങ്ങളും കുറവുകളും പരിമിതമായ കഴിവുകളുള്ള ഒരു മനുഷ്യൻ. നിങ്ങളെപ്പോലെ എനിക്കും കർത്താവിന്റെ കരുണയും സ്നേഹവും ആവശ്യമുണ്ട്. 'എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ', എന്നേറ്റു പറഞ്ഞുകൊണ്ട് പാപമോചനത്തിനായി മറ്റൊരു വൈദികന്റെ മുമ്പിൽ മുട്ടുകുത്തേണ്ടവനാണു ഞാനും.

ഒൻപതോ പത്തോ വർഷക്കാലത്തെ സെമിനാരി പരിശീലനം ഒരുവനെ മനുഷ്യനല്ലാതാക്കിത്തീർക്കുകയില്ല. പൗരോഹിത്യ സ്വീകരണം അവനെ ഒരു മാലാഖയാക്കി മാറ്റുകയുമില്ല. കർത്താവിനറിയാം ദുർബ്ബലമായ വെറും കളിമൺപാത്രമാണ് വൈദികനെന്ന്. അവിടുത്തെ കരങ്ങൾ താങ്ങുന്നില്ലെങ്കിൽ അതു വീണുടഞ്ഞു പോകുമെന്ന്.

ഒരു ദിവസംകൊണ്ട് വിശുദ്ധനാകാനുള്ള മാന്ത്രികവിദ്യയൊന്നും വൈദികനുമില്ല. മറ്റുള്ളവരെപ്പോലെ ചിലപ്പൊഴെല്ലാം കുണ്ടിലും കുഴിയിലും വീണ്, വീണ്ടും നല്ല വഴിയിൽ കയറി അദ്ദേഹവും മുമ്പോട്ടു പോകണം. പരാജയപ്പെടുമ്പോൾ വിഷമം തോന്നിയേക്കാം. തന്റെ ത്യാഗം കഴിവിലും കവിഞ്ഞതാണോ എന്ന്, ഭാരം വഹിക്കാവുന്നതിലും വലുതാണോ എന്ന് മറ്റു ചിലപ്പോൾ സംശയിച്ചേക്കാം.

സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ആഗ്രഹിക്കുന്ന ഒരു ഹൃദയം വൈദികനുമുണ്ട്. കാരണം അദ്ദേഹവും മനുഷ്യനാണ്. ജീവിതവിശുദ്ധിയുടെയോ അർപ്പണമനോഭാവത്തിന്റെയോ കുറവല്ലത്. എല്ലാവരേയും സ്നേഹിക്കുകയും പ്രതിസ്നേഹം ആഗ്രഹിക്കാതിരിക്കുകയും ചെയ്യുക എളുപ്പമല്ല; എല്ലായ്പ്പോഴും കൊടുക്കുകയും ഒന്നും സ്വീകരിക്കാതിരിക്കുകയും ചെയ്യുക.

www.malankaralibrary.com


സ്നേഹമുള്ള നിങ്ങൾക്ക് ഇതെല്ലാം മനസ്സിലാക്കാൻ കഴിയും. എന്നാൽ ചില ഏകാന്തനിമിഷങ്ങളിൽ ഞാൻ കർത്താവിനോടപേക്ഷിക്കാറുണ്ട്: ജനങ്ങൾ തങ്ങളുടെ വൈദികരെ അല്പം കൂടി മനസ്സിലാക്കിയിരുന്നെങ്കിൽ എന്ന്. വൈദികരും അല്മായരും രണ്ടുവർഗ്ഗമല്ല, ഒരു കുടുംബത്തിലെ അംഗങ്ങളാണ്, ഒരേ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാണ്, ഒരേ ആദർശപുരുഷനെ അനുഗമിക്കുന്നവരാണ്, പരസ്പരം സഹായിക്കേണ്ടവരാണ് എന്ന സത്യത്തെപ്പറ്റി കുറേക്കൂടി ബോധവാന്മാരായിരുന്നെങ്കിൽ എന്ന്.

അനിശ്ചിതമായ ഭാവിയിലേക്ക് ഒന്നെത്തി നോക്കിയപ്പോൾ തോന്നിയതാണിതൊക്കെ. എന്നാൽ ഇവയ്ക്കെല്ലാമപ്പുറം ആത്മാവിന്റെ അടിത്തട്ടിൽ തികച്ചും സന്തോഷവാനാണു ഞാനിന്ന്. കാരണം അപാരമായ സ്നേഹത്താൽ കർത്താവ് എന്നെ സ്നേഹിച്ചു. തന്റേയും തന്റെ പ്രിയജനത്തിന്റെയും സേവകനായി കരുണാപൂർവ്വം അവിടുന്ന് എന്നെ തെരഞ്ഞെടുത്തു.

മാംസം ധരിച്ച സ്നേഹമല്ലേ സേവനം? അതിലേറെ ജീവിതത്തിന് അർത്ഥവും ലക്ഷ്യവും നൽകുന്ന മറ്റെന്താണുള്ളത്? സ്നേഹത്തിന്റെ നുകം മൃദുവും ഭാരം ലഘുവുമാണ്. പ്രത്യേകിച്ച് ക്രിസ്തീയ സേവനത്തിന്റെ.

വൈദികജീവിതത്തിലേക്കു പ്രവേശിക്കുന്ന എനിക്ക് ആനന്ദവും ആത്മധൈര്യവും നല്കുന്ന മറ്റൊരു സത്യവുമുണ്ട്: സ്നേഹമുള്ള ഒരു പിതാവിന്റെ കീഴിൽ അറിവും അനുഭവജ്ഞാനവുമുള്ള ജ്യേഷ്ഠ സഹോദരന്മാരോടൊത്താണ് എനിക്കു ജോലി ചേയ്യേണ്ടത്. കാരണം ബലി അർപ്പിക്കാനുള്ള അധികാരം മാത്രമല്ല, രൂപതാദ്ധ്യക്ഷന്റെ കീഴിൽ സേവനമനുഷ്ഠിക്കുന്ന വൈദികസംഘത്തിലെ അംഗത്വംകൂടി പൗരോഹിത്യം നല്കുന്നുണ്ട്.

ഇതിനെല്ലാം പുറമെ സ്നേഹസമ്പന്നരും ത്യാഗസന്നദ്ധരുമായ നിങ്ങളെക്കുറിച്ചുള്ള ഓർമ്മ എപ്പോഴും ആനന്ദകരമായ ഒരനുഭവമാണ് എനിക്ക്. ഇത്രയേറെ സ്നേഹവും ത്യാഗവുമുള്ളിടത്ത് ആർക്കും ധൈര്യപൂർവ്വം രംഗത്തിറങ്ങാം. ഭയാശങ്കകളൊന്നും കൂടാതെ.

ഇനിയും ധാരാളം പറയാനുണ്ടെങ്കിലും ഞാൻ നിറുത്തുന്നു. മനസ്സിൽ ഉയർന്നുവരുന്ന ചിന്തകളെല്ലാം കടലാസ്സിലേക്കു

www.malankaralibrary.com



പകർത്താൻ കഴിയുകയില്ല. ബാല്യംമുതൽ സ്വപ്നം കണ്ടു കൊണ്ടിരുന്ന ഈ ദിവസം ഒരു യാഥാർത്ഥ്യമാക്കിത്തീർക്കാൻ സഹായിച്ച നിങ്ങൾ ക്കെല്ലാവർക്കും വേണ്ടി കുർബ്ബാനയിൽ ഞാൻ ഓർത്ത് പ്രാർത്ഥി ക്കുന്നു. ഭാവിയിലും അൾത്താരയിൽ വച്ച് അപ്പം മുറിക്കുമ്പോൾ നിങ്ങളെ ഞാൻ അനുസ്മരിക്കുന്നതാണ്. പ്രാർത്ഥിക്കുക, എന്നെ വിളിച്ച യേശുവിന്റെയും ജനങ്ങളുടേയും പ്രതീക്ഷയ്ക്കനു സരിച്ച് ജീവിക്കാൻ വേണ്ടി.

(ഡോ. ആന്നിയിൽ തരകൻ 1968 ഒക്ടോബർ 18-ാം തിയതി വൈദിക നായപ്പോൾ ഇടവകയിൽ വിതരണം ചെയ്ത ചെറുപുസ്തകത്തിന്റെ ഉള്ളടക്കം. 1968-ൽ പട്ടം കിട്ടിയ പൂനാ പേപ്പൽ സെമിനാരിയിലെ മലയാളി വൈദീകവിദ്യാർത്ഥികൾ ഒന്നിച്ച് എഴുതിയുണ്ടാക്കിയ സന്ദേശം).

www.malankaralibrary.com

# 69

## മാർ ഈവാനിയോസ് തിരുമേനിയുടെ കബറിങ്കലേക്കുള്ള പദയാത്രികർ

ഡോ. ആന്നിയിൽ തരകൻ (മലങ്കരനാദം, ബത്തേരി)

ജോൺ ബനിയന്റെ സന്തോഷദായകമായ പർവ്വതത്തിലേക്കുള്ള യാത്രികരെ ഓർമ്മിപ്പിക്കുമാറ്, എല്ലാ വർഷവും ജൂലൈ മാസത്തിൽ പെരുന്നാട്ടിലെ മുണ്ടൻ മലയിൽ നിന്നും ആരംഭിക്കുന്ന തീർത്ഥാടനസംഘം തിരുവനന്തപുരത്ത് മാർ ഈവാനിയോസ് തിരുമേനിയുടെ കബറിങ്കൽ എത്തിച്ചേരുന്നു. വിവിധ സ്ഥലങ്ങളിൽ നിന്നും തുടങ്ങുന്ന പോഷകസംഘങ്ങളും തിരുവനന്തപുരത്ത് ഒന്നിച്ച് സംഗമിക്കുമ്പോൾ ആത്മീയതയുടെ സംയോജനം അനുഭവവേദ്യമാകുന്നു. ഈവാനിയോസ് തിരുമേനിയുടെ ഓർമ്മ കൊണ്ടാടുന്നത് ജൂലൈ 15-ാം തീയതിയാണ്. ഓർമ്മപ്പെരുന്നാളിന്റെ തലേ ദിവസം തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന സെന്റ് മേരീസ് കത്തീഡ്രൽ അങ്കണം കാവിധരിച്ച പദയാത്രികരുടെ തിക്കും തിരക്കും കൊണ്ട് മുഖരിതമാകും.

കഴിഞ്ഞ നൂറ്റാണ്ടിൽ എഴുപതുകളുടെ ആരംഭത്തിൽ ചില ശ്രേഷ്ഠരായ വൈദികർ തുടക്കം കുറിച്ച സംരംഭമാണ് ഇന്ന് മലങ്കര സഭയുടെ മുഴുവൻ വിശ്വാസികളെയും ആത്മീയമായി സ്വാധീനി

www.malankaralibrary.com


ക്കുന്ന ഈ പദയാത്ര. ഏകദേശം 48 വർഷങ്ങൾക്കുമുമ്പ് ഇവർ പെരുന്നാട്ടിലെ മുണ്ടൻമലയിൽ ഓല കെട്ടിയ ആശ്രമത്തിൽ എത്തിച്ചേർന്നു. പ്രാർത്ഥനയിൽ മുഴുകി. ഈവാനിയോസ് തിരുമേനിയുടെ ജീവിതയാത്രയെ സ്വായത്തമാക്കുവാനും സ്വാംശീകരിക്കാനും തീരുമാനിച്ചു. ഈവാനിയോസ് തിരുമേനി സ്വീകരിച്ച കാവി വസ്ത്രം അവർ ധരിച്ചു. കാവി മുണ്ടു കൊണ്ട് ഒരു സന്യാസിയെപ്പോലെ ശരീരത്തിനു മുകൾ ഭാഗം ചുറ്റിമറച്ചു. അവർ മുണ്ടൻമലയിൽ നിന്നും കാൽ നടയായി യാത്ര തുടങ്ങി. പല ദിനരാത്രങ്ങൾ നടന്നു നീങ്ങി. സന്ധ്യാസമയം തിരുവനന്തപുരം അതിരൂപതയിലെ ദൈവാലയങ്ങളിൽ അവർക്ക് അഭയം നൽകി. മൂന്നാം നൂറ്റാണ്ടിൽ ഈജിപ്റ്റിലെ മരുഭൂമിയിൽ ഏകാന്തത തേടിപ്പോയ പിതാക്കന്മാരെപ്പോലെ, മാർ ഈവാനിയോസ് തിരുമേനിയുടെ കബറിങ്കലേക്കുള്ള യാത്രികർ മലങ്കര സഭയുടെ ശ്രദ്ധപിടിച്ചുപറ്റി. ഓരോവർഷം ചെല്ലുംതോറും കൂടുതൽപേർ അവരുടെ സംഘത്തിൽ യാത്രികരായിച്ചേർന്നു. ഇന്ന് മലങ്കരസഭയെ ആത്മീയമായി ഉണർത്തുന്ന ഏറ്റവും വലിയ സംഭവമാണ് ഈവാനിയോസ് തിരുമേനിയുടെ കബറിങ്കലേക്കുള്ള ഈ പദയാത്ര.

കേരള ക്രൈസ്തവരുടെ ഇടയിൽ നൂറ്റാണ്ടുകളായി വിശുദ്ധ തോമാശ്ലീഹായുടെ ശവകുടീരം സ്ഥിതിചെയ്യുന്ന മൈലാപ്പൂരിലേക്ക് തീർത്ഥാടനസംഘം കാൽനടയായിപ്പോയിരുന്നു. ഇത് വർഷങ്ങളോളം നീണ്ടുനിന്നു. ഈ വസ്തുതയാണ് 16-ാം നൂറ്റാണ്ടിൽ (1522) പോർച്ചു ഗീസുകാരെ തോമാശ്ലീഹായുടെ കേരളാഗമനത്തെപ്പറ്റി ബോധവാന്മാരാക്കിയത്. കേരളത്തിലും മൈലാപ്പൂരിലുമുള്ള തോമാശ്ലീഹായെ സംബന്ധിക്കുന്ന മുഴുവൻ തെളിവുകളും അവർ ശേഖരിച്ചു. ശ്ലീഹയുടെ കബർ തുറന്ന് പഠനവിഷയമാക്കി. നാലാം നൂറ്റാണ്ടിൽ തോമാശ്ലീഹായുടെ മൃതശരീരം മൈലാപ്പൂരിൽ നിന്നും ആദ്യം എടേസ്സായിലേക്കും (Edessa) പിന്നീട് ഗ്രീക്ക് ദ്വീപായ ചിയോസിലേക്കും (Chios) തദനന്തരം ഇറ്റലിയിലെ ഒർത്തോണ എന്ന പട്ടണത്തിലെ സെന്റ് തോമസ് ബസിലിക്കയിലേക്കും മാറ്റുകയും ചെയ്തുവെന്ന ക്രൈസ്തവപാരമ്പര്യം ചരിത്രപരമായും, ശാസ്ത്രീയമായും തെളിയിച്ചത് പോർച്ചുഗീസുകാരാണ്. മനുഷ്യജീവിതത്തെ ഒരു തീർത്ഥാടനമായി ക്രൈസ്തവപിതാക്കന്മാർ ഉപമിച്ചിരുന്നു. വിശുദ്ധ പൗലോസ് എബ്രായക്കാർക്ക് എഴുതിയ ലേഖന

www.malankaralibrary.com



ത്തിൽ (13:14) ശാശ്വതമായ ഒരു നഗരം മനുഷ്യന് ഈ ലോകത്ത് ഇല്ലായെന്ന ആശയം ഈ വീക്ഷണത്തിന്റെ വേറൊരു പ്രതിഫലന മാണ്. 14-ാം നൂറ്റാണ്ടിൽ മഹാകവി ചോസ്സർ തന്റെ സുപ്രസിദ്ധ മായ ദ കാന്റർബറി ടെയിൽസ് (The Canterbury Tales) എന്ന കാവ്യ ത്തിലൂടെ തോമസ് ബെക്കറ്റിന്റെ ശവകുടീരത്തിലേക്കുള്ള തീർത്ഥാ ടനത്തെ ജീവിതയാത്രയുടെ പ്രതീകമായി കണ്ടു.

ജീവിതത്തെ തീർത്ഥാടനമായി കാണുന്ന സങ്കല്പം പാശ്ചാ ത്യമല്ല പിന്നെയോ ഭാരതീയമാണ്. യുഗയുഗങ്ങളായി ജീവിതത്തെ നിത്യതയിലേക്കുള്ള യാത്രയായി കാണുന്ന വീക്ഷണം ഭാരതീയ ചിന്തയുടെ ഊടും പാവുമാണ്. ഭാരതീയർ ജീവതത്തെ നാല് ആശ്രമ ങ്ങളായി സങ്കല്പിക്കുന്നു. ബ്രഹ്മചര്യം, ഗ്രഹസ്തം, വാനപ്രസ്ഥം, സന്ന്യാസം എന്നിവയാണ് അവ. നാലാമത്തെ ഘട്ടമായ സന്ന്യാ സത്തിന്റെ ആരംഭവും അന്ത്യവും നിത്യതയിലേക്കുള്ള യാത്രയാ ണ്. ഈ ആശയം ഹൈന്ദവചിന്തക്കു നല്കിയത് ആറാം നൂറ്റാണ്ട് ബി.സി മുതൽ ഒന്നാം നൂറ്റാണ്ട് ബി.സി വരെയുള്ള കാലഘട്ടത്തിൽ ഇൻഡ്യയിൽ പ്രചുരപ്രചാരത്തിൽ ഇരുന്ന ശ്രമണ സന്ന്യാസ താത്വിക ചിന്തകരായിരുന്നു. ഹെർമ്മൻ എസ്സയുടെ "സിദ്ധാർത്ഥ" എന്ന നോവലിന്റെ രണ്ടാമത്തെ അദ്ധ്യായത്തിൽ ശ്രമണരെപ്പറ്റി യുള്ള ചർച്ചയിൽ ജീവിതം ഒരു തീർത്ഥാടനമാണ് എന്ന ആശയം നിരന്തരം സമർത്ഥിക്കപ്പെടുന്നു.

മാർ ഇവാനിയോസ് തിരുമേനിയെ കാലാതീതനാക്കാൻ പറ്റിയ മാർഗ്ഗമാണ് എല്ലാ വർഷവും നടത്തപ്പെടുന്ന പദയാത്ര. മല ങ്കര സമൂഹത്തെയും തിരുമേനിയേയും ഒന്നാക്കി തീർക്കുന്ന അനു ഭവമാണിത്. മുണ്ടൻമലയിൽ നിന്നും ഒന്നുമില്ലാതെ വെറും കൈയ്യോടെ സത്യത്തെത്തേടി ഇറങ്ങിവന്ന തിരുമേനി കാലം ചെയ്തിട്ട് 65 വർഷമാകുന്നു. ഈ പദയാത്രയിലൂടെ നമ്മളുടെ വച സ്സിൽ ജീവിക്കുന്ന തിരുമേനി ചരിത്ര പുരുഷനായ തിരുമേനിയേ ക്കാൾ ശക്തനായി പരിണമിക്കുന്നു.

(2018 ആഗസ്റ്റ്-സെപ്റ്റംബറിലെ മലങ്കരനാദം മാസികയിൽ പ്രസിദ്ധീകരിച്ചത്).

www.malankaralibrary.com

## ഡോ. ആന്നിയിൽ തരകന്റെ ജീവിതത്തിലെ ചില പ്രധാന തീയതികൾ

| | | |
|---|---|---|
| 1943 ജനുവരി 20 | : | ജനനം |
| 1946 | : | വിദ്യാരംഭം |
| 1946 - 48 | : | ഐക്കര ഭാസ്കരൻ നായരാശാന്റെ കുടിപള്ളിക്കൂടം |
| 1948 - 53 | : | ഒന്നാം ക്ലാസ്സു മുതൽ അഞ്ചാം ക്ലാസ്സു വരെ എൽ.പി.എസ്. കറ്റാനം |
| 1953 - 56 | : | ഒന്നാം ഫോം മുതൽ മൂന്നാം ഫോം വരെ യു.പി.എസ്, കറ്റാനം പോപ്പ് പയസ് xi ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂൾ |
| 1956 - 59 | : | ഫോർത്ത് ഫോം മുതൽ സിക്സ്ത്ത് ഫോം വരെ പോപ്പ് പയസ് xi ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂൾ, കറ്റാനം |
| 1959 | : | എസ്.എസ്.എൽ.സി. പാസ്സാകുന്നു |
| 1959 - 61 | : | സെന്റ് അലോഷ്യസ് സെമിനാരിയിൽ പ്രവേശനവും പഠനവും |
| 1961 | : | പൂനാ പേപ്പൽ സെമിനാരിയിൽ പ്രവേശനം |
| 1961 - 65 | : | തത്ത്വശാസ്ത്ര വിദ്യാർത്ഥി - പൂനാ പേപ്പൽ സെമിനാരി |
| 1963 - 65 | : | B.Ph. & Ph. L. ഡിഗ്രികൾ കരസ്ഥമാക്കുന്നു (പൂനാ പേപ്പൽ അത്തനയത്തിൽ നിന്നും) |
| 1965 - 69 | : | വേദശാസ്ത്ര വിദ്യാർത്ഥി - പൂനാ പേപ്പൽ സെമിനാരി |
| 1967 - 69 | : | B.D. & L.D. ഡിഗ്രികൾ കരസ്ഥമാക്കുന്നു (പൂനാ പേപ്പൽ അത്തനയത്തിൽ നിന്നും) |
| 1968 ഒക്ടോബർ 18 | : | പട്ടത്വ സ്വീകരണം (കറ്റാനം) |
| 1968 ഒക്ടോബർ 19 | : | പ്രഥമ ദിവ്യബലി അർപ്പണം (കറ്റാനം) |
| 1969 - 70 | : | സെന്റ് ജോസഫ്സ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, പുനലൂർ, അസി. വികാരി |
| 1969 - 71 | : | സെന്റ് ജോസഫ്സ് മലങ്കര കത്തോലിക്കാ ദൈവാലയം, എലിക്കാട്ടൂർ, വികാരി |
| 1969 - 71 | : | സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, കറവൂർ, വികാരി |
| 1969 - 71 | : | സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം വിളക്കുവട്ടം, വികാരി |
| 1969 - 71 | : | സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, മഞ്ഞമൺകാല, വികാരി |
| 1969 - 71 | : | സെന്റ് ആഗ്നസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം ചെറുകടവ്, വികാരി |

www.malankaralibrary.com

ചില പ്രധാന തീയതികൾ

| | | |
|---|---|---|
| 1971-74 | : | സെന്റ് ജോസഫ്സ്, മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, മാവേലിക്കര, വികാരി |
| 1971-75 | : | സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, ചെന്നിത്തല, വികാരി |
| 1971-75 | : | സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം എരമത്തൂർ, വികാരി |
| 1971-74 | : | ബി.എ. വിദ്യാർത്ഥി, ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര |
| 1974-1976 | : | എം.എ. വിദ്യാർത്ഥി, സെന്റ് ബർക്കുമാൻസ് കോളേജ്, ചങ്ങനാശ്ശേരി |
| 1976 | : | സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം ചെങ്ങന്നൂർ, വികാരി |
| 1976-77 | : | ലക്ചറർ (സുറിയാനി), സെന്റ് ജോൺസ് കോളേജ്, അഞ്ചൽ |
| 1976-78 | : | ബർസാർ, സെന്റ് ജോൺസ് കോളേജ്, അഞ്ചൽ |
| 1976-78 | : | ഐക്കഫ് ചാപ്ലെയിൻ, സെന്റ് ജോൺസ് കോളേജ്, അഞ്ചൽ |
| 1976-78 | : | സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, മണ്ണൂർ, വികാരി |
| 1976-78 | : | സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, മീൻകുളം, വികാരി |
| 1977 | : | മണ്ണൂർ സ്കൂൾ ആരംഭിക്കുന്നു. |
| 1978 | : | സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, വയലാ, സ്ഥാപക വികാരി |
| 1978 | : | മാർ ഈവാനിയോസ് കോളേജിൽ ഇംഗ്ലീഷ് ലക്ചററായി നിയമനം |
| 1979 ഏപ്രിൽ 7 | : | ഡൽഹി മലങ്കരക്കാർക്ക് ഹാശാ ആഴ്ചയും ഈസ്റ്റർ സർവ്വീസും |
| 1978-81 | : | സെന്റ് ഫ്രാൻസിസ് സേവ്യർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, കുന്നപ്പുഴ, വികാരി |
| 1979 | : | കുന്നപ്പുഴ സ്കൂൾ ആരംഭിക്കുന്നു. |
| 1978-81 | : | സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, കുണ്ടമൺകടവ്, വികാരി |
| 1981-83 | : | സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, കഴക്കൂട്ടം, വികാരി |
| 1981-83 | : | സെന്റ് ജോസഫ്സ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, പള്ളിപ്പുറം, വികാരി |
| 1983 | : | പോളച്ചിറയ്ക്കൽ കുടുംബയോഗ സ്ഥാപനം. |
| 1983-88 | : | ചിക്കാഗോ മലങ്കര കത്തോലിക്കാ മിഷൻ, സ്ഥാപക വികാരി |
| 1983-87 | : | പി.എച്ച്.ഡി. വിദ്യാർത്ഥിയായി നോത്ര ദാം യൂണിവേഴ്സിറ്റിയിൽ പ്രവേശനവും പഠനവും |
| 1987 ഏപ്രിൽ 17 | : | പി.എച്ച്.ഡി. കരസ്ഥമാക്കുന്നു |

www.malankaralibrary.com



| | | |
|---|---|---|
| 1987 ജൂൺ-88 മാർച്ച് | : | അസി. വികാരി, സെന്റ് ക്രിസ്റ്റഫേഴ്സ് ചർച്ച്, സ്റ്റാറ്റൻ ഐലന്റ്, ന്യൂയോർക്ക്. |
| 1987 ജൂൺ-88 മാർച്ച് | : | ലക്ചറർ, വേദശാസ്ത്ര ക്ലാസ്സുകൾ, സെന്റ് ക്രിസ്റ്റഫേഴ്സ് ചർച്ച്, സ്റ്റാറ്റൻ ഐലന്റ്, ന്യൂയോർക്ക്. |
| 1988 | : | മാർ ഈവാനിയോസ് കോളേജിൽ പുനഃപ്രവേശനം |
| 1988-2017 | : | കേരള യൂണിവേഴ്സിറ്റി പി.എച്ച്.ഡി. റിസർച്ച് ഗൈഡ് |
| 1988 - 96 | : | കേരള യൂണിവേഴ്സിറ്റിയിൽ അധ്യാപകർക്കുവേണ്ടിയുള്ള ഇംഗ്ലീഷ് എം.ഫിൽ. ക്ലാസ്സുകളിൽ വിസിറ്റിംഗ് പ്രൊഫസ്സർ |
| 1989-1996 സെപ്റ്റംബർ 10 | : | ലിറ്റിൽ ഫ്ളവർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, അയിരൂർപ്പാറ, വികാരി |
| 1989-1996 സെപ്റ്റംബർ 10 | : | സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, കാട്ടായിക്കോണം, വികാരി |
| 1989-96 | : | മലങ്കര മേജർ സെമിനാരിയിൽ ഇംഗ്ലീഷ് പ്രൊഫസ്സർ |
| 1993 സെപ്റ്റംബർ 11 | : | പൗരോഹിത്യത്തിന്റെ രജതജൂബിലി ആഘോഷം (കറ്റാനം) |
| 1995-98 | : | പ്രിൻസിപ്പൽ, സെന്റ് ജോൺസ് കോളേജ്, അഞ്ചൽ |
| 1998 മാർച്ച് 31 | : | അഞ്ചൽ സെന്റ് ജോൺസ് കോളേജ് പ്രിൻസിപ്പലായി വിരമിക്കുന്നു |
| 1996-98 മെയ് 3 | : | സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, തഴമേൽ, വികാരി |
| 1998 | : | സെന്റ് അലോഷ്യസ് സെമിനാരിയിൽ ഇംഗ്ലീഷ് പ്രൊഫസ്സറായി നിയമനം |
| 1998-2001 | : | മാർ ബസേലിയോസ് എൻജിനീയറിംഗ് കോളേജിൽ ഇംഗ്ലീഷ് പ്രൊഫസ്സർ |
| 1998 മെയ് 3-2005 | : | സെന്റ് ജൂഡ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, പുലയനാർകോട്ട, വികാരി |
| 2005-2008 | : | സേക്രട്ട് ഹാർട്ട് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, ഉളിയാഴ്ത്തുറ, വികാരി |
| 2009 | : | ആത്മവിദ്യ അവാർഡ് |
| 2010-2013 | : | സെന്റ് ജോസഫ്സ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, കുറവൻകോണം, വികാരി |
| 2013 | : | 2011-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് |
| 2013 ഏപ്രിൽ 21-2017 ഡിസംബർ 10 | : | സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, മൺവിള, വികാരി |
| 2015 | : | 2014-ലെ കെ.സി.ബി.സി. ഗുരുപൂജ അവാർഡ് |
| 2017 ഡിസംബർ 10 | : | ഇടവക ശുശ്രൂഷയിൽ നിന്നും വിരമിക്കുന്നു. |
| 2018 ഫെബ്രുവരി 17 | : | പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷം (കറ്റാനം) |

www.malankaralibrary.com

## ഡോ. ആന്നിയിൽ തരകന്റെ മറ്റ് ഗ്രന്ഥങ്ങൾ

| | | |
|---|---|---|
| 1977 | : | Anniyil Tharakan, ed. *Notes to Gateway to Greatness* (Anchal: St. John's Publishers, 1977). |
| 1990 | : | ആന്നിയിൽ തരകൻ, ed. മദർ സൾഗാ എസ്.ഐ.സി. ആന്നിയിൽ. *പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ* (തിരുവനന്തപുരം: യൂണിയൻ പ്രസ്സ്, 1990). |
| 1993 | : | ആന്നിയിൽ തരകൻ, ed. മദർ സൾഗാ എസ്.ഐ.സി. ആന്നിയിൽ. *ബൈബിളിലെ യേശു* (തിരുവനന്തപുരം: യൂണിയൻ പ്രസ്സ്, 1993). |
| 1993 | : | ആന്നിയിൽ തരകൻ, ed. മദർ സൾഗാ എസ്.ഐ.സി. ആന്നിയിൽ. *സഭോപദേശം* (തിരുവനന്തപുരം: ജയമാതാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസ്സ്, 1993. |
| 1997 | : | Anniyil Tharakan. *Quester by the River and Other Poems* (Notre Dame, USA: Cross Cultural Publications, 1997). |
| 2004 | : | Anniyil Tharakan, trans. *Glory to God- Standard 1* (Tiruvalla: MCBC Commission for Catechesis, Santhinilayam, 2004). |
| 2004 | : | Anniyil Tharakan, trans. *Glory to the Triune God-Standard 2* (Tiruvalla: MCBC Commission for Catechesis, Santhinilayam, 2004). |
| 2004 | : | Anniyil Tharakan, trans. *Glory to God- Standard 1 Workbook* (Tiruvalla: Malankara Catholic Catechism, Santhinilayam, 2004). |
| 2004 | : | Anniyil Tharakan, trans. *Glory to the Triune God-- Standard 2 Workbook* (Tiruvalla: Malankara Catholic Catechism, Santhinilayam, 2004). |
| 2006 | : | Anniyil Tharakan. *Matthew Arnold and the Bhagavad Gita* (Trivandrum: Carmel International Publishing House, 2006). |
| 2008 | : | Anniyil Tharakan. *The Canticle of the Beloved* (Kottayam: Deepika Book House, 2008). |
| 2008 | : | ആന്നിയിൽ തരകൻ. *ഭാരതീയ ദർശനം ഇംഗ്ലീഷ് കവിതയിൽ* (കോട്ടയം: ഡി.സി. ബുക്സ്, 2008). |
| 2016 | : | Anniyil Tharakan. *The Sacred Feminine in Indian Thought* (New Delhi: Cosmo Publications, 2016). |

www.malankaralibrary.com

ഡോ. ആന്നിയിൽ തരകന്റെ കവിതകൾ പ്രസിദ്ധീകരിച്ച
കാവ്യസമാഹാരങ്ങൾ

H.K. Kaul, ed. *Poetry India: New Voices* (New Delhi: Clarion Books, 1990).

H.K. Kaul, ed. *Poetry India: Voices in the Making* (Delhi: Arnold Publishers, 1989).

O.P. Bhatnagar, ed. *Rising Columns: Some Indian Poets in English* (Amravati: Kala Publications, n.d.).

Syed Ameeruddin, ed. *New Voices in Indian Poetry* in English (Madras: Sayeeda Publications, 1981).

R.A. Joshi & O.P. Bhatnagar, ed. *Intercontinental Poetry: An Anthology* (Jaipur: Rachna Prakashan, 1979).

www.malankaralibrary.com

ഡോ. ആന്നിയിൽ തരകൻ എഴുതിയ
മാസികകളും പത്രങ്ങളും
&
ഡോ. ആന്നിയിൽ തരകനെപ്പറ്റി ലേഖനങ്ങൾ
പ്രസിദ്ധീകരിച്ച മാസികകളും പത്രങ്ങളും

(1)
മലയാളം

*മലയാള മനോരമ* (കോട്ടയം)
*ദീപിക* (കോട്ടയം)
*രാഷ്ട്രദീപിക* (കോട്ടയം)
*കേരള കൗമുദി* (തിരുവനന്തപുരം)
*കലാകൗമുദി* (തിരുവനന്തപുരം)
*മലയാളനാട്* (കൊല്ലം)
*കുങ്കുമം* (കൊല്ലം)
*മലയാളം വാരിക* (കൊച്ചി)
*മലയാള സാഹിത്യം* (തിരുവനന്തപുരം)
*ഐക്യദീപം* (തിരുവല്ല)
*സത്യദീപം* (കൊച്ചി)
*സൺഡേ ശാലോം* (കോഴിക്കോട്)
*ക്രൈസ്തവ കാഹളം* (തിരുവനന്തപുരം)
*മലങ്കര ബാലൻ* (തിരുവനന്തപുരം)
*മലങ്കര സഭാ പുനരൈക്യ സുവർണ്ണജൂബിലി സുവനീർ, 1980* (തിരുവനന്തപുരം)
*മംഗളം പത്രം* (കോട്ടയം)
*കേരള ടൈംസ്* (കൊച്ചിൻ)
*സംസ്കാര കേരളം* (തിരുവനന്തപുരം)
*ല ഒസ്സർവത്തോരെ റൊമാനോ* (തിരുവനന്തപുരം)
*തിരുവനന്തപുരം മേജർ അതിഭദ്രാസന ബുള്ളറ്റിൻ* (തിരുവനന്തപുരം)
*സ്മരണിക, ബഥനി സന്യാസിനീസമൂഹം, പ്ലാറ്റിനം ജൂബിലി, 1994* (തിരുവനന്തപുരം)
*കർമ്മല കുസുമം* (മാന്നാനം)
*അലകൾ* (തിരുവനന്തപുരം)
*സദ്ഗമയ, സെന്റ് മേരീസ് കത്തീഡ്രൽ* (പട്ടം, തിരുവനന്തപുരം)
*മലങ്കര നാദം*, ബത്തേരി
കണ്ണാടി മാഗസിൻ (ഡിജിറ്റൽ)
നേത്ര (മാർ ഈവാനിയോസ് കോളേജ്, തിരുവനന്തപുരം)

www.malankaralibrary.com


(2)

English, Italian, German, French & Dutch

*The Bible Today* (Collegeville, Minnesota, USA)
*Explorations* (Dayton University, Dayton, USA)
*Christianity & Literature* (The State University of West Georgia,USA)
*Centric* (Cicinnati Ohio, USA)
*International Policy Review* (Concordia College, St. Paul, USA)
*Common Sense* (Notre Dame, Indiana, USA)
*The Shield* (Cincinnati, Ohio, USA)
*The Malankara Catholic Convention of North America, 1996 & 2003* (New York)
*Malankara Catholic Observer* (New York)
*The Times of India* (Delhi)
*Sunday Mid-Day* (Bombay)
*Indian Currents* (New Delhi)
*Home Life* (Bombay)
*The Sunday Standard* (Bombay)
*The Indian Express* (Delhi)
*The New Indian Express* (Cochin)
*The Statesman* (Calcutta)
*The Hindu* (Madras)
*The Week* (Cochin)
*The New Leader* (Madras)
*The Malabar Herald* (Cochin)
*The Herald* (Calcutta)
*Rajasthan Journal of English Studies* (Jaipur)
*SB Academic Review* (Changanacherry, Kerala)

www.malankaralibrary.com



*The New Millennium* (Trivandrum)
*English Update* (Trivandrum)
*Journal of Literature & Aesthetics* (Quilon, Kerala)
*ELT Forum - Journal of English Studies* (Tellicherry, Kerala)
*ELT Journal of English Studies* (Calicut, Kerala)
*Commonwealth Quarterly (Mysore)*
*The Journal of Indian Writing in English* (Gulbarga)
*The Examiner* (Bombay)
*The Teenager* (Bombay)
*The Malankara Voice* (Faridabad, Delhi)
*United Christian Movement Souvenir, 2004* (Trivandrum)
*Apostolic Union of the Clergy* (Pune)
*Aumol* (Pune)
*The Voice of the Church, Reprints from L'Osservatore Romano* (Changanacherry)
*Vignette, College Magazine, Mar Baselios College of Engineering & Technology* ( Trivandrum)
*The Passion Flower* (Bharananganam, Kerala)
*The Xavier Board of Higher Education, Silver Jubilee Souvenir* (Bangalore)
*Our Vineyard* (Bombay)
*Excelsior, St. Berchman's College* (Changanacherry, Kerala)
*Vidya Sarit, Bishop Moore College* (Mavelikara)
*Vaidika Mitram* (Quilon, Kerala)
*Mar Ivanios College Magazine* (Trivandrum)
*South Asian Religious News* (Bangalore)
*Annual 1976-77, St. John's College* (Anchal, Quilon, Kerala)
*Inter Nos, The Athenaeum Family Bulletin* (Pune)
*Link and Light* (Trivandrum)
*Chrysalis, College Magazine, Mar Baselios College* (Trivandrum)

www.malankaralibrary.com


*St. Mary's Malankara Catholic Church, Karickom* (Kottarakara)
*Malankara Nadam, 1990, St. Aloysius Seminary* (Trivandrum)
*St. Stephen's Syrian Catholic Church, Golden Jubilee Souvenir* (Kattanam)
*Imprint, Mar Ivanios College* (Trivandrum)
*Golden Rays, Golden Jubilee Souvenir, 2015, Holy Angel's School* (Adoor, Kerala)
*Hofnieuws* (Amsterdam, Holland)
*Popoli* (Milan, Italy)
*Messenger of St. Anthony* (Italy)
*The Messenger, Sri Lanka's Catholic Weekly* (Colombo, Sri Lanka)
*Missions Etrangeres de Paris* (Paris, France)
*Medias Missionnaires* (Paris, France)
*English Teaching Newsletter* (Republica De Chile)
*Ut Omnes Unum* (Paderborn, Germany)
*Der Christliche Osten* (Wurzburg, Germany)
*Lake Review*: *International Journal of Literature and Arts* (Digital)

www.malankaralibrary.com



## നവ വൈദികൻ



ഫാദർ നൈനാൻ തരകൻ


പൂനാ പേപ്പൽ സെമിനരിയിൽ അദ്ധ്യയനം നടത്തുന്ന റവ. നൈനാൻ തരകൻ ഒ. 18–ാം തീയതി തിരുവനന്തപുരം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. ഗ്രിഗോറിയോസ് തിരുമേനിയിൽനിന്നും വൈദികപട്ടം സ്വീകരിക്കുകയും പിറെറ ദിവസം കററാണം ഇടവകയിൽ പ്രഥമദിവ്യബലിയപ്പിക്കുകയും ചെയ്തിരിക്കുന്നു.

നവ വൈദികൻ പ്രഗത്ഭനായ ഒരെഴുത്തുകാരനാണ്. Indian Express, Sunday Standard, Times of India, Poona Herald, Malabar Herald, New Leader, Catholic Herald തുടങ്ങിയ പത്രങ്ങളിൽ അദ്ദേഹത്തിൻെറ ലേഖനങ്ങളും കവിതകളും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

(സത്യദീപം, 1968 നവംബർ 6, പുറം 7)

www.malankaralibrary.com





## ഫാ. തരകനു ഡോക്ടറേറ്റ്

ന്യൂയോർക്ക്: മാത്യു ആർനോൾഡിന്റെ കൃതികളിൽ "ഭഗവദ്ഗീതയുടെ സ്വാധീനം" എന്നതിനെപ്പറ്റി തയ്യാറാക്കിയ ഗവേഷണ പ്രബന്ധത്തിനു നോട്ടർഡാം സർവകലാശാല ഫാ. തരകൻ ആന്നിയിലിനു ഡോക്ടർ ബിരുദം നൽകി.

തിരുവനന്തപുരം മാർ ഈവാനിയോസ് കോളജ് അധ്യാപകനായ ഫാ. തരകൻ 1983-ലാണു ഗവേഷണത്തിനു ചേർന്നത്.

ഗീതയിലും മറ്റും നിഴലിച്ചുകാണുന്ന പൗരസ്ത്യ ദർശനധാര പാശ്ചാത്യചിന്തകൾക്ക് എന്നും ആവേശം പകർന്നിട്ടുണ്ട്. ഇംഗ്ലീഷിലെ റൊമാന്റിക് കവികളെ ഹഠാദാകർഷിച്ച ഈ ദാർശനിക വീക്ഷണം കാല്പനികസാഹിത്യത്തിൽമാത്രമല്ല, വിക്ടോറിയൻ കാലഘട്ടത്തിലെ കവികളിലും-പ്രത്യേകിച്ചു മാത്യു ആർനോൾഡിന്റെ കവിതയിലും ഗദ്യത്തിലും-ശക്തമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു പ്രബന്ധത്തിൽ സമർത്ഥിച്ചിട്ടുണ്ട്.

(മലയാള മനോരമ 1987 ഡിസംബർ 3, വ്യാഴം പുറം 12)

# Universitatis Dominae Nostrae a Lacu

Praeses, Fiduciarii et Professores
Omnibus has praesentes litteras visuris salutem
Nos ad id munus decreto publico delegati notum facimus et

testamur dilectum nobis

Rev. Ninan Tharakan Anniyil

ita bene meruisse ut aperte et sollemniter renuntiaretur

**Philosophiae Doctor**

Cuius rei testes nomina nostra subscripsimus ac sigillum
Universitatis nostrae apponi curavimus
die XVII Mensis Maii MCMLXXXVII

Robertus E. Gordon
Vice-Praeses pro Disciplinis Superioribus

Theodorus M. Hesburgh
Praeses

Tabularius

Primarius Collegiorum

# UNIVERSITY OF NOTRE DAME

OFFICE OF THE REGISTRAR - NOTRE DAME, IN 46556

GRADUATE SCHOOL

STUDENT ACADEMIC RECORD

STUDENT NAME AND ADDRESS AS OF 05/21/87
Anniyil, Fr Ninan Tharakan
301 Brownson Hall
Notre Dame, IN 46556

ADDRESS AT TIME OF ADMISSION
Mar Ivanios College
Trivandrum Kerala
INDIA

STUDENT ID: 999-40-4566
BIRTH DATE: 01/20/43 SEX: M
BIRTHPLACE: KATTANAM, INDIA

ACCEPTED INTO: ENGLISH
ADMISSION DATE: 08/22/83
CLASSIFICATION: DEGREE

PREVIOUS DEGREE: M.A. DATE CONFERRED: 1976 INST: ST BERCHMAN' S COLLEGE

| DEGREE SOUGHT | MAJOR OR CONCENTRATION | FOREIGN LANGUAGE DATE | FOREIGN LANGUAGE LANGUAGE | FOREIGN LANGUAGE GRADE | CANDIDACY ORAL | CANDIDACY WRITTEN | COMP/FINAL EXAM |
|---|---|---|---|---|---|---|---|
| PH.D. | ENGLISH | 12/03/83 | LATIN | P | 11/25/85 | 00/00/00 | 04/21/87 |

DEGREE EARNED: DOCTOR OF PHILOSOPHY
DATE CONFERRED: 05/17/87
AREA OF CONCENTRATION:
DISSERTATION: Matthew Arnold And Oriental Thought

| COURSE ID | DESCRIPTIVE TITLE OF COURSE | CRS CRHR | CRS GR | QUAL PTS | SEMESTER CARRIED | SEMESTER PASSED | SEMESTER AVG | UNIVERSITY CARRIED | UNIVERSITY PASSED | UNIVERSITY AVG | CUM CREDITS |
|---|---|---|---|---|---|---|---|---|---|---|---|
| | PRIOR TO 1983-84 | | | | | | | | | | |
| CREDITS | Transferred | 24.0 | NA | ST BERCHMAN' S COLLEGE | | | | | | | 24.0 |
| | FALL SEMESTER 1983-84 | | | | | | | | | | |
| ENGL 535B | Studies in Medieval Lit | 3.0 | A- | 10.5 | | | | | | | |
| ENGL 540 | Shakespeare | 3.0 | A | 12.0 | | | | | | | |
| ENGL 566 | Studies in Victorian Lit | 3.0 | A | 12.0 | | | | | | | |
| | | | | | 9.0 | 9.0 | 3.833 | 9.0 | 9.0 | 3.833 | 33.0 |
| | SPRING SEMESTER 1983-84 | | | | | | | | | | |
| ENGL 507 | Advanced Poetry Writing | 3.0 | A- | 10.5 | | | | | | | |
| ENGL 546 | Studies in 17th Cen Literature | 3.0 | B | 9.0 | | | | | | | |
| ENGL 567 | Romantic Poets | 3.0 | A | 12.0 | | | | | | | |
| ENGL 666 | Seminar in Victorian Lit | 3.0 | A | 12.0 | | | | | | | |
| | | | | | 12.0 | 12.0 | 3.625 | 21.0 | 21.0 | 3.714 | 45.0 |

THIS TRANSCRIPT PREPARED ON PAPER WITH GREEN INK BACKGROUND

# UNIVERSITY OF NOTRE DAME

OFFICE OF THE REGISTRAR - NOTRE DAME, IN 46556

GRADUATE SCHOOL

STUDENT ACADEMIC RECORD

STUDENT NAME: Anniyil, Fr Ninan Tharakan
STUDENT ID: 999-40-4566

| COURSE ID | DESCRIPTIVE TITLE OF COURSE | CRS CRHR | CRS GR | QUAL PTS | SEMESTER CARRIED | SEMESTER PASSED | SEMESTER AVG | UNIVERSITY CARRIED | UNIVERSITY PASSED | UNIVERSITY AVG | CUM CREDITS |
|---|---|---|---|---|---|---|---|---|---|---|---|
| | FALL SEMESTER 1984-85 | | | | | | | | | | |
| ENGL 534 | Medieval Drama | 3.0 | A- | 10.5 | | | | | | | |
| ENGL 562A | Aspects of British Novel | 3.0 | A- | 10.5 | | | | | | | |
| ENGL 660A | Sem in Romantic Literature | 3.0 | B | 9.0 | | | | | | | |
| | | | | | 9.0 | 9.0 | 3.333 | 30.0 | 30.0 | 3.600 | 54.0 |
| | SPRING SEMESTER 1984-85 | | | | | | | | | | |
| ENGL 631 | Seminar in Medieval Literature | 3.0 | B | 9.0 | | | | | | | |
| ENGL 699 | Research and Dissertation | 3.0 | S | | | | | | | | |
| THEO 666 | History of Religions Seminar | 3.0 | A | 12.0 | | | | | | | |
| | | | | | 6.0 | 6.0 | 3.500 | 36.0 | 36.0 | 3.583 | 63.0 |
| | FALL SEMESTER 1985-86 | | | | | | | | | | |
| ENGL 699 | Research and Dissertation | 9.0 | S | | | | | | | | |
| | | | | | | | | 36.0 | 36.0 | 3.583 | 72.0 |
| | SPRING SEMESTER 1985-86 | | | | | | | | | | |
| ENGL 699 | Research and Dissertation | 1.0 | S | | | | | | | | |
| | | | | | | | | 36.0 | 36.0 | 3.583 | 73.0 |
| | SUMMER SESSION 1986 | | | | | | | | | | |
| ENGL 699 | Research and Dissertation | 1.0 | S | | | | | | | | |
| | | | | | | | | 36.0 | 36.0 | 3.583 | 74.0 |
| | FALL SEMESTER 1986-87 | | | | | | | | | | |
| ENGL 699 | Research and Dissertation | 1.0 | S | | | | | | | | |
| | | | | | | | | 36.0 | 36.0 | 3.583 | 75.0 |
| | SPRING SEMESTER 1986-87 | | | | | | | | | | |
| ENGL 699 | Research and Dissertation | 1.0 | S | | | | | | | | |
| | | | | | | | | 36.0 | 36.0 | 3.583 | 76.0 |

THIS TRANSCRIPT PREPARED ON PAPER WITH GREEN INK BACKGROUND

www.malankaralibrary.com


University of Notre Dame
Notre Dame, Indiana 46556

Department of English
(Area Code 219)
Chairman: 239-7226
Graduate: 239-6270
Undergraduate: 239-5516

July 7, 1987

Career and Placement Services
Theodore M. Hesburgh Library
University of Notre Dame
Notre Dame, IN 4556

To whom it may concern:

Father Anniyil Tharakan entered the Ph.D. program in English at Notre Dame in the autumn of 1982 or 1983. He enrolled in my Victorian studies course in the autumn of 1983 and, in the next term, enrolled in my seminar on Arnold, Ruskin, and Peter. It was there that he gained an interest in Matthew Arnold and oriental thought. He took his specialty examination under my direction in February of 1986 and, a couple months later, passed his hearing on his proposed dissertation. He then wrote his dissertation, in about 10 months, and formally received his Ph.D. degree this May.

The above paragraph will indicate to you one of Father Anniyil's strengths. He works with discipline and dispatch. Seldom have we had a Ph.D. student move through his requirements with such ease and with so little trouble. It should also be said that he has done first-class work throughout his course work and, especially, in his dissertation. For the dissertation he did much original research at Yale, and other libraries in the east. And his writing was clear and direct. The readers passed the dissertation unanimously with no requests for revision. One of the most laudable comments they made was that they had learned a great deal about Hindu thought, about Arnold, and about the literary, religious, and philosophical culture in which Arnold moved.

In the dissertation, Father Anniyil first explicates some major tenets of Hindu thought and philosophy. He then reviews various texts which introduced this thought and philosophy into England during the late eighteenth and nineteenth century. He shows which of these texts were read by Arnold through some close textual analysis and then shows how this thought and philosophy, thusly transmitted, helped to inform Arnold's poetry and prose. For a long time, critics have been aware of Arnold's interest in the East, but I believe no one has studied the matter as specifically as Father Anniyil and no one has thus been able to make the claims which he does about the importance of eastern thought in Arnold's writings. Given Father Anniyil's discipline for work and given his original and insightful work in the dissertation, I fully expect that, in the next two years or so, he will be submitting some acceptable articles to leading journals in the area of nineteenth century British studies. He and I have already spoken about this future work.

Career and Placement Services
July 7, 1987
Page 2

Having had Father Anniyil in two courses, having supervised his specialty exam and dissertation, and having had his services as a graduate research assistant, I feel confident in saying something about his character and personality. He is a person of few words, can be opinionated but at the same time can take criticism, and is finally, when one gets to know him, a person of great warmth. Since he is from a culture different from mine, it took me some time to catch his humor and his nuances but they are there. I came to enjoy his company very much over the past few years and feel that I have made a life-long friend.

I recommend him to you very highly.

Sincerely,

Donald Sniegowski

Donald Sniegowski
Associate Professor
Department of English

DS:fb

www.malankaralibrary.com



June 16, 1987

Career and Placement Services
Memorial Library
University of Notre Dame
Notre Dame, IN 46556

Dear Placement Service:

Father Ninan Tharakan is an exceptionally fine literary scholar, among the very best we've seen at Notre Dame and are ever likely to encounter. He came to us with superior credentials: a distinguished educational background, particularly in history, philosophy, and theology; a literary sensitivity that had already produced a quantity of published poetry, some considerable passages of which I was privileged to read; and a superior intellectual, emotional, and cultural maturity that arose from both his equanimity of personality and his extensive travel and experience. One of his initial courses was my Middle English literature seminar, in which we concentrated on Piers Plowman and the works of the Pearl Poet. In this seminar of some ten or twelve students, Father Tharakan's contributions were distinguished for their depth and subtlety, his papers were consistently outstanding, and his examinations were unequaled.

In the course of his studies, Father Tharakan gained the respect of students and faculty generally. He met doctoral requirements promptly and with high success. One reader of his qualification examination (I was not serving on the committee for that round), and who was director of graduate studies at the time and has just been named chair of the department, stated flatly that Father Tharakan's was the best examination he had ever read. Thereafter Father went on to complete the candidacy requirements and the dissertation with notable dispatch.

I have not witnessed Father Tharakan's teaching, but he is distinctively knowlegeable, courteous, amiable, and mild-mannered and is engaging in his articulateness and presence. I would therefore expect his teaching record to show a superior standing. I would personally welcome him as a colleague and would feel confident in voting him into positions of decision and trust.

Father Tharakan, in short, came to us a mature scholar and gentleman and distinguished our program by his participation. I give him the highest recommendation.

Sincerely,

rard Vasta
Professor, Department of English
203 Decio Hall, Notre Dame

www.malankaralibrary.com



University of Notre Dame
Notre Dame, Indiana 46556

Department of English
(Area Code 219)
Chairman: 239-7226
Graduate: 239-6270
Undergraduate: 239-6618

20 June 1987

To whom it may concern,

I can speak knowledgeably and very supportively about Father Tharakan's performance as a graduate student in the English Department of the University of Notre Dame. I have known him nearly four years, during which time he attended two of my graduate classes on English Romantic poetry, served as my research assistant, and consulted with me extensively as one of his main dissertation advisers. In all of these capacities he excelled admirably. In fact, his intelligence, creativity, and scholarly ambition have made our work together one of the most rewarding aspects of my involvement with graduate students. I would rank him without exaggeration as the most intellectually mature and hard-working graduate student I have met during my four years at Notre Dame.

Father Tharakan possesses a combination of talents that make him a likely candidate for success in any scholarly endeavor. He enjoys a strong native intelligence, which is developed and enhanced by a keen intellectual curiosity. His pursuit of knowledge is controlled, moreover, by a mature sense of responsibility about mastering the aesthetic, philosophical, and scholarly contexts in which he works. He also carries out his research with prodigious zeal in the ambition toward excellence. These qualities have made him one of our most mature and successful students. In my classes, he has regularly arisen as a confident leader of discussion who introduces original, often controversial points and defends them from a position of intellectual strength. His performance on oral examinations has been noteworthy for the same spirit of assured and independent intellectual inquiry. And his writing has displayed similar originality, independence, and confidence.

Father Tharakan's dissertation has been regarded as one of the more interesting and successful works produced by our graduate students in recent years. Its focus on Arnold's debt to Oriental thought witnesses the depth of his intellectual engagement with his work, for the subject brings together two of his passionate interests--Oriental philosophy and English poetry. His treatment of this large topic demonstrates the industrious scrupulosity of his reading and research. It also breaks new ground in Victorian scholarship. The members of Father Tharakan's dissertation committee join with me in urging him to revise sections of his work for publication.

www.malankaralibrary.com



Career Placement Services
Page 2

I can also speak to a special dimension of Father Tharakan's work here that proved quite beneficial for my own research. He assisted me in some of the most important research for a book I am now completing about Spenser's influence on Keats and Shelley. This work required him to survey Romantic periodical criticism in search of commentary on Spenser, which he located and summarized for me. Much more complicated than the standard kind of bibliographical work assigned to most graduate student research assistants, this project demonstrated his ability to conduct independent research on a professional level. My trust in his capacity for this level of performance is itself a significant comment on the respect he has earned among faculty members in our department.

If there is any qualification to Father Tharakan's strong record, it must involve his overabundant energies. He has been known to overwork himself to illness, and his zealous determination to prove his points has sometimes led him into overstatement. These tendencies, of course, are actually potential strengths, indicative of his commitment to his work, which only require proper management to become important assets. The writing of his dissertation has already supplied much of that necessary control and perspective.

As the tenor of this letter implies, I would give my strongest endorsement to any scholarly project that Father Tharakan undertakes. I would be happy, moreover, to respond more personally and at greater length to further inquiries about his suitability for any specific endeavor.

Sincerely,

Greg Kucich
Assistant Professor

www.malankaralibrary.com

## വിഷയസൂചി


| | |
|---|---|
| അഗസ്തിനോസ്, വിശുദ്ധ | xvi |
| അത്തനേഷ്യസ്, പാലക്കുന്നത്ത് മാത്യൂസ് മാർ | 172, 227, 233 |
| അനന്തകൃഷ്ണ അയ്യർ | 224 |
| അന്വേഷകൻ, സമാധിമന്ദിരത്തിലെ | 65 |
| അപ്പോളജിയ പ്രോവീത്താസുവ | xv |
| അരവിന്ദഘോഷ് | 10, 1477 |
| അരിസ്റ്റോട്ടിൽ | 277, 291 |
| അവാർഡ്, ഗുരുപൂജ | 7 |
| അൽഫോൻസാമ്മ | 124 |
| ആന്നിയിൽ | 148 |
| ആർനോൾഡ്, മാത്യു | 177, 290-316, 290, 293 |
| ആൻ ഫ്രാങ്ക് | 255 |
| ആശ്രമങ്ങൾ | 223 |
| ആത്മീയതയും സ്നേഹവും | xiv |
| ഇസ്ലാം | 238 |
| ഉദയംപേരൂർ സുന്നഹദോസ് | 205, 219 |
| എഫ്രേം, മാർ | xvi |
| എലിയറ്റ്, റ്റി.എസ്. | 9, 251, 252, 272, 291 |
| എഴുത്തച്ഛൻ | 10 |
| ഓണം | 163 |
| കവി, അന്വേഷകനായ | 8 |
|     കാവ്യദർശനം | 68 |
|     ക്രിസ്തുവിനെ തേടുന്ന കവിത | 93, 97 |
|     ദാർശനികനായ കവി | 10 |
|     മിസ്റ്റിക് കവി | 10 |

www.malankaralibrary.com


യോഗാത്മക കാവ്യം 101
വൈദികൻ, കവി 83
ശാന്തമായ കവിത 70
കള്ളർ, ജോൺ xviii, 294
കറ്റാനത്തെ വൈദികശൃംഖല 228
കാർലൈൽ, തോമസ് 293
കാവ് സംസ്കാരം 164, 165
കീറ്റ്സ് 9
കുടുമ 222
കുരിശിന്റെ യോഹന്നാൻ xiv, 10, 11, 61, 73
കുരുവിള മാത്തുണ്ണി തരകൻ 162, 176, 244
കുഷിഷ്, ഗ്രിഗറി xvi
കുട്ടിച്ചാത്തൻ 151
കുസൈൻ, വിക്ടർ 105
കൂൾമാൻ, ഒസ്കാർ xv
കൂനൻകുരിശ് സത്യം 193
കെട്ടുകാഴ്ച 150
കേരള സാഹിത്യ അക്കാദമി 78
കൊച്ചീപ്പൻ തരകൻ 27, 33, 65, 97
ക്രിസ്തുമസ് 282-285, 287-289
ക്രോസ്, കവിത 93
ക്വസ്റ്റർ ബൈ ദ ടൂം xviii, 9
ക്വസ്റ്റർ ബൈ ദ റിവർ 7, 9, 24, 28
ഗാന്ധിജി 282, 283, 284, 285
ഗേറ്റ് പ്രശ്നം, മാർ ഈവാനിയോസ് കോളേജിന്റെ 36
ഗ്നോസിസ് xiv
ഗ്രിഗോറിയോസ്, ചാത്തുരുത്തി മാർ 152, 244, 245, 246, 247
ജൈനിസം 151, 232
ജോൺ മത്തായി, ചിക്കാഗോ 202
ജോൺസ്, വില്യം 107

www.malankaralibrary.com

| | |
|---|---|
| ടാഗോർ | 10 |
| ടെന്നിസൻ | 10 |
| ഡക്കാർട്ട്, റെനെ | 11 |
| ഡയനീഷ്യസ്, സ്യൂഡോ | xvi |
| ഡൈസൻ | 110 |
| ഡ്യൂർവെൽ | xviii |
| ഡോം മൊറെയാസ് | 46, 56, 60, 63, 79 |
| താലി | 221 |
| താലന്തുകളുടെ പ്രഭുത്വം | 293 |
| തിയഡോർ കൗറി | 238 |
| തിരുക്കുറൽ | 224 |
| തിരുവാംകോട് | 206, 221 |
| തുമ്പിതുള്ളൽ | 163 |
| തോമ്മാക്കടത്ത് | 185 |
| ത്രിൽ ഓഫ് എ ലൈഫ് ടൈം | 65, 92 |
| ദ് കാന്റിക്കിൾ ഓഫ് ദ ബിലവഡ് | xviii, 7, 24, 28 |
| ദ് പ്രെല്യൂഡ് | xv |
| ദാനിയേൽ, കെ.എം. | 162 |
| ദാന്തെ | 14, 61 |
| നകുലൻ | 65 |
| നാനാർത്ഥം | 116 |
| ന്യൂമാൻ, കർദ്ദിനാൾ | xv |
| നെയ്ബൂർ | 293 |
| നൈനാൻ, പദം | 148 |
| നൈനാൻ വീട്ടിനാൽ സീനിയർ | 151, 182, 153 |
| നൈനാൻ വീട്ടിനാൽ ജൂനിയർ | 152, 153 |
| നോത്ര ദാം | 57, 51 |
| പതഞ്ജലി | 151 |
| പള്ളിക്കൽ | 150 |
| പാസ്കാൽ, ബ്ലെയ്സെ | xiv, 10, 61 |

www.malankaralibrary.com




| | |
|---|---|
| പിസ്തിസ് | xiv |
| പുനരൈക്യ സാരഥികൾ | 185, 231 |
| പുലകുളി | 222 |
| പൂനാ സെമിനാരിയിൽ ഒന്നാം സമ്മാനം | 91 |
| പോൺസെ | xiv |
| പൗരസ്ത്യ സഭാവിഭാഗങ്ങൾ | 198 |
| പ്രകാശം, നേരിന്റെ വഴിയിലെ | 7 |
| പ്രെസ്റ്റർ ജോൺ | 183 |
| പ്രൊട്ടൈനസ് | xvii |
| പ്ലേറ്റോ | 240 |
| ഫിലോകാലിയ | xvi |
| ഫീനിക്സ് പക്ഷി | 96 |
| ബഥനി പ്രസ്ഥാനം | 54, 118 |
| ബനിയൻ, ജോൺ | xiv |
| ബയാട്രീസ് | 115 |
| ബലിയുടെ വേദശാസ്ത്രം | xviii |
| ബാരിസോൾ | 288 |
| ബുദ്ധമതം | 149, 151, 232 |
| ബൻസിഗർ തിരുമേനി | 234 |
| ബോനാഫയർ, ഡെയ്ട്രിച്ച് | xvi, 256 |
| ബ്ലേക്ക് | 10 |
| ബ്യൂബർ, മാർട്ടിൻ | 12 |
| ബ്രഹ്മചര്യവും മാർ ഗ്രിഗോറിയോസും | 221 |
| ബ്രിഡ്ജസ്, റോബർട്ട് | 269 |
| ഭഗവദ്ഗീത | xvii, 34, 104, 105 |
| ഭാരതീയ ദർശനം ഇംഗ്ലീഷ് കവിതയിൽ | 105 |
| മണ്ണൂർ സ്കൂൾ | 43 |
| മരണാനന്തരകർമ്മം | 221 |
| മരുമക്കത്തായം | 223 |
| മഹാദേവ്ദേശായി | 255 |

www.malankaralibrary.com


| | |
|---|---|
| മാർത്താണ്ഡം | 225 |
| മാടൻ | 151 |
| മാണി | xvii |
| മാരിറ്റേൻ, ജാക് | 115 |
| മാർ ഈവാനിയോസ് | 49, 118 |
| മാനുവൽ പലയോലോഗസ് | 238 |
| മിസ്റ്റിസിസം, ക്രൈസ്തവ | 11 |
| മെക്കോളി | 107 |
| മേരി ജെയിൻ | 60, 65 |
| മൈക്കിൾ അൽസോപ് | 60 |
| മൗറിയ | xvii |
| യജ്ഞവല്ക്യൻ | 76, 84 |
| യാക്കോബായ മെത്രാൻ, ആദ്യ | 219 |
| രമണമഹർഷി | 71 |
| രാമാനുജൻ | 269 |
| ലോഗോസ് | 237 |
| വിക്കോ | 293 |
| വീട്ടിനാൽ, ഫാദർ നൈനാൻ | 235 |
| വുഡ് ഡ്രോഫ്, ജോൺ | 116 |
| വൈദികർ, ആന്നിയിലെ | 162 |
| വേഡ്സ്വർത്ത്, വില്ല്യം | xvi, 9, 243, 297 |
| ശബരിമല | 166, 167, 231 |
| ശങ്കരൻ | 11 |
| ശിഷ്യത്വത്തിന്റെ വില | xv |
| ശ്രീകൃഷ്ണൻ | xvii |
| ശ്രീമൂലം തിരുനാൾ | 166 |
| ഷർദ്ദേൻ, തെയ്യാർ ദ് | 10, 11, 14, 61, 268 |
| ഷെല്ലി | 7 |
| ഷേക്സ്പിയർ | 178 |
| ഷോപ്പനോവർ | 10, 61, 72 |

www.malankaralibrary.com


സഭ, നിശ്ശബ്ദമായ xv
സഭ, പ്രവർത്തനോന്മുഖമായ xv
സൾഗാ, മദർ 48, 49, 50, 243
സാവിത്രി 10
സാർതോർ റിസാർത്തൂസ് 68
സിമോൺ വെയിൽ 255
സിംങ്ങ് xvii
സെർവിസിയും ഡേയി (Servitium Dei) xv
സെർവിസിയും ഹോമിനിസ് (Servitium hominis) xv
സെന്റ് ജോൺസ് കോളേജ് 94
സോഫി ഫോൺ 115
സംസ്കാരവും സുവിശേഷവും xv
സംസ്കാരവും ആത്മീയ സങ്കല്പവും 115
സ്ത്രീ സങ്കല്പം 113
സന്ന്യാസം 223
ഹക്സ്ലി, ജൂലിയൻ 268
ഹാർഡി, ജി.എച്ച്. 269
ഹിന്ദു, സംസ്കാരം കൊണ്ട് 95
ഹെർമൻ മെൽവിൻ 9
ഹെർമൻ ഹെസ്സെ 72
ഹോപ്കിൻസ്, ജറാർഡ് മാൻലി 85, 269, 277, 278, 279, 280, 290
ഹന്റിംഗ്ട്ടൺ, ശാമുവേൽ xv
റാസ 163
റമ്പാൻ, ചേപ്പാട് ഫീലിപ്പോസ് 161
റോസൻബർഗ് യൂണിവേഴ്സിറ്റി 237

www.malankaralibrary.com

ഫാദർ തരകനെ സംബന്ധിച്ചിടത്തോളം ദർശനവും കവിതയും സാക്ഷാത്തായതിനെ തേടിയുള്ള അന്വേഷണമാണ്. യോഗികളെപ്പോലെ കവിയും സാക്ഷാത്തായതിനെ തേടി സ്വന്തം അന്തരാത്മാവിലേക്കു മുങ്ങിയിറങ്ങുന്നു.

– ഡോ. കെ. എം. തരകൻ

www.malankaralibrary.com

തരകനച്ചന്റെ കൃതികൾ ഏറെയും ഇംഗ്ലീഷ് ഭാഷയിലാണ്. ഇംഗ്ലീഷ് സാഹിത്യ ലോകമെന്നു പറയുന്നത് ഒരു മഹാ സമുദ്രം പോലെ വ്യാപിച്ചുകിടക്കുന്ന ഒന്നാണ്. ഈ കൊച്ചു കേരളത്തിൽ നിന്നുമുള്ള മലയാളി ഗ്രന്ഥകർത്താക്കന്മാർക്കു അവിടെ ഒരു സ്ഥാനം ഉറപ്പാക്കുകയെന്നതു എളുപ്പമുള്ള കാര്യമല്ല. വളരെ കുറച്ചു പേർക്കു മാത്രമേ അവിടെ തങ്ങളുടെ സാന്നിദ്ധ്യം പ്രകടമാക്കുവാൻ സാധിച്ചിട്ടുള്ളുവെന്നതാണ് വസ്തുത. ഈ ദുഷ്കരമായ ലോകത്ത് ചെറുതെങ്കിലും തന്റേതായ ഒരു സാന്നിദ്ധ്യം സൃഷ്ടിക്കാൻ അച്ചന് കഴിഞ്ഞു എന്നത് അഭികാമ്യമാണ്. വിദേശ യൂണിവേഴ്സിറ്റിയിലെ പ്രൊഫസ്സേഴ്സ് അച്ചന്റെ “ക്വസ്റ്റർ ബൈ ദ റിവർ” എന്ന മഹാ കാവ്യം പഠനവിഷയമാക്കി എന്നത് ഇതിന് ഉദാഹരമാണ്.

– ഡോ. പ്രൊഫ. കെ. വി. ജോസഫ്

# സുവർണ്ണ സ്മൃതികൾ



വൈദിക ജീവിതത്തിൽ പിന്നിട്ട 50 വർഷങ്ങൾക്ക് സ്ഥായിയായ ഭാവം നൽകുന്ന ഈ സർഗ്ഗാത്മക രചനകൾ ഡോ. ആന്നിയിൽ തരകന്റെ പ്രവർത്തനോന്മുഖമായ ജീവിത തപസ്യയുടെ സാക്ഷ്യം മാത്രമല്ല, പിന്നെയോ ഈ കാലഘട്ടത്തിന്റെ ചരിത്രത്തെ നിയന്ത്രിച്ച ധാർമ്മികതത്ത്വത്തിന്റെ ആവിഷ്കാരം കൂടിയാണ്. ഈ ലേഖന പ്രബന്ധ സമാഹാരം രചയിതാവിന്റെ അനുഭവങ്ങൾക്ക് അനശ്വരത നൽകുന്നതോടൊപ്പം അദ്ദേഹത്തിന്റെ ബൗദ്ധിക ദാർശനികതയുടെ സങ്കീർണ്ണത വെളിവാക്കുകയും ചെയ്യുന്നു. ഡോ. ആന്നിയിൽ തരകനെപ്പറ്റിയും അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചും കേരളത്തിലെ പ്രബുദ്ധരായ ചിന്തകരുടെ രചനകളാണ് ആദ്യത്തെ 34 ലേഖനങ്ങൾ. ഗ്രന്ഥത്തിന്റെ രണ്ടാംഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് ഓരോ കാലഘട്ടത്തിലും സഭയ്ക്കുള്ളിൽ നടന്ന സംഭവങ്ങളെക്കുറിച്ച് തരകനച്ചന്റെ പ്രതികരണങ്ങളും അവയിലൂടെ ആവിഷ്കൃതമാകുന്ന അദ്ദേഹത്തിന്റെ വീക്ഷണവുമാണ്.

St. Mary's Pattom, Ph: 0471 2446116